
# എക്ലോഗ്


## വിശുദ്ധ ചാവറയച്ചന്റെ

# ഇടയനാടകങ്ങൾ

എഡിറ്റർ


അഡ്വ. ഫാ. ഫ്രാൻസിസ് വള്ളപ്പുര സി.എം.ഐ.












വിശുദ്ധ ചാവറയച്ചൻ എക്ലോഗ്
എഴുതിയ കാലഘട്ടം 1855-56

























*The Logo features three sections of symbolisms arranged in dynamic order in the numerical figure of 200. Coloured in Carmelite brown the letter 2 reminds of the Carmelite and monastic lineage of the CMI. It is marked with the years of the foundation and the bicentenary jubilee setting the following circles/wheel as depictions of CMI centuries.*

*The first circle features stars and torch of flames, adapted from the general CMI logo, representing the Marian spirit and Elijah's burning zeal for God, which also denote the CMI charism of "contemplation in action."*

*As fitting to the signs of times, the second circle, representing the second century, is coloured in the multi shades of the flames and depicts the globe sign at the center, a symbol of the world where the presence of grace is realized and in the middile cross depicting Christ centredness.*

*The six shades represented in the circle symbolise the six faces that CMI aspires to highlight during the 10 years of preparation leading to 2031, the bicentenary jubilee.*

*This visual representation of the themes of presence, grace and transformation refers and summarises the thrusts of CMI life in the following decade with the motto; "Grace filled Presence for a transformed World."*

*(Logo prepared by Rev. Fr Sebeesh Vettiyadan CMI)*

# എക്ലോഗ്
## വിശുദ്ധ ചാവറയച്ചന്റെ ഇടയനാടകങ്ങൾ

**ഒരു ഇടയനാടക കളരി പ്രസിദ്ധീകരണം**




**പത്രാധിപ സമിതി**

ടി.എം.എബ്രഹാം
പി.കെ. രാജശേഖരൻ
ബിയാർ പ്രസാദ്
ഫാ. ജെയിംസ് മുല്ലശ്ശേരി സി.എം.ഐ.
പ്രൊഫ. ഡൊമിനിക്ക് പഴമ്പാശ്ശേരി
ബേബിച്ചൻ ഏർത്തയിൽ
ഫാ. സാനികണ്ണംമ്പുഴ സി.എം.ഐ.
സിസ്റ്റർ നവ്യ മരിയ സി.എം.സി.
സിസ്റ്റർ തെരേസ ആലഞ്ചേരി എസ്.എ.ബി.എസ്.
ഡോ. ബെന്നി തോട്ടനാനി
ശ്രീമതി ഗ്രേസ് ലാൽ
ഫാ. സി.എസ്. സേവ്യർ സി.എം.ഐ.
ഫാ. ജോബി മുകളേൽ സി.എം.ഐ.
തോമസ് മത്തായി കരിക്കംപള്ളിൽ
ഫാ. ഫ്രാൻസിസ് വള്ളപ്പുര സി.എം.ഐ.



പ്രിന്റിംഗ്
സെന്റ് ജോസഫ്സ് പ്രസ്സ്
തിരുവനന്തപുരം


### എഡിറ്റോറിയൽ

ചാവറയുടെ എക്ലോഗ് (ഇടയനാടകങ്ങൾ) കേരള നാടകചരിത്രത്തിലെ വിലമതിക്കാനാവാത്ത (1855-56) രചനയാണ്. മലയാളത്തിന് ഭാരതമണ്ണിൽ 'ശ്രേഷ്ഠ ഭാഷാപദവി' അംഗീകാരം ലഭ്യമായപ്പോൾ അവളുടെ പൊൻകിരീടത്തിൽ ഒരു പൊൻതൂവൽ കൂടി ചാർത്തപ്പെട്ടു. പത്തൊൻമ്പതാം നൂറ്റാണ്ടിൽ വളരെയധികം എഴുത്തുകൾ നടത്തിയ ചാവറയച്ചന്റേതു കൂടിയാണ് ഈ അംഗീകാരം എന്ന ഈ ഗ്രന്ഥം അവകാശപ്പെടുന്നു.

ലോക നവോത്ഥാനത്തിന്റെ പിന്നാമ്പുറത്തു കൂടി വളർന്ന എക്ലോഗ് എന്ന സാഹിത്യശാഖയിൽ പത്ത് എക്ലോഗുകളെഴുതി കണ്ണിയാകാൻ സാധിച്ച ഈ മലയാളത്തുകാരനെ അറിയാനും അറിയിക്കാനുമാണ് ഈ എഴുത്ത്. ലോകഭാഷകളിൽ എന്നെങ്കിലും മലയാള ഭാഷക്ക് അംഗീകാരം കിട്ടുകയാണെങ്കിൽ അത് ചാവറയുടെ എക്ലോഗ് എഴുത്തിലൂടെ ആയിരിക്കും. പാശ്ചാത്യ പൗരസ്ത്യ സാഹിത്യ സരണികളെ ഇടയനാടകം ബന്ധിപ്പിക്കുന്നു.

മാന്നാനത്തെ ഇരുണ്ടമുറിയിൽ ചിമ്മിനി വെളിച്ചത്തിൽ നിന്ന് ലോകത്തിന്റെ അങ്ങേ കോണിലെ ഒരു സാഹിത്യ സരണിക്ക് ദേശീയമായ കൃയാപാഠം ഉണ്ടാക്കി എന്നത് ലോക സാഹിത്യ സദസിന് കുറച്ചു കാണാൻ കഴിയുമോ?

# താളുകളിലൂടെ


11 വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസിന്റെ കാലിത്തൊഴുത്തു നാടകങ്ങൾ

16 എക്‌ലോഗ്

19 നവോത്ഥാനം

21 എക്‌ലോഗ് എന്ന സാഹിത്യ രചനയിൽ പങ്കുകാരായ പ്രശസ്ത സാഹിത്യ പ്രതിഭകൾ

50 ദേശീയതയുടെ അടയാളമായ മാന്നാനം മരപ്രസ്സ് 175 വർഷം പിന്നിടുന്നു

55 ചാവറയച്ചൻ എന്നിലേയ്ക്ക് പാലം പണിയും പോലെ'

59 എക്‌ലോഗ് സ്കൂൾ ഓഫ് ഡ്രാമായെ അത്ഭുതപ്പെടുത്തും

63 വിശ്വാസവും ശരണവും ഉപവിയും തമ്മിലുള്ള സുഭാഷിതം

74 കുഞ്ഞിപ്പൈതങ്ങളുടെ ഇടയന്മാരുടെ സല്ലാപം

80 'വിശുദ്ധ ചാവറയും പിന്നോക്കക്കാരും'

82 അഷ്ടശീലങ്ങൾ

97 താത മാനസം

98 ചാവറകലാനിലയത്തിന്റെ സംവിധായക പ്രതിഭയെക്കുറിച്ച് ഒരോർമ്മക്കുറിപ്പ്

100 കൂടപ്പിറപ്പുകൾ

102 ചാവറസ്പർശം

105 അവതരണം അനസ്താസ്യയുടെ രക്തസാക്ഷ്യം

108 ജ്ഞാനവൃക്ഷം

109 ഓർമ്മയിലെ 'സ്നേഹദൂത്'

115 ചാവറചരിതം ഓട്ടൻതുള്ളൽ

120 ചാവറ പിതാവിന്റെ പിന്നാലെ... പതിറ്റാണ്ടുകൾ

124 മാർഖുറിയഖോസ് ഏലിയാ വേദപാരംഗതൻ

126 നദികളെ വീണ്ടെടുക്കാം

128 സെമിനാരി പരിശീലനവും ഇടയനാടകങ്ങളും

137 മരിക്കാത്ത കടലാസ്

138 ചാവറയച്ചന്റെ കുടുംബദർശനം

140 രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയും വിശുദ്ധചാവറപിതാവും ഒരുവിളിപ്പാടകലെ

142 തിരുപ്പിറവിയുടെ ദൃശ്യാവിഷ്കാരം ജർമ്മനിയിൽ– എക്‌ലോഗുകൾക്ക് സമാനം

146 ഇടയനാടകങ്ങൾ എന്റെ ഓർമ്മകളിൽ

148 ചാവറയച്ചന്റെ ഇടയ നാടകങ്ങൾ

151 ചാവറയച്ചന്റെ എക്‌ലോഗുകൾ

153 എക്‌ലോഗുകൾ ഒരവതരണാനുഭവം

154 ചാവറയച്ചന്റെ എക്‌ലോഗ് 'ഭാരതീയത്തിൽ

156 ഇടയനാടകങ്ങളുടെ ചരിത്രച്ചുരുൾ വിടരുമ്പോൾ

157 പുസ്തകപ്പുര

162 പുസ്തകപരിചയം

165 പഴമയിൽ നിന്ന് (എഴുത്തുകൾ)

169 BIBLIOGRAPHY



**Rev. Fr. Dr. Thomas Chathamparampil CMI**
Prior General

എക്ലോഗ് (ഇടയനാടകം) എന്ന സാഹിത്യശാഖ പാശ്ചാത്യ ലോകത്ത് പല രൂപത്തിലും ഭാവത്തിലും ഏറ്റവും അധികം സ്വാധീനിച്ചിരുന്നു. ഇടയസംഗീതമായും (Pastoral songs) ഇടയനാടകമായും (pastoral play) ബുക്കോലിക്കയായും (Bucolic) എക്ലോഗസായും (Eclogues) ഇഡിലിക്കായും (Idyllic) കാലഘട്ടങ്ങളിലൂടെ പരിണമിക്കപ്പെട്ടു. ഇടയനാടകങ്ങൾ (എക്ലോഗ്) എന്ന മാസികരൂപത്തിലുള്ള ഈ ഗ്രന്ഥം അനാവരണം ചെയ്യുന്നത് അതാണ്. വിശുദ്ധ ചാവറ പിതാവ് എക്ലോഗിന്റെ (ഇടയനാടകം) ദേശീയമായ ഒരു കണ്ണിയായിതീർന്നു എന്നത് അത്ഭുതമായിരിക്കുന്നു. എക്ലോഗുകളുമായി (ഇടയനാടകങ്ങൾ) ചാവറപിതാവിനുള്ള ബന്ധം ഇനിയുമേറെ ചർച്ച ചെയ്യപ്പെടുകയും അക്കാദമിക് തലത്തിൽ ഗവേഷണ പഠനങ്ങൾക്ക് പ്രോത്സാഹനം ലഭിക്കേണ്ടിയുമിരിക്കുന്നു.

Fr. Thomas Chathamparampil CMI
Prior General



**Rev. Fr. Josey Thamarassery CMI**
Vicar General
General Councillor for Evangelization and Pastoral Ministry

എക്ലോഗു (ഇടയനാടകങ്ങൾ) കൾക്ക് സമാനമായ ദൃശ്യാവിഷ്കാരം ജർമ്മനിയിലും നടക്കുന്നു. ക്രിസ്മസ് പാതിരാവിലെ വിശുദ്ധ കർബ്ബാനയുടെ മദ്ധ്യത്തിൽ കുട്ടികളാണ് എക്ലോഗിന് സമാനമായ ചിത്രീകരണം നടത്തുന്നത്. അഡ്വവേനിയാറ്റ് (Adveniat) എന്ന പ്രസ്ഥാനമാണ് ഇതിന് നേതൃത്വം നൽകുന്നത്. എല്ലാവർഷവും അഡ്വവേനിയാറ്റ് (Adveniat) ഓരോ പുതിയ സ്ക്രിപ്റ്റ് തയ്യാറാക്കുന്നു. ബൈബിൾ ഭാഗങ്ങൾക്കൊപ്പം ആനുകാലിക പ്രസക്തിയുള്ള തദ്ദേശീയമായ സംഭവങ്ങളേയും കൂട്ടിച്ചേർത്ത് തികച്ചും പുതുമയോടുകൂടിയാണ് ഓരോ വർഷവും അവതരിപ്പിക്കുക. മധ്യകാലഘട്ടം മുതലേ ക്രിസ്തുമസ് സമയത്ത് തിരുപ്പിറവിയുടെ നാടകാവിഷ്കാരം (Nativtiy play) തുറസ്സായ സ്ഥലങ്ങളിൽ നടക്കാറുണ്ടായിരുന്നു. ചവറയച്ചന്റെ ഇടയനാടകങ്ങൾക്ക് ജർമ്മൻ ദൃശ്യാവിഷ്ക്കാരവുമായി ഏറെ ബന്ധമുണ്ട് എന്നുള്ളത് കൗതുകം ജനിപ്പിക്കുന്നതുതന്നെ.



Rev. Fr. Josey Thamarassery CMI
Vicar General



**Rev. Fr. Martin Mallath CMI**
General Councillor for Education and
Media Communication

ധർമ്മാരാം സെമിനാരിയിൽ ഫിലോസഫി പഠിക്കുന്ന കാലം മുതലേ തിയോക്രിറ്റസിനേയും വീർജിലിയൂസിനേയും, കൽപൂർണിയൂസിനേയും, ഡാന്റേയേയും, കുറിച്ച് വളരെയധികം കേട്ടിരിക്കുന്നു. അവരൊക്കെ നവോത്ഥാന ചിന്തകരും രചയിതാക്കളുമായിരുന്നു. ഇവരെല്ലാം അധികവും മാനവികതാ വാദികളായിരുന്നു. മറ്റു സാഹിത്യരചനകൾക്കൊപ്പം എക്ലോഗ് (ഇടയനാടകങ്ങൾ) എഴുത്തുകളും നടത്തിയിരുന്നു. പത്തിലേറെ എക്ലോഗുകൾ എഴുതിയ വീർജിലായിരുന്നു അതിൽ പ്രഥമൻ. വീർജിലിന്റെ നാലാമത്തെ എക്ലോഗ് യേശുവിന്റെ ജനനത്തെ ചുറ്റിപറ്റിയുള്ളതായിരുന്നു. വീർജിലിന്റെ ഈ എക്ലോഗ് ചാവറപിതാവ് പരിചയപ്പെട്ടത് ഇറ്റലിക്കാരനായ ലെയോപോൾദു മിഷനറി വഴിയായിരിക്കണം. പാശ്ചാത്യദേശത്തു (ഇറ്റലി) നിന്നും അങ്ങനെയാണ് എക്ലോഗ് കേരളത്തിലേക്ക് കപ്പൽകയറിയത്. കലയിലും സാഹിത്യത്തിലുമുള്ള പാശ്ചാത്യ സങ്കലനം നാമെല്ലാം ഏകോദര സഹോദരങ്ങൾ എന്ന ചിന്തക്ക് മിഴിവേകുന്നു.



Rev. Fr. Martin Mallath CMI
General Councillor for Education and
Media Communication



**Rev. Fr. Biju Vadkel CMI**
General Councillor for Social Apostolate

മാസിക രൂപത്തിലുള്ള എക്‌ലോഗ് (വിശുദ്ധ ചാവറപിതാവിന്റെ ഇടയനാടകങ്ങൾ) എന്ന ഗ്രന്ഥത്തിന്റെ ആദ്യഭാഗം ഏറെ ശ്രദ്ധിക്കപ്പെട്ടു. ഈ സാഹിത്യരൂപത്തിന്റെ രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക, ആത്മീയ പശ്ചാത്തലം ഡാറ്റാ (Datta) സഹിതം വിവരിക്കപ്പെട്ടിരിക്കുന്നു. ഈഗ്രന്ഥത്തിന്റെ ആദ്യഭാഗത്ത് വിവരിക്കുന്ന സാഹിത്യകാരന്മാരെല്ലാം എക്‌ലോഗിന്റെ രചയിതാക്കളാണ്. എക്‌ലോഗ് രചന മറ്റു സാഹിത്യ രചനയോടൊപ്പം ഇവർ നടത്തിയിരിക്കുന്നു. സെയിന്റ് ലൂസിയായിൽ നിന്നുള്ള ഡറക്ക് വാൽകോട്ട് (1930–1954) സാഹിത്യത്തിനുള്ള നോബൽ സമ്മാന ജേതാവാണ്. സിയാമൂസ് ജസ്റ്റിൻ ഹീനേ ഐയർലൻഡിൽ നിന്നുള്ള എഴുത്തുകാരൻ, 1995 ലെ സാഹിത്യത്തിനുള്ള നോബൽ സമ്മാനം കരസ്ഥമാക്കി. അദ്ദേഹത്തിന്റെ ഏറ്റവും പ്രശസ്തമായ കൃതി ഡെത്ത് ഓഫ് എ നാചുറലിസ്റ്റ് (Death of a Naturalist) എന്നതാണ് റഷ്യയിൽ ജനിച്ചു എങ്കിലും അമേരിക്കയിൽ താമസക്കാരനായ ജോസഫ് ബ്രോഡ്സ്കിക്ക് 1987ലെ സാഹിത്യത്തിനുള്ള നോബൽ സമ്മാനം ലഭിച്ചു. ഇവരെല്ലാം എക്‌ലോഗ് എന്ന സാഹിത്യശാഖയിൽ രചനകൾ നടത്തിയവർ എന്ന് ഈ പുസ്തകത്തിന്റെ ആദ്യഭാഗം വ്യക്തമാക്കുന്നു. വിശുദ്ധ ചാവറപിതാവ് ഈസാഹിത്യശാഖയിൽ പത്തോളം രചനകൾ നടത്തിയിരിക്കുന്നു. എക്‌ലോഗ് കൃതികൾ ചാവറഹിൽസിലുള്ള ആർകേവിസിൽ സൂക്ഷിച്ചിരിക്കുന്നു.

Rev. Fr. Biju Vadkel CMI
General Councillor for Social Apostolate



**Rev. Fr. Paulson Paliakkara CMI**
General Councillor for Finance and Agriculture

യൂറോപ്യൻ രാഷ്ട്രീയ, സാഹിത്യ, ആത്മീയ ചരിത്രത്തിലെ നവോത്ഥാന കാലത്താണ് എക്ലോഗ് എന്ന സാഹിത്യശാഖയ്ക്ക് ഏറെ പ്രശസ്തിയും പുതിയ വഴിത്തിരുവുകളും തുറന്നുകിട്ടിയത്. യൂറോപ്യൻ ചരിത്രത്തിൽ നവോത്ഥാനകാലം പതിനാലു മുതൽ പതിനേഴുവരെയുള്ള കാലഘട്ടങ്ങളിലാണ്. ഇറ്റലിയിൽ ഫ്ളോറൻസിൽ ആരംഭിച്ച നവോത്ഥാനം യൂറോപ്പിലും അനുബന്ധ രാജ്യങ്ങളിലും പടർന്നു പന്തലിച്ചു. നവോത്ഥാന ചിന്തയോടുകൂടി സാഹിത്യം, കല, ശാസ്ത്രം എന്നിവ മനുഷ്യനോടും മണ്ണിനോടും ഏറെ ബന്ധപ്പെട്ടു തുടങ്ങി. എക്ലോഗിന്റെ ചിന്ത അങ്ങനെ യാണ് രാജ്യരാജ്യാന്തരങ്ങളിലേക്ക് എത്തിയത്. ഗ്രീസിൽ തുടങ്ങി ഇറ്റലിയിലെത്തി ബ്രിട്ടനിലും അമേരിക്കയിലും ക്യാനഡായിലും, റഷ്യയിലും പോളണ്ടിലും ഐയർലൻഡിലും, സ്വിറ്റ്സർലന്റിലും, സ്പെയിനിലും, ഫ്രാൻസിലും, യുക്രെയിനിലും, ഹംങ്കറിയിലും, സെയിന്റ് ലൂസിയായിലും, റിക്കോയിലും, മാസച്ചുസെറ്റ്സിലും എത്തി (പുറം 1-44)യതിന്റെ ചരിത്ര രേഖകളാണല്ലോ എക്ലോഗ് എഴുത്തുകാർ വിവരിക്കുന്നത്. എക്ലോഗിന്റെ ചരിത്രപട്ടികയിലുള്ള രാജ്യങ്ങളോടൊപ്പം ഇന്ത്യയും (കേരളം) ഉൾപ്പെട്ടു എന്നുള്ളത് ചരിത്രസംഭവം തന്നെ. ഇത് അത്ഭുതകരമായിരിക്കുന്നു.

Rev. Fr. Paulson Paliakkara CMI
General Councillor for Finance and Agriculture



**Rev. Fr. Babu Mattathil CMI**
General Auditor


തെയോക്രിറ്റസിനു ശേഷം എക്ലോഗ് സാഹിത്യ സരണിയിലേക്കുവന്ന വിർജീലിയൂസ് എന്ന ഇറ്റലിക്കാരൻ ബ്രിൻഡിസിയിൽ നിന്നുള്ള കവിയാണ്. ക്രിസ്താബ്ദത്തിനു മുൻപ് എഴുപതുകളിൽ ജനിച്ച് പത്തൊൻപതിൽ മരിച്ചു. ഇദ്ദേഹത്തിന്റെ നാലാമത്തെ എക്ലോഗ് ഏറെ പ്രശസ്തമാണ്. ഇതിനെ മിശിയാനിക്ക് എക്ലോഗായി കരുതപ്പെടുന്നു. മിശിഹാ എന്ന ദരിദ്ര ബാലന്റെ ജനനത്തെക്കുറിച്ചുള്ള പ്രവചനം അദ്ദേഹം തന്റെ നാലാമത്തെ എക്ലോഗിൽ എഴുതിയിരിക്കുന്നു. ഇറ്റാലിയൻ കവികളും എക്ലോഗ് എഴുത്തുകാരും വീർജിലിയൂസിനെ പിന്നീട് പിൻപറ്റിയതായി കാണാം. റോമൻ ചക്രവർത്തിയായ കോൺസ്റ്റന്റയിൻ (Refer p. 21-22) വിർജിയിലൂസിന്റെ നാലാമത്തെ എക്ലോഗിന് ഇറ്റലിയിലാകെ വേണ്ടത്രപ്രചാരം നൽകുകയും മിശിഹായുടെ ജനനത്തെ ഈ എക്ലോഗുമായി ബന്ധപ്പെടുത്തുകയും ചെയ്തു. ഇന്നും വിർജിലിന്റെ എക്ലോഗ് ഇറ്റലിയിൽ സ്കൂളുകളിൽ പഠിപ്പിക്കുന്നു. (ആമുഖം). ലയേപോൾദു മിഷനറിയിൽ നിന്നും ചാവറയച്ചനു കിട്ടിയ എക്ലോഗ് വിർജിലിന്റേതായിരിക്കാനാണ് സാധ്യത. അങ്ങനെ എക്ലോഗിന്റെ ചരിത്രവഴിയിയിൽ പത്ത് എക്ലോഗുകൾ എഴുതി ചാവറയച്ചൻ ചരിത്രം സൃഷ്ടിച്ചു.

Rev. Fr. Babu Mattathil CMI
General Auditor



**Rev. Fr. Sebastian Chamathara CMI**
Provincial, St. Joseph's Province
Thiruvananthapuram

മാസികാരൂപത്തിലുള്ള ഈ ഗ്രന്ഥത്തിന്റെ പുറംചട്ടതന്നെ ഏറെ ആകർഷകമായിരിക്കുന്നു. സ്മിർനായിലെ ബിയോൺ തുടങ്ങി മെലീസാഗ്രീൻ വരെയുള്ള ഒരു നീണ്ട നിരതന്നെ ഈയൊരു സാഹിത്യശാഖയിൽ സംഭാവനകൾ നൽകിയിരിക്കുന്നു. ഇടയസാഹിത്യമായും ഇടയസംഗീതമായും ഇടയനാടകമായും (എക്ലോഗ്) പരിണമിച്ച് ഈ സാഹിത്യശാഖ ഇന്നും വളർന്നു കൊണ്ടിരിക്കുന്നു. മിശിഹായുടെ ജനനത്തെക്കുറിച്ചുള്ള എക്ലോഗുകളിൽ നിന്ന് വഴിമാറി ഇന്ന് എക്ലോഗ് മാനവരാശിയുടെ നിലനില്പിനെ തന്നെ ചോദ്യം ചെയ്യുന്ന സംഭവങ്ങളെപോലും വിഷയബന്ധിയാക്കി ചെറു നാടകങ്ങളാക്കി മാറ്റുന്നു. 1995 ലെ സാഹിത്യത്തിനുള്ള നോബൽ സമ്മാന ജേതാവായ സിയാമൂസ് ജസ്റ്റിൻ ഹീനോയുടെ 'ദി ഡെത്ത് ഓഫ് എ നാച്വറലിസ്റ്റ്' (The Death of a Naturoalist) എന്ന കൃതി ഇതിന് ഉദാഹരണമാണ്. അടുത്ത ക്രിസ്മസിന് ഇടയനാടക കളരിയുടെ ആഭിമുഖ്യത്തിൽ സ്കൂൾ കുട്ടികൾക്കായി എക്ലോഗ് അവതരണ മത്സരവും എഴുത്തു മത്സരവും നടത്താൻ പോകുന്നു എന്നത് ഏറെ പ്രസക്തമായിരിക്കുന്നു.



Rev. Fr. Sebastian Chamathara CMI
Provincial, St. Joseph's Province



**Rev. Sr. Grace Therese CMC**
Superior General

ഭാരതത്തിലെ ആദ്യത്തെ നാടകങ്ങൾ എന്ന നിലയിൽ പരിഗണിക്കപ്പെടേണ്ട ഇടയ നാടകങ്ങളെക്കുറിച്ച് ഫാ. ഫ്രാൻസിസ് വള്ളപ്പുര സി.എം.ഐ രചിച്ചിരിക്കുന്ന മാസികരൂപത്തിലുള്ള കൃതിക്ക് അനുമോദനങ്ങൾ.

പിതൃസാന്നിധ്യത്തിന്റെ അകംപുറമറിഞ്ഞ പുത്രന്റെ മനസ്സോടെയാണ് ഗ്രന്ഥകാരൻ തന്റെ കർത്തവ്യം നിർവ്വഹിച്ചിരിക്കുന്നത്. അരങ്ങും അണിയറയും ചേർന്ന ജീവിതത്തിന്റെ പ്രത്യക്ഷമായ പകർപ്പുകൾ തന്നെയാണ് നാടകങ്ങൾ. എങ്കിൽത്തന്നെയും കാലത്തിന്റെ ഒഴുക്ക് അതിന്റെ നിറവും നന്മയുമൊക്കെ ചോർത്തിക്കളഞ്ഞിട്ടുണ്ട് എന്നും വിലയിരുത്തപ്പെടുന്നു. മനുഷ്യ ജീവിത കഥ പറയുന്ന നാടകങ്ങൾക്ക് ഗ്രീക്കിലെ നാടക കാലം മുതൽ എന്നും പ്രസക്തിയുണ്ടായിരുന്നു. മനുഷ്യ വികാര വിചാരങ്ങളെ വിമലീകരിക്കാനും ഉദാത്തീകരിക്കാനും, നാടകങ്ങൾ ചെലുത്തിയ സ്വാധീനം ചെറുതല്ല. കാളിദാസനും, ഷേക്സ്പിയറും, എലിയറ്റുമെല്ലാം പറഞ്ഞതും പ്രദർശിപ്പിച്ചതും മനുഷ്യന്റെ പ്രത്യേകിച്ച് ജീവിതത്തിന്റെ അഗാധതകളുടെ നൈരന്തര്യങ്ങൾത്തന്നെ. ഇവിടെയാണ് കഥ പറഞ്ഞും കവിതകുറിച്ചും മനുഷ്യന്റെ ജീവിതത്തെ, വിചാരങ്ങളെ ഉന്നതത്തിലേയ്ക്ക് ഉയർത്തുകയും അവന്റെ സുഖ ദുഃഖ സമ്മിശ്ര ഭാവങ്ങൾക്ക് അനശ്വരതയുടെ മേലാപ്പ് നൽകി, അവനെ നേർവഴിക്ക് നടത്തുകയും ചെയ്ത ക്രിസ്തുവിന്റെ ദൈവീക രഹസ്യങ്ങൾ, ചെറു സംഭാഷണ നാടകങ്ങളാക്കി വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസ് പിതാവ് രചിച്ച ഇടയ നാടകങ്ങളുടെ പ്രസക്തി. ഇടയ നാടകങ്ങൾ അഥവാ എക്ലോഗ് എന്ന വ്യത്യസ്ത സങ്കേതത്തിലൂടെ ക്രിസ്തുവിന്റെ മനുഷ്യാവതാര രഹസ്യങ്ങൾ ചെറിയ കുട്ടികൾക്ക് പോലും മനസ്സിലാകുന്ന തരത്തിൽ ലളിതവൽകരിക്കരിക്കുകയും എന്നാൽ അവയുടെ ആഴവും അർത്ഥവും നിലനിർത്തുകയും ചെയ്തു എന്നതാണ് വി. ചാവറ കുര്യാക്കോസ് ഏലിയാസ് പിതാവിന്റെ നാടക രചനയുടെ പ്രത്യേകത. സെമിനാരികളിലെ വൈദിക വിദ്യാർത്ഥികൾക്ക് അഭിനയിച്ച് പഠിക്കാനും ആശയങ്ങൾ പങ്കുവയ്ക്കാനുമായിട്ടാണ് എഴുതപ്പെട്ടതെങ്കിലും അവ കൈമാറിക്കിട്ടിയപ്പോൾ ആദ്യകാല മഠങ്ങളിൽ സന്ന്യാസിനികളും അർത്ഥിനികളും ക്രിസ്തുമസ്സ് കാലയളവിൽ അവതരിപ്പിച്ചിരുന്നു എന്നും പറയുന്നുണ്ട്.

ചരിത്രത്തിൽ സൂര്യപ്രഭ ചൊരിഞ്ഞു നിന്നിരുന്നവരെ തമസ്കരിക്കുകയും പാർശ്വവൽകരിക്കുകയും ചെയ്യുന്ന ആധുനിക പ്രവണതകളുടെ പന്ഥാവിലാണ് ബഹു. ഫ്രാൻസിസ് അച്ചൻ ഇതിന്റെ രചന നിർവഹിച്ചിരിക്കുന്നത്. മറച്ചുവയ്ക്കാനുള്ളതല്ല വെളിച്ചം എന്ന മഹാസത്യത്തെ ഓർമ്മപ്പെടുത്തിക്കൊണ്ട് കാലഘട്ടത്തിന് ദിശാബോധം നൽകാൻ ഈ ഗ്രന്ഥത്തിന് കഴിയട്ടെ എന്നാശംസിക്കുന്നു.

Sr. Grace Therese

ഗ്രെയ്സ് തെരേസ് സിഎംസി
സുപ്പീരിയർ ജനറൽ


# വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസിന്റെ കാലിത്തൊഴുത്തു നാടകങ്ങൾ

## എക്ലോഗ് അഥവാ ഇടയനാടകങ്ങൾ



**1855 – 1856** കാലഘട്ടത്തിൽ വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസ് പത്ത് കാലിത്തൊഴുത്തു (ഇടയ) നാടകങ്ങൾ (eclogue) എഴുതി. ഈ നാടകങ്ങളിൽ അഞ്ചെണ്ണം ജോൺപോളിന്റെ ആമുഖത്തോടുകൂടി കേരള സാഹിത്യ അക്കാദമി 2014 ൽ പ്രകാശനം ചെയ്തു. "നാടക ചരിത്രത്തിലെ നാഴികക്കല്ലുകൾ" എന്ന പേരിൽ കാവാലം നാരായണപണിക്കർ അവതാരിക എഴുതിയിരിക്കുന്നു. മാത്യു ഉലകംതറ, ടി.എം. എബ്രഹാം, തോമസ് പന്തപ്ലാക്കൽ എന്നിവരുടെ ഈടുറ്റ ലേഖനങ്ങളും ഉൾച്ചേർത്തിരിക്കുന്നു. ഈ നാടകങ്ങളുടെ കൈയെഴുത്തു പ്രതികൾ മാന്നാനം ആർകേവ്സിലും സി.എം.ഐ. സഭയുടെ കാക്കനാട്ടുള്ള കേന്ദ്ര കാര്യാലയത്തിലും, സൂക്ഷിച്ചിരിക്കുന്നു. ചാവറയച്ചന്റെ ഈ കാലിത്തൊഴുത്തു നാടകങ്ങളുടെ ഉറവിടം തേടി യാത്രചെയ്താൽ പാശ്ചാത്യ ദേശത്തുള്ള ഗ്രീസിൽ ചെന്നു നില്ക്കും. ആരംഭകൻ ബി.സി. മൂന്നാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന തീയോക്രീറ്റസ് ആയിരുന്നു. ഗ്രീക്കുഭാഷയിൽ Eclogia എന്നും, ഇറ്റാലിയൻ ഭാഷയിൽ Eclogus എന്നുമാണ് അറിയപ്പെടുക. എക്ലോഗ് പാശ്ചാത്യ ലോകത്ത് ഒരു സാഹിത്യ ശാഖയായി പിന്നീട് രൂപപ്പെടുകയായിരുന്നു. തിയോക്രിറ്റസ് ഇതിഹാസ, പാസ്റ്ററൽ കാവ്യ രചന നടത്തി, പ്രശസ്തനായി. ഇദ്ദേഹത്തിന്റെ രചന 'ബുക്കോലിക്ക' ഇഡ്‌ലിക് എന്ന പേരിലും അറിയപ്പെട്ടിരുന്നു. 'കുന്നുകളുടെ കരുതലിനായി' എന്നതാണ് ഈ പദത്തിന്റെ അർത്ഥസൂചന. ഗ്രാമീണ പശ്ചാത്തലവും, പ്രകൃതിയുടെ ശാലീനതയും, ഇടയ ജീവിതവുമായിരുന്നു ഇടയ ഗാനങ്ങളുടെ (Shephered Songs) യെല്ലാം പശ്ചാത്തലം ബി.സി. എഴുപതുകളിൽ ഇറ്റലിയിൽ ബ്രിൻഡിസിയിൽ ജീവിച്ചിരുന്ന വീർജിലിന്റെ കാലത്ത് ഈ സാഹിത്യ ശാഖ ഏറെ പ്രചാരത്തിലായി. വീർജിലിന്റെ നാലാമത്തെ എക്ലോഗിൽ ഒരു രക്ഷകന്റെ ജനനത്തെക്കുറിച്ച് സൂചിപ്പിച്ചു കാണുന്നു.

പിൽക്കാലത്ത് രചിക്കപ്പെട്ടിട്ടുള്ള പലരുടേയും എക്ലോഗുകൾ മിശിഹായുടെ കാലിത്തൊഴുത്ത് ജനനവുമായി ബന്ധപ്പെട്ടിട്ടുള്ളവയാണ്. ചാവറയുടെ കാലിത്തൊ



ഫാ ആന്ദ്രയാ, ജനോവ, ഇറ്റലി

ഴുത്തു നാടകങ്ങളിലെ രംഗാവിഷ്കാരപ്രമേയങ്ങൾ യേശു ക്രിസ്തുവിന്റെ ജനനവും ആട്ടിടയന്മാരുടെ ജീവിതവുമായിരുന്നു. രക്ഷകനെ പ്രത്യാശയോടുകൂടി കാത്തിരിക്കുന്ന ഇടയസമൂഹം വിശുദ്ധ ചാവറയച്ചന്റെ ഇടയനാടകങ്ങളുടെയെല്ലാം പ്രമേയമായി കാണാം. ഗ്രീസിലും ഇറ്റലിയിലും രൂപംകൊണ്ട എക്ലോഗ് എന്ന കാവ്യശാഖയെക്കുറിച്ചുള്ള വിവരം ചാവറയച്ചന്റെ ഇറ്റാലിയൻ സുഹൃത്തായ ലെയോപോൾദ് മിഷനറിയിൽ നിന്നും ലഭിച്ചിരുന്നു. വീർജിലിന്റെ നാലാമത്തെ എക്ലോഗിനെക്കുറിച്ചുള്ള അറിവ് ചാവറയച്ചന്റെ എക്ലോഗുകളെ ഏറെ സ്വാധീനിച്ചു. കാലിത്തൊഴുത്തു നാടകങ്ങളിലെല്ലാം ബദ്‌ലഹേമിലേക്കുള്ള ദൂരം അത്ര അകലെയല്ല എന്നു പ്രവചിക്കുന്ന ഇടയ കഥാപാത്രങ്ങളെ കാണാനാവും. മൂന്നു നാടകങ്ങൾ പദ്യരൂപത്തിലും മറ്റു രണ്ടു നാടകങ്ങൾ ഗദ്യരൂപത്തിലുമാണ് രചിക്കപ്പെട്ടിരിക്കുന്നത്. അഞ്ചു നാടകങ്ങൾ ചാവറയച്ചന്റെ സ്വന്തകൈപ്പടയിലാണോ എഴുതിയിരിക്കുന്നത് എന്ന സംശയം നിലനില്ക്കുന്നു, എന്ന കാരണത്താൽ സാഹിത്യ അക്കാദമി അവ പ്രസിദ്ധീകരിച്ചിട്ടില്ല.

2014 നവംബർ 14, ചാവറയച്ചന്റെ വിശുദ്ധപദ പ്രഖ്യാപനത്തിന്റെ തൊട്ടുമുമ്പ് (2014 നവംബർ 23 ആയിരുന്നു വിശുദ്ധപദ പ്രഖ്യാപനം) വിഴിഞ്ഞം സെന്റ് പീറ്റേഴ്സ് പള്ളി അങ്കണത്തിൽ വിശുദ്ധ കുര്യാക്കോസ് ഏലിയാസ് ചാവറയുടെ കാലിത്തൊഴുത്തു നാടകങ്ങളിൽ ഒന്നായ "സുഭാഷിതം" കാവാലം നാരായണപണിക്കർ തിരിതെളിച്ച് ഉദ്ഘാടനം ചെയ്ത്, ഇടയനാടകക്കളരി അവതരിപ്പിച്ചു. പിന്നീട് കേരളത്തിന്റെ പലഭാഗങ്ങളിലും ആധുനിക രംഗ സംവിധാനങ്ങളോടുകൂടി ഈ പ്രൗഢ പൗരാണിക കലാപരൂപം അരങ്ങേറി. ഈ സംഭവത്തിനുശേഷം ഇടയനാകടങ്ങളുടെ ഇടം തേടി ഒരന്വേഷകനായി ഇറ്റലിയിലേക്ക് (Explore the Eclogue) എന്ന പരിപാടിയുമായി ഒരു യാത്ര നടത്തുകയുണ്ടായി. അതിന്റെ അനുഭവങ്ങൾ ഇടയനാകടങ്ങളെക്കുറിച്ച് കൂടുതൽ അറിയാൻ ഇടയാക്കി.

റോമിലെ ഗ്രിഗോറിയൻ യൂണിവേഴ്സിറ്റി ലൈബ്രറി ആയിരുന്നു ആദ്യശരണം. ലൈബ്രറിയിൽ തിരയലും വായനയും പഠനവുമായി രണ്ടാഴ്ചയോളം ചിലവഴിച്ചു. എക്ലോഗു രചയിതാക്കളുടെ പല പുസ്തകങ്ങളുമായി പരിചയപ്പെട്ടു. ആത്മഗത രൂപത്തിലുള്ള കാവ്യങ്ങളിലെ കഥാപാത്രങ്ങളുടെ പേരുകൾ ചാവര എക്ലോഗുകൾ കടംകൊണ്ടിരിക്കുന്നു എന്ന് മനസ്സിലായി. മെലിബോ, താറാസി, മെനൽക്ക, അമീന്ത, ദമൂന, പാല





ഫാ. വിജു ഇറ്റലി റൊസാനോ കലാബ്രിയാ

മ്മൊനെ, ലിസ്ത്രാ, കൊറിദുനെ, തിത്തിരോ, മറുനെ, അലിപ്ര്യോ എന്നിവർ ഉദാഹരണങ്ങൾ മാത്രം. കഥാപാത്രങ്ങളിലെ ഈ ഏകീകരണഭാവം ചാവറയച്ചന്റെ ഔചിത്യബോധത്തെ വെളിവാക്കുന്നു. കേരളീയമായ രീതിയിലുള്ള പേരുകൾ ഇടയന്മാർക്കു ചേർന്നതാവില്ലല്ലോ. പിന്നീട് പഠിക്കാനും മനസ്സിലാക്കാനുമായി ആവുന്നത്ര റിസോഴ്സ് മെറ്റീരിയൽസിന്റെ കോപ്പികളെടുത്ത് ഗ്രിഗോറിയൻ യൂണിവേഴ്സിറ്റി ലൈബ്രറിയോട് യാത്ര പറഞ്ഞു.

അടുത്ത അന്വേഷണത്തിന്റെ ഇടം ജനോവ ആയിരുന്നു. ഇറ്റലിയിലെ വലിയൊരു തുറമുഖ പട്ടണം. ഇവിടെയാണ് കർമ്മലീത്ത സന്യാസസമൂഹത്തിന്റെ പ്രൊവിൻഷ്യൽ ഹൗസ്. വിശുദ്ധ കുര്യാക്കോസ് ഏലിയാസ് അച്ചന്റെ ആത്മമിത്രമായിരുന്ന ലെയോപോൾദു മിഷനറി തന്റെ അവസാനകാലം കഴിച്ചുകൂട്ടിയത് ഇവിടെയാണ്. ഇവിടെനിന്നാണ് കേരളത്തിലേക്ക് മിഷൻ വേലയ്ക്കായി കപ്പൽ കയറിയതും. ഒരാഴ്ചയോളം ഇവിടെ താമസിച്ച് പുസ്തകശേഖരത്തിലൂടെ കടന്നുപോയി. ഗ്രീക്കുകവിയായ തെയോക്രീറ്റസിന്റെയും, ഇറ്റാലിയൻ കവികളായ വിർജിലിന്റെയും ഡാന്റേയുടെയുമൊക്കെ പുസ്തകങ്ങൾ നിറമിഴികളോടെ ഭീമാകാരത്തിലുള്ള അലമാരകളിൽ സൂക്ഷിച്ചിരിക്കുന്നു. ഫാദർ അന്ത്രെയാ, ആവശ്യമുള്ള പുസ്തകങ്ങളെ പരിചയപ്പെടുത്തി എന്നെ ഏറെ സഹായിച്ചു. ഇറ്റലിയിലെ സ്കൂൾ കുട്ടികൾ എക്ലോഗുകളെക്കുറിച്ച് ഇന്നും പഠിക്കുന്നു. ആ പാഠഭാഗങ്ങൾ സ്കൂൾ പുസ്തകങ്ങളിൽ നിന്ന് കോപ്പിയെടുത്ത് എക്ലോഗുകളുടെ തുടർ പഠനത്തിന് എനിക്ക് തന്നു.

അടുത്ത ദിവസം നാഷണൽ ലൈബ്രറിയിൽ എക്ലോഗുമായി ബന്ധപ്പെട്ട എന്തെങ്കിലും വിവരങ്ങൾ ലഭിക്കുമോ എന്നതായിരുന്നു എന്റെ അന്വേഷണം. റോമിൽ നിന്നും അധിക ദൂരത്തല്ലാത്ത മെട്രോസ്റ്റേഷന്റെ അടുത്താണ് നാഷണൽ ലൈബ്രറി. വലിയ കെട്ടിട സമുച്ചയം, വൃത്തിയായ പരിസരം, കാഴ്ചയിൽതന്നെ ആകർഷകത്വം തോന്നി. പഠിക്കാനും അറിയാനും അന്വേഷിക്കാനും പറ്റിയ അന്തരീക്ഷം. കൗണ്ടറിൽ എത്തി മുഖ്യ ലൈബ്രേറിയനെ കാണണമെന്ന് അഭ്യർത്ഥിച്ചു. അധിക താമസംവേണ്ടിവന്നില്ല, കൃശഗാത്രനായ ഒരു ചെറുപ്പക്കാരൻ എത്തി സ്വയം പരിചയപ്പെടുത്തി. ഫ്രഞ്ചേസ്ക്കോ, ഞാൻ എന്നെയും പരിചയപ്പെടുത്തി ഫാ. ഫ്രാൻസീസ് പേരുകൊണ്ട് ഞങ്ങൾ രണ്ടാളും ഒന്നായി. ഇംഗ്ലീഷിൽ തരക്കേടില്ലാതെ സംസാരിക്കുന്ന അദ്ദേഹത്തോട് എന്റെ ആവശ്യങ്ങൾ പെട്ടെന്നു തന്നെ അറിയിച്ചു. എന്നെയും കൂട്ടി അദ്ദേഹം തന്റെ ക്യാബിനിലേക്ക് നടന്നു. നാഷണൽ ലൈബ്രറിയിൽ എക്ലോഗുമായി ബന്ധമുള്ള പുസ്തക പ്രപഞ്ചവും, കവികളുടെയും കലാകാരന്മാരുടെയും നീണ്ട നിരയും അദ്ദേഹം എന്റെ മുമ്പിൽ അവതരിപ്പിച്ചു. എക്ലോഗ് വിരലേൽ എണ്ണാൻ പോന്നവരുടെ മാത്രം ഒരു സംരംഭമല്ലെന്നും, പാശ്ചാത്യലോകം മുഴുവൻ-അല്ല അതിനപ്പുറവും വ്യാപിച്ചുകിടക്കുന്ന ഒരു കാവ്യശൃംഖല ആണെന്നുമുള്ള അറിവ് ഫ്രഞ്ചേസ്ക്കോയിൽ നിന്നും ലഭ്യമായി. ഈ ശൃംഖലയിൽ വിശുദ്ധ കുര്യാക്കോസ് ഏലിയാസ് ചാവറ ഒരു കണ്ണിമാത്രമാണെന്നും ആ കണ്ണി എവിടെ വിളക്കി ചേർക്കണം എന്നതും ഫ്രഞ്ചേസ്ക്കോയാണ് മനസ്സിലാക്കി തന്നത്. എക്ലോഗിനെക്കുറിച്ചുള്ള പുസ്തകങ്ങൾ മറ്റു ഭാഷകളിലായിരുന്നു അധികവും. വളരെ കുറച്ചു പുസ്തകങ്ങളെ ഇംഗ്ലീഷിൽ ഉണ്ടായിരുന്നുള്ളു. സംസാരത്തിൽ വീണ്ടും വീണ്ടും റോമൻ കവിയായ വീർജിലിന്റെ നാലാമത്തെ എക്ലോഗിനെക്കുറിച്ച് അദ്ദേഹം ഓർമ്മിപ്പിച്ചുകൊണ്ടിരുന്നു. അത് കൂടുതൽ അറിയാനുള്ള കൗതുകം എന്നിൽ ജനിപ്പിച്ചു. ഒരു ചെറിയ പരിപാടിക്കായി ഇറങ്ങി പുറപ്പെട്ട എന്നെ ഏറെ ചുറ്റിച്ച ഈ നാഷണൽ ലൈബ്രേറിയൻ എനിക്കു മുമ്പേ ഈ വിഷയത്തെക്കുറിച്ച് ഉപരിപഠനം നടത്തിയ വ്യക്തിയായിരിക്കാമെന്ന് തോന്നിപ്പോയി. എക്ലോഗുകളെക്കുറിച്ചു ഇറ്റാലിയൻ നാഷണൽ ലൈബ്രറിയിൽ നിന്ന് ഓരോ ദിവസവും ലഭിച്ച അറിവ് അത്ഭുതം ഉളവാക്കുന്നതായിരുന്നു. എക്ലോഗിന്റെ വികാസ പരിണാമ വഴിയിൽ പത്ത് എക്ലോഗുകൾ രചിച്ച് മറ്റ് ആരേക്കാളും മുൻ പന്തിയിൽ എത്തിയ ചാവറയച്ചനെ എക്ലോഗുകളുടെ ചരിത്രവഴിയിൽ ഒരു നാഴികക്കല്ല് എന്ന് വിശേഷിപ്പിക്കാവുന്നതാണ്. ശേഖരിക്കപ്പെട്ട വിവരങ്ങൾ എല്ലാം കൂടി കൂട്ടിച്ചേർത്ത് “Saint Kuriakose Elias Chavara A mile stone in the History of Eclogue" എന്ന റിസോഴ്സ് ബുക്ക് പിന്നീട് പ്രസിദ്ധീകരിച്ചു. റോമിലുള്ള ഇറ്റാലിയൻ നാഷണൽ ലൈബ്രറിയിലെ തീവ്രതയേറിയ സമാഹരണത്തിനും, വായനക്കും ശേഷം ഇറ്റലിയുടെ തെക്കു പ്രദേശമായ കലാബ്രിയായിലേക്കു യാത്രതിരിച്ചു. കലാബ്രിയായിൽ (Calabria) റോസാനോ അതിരൂപതയിലെ മാനന്തവാടിക്കാരനായ വിജു അച്ചന്റെ ആതിഥ്യം സ്വീകരിച്ചുകൊണ്ട് അഞ്ചുദിവസത്തോളം അച്ചനോടൊപ്പം കഴിഞ്ഞു. അച്ചന്റെ ചുറ്റുവട്ടമുള്ള ഇടവകകളെല്ലാം ഇടയന്മാർ അധികമുള്ള ഇടവകകളാണ്. എക്ലോഗുകളെ (ഇടയനാട


കങ്ങളെ) ക്കുറിച്ചുള്ള "explore the eclogue" എന്ന ഇറ്റാലിയൻ യാത്രയുടെ പരിസമാപ്തി കലാബ്രിയായിലെ റോസാനോയിൽ ആയിരുന്നു. റോസാനോയിൽ അഞ്ചു ദിവസം ഇടയന്മാരോടൊപ്പമായിരിന്നു. അതിനു വേണ്ട സംവിധാനങ്ങൾ വിജു അച്ചൻ നേരത്തെ തയ്യാറാക്കിയിരുന്നു. അവരുമായുള്ള അഭിമുഖത്തിൽ ഒരു ദ്വിഭാഷിയെന്ന നിലയിൽ വിജു അച്ചൻ സഹായിച്ചു. റോസാനോയിൽ ഇടയന്മാരുമായുള്ള സഹവാസം എക്‌ലോഗുകൾക്ക് (ഇടയനാടകങ്ങൾ) ഇടയ ജീവിതവുമായി എന്തെങ്കിലും ബന്ധമുണ്ടോ എന്ന് അറിയാൻ വേണ്ടിയായിരുന്നു. പല എക്‌ലോഗുകളിലും ഇടയന്മാർ കഥാപാത്രങ്ങളായും ഇടയ അന്തരീക്ഷം രംഗസജ്ജീകരണമായും ഉപയോഗിച്ചു എന്നതല്ലാതെ ഇടയ ജീവിതത്തിന്റെ ഇടവേളകൾക്കു പകിട്ടേകാൻ ഒരു കലാപരിപാടിയെന്ന വണ്ണം എക്‌ലോഗുകൾ മാറ്റപ്പെട്ടിരുന്നില്ല എന്നതാണ് ഇറ്റാലിയൻ ഇടയ സംസ്കൃതിയിൽ നിന്ന് മനസ്സിലാക്കാൻ കഴിഞ്ഞത്. എക്‌ലോഗുകളുടെ ചരിത്രവഴിയിൽ ചാവറയച്ചന്റെ ഇടം നിർണ്ണയിക്കുക മാത്രമായിരുന്നു ലക്ഷ്യം അത് ഏതാണ്ട് കരഗതമായി. എക്‌ലോഗുകൾ എന്ന കാവ്യശാഖയിൽ നാടകീയ മുഹൂർത്തങ്ങൾ സൃഷ്ടിച്ച് അവതരണശേഷിയുള്ള കാലിത്തൊഴുത്തു നാടകങ്ങളാക്കിയത് ചാവയറച്ചൻ എന്ന കലാകാരന്റെ പുതുമനിറഞ്ഞ കലാവിഷ്കാരമായിരുന്നു. പത്തു നാടകങ്ങളിൽ കേരള സാഹിത്യ അക്കാദമി അഞ്ചെണ്ണം പ്രസിദ്ധികരിച്ചു. ശാസ്ത്രികളുടെ എക്‌ലോഗ്, അവിശ്വാസികളുടെ എക്‌ലോഗ്, കുഞ്ഞിപ്പൈതങ്ങളുടെ സല്ലാപം, ഇടയന്മാരുടെ സല്ലാപം, വിശ്വാസവും ശരണവും ഉപവിയും തമ്മിലുള്ള സുഭാഷിതം എന്നിവയാണ് അവ. കാലിത്തൊഴുത്തു നാടകങ്ങളുടെ അവതരണശൈലി ഓരോന്നിലും വ്യത്യസ്തമാണെങ്കിലും വിഷയം ഉണ്ണിമിശിഹായുടെ കാലിത്തൊഴുത്തിലെ തിരുഅവതാരമാണ്. എല്ലാം ബെദ്‌ലഹേമിലെ പുൽക്കൂട്ടിലേക്കുള്ള ഇടയന്മാരുടെ യാത്രാസങ്കല്പങ്ങൾ. പ്രകൃതിയുടെ പ്രവാചകന്മാരായ ഇടയന്മാരുടെ 'ചലോ ബെദ്‌ലഹേം' ഓരോ ക്രിസ്മസിനെയും ധന്യമാക്കുന്നു. ബെദ്‌ലഹേം അത്ര അകലെയല്ല എന്ന ചിന്ത വൈദിക വിദ്യാർത്ഥികൾക്കു കൊടുക്കേണ്ടതിന് ക്രിസ്തുമസ് കാലത്ത് അവതരിപ്പിക്കുവാൻ വേണ്ടി ഒരുക്കിയെടുത്ത കലാരൂപങ്ങളാണ് എക്‌ലോഗുകൾ. 1857 മുതൽ 1960 കളുടെ അവസാനംവരെയെങ്കിലും സി.എം.ഐ. സന്യാസ സമൂഹത്തിന്റെ പരിശീലന സ്ഥലങ്ങളിൽ കാലിത്തൊഴുത്തു (ഇടയ) നാടകങ്ങൾ (എക്‌ലോഗ്) അവതരിപ്പിക്കാറുണ്ടായിരുന്നു. സി.എം.സി. സ്ഥാപനം മുതൽ പരിഷ്കരിച്ച്, "സ്തോത്ര വാഴ്‌വിന്റെ" രൂപാന്തരങ്ങളായി "സല്ലാപങ്ങൾ" എന്ന പേരിൽ സന്യാസിനീ പരിശീലന ഇടങ്ങളിലും എക്‌ലോഗു നടത്തിയിരുന്നു. എഴുതപ്പെട്ട നാടകം രംഗവേദിയിൽ അവതരിപ്പിക്കുമ്പോൾ മാത്രമാണ് രംഗപ്രമുക്തി സംഭവിക്കുക എന്നത്രെ പ്രമാണം. നാടകചരിത്രവഴിയിൽ ചാവറയച്ചന്റെ ഇടയനാടകം കൂട്ടിച്ചേർത്തു വായിക്കു



മ്പോൾ ജി. ശങ്കരപ്പിള്ളയുടെ നാടക ചരിത്രത്തിന് പുനർനിർമ്മിതിയും പുനർവായനയും ഉണ്ടാകേണ്ടതുണ്ട്. ഭാഷാ നാടകത്തിന്റെ ചരിത്രം ഉദ്ഘോഷിക്കുമ്പോൾ ആദ്യചുവടുയ്പ്പുകളായിട്ടു വേണം ചാവറയച്ചന്റെ ഇടയനാടകങ്ങളെ പരിഗണിക്കാൻ.

സെമിനാരിക്കകത്ത് അവതരിപ്പിക്കപ്പെട്ടതു കൊണ്ട് പുറംലോകം അറിയാതെ പോയ ഇടയനാടകങ്ങളുടെ ചരിത്രപരമായ പ്രാധാന്യം നാടകലോകത്തിന് ഇനിയും മറച്ചുവയ്ക്കാൻ ആകില്ല. ലോകഭാഷകളുടെ സംഗമം നടത്തപ്പെട്ടാൽ ഈ കൊച്ചുകേരളവും ഭാരതവും അറിയപ്പെടുക ചാവറയച്ചനാൽ വിരചിതമായ എക്ളോഗുകളുടെ സാന്നിദ്ധ്യം കൊണ്ടായിരിക്കും. മലയാളഭാഷയ്ക്ക് ശ്രേഷ്ഠ ഭാഷാപദവി ലഭിച്ചപ്പോൾ ചാവറയച്ചൻ എന്ന ഇടയനാടക രചയിതാവിന്റെ വകയായി ഒരു പൊൻതൂവൽ കൂടി അമ്മ മലയാളത്തിന് അലങ്കാരമായി. സാഹിത്യ ലോകത്ത് പാശ്ചാത്യ പൗരസ്ത്യ ദേശങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു പാലമായി കാലിത്തൊഴുത്തു (ഇടയ) നാടകങ്ങൾ (എക്ലോഗ്) മാറും ആസന്ന ഭാവിയിൽ.

1855-1856 കാലഘട്ടത്തിൽ ചാവറയച്ചന്റെ മനസ്സ് ഒരു കലാകാരന്റെ കരുതലോടെ സജ്ജമായി; - സെമിനാരിക്കാർക്കുവേണ്ടി ക്രിസ്മസ്സിനു ശേഷം പത്തു ദിവസങ്ങളിലായി വൈകുന്നേരങ്ങളിൽ അരമണിക്കൂറിനുള്ളിൽ അവതരിപ്പിക്കാവുന്ന തരത്തിൽ പത്തു നാടകങ്ങൾ ചിട്ടപ്പെടുത്തി. എക്ലോഗുകളെ പിൻപറ്റിയാണ് ഈയൊരു കലാസൃഷ്ടിക്ക് രൂപവും ഭാവവും നല്കിയത്. എക്ലോഗിനെ ആശ്രയിക്കുന്നതിൽ ഇറ്റാലിയൻ സുഹൃത്തായ ലെയോപോൾദ്ദു മിഷനറിയും വീർജിലിന്റെ നാലാമത്തെ എക്ലോഗിന്റെ കാലിത്തൊഴുത്ത് ശൈലിയും ഏറെ സ്വാധീനിച്ചു. ചാവറയുടെ കാലിത്തൊഴുത്തു നാടകങ്ങളെക്കുറിച്ചുള്ള ഈ കണ്ടെത്തൽ അനുഷ്ഠാനപരമായ അവതരണം ആയതിനാൽ വേണ്ടത്ര വിലമതിക്കാതെയും പുറംലോകം അറിയാതെയും പോയി. എഴുതിയ കാലത്തുതന്നെ ഈ കൃതിയിൽ അച്ചടിമഷി പുരണ്ടിരുന്നുവെങ്കിൽ ഇടയനാടകങ്ങൾ (കാലിത്തൊഴുത്തുനാടകങ്ങൾ) നാടകചരിത്രത്തിൽ ഇടംപിടിക്കുമായിരുന്നു.



# എക്ലോഗ്




എക്ലോഗ് ചെറിയ കവിതയാണ്. സംസാരരീതിയിലോ ആത്മഗത രൂപത്തിലോ ആണ് അവയുടെ ശൈലി. ഇടയ ഗാനങ്ങളുടെ(Shephered,Pastoralsongs)തുടക്കക്കാരൻഗ്രീക്ക് ചിന്തകനും കവിയുമായ തൊയോക്രീറ്റസാണ്. ഇടയന്മാരെയും പ്രകൃതിയേയും ചുറ്റിപ്പറ്റിയുള്ള ഗദ്യകവിതാരൂപത്തിലുള്ള എഴുത്തായതിനാൽ ബുക്കോലിക് എന്നും വിളിക്കുന്നു. മിഡിൽ ഇംഗ്ലീഷിൽ നിന്ന് ആനുകാലിക ഇംഗ്ലീഷിൽ രൂപംകൊണ്ട, ഒരു വാക്കാണ് എക്ലോഗ്. എക്ലോഗ് എന്ന ലാറ്റിൻ വാക്ക് ഗ്രീക്കുവാക്കിൽ നിന്ന് രൂപം കൊണ്ട താണ്. ഇതിന്റെ സാഹിത്യപരമായിട്ടുള്ള അർത്ഥം സെലക്ഷൻ അല്ലെങ്കിൽ സാഹിത്യസംരംഭം എന്നാണ്. തുണ്ടുരൂപത്തിലുള്ള ഗദ്യ കവിതാ സൃഷ്ടികളെല്ലാം ഈ പേരിലാണ് അറിയപ്പെടുക. പൗരാണിക സാഹിത്യകാരനായ വീർജിലിന്റെ ബുക്കോ ലിക്കയെ പിൻപറ്റിയ ഇറ്റാലിയൻ കവികളുടെ കാവ്യ ങ്ങളും ഈ രീതിയിൽ ഉള്ളവയായിരുന്നു. ഇറ്റാലിയൻ നവോത്ഥാന കാലഘട്ടത്തിലെ പാസ്റ്ററൽ കവിതകൾ കാലഹര ണപ്പെടാത്തതുകൊണ്ട് ലോക സാഹിത്യത്തിൽ ഇടം നേ ടിയ ഒരു സാഹിത്യ സംരംഭമായി ചരിത്രം എക്ലോഗുകളെ സാക്ഷിക്കുന്നു.ഇറ്റലിയിലുംപരക്കെയൂറോപ്യൻരാജ്യങ്ങളിലും മറ്റ് അനുബന്ധ രാജ്യങ്ങളിലും ഇന്ത്യയിൽ കേരളത്തി ലും എക്ലോഗുകളുടെ അനുരണനങ്ങൾ എത്തി എന്നുള്ളത് ഏറെ അഭിമാനത്തോടെ അനുസ്മരിക്കപ്പെടേണ്ടതു തന്നെ.

# BUCOLIC



**ഇടയ സാഹിത്യം (**Pastoral Literature)

എക്ലോഗ് ചെറിയ പാസ്റ്ററൽ കവിതകളാണ് ഗ്രാമാന്തരീക്ഷത്തിലെ ഇടയന്മാരുടെ ജീവിത രീതിയുടെ കാവ്യാവതരണമാണ്. ഇതിൽ നാഗരീകതയുടെ വശ്യതകളോ അഴിമതികളോ ഉണ്ടാകില്ല. ഇത്തരത്തിലുള്ള ഇടയസാഹിത്യം ആദ്യമായി അവതരണക്ഷമമാക്കിയത് ഗ്രീക്കുകവിയായ തെയോക്രിറ്റസാണ് (ബിസി. 310–250) അദ്ദേഹമാണ് പാസ്റ്ററൽ കാവ്യങ്ങളുടെ ഉപജ്ഞാതാവ്. റോമൻ എഴുത്തുകാരനായ വീർജ്ജിൽ (70–19 ബിസി) എഴുതിയ പത്ത് എക്ലോഗുകളിൽ തെയോക്രറ്റസിന്റെ ബുക്കോലിക്കയുടെ അനുകരണം കാണാം. ഇറ്റാലിയൻ കവികളായ ഡാന്റേ പെട്രാർക്ക ബൊക്കാച്ചിയോ, ബാറ്റിസ്റ്റാ, സ്പാൻഞ്ഞാളി (മന്റു ആനസ്) എന്നീ നവോത്ഥാനകാലശേഷമുള്ളവർ പാസ്റ്ററൽ കവിതയുടെ രൂപഭാവ സങ്കൽപ്പങ്ങൾക്ക് മാറ്റം വരുത്തിയവരാണ് പാസ്റ്ററൽ ജീവിതരീതി. (Pastoralism) ഇടയന്മാർ തങ്ങളുടെ ആട്ടിൻപറ്റങ്ങളുമായി തുറസായ പ്രദേശങ്ങളിൽ ഋതുഭേദങ്ങളിലൂടെ, വെള്ളത്തിന്റെയും പച്ചപ്പുകളുടെയും ഇടങ്ങൾ തേടി നീങ്ങുന്നു. എക്ലോഗ് എന്ന സാഹിത്യ സംരംഭം പ്രകൃതിയുടെ മടിത്തട്ടിലെ കലാസംരംഭങ്ങളിലേക്ക് വ്യാപിക്കപ്പെട്ടു. ഇത്തരത്തിലുള്ള പാസ്റ്ററൽ സംരംഭങ്ങളെ ബുക്കോലിക്ക് എന്ന സംജ്ഞയിൽ (ഗ്രീക്കു ഭാഷയിൽ) കന്നുകാലികൂട്ടം, ആട്ടിൻകൂട്ടം എന്ന അർത്ഥത്തിൽ ഉപയോഗിക്കുന്നു. പാസ്റ്ററൽ എഴുത്തുകാർ ലളിതമായ അവതരണ ശൈലി അനുവാചകരിൽ എത്തിക്കുന്നതിനുവേണ്ടി പല സാങ്കേതികത്വങ്ങളും പരീക്ഷിക്കാറുണ്ട്. പ്രകൃതിയോടുള്ള സമീപനമാണ് അത്. സാഹിത്യസരണയിലെ കവിതയാണെങ്കിലും, നാടകം ആണെങ്കിലും പാസ്റ്ററൽ സമീപനത്തെ ലെയോമാർക്സ് എന്ന എഴുത്തുകാരൻ വിശേഷിപ്പിക്കുന്നത്, 'ഇടയനില്ലെങ്കിൽ ആടുകളും ഇല്ല' എന്ന വാക്കുകളിലാണ്, ഹെസി ഓഡീസിന്റെ 'വർക്ക് ആന്റ് ഡയിസിൽ' ഇത്തരത്തിലുള്ള ഗോൾഡൻ ഏയിജ് (Golden Age)നെക്കുറിച്ച് വിവരിക്കുന്നു. പ്രകൃതിയും മനുഷ്യനുമായി സമരസപ്പെട്ടുകൊണ്ടുള്ള ഒരു ജീവിതമാണ് അത്. പാസ്റ്ററൽ കവിതകളുടെ രംഗസംവിധാനം പ്രകൃതി സൗന്ദര്യ വിരുന്നാണ് നൽകുക. മറ്റൊരു ഏദേൻ സങ്കല്പ പറുദീസായിൽ നില്ക്കുന്ന അനുഭവം. പതിനേഴാം നൂറ്റാണ്ട് കൺട്രിഹൗസ് (Country House Poem) കവിതകളുടെ കാലമായിരുന്നു. പിന്നീട് രൂപം കൊണ്ട പാസ്റ്ററൽ എലജികൾ ഇതിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് എഴുതപ്പെട്ടവയാണ്. പാസ്റ്ററൽ എലജികൾ ദുഃഖപര്യവസായിയായ മരണത്തിന്റെ വേർപാടുകളെ ദ്യോതിപ്പിക്കുന്നു.

1637 ലെ ജോൺ മിൾട്ടന്റെ 'ലിസിഡസും' (Lycidus) തോമസ് ഗ്രേയുടെ 'എൽജി ഇൻ എ കൺട്രി ചർച്ച്യാർഡും' (Elegy in a country churchyard) അതിൽ പ്രധാനപ്പെട്ടതുതന്നെ. മലയാള സാഹിത്യത്തിലും പാസ്റ്ററൽ എലിജി പോലെയുള്ള കാവ്യസാന്നിദ്ധ്യം കാണാൻ കഴിയും. പാസ്റ്ററൽ കവിതയുടെ സാന്നിദ്ധ്യം പതിനെട്ടാം നൂറ്റാണ്ടിൽ പാശ്ചാത്യ സാഹിത്യലോകത്ത് കവികളെ ഏറെ സ്വാധീനിച്ചിരുന്നതിന്റെ

പരിണതഫലമായിരിക്കാം, യൂറോപ്പിലെങ്ങും ഈ കാവ്യശാഖയ്ക്ക് എഴുത്തുകാരും അനുവാചകരും നിർലോഭമായി പിറവിയെടുത്തത്. ഇതിന്റെ മറ്റൊരു ശൈലി എഡ്യൂരി പാസ്റ്ററൽ (Edeuri Pastoral) ആയിരുന്നു. ഇതിൽ ദൈവവും, മനുഷ്യനും, പ്രകൃതിയും ഏദൻ തോട്ടത്തിലെ പോലെ പരിപൂർണ്ണ സ്നേഹത്തിൽ ആവുന്നതിനെ അനുസ്മരിപ്പിക്കുന്നു. ഇത് വിശുദ്ധ ഗ്രന്ഥത്തിലെ രൂപകങ്ങളിലും, അലങ്കാരങ്ങളിലുമൊക്കെ പ്രതിഫലപ്പിക്കുന്നു. 'ഓൺ ദി മോർണിങ്ങ് ഓഫ് ക്രൈസ്റ്റ് നേറ്റിവിറ്റി' (on the morning of christ nativity) എന്ന മിൽറ്റന്റെ കവിതയിൽ ക്രിസ്തീയമായ പാസ്റ്ററൽ രൂപകങ്ങളും ഭാവാത്മകതകളും ഉപയോഗിക്കപ്പെടുന്നു. മിൽട്ടന്റെ പാരഡൈസ് ലോസ്റ്റ് (Paradise lost) എന്ന മഹാകാവ്യമായിരിക്കും ഈ സാഹിത്യ ശാഖയിൽ




# ECLOGUES

ഏറ്റവും കൂടുതലായി അറിയപ്പെടുന്നത്.

ഇറ്റാലിയൻ എഴുത്തുകാർ പുതിയൊരു സരണിക്ക് രൂപം കൊടുത്തത് പാസ്റ്ററൽ റൊമാൻസ് ആയിരുന്നു. അത് പാസ്റ്ററൽ കവിതകളുടെയും ഗദ്യത്തിന്റെയും ഒരു സാങ്കല്പിക സങ്കലനമായിരുന്നു. പാസ്റ്ററൽ ഡ്രാമാകൾ ഇറ്റലിയിൽ നവോത്ഥാനകാലത്ത് ധാരാളമായി രൂപപ്പെടുകയുണ്ടായി. തെയൊക്രറ്റെസിന്റെ 'ഇഡിൽസിൽ' (Idylls) വരികളുടെ ആവർത്തനവും ഹോമറിന്റേതു പോലെ ഇടയന്മാരുടെ ഫ്‌ളൂട്ടുകളുടെ ഉപയോഗവും കാണാം. ക്ലാസിക്കൽ കാലഘട്ടങ്ങളിൽ പോലും വീർജിലിയൻ കാവ്യങ്ങളുടെ സാന്നിദ്ധ്യം കാവ്യലോകത്തു നിന്ന് മാറ്റി നിർത്താൻ കഴിഞ്ഞിരുന്നില്ല. ക്രിസ്തുമസിന്റെ തലേന്ന് രാത്രിയിൽ ഇറ്റാലിയൻ, ജർമ്മൻ സംഗീത സംവിധായകർ പാസ്റ്ററൽ ഗീതങ്ങൾ താളമേളങ്ങളോടുകൂടി സംഗീത സാന്ദ്രമായി ആലപിച്ചിരുന്നു. പതിനെട്ട് പത്തൊമ്പത് നൂറ്റാണ്ടുകളിൽ പാസ്റ്ററൽ സംഗീതങ്ങളും അവയുടെ അനുകരണങ്ങളും സംഗീത ചരിത്രത്തെ ഏറെ സ്വാധീനിച്ചിരുന്നു. 'പാസ്റ്ററാലെ' എന്ന ഇറ്റാലിയൻ നാടോടി ഗാനങ്ങൾ നവ ഇറ്റലിയുടെ തെക്കൻ പ്രദേശങ്ങളിലെ ഇടയ ഗ്രാമങ്ങളിൽ ഇപ്പോഴും കാണാനാവും.

പ്രകൃതി മനോഹരമായ ഗ്രാമ്യ ചിത്രങ്ങൾ ഹെലനിസ്റ്റിക്ക്, റോമൻ കാലഘട്ടങ്ങളിൽ മതിൽ ചിത്രങ്ങളായി അതവരിക്കപ്പെട്ടിരുന്നു. സനസറോ (Sannazzaro) യുടെ അർക്കാഡിയ (Arcadia) യിലെ കാഴ്ചകളുടെ ചിത്രീകരണം നവോത്ഥാനകാലശേഷമുള്ള ഇറ്റാലിയൻകലയുടെ പാസ്റ്ററൽ ആഭിമുഖ്യത്തിന് ആവേശം നൽകിയിട്ടുണ്ട്. പാസ്റ്ററൽ കാവ്യ സാഹിത്യത്തിന്റെ പശ്ചാത്തല ചരിത്രവും സിദ്ധാന്തവും അവതരപ്പിക്കുന്നതിന് കുറെ നല്ല എഴുത്തുകാരുടെ പരിശ്രമം പാശ്ചാത്യലോകത്ത് നടന്നു! ജോർജ് പുട്ടൻ ഹാൻ എന്ന സാഹിത്യ പണ്ഡിതനാണ് പാസ്റ്ററൽ കാവ്യങ്ങളുടെ സിദ്ധാന്ത അവതരണത്തിന്റെ മുൻനിരക്കാരൻ.




# നവോത്ഥാനം


യൂറോപ്യൻ ചരിത്രത്തിൽ നവോത്ഥാനകാലം എന്നു പറയുന്നത് പതിനാലു മുതൽ പതിനേഴുവരെയുള്ള കാലഘട്ടത്തേയാണ്. പിന്നീട് മദ്ധ്യകാലഘട്ടത്തിലേക്ക് വിപുലീകരിക്കപ്പെടുകയും, പ്രുദ്ധതയുടെ കാലഘട്ടത്തെയും ആധുനിക ചരിത്രത്തെയും തമ്മിൽ ബന്ധിപ്പിക്കുകയും ചെയ്തു. ഇതിന്റെ അനുരണനങ്ങൾ ഇറ്റലിയിൽ ആരംഭിക്കുകയും, യൂറോപ്പ് മുഴുവൻ പ്രചരിക്കുകയും ചെയ്തു. ചില ചിന്തകരെ സംബന്ധിച്ചിടത്തോളം ഒരു പുത്തൻകാലഘട്ടത്തിന്റെ തുടക്കം കൂടിയായിരുന്നു.


ചിന്തകരെയും അന്വേഷകരെയും സംബന്ധിച്ചിടത്തോളം നവോത്ഥാനം മനുഷ്യാത്മവാദത്തിന്റെ മറ്റൊരു പതിപ്പായിരുന്നു. അത് ജന്മംകൊണ്ടത് ഇറ്റലിയിലുള്ള ഫ്ളോറൻസിൽ ആയിരുന്നു. ഹ്യുമാനിസത്തിൽ (Humanitus) നിന്നുമാണ് ഉദ്ഭവം. മനുഷ്യനാണ് എല്ലാത്തിന്റെയും അളവുകോൽ എന്ന് പ്രഖ്യാപിച്ച പ്രൊട്ടേഗൊറസെന്ന ഗ്രീക്ക് തത്വചിന്തകന്റെ ജീവിത വായനയുടെ ഫലമായിരുന്നു അത്. ഈയൊരു പുനർവായന ജീവിതത്തിന്റെ സമസ്ത മേഖലകളെയും സ്വാധീനിക്കാൻ തുടങ്ങി. കല, വാസ്തുവിദ്യ, രാഷ്ട്രീയം, ശാസ്ത്രം, സാഹിത്യം എന്നിവ അതിൽപ്പെടുന്നു.


നവോത്ഥാനം ഇറ്റലിയിലെ ഫ്ളോറൻസിൽ നാലാം നൂറ്റാണ്ടിൽ ബീജാവാപം ചെയ്തു എന്ന് പറയപ്പെടുന്നു. നവോത്ഥാനത്തിന്റെ അക്ഷരാർത്ഥത്തിലുള്ള അർത്ഥം 'രണ്ടാം ജന്മം' എന്നാണ് ഫ്രഞ്ചു ഭാഷയിൽ. ഇംഗ്ലീഷിൽ ഈ വാക്ക് ആദ്യമായി ഉപയോഗിച്ചു തുടങ്ങിയത്, 1830 കളിലാണ്. ഇതൊരു സാംസ്ക്കാരിക വിപ്ലവമായിരുന്നു. യൂറോപ്പിലുള്ള ബുദ്ധിജീവികളിലേക്കും ആധുനിക കാലഘട്ടത്തിന്റെ ആദ്യഭാഗത്ത് ഇറ്റലിയിലേക്കും തുടർന്ന് യൂറോപ്പിന്റെ മറ്റു ഭാഗങ്ങളിലേക്കും പതിനാറാം നൂറ്റാണ്ടിൽ ഈ ചിന്ത വ്യാപിക്കപ്പെട്ടു. നവോത്ഥാനം മനുഷ്യാത്മക വാദത്തെ ജീവിതത്തിന്റെ എല്ലാ മേഖലകളിലേക്കും കടന്നു കയറാൻ പ്രേരിപ്പിച്ചു. മനുഷ്യവികാരങ്ങൾ കലയുടെയും സാഹിത്യത്തിന്റെയും കേന്ദ്രഭാവങ്ങളായിത്തീർന്നു. നിയമങ്ങളുടെയും അന്ധവിശ്വാസങ്ങളുടെയും സ്ഥാനത്ത് ശാസ്ത്രവും കാര്യകാരണ ബന്ധങ്ങളും വിമർശനാത്മക ചിന്തകളും സ്ഥാനം പിടിക്കാൻ തുടങ്ങി. മനുഷ്യാത്മകതാവാദം എന്ന തത്വദർശനം മനുഷ്യന്റെ നൈതികതയുടെയും മൂല്യങ്ങളുടെയും അടിസ്ഥാന ഭാവമായി തീർന്നു.



ECLOGUES
VIRGIL



P. VERGILI MARONIS ECLOGA SECUNDA
ALEXIS
FORMOSUM pastor Corydon ardebat Alexim,
delicias domini; nec quid speraret habebat.
tantum inter densas umbrosa cacumina fagos
adsidue veniebat. ibi haec incondita solus
montibus et silvis studio iactabat inani:
O crudelis Alexi nihil mea carmina curas?
nil nostri miserere? mori me denique coges.
nunc etiam pecudes umbras et frigora captant,
nunc virides etiam occultant spineta lacertos,
Thestylis et rapido fessis messoribus aestu
14



THE WORLD'S CLASSICS
VIRGIL
THE ECLOGUES
THE GEORGICS



THE ECLOGUES
Virgil



The Eclogues and the Georgics
TRANSLATED INTO ENGLISH VERSE
Virgil
TRANSLATED BY
R. C. Trevelyan



Edited by
Katharina Volk
Oxford Readings in Classical Studies
Vergil's Eclogues



DOVER · THRIFT · EDITIONS
VIRGIL
ECLOGUES
AND
GEORGICS


VIRGIL
ECLOGUES
With an Introduction
and Commentary by
WENDELL CLAUSEN
CLARENDON PAPERBACKS


CALPURNIUS
SICULUS
THE ECLOGUES
C.H. Keene


Virgil
ECLOGUES & GEORGICS
DOVER THRIFT EDITIONS


PENGUIN CLASSICS
VIRGIL
The Eclogues



Virgil's Eclogues
Translated by Len Krisak
Introduction by Gregson Davis


# എക്ലോഗ് എന്ന സാഹിത്യ രചനയിൽ പങ്കുകാരായ പ്രശസ്ത സാഹിത്യ പ്രതിഭകൾ





## സ്മിർനയിലെ ബിയോൺ

**BION OF SMYRNA (280 BC)**




**ബി**യോൺ സ്മിർനക്കാരനായിട്ടാണ് അറിയപ്പെടുന്നത്. അദ്ദേഹത്തിന്റെ തിളക്കമാർന്ന ജീവിതകാലം ക്രിസ്താബ്ദത്തിനു മുമ്പ് 100ലായിരുന്നു. ബിയോണിന്റെ കൃതികളെല്ലാം നഷ്ടപ്പെട്ട നിലയിലായിരിക്കുന്നു. അവശേഷിക്കുന്നവ 17 ഫ്രാഗ്മെന്റുകളായി സൂക്ഷിക്കപ്പെടുന്നു. അതിൽ ചില ഫ്രാഗ്മെന്റുകൾ ബുക്കോലിക് കവിതകളുടെ പാസ്റ്ററൽ വിഷയങ്ങളുമായി ബന്ധപ്പെട്ടവയാണ്. മറ്റു ചിലത് ബുക്കോലിക് കവിതകളുടെ വിതുമ്പിലൂടെ സഞ്ചരിക്കുന്നതായേ തോന്നൂ. തികച്ചും ബുക്കോലിക് സ്വഭാവമുള്ള കവിതകൾ ഹെലനിസ്റ്റിക് കാലത്ത് രൂപം കൊണ്ടവയാണ്. അവ പ്രേമം കൊണ്ട് ആവാഹിക്കപ്പെടുന്നു.

ബിയോണിന്റെ സ്വാധീനം വളരെയധികം ഗ്രീക്ക്, ലാറ്റിൻ കവികളിലും ഗദ്യസാഹിത്യകാരന്മാരിലും പ്രത്യേകിച്ച് വീർജിലിലും, ഓവിഡിലും കാണാവുന്നതാണ്. അഡോനിസിലെ (Adonis) പുരാണ കഥകളുമായുള്ള സമീപ്യങ്ങൾ നവോത്ഥാനത്തിനു ശേഷം പാശ്ചാത്യ അമേരിക്കൻ സാഹിത്യധാരകളിൽ വളരെയധികം സ്വാധീനം ചെലുത്തിയിട്ടുണ്ട്. ബിയോണിന്റെ ജീവിതത്തെക്കുറിച്ച് വളരെയൊന്നും വിവരങ്ങൾ ലഭ്യമല്ല, ഉള്ളത് അദ്ദേഹം തെയോക്രിറ്റസിന്റെ കാലാനുവർത്തിയും, മൊസ്ചസിന്റെ സുഹൃത്തും അദ്ധ്യാപകനും ബിസി 280 കളിൽ ജീവിച്ചിരുന്നവനുമായിരുന്നു എന്നു മാത്രമാണ്.





## തെയോക്രിറ്റസ്

**THEOCRITUS**

*Born 306 BC*
*Died after 250 BC*
*Greece Syracuse Sieily KOS*
*Creator of pastoral poetry*




**തെയാ**യോക്രിറ്റസ് ക്രിസ്താബ്ദത്തിനു മുമ്പ് മൂന്നാം നൂറ്റാണ്ടിൽ ചരിത്രപ്രസിദ്ധമായ ഗ്രീസിൽ സിറാക്കൂസിൽ ജനിച്ചു. ബുക്കോലിക്കാ എന്ന കാവ്യസരണിക്ക് രൂപവും ഭാവവും നൽകിയ കാവ്യസാമ്രാട്ടായ തെയൊക്രിറ്റസിനെക്കുറിച്ച് വളരെ കുറച്ചു മാത്രമേ ചരിത്രത്തിൽ നിന്ന് തേടിപ്പിടിക്കാൻ കഴിയൂ. എന്തെങ്കിലും വിവരശേഖരം അദ്ദേഹത്തിന്റെ എഴുത്തുകളിൽ നിന്നേ ലഭിക്കൂ. തെയോക്രിറ്റസ് സിസിലിയിൽ നിന്നും ഉള്ള ഇടയ കവി ആയിട്ടാണ് (Pastoral Poet) അറിയപ്പെടുക. ഈജിപ്തിലുള്ള അലക്സാൻഡ്രിയ എന്ന പട്ടണത്തിൽ അദ്ദേഹം കുറച്ചുകാലം ജീവിച്ചിട്ടുണ്ട് എന്നു പറയപ്പെടുന്നു. തെയൊക്രിറ്റസ് സിറാകൂസിൻ ജനിച്ചതായും കോസ് (Kos) എന്ന ദ്വീപിൽ ജീവിച്ചതായും പറയപ്പെടുന്നു. ടോളമി രണ്ടാമന്റെ കാലത്ത് ഈജിപ്തിൽ കഴിഞ്ഞതായും കരുതപ്പെടുന്നു. ബുക്കോലിക്കായും (Bucolic)

മായ്മുകളും (Mimes) തെയോക്രീറ്റസിന്റെ സാഹിത്യസംഭാവനകളായിരുന്നു. ഏറ്റവും ശ്രദ്ധാർഹമായ ബുക്കോലിക്കകൾ 1, 6, 7, 11 ആണെന്നാണ് സാഹിത്യ വിമർശകരുടെ പക്ഷം. തെയോക്രറ്റസിന്റെ പേരിൽ രണ്ടു പ്രധാന സാഹിത്യ സമാഹരണങ്ങൾ നടത്തപ്പെട്ടിട്ടുണ്ട്. ആദ്യ സമാഹരണം തെയോക്രിറ്റസിന്റെ തന്നെയാണോ എന്ന് സംശയം ഉണ്ട്. എങ്കിലും ബുക്കോലിക്ക അദ്ദേഹത്തിന്റേതായി കരുതപ്പെടുന്നു. രണ്ടാമത്തെ സമാഹരണം തെയോക്രിറ്റസിന്റെ തന്നെ ആണെന്നാണ് സാഹിത്യവിമർശകരുടെ അഭിപ്രായം അദ്ദേഹത്തിന്റെ ബുക്കോലിക്കയുടെയും, മായ്മിന്റെയും വ്യത്യാസങ്ങൾ സാഹിത്യ നിരൂപകർ തന്നെ പറയുന്നത് ഒന്ന് ഗ്രാമീണ അന്തരീക്ഷത്തിന്റെയും മറ്റൊന്ന് നഗര അന്തരീക്ഷത്തിന്റെയും നിർമ്മിതി ആണെന്നാണ്. ബുക്കോലിക്കുകളുടെയും, മയ്മുകളുടെയും, എപ്പിക്കുകളുടെയും താളം (metre) ഹെക്സാമീറ്ററുകളിലാണ് തെയോക്രീറ്റസ് രൂപ കല്പന ചെയ്തിരിക്കുന്നത്. ഹോമറിന്റെയും അലക്സാഡ്രിയൻ കവികളുടെയും, കാവ്യങ്ങളോടുള്ള താള (metre) സമീപനമാണ് തെയോക്രിറ്റസും തന്റെ കവിതകളിൽ ചിട്ടപ്പെടുത്തിയിരിക്കുന്നത്. കലിമാക്കസിന്റെ കവിതകളുടെ അനുരൂപകനായിരുന്നു തെയോക്രിറ്റസ്.

## മോസ്ച്ചസ് (150 BC)
## MOSCHUS
*Greece Alexandria, Syreus*




പൗരാണിക ഗ്രീസിലെ ബുക്കോലിക് കവിയാണ് മോസ്ച്ചസ്. അദ്ദേഹം അലക്സാൻഡ്രറിയായിലെ ഗ്രാമേറിയനായ അരിസ്റ്റാർക്കസിലെ സമോത്രസിന്റെ ശിഷ്യനാണ്. മോസച്ചസ് സിറാക്കൂസിൽ ജനിച്ച് ബി.സി. 150 കളിൽ അഭിവൃദ്ധിയിലേക്ക് പടിപടിയായി എത്തിയ കവിയാണ്. കവിതാ രചിയിതാവ് എന്നുള്ളതിൽ നിന്നും വ്യത്യസ്ഥനായി ഗ്രാമർ സംബന്ധമായ രചനയിലും അതീവ സമർദ്ധനായിരുന്നു. പക്ഷേ അതു സംബന്ധമായ യാതൊന്നും ഇപ്പോൾ അവശേഷിക്കുന്നില്ല എന്നുള്ളതാണ് സത്യം. അവശേഷിക്കുന്ന എഴുത്തു ശേഖരത്തിൽ എപ്പിലിയോണും, ദി യൂറോപ്പായും (Epillion, the Europa) യൂറോപ്പിന്റെ മിത്തോളജിയും, മൂന്ന് ബുക്കോലിക്ക് കാവ്യങ്ങളും, റൺഎവേ ലൗ (Runaway Love) പോലെയുള്ള കവിതകളും, എലജികളും പെടുന്നു. അവശേഷിക്കുന്ന കൃതികളിൽ ബുക്കോലിക്കുകളിൽ അജപലനാത്മക വിഷയങ്ങളും കാണാം. മോസ്ച്ചസിന്റെ കവിതകൾ മറ്റ് ബുക്കോലിക്ക് കവികളുടെ കവിതകൾ പോലെ തിരുത്തലുകൾക്ക് വിധേയമാക്കി ഓക്സ് ഫോർഡ് പഠനഗ്രന്ഥങ്ങൾക്ക് ഉപയുക്തമായ രീതിയിൽ (1952) പ്രസിദ്ധീകരിച്ചു.




## വിർജീലിയൂസ്
## VIRGILIUS
*Italy, Brindisi Virgilio (70 BC - 19BC)*





വിർജിലിയോ എന്ന ഇറ്റലിക്കാരൻ ബ്രിൻഡീസിയിലാണ് ജനിച്ചത്. ക്രിസ്താബ്ദത്തിനു മുൻപ് എഴുപതുകളിൽ ജനിച്ച് 19 ൽ മരിച്ചു. റോമൻ കവിയായി അറിയപ്പെടുന്ന വിർജിലിയൂസിന്റെ അയ്നീഡ് (Aeneid) എന്ന ഇതിഹാസകാവ്യം ഏറെ പ്രശസ്തമാണ്. അദ്ദേഹത്തെ പ്രശസ്തനാക്കുന്നത് മൂന്നു കൃതികളെ അവലംബമാക്കിയാണ്. എക്ലോഗ് (ബുക്കോലിക്സ്) ജോർജിക്സ്, എയ്നീഡ് എന്നിവയാണ് അവ. മറ്റുചില ചെറു കൃതികളും അദ്ദേഹത്തിന്റെ പേരിൽ അറിയപ്പെടുന്നു.

വടക്കൻ ഇറ്റലിയിൽ ബ്രീൻഡീസിയിൽ ഒരു കർഷകകുടുംബത്തിലാണ് വിർജീലിയൂസ് ജനിച്ചത്. 42 BC യിൽ എക്ലോഗുകൾ കാവ്യരൂപത്തിൽ എഴുതിയതായും 39-38 BC യിൽ പ്രസിദ്ധീകരിച്ചതായും പറയപ്പെടുന്നു. വിർജിലിയൂസിന്റെ എക്ലോഗുകൾ പത്തെണ്ണമുണ്ട്. അവയെല്ലാം ഹെക്സാമീറ്റർ (Hexameter) രൂപത്തിലുള്ള ഇടയസംഗീതത്തിന്റെ താളബദ്ധതയാണ് സ്വീകരിച്ചിരിക്കുന്നത്. ഹെലനിസ്റ്റിക് കാലഘട്ടത്തിൽ ജീവിച്ചിരുന്ന തെയോക്രിറ്റസ് എന്ന ഗ്രീക്കു കവിയെ പിൻപറ്റിയുള്ള എഴുത്തു

കാരനായി പറയപ്പെടുന്നു. വിർജിലയൂസിന്റെ എക്ലോഗുകളിൽ നാലാമത്തെ എക്ലോഗ് ‘മിശിയാനിക്ക് എക്ലോഗ്’ എന്നാണ് അറിയപ്പെടുന്നത് ഇത് മിശിഹായുടെ ജനനത്തെക്കുറിച്ച് പ്രവചിക്കുന്നു.










വിർജീലിയൂസ് ഇറ്റലിയിൽ നിന്ന് ഗ്രീസിലേക്ക് “അയ്നീഡിന്റെ” പരിഷ്കരിച്ച പതിപ്പിന്റെ നിർമ്മാണാർത്ഥം (ബി.സി. 19 ൽ) യാത്ര ചെയ്യുകയുണ്ടായി. ആതൻസിൽ ചെന്ന് അഗസ്റ്റസുമായി പുസ്തകത്തെക്കുറിച്ച് ചർച്ച ചെയ്തതിനുശേഷം തിരിച്ച് ഇറ്റലിയിലേക്കുള്ള മടക്കയാത്രയിൽ മെഗേറ (Megera) യ്ക്കു സമീപം ഒരു പട്ടണം സന്ദർശിക്കയും അവിടെ വെച്ച് പനിപിടിപെടുകയുമായിരുന്നു. രോഗത്താൽ ക്ഷീണിതനായ വിർജിലിയൂസ് തന്റെ കപ്പൽ യാത്രയുടെ അവസാനം(ബിസി. 19 സെപ്തംബർ 21 ന്) ബ്രിൻഡീസിയം ഹാർബറിൽ വച്ച് മരണമടഞ്ഞു. റോമൻ ചക്രവർത്തിയായ കോൺസ്റ്റൻന്റയിൻ വിർജിലിയൂസിന്റെ നാലാമത്തെ എക്ലോഗിന് ഇറ്റലിയിലാകെവേണ്ടത്ര പ്രചാരം നൽകുകയും മിശിഹായുടെ ജനനവുമായി ഈ എക്ലോഗിനെ ബന്ധപ്പെടുത്തുകയും ചെയ്തു.



## എയ്ൻസ്വീഡലിൻ എക്ളോഗ്സ് (AD 54 – 68)


### THE EINSIEDELN ECLOGUES

*Published 1869.*






എയ്ൻസ്വീഡലിൻ എക്ലോഗുകൾ രണ്ടു ലാറ്റിൻ അജപാലനകവിതകളാണ്. ഇവ കണ്ടുപിടിച്ചത് പത്താം നൂറ്റാണ്ടിലാണ് സ്വിറ്റ്സർലണ്ടിൽ എയ്സ്വീഡൻ ആബിയിൽ സൂക്ഷിച്ചിരിക്കുന്ന കൈഎഴുത്തുപ്രതിയുടെ പുരാശേഖരത്തിൽ നിന്നുമാണ് (Einsiede-lemises 266 (E) 206-7) കണ്ടെടുക്കപ്പെട്ടത്. ഈ ശേഖരത്തിന്റെ ആദ്യ പ്രകാശനം 1869 ൽ എച്ച്. ഹേഗനാണ് നിർവഹിച്ചിരിക്കുന്നത്. ഈ കവിതകൾ പൂർത്തീകരിക്കപ്പെടാത്ത യൂണിറ്റു (fragment) കളായിട്ടാണ് സൂക്ഷിച്ചിരിക്കുന്നത്, ഇവയുടെ അപൂർണ്ണതയെക്കുറിച്ച് തർക്കങ്ങൾ നിലനില്ക്കുന്നു. ഇതിന്റെ രചയിതാവ് ആരെന്ന് ഇന്നും ക്ലിപ്തതയില്ല. ഒരേ ആളുതന്നെയാണോ ഈ രണ്ടു യൂണിറ്റിന്റെയും രചയിതാവ് എന്നതിനെക്കുറിച്ചും സംശയം നിലനില്ക്കുന്നു. നീറോയുടെ കാലഘട്ടത്തിലെ ഈണത്തിലാണ് (എഡി54-68) ഇവ എഴുതിയിരിക്കുന്നത് എന്ന് പറയുന്നവരും ഇല്ലാതില്ല. വീർജ്ജിലിന്റെ എക്ലോഗുകൾ പിന്നീടത്തെ തീയതി ഇട്ട് അവതരിപ്പിച്ചിരിക്കുന്നു എന്നു പറയുന്ന പക്ഷക്കാരും ഉണ്ട്. എയ്ൻസീഡനിലെ കണ്ടെടുത്ത എക്ലോഗുകളുടെ രണ്ടു യൂണിറ്റുകളും എഴുതിയത് ഒരേ വ്യക്തി തന്നെയോ എന്നതിനെക്കുറിച്ചും വ്യക്തതയില്ല.










വാട്ട്സൺ എന്ന വിമർശന പഠിതാവ് എയ്ൻസ്വീഡനിലെ എക്ലോഗിന്റെ സമഗ്രതയെ കുറിച്ചും സത്യസന്ധതയെക്കുറിച്ചും സംശയം പ്രകടിപ്പിക്കുന്നു. പക്ഷേ ഹുബാർഡ് മുകളിൽ പറഞ്ഞതിൽ നിന്നെല്ലാം വ്യത്യസ്ഥമായി എയ്ൻസ്വീഡൻ എക്ലോഗിന്റെ എഴുത്തുകാരനെ വളരെ ശ്ലാഘിച്ചുകൊണ്ട് എഴുതുന്നു. "അദ്ദേഹം പറയുന്നു" ലാറ്റിൻ ഭാഷയിൽ മികവു തെളിയിക്കുന്ന എഴുത്താണ് എയ്ൻസ്വീഡലിൻ എക്ലോഗിന്റേത്. അതിൽ ആർക്കും പോരാഴിക പറയാൻ സാധിക്കില്ല. പാസ്റ്ററൽ കാവ്യങ്ങളുടെ കാല്പനികാ അവതരണം ഒരു പ്രത്യേക കാവ്യശക്തിയായി എയ്ൻസ്വീഡലിൻ എക്ലോഗുകളിൽ ദർശിക്കാൻ കഴിയുന്നു. എക്ലോഗുകളിലുള്ള ഗ്രാമ്യതയുടെയും, പാസ്റ്ററൽ ആഭിമുഖ്യത്തിന്റെയും, ചരിത്ര സങ്കല്പങ്ങളുടെയുമെല്ലാം അവതരണം എയ്ൻസ്വീഡലിൻ എക്ലോഗുകളിൽ കാണാം. എയ്ൻസ്വീഡലിൻ ആബി (Abby) സ്വീഡനിലുള്ള ഒരു ബനഡിക്ടയിൻ ആശ്രമം ആണ്. ഈ ആശ്രമം മാതാവിന് സമർപ്പിതമാണ്. ഇത് സ്വീഡന്റെ ഉൾപ്രദേശത്തുള്ള തികച്ചും ഒരു ഗ്രാമമാണ്. ആദ്യം ഈ ആശ്രമത്തിലുണ്ടായിരുന്ന അന്തേവാസി മെയിൻറാഡ് (Meinrad) വിശുദ്ധനായ ഹെർമിറ്റ് (hermit) ആയിരുന്നു. ഇതൊരു സ്വതന്ത്രഭരണത്തിലുള്ള പ്രാദേശിക ആബിയാണ്. ഇത് ഏതെങ്കിലും രൂപതയുടെയോ ബിഷപ്പിന്റെയോ അധികാരാതിർത്തിയിൽപ്പെട്ടതല്ല. ഇത് വർഷങ്ങളായി സെന്റ് ജെയിംസ് എന്ന തീർത്ഥാടന കേന്ദ്രത്തിലേക്കുള്ള യാത്രയ്ക്കിടയിലെ വിശ്രമ സ്ഥലമായിട്ടാണ് പരിഗണിക്കപ്പെട്ടിരുന്നത്. എയിൻസ്വീഡലിൻ ഏക്ലോഗ് ഈ ആബിയിൽ രണ്ടു യൂണിറ്റുകളായി പത്താം നൂറ്റാണ്ടിൽ കണ്ടെത്തുകയും 1869 ൽ ആദ്യമായി പ്രകാശനം ചെയ്യുകയും ചെയ്തു.





# ടൈറ്റസ് കൽപൂർണിയൂസ് സെക്കുലസ് (193 – 211 എഡി)

**TITUS CALPURNIUS SICULUS**

*Born : Rome, Italy*




ടൈറ്റസ് കൽപൂർണിയൂസ് സെക്കുലസ് ഒരു റോമൻ ബുക്കോലിക്ക് കവിയാണ്. അദ്ദേഹത്തിന്റെ പേരിൽ ഏഴ് എക്ലോഗുകൾ ഉണ്ടെന്ന് കരുതപ്പെടുന്നു. അഗസ്റ്റസിന്റെ കാലഘട്ടത്തിൽ ജീവിച്ചിരുന്ന വിർജിലിനെ അനുകരിച്ചാണ് അദ്ദേഹം തന്റെ എഴുത്തുകൾ പലതും നിർവഹിച്ചിരിക്കുന്നത്. ചില എഴുത്തുകൾ നീറോണിയൻ (54–58 എ ഡി) കാലഘട്ടത്തിലാണെന്ന് പറയപ്പെടുന്നു. കൽപൂർണിയൂസിനെക്കുറിച്ച് വളരെ കുറച്ചുമാത്രമേ ചരിത്രത്തിൽ നിന്ന് പരതിയെടുക്കാൻ പറ്റൂ. തെയോക്രീറ്റസിന്റെ ഇടയകാവ്യവുമായി ഏറെ ബന്ധമുള്ള കാവ്യങ്ങളാണ് കൽപൂണിയൂസിന്റേത് എന്നു പറയുന്നവരുണ്ട്. കൽപൂണിയൂസിന്റെ ഏഴ് എക്ലോഗുകളിൽ മൂന്നെണ്ണം നീറൊ ചക്രവർത്തിയുടെ ആദ്യ ഭരണകാലഘട്ടത്തിലാണ് എഴുതപ്പെട്ടിട്ടുള്ളതെന്ന് പറയുന്നു. നാലാമത്തെ എക്ലോഗ് പുതിയൊരു ഭരണാധികാരിയുടെ സുവർണ്ണകാലം എന്ന് സൂചന നൽകുന്നു. അത് നീറോ ചക്രവർത്തിയാണോ എന്ന് സംശയിക്കപ്പെടുന്നു.

# മാർക്കസ് അവുറേലിയസ് ഒളിമ്പസ് നെമസിആനസ് (280 എഡി)


**MARCUS AURELIUS OLYMPIUS NEMESIANUS**


*Roman Poet*
*Flourished 280 AD*
*Italy, Carthage, Roman, Tunisia,*
*Notable works: Cynegetica*






മാർക്കസ് അവുറേലിയസ് ഒളിമ്പസ് നെമസിആനസ് ഒരു റോമൻ കവിയാണ്. കാർത്തിയേജുകാരനായ ഇദ്ദേഹം എഡി 283 കാലഘട്ടത്തിൽ ഈ രംഗത്ത് പ്രശസ്തനായിരുന്നു. റോമൻ ചക്രവർത്തിയായിരുന്ന കാരൂസിന്റെ രാജസദസിനെ ഇദ്ദേഹം അലങ്കരിച്ചിരുന്നു.

ആദ്യകാലത്ത് കൽപൂർണിയൂസിന്റെ പേരിൽ അറിയപ്പെട്ടിരുന്ന നാല് എക്ലോഗുകൾ നെമസിയാനസ് എഴുതിയതാണെന്ന് പറയപ്പെട്ടിരുന്നു. ചില പതിപ്പുകളിൽ എക്ലോഗ് (1) എപ്പിഫാനൂസിന്റെ പേരിലാണ് അറിയപ്പെട്ടിരുന്നത്. ഈ കവിത ടൈറ്റീറസിന്റെയും തിമേത്തിയൂസിന്റെയും സംസാരമായിട്ടാണ് ചിത്രീകരിക്കപ്പെടുക. നെമസിആനസിന്റെ മൂന്നാമത്തെ എക്ലോഗ് വിർജിലിന്റെ ആറാമത്തെ എക്ലോഗുമായി ഏറെ സാമ്യം ഉള്ളതായി കരുതപ്പെടുന്നു. ആറാമത്തെ എക്ലോഗ് ആറ് ബീറ്റിലാണ് എഴുതപ്പെട്ടിരിക്കുക. ഇതിന് എഴുപത്തിമൂന്ന് വരികളുണ്ട്.










## ഡാന്റേ അലിഗിരി
## DANTE ALIGHIERI

*Italian poet*
*Born : 1265, Italy, Florence*
*Died : September 1321*
*Ravenna, Italy*
*Full Name : Durante Degli Alighieri*




ഡാന്റേയുടെ എക്ലോഗുകൾ ഗ്രാമീണ രീതിയിൽ എഴുതിയിട്ടുള്ളതാണ്. അത് വീർജിലിന്റെ എഴുത്തുമായിട്ട് വളരെ സാമ്യം ഉള്ളതായിട്ടാണ് കാണപ്പെടുക. രണ്ടു കവിതകൾ ഒന്നിന് അറുപത്തിയെട്ടു പാദങ്ങളും മറ്റേതിന് തൊണ്ണൂറ്റിയേഴു പാദങ്ങളുമാണുള്ളത്. 1319, 1320 കാലഘട്ടത്തിൽ റാവണ്ണയിൽ വെച്ച് എഴുതപ്പെട്ട ഈ എക്ലോഗുകൾ 1719ൽ ഫ്ളോറൻസിലാണ് പ്രസിദ്ധീകരിച്ചത്.

ഇൻഫെർനോ, ഡാന്റേയുടെ പതിനാലാം നൂറ്റാണ്ടിലെ ഇതിഹാസ കാവ്യമായ ഡിവൈൻ കോമഡിയുടെ ആദ്യഭാഗമായാണ് കരുതപ്പെടുക. ഇതിനെ തുടർന്നാണ് പർഗറ്ററിയും, പാരഡൈസും എഴുതിയത്. ഡിവൈൻ കോമഡിയുടെ ആദ്യഭാഗമായ ഇൻഫെർനോ റോമിന്റെ അഭിമാന ഇതിഹാസ കവിയായ വീർജിലുമൊത്ത് നരകത്തിലൂടെ ഡാന്റേ സഞ്ചരിക്കുന്നതാണ് ചിത്രീകരിച്ചിരിക്കുന്നത്. പാതാളം ഡാന്റേയുടെ ഡിവൈൻ കോമഡിയുടെ രണ്ടാം ഭാഗമാണ്. പറുദീസ (Paradise) ഡാന്റേയുടെ ഡിവൈൻ കോഡിയുടെ അവസാന ഭഗമാണ്. ഡിവൈൻ കോമഡിയിൽ ആത്മാക്കൾ ദൈവത്തിങ്കലേക്ക് എടുക്കപ്പെടുന്നതായി ചിത്രീകരിക്കപ്പെടുന്നു.



## ഫ്രഞ്ചേസ്ക്കോ പെത്രാർക്ക
## FRANCESCO PETRARCA

*Born : 20 July 1304, Arezzo, Italy*
*Died : July 1374, Italy*
*Arezzo Petrarca*





ഫ്രഞ്ചേസ്ക്കോവിന്റെ ജനനം ഇറ്റലിയിലെ ആരേസ്വപെട്രാർക്കായിൽ 1374ലാണ്. ഇറ്റലിയിലെ അറിയപ്പെടുന്ന ഒരു ചിന്തകനും (humanist), മാനവികതാവാദിയുമാണ്. ഫ്രഞ്ചേസ്ക്കോവിന്റെ കവിതകൾ ലൗറാ എന്ന പഴയകാല ഹ്യൂമാനിസത്തിന്റെ അടിസ്ഥാനക്കാരന്റെ പേരിലാണ് പ്രസിദ്ധീകരിച്ചിരുക്കുന്നത്. പെത്രാർക്ക ഇറ്റലിയിലെ നവോത്ഥാന (Renaissance) കാലഘട്ടത്തിലെ ഒരു കവിയായും തത്വചിന്തകനായും അറിയപ്പെട്ടിരുന്നു. ഇദ്ദേഹം ആദ്യകാല മാനവികതാവാദത്തിന്റെ വക്താവ് ആയിരുന്നു. പതിനാലാം നൂറ്റാണ്ടിൽ ഇറ്റലിയെ ഏറെ സ്വാധീനിച്ച റിനയസെൻസ്, പെത്രാർക്ക എന്ന കവിയിലൂടെയും ചിന്തകനിലൂടെയുമാണ് രൂപപ്പെട്ടത്. ഇറ്റാലിൻ ഭാഷയ്ക്ക് പുതുമ കൈവന്നത് പെത്രാർക്കയുടെയും, ജീയോവാനിയുടെയും, സാന്റേയുടെയും സംഭാവനകളിലൂടെയാണെന്ന് പിയേട്രോ ബെമ്ബോ (Petro Bembo) അവതരിപ്പിക്കുന്നു. പെത്രാർക്ക അരേസോയിലെ ടസ്ക്കൻ പട്ടണത്തിലാണ് ജനിച്ചത്. അദ്ദേഹത്തിന്റെ പിതാവ് ദാന്തേയുടെ ഒരു സുഹൃത്തായിരുന്നു.




## ജിയോവാനി ബൊക്കാച്ചിയോ
### GIOVANNI BOCCACCIO

*Born : 16 June 1313, Certaldo, Italy*
*Died : 21 December 1375 Certaldo, Italy*




**ജി**യോവാനി ബൊക്കാച്ചിയോ ഒരു ഇറ്റാലിയൻ കവിയും എഴത്തുകാരനുമാണ്. ഇദ്ദേഹം റിനയസൻസ് കാലത്തേ ഒരു പ്രധാന മാനവികതാവാദിയും പെത്രാർക്കെയെ അടുത്ത് അനുകരിച്ച വ്യക്തിയുമാണ്. ബൊക്കാച്ചിയോ ശ്രദ്ധേയമായ വളരെയധികം സാഹിത്യ സംഭാവനകൾ നൽകിയിട്ടുണ്ട്. ഡക്കമെറോണും (Deccameron) ഫേമസ് വുമണും (Famous Women) അതിൽ എണ്ണപ്പെട്ടതുതന്നെ. അദ്ദേഹത്തിന്റെ ഭാവാത്മക (Imaginative) സ്വഭാവമുള്ള കൃതികൾ ഇറ്റാലിയനിലും ലാറ്റിനിലുമാണ് എഴുതിയിട്ടുള്ളത്. ഇത് തന്റെ കാലഘട്ടത്തിലെയും, മദ്ധ്യകാലഘട്ടത്തിലെയും എഴുത്തുകാരിൽ നിന്നും വ്യത്യസ്തത പുലർത്തിക്കൊണ്ടുള്ള എഴുത്തായിരുന്നു. സംസാരത്തിന്റേ (ഡയലോഗിന്റെ)തായ സർഗാത്മകത അവയിലെല്ലാം അദ്ദേഹം പുലർത്തിയിരുന്നു.

ബൊക്കാച്ചിയോയുടെ ജനനത്തെക്കുറിച്ചുള്ള അവ്യക്തത ഇപ്പോഴും നിലനില്ക്കുന്നു. അദ്ദേഹത്തിന്റെ ജനനം ഫ്ളോറൻസിലോ, സെർട്രാർഡോയിലുള്ള ഏതെങ്കിലും ഗ്രാമത്തിലോ ആയിരിക്കാം എന്ന് കരുതപ്പെടുന്നു. അദ്ദേഹത്തിന്റെ പിതാവ് ഫ്ളോറന്റയിൻ കച്ചവടക്കാരനായ ബെക്കബീനോ ഡച്ചല്ലിൻ ആണെന്ന് കരുതപ്പെടുന്നു. ഫ്ളോറൻസിലാണ് ബൊക്കാച്ചിയോയുടെ കുട്ടിക്കാലം. 1349 ലാണ് ബൊക്കാച്ചിയോ ഡക്കാമെറോൺ എഴുതി തുടങ്ങിയത്. 1370–1371 നും ഇടക്ക് ഡക്കാമെറോൺ ബൊക്കാച്ചിയോ revise ചെയ്യുകയുണ്ടായി. ഇതിന്റെ കയ്യെഴുത്തുപ്രതി ഇപ്പോഴും സൂക്ഷിക്കപ്പെടുന്നു. അവസാനകാലം അദ്ദേഹം രോഗബാധിതനായിരുന്നു. 1375 ഡിസംബർ 21–ാം തീയതി സെർട്രാൽഡോയിൽ മരണം അടയുകയും അവിടെ സംസ്ക്കരിക്കപ്പെടുകയും ചെയ്തു. ജിയോവാനി ബൊക്കാച്ചിയോ പ്രസിദ്ധനാവുന്നത് ഡക്കാമെറോൺ എന്ന വിശ്വപ്രസിദ്ധമായ എഴുത്തിലൂടെയാണ്. എന്നാൽ അദ്ദേഹത്തിന്റെ ലാറ്റിൻ എക്ലോഗ് അത്രയൊന്നും പ്രസിദ്ധമായി തീർന്നില്ല.






## ബാപ്ടിസ്റ്റാ മന്റുആനസ്
### BAPTISTA MANTUANUS

*Born : 17 April 1447, Mantua, Italy*
*Died : 20 March 1516, Mantua Italy*




**ബാ**പ്ടിസ്റ്റാ മന്റുആനസ് (18 ഏപ്രിൽ 1447) മാർച്ച് 1516) ഇറ്റാലിയൻ കർമ്മലീത്ത പുനരുത്ഥാരകനും മാനവികതാ വാദിയുമായ കവിയായിരുന്നു. ഇദ്ദേഹം ഒരു സ്പാനിഷ് കുടുംബത്തിൽ വടക്കൻ ഇറ്റലിയിലെ മന്റുവാൻ എന്ന പട്ടണത്തിലാണ് ജനിച്ചത്. ബാപ്ടിസ്റ്റാ പഠിച്ചത് ജോർജിയാ മെറുല്ലായുടെയും ഗ്രിഗോരിയോ ടൈഷർനെറ്റേ എന്ന ഹ്യൂമാനിസ്റ്റുകളുടെയും ക്ലാസിലായിരുന്നു. അതിനുശേഷം (1463) reformed കർമ്മലിത്താ സന്യാസ സമൂഹത്തിൽ ചേർന്നു, ദൈവശാസ്ത്രം പഠിച്ച് ബെളോജ്ഞയിലുള്ള മർട്ടീനോ ആശ്രമത്തിൽ പഠിപ്പിക്കാൻ





ആരംഭിച്ചു. 1513 ൽ നടന്ന ഇലക്ഷനിൽ അദ്ദേഹം കർമ്മലീത്താ സഭയുടെ പൊതു ജനറാളായി തെരഞ്ഞെടുക്കപ്പെട്ടു.

ഏറെ ശ്രദ്ധാർഹനായിത്തീർന്നത് പത്ത് എക്ലോഗുകളുള്ള (adulascentia) അഡ്യൂലസെൻഷിയാ ബാപ്ടിസ്റ്റാ എന്ന കൃതിയുടെ രചനയാലായിരുന്നു. അദ്ദേഹത്തിന്റെ ലാറ്റിൻ ഭാഷയിലുള്ള പത്തോളം എക്ലോഗുകളെ വിർജിൽ തന്റെ എക്ലോഗുകളിൽ പുലർത്തിയ ഇടയ സങ്കേതങ്ങളുടെ തുടർച്ചയായി കാണാവുന്നതാണ്. സ്ക്കൂളുകളും, കുട്ടികളും ബാപ്ടിസ്റ്റായുടെ ഈ എക്ലോഗുകളോട് ഏറെ താല്പര്യമുള്ളവരായി തീർന്നു. കാരണം പ്രതിപാദന വിഷയങ്ങളുടെ ആകർഷകത്വവും ഭാഷയുടെ ലാളിത്യവുമായിരുന്നു. പതിനാറു പതിനേഴ് നൂറ്റാണ്ടുകളിൽ ബാപ്ടിസ്റ്റായുടെ എക്ലോഗുകൾ ഇംഗ്ലീഷ് സാഹിത്യത്തിൽ സ്ക്കൂളുകളുടെ സ്വാധീനം കാരണം വളരെയധികം പ്രചാരത്തിലായി. എക്ലോഗുകളുടെ ഈ സമാഹരണത്തിന് ഇംഗ്ലീഷിലേക്ക് രണ്ട് മൊഴിമാറ്റങ്ങൾ പിന്നീട് 1567 ൽ ഉണ്ടായി. ജോർജ്ജ് ടൂബർകുലെ എന്ന എഴുത്തുകാരനും (1656)തോമസ് ഹാർവേ എന്ന എഴുത്തുകാരനുമാണ് അത് നിർവഹിച്ചത്. ഒരു മാതൃക എന്ന നിലയിൽ മന്റുആനസിന്റെ അഡുലസെൻഷ്യാ adulascentia എന്ന എക്ലോഗ് എഡ്മണ്ട് എന്ന ഇംഗ്ലീഷ് സാഹിത്യകാരനെ ഏറെ സ്വാധീനിച്ചിട്ടുണ്ട്.



## ജാക്കോപ്പോ സനസാരോ
## JACOPO SANNAZARO

*Born : 28 July 1458, Naples, Italy*
*Died : 27 April 1530 Naples, Italy.*

ജാക്കപ്പോ സനസാരോ ഇറ്റലിയിൽ നേപ്പിൾസ് എന്ന സ്ഥലത്ത് ജൂലൈ 28, 1458 ൽ ജനിച്ചു. ഇദ്ദേഹം ഒരു ഇറ്റാലിയൻ കവിയും മാനവികതാവാദിയും epigrammist ഉം ആയിരുന്നു. ഇറ്റാലിയനും, ലത്തീനും, നെയപ്പോളിറ്റനും അനായാസം കൈകാര്യം ചെയ്യാൻ അദ്ദേഹത്തിന് അറിയാമായിരുന്നു ജാക്കോപ്പോയെ അനുസ്മരിക്കുക മാനവികതാ സങ്കല്പത്തിലെ ക്ലാസിക്കായ അർക്കാഡിയായുടെ (Aircadia) രചനയിലാണ്. അർക്കാഡിയ എന്ന സാഹിത്യഗ്രന്ഥം രാഷ്ട്രീയ ഗദ്യ സാഹിത്യത്തിന്റെ സാധ്യതകളെ വിവരിക്കുന്നതാണ്. ഇഡിലിക്കിന്റെ നാടായ യൂറോപ്പിൽ അർക്കാഡിയ എന്ന സാഹിത്യ കൃതിക്കുള്ള സ്വാധീനം കണ്ണഞ്ചിപ്പിക്കുന്നതാണ്. ഫിലിപ്പ് ഡിസ്നിയുടെ അർക്കാഡിയ എന്ന പതിനാറാം നൂറ്റാണ്ടിലെ കൃതി, ജാക്കോപ്പയുടെ അർക്കാഡിയായുടെ എഴുത്തു ശൈലിയെ അനുകരിച്ചുകൊണ്ടുള്ളതാണ്. ജാക്കോപ്പായുടെ ജനനം നേപ്പിൾസിലെ ലൊമലീന (Lomellina) എന്ന ഉന്നതകുല കുടുംബത്തിലായിരുന്നു. അദ്ദേഹത്തിന്റെ കുട്ടിക്കാലത്തു തന്നെ പിതാവ് ഇഹലോകവാസം (1462) വെടിഞ്ഞു.




പിതാവിന്റെ മരണശേഷം മാനവികതാവാദിയും പൊണ്ടെമിയൻ അർക്കാഡിയ തലവനുമായ പ്രിയേട്രേമോണ്ടയെ (Pietrosummonte) പിൻചെല്ലുകയാണുണ്ടായത്. 'അർക്കാഡിയ' എന്ന തന്റെ രചന ഔദ്യോഗികമായി അച്ചടിച്ച് പ്രചാരത്തിലാകുന്നതിനു മുമ്പ് അതിന്റെ കയ്യെഴുത്തു പ്രതി വായനക്കാരിൽ എത്തിയിരുന്നു. ജാക്കോപ്പയുടെ അർക്കാഡിയ തികച്ചും ഒരു പ്രേമനൈരാശ്യത്തിന്റെ കാവ്യമാണ്. പ്രേമനൈരാശ്യത്തിന്റെ ചുഴിയിൽപ്പെട്ട സിൻസ്റോ, ജാക്കോപ്പാസൻസരോയെ പ്രതിബിംബിപ്പിക്കുന്നു. ഇതിലെ കഥാപാത്രം പട്ടണത്തിൽ നിന്നെല്ലാം പിൻവലിഞ്ഞ് തനി ഗ്രാമാന്തരീക്ഷത്തിൽ ഇടയനായി ജീവിക്കുന്നതാണ് അർക്കാഡിയായുടെ ഇതിവൃത്തം, ഈ ഇതിവൃത്തത്തിന് തിയോക്രിറ്റസിന്റെ ഇഡിൽസിലെ ഇതിവൃ


ത്തവുമായി ഏതാണ്ട് സാമ്യമുണ്ട്. നവോത്ഥാന യൂറോപ്പിലെ ഇടയ ചുറ്റുപാടുകളെ സംബന്ധിക്കുന്ന ആദ്യ എഴുത്തായിരിക്കും 'ആർക്കാഡിയ' ജാക്കോപ്പയുടെ ഭൗതിക ശരീരം നേപ്പിൾസിലെ ഒലിവേറ്റൻസ് എന്ന ദേവാലയത്തിൽ അന്ത്യവിശ്രമം കൊള്ളുന്നു.




## അലക്സാണ്ടർ ബാർകലെ
## ALEXANDER BARCLAY

*Born : 1476*
*Died : 10 June 1552, Croydon Airport, London City*






അലക്സാണ്ടർ ബാർകലെ (1476 ജൂൺ, 1552) ഇംഗ്ലീഷ് കവിയാണ്. അദ്ദേഹത്തിന്റെ ജനനസ്ഥലത്തെക്കുറിച്ച് എഴുത്തുകാരുടെ ഇടയിൽ അഭിപ്രായ വ്യത്യാസങ്ങളുണ്ട്. ബാർകലെയുടെ കുട്ടിക്കാലം ക്രോയിഡോണിലാണ് ചിലവഴിച്ചിരുന്നത്. അദ്ദേഹത്തിന്റെ വിദ്യാഭ്യാസം ഓക്സ്ഫോർഡിലോ, കേംബ്രിഡ്ജിലോ ആയിരുന്നിരിക്കാം. "സാർ" എന്ന പദവി ഉപയോഗിക്കത്തക്കവണ്ണമുള്ള ഡിഗ്രി അദ്ദേഹം കരസ്ഥമാക്കിയിരുന്നു. അദ്ദേഹത്തിന്റെ വിൽപ്പത്രത്തിൽ ഡോക്ടർ ഓഫ് ഡിവിനിറ്റി എന്ന് ഉപയോഗിച്ചു കാണുന്നു. 1493 മുതൽ 1507 വരെ സെന്റ് മേരി ഡിവോൺ എന്ന കോളേജിൽ ചാപ്ലയിനായിട്ട് ജോലിനോക്കുകയുണ്ടായി. ഈ കാലഘട്ടത്തിൽ "ദി ഷിപ്പ് ഓഫ് ഫൂൾസ്" എന്ന സറ്റയറിക്കൽ കവിത അദ്ദേഹം രചിക്കുകയുണ്ടായി. ഈ കവിതയുടെ കുറച്ചൊരു ഭാഗം സെബാസ്റ്റ്യൻ ബാറന്റിൽ നിന്നുമുള്ള തർജ്ജിമ ആയിരിക്കാം എന്നു കരുതുന്നു. 1513 ൽ ബാർക്കലെ ഇല്ലിയിലുള്ള ബനഡിക്ടയിൻ ആശ്രമത്തിൽ അംഗമായി ചേരുകയുണ്ടായി.

"ദി ഷിപ്പ് ഓഫ് ഫൂൾസ്" എന്ന കവിത ഇംഗ്ലീഷ് സാഹിത്യത്തിൽ ഏറെ ശ്രദ്ധിക്കപ്പെടുന്നു, ഇംഗ്ലീഷ് ഭാഷയിലെ സറ്റയർ സാഹിത്യ ആരംഭം ദി ഷിപ്പ് ഓഫ് ഫൂൾസിലൂടെ ആയിരിക്കാം. ബാർക്കലെയുടെ മറ്റൊരു വിവർത്തനം 'മിറർ ഓഫ് ഗുഡ് മാനേഴ്സ്' എന്നതാണ്. ഇത് ഇറ്റാലിയൻ സാഹിത്യകാരനായ ഡെമിനിക്ക് മൻസേനിയുടേതാണ്. മറ്റൊരു ശ്രദ്ധേയമായ എഴുത്ത് അഞ്ച് എക്ലോഗുകളാണ്. അതിന്റെ അച്ചടി 1518 ൽ വയൻകിൻ (wynkyn) എന്ന പബ്ലിഷിങ്ങ് കമ്പനിയാണ് നിർവഹിച്ചത്. ബാർക്കലെ 1552 ജൂൺ പത്താം തീയതി മരണമടഞ്ഞു.



## ക്ലമന്റ് മാറോട്ട്
## CLEMENT MAROT


*Born : 23 നവംബർ 1496, Cahors, France*
*Died : 12 സെപ്റ്റംബർ 1544 Turin, Italy*
*Parents : Jean Marot*
*Books : Les Oeuvres de Clement Marot, Lesepitres*




മാറോട്ട് ഫ്രാൻസിൽ ക്ലമന്റ് ക്വറി പ്രോവിൻസിന്റെ തലസ്ഥാനനഗരമായ കഹോഴ്സിലാണ് ജനിച്ചത്. അദ്ദേഹത്തിന്റെ പിതാവ് ജീൻ മാറോട്ട് കെയിൻ, പ്രദേശത്തെ നോമാനിൽ നിന്നുള്ള കവി ആയിരുന്നു. ക്ലമന്റ് മാറോട്ടിന്റെ വിദ്യാഭ്യാസം പാരീസ് യൂണിവേഴ്സിറ്റിയിലായിരുന്നു.അദ്ദേഹത്തിന്റെ ആദ്യകാല കൃതിയായ സങ്കീർത്തനം (Psalms) 1541 ലാണ് പ്രസിദ്ധീകരിച്ചത്. 1544 ൽ അദ്ദേഹം ഇറ്റലിയിലുള്ള ടൂറിനിൽ മരണമടഞ്ഞു. അദ്ദേഹത്തെ ടൂറിനിലുള്ള കത്തീഡ്രൽ ദേവാലയത്തിൽ, ഫ്രാൻസിന്റെ ചിലവിൽ റോമിലെ


ഫ്രാൻസ് വിദേശ പ്രതിനിധിയുടെ സാന്നിദ്ധ്യത്തിൽ അടക്കം ചെയ്തു. 1533-1544 കാലഘട്ടത്തിൽ രചിച്ച അദ്യകാല എഴുത്തുകളുടെ പതിപ്പുകൾ ലിയോണിൽ അച്ചടിക്കുകയുണ്ടായി അതിൽ എക്ലോഗുകളും ഉൾപ്പെടുന്നു.

















## ഗാർസിലാസോ ഡെലവേഗ
## GARCILASO DE LA VEGA

*ജനനം* : *1501, Toledo, Spain*
*മരണം* : *14 October 1536, Nice France*




ഗാർസിലാസോ ഡെ-ല-വേഗ (1501 ഒക്ടോബർ 1536) സ്പെയിനിലെ ഒരു പട്ടാളക്കാരനും കവിയുമായിരുന്നു. ഇദ്ദേഹം ഇറ്റാലിയൻ നവോത്ഥാനതരംഗം സ്പെയിനിൽ എത്തിച്ച വ്യക്തിയാണ്. എക്ലോഗുകൾ ഗാർസിലാസോയുടെ രചനയിലെ ഏറ്റവും പ്രത്യേകതയാർന്നതായിരുന്നു. അദ്ദേഹത്തിന്റെ രചനാവിലാസം ജീവിതകാലം മുഴുവനും, പിന്നീടും നീണ്ടു നിൽക്കുന്നതായിരുന്നു. ഗാർസിലാസോയുടെ കവിതകൾ മരണശേഷം ജുവാൻ ബോസ്ക്കൻ 1543 ൽ പബ്ലിഷ് ചെയ്യുകയുണ്ടായി.




ഗാർസിലാസോ സ്പെയിനിൽ കെജേറോ എന്ന നഗരത്തിൽ 1493 നും 1503 നുമിടയ്ക്ക് ജനിച്ചു. ചെറുപ്രായത്തിൽ തന്നെ വിവരണാതീതമായിട്ടുള്ള നല്ല വിദ്യാഭ്യാസം അദ്ദേഹത്തിനു ലഭിച്ചു. അഞ്ചുഭാഷകളിലുള്ള പ്രാവീണ്യം അദ്ദേഹം കരസ്ഥമാക്കിയതുകൂടാതെ, സിത്താർ, ഫ്ളൂട്ട്, ഹാർപ്പ് എന്നീ വാദ്യോപകരണങ്ങൾ അനായാസം കൈകാര്യം ചെയ്യാനുള്ള പ്രാവീണ്യവും നേടി. സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം റോയൽ ഗാർഡിൽ ചേരാം എന്ന പ്രതീക്ഷയോടു കൂടി പട്ടാളത്തിൽ അംഗമായി. ഗാർസിലാസോയുടെ പട്ടാള സേവനകാലഘട്ടത്തിൽ, ചാൾസ് അഞ്ചാമൻ രാജാവ് യൂറോപ്പിൽ ആകമാനം നടത്തിയ പല പട്ടാള നീക്കങ്ങളിലും പങ്കെടുത്തു. മെഡിറ്ററേനിയൻ കടലിന്റെ നിയന്ത്രണം കൈവശപ്പെടുത്തുവാനുള്ള

ചാൾസ് രാജാവിന്റെ ആഗ്രഹം സാധിക്കാതെ പോയി. ലെമൂയിൽ നടന്ന യുദ്ധത്തിൽ കാര്യമായ പരിക്കേറ്റ ഗാർസിലാസോ ഇരുപത്തിഅഞ്ചുദിവസത്തോളം രോഗശയ്യയിൽ കിടന്നതിനുശേഷം 1536 ഒക്ടോബർ 14-ാം തീയതി മരിച്ചു. ഫ്രാൻസിൽ നൈസിലുള്ള സെന്റ് ഡൊമിനിക് ദേവാലയത്തിൽ ആനാർഭാടമായി അദ്ദേഹത്തെ അടക്കം ചെയ്തെങ്കിലും ഭൗതികാവശിഷ്ടം പിന്നീട് സ്പെയിനിൽ ടൊലെഡോയിലെ സെന്റ് പേട്രോമാർട്ടയർ ദേവാലയത്തിലേക്ക് മാറ്റപ്പെട്ടു. നെയാപ്പോലിറ്റൻ ക്ലാസിക്കൽ കാലഘട്ടത്തിൽ ഗാർസിലാസോ കൂടുതൽ ക്ലാസിക്കൽ കവിതകൾ രചിക്കുകയുണ്ടായി. അതിൽ എക്ലോഗ്സും, ലെറ്റേഴ്സും, ഓഡ്സും ഉൾപ്പെടുന്നു. ഇതിൽ മൂന്ന് എക്ലോഗുകൾ പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ടതാണ്.




## പിയറെ ഡേ റോൺസാർഡ്
**PIERRE DE RONSARD**




*ജനനം : 27 സെപ്തംബർ 1524*
*Couture – sur – Loir*
*France*
*മരണം : 27 ഡിസംബർ 1585*
*La Riche, France Literary*
*movement : La Pleiade*
*Education : College of Navarre*
*Parents : Jeanne de Chaudrier, Louis de Ronsard*



പിയറെഡേ റോൺസാർഡ് ഒരു ഫ്രഞ്ച് കവിയാണ്. അദ്ദേഹത്തിന്റെ കാലഘട്ടത്തിൽ ഫ്രാൻസിലെ ജനങ്ങൾ 'പ്രിൻസ് ഓഫ് പോയറ്റ്' എന്നാണ് അദ്ദേഹത്തെ വിളിച്ചിരുന്നത്. കൊയർ - എത്ത് - ചേർ (Ckoir-et-cher) എന്ന ഗ്രാമത്തിലാണ് ജനിച്ചത്.

റോൺസാർഡിന്റെ പിതാവ് ലൂയിസ് - ഡേ റൊൻ സാർഡും മാതാവ് ജെനേഡേ - ചൗഡ്റയിവും ആയിരുന്നു. ഭാവിയിൽ കവി ആകേണ്ട കഥാപുരുഷൻ ബാല്യകാല വിദ്യാഭ്യാസം വീട്ടിലാണ് ആരംഭിച്ചത്. ഒമ്പതാമത്തെ വയസിൽ വിദ്യാഭ്യാസത്തിനായി പാരീസിലുള്ള ഡേ. നവാറേ (De Navare) എന്ന കോളേജിലേക്ക് അയയ്ക്കപ്പെട്ടു. അവിടെ ഏഴു വർഷം പഠിച്ചു. അദ്ദേഹത്തിന് ലഭിച്ച ജനസമ്മതിയും അംഗീകാരവും അസാധാരണവും, അസൂയാവഹവും, ആരെയും അതിശയിപ്പിക്കുന്നതുമായിരുന്നു.

തുടർച്ചയായി ബാധിച്ച അനാരോഗ്യം അവസാനം അദ്ദേഹത്തെ ആകെ തളർത്തി. 1585 ന്റെ അവസാനം ആരോഗ്യനില ആകെ വഷളായി. 1585 ഡിസംബർ 27-ാം തീയതി അദ്ദേഹം മരിക്കുകയും ലാ-റിച്ചേയിലുള്ള ദേവാലയത്തിൽ അടക്കം ചെയ്യപ്പെടുകയും ചെയ്തു. എപ്പിസെൽസ്, എക്ലോഗ് എന്നീ കവിതകൾ ഏറെ വിസ്താരത്തിൽ ഉള്ളവയായിരുന്നുവെങ്കിലും അതിന്റെ ആമുഖം സാഹിത്യഭംഗിയുള്ള വാക്കുകളാൽ ആകർഷകമായിരുന്നു, കവിതയെക്കാൾ ഘന ഗംഭീരവുമായിരുന്നു. 'ലസ് ബുക്കോലിക്സ്' (Les Bucoliques) എന്ന പേരിൽ എക്ലോഗുകളുടെ ഒരു പരമ്പരതന്നെ അദ്ദേഹം രചിക്കുകയുണ്ടായി.





# എഡ്മെണ്ട് സ്പൻസർ
## EDMUND SPENSER





ജനനം : *1552. London*
*United Kingdom*
മരണം : *13 January 1599*
*London, United Kingdom*
*Poems* : *The Faerie Queene, Epithalamion*
*Colin Clouts Come Home Againe*
*Prothalamion, Mother Hubberd's Tale*
*Spouse* : *Elizabeth Boyle (m. 1594 – 1599), Machabyas Childe (m. 1579 – 1594)*

എഡ്മെണ്ട് സ്പൻസർ ഒരു ഇംഗ്ലീഷ് കവിയാണ്, അദ്ദേഹം 'ഫെയറേക്വൂനേ' (Faerie Queene) എന്ന ഇതിഹാസകാവ്യ രചയിതാവ് എന്ന പേരിലാണ് അറിയപ്പെടുക. എലിസബത്തൻ കാലഘട്ടത്തിൽ ജീവിച്ച സ്പൻസർ ആധുനിക ഇംഗ്ലീഷ് ഗദ്യ സാഹിത്യത്തിന്റെ സമാരംഭകരിൽ പെടുന്നു. ഇംഗ്ലീഷ് സാഹിത്യത്തിൽ ഏറ്റവും വലിയ കവി ആയിട്ടാണ് സ്പൻസർ അറിയപ്പെടുക. ലണ്ടനിലെ കിഴക്കൻ സ്മിത്ഫീൽഡിലാണ് സ്പൻസർ ജനിച്ചത്. ബാല്യകാല വിദ്യാഭ്യാസം ലണ്ടനിലായിരുന്നു.




1590 ൽ സ്പൻസറിന്റെ ഏറ്റവും പ്രസിദ്ധമായ "ഫയറേക്വൂനേ" (Faerie Queene) എന്ന ഇതിഹാസ കാവ്യത്തിന്റെ മൂന്നു പുസ്തകങ്ങൾ അച്ചടിക്കുകയുണ്ടായി. എഡ്മെണ്ട് സ്പൻസറുടെ ആദ്യകാല രചനയായ "ഷെപേഡ്സ് കലണ്ടർ" 1579 ൽ പ്രസിദ്ധീകരിച്ചു. ഈ കൃതിക്ക് വിർജിലിന്റെ എക്ലോഗുമായും നവോത്ഥാന എഴുത്തുകാരനായ ബാപ്പ്ടിസ്റ്റ് മന്റുവാനസിന്റെ എക്ലോഗുമായും ഏറെ ബന്ധമുണ്ട്. എക്ലോഗ് ആത്മഗത, സംഭാഷണ രൂപത്തിലുള്ള ഇടയകാവ്യങ്ങളായിട്ടാണ് അവതരിപ്പിക്കുന്നത്. ആണ്ടുവട്ടത്തിലെ ഓരോ മാസത്തിനും അനുയോജ്യമായ തരത്തിലുള്ള ഇടയകാവ്യങ്ങൾ സ്പെൻസർ രചിച്ചിട്ടുണ്ട്. 1598 ലെ ഒമ്പതുവർഷം നീണ്ടുനിന്ന യുദ്ധത്തിൽ അയിറിഷ് പട്ടാളം സ്പെൻസറിനെ തന്റെ ഭവനത്തിൽ നിന്ന് പുറത്താക്കി. ഭവനത്തിൽനിന്ന് പുറത്താക്കപ്പെട്ട സ്പെൻസർ 46-ാമത്തെ വയസ്സിൽ ലണ്ടനിലേക്ക് പോവുകയും അവിടെവച്ച് മരണമടയുകയും ചെയ്തു.









## സിമോൺ സിമോനോവിക്ക്


**SZYMON SZYMONOWIC POLISH POET**


*Born : 27 ഒക്ടോബർ 1524*
*Lviv, Ukraine*
*Died : 27 മെയ് 1585*
*Lublin Voivodeship, Poland*







സിമോൺ സീമോനോവിക്ക് പോളിഷ് നവോത്ഥാന കാലഘട്ടത്തിലെ കവിയാണ്. അദ്ദേഹം 'പോളിഷ് പിൻഡർ' *(Polish Pinder)* എന്ന ചെല്ലപ്പേരിലാണ് അറിയപ്പെടുക. പിഡസർ പുരാതന ഗ്രീക്ക് കവിയാണ്. തേബസിൽ നിന്നുള്ള വ്യക്തിയാണ്. അദ്ദേഹത്തിന്റെ കൃതികളെല്ലാം തന്നെ സംരക്ഷിക്കപ്പെട്ടിട്ടുണ്ട്. തിമോത്തി സിമോണിക്ക് പോളണ്ടിലുള്ള കരാക്കോവിൽ വിദ്യാർത്ഥി ആയിരുന്നിട്ടുണ്ട്. പിന്നീട് ഫ്രാൻസിലും ബൽജിയത്തും പഠിച്ചിട്ടുണ്ട്. 1586 ൽ സിമോൺ സിമോനോവിക്ക് ഗ്രാൺസ് ഹെത്മാനും, റോയൽ ചാൻസലറുമായി സഹകരിച്ച് പ്രവർത്തിച്ചിട്ടുണ്ട്. ജാൻ സമോയിസ്ക്കിയുമായി (Jan Zamoyski) 1593-1605 കാലഘട്ടത്തിൽ സമോജ്സ്ക്കി എന്ന അകാഡമി രൂപീകരിച്ച് അതിൽ പ്രവർത്തിക്കുകയുണ്ടായി. സിമോൺ സിമോനോവിക്ക് മാനവികതാവാദത്തിന്റെ പ്രയോക്താവായിരുന്നു. കൂടാതെ ഗ്രീക്കും ലാറ്റിനും ആയത്ന ലളിതമായി ഉപയോഗിച്ചിരുന്നു. പോളിഷ് ഭാഷയിൽ സീലാൻകി (Sielanki, Pastorals 1614) ഇടയഗാനരൂപത്തിൽ രചിക്കുകയുണ്ടായി. ഇതിൽ വിർജിലിന്റെയും തെയോക്രിറ്റസിന്റെയും ഇടയകവിതകളുടെ സ്വരഗീതം ഏറെ കാണുവാൻ കഴിയും. ലാറ്റിൻ ഭാഷയിൽ (1587) കാസ്റ്റസ് ജോസഫ് (Castus Joseph, പെന്റേസിലിയേ (Pentesiliea) പോലെയുള്ള നാടകങ്ങൾ രചിച്ചിട്ടുണ്ട്. സിമോനോവിക്ക് പോളിഷ് നവോത്ഥാന കാലഘട്ടത്തിലെ ഏറ്റവും അവസാനത്തെ മഹാകവിയായിരുന്നു.




## ജോസഫ് ബർത്തലോമജ് സിമറോവിക്ക്


**JOZEF BARTLOMIEJ ZIMOROWIC**

*ജനനം : 20 ആഗസ്റ്റ് 1597, Lviv, Ukriaine*
*മരണം : 14 ഒക്ടോബർ 1677, Lviv, Ukriane*




ജോസഫ് ബർത്തലോമജ് സിമറോവിക്ക് (ആഗസ്റ്റ് 20, 1597 - ഒക്ടോബർ 14 1677) ഒരു പോളിഷ് കവിയാണ്. ബാർ (Barque era) കാലഘട്ടത്തിലെ ഏറ്റവും പ്രശസ്തമായ പാസ്റ്ററൽ (Pastorals) കവിതയായ സീലൻകി (Seelanki). ആദ്യം പബ്ലിഷ് ചെയ്തത് പോളണ്ടിൽ 'കാരകോവി' (Karkow) ലായിരുന്നു.




ബർത്തലോമജിന്റെ ജനനം അർമേനിയൻ കുടുംബത്തിലായിരുന്നു. അദ്ദേഹത്തിന്റെ പിതാവ് സ്റ്റനിസ്ലോ ഒസിമെക്ക് (Stanislaw Ozimek) എന്ന കല്പ്പണിക്കാരനായിരുന്നു .ആദ്യകാല വിദ്യാഭ്യാസം പട്ടണത്തിലുള്ള കത്തീഡ്രൽസ് സ്കൂളിലായിരുന്നു. സിമറോവിക്കിന്റെ ഏറ്റവും നല്ല കൃതിയായ സീലങ്കി കർതൃത്വം 1629 ൽ മരിച്ച തന്റെ സഹോദരനായ സിമോണി (Szymon) ന്റെ പേരിലായിരുന്നു. സിമോൺ 'റോക്ക് സോലൻങ്കി' എന്ന പേരിൽ ചില പാസ്റ്ററൽ കവിതകൾ 1654 കാലഘട്ടത്തിൽ രചിക്കുകയുണ്ടായി. സിമറോവിക്ക് തന്റെ ഗുരുവായ സിമോൺ സിമണോവിക്കിന്റെ ആദ്യകാല പാസ്റ്ററൽ കൃതിയായി (1614) സിലൻങ്കിയെ അംഗീകരിക്കുന്നുണ്ട്. എന്നാൽ ബർത്തലോമജ് സിമനോവിക്കിന്റെ പാസ്റ്ററൽ കവിതകൾ ഏറെ ശ്രദ്ധിക്കപ്പെടുന്നത് റുത്തനേനിയൻ ഗ്രാമ്യശൈലിയിൽ എഴുതപ്പെട്ടതുകൊണ്ടായിരുന്നു.



## അംബ്രറോസ് ഫിലിപ്സ്
## AMBROSE PHILIPS


*ജനനം : 9 October 1674, Shropshire, United Kingdom*


*മരണം : 18 Jun 1749 London United Kingdom*

*Education : St. John's College Cambridge*




അംബ്രറോസ് ഫിലിപ്പ്സ് ബ്രിട്ടണിലെ ക്ഷോപ് ക്ഷയറിലാണ് ജനിച്ചത്. അദ്ദേഹത്തിന്റെ വിദ്യാഭ്യാസം ഷ്റൂസ്ബവസ്കൂളിലും സെന്റ് ജോൺസ് കോളേജിലുമായിരുന്നു. പിന്നീട് കേംബ്രിഡ്ജിൽ 1699 ൽ അദ്ദേഹം ഒരു ഫെലോ (fellow) ആയിതീർന്നു. ഈ കാലഘട്ടത്തിലാണ് ഇടയകാവ്യങ്ങൾ അദ്ദേഹം രചിച്ചത്. ടോൺസന്റെ മിസലേനിയസ് (Miscellanies) (1709) ആറാം വാല്യത്തിലാണ് ഇത് പബ്ലിഷ് ചെയ്തത്. അതോടുകൂടി ജേക്കബ് ടോൺസൻ എന്ന പുസ്തക വിതരണക്കാരനുവേണ്ടി ഗ്രന്ഥങ്ങളും കവിതകളും അദ്ദേഹം എഴുതാൻ തുടങ്ങി. ടോൺസന്റെ മിൻയേനിയസ് എന്ന ഗ്രന്ഥസമാഹാരങ്ങളിൽ അലക്സാണ്ടർ പോപ്പിന്റെ ഇടയ കാവ്യങ്ങളും പ്രത്യക്ഷപ്പെട്ടു തുടങ്ങിയത് ഈ കാലഘട്ടത്തിലാണ്. ദി ഗാർഡിയൻ എന്ന മാദ്ധ്യമത്തിൽ എഡ്മൻഡ് സ്പെൻസറിന്റെ അടുത്ത അനുയായി ആയി ഇംഗ്ലീഷ് സാഹിത്യത്തിന് കരുതാൻ പറ്റിയ വ്യക്തി അബ്രറോസ് ഫിലിപ്പ്സല്ലാതെ മറ്റാരും ഇല്ല എന്ന റിപ്പോർട്ടുകൾ വന്നു തുടങ്ങി. 'ദി സ്പേക്ടേറ്റർ അഡിസൺ എന്ന മാധ്യമത്തിൽ ഫിലിപ്സിനെ പുകഴ്ത്തിക്കൊണ്ട് ഇങ്ങനെ എഴുതി. അദ്ദേഹത്തിന്റെ ഇംഗ്ലീഷ് എക്ലോഗുകൾ ഇംഗ്ലീഷിലെ ക്ലാസിക്കുകളായ പുരാണ കഥകളെ വെല്ലുന്ന തരത്തിലുള്ളവയായിരുന്നു. ഹെൻറിക്കാരി (Henrycary) എന്ന എഴുത്തുകാരൻ 1725 കാലഘട്ടത്തിൽ പുറത്തിറക്കിയ ഒരു കവിതയുടെ ചുവടുപിടിച്ച് ഫിലിപ്സിനെ നംബി-പംഞ്ചി എന്ന ചെല്ലപേര് അഭിമാനപുരസ്സരം ചാർത്താനും മറന്നില്ല. ഫിലിപ്സ് 1749 ജൂൺ 18 ന് ലണ്ടനിൽ മരണമടഞ്ഞു.









# അലക്സാണ്ടർ പോപ്പ്
## ALEXANDER POPE

*ജനനം : 21 May 1688, London United Kingdom*

*മരണം : 30. May 1744, Pope's villa*




**അ**ലക്സാണ്ടർ പോപ്പ് പതിനെട്ടാം നൂറ്റാണ്ടിലെ ഇംഗ്ലീഷ് കവിയാണ്. അദ്ദേഹം ഒരു ആക്ഷേപഹാസ്യ Satirical എഴുത്തുകാരനായിട്ടാണ് അറിയപ്പെടുക. വിമർശന ലേഖനങ്ങൾ ഏറെ പ്രസിദ്ധമാണ്. 'ദി റയിപ്പ് ഓഫ് ദ ലോക്ക്" "ദി ഡുൻസിയാഡ്' (Dunciad) എന്നീ കൃതികളും ഹോമറിന്റെ കൃതികളുടെ തർജ്ജിമകളും ഏറെ പ്രശസ്തമാണ്. ഓക്സ്ഫോർഡ് ഡിക്ഷനറിയിൽ ഷേക്സ്പിയർ കഴിഞ്ഞാൽ ഏറ്റവും അധികം ഉദ്ധരിക്കപ്പെടുന്ന (quoted) വ്യക്തി അലക്സാണ്ടർ പോപ്പുതന്നെ. അലക്സാണ്ടർ പോപ്പിന്റെ ജനനം ലണ്ടനിൽ, ലൊബാർഡ് സ്ട്രീറ്റിലുള്ള ഭവനത്തിലായിരുന്നു. അദ്ദേഹത്തിന്റെ പിതാവ് പോപ്പ് സീനിയറും (1646-1717) മാതാവ് ഈഡിത്തും കത്തോലിക്ക മതാനുയായികളായിരുന്നു. പോപ്പിന്റെ ആദ്യകാല വിദ്യാഭ്യാസം ആന്റിയാണ് നിർവ്വഹിച്ചത്. പിന്നീട് ടിവിഫോർഡ് (Twyford) സ്ക്കൂളിൽ (1698/99) ൽ ചേർന്നു. പന്ത്രണ്ടു വയസു തുടങ്ങി പോപ്പ് പലവിധ അനാരോഗ്യപ്രശ്നങ്ങൾ കൊണ്ട് കഷ്ടപ്പെടുകയുണ്ടായി. നട്ടെല്ലിനെ ബാധിക്കുന്ന ഒരു തരം ട്യൂബർക്കുലോസിസായിരുന്നു അതിൽ പ്രധാനം.

മേയ് 1709 ൽ പോപ്പിന്റെ 'പാസ്റ്ററൽസ്' (Pastorals) ടോൻസന്റെ കവിതകളുടെ 6-ാം വാല്യത്തിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. ഇത് പോപ്പ് എന്ന എഴുത്തുകാരനെ പ്രസിദ്ധനാക്കുകയും പിന്നീട് മേയ് 1711 ൽ പ്രസിദ്ധീകരിച്ച വിമർശന ലേഖനം ആളുകളുടെ സ്വീകാര്യത വർദ്ധിപ്പിക്കുകയും ഉണ്ടായി. 1712 ൽ പ്രസിദ്ധീകരിച്ച 'റയിപ്പ് ഓഫ് ദ ലോക്ക്' എന്ന ഏറ്റവും പ്രസിദ്ധമായ കവിതയുടെ രണ്ടാം പതിപ്പ് 1714 ൽ നിർവഹിക്കപ്പെട്ടു. "ഡുൻസിയാഡ്' (Dunciad) എന്ന കവിത ഡബ്ളിനിൽ പേരുവയ്ക്കാതെ പ്രസിദ്ധീകരിച്ചു. അലക്സാണ്ടർ പോപ്പ് നാല് എക്‌ലോഗുകളുടെ ഒരു പരമ്പര വീർജിലിനെ (1709) അനുകരിച്ചുകൊണ്ട് ആണ്ടുവട്ടത്തിലെ ഋതുവിത്യാസങ്ങൾക്കനുസരിച്ച് നിർവഹിക്കുകയുണ്ടായി. അലക്സാണ്ടർ പോപ്പ് 1744 മെയ് 30-ാം തീയതി മരണമടഞ്ഞു.










# തോമസ് ചാറ്റേർട്ടൻ
## THOMAS CHATTERTON

ജനനം : *20 November 1752*
*Bristol, United Kingdom*

മരണം : *24 August 1770. Holborn*





**തോ**മസ് ചറ്റേർട്ടൺ അനുഗൃഹീതനായ ഇംഗ്ലീഷ് കവിയായിരുന്നു. പതിനേഴാമത്തെ വയസിൽ ആത്മഹത്യയിലൂടെ തന്റെ ജീവിതത്തിന് അദ്ദേഹം തന്നെ അന്ത്യംകുറിച്ചു. ഇംഗ്ലീഷ് സാഹിത്യ രംഗത്ത് ഈ ദാരുണ സംഭവം ഒരു കറുത്ത പുള്ളിയായി ഇന്നും അവശേഷിക്കുന്നു.




പിതാവിന്റെ അഭാവത്തിൽ ചെറുപ്പത്തിലെ അധികഠിനമായ ദാരിദ്ര്യത്തിലാണ് വളർന്നത് എങ്കിലും പഠനത്തിൽ തോമസ് ചറ്റേർട്ടൺ അതിസമർത്ഥനായിരുന്നു. ഇദ്ദേഹത്തിന്റെ ജനനം ബ്രിസ്റ്റോളി (Bristol) ലായിരുന്നു. തോമസ് ചറ്റേർട്ടന്റെ പിതാവിന്റെ പേരും അങ്ങനെ തന്നെ ആയിരുന്നു. അദ്ദേഹവും നല്ലൊരു കവിയും (Musician) കമ്പോസിറ്ററുമായിരുന്നു. ചറ്റേർട്ടൺ അലക്സാണ്ടർ പോപ്പിന്റെയും, തോമസ് ഗ്രേയുടെയും വില്യം കോളിൻസിന്റെയും നാമധേയത്തിൽ എഴുതിയിരുന്നു. രാഷ്ട്രീയ ലേഖനങ്ങളും, എക്ലോഗുകളും, കവിതകളും ഓപ്പരാസും, സറ്റയേഴ്സും, ഗദ്യകവിതകളും അദ്ദേഹത്തിന് വഴങ്ങുമായിരുന്നു. 1170 ആഗസ്റ്റ് 24-ാം തീയതി തന്റെ സകല എഴുത്തിൽ നിന്നും, തനിക്ക് പരിചിതമായ പുസ്തകങ്ങളുടെ തെരുവിൽ നിന്ന് കരുതിയ വിഷദ്രാവകവുമായി മുറിയിലെത്തി. അന്നുവരെ എഴുതിയതെല്ലാം പറിച്ചു കീറിയതിനുശേഷം പതിനേഴുവയസും ഒമ്പതുമാസവും പ്രായമുള്ളപ്പോൾ ജീവിതം അവസാനിപ്പിച്ചു. ചാറ്റേർട്ടന്റെ അവശേഷിക്കുന്ന സാഹിത്യകൃതികളുടെ കയ്യെഴുത്തു പ്രതികൾ ബ്രിസ്റ്റോളിലെ വില്യം ബാററിന്റെ (William Barrett) കൈവശമായിരുന്നു. 1800 കളിൽ അത് അദ്ദേഹം ബ്രിട്ടീഷ് മ്യൂസിയത്തിൽ ഏല്പിക്കുകയും ബാക്കിയുള്ളവ ബ്രിസ്റ്റോളിൽ സംരക്ഷിക്കുകയും ചെയ്തു. ചറ്റേർട്ടന്റെ എക്ലോഗുകൾ വർത്തമാനകാല സാഹിത്യകാരന്മാർ പ്രത്യേകിച്ച് മരിയൻ ബഡ്‌ലറെ (Mariyn Butler) പോലെയുള്ളവർ ഏറെ പ്രകീർത്തിച്ചിട്ടുണ്ട്.











# പിയേഴ്സി ബയ്ഷി ഷെല്ലി
## PERCY BYSSHE SHELLEY

*ജനനം* : *4 ആഗസ്റ്റ് 1792*
*Horsham*
*United Kingdom*

*മരണം* : *8 ജൂലൈ 1872*
*Lyric, Italy*




പിയേഴ്സി ബയ്ഷിഷെല്ലി ഇംഗ്ലീഷിലെ റൊമാന്റിക്ക്, കവികളിൽ ഏറ്റം മുന്നിട്ടു നില്ക്കുന്ന വ്യക്തിയാണ്. അദ്ദേഹത്തിന്റെ എഴുത്തുകളിൽ താത്വിക ദർശനം ഏറെ ഉള്ളതുകൊണ്ട് ഏറെ ശ്രദ്ധിക്കപ്പെടുന്നു. ഇംഗ്ലീഷ് സാഹിത്യലോകത്ത് ഏറെ അറിയപ്പെടുന്ന വ്യക്തികൂടിയാണ് ഷെല്ലി. കവിതയിലും, രാഷ്ട്രീയത്തിലും സാമൂഹ്യ വീക്ഷണങ്ങളിലുമുള്ള നയ രൂപീകരണങ്ങളിൽ വെള്ളം ചേർക്കാൻ അദ്ദേഹം താല്പര്യപ്പെട്ടിരുന്നില്ല. ഷെല്ലി ജീവിച്ചിരുന്ന കാലത്ത് വേണ്ടത്ര അംഗീകാരവും പ്രശസ്തിയും അദ്ദേഹത്തിന് ലഭിച്ചിരുന്നില്ല. കാവ്യരംഗത്തുള്ള അദ്ദേഹത്തിന്റെ മികവ് ലോകം അറിഞ്ഞു തുടങ്ങിയത് മരണശേഷമാണ്.

ഷെല്ലിയുടെ ജനനം ആഗസ്റ്റ് 4, 1792 ൽ ഇംഗ്ലണ്ടിനടുത്തുള്ള ഹൊർഷാമിലാണ്. 1804 ൽ ഈറ്റൺ കോളേജിൽ ചേരുകയും 1810 ഏപ്രിൽ 10 ന് ഓക്സ്ഫോർഡിൽ നിന്നും ഡിഗ്രി എടുക്കുകയും ചെയ്തു. 1822 ജൂലൈയിൽ തന്റെ മുപ്പതാം പിറന്നാളിന് ഒരു മാസം മുമ്പ് ലിവോർണാ (Livorno) യിൽ നിന്ന് ലെർലിക്കി (Lerlei) ലേക്ക് പായ്കപ്പലിൽ യാത്ര ചെയ്യുന്ന സമയത്ത് ഗൾഫ് ഓഫ് സ്പേസിയായിൽ (Gulf of Spezia) ആഞ്ഞടിച്ച കാറ്റിൽപെട്ട് അദ്ദേഹം സഞ്ചരിച്ചരുന്ന പായ്ക്കപ്പൽ മുങ്ങുകയും മരണപ്പെടുകയും ചെയ്തു. ഷെല്ലിക്കുവേണ്ടി ഒരു സ്മാരകം വെസ്റ്റ്മിനിസ്റ്റർ ആബിലയിലുള്ള അദ്ദേഹത്തിന്റെ പഴയകാല സുഹൃത്തുക്കളായ ലോർഡ് ബയറനോടും ജോൺ കിറ്റ്സിനോടും ഒപ്പം നിർമ്മിക്കപ്പെട്ടിരിക്കുന്നു.

"റോസാലിൻസ് ആന്റ് ഹെലൻ" എന്ന കവിതയിൽ കാവ്യ ഭാഷയുടെ ഏറ്റം ഉന്നതമായ ഭാവം പ്രകടമാക്കുന്നു കവി. ഈ കവിതയുടെ രചനയിൽ അദ്ദേഹം ഏതെല്ലാം മാനസിക വിക്ഷോഭങ്ങളിലൂടെ കടന്നു പോയിട്ടുണ്ടോ അതെല്ലാം അനുവാചകരിലും സൃഷ്ടിക്കപ്പെടുന്നു എന്നതാണ് പ്രത്യേകത. റോസലാൻഡ് ആന്റ് ഹെലൻ എന്നത് ആധുനിക്കമായ എക്ലോഗായിട്ടാണ് സാഹിത്യലോകം പരിഗണിക്കുന്നത്.













# സെന്റ് കുര്യാക്കോസ് ഏലിയാസ് ചാവറ

## SAINT KURIAKOSE ELIAS CHAVARA





*Born* : *10 February 1805, Kainakary*
*Died* : *3 January 1871, Koonammavu*
*Beatified* : *8 February 1986*
*Canonized* : *23 November 2014, Rome by Pope Francis*
*Parents* : *Mariam Thoppil, Iko Kuriakose Chavara*







**സെ**ന്റ് കുര്യാക്കോസ് ഏലിയാസ് ചാവറ ജനിച്ചത് (10 ഫെബ്രുവരി 1805) ആലപ്പുഴ ജില്ലയിൽ കുട്ടനാട് പ്രദേശത്ത് കൈനകരി എന്ന ഗ്രാമത്തിലാണ്. വേമ്പനാട്ട് കായലിന്റെ ഓരംപറ്റി കിടക്കുന്ന കൈനകരി എന്തുകൊണ്ടും പ്രകൃതി രമണീയമാണ്. നെല്ലറയുടെ നാടായ ഈ പ്രദേശത്തെ ഇറ്റലിയിലെ വെനീസായി ചിത്രീകരിക്കാറുണ്ട്. താളമേളങ്ങളുടെ ഇടമായ കുട്ടനാട്ടിൽ, കൈനകരി ചാവറ കുര്യാക്കോസിന്റെയും മറിയത്തിന്റെയും മകനായി കുര്യാക്കോസ് ഭൂജാതനായി. ആറു മക്കളിൽ ഇളയവനായിരുന്നു കുര്യാക്കോസ്. ചെറുപ്പത്തിലേ ഈശ്വര സേവയ്ക്കായി വിളിക്കപ്പെട്ട കൊച്ചുകുര്യാക്കോസ്, പാലയ്ക്കൽ തോമ്മാമല്പ്പാനെ ഗുരുവായി സ്വീകരിച്ച് പള്ളിപ്പുറം സെമിനാരിയിൽ പഠനം ആരംഭിച്ചു. 1829 ൽ 24–ാമത്തെ വയസ്സിൽ വൈദികപട്ടം സ്വീകരിച്ച് അഭിഷിക്തനായി. കർമ്മനിരതമായ ഒരു ജീവിതമായിരുന്നു അദ്ദേഹത്തിന്റേത്. ആത്മീയതയിലെന്നപോലെ സാഹിത്യ, കലാ, സാംസ്കാരിക രംഗത്തും അദ്ദേഹം അത്യുൽസാഹിയായിരുന്നു. എല്ലാം ഈശ്വരസാക്ഷാത്കാരം നേടുന്നതിനു വേണ്ടിയായിരുന്നു. അദ്ദേഹം നൂറ്റിയൊന്ന് സാഹിത്യസൃഷ്ടികൾ നടത്തി, അതിൽ എഴുപത്തഞ്ചെണ്ണം മലയാളത്തിലും, ഇരുപത്തിനാലെണ്ണം സിറിയക്കിലും (ആരാധനാക്രമവുമായി ബന്ധപ്പെട്ടത്) രണ്ടെണ്ണം ലാറ്റിനിലും ആറെണ്ണം തമിഴിലും (മലയാളം സ്ക്രിപ്റ്റ്) ആണ്. ചാവറയച്ചന്റെ കൃതികൾ അഞ്ച് ശൈലിയിൽ ഉള്ളവയാണ്, നാളാഗമങ്ങൾ, ചരിത്രം, ആദ്ധ്യാത്മികം, എഴുത്തുകൾ, ഭരണ സംബന്ധം എന്നിങ്ങനെ.



House of Saint Kuriakose Elias Chavara

വിശുദ്ധ ചാവറപ്പിതാവിന്റെ കൃതികളിൽ എക്ലോഗുകളും ഉൾപ്പെടുന്നു. ചാവറയച്ചന്റേതായി പത്തോളം എക്ലോഗുകൾ ഉണ്ടായിട്ടുണ്ട്. ഇതിൽ അഞ്ചെണ്ണം ചാവറയച്ചന്റെ തന്നെ കൈപ്പടയിൽ ഉള്ളവയാണെന്നും അഞ്ചെണ്ണം പകർത്തി എഴുത്ത് നടത്തിയിട്ടുള്ളതാണെന്നും പറയപ്പെടുന്നു. കേരള സാഹിത്യ അക്കാദമി പ്രകാശനം ചെയ്തത് അഞ്ച് ഇടയ



നാടകങ്ങളാണ്.

ശാസ്ത്രികളുടെ എക്ലോഗ്, അവിശ്വാസികളുടെ എക്ലോഗ്, കുഞ്ഞിപ്പൈതങ്ങളുടെ എക്ലോഗ് ഇടയന്മാരുടെ സല്ലാപം, വിശ്വാസവും ശരണവും ഉപവിയും തമ്മിലുള്ള സുഭാഷിതം എന്നിവയാണവ. അവസാത്തേത് ഒഴിച്ച് ബാക്കിയുള്ളതിലെല്ലാം ഇടയസങ്കേതങ്ങളാണ് പശ്ചാത്തലം. ഒന്നും നഗരത്തിന്റെ ഗരിമയോ ഗർവോ പ്രകടിപ്പിക്കുന്നില്ല. ചാവറയച്ചന്റെ എല്ലാ എക്ലോഗുകളും അവസാനിക്കുന്നത് യേശുവിന്റെ ജനന സങ്കേതമായ കാലിത്തൊഴുത്തിലാണ്. കാലിത്തൊഴുത്ത്, എക്ലോഗ് രചയിതാക്കൾക്കെല്ലാം എന്തിന്റെയോ കൈചൂണ്ടിയും പ്രതീകവുമാണ്. വീർജിലിന്റെ നാലാമത്തെ എക്ലോഗ് യേശുവിന്റെ ജനനത്തെ സൂചിപ്പിക്കുന്ന എക്ലോഗ് ആണെന്ന് പറയപ്പെടുന്നു. വീർജിൽ എന്ന എക്ലോഗ് എഴുത്തുകാരനാണ് എക്ലോഗുകളുടെ ചരിത്ര വഴിയിൽ ഈയൊരു പരിണാമം സൃഷ്ടിച്ചത്. പിന്നീട് റോമിലും, ഇറ്റലിയിൽ ആകമാനവും, യൂറോപ്യൻ രാജ്യങ്ങളിലും വീർജിലിന്റെ നാലാമത്തെ എക്ലോഗിന്റെ സ്വാധീനം കാലിത്തൊഴുത്തു നാടകങ്ങളായി ഭവിച്ചു. ഗ്രീസിലെ ബുക്കോലിക്ക് എഴുത്തുകാരനായ തെയോക്രിറ്റസും, ബയോങ്ങും, മോസ്ച്ചസും ഉണ്ടാക്കിയ ഗ്രാമീണതയും, ഇടയപശ്ചാത്തലവും വീർജിൽ യേശു പിറന്ന കാലിത്തൊഴുത്ത് എന്ന റീയലിസത്തിലേക്കു പറിച്ചുനട്ടു. ഭാരതത്തിലെ സംസ്കൃതഭാഷ തെക്കേ ഇന്ത്യയിലെ ഭാഷകളിൽ സ്വാധീനം ചെലുത്തിയതുപോലെ, ഗ്രീക്കുഭാഷ ഇറ്റാലിയൻ ഭാഷയിലേക്കും മറ്റു യൂറോപ്യൻ ഭാഷകളിലേക്കും സ്വാധീനം ചെലുത്തിയതുപോലെ, എക്ലോഗും ഭാഷാപരമായി യൂറോപ്പിൽ ആകമാനം പടർന്നു പന്തലിച്ചു. ചാവറയച്ചന്റെ ഉറ്റ സുഹൃത്തായ ഇറ്റലിക്കാരൻ ലെയോ പോൾദു മിഷനറി, തന്റെ ഭാഷാപഠനകാലത്ത് എക്ലോഗിന്റെ ചരിത്രം, ഇന്നത്തെ സ്കൂൾ കുട്ടികൾ പഠിക്കുന്നതുപോലെ പഠിക്കുകയും അറിയുകയും ചെയ്തു. ആ അറിവിന്റെ കിരണങ്ങൾ ചാവറയച്ചനുമായി പങ്കുവെച്ചപ്പോൾ കേരളത്തിന്റെ തനിമയിൽ എക്ലോഗ് രൂപപ്പെട്ടു. അങ്ങനെ പാശ്ചാത്യപൗരസ്ത്യ ബന്ധം വഴി ചാവറയച്ചനിലൂടെ എക്ലോഗ് എന്ന സാഹിത്യ രൂപം സംജാതമായി. പാശ്ചാത്യ പൗരസ്ത്യ ബന്ധങ്ങളെ വെറും കച്ചവട ബന്ധങ്ങളായി മാത്രം രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ അത് അത്രയും ശരിയല്ല. സാഹിത്യബന്ധങ്ങൾ കൂടിയുണ്ട് എന്ന് മനസ്സിലാക്കാൻ നാം നിർബന്ധിക്കപ്പെടുന്നു. ഇറ്റലിയിലെ ഫ്ളോറൻസിൽ പടർന്നു പന്തലിച്ചു തുടങ്ങിയ നവോത്ഥാന പ്രസ്ഥാനം യൂറോപ്യൻ രാജ്യങ്ങളിലേയും ഇതര രാജ്യങ്ങളിലേയും മനുഷ്യജീവിതത്തിന്റെ സമസ്ത മേഖലകളേയും സ്വാധീനിച്ചു. അത് കടൽ കടന്ന് ഇന്ത്യയിലും കേരളത്തിലും എത്തി. മാന്നാനം കുന്നിൽ ഇരുളടഞ്ഞ ആശ്രമമുറിയിൽ മണ്ണെണ്ണ വിളക്കിന്റെ വെളിച്ചത്തിൽ എഴുതിയ എക്ലോഗുകൾ പുറം ലോകം അറിയാൻ വൈകി എന്നത് മലയാളഭാഷയുടെ ഗതിവിഗതികളെ ഏറെ ബാധിച്ചു. അല്ലെങ്കിൽ മലയാളത്തിന്റെ നിറുകയിൽ ചാർത്താൻ ഒരു പൊൻതൂവലായി എക്ലോഗ് പരിണമിക്കുമായിരുന്നു. പടിഞ്ഞാറിനേയും കിഴക്കിനേയും ബന്ധിക്കുന്ന ഒരു സാഹിത്യസേതുവായി എക്ലോഗിനെ കാണേണ്ടിയിരിക്കുന്നു. ഏതെങ്കിലും ഒരുകാലത്ത് മലയാളം അന്താരാഷ്ട്ര ഭാഷയായി പരിഗണിക്കപ്പെടുന്നത് ചാവറയച്ചന്റെ ഈ എക്ലോഗിന്റെ ചിറകിലേറി ആയിരിക്കും എന്നതിന് രണ്ട് പക്ഷമില്ല.

1871 ജനുവരി മൂന്നാം തീയതി കൂനമ്മാവിലുള്ള സെന്റ് ഫിലോമിനാസ് ആശ്രമത്തിൽ വെച്ചു പിതാവ് മരിച്ചു. അവിടെ ദേവാലയത്തിൽ അടക്കം ചെയ്യുകയും പിന്നീട് മാന്നാനത്തേക്ക് ഭൗതികവശിഷ്ടങ്ങൾ മാറ്റപ്പെടുകയും ചെയ്തു.



# ഡബ്ല്യൂ. എച്ച്. ആവുഡൻ
## W.H.AUDEN

*ജനനം* : *1907 ഫെബ്രുവരി 21, York United Kingdom*

*മരണം* : *1973 സെപ്റ്റംബർ 29 Vienna, Austria*





ഡബ്ല്യൂ. എച്ച്. ആവുഡന്റെ മുഴുവൻ പേരും വിസ്റ്റൻ ഹ്യൂഗ് ആവുഡൻ എന്നാണ്. അദ്ദേഹം ഒരു ഇംഗ്ലീഷ് അമേരിക്കൻ കവിയാണ്. അവുഡന്റെ കവിതകൾ സ്റ്റൈയിലിലും, ടെക്നിക്കൽ ലെവലിലും ശ്രദ്ധിക്കപ്പെടുന്നതുതന്നെ. രാഷ്ട്രീയ, മത, ധാർമ്മിക സ്നേഹസങ്കല്പങ്ങളിലുള്ള ഇടപെടലുകളിലെ വശ്യത വേറിട്ടു നിൽക്കുന്നു. പ്രേമകാവ്യങ്ങൾ രചിക്കുന്നതിൽ ആവുഡനെ വെല്ലുന്നതിന് മറ്റാരും ഉണ്ടായിരുന്നില്ല. 'ഫ്യൂണറൽ ബ്ലൂസ്' അതിനുദാഹരണമാണ്. രാഷ്ട്രീയ, സാമൂഹ്യ വീക്ഷണങ്ങൾക്ക് ഉദാഹരണമാണ് സെപ്റ്റംബർ 1939 ഉം, ഷീൽഡ് ഓഫ് അക്കിലസും. സാംസ്കാരികവും മനശാസ്ത്രപരവുമായ വിഷയങ്ങൾക്ക് ഉദാഹരണമാണ്. ഏജ് ഓഫ് ആങ്ങ്സയറ്റി (age of anxiety). മത സംബന്ധമായ വിഷയങ്ങളിൽ 'ഫോർ ദി ടയിം ബീയിങ്ങും ഹൊറായികാനോനിക്കയും ഏറെ ശ്രദ്ധിക്കപ്പെടുന്നത് തന്നെ.

ആവുഡൻ ഇംഗ്ലണ്ടിൽ ബ്രമിങ്ങ് ഹാമിനടുത്ത് യോർക്കിൽ ഒരു സാധാരണ കുടുംബത്തിലാണ് ജനിച്ചത്. അദ്ദേഹം ഇംഗ്ലീഷ് വിദ്യാഭ്യാസം നേടിയത് ഓക്സ്ഫോർഡിലുള്ള ക്രൈസ്റ്റ് ചർച്ചിലാണ്. 1939 ൽ അദ്ദേഹം അമേരിക്കയിലേക്ക് കുടിയേറി പാർക്കുകയും 1946 ൽ അമേരിക്കൻ പൗരത്വം സ്വീകരിക്കുകയും ചെയ്തു. ആവുഡൻ 1972 ൽ ന്യൂയോർക്കിൽ നിന്ന് ഓക്സ്ഫോർഡിൽ എത്തുകയും, തന്റെ പഴയ ക്രൈസ്റ്റ് കോളേജ് അദ്ദേഹത്തിനായി താമസിക്കാൻ ഒരു വീട് തരപ്പെടുത്തുകയും ചെയ്തു. ആസ്ത്രീയാ (Austria) യിൽ വേനൽക്കാലം ചിലവഴിക്കുകപതിവായിരുന്നു. 1973 ൽ ആസ്ത്രിയാ (Austria) യിൽ വിയന്നായിൽ സാഹിത്യ സദസിൽ കവിതാപാരായണത്തിനു ശേഷം മണിക്കൂറുകൾ കഴിഞ്ഞ് മരിക്കുകയായിരുന്നു. കീർചെസ്റ്റൺ എന്ന സ്ഥലത്ത് അദ്ദേഹം അന്ത്യ വിശ്രമം കൊള്ളുന്നു.



ആവുഡൻ നാനൂറു കവിതകൾ പ്രകാശനം ചെയ്തു. അവയിൽ ഏഴ് എണ്ണം ദൈർഘ്യമേറിയവയും രണ്ടെണ്ണം ബുക്കിന്റെ രൂപത്തിലുള്ളവയും ആയിരുന്നു. എൻസൈക്ലോ പീഡിക് (encyclo paedic) രൂപത്തിലും ഭാവത്തിലുമുള്ള കവിതകളും ഇല്ലാതില്ല. ആംഗ്ളോസാക്സൺ മീറ്റേഴ്സിലുള്ള എക്ലോഗുകൾ ക്രീസ്തുമസിനോടനുബന്ധിച്ചുള്ളത്, പ്രസിദ്ധമാണ്.








## ലൂയിസ് മാക്ക് നീസ്
## LOUIS MAC NEICE

*ജനനം* : *12 സെപ്റ്റംബർ 1907*
*Belfast*

*മരണം* : *3 സെപ്റ്റംബർ 1973*
*London United Kingdom*




ഫെഡറിക് ലൂയിസ് മാക്ക് നീസ് ഒരു ഐറിഷ് കവിയും തിരക്കഥാകൃത്തുമാണ്. ആവുഡൻ കാലഘട്ടത്തിൽ ജീവിച്ചിരുന്ന വ്യക്തിയാണ് ലൂയിസ് മാക്ക് നീസ്. ഇവരുടെ സമപ്രായക്കാരായിരുന്നു സ്റ്റീഫൻ സ്പെൻഡറും, സിസിൽ ഡേയും, ലേവിസും. ലൂയിസ് മാക്ക്, നീസ് ജോൺ ഫെഡറിക്കിന്റെയും എലിസബത്ത് മാർഗരിന്റെയും ഏറ്റവും ഇളയ മകനായി ജനിച്ചു. ലൂയിസ് മാക്കിന്റെ ജനനത്തെ തുടർന്ന് കുടുംബം നോർത്ത് ഐർലൻഡിലെ കരിക്ഫേർഗസ് (carrickfergns) എന്ന വലിയൊരു നഗരത്തിലേക്ക് മാറിതാമസിക്കുകയുണ്ടായി. ഇത് കൗണ്ടി ആൻട്രിം (County Antrim) ന്റെ ഒരു ഭാഗമായിരുന്നു. മാക്ക് നീസ് ഇംഗ്ലണ്ടിലുള്ള ഷെർബോർനെ സ്കൂളിലേക്ക് അയയ്ക്കപ്പെട്ടു. അവിടെ ഗ്രീക്ക്, ലാറ്റിൻ എന്നീ വിഷയങ്ങളിൽ പ്രാവീണ്യം നേടി. ഓക്സ്ഫോർഡിൽ ആദ്യവർഷ വിദ്യാർത്ഥി ആയിരിക്കുമ്പോൾ മാക്ക് നീസ് ആദ്യമായി ആവുഡനെ പരിചയപ്പെടുകയുണ്ടായി. അദ്ദേഹത്തിന്റെ പ്രശസ്തി യൂണിവേഴ്സിറ്റിയുടെ വരും കാല കവി എന്നുള്ളതായിരുന്നു. 1936 ൽ ആധുനിക കവിതകളുടെ ഒരു സമാഹരണം അദ്ദേഹം നടത്തി. അദ്ദേഹത്തിന്റെ എക്ലോഗുകളിൽ ചിലത് ക്രിസ്തുമസ്, സണ്ടേ മോർണിംഗ്, ദി ക്രെഡിറ്റർ, സ്നോ എന്നിവയായിരുന്നു.

അനാരോഗ്യത്തെ തുടർന്ന് 1963 ആഗസ്റ്റ് 27-ാം തീയതി ഹോസ്പിറ്റലിൽ പ്രവേശിപ്പിക്കയും സെപ്റ്റംബർ മൂന്നാം തീയതി അമ്പത്തിഅഞ്ചാമത്തെ വയസ്സിൽ മരിക്കുകയും ചെയ്തു. അദ്ദേഹത്തെ കൗണ്ടിഡൗൺ കാരോഡോർ ചർച്ചിന്റെ സിമിത്തേരിയിൽ അദ്ദേഹത്തിന്റെ അമ്മയെ അടക്കം ചെയ്ത കല്ലറയ്ക്കു സമീപം അടക്കം ചെയ്തു. മാക്ക് നീസിന്റെ കവിതാ സമാഹാരങ്ങളായ 'ബേണിങ്ങ് പേർച്ചീന്റെ പ്രകാശനം കുറച്ചൊരു ദിവസത്തിനു ശേഷം ആവുഡൻ മാക്നീസിന്റെ അനുസ്മരണാ യോഗത്തിൽവെച്ച് നിർവഹിച്ചു 'അവസാന വർഷങ്ങളിൽ എഴുതിയ കവിതകൾ ഏറെ ആകർഷകമാണെന്ന് പറഞ്ഞ് അനുമോദിച്ചു. മാക്ക് നീസീന്റെ മരണത്തിൽ ജോൺ ബേറിമാൻ ഒരു നല്ല സുഹൃത്തായി അദ്ദേഹത്തെ ചിത്രീകരിച്ചു. തന്നെയുമല്ല ഡ്രീം സോങ്ങ് എന്ന മാദ്ധ്യമത്തിൽ ഒരു എലജി എഴുതി ആദരിക്കുകയും ചെയ്തു. ലൂയീസ് മാക്ക് നീസിന്റെ എക്ലോഗുകളിൽ ഫയിവ് ബാർഡ് ഗെയിറ്റ്സ് (Ecloge by five bared gates), എക്ലോഗ് ഫോർ മദർലെസ്, എക്ലോഗ് ഫോർ ക്രിസ്തുമസ്, എക്ലോഗ് ഫ്രം ഐസ്ലാൻഡ് എന്നിവ ഉൾപ്പെടുന്നു.



## മിക്കലോസ് റഡ്നോട്ടി
## MIKLOS RADNOTI

*ജനനം* : *3 മെയ് 1909, Budapest*
*Hungary*

*മരണം* : *9 നവംബർ, 1944, Hungary*




മിക്കലോസ് റഡ്നോട്ടി ഒരു ഹങ്കേറിയൻ അദ്ധ്യാപകനും കവിയുമാണ്. ജനനം ഹങ്കറിയിൽ ബുഡാ പെസ്റ്റ് എന്ന സ്ഥലത്തായിരുന്നു. മിക്കലോസിന്റെ അമ്മ ഇരട്ടകുഞ്ഞുങ്ങളെയാണ് പ്രസവിച്ചത്. പ്രസവത്തോടുകൂടി അമ്മയും അതിനു മുമ്പുതന്നെ സഹോദരനും മരണപ്പെട്ടിരുന്നു. റഡ്നോട്ടിയുടെ പ്രൈമറി, സെക്കണ്ടറി സ്കൂൾ വിദ്യാഭ്യാസം ജനന സ്ഥലത്തുള്ള വിദ്യാലയത്തിൽ നടത്തപ്പെട്ടു. തുടർന്നുള്ള പഠനം അങ്കിളിന്റെ കാർക്കശ്യത്തിലും ആലോചനയിലുമായിരുന്നു. പട്ടാള തടവുകാരനായി റസനോട്ടിക്ക് കുറച്ചുനാൾ


ജീവിക്കേണ്ടിവന്നിട്ടുണ്ട്. റഡ്നോട്ടി എഴുതിയ ‘31 ഒക്ടോബർ’ എന്ന കവിത ഏറെ പ്രശസ്തമാണ്. 1944 നവംബർ മാസത്തിൽ ഇരുപതു തടവുകാരോടൊപ്പം ഹങ്കേറിയൻ ഗാർഡ്സിന്റെ തോക്കിന് ഇരയാവുകയായിരുന്നു. നവംബർ 16 അദ്ദേഹത്തിന്റെ വേർപാടിന്റെ സങ്കടകരമായ ദിവസമായി ജീവചരിത്രത്തിൽ എഴുതപ്പെട്ടിരിക്കുന്നു. റഡ്നോട്ടിയെ സംസ്കരിച്ചിരിക്കുന്നത് കേരെപേസി (kerepesi) സിമിത്തേരിയിൽ തന്റെ ഭാര്യയുടെ കല്ലറയുടെ അടുത്തു തന്നെയാണ്. അബഡായിലുള്ള (Abda) അദ്ദേഹത്തിന്റെ സ്മാരകശിലയും (2015) തകർക്കപ്പെട്ടനിലയിലാണ് കാണപ്പെടുന്നത്. അത് എങ്ങനെ സംഭവിച്ചു എന്നുള്ളത് ഇപ്പോഴും കണ്ടുപിടിക്കപ്പെട്ടിട്ടില്ല.





മനുഷ്യക്കുരുതിയെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ എക്ലോഗ് ഏറെ പ്രസിദ്ധമാണ്. രണ്ടാം ലോകമഹായുദ്ധകാലത്ത്, ജർമ്മനിയുടെ നാസി പട്ടാളത്തിന്റെ ഒത്താശയോടെ ആറ് ലക്ഷത്തോളം വരുന്ന യഹൂദ വംശജരെ കൊന്നതിന്റെ പശ്ചാത്തലമാണ് “ഹോളോക്കോസ്റ്റ്” (Holocaust) എന്ന എക്ലോഗിൽ അവതരിപ്പിക്കുന്നത്. 1941 നും -1945 നും ഇടയ്ക്ക് ജീവിച്ചിരുന്ന മൂന്നിൽ രണ്ടുഭാഗം യഹൂദരെ കൊന്നു തള്ളിയതിന്റെ മരിക്കാത്ത ഓർമ്മയാണ് ‘ഹോളോകോസ്റ്റ്’ എന്ന എക്ലോഗ്. എക്ലോഗുകളുടെ ചരിത്രവഴിയിൽ വന്ന വ്യതിയാനം ഇവിടെ ശ്രദ്ധിക്കപ്പെടേണ്ടതായിട്ടുണ്ട്. ഹംഗറിയിലെ ബുഡാപെസ്റ്റുകാരനായ റഡ്നോട്ടി എക്ലോഗുകളും, പ്രേമകാവ്യങ്ങളും, വിവർത്തനം ചെയ്തിട്ടുണ്ട്. “പേഗൻ സല്യൂട്ട്” (pagon salute) എന്ന പേരിൽ അദ്ദേഹം തന്റെ ആദ്യത്തെ കവിതാസമാഹാരം പബ്ളിഷ് ചെയ്തു. “ആധുനിക ഇടയ സംഗീതം (modern shepherds song) എന്ന അടുത്തഗ്രന്ഥം പ്രകാശം കാണാതെ പോയി.








## ഡറക്ക് വാൽകോട്ട്
## DEREK WALCOTT

*ജനനം* : *23 ജനുവരി 1930*
*Castries, Saint Lucia*

*മരണം* : *17 മാർച്ച് 2017, Cap Estate*
*Saint Lucia*

*: Fay Moston (m. 1954 – 1959)*

*: Dream on Monkey Mountain*
*Beef, No. Chic.*






**സാ**ർ ഡറക്ക് ആൽടം വാൽകോട്ട് സെയിന്റ് ലൂസിയൻ കവിയും തിരക്കഥാകൃത്തുമാണ്. 1992 ലെ സാഹിത്യത്തിന്റെ നോബൽ സമ്മാന ജേതാവാണ്. ആൽബർട്ടാസ് യൂണിവേഴ്സിറ്റിയിലെ ആദ്യത്തെ


പ്രഗൽഭനായ ആസ്ഥാന പണ്ഡിതനും അതേ സ്ഥാപനത്തിലെ ഉപരിപഠന വിദ്യാർത്ഥികളുടെ സാഹിത്യരചനാദ്ധ്യാപകനും കൂടിയായിരുന്നു ഡറക്വാൽകോട്ട്. നോബൽ സമ്മാന ജേതാവ് എന്നതുപോലെ തന്നെ ജീവിതകാലത്ത് മറ്റ് അനേകം സാഹിത്യ അവാർഡുകൾ കരസ്ഥമാക്കിയിട്ടുണ്ട്. അലിക്സിന്റെയും വാർവക്കിന്റെയും മകനായി സെയിന്റ് ലൂസിയായിലെ കാസ്ട്രിസ് (castrice) എന്ന സ്ഥലത്ത് ജനിച്ചു. വാൽകോട്ടിന്റെ അമ്മ ഒരു സ്കൂൾ അദ്ധ്യാപികയും കലാസ്വാദകയുമായിരുന്നു. വീടിനുള്ളിലും പരിസരത്തും കവിതകളുടെ ഇടതടവില്ലാത്ത മന്ത്രണം പലപ്പോഴും ഉണ്ടാവും. മുപ്പത്തിഒന്നാമത്തെ വയസിൽ മരിച്ച പിതാവ് ഒരു കലാകാരനും കവിയുമായിരുന്നു.

ഒരു എഴുത്തുകാരന് ആവശ്യമായ കഴിവുകൾ ആർജ്ജിച്ച വാൽക്കോട്ട് ഇംഗ്ലീഷ് സാഹിത്യത്തിന്റെ ആരാധകനായിരുന്നു, ടി.എസ്. എലിയട്ടും, എസ്രാപോണ്ടും അദ്ദേഹത്തെ ഏറെ സ്വാധീനിച്ചിരുന്നു. വാൽക്കോട്ട് തന്റെ പതിനാലാമത്തെ വയസിൽ ആദ്യത്തെ കവിത 'ദിവോയിസ് ഓഫ് സെന്റ് ലൂക്കാ' എന്ന പത്രത്തിൽ പ്രസിദ്ധീകരിച്ചു. അദ്ദേഹത്തിന്റെ മറ്റൊരു പ്രിയ വിനോദം സ്ഥലങ്ങൾ ചുറ്റിക്കറങ്ങുക എന്നുള്ളതായിരുന്നു 2017 മാർച്ച് 17-ാം തീയതി വാൽക്കോട്ട് സെന്റ് ലൂസിയായിലെ ഭവനത്തിൽ വെച്ച് എൺപത്തിഏഴാമത്തെ വയസ്സിൽ മരിച്ചു. മാർച്ച് 25 ശനിയാഴ്ച എല്ലാ ദേശീയ ബഹുമതികളോടും കൂടി കാസ്ട്രീസിലുള്ള 'മോർനേ ഫോർച്ച്യൂൺ എന്ന കത്തീഡ്രൽ ബസിലിക്കായിൽ പ്രാർത്ഥനാപൂർവ്വമായ ചടങ്ങുകളോടുകൂടി അടക്കം ചെയ്യപ്പെട്ടു. അദ്ദേഹത്തിന്റെ ഇറ്റാലിയൻ എക്ലോഗുകൾ ശ്രദ്ധാർഹമാണ്.






## സിയാമൂസ് ജസ്റ്റിൻ ഹീനേ
### SEAMUS HEANEY


*ജനനം* : *13 ഏപ്രിൽ 1939. Castledawson*
*മരണം* : *30 ആഗസ്റ്റ് 2013, Blackrock Clinic Dublin Republic of Ireland*
*Full Name* : *Seamus Justin Heaney*






**സി**യാമൂസ് ജസ്റ്റിൻ ഹീനേ ഒരു ഐറിഷ് കവിയും തിരക്കഥാകൃത്തുമാണ്. 1995 ലെ സാഹിത്യത്തിനുള്ള നോബൽ സമ്മാന ജേതാവാണ്. അദ്ദേഹത്തിന്റെ കൃതികളിൽ ഏറ്റവും പ്രശസ്തമായ കൃതി 'ഡെത്ത് ഓഫ് എ നാചറലിസ്റ്റ്' (Death of Naturalist) എന്നതാണ്.

ഹീനേ ജനിച്ചത് ഐർലൻഡിലുള്ള ടാമിനിയാറനി (Tamniaran) ലാണ് അദ്ദേഹത്തിന്റെ ബാല്യത്തിൽ തന്നെ

കുടുംബം സമീപ പ്രദേശമായ ബെല്ലാഗി (Bellaghy) യിലേക്ക് മാറേണ്ടിവന്നു. ബൽഫ് ഫാസ്റ്റിലുള്ള സെന്റ് ജോസഫ് കോളേജിൽ ഹീനേ അദ്ധ്യാപകനായി ജോലി നിർവഹിച്ചിരുന്നു. 1981-1997 വരെ ഹാർവർഡിൽ പ്രൊഫസറായി ജോലി നോക്കിയിട്ടുണ്ട്. റോബർട്ട് പിൻസ്കിയുടെ (Robert Pinsky) അഭിപ്രായത്തിൽ ഹിനേയുടെ കണ്ണിന്റെയും ചെവിയുടെയും പ്രവർത്തനക്ഷമത സാഹിത്യലോകത്തിന് വലിയ അനുഗൃഹമായി തീർന്നിരിക്കുന്നു. കഥ പറയൽ രംഗത്ത് ഒരു അനുഗൃഹീതകലാകാരനായിരുന്നു സിയാമൂസ് ജസ്റ്റിൻ ഹീനേ. 2013 ൽ ഹീനേ മരിക്കുമ്പോൾ ഇൻഡിപെന്റന്റ് (independent) എന്ന മാദ്ധ്യമം ലോകത്തിലെ ഏറ്റവും അറിയപ്പെടുന്ന കവിയായി ഹീനേയെ ചിത്രീകരിച്ചിരുന്നു.




ഹീനേ 1939 ഏപ്രിൽ 13-ാം തീയതി മോസ്ബോൺ എന്ന ഫാം ഹൗസിലാണ് ജനിച്ചത്. 1957ൽ ഹീനേ ബൽഫ്ജാസ്റ്റിലേക്ക് യാത്ര ചെയ്ത് ഇംഗ്ലീഷ് ഭാഷയും സാഹിത്യവും പഠിക്കുന്നതിനുവേണ്ടി ക്വീൻസ് യൂണിവേഴ്സിറ്റിയിൽ ചേർന്നു. ഹീനേ ഒരു ബ്രിട്ടീഷ് പൗരൻ എന്നതിനേക്കാൾ ഐറിഷ് പൗരനായി അറിയപ്പെടുന്നതിൽ സന്തോഷിച്ചിരുന്നു. ഹീനേ 2013 ആഗസ്റ്റിൽ മരിച്ചു. മരണശേഷം വളരെയധികം അനുസ്മരണ സംരംഭങ്ങൾ നടന്നു. അതിൽ ഏറ്റം പ്രധാനപ്പെട്ടത് യൂണിവേഴ്സിറ്റിയിൽ നടന്നതായിരുന്നു.

ഡത്ത് ഓഫ് എ നാചറലിസ്റ്റ് (Death of a naturalist), ഡോർ ഇൻ ടു ദി ഡാർക്ക് (Door into the Dark) എന്നീ കൃതികൾ ഗ്രാമീണ ജീവിതത്തിന്റെ നഖചിത്രമാണ് അവതരിപ്പിക്കുക. ഹീനേയുടെ കൃതികൾ അന്തർദേശീയ തലത്തിൽ സ്കൂൾ കുട്ടികളുടെ പഠന വിഷയമായിതീർന്നിട്ടുണ്ട്. ഇലക്ട്രിക് ലൈറ്റ് (Electric light) ബാൻവാലി, എക്ലോഗ്സ് വീർജിൽസ് എക്ലോഗ് IX എന്നിവ സിയാമുസ് ജസ്റ്റിൻ ഹിനോയുടെ കൃതികളിൽ പ്രധാനപ്പെട്ടവതന്നെ.









# ജോസഫ് ബ്രോഡ്സ്കി
## JOSEPH BRODSKY

*ജനനം : 24 മേയ് 1940,*
*Saint Petersburg, Russia*
*മരണം : 28 ജനുവരി 1996*
*Brooklyn Heights*
*New York city, United State*
*Language : Russian (poetry) English (prose)*




ജോസഫ് അലക്സാദ്രോവിച്ച് ബ്രോഡ്സ്കി റഷ്യൻ അമേരിക്കൻ കവിയും ലേഖന എഴുത്തുകാരനും ആണ്. ലെനിൻ ഗാർഡിൽ 1940 ൽ ജനിച്ചു. സോവിയറ്റ് ഭരണാധികാരികൾക്ക് എതിരായി എഴുതിയതുകൊണ്ട് 1972 ൽ സോവിയറ്റു യൂണിയനിൽ നിന്ന് പുറത്താക്കപ്പെടുകയും അവുഡന്റെയും മറ്റു സുഹൃത്തുക്കളുടെയും സഹായത്തോടുകൂടി അമേരിക്കയിൽ അഭയം പ്രാപിക്കയും ചെയ്തു.

ലെനിൻ ഗാർഡിൽ ബ്രോഡ്സ്കി ഒരു യഹൂദ കുടുംബത്തിൽ ജനിച്ചു. പിതാവ് അലക്സാന്ദ്രാബ്രോഡ്സ്കി സോവിയറ്റ് നേവിയിലെ ഫോട്ടോഗ്രാഫറും അമ്മ മരിയവോൾപേർട്ട് ബ്രോഡ്സ്കി ഔദ്യോഗിക ഇന്റർ പ്രിട്ടറുമായിരുന്നു. ചെറുപ്പകാലത്ത് കുസൃതികൾ ഏറെയുള്ള ഒരു കുട്ടിയായിരുന്നു ബ്രോഡ്സ്കി. 1955 ൽ ബ്രോഡ്സ്കി കവിതകൾ എഴുതാൻ തുടങ്ങുകയും സ്വന്തമായി വിവർത്തനം നടത്തുകയും ചെയ്തു. 1963 ൽ ബ്രോഡ്സ്കിയുടെ കവിതകൾക്കും രചനകൾക്കും സോവിയറ്റു യൂണിയൻ വിലക്കുകൾ ഏർപ്പെടുത്തി, അദ്ദേഹത്തിന്റെ എഴുത്തുകൾ ഭരണകൂടം കണ്ടുകെട്ടി. വിയന്നായിലെ കുറച്ചു നാളത്തെ വാസത്തിനുശേഷം ആൻ അർബർ (Ann Arbor) എന്ന സ്ഥലത്ത് ആവുഡൻ എന്ന എഴുത്തുകാരന്റെ സഹായത്തോടുകൂടി താമസിച്ചു. 1987 ൽ ബ്രോഡ്സ്കിക്ക് സാഹിത്യത്തിൽ അഞ്ചാമത്തെ റഷ്യക്കാരനായി, നോബൽ സമ്മാനം ലഭിച്ചു. 1994 ൽ ബ്രോഡ്സ്കി പൊയറ്റ് ലൗറേറ്റ (poet laureate) എന്ന സാഹിത്യത്തിലെ അതിവിശിഷ്ടമായ സ്ഥാനപ്പേര് അമേരിക്കൻ ഭരണകൂടം നല്കി ആദരിക്കയുണ്ടായി. അമ്പത്തി അഞ്ചാമത്തെ വയസിൽ ബ്രോഡ്സ്കി ഹൃദയാഘാതം മൂലം മരിക്കയും ഇറ്റലിയിലെ വെനീസിൽ അടക്കം ചെയ്യുകയും ചെയ്തു. 1997 ൽ സെന്റ് പീറ്റേഴ്സ് ബർഗിലുള്ള ബ്രോഡ്സ്കി താമസിച്ചിരുന്ന സ്ഥലത്ത് ബ്രോഡ്സ്കിയുടെ സ്മാരകം രൂപകല്പന ചെയ്യുകയുണ്ടായി.

ബ്രോഡ്സ്കിയുടെ ഏറ്റവും നല്ല എഴുത്തുകളിൽ എ പാർട്ട് ഓഫ് സ്പീച്ച് (A part of Speech 1977), ഉറാനിയ (Urania 1988), മാർബിൾ (Marble 1989), ദി വാട്ടർ മാർക്ക് (The Water mark 1992) എന്നിവ ഉൾപ്പെടുന്നു. വാൾക്കോട്ടിന്റെ ദി ബൗൺഡിയിൽ (The Bounty) ഇറ്റാലിയൻ എക്ലോഗുകളുടെ ശേഖരം ജോസഫ് ബ്രോഡ്സ്കിയുടെ പേരിൽ കാണാവുന്നതാണ്. ബ്രോഡ്സ്ക്കിയുടെ വിവർത്തകയായ മെലീസാ ഗ്രീൻ സ്ക്വാനി കോക്ക് (Squani Cook) എക്ലോഗുകൾ ചെയ്തിരിക്കുന്നു.











## ജിയാനീന ബ്രഷ്ച്ചി
## GIANNINA BRASCHI

| | | |
|---|---|---|
| *ജനനം* | : | *12 സെപ്റ്റംബർ 1907*<br>*(age 65 years)*<br>*San Juan, Puerto Rico* |
| *മരണം* | : | *3 സെപ്റ്റംബർ 1973,* |
| *Genre* | : | *Poetry, Prose Poetry*<br>*Fiction Drama, Novel*<br>*Epic Poetry* |




ജിയാനീന ബ്രഷ്ച്ചി (Giannina Braschi) 1955 ഫെബ്രുവരി 5-ാം തീയതിയാണ് ജനിച്ചത്. ഇയാൾ പുരേറ്റോ റിക്കൻ (Purato Rican) എന്ന തൂലികാ നാമത്തിൽ അറിയപ്പെടുന്നു. ആദ്യത്തെ ഇംഗ്ലീഷ് നോവലായ യോ. യോ. ബോയിങ്ങ് (yo-yo Boing) 1998 രചിച്ചു എന്നുള്ളത് ഏറെ അഭിമാനകരം. അവരുടെ മറ്റുകൃതികൾ പോസ്റ്റു മോഡേൺ (post modern) കവിതയായ ട്രിലോളജി, എമ്പയർ ഓഫ് ട്രീംസ്, ഫിലസോഫിക്കൽ ഫിക്ഷനായ 'യുണൈറ്റഡ് സ്റ്റേയിറ്റ്സ് ഓഫ് ബനാന (United States of Banana) എന്നിവയാണ്.




ആമസോൺ ക്രോസിംങ്ങ് 2011, എന്നത് അമേരിക്കയിലുള്ള ലാറ്റിൻ അമേരിക്കൻ അഭയാർത്ഥികളുടെ ദിന രാത്രങ്ങളുടെ അനുഭവങ്ങളാണ് പങ്കുവയ്ക്കപ്പെടുക. ലാറ്റിൻ അമേരിക്കൻ ആനുകാലിക സാഹിത്യത്തിൽ വിമർശനത്തിന്റെയും സ്വാധീനത്തിന്റെയും സ്പർശം നൽകി എന്നുള്ളത് ആശാവഹമായ കാര്യമായിരുന്നു. അമേരിക്കൻ ഹിസ്പാൻസീസിന്റെ (Hispancis) ജീവിതാനുഭവങ്ങളുടെ ഒരു ഫ്യൂഷനായി ജിയാനീന ബ്രാഷ്ച്ചിയുടെ എഴുത്തിനെ നമുക്ക് കാണാവുന്നതാണ്.

1970 തുകളിൽ ബ്രാഷ്ച്ചി ഒരു സാഹിത്യ വിദ്യാർത്ഥിയായി റോബിൻ മാഡ്രിഡിലും, പാരീസിലും, ലണ്ടനിലും, കഴിഞ്ഞിട്ടുണ്ട്, ന്യൂയോർക്ക് പട്ടണത്തിൽ സ്ഥിരതാമസം ആക്കുന്നതിനു മുമ്പ്. ഹിസ്പാനിക്ക് (Hispanic) സാഹിത്യത്തിൽ ബ്രഷ്ച്ചിക്ക് ബിരുദാനന്തരബിരുദവും ഡോക്ടറേറ്റും ലഭിച്ചു. വിദേശ റിപ്പോർട്ടറായി ഗ്രാസിക്ക് മാഗസിനു വേണ്ടി ജോലി ചെയ്തിട്ടുണ്ട്.

ആയിരത്തിത്തൊള്ളായിരത്തി എൺപതുകളിൽ ബ്രഷ്ചിയുടെ ആദ്യകാല എഴുത്തുകളിൽ പ്രകൃതിയുടെ സൗന്ദര്യം ഏറെ ദൃശ്യമായിരുന്നു. തന്റെ സുവർണ്ണകാലഘട്ടത്തിൽ ബ്രാഷ്ച്ചി ഫ്രഞ്ച്, ജർമ്മൻ, പോളിഷ്, ഐറിഷ്, റഷ്യൻ സാഹിത്യകാരന്മാരുടെ നാടകീയവും, താത്വികവുമായ എഴുത്തുകളുടെ അതിപ്രസരത്തിൽ അകപ്പെടുകയുണ്ടായി. ജീയാനീന ബ്രാഷ്ച്ചി, കവിതകൾ, ഗദ്യകവിതകൾ, ഫിക്ഷൻ, നാടകം നോവൽ ഇതിഹാസ കാവ്യങ്ങൾ എക്ലോഗുകൾ എന്നിവ രചിച്ച് തന്റെ സാഹിത്യാഭിരുചി വ്യക്തമാക്കി. ബ്രാഷ്ച്ചിയുടെ ഗ്രാസിലാസോ ഡെല വേഗയുടെ (Gracelaso de la vega) എക്ലോഗുകളുടെ കാവ്യസ്വാധീനവും, എംബയർ ഓഫ് ഡ്രീംമ്സി (Empire of Dreams) ന്റെ രചയിതാവായ സ്പാനീഷ് എഴുത്തുകാരന്റെ അനുസ്മരണ കാവ്യങ്ങളും ഏറെ ശ്രദ്ധാർഹമാണ്.






# ലിസാ റേബേർട്ട് സൺ


## LISA ROBERTSON

*ജനനം : 22 ജൂലൈ 1907*
*(age 57 years)*
*Toronto, Canada*
*വിദ്യാഭ്യാസം : Simon Fraser University, Burnaby Mountain Campus (1984-1988)*




**ലി**സാ റോബർട്ട്സൺ ഒരു കനേഡിയൻ കവയിത്രിയാണ്. ഫ്രാൻസിലാണ് ഇപ്പോൾ കഴിയുന്നത്. ജനനം ടൊറാന്റോയിലുള്ള മൺട്രോയിലാണ്. റോബേർട്ട്സൺ 1979 ൽ ബ്രിട്ടീഷ് കൊളുമ്പിയായിലേക്ക് പോയി അവിടെ ഇരുപത്തിമൂന്നു വർഷക്കാലം ചിലവഴിച്ചു. റോബർട്ട്സൺ തന്റെ ആദ്യ പുസ്തകമായ "ദി അപ്പോത്തിക്കരി" (The Apothicury) ചാപ്പ് ബുക്ക് (Chapbook) എന്ന കമ്പനി 1991-ൽ പബ്ലിഷ് ചെയ്യുകയുണ്ടായി. പിന്നീട് എട്ടുകവിതാപുസ്തകങ്ങളും രണ്ട് ലേഖന സമാഹാര പുസ്തകങ്ങളും പ്രകാശനം ചെയ്തു.




റോബേർട്ട്സൺ, സിയോൺ ഫാസ്റ്റർ യൂണിവേഴ്സിറ്റിയിൽ പഠിച്ചു. അതിനു ശേഷം 1988–1994 കാലഘട്ടത്തിൽ ഒരു സ്വതന്ത്ര പുസ്തക വില്പനപ്രസ്ഥാനം തുടങ്ങി. 1995 മുതൽ ഫ്രീലാൻഡ് എഴുത്തുകാരിയായും അദ്ധ്യാപികയായും പ്രവർത്തിച്ചു. ആനുകാലിക പ്രസിദ്ധീകരണങ്ങൾ ലിസായുടെ പല വിഷയങ്ങളെക്കുറിച്ചുള്ള ലേഖനങ്ങൾ പ്രസിദ്ധീകരിക്കുക ഉണ്ടായിട്ടുണ്ട്. 2018 ൽ എമിലിക്കാർ യൂണിവേഴ്സിറ്റി (Emily Carr University) ആർട്സ് ആന്റ് ഡിസൈൻ, ലിസായിക്ക് ഡോക്ടറൽ വിരുദം ബഹുമാനാർത്ഥം നൽകുകയുണ്ടായി. റോബേർട്ട്സൺ കവിതാ സമാഹാരത്തിൽ എക്ലോഗ് ഉൾപ്പെടുന്നു. ഇത് ക്ലാസിക്കൽ എക്ലോഗായ ഇടയ (pastoral) എക്ലോഗുകളിൽപെടുന്നു.





# മേലീസാ ഗ്രീൻ

## MELISSA GREEN




**മെ**ലിസാ ഗ്രീനിന്റെ ജനനം മാസ്സച്ചുസെറ്റ്സിലുള്ള ബോസ്റ്റണിലാണ്. രണ്ട് കവിതാസമാഹാരങ്ങൾ മെലിസം പബ്ലിഷ്ചെയ്തിട്ടുണ്ട്. ദിസ്ക്വാനികോക്ക് (The squanicook eclogues) കളർ ഇസ് സഫറിങ്ങ് ഓഫ് ലൈറ്റ് (Color is the suffering of light) എന്നിവയാണ് അവ. സ്വാനികോക്കി (Squaniscock) ന്റെ ആദ്യ വാല്യം സാമാന്യം ദീർഘമേറിയ കവിതകളാണ്. പ്രകൃതിദൃശ്യമാണ് അവയുടെയെല്ലാം പ്രമേയം. അമേരിക്കയിലെ നോർമാ ഫാർബർ (Norma Farber) അവാർഡും, അമേരിക്കൻ കവികളുടെ റാവൻ (Ravan) അവാർഡും 1989 ൽ കരസ്ഥമാക്കി.





എക്ലോഗ് ആദ്യ പ്രതി (ഇംഗ്ലീഷ് പതിപ്പ്) ഗാന്ധി സർവ്വകലാശാല മുൻ വൈസ് ചാൻസലർ സാബു സെബാസ്റ്റ്യൻ പ്രകാശനം ചെയ്യുന്നു.


## ആദ്യ പ്രതി വാങ്ങി അനുഗ്രഹിച്ചവർ





















Saint Kuriakose
Elias Chavara
Eclogue





Saint Kuriakose
Elias Chavara
Eclogue




Saint Kuriakose
Elias Chavara


Saint Kuriakose
Elias Chavara

Saint Kuriakose
Elias Chavara
Eclogue


Saint Kuriakose
Elias Chavara
Eclogue



Saint Kuriakose
Elias Chavara
Eclogue



# ദേശീയതയുടെ അടയാളമായ മാന്നാനം മരപ്രസ്സ് 175 വർഷം പിന്നിടുന്നു

(തിരുവനന്തപുരം പ്രസ് ക്ലബിൽ നടത്തിയ പ്രസംഗത്തിൽ നിന്ന്)



പി.കെ. രാജശേഖരൻ

മാന്നാനം സെന്റ് ജോസഫ് അച്ചുകൂടം ആരംഭിച്ചിട്ട് 175 വർഷം തികയുന്നു. ശതോത്തര വജ്രജൂബിലിയുടെ നിറവിലാണ് ഈ മുദ്രാലയം. "1844-ാം കാലം ചിങ്ങം മുതൽ പുസ്തകം അടിപ്പാനുള്ള വേലയ്ക്ക് പ്രത്യേകം മനസ്സു വെച്ചു തുടങ്ങി. രണ്ടു കുറിഞാൻ ഏറിയ ആഗ്രഹത്തോടെ കോട്ടയത്തു ചെന്നാറെ അവരു കാട്ടിയതുമില്ല. പിന്നെ കേൾവിയാലും കണ്ടവർ പലരോടും ചോദിച്ചു വേലകൾ ഓരോന്നു നടത്തി". (നാളാഗമം 16പു95) ഫാ.വലേരിയൻ എഴുതിയ ചാവറ പിതാവിന്റെ ജീവചരിത്രത്തിൽ എട്ടാം അദ്ധ്യായം (പേജ് 88 -98) മുദ്രാലയത്തിന്റെ സ്ഥാപനത്തെ കുറിച്ചുള്ള വിവരണമാണ്. നാളാഗമങ്ങളെ അവലംബിച്ചുകൊണ്ടാണ് ഈ അദ്ധ്യായം രൂപപ്പെടുത്തിയിരിക്കുന്നത്. കുറഞ്ഞത് ആറ് അവസരങ്ങളിലായി നാളാഗമത്തിൽ പ്രസ് പണി നടക്കുന്നതിനെക്കുറിച്ചുള്ള സൂചനകൾ കാണുന്നു. കേരള സഭാ ചരിത്രകാരനായ ബഹുമാനപ്പെട്ട ബർണാർദ് തോമ്മാ ആലഞ്ചേരിയച്ചന്റെ ലിഖിതങ്ങളിൽ നിന്നും ചില വിവരങ്ങൾ ലഭ്യമാണ്. ഇവയെല്ലാം കൂടി കൂട്ടി വായിച്ചാലേ ചാവറയച്ചൻ എന്ന 'അക്ഷരങ്ങളുടെ കൂടപ്പിറപ്പിനെ'ക്കുറിച്ചുള്ള അറിവ് നമുക്ക് ലഭിക്കൂ. മാന്നാനത്തിന്റെ അകവും പുറവും ജനസാമാന്യത്തിന്റെ നൻമയ്ക്കു വേണ്ടി സജ്ജമാക്കുക എന്ന കഠിന യജ്ഞത്തിന്റെ രണ്ടാം ഭാഗമായിരുന്നു പ്രസ്സ് സ്ഥാപിക്കുന്നതിനുള്ള പരിശ്രമങ്ങൾ. മാന്നാനം ദേവാലയവും, ആശ്രമവും, സെമിനാരിയും, ജനോപകാരപ്രദമായിരിക്കുന്നു എന്ന കേൾവി ഇതിനോടകം നാടെങ്ങും പരന്നിരുന്നു. മാന്നാനത്തിന്റെ ആത്മീയത ആളുകളെ ആകർഷിക്കുകയും ചെയ്തു. ഈ

> "ദാരിദ്ര്യവും ദാരിദ്ര്യത്തിന്റെ അടയാളവും (വാഴത്തട) സമ്പത്തായി ചാവറയച്ചൻ പരിണമിപ്പിച്ചു."

യൊരു സാഹചര്യത്തിലാണ് സാമുദായിക, സാമൂഹ്യ, ദേശീയ നവോത്ഥാന, സ്വപ്നങ്ങളുടെ സാക്ഷാത്ക്കാരത്തിലേക്ക് ചാവറയച്ചൻ നടന്നു കയറിയത്. കേരള കത്തോലിക്കരുടെ ആദ്യത്തെ പ്രസ്സ് നാടിന്റെ ദേശീയതയുടെ കൂടെ ഭാഗമായത് അത്ഭുതകരമായിരിക്കുന്നു. ചാവറയച്ചന്റെ 'വാഴത്തട വിപ്ലവം' ദേശീയതയുടെയും നവോത്ഥാനത്തിന്റെയും ആധുനികത്വത്തിന്റെയും ഭാഗമായത് ഒരു പുനർവായനയിലൂടെയാണ്. അതിന് ജലവും വളവുമായിത്തീർന്ന എഴുത്തുകൾ സാംസ്ക്കാരിക നായകരുടെയും ദേശീയ ചിന്തകരുടെയും പക്ഷത്തു നിന്ന് ഉണ്ടായി. ഉദാഹരണത്തിന് പി.കെ. രാജശേഖരന്റെ 'ബുക്സ്റ്റാൾജിയ' എന്ന പുസ്തകത്തിൽ 'വാഴത്തട വിപ്ലവം'. ചാവറയച്ചനും കേരളീയ മുദ്രണപാരമ്പര്യവും (പേജ് 77-106) എന്ന സാമാന്യം വലിപ്പം ഏറിയ ഒരദ്ധ്യായം തന്നെ കൊടുത്തിരിക്കുന്നു. ചാവറയച്ചന്റെ മുദ്രാലയ യാത്രകളുടെ വേറിട്ട ഒരനുഭവം രാജശേഖരൻ ഈ പുസ്തകത്തിലെ പരിമിതമായ പേജുകളിലൂടെ പങ്കു വയ്ക്കുന്നു. ചാവറയച്ചൻ 1844ൽ തിരുവന്തപുരത്തേക്ക് നടത്തിയ മുദ്രാലയ യാത്രയുടെ ഓർമ്മയ്ക്കുവേണ്ടി (2016) തിരുവനന്തപുരം പ്രസ്സ് ക്ലബ്ബിൽ സംഘടിപ്പിച്ച 'വാഴത്തട വിപ്ലവം' എന്ന സെമിനാറിൽ ഇങ്ങനെ പറയുക പോലും ചെയ്തു. 'ഒരു പുസ്തക വായനക്കാരന്റെ ഗൃഹാതുരത്വങ്ങൾ നിറഞ്ഞ ബുക്സ്റ്റാൾജിയ' എന്ന പുസ്തകത്തിൽ ചാവറയച്ചനുവേണ്ടിയാണ് ഞാൻ ഏറ്റവും കൂടുതൽ പേജുകൾ നൽകിയിരിക്കുന്നത്. രാജശേഖരൻ വെച്ചുകെട്ടുകളില്ലാതെ വാഴത്തടയിൽ രൂപം കൊണ്ട സ്വദേശി പ്രസിനെക്കുറിച്ച് വിവരിക്കുന്നു.

അച്ചകത്തെക്കുറിച്ച് കേട്ടുകേൾവിയില്ലാത്ത കാലം. പ്രസ്സ് കാണാനോ അതിന്റെ പ്രവർത്തനങ്ങൾ മനസ്സിലാക്കുന്നതിനോ ഉള്ള അവസരങ്ങൾ ചാവറയച്ചന് ഉണ്ടായിട്ടില്ല. അക്ഷരവും മഷിയും കടലാസും മുദ്രണവും പുസ്തകവും സ്വപ്നമായിരുന്ന കാലത്ത് അത് സൃഷ്ടിക്കുന്ന അറിവിന്റെ അത്ഭുത പ്രപഞ്ചം ചാവറ പിതാവിന്റെ ഭാവനയിൽ അങ്കുരിച്ചിരുന്നിരിക്കാം. 'ചിങ്ങം മുതൽ പുസ്തകം അടിപ്പാനുള്ള വേലയ്ക്ക് പ്രത്യേകംമനസ്സു വെച്ചു തുടങ്ങി' എന്ന ചാവറയച്ചന്റെ വാക്കുകൾ അർപ്പണ മനോഭാവത്തിന്റെ തികവായിരുന്നു.

കാലിടറാതെ, മനസ്സു മടുക്കാതെ ദാരിദ്ര്യത്തിന്റെ ജീർണ്ണത വക വയ്ക്കാതെ ചാവറയച്ചൻ നടത്തിയ അക്ഷരങ്ങളുടെ അച്ചടിയുടെ അന്വേഷണ യാത്രയുടെ പരിണതഫലമായിരുന്നു മാന്നാനത്തെ തദ്ദേശിയമായ യൗസേപ്പിന്റെ അച്ചു കൂടം. ക്ലേശപൂർണ്ണമായ മുദ്രണ യാത്രയുടെ അനുഭവ കഥ നാളാഗമങ്ങളിലൂടെയും ചരിത്രത്തിലൂടെയും ചുരുളഴിയുന്നു. പ്രസ്സ് സംബന്ധമായ ആദ്യ നീക്കം 1843 കർക്കിടകം (ആഗസ്റ്റ്)



യോഹൻ ഗുട്ടെൻ ബെർഗ് മയിൻസ്

മാസത്തോടെ നടന്നെങ്കിലും മൂലധനത്തിന്റെ കുറവു കാരണം ഈ വിഷയത്തിൽ കാര്യമായ പുരോഗതി ഉണ്ടായി കണ്ടില്ല. 1843 വൃശ്ചികം (ഡിസംബർ) 27-ാം തീയതി ആലപ്പുഴ കപ്പമാവും മൂട്ടിൽ മറിയം 12,000 ചക്രം മാന്നാനം ആശ്രമത്തിനു നൽകി. ആ മൂലധനത്തിന്റെ പിൻബലത്തിൽ പ്രസ് നടത്തിയെടുക്കാനുള്ള ഉൽക്കടമായ ആഗ്രഹവും, അതിനുള്ള പരിശ്രമവും ത്വരിതഗതിയിലാക്കി. പലരിൽ നിന്നു കേട്ട അറിവോടുകൂടിയും, കണ്ടിട്ടുള്ളവരോടു പലരോടും ചോദിച്ചുമാണ് പണികൾ നടത്തിയിരുന്നത്. (നാളാഗമങ്ങൾ 1981 പുറം) പ്രസ്സ് കണ്ടവരിൽ ഒരാൾ തോപ്പിൽ ഇക്കോച്ചനായിരുന്നുവെന്നും അദ്ദേഹത്തിൽ നിന്ന് ചാവറപ്പിതാവ് അച്ചടിയെ കുറിച്ചുള്ള അറിവുകൾ തേടിയിരുന്നുവെന്നും ഇക്കോച്ചന്റെ ജീവചരിത്രകാരൻമാർ അഭിപ്രായപ്പെടുന്നു. തോപ്പിൽ ഇട്ടിക്കുരുവിള (ഇക്കോച്ചൻ) ചാവറയച്ചന്റെ അടുത്ത ബന്ധുവും സമപ്രായക്കാരനും അഭിജ്ഞനുമായിരുന്നു. ഇക്കോച്ചനുമായി തന്റെ ആഗ്രഹം ചർച്ച ചെയ്തിട്ടുണ്ടാവണം. ഈ ചർച്ചയുടെ ഫലമായിട്ടാവും രണ്ടുപേരുംകൂടി സി.എം.എസ്സ് (CMS) പ്രസ്സിൽ വിവര ശേഖരം നടത്താൻ പോയത്. കണ്ടവരോടു പലരോടും ചോദിച്ചുവെന്നു ചാവറയച്ചൻ പറയുന്നവരിൽ പ്രമുഖ സ്ഥാനം ഇക്കോച്ചനുണ്ടായിരുന്നു. ഇക്കോച്ചന്റെ അമ്മവീട് നിരണത്ത് ഇലഞ്ഞിക്കലായിരുന്നു. (യാക്കോബായ സമൂഹത്തിലെ അംഗം). കോട്ടയത്തെ സി.എം.എസ് കാർക്ക് യാക്കോബായക്കാരോടുള്ള അടുപ്പവും അനുഭാവവും മുൻനിർത്തി ഇലഞ്ഞിക്കൽക്കാരുടെ സ്വാധീനം ഉപയോഗിച്ച് ഇക്കോച്ചന് സി.എം.എസ് പ്രസ്സ് കാണുവാനും അതിന്റെ പ്രവർത്തനങ്ങൾ മനസ്സിലാക്കുവാനും കഴിഞ്ഞിരിക്കണം. ഈ അറിവ് സഹോദരനായ



മയിൻസിലെ അച്ചടിയുടെ മ്യൂസിയ സമുച്ചയം

ചാവറയച്ചന് കൈമാറിയെന്നാണ് സൂചന. (കർമ്മലകുസുമം ജനുവരി 2012 P8). ചാവറയച്ചന്റെ തിരുവനന്തപുരത്തെ യാത്രയെക്കുറിച്ച് ചരിത്രസംക്ഷേപത്തിൽ വ്യക്തമാക്കുന്നതിങ്ങനെ (ബർണാദച്ചൻ പുറം 27). മുട്ടുചിറപ്പറമ്പിൽ പൗലോസച്ചനോടു കൂടി യാത്ര ചെയ്ത് തിരുവനന്തപുരത്ത് എത്തി, ഗവൺമെന്റ് പ്രസ്സിലെ ചില കത്തോലിക്കരായ ജോലിക്കാരുടെ സഹായത്തോടുകൂടി പ്രസ്സും പ്രവർത്തനങ്ങളും മനസ്സിലാക്കി, തിരികെ വന്നശേഷം ബഹു. പൗലോസച്ചന്റെ സഹായത്താൽ വാഴപ്പിണ്ടികൊണ്ട് പ്രസ്സിന്റെ മാതൃകയുണ്ടാക്കി, ഒരു വിദഗ്ദനായ ആശാരിയെ കാണുകയും അയാൾ മരം കൊണ്ട് പ്രസ്സുണ്ടാക്കുകയും ചെയ്തുവെന്ന് ബഹു. മാളിയപ്പുരയ്ക്കൽ മത്തിയാസച്ചൻ രചിച്ച ചാവറയുടെ (മലബാർ സഭയുടെ വീരസന്താനം പുറം42) ജീവചരിത്രത്തിൽ വിവരിക്കുന്നു. മാന്നാനത്ത് ആദ്യകാലത്തെ പ്രിന്ററായിരുന്ന കുര്യനെക്കുറിച്ച് ബർണ്ണാർദച്ചൻ (പുറം.27) രേഖപ്പെടുത്തിയിരിക്കുന്നു. പ്രസ്സിന്റെ പണികൾ അവസാനഘട്ടത്തിലേക്ക് കടക്കുമ്പോഴും പ്രസ്സുമായി ബന്ധപ്പെട്ട മറ്റ് അനുസാരികൾ അടുപ്പിക്കുന്നതിലേക്കുള്ള ക്ലേശങ്ങൾ പിന്നെയും ബാക്കിയാകുന്നു. അക്ഷരങ്ങളും അക്ഷരങ്ങളുണ്ടാക്കുന്ന ഈയവും പേപ്പറുംമഷിയും തന്നെ.

നാളാഗമത്തിലെ മൂന്നാമത്തെ പരാമർശം പ്രസ്സിന്റെ കാര്യം പ്രമാണിച്ച് തങ്കശ്ശേരിയിലേക്കു നടത്തിയ യാത്രയായിരുന്നു. തങ്കശ്ശേരിയിലെ വികാരിയായിരുന്ന ഫാദർ മാനുവൽ റൊസാരിയോ ഇടക്കൊച്ചിക്കാരനായിരുന്നു. ഫാദർ റൊസാരിയോയുടെ നിർദ്ദേശപ്രകാരം തങ്കശ്ശേരിയിലുള്ള ദലഗാദ് മൂപ്പച്ചനുമായി പ്രസ്സിനെക്കുറിച്ച് സംസാരിച്ചതും അദ്ദേഹം പ്രത്യേകം താൽപ്പര്യം കാണിച്ച് പുതുച്ചേരി, മദ്രാസ് ഇവിടങ്ങളിൽ നിന്ന് പ്രസ്സും കടലാസും മഷിയും മറ്റും വരുത്തുവാൻ പരിശ്രമിച്ചതും, പിന്നീട് സാമ്പത്തിക ഞെരുക്കം കാരണം ഉപേക്ഷിച്ചതും ചരിത്രം സാക്ഷിക്കുന്നു. തുടർന്ന് ആലപ്പുഴയ്ക്കു പോയി കടലാസ്, മഷി, ഈയം എന്നിവ വരുത്തുന്നതിന് ഇലഞ്ഞിക്കൽ ചെറിയാൻ കുഞ്ഞും, വൈക്കത്തുകാരൻ കൊച്ചു പൗലോസും സഹായിച്ച വിവരം നാളാഗമത്തിൽ


ചാവയച്ചൻ രൂപ കല്പന ചെയ്ത മരപ്രസ്

വിവരിക്കുന്നു. അതേ തുടർന്ന് 1844 കന്നി (സെപ്റ്റംബർ) മാസത്തിൽ ചരക്കു വരികയും ശ്രീ ചെന്നക്കാട്ടു തൊമ്മന്റെ സഹായത്താൽ ഞാനും കാഞ്ഞിരപ്പള്ളിയിലച്ചനും കൂടി വാങ്ങിക്കൊണ്ടു പോരുകയും ചെയ്തു. (നാളാഗമങ്ങൾ 1981 പുറം 43) എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. 1846 ജൂലൈ മാസത്തിൽ കൊട്ടാരത്തിൽ നിന്നു വേണ്ട അനുവാദങ്ങൾ ലൂദവിക്കോസ് മെത്രാൻ, റസിഡൻസ് കല്ലൻ സായിപ്പു വഴി വാങ്ങിച്ചു കൊടുത്തതു കൂടാതെ റോമായിൽ നിന്ന് അനുമതികളും എഴുതി വരുത്തുകയുണ്ടായി. (ജീവചരിത്രം പുറം 92). മാന്നാനം അച്ചടിശാലയിൽ മുദ്രണം ആരംഭിക്കുന്നതിനു മുൻപ്, മലയാളത്തിൽ പ്രാർത്ഥനപ്പുസ്തകങ്ങൾ ഉണ്ടായിരുന്നില്ല. അന്നുള്ളവർ തമിഴ് പുസ്തകങ്ങളാണ് ഉപയോഗിച്ചിരുന്നത്. ചാവറയച്ചൻ ഉണ്ടാക്കിയ അച്ചടിശാല അന്നത്തെ കേരളത്തിലെ അഞ്ചാമത്തെ അച്ചടിശാലയായിരുന്നു. വിശുദ്ധ ചാവറയച്ചൻ പണികഴിപ്പിച്ച മരപ്രസ്സ്, കാലഘട്ടത്തിന്റെ കാവലായി ഇന്നും മാന്നാനത്ത് സൂക്ഷിക്കപ്പെടുന്നു. കേരളത്തിൽ കത്തോലിക്കാ സാഹിത്യപ്രസ്ഥാനത്തിന്റെ പ്രധാന ഈറ്റില്ലമായി മാന്നാനം അച്ചുകൂടം മാറ്റപ്പെട്ടു. നിരവധി ജപപ്പുസ്തകങ്ങൾ, 'ജ്ഞാനപീയൂഷം', (1847) നസ്രാണി ദീപിക, കർമ്മലകുസുമം മുതലായ പ്രസിദ്ധീകരണങ്ങൾ വഴി സമുദായത്തിനും സമൂഹത്തിനും കൈവന്ന ഉന്നതി വിസ്മരിക്കാവുന്നതല്ല. 1937 ഏപ്രിൽ 15ന് നസ്രാണി ദീപികയുടെ സുവർണ്ണ ജൂബിലി അവസരത്തിൽ വി. സി. ജോർജ്ജ് പ്രസ്താവിച്ചത് ഇങ്ങനെയാണ്. ഭാഷാ പത്രങ്ങളുടേയും കത്തോലിക്കാ പ്രസിദ്ധീകരണങ്ങളുടെയും ഇടയിൽ ദീപികയ്ക്കുണ്ടായിട്ടുള്ള ഗണനീയവും, പ്രാമാണ്യയുക്തവുമായ സ്ഥാനത്തെക്കുറിച്ച് ഊഹിക്കാൻ പോലും കഴിയുന്നില്ല. (ദീപിക 1937 ഏപ്രിൽ 15) പുണ്യ ശ്ലോകനായ കുര്യാളശ്ശേരി മെത്രാൻ തിരുമനസ്സുകൊണ്ട് എഴുതിയിട്ടുള്ളത് സ്മരണീയമത്രെ. 'കേരളീയ കർമ്മലീത്താ സഭാവല്ലിയിൽ നിന്ന് കേരളത്തിൽ പൊഴിഞ്ഞിട്ടുള്ള പല സുഗന്ധപുഷ്പങ്ങളിൽ ഒട്ടും അപ്രധാനമല്ലാത്ത ഒന്നാകുന്നു 'കർമ്മലകുസുമം'. ഭക്തിപ്രവർത്തകങ്ങളായ പല നല്ല ഫലങ്ങൾ ഈ കർമ്മലകുസുമത്തിൽ നിന്ന് പുറപ്പെട്ടിട്ടുണ്ട്. എന്നാൽ ഇപ്പോൾ പുറപ്പെട്ടു തുടങ്ങിയിരിക്കുന്ന 'ഗ്രന്ഥാവലി' ഇതിലൊക്കെയിലും അതിവിശിഷ്ടമായ ഒരു ഫലമായി നാം പരിഗണിക്കുന്നു'. (കുസുമഗ്രന്ഥാവലി നമ്പർ 10)

ഈ കോവിഡ് കാലത്ത് ആഘോഷങ്ങളില്ലാതെ മാന്നാനം അച്ചുകൂടത്തിന്റെ ശതോത്തര വജ്രജൂബിലി കടന്നു പോകുന്നു. ദേശീയമായി ഒരു മുദ്രാലയത്തിന് രൂപവും ഭാവവും നൽകാൻ ചാവറയച്ചനെ പ്രേരിപ്പിച്ച ജൈവപരമായ സ്വത്വപരത, മൂലധനത്തിന്റെ ശോഷണമായിരുന്നു. നാളാഗമത്തിൽ ചാവറയച്ചൻ തന്നെ പറയുന്നു "ദ്രവ്യ ചുരുക്കത്താൽ മടുത്തു ക്ലേശിച്ചു എന്ന്". പണം ഏറെയുണ്ടായിരുന്നെങ്കിൽ തിരുവിതാംകൂറിലെ രാജാവിനെപ്പോലെയോ സി.എം.എസ്(കോട്ടയം) എൽ.എം.എസ്(നാഗർകോവിൽ) ഹെർമ്മൻ ഗുണ്ടർട്ട് (തലശേരി) എന്നിവരെപ്പോലെയോ ജർമ്മനിയിൽ നിന്ന് ഒരു പ്രസ്സും അതിന്റെ ജംഗമ വസ്തുക്കളും ഇറക്കുമതി ചെയ്യുന്നതിലേക്ക് ചിന്തിക്കുമായിരുന്നു. ആ വഴിക്കു തിരിയാൻ പലരിൽ നിന്നും സമ്മർദ്ദങ്ങളുണ്ടായി എന്നതിന് തെളിവുകൾ നാളാഗമങ്ങളിൽ കാണാം. ദാരിദ്ര്യവും ദാരിദ്ര്യത്തിന്റെ അടയാളവും (വാഴത്തട) സമ്പത്തായി ചാവറയച്ചൻ പരിണമിപ്പിച്ചു. സ്വന്ത നാട്ടുകാരുടെ വിഭവശേഷി (Human Resource) ഉപയോഗിക്കാനുള്ള ചാവറയച്ചന്റെ ഉറച്ചു നിൽപ്പ്, നിഷേധിക്കപ്പെട്ട യൂറോപ്യൻസാങ്കേതിക വിദ്യയ്ക്ക് പകരമോ അതിലുപരിയോ ആയിരുന്നു. ശിവരാമനും, കുര്യനും, കൊച്ചീക്കാരൻ ജൂതനും, കല്ലുങ്കൽ നീലാണ്ടനും, പഴുക്കാച്ചനും, അങ്ങനെ ഒരു പറ്റം അജ്ഞാതരായ നിർമ്മാണ സഹായികളുടെ പേരുകൾ ചാവറയച്ചന്റെ അച്ചുകൂടം എന്ന കഥയുടെ വെള്ളിത്തിരയിൽ മിന്നി മറയുന്നു.

അച്ചടി യന്ത്രത്തിന്റെ കണ്ടുപിടുത്തം, ആധുനികത്വം സാധ്യമാക്കിയ സാങ്കേതികതയായിരുന്നു. യൂറോപ്പിലെ ജർമ്മനിയിൽ മയിൻസ് (Mains) കാരനായ യോഹൻ ഗുട്ടെൻബർഗ് (1395) ആണ് അച്ചടിയുടെ പിതാവായി(1436)അറിയപ്പെടുന്നത്. ജർമ്മനിയിലെ മയിൻസിൽ ഗുട്ടെൻബർഗിന്റെ നാമത്തിൽ അച്ചടിയുടെ



ചാവറയച്ചൻ രൂപകല്പന ചെയ്ത മരപ്രസിൽ
നിന്ന് രൂപം കൊണ്ട മെറ്റൽ പ്രസ്

വികാസ പരിണാമങ്ങളെക്കുറിച്ചുള്ള ഒരു മ്യൂസിയം കത്തീഡ്രൽ ദേവാലയത്തിന്റെ എതിർവശത്ത് ആകർഷകമായിട്ടുള്ള മൂന്നു നില കെട്ടിട സമുച്ചയത്തിൽ പ്രവർത്തിക്കുന്നു. ഒരിക്കൽ ജർമ്മനി സന്ദർശിക്കാൻ അവസരം കിട്ടിയപ്പോൾ മയിൻസിൽ പോയി മൂന്നു മണിക്കൂർ സുഹൃത്തുക്കളോടൊപ്പം ഈ മ്യൂസിയത്തിൽ ചിലവഴിച്ചത് ഓർക്കുന്നു. അവിടെ ഏറ്റവും ആകർഷകമായത് ഇപ്പോഴും ഗുട്ടെൻബർഗ് നിർമ്മിച്ച പ്രസ്, പ്രവർത്തന സജ്ജമാണ് എന്നുള്ളതാണ്. പ്രവേശന കവാടത്തിന് അടുത്തു തന്നെ ഒരു ഗ്യാലറിയിൽ, അവിടെ കൂടുന്ന ആളുകളെ ബാച്ചുകളാക്കി ഗാലറിയിൽ പ്രവേശിപ്പിച്ച്, എൺപതിലേറെ പ്രായമുണ്ടെന്നു തോന്നുന്ന ഒരു അച്ചുകൂട തൊഴിലാളി 1436കളിലെ അച്ചുകൂടത്തിന്റെ പ്രവർത്തനം കാണിക്കുന്നു. ഓരോ ഷോയും കഴിയുമ്പോൾ കാഴ്ചക്കാർക്ക്, യോഹൻ ഗുട്ടെൻ ബർഗ് ആദ്യം അച്ചടിച്ചു എന്നു പറയപ്പെടുന്ന ബൈബിൾ ഭാഗങ്ങൾ, അലങ്കാര അക്ഷര (Ornamental Letters)ത്തിൽ പ്രിന്റു ചെയ്തതാവശ്യപ്പെട്ട് കൈ നീട്ടുന്നവർക്ക് ചൂടപ്പം പോലെ കൊടുക്കുന്നു. ഞാനും ഒരെണ്ണം കൈ നീട്ടി കരസ്ഥമാക്കി. ഞങ്ങൾ സുഹൃത്തുക്കൾ എല്ലാവരും കൂടി, ചാവറയച്ചൻ ഒപ്പിയെടുത്ത ഗൂട്ടെൻ ബർഗിന്റെ അച്ചുകൂടത്തിന്റെ അരികിൽ നിന്ന്, ഒരു കാലഘട്ടത്തിന്റെ ജീവിക്കുന്ന പ്രതീകമായ ആ പ്രായം ചെന്ന തൊഴിലാളിക്കൊപ്പം, വാട്സ് ആപ്പിൽ ഒരു ഫോട്ടോ എടുക്കാനും മറന്നില്ല. അദ്ദേഹത്തിന്, ചാവറയച്ചനോടൊപ്പം പ്രിന്റിംഗ് ജോലിയിൽ ഉണ്ടായിരുന്ന ആരാലും അറിയപ്പെടാത്ത കുര്യൻ ചേട്ടന്റെ രൂപഭാവങ്ങളുണ്ടോ? എന്ന സംശയം ആരോ പ്രകടിപ്പിച്ചു. പാന്റ്സും ഉടുപ്പും കോട്ടും ടൈയും ഷൂസും ഒക്കെ ധരിപ്പിക്കണം എന്നു മാത്രം. മ്യൂസിയത്തിന്റെ അകക്കാഴ്ചകൾ കണ്ട് ഇറങ്ങിയപ്പോൾ ഉച്ചകഴിഞ്ഞ് രണ്ടുമണി. പുറത്ത് കസേരയും മേശയും സജ്ജീകരിച്ചിരിക്കുന്ന ഒരു റസ്റ്റോറന്റിലേക്ക് ഞങ്ങൾനടന്നു. ഭക്ഷണം കഴിക്കാനിരുന്നു. ഭക്ഷണം കഴിച്ചു കൊണ്ടിരിക്കുമ്പോഴും ഞങ്ങളുടെ സംസാരം മയിൻസിലെ മ്യൂസിയം ആയിരുന്നു. ഒരു ദേശത്തിന്റെ അച്ചടിയുടെ ചരിത്രവഴിയിൽ, വേറിട്ട വഴി വെട്ടിയ ചാവറയച്ചന്റെ നാമത്തിൽ ഒരു അച്ചടി മ്യൂസിയം ഉണ്ടാക്കേണ്ടതിന്റെ ആവശ്യം സുഹൃത്തുക്കൾ പങ്കു വെച്ചു. മയിൻസിലെ ഗുട്ടെൻബർഗിന്റെ അച്ചടി യന്ത്രത്തിനും, ചാവറയച്ചന്റെ മാന്നാനത്തെ മരപ്രസിനും സാമ്യതകളേറെയുണ്ട്. ഇരട്ടകളാണെന്നേ തോന്നൂ. ചാവറയച്ചൻ ഈ ദേശത്തിന്റെ ഗുട്ടൻബർഗോ? മാന്നാനത്തിന്റെ സ്വത്തരൂപമായ മരപ്രസ് കാലഘട്ടങ്ങൾക്ക് ഓർമ്മയിൽ സൂക്ഷിക്കാൻ, അച്ചടിയുടെ ചരിത്രം പേറുന്ന ഒരു മ്യൂസിയത്തിലൂടെയാണെങ്കിലും അവസരം ഉണ്ടാവണം. മാന്നാനത്തിന്റെ അഭിമാനമാണത്.

കേരളത്തെ 19-ാം നൂറ്റാണ്ടിൽ ആധുനികത്വത്തിലേക്കു നയിച്ച വാതായനമായ ജംഗാമാച്ചുകൾ (Movable Types) ഉപയോഗിച്ചുള്ള അച്ചടിവിദ്യ അന്യം നിന്നു. ലെറ്റർപ്രസ്സ് കണ്ടിട്ടുള്ളവർ തന്നെ ചുരുങ്ങും. ഡിജിറ്റൽ യുഗത്തിന്റെ സന്തതികളായ ഈ തലമുറയിലുള്ളവർക്ക് 'അച്ചുകൊത്തി' എന്ന പേരു കേൾക്കുമ്പോൾ അത്ഭുതം തോന്നും. ഗുട്ടൻ ബർഗിന് മൂന്നു നൂറ്റാണ്ടു കഴിഞ്ഞാണ് മലയാളത്തിൽ ജംഗമാച്ചുകൾ ഈയ്യത്തിൽ രൂപം കൊണ്ടത്. ആദ്യത്തെ മലയാള പുസ്കതമായ 'സംക്ഷേപ വേദാർത്ഥം' ലെറ്റർ പ്രസിൽ അച്ചടിക്കപ്പെട്ടത് റോമിലാണെന്ന് കെ.എം.ഗോവി നിരീക്ഷിക്കുന്നു. (മലയാള ഗ്രന്ഥ സൂചി 1970-95). വാമൊഴിയിൽ നിന്ന് വരമൊഴിയിലേക്കും പിന്നെ കടലാസിലേക്കും കാര്യങ്ങൾ മാറ്റപ്പെടുന്ന സാമൂഹ്യ വിപ്ലവം ഒ.ചന്തുമേനോന്റെ ഇന്ദുലേഖ എന്ന നോവലിൽ, (ചന്തു മേനോൻ.ഒ.1890 ഇന്ദുലേഖ പു.81) കഥാപാത്രങ്ങളിലൂടെ വിവരിക്കുന്നു. ഇന്നു കാണുന്ന സെന്റ് ജോസഫ് അച്ചു കൂടത്തിന്റെ കെട്ടിടം 1917ൽ പണി തീർത്തതാണ്. ശ്രീമൂലം രാജാവിന്റെ രജതജൂബിലി സ്മാരകമായി ഇത് നില കൊള്ളുന്നു, ഭാവിയിൽ എന്തിനൊക്കെയോ വേണ്ടി കൊതിക്കുന്നതുപോലെ. ജർമ്മനിയിലുള്ള മയിൻസിലെ അച്ചടിയുടെ ചരിത്രം പേറുന്ന മ്യൂസിയം പോലെ ഒരു മ്യൂസിയം തന്നെ ആകട്ടെ എന്ന് നമുക്ക് ആശംസിക്കാം. അച്ചടിയുടെ ചരിത്രവും വിജ്ഞാനിയവും ഡിജിറ്റൽ തലമുറയ്ക്ക് കൈമാറാൻ മറ്റൊരു മാർഗ്ഗമില്ല.

# ചാവറയച്ചൻ എന്നിലേയ്ക്ക് പാലം പണിയും പോലെ'

**ഇടയനാടകകളരി**



**ചാവറയച്ചനെക്കുറിച്ച് നാടകാചാര്യനായ കാവാലം പറഞ്ഞ വാക്കുകൾ വെറും പാഴ്‌വാക്കുകളല്ല. "ചാവറയച്ചൻ എന്നിലേയ്ക്ക് പാലം പണിയുന്നതു പോലെ" അത്രയധികം നാടകത്തിന്റെ ജൈവതാളം അവരെ തമ്മിൽ ഒരുമിപ്പിച്ചിരുന്നു.**

ഏതാനും വർഷം മുമ്പ് ഏതാണ്ട് ഇതേ സമയത്ത് തൃക്കണ്ണാപുരത്തിന് പോയത്, 'ശ്രീ കാവാലം നാരായണപ്പണിക്കർ കാലയവനികയ്ക്ക് പിന്നിൽ മറഞ്ഞു' എന്ന വാർത്ത കേട്ടപ്പോൾ അറിയാതെ ഓർമ്മിച്ചു പോയി. സംഗീത നാടക അക്കാഡമിയുടെ വൈസ്പ്രസിഡന്റായ ശ്രീ.ടി.എം. എബ്രഹാം എനിക്കുവേണ്ടി ഒരു സന്ദർശനാനുമതി അദ്ദേഹത്തിൽ നിന്നും തരപ്പെടുത്തി. ഇവർ ഇരുവരും അത്രകണ്ട് സ്നേഹിതരായിരുന്നു. എന്റെ യാത്രയുടെ ഉദ്ദേശ്യം മറ്റൊന്നുമായിരുന്നില്ല. വിഴിഞ്ഞത്ത് ഇടയനാടകക്കളരി, അരങ്ങിൽ അവതരിപ്പിക്കാൻ ചിട്ടപ്പെടുത്തിയ, വിശുദ്ധ ചാവറയച്ചന്റെ ഇടയനാടക (എക്ലോഗ്) ങ്ങളിൽ ഒന്നായ'സുഭാഷിതം' തിരിതെളിച്ച് ഉദ്ഘാടനം ചെയ്യാൻ ശ്രീ കാവാലം നാരായണപ്പണിക്കരെ ക്ഷണിക്കണം.

എനിക്ക് അനുവദിച്ച സമയത്തിന് തന്നെ കൃത്യമായി എത്തി, ഞാൻ വീടിന്റെ വഴിയോരത്ത് നിൽക്കുമ്പോഴുണ്ട് അദ്ദേഹം ഭാര്യയുമൊത്ത് കാവാലത്ത് പോയി തിരികെ വന്ന് വീട്ടിലേയ്ക്ക് കയറുന്നു. ഞാൻ ഒട്ടും വൈകാതെ സന്ദർശനമുറിയുടെ വാതിൽക്കലെത്തി. തൂവെള്ള വസ്ത്രധാരിയായ എന്നോട് തനിനാടൻ രീതിയിൽ "അച്ചൻ എവിടുന്നാ? വിഴിഞ്ഞത്തുനിന്ന് ഓ.ടി.എം പറഞ്ഞിരുന്നു" അദ്ദേഹം മേശപ്പുറത്തുനിന്ന് ഡയറി എടുത്തു, പേജുകൾ മറിച്ചു. ടി.എം.എബ്രഹാം വിളിച്ചപ്പോഴേ അദ്ദേഹം

അടയാളപ്പെടുത്തിയിരിക്കുന്നു. എങ്കിലും എന്തോ കുത്തിക്കുറിച്ച് ഡയറി അടച്ചു. അദ്ദേഹം ആത്മഗതമെന്ന വണ്ണം എന്നോട് പറഞ്ഞു. 'ഞാൻ വരും. പാരമ്പര്യ പ്രൗഢിയുള്ള ഇടയനാടകത്തിന്റെ അവതരണം കാണാൻ ഒരു ഔൽസുക്യം'. ചാവറയച്ചന്റെ ഇടയനാടകങ്ങളെക്കുറിച്ച് ഒട്ടും മോശമല്ലാത്ത ഒരു പഠനം നടത്തി, ടി.എം. പറഞ്ഞിട്ട് കൊടുത്തു കഴിഞ്ഞു, സാഹിത്യ അക്കാഡമിക്ക്. അടുത്തുതന്നെ ചാവറയച്ചൻ എഴുതിയ അഞ്ച് ഇടയനാടകങ്ങളോടൊപ്പം പ്രകാശനം ചെയ്യുന്നു എന്നറിഞ്ഞു. ഇടയനാടകവഴിയെ വിശുദ്ധ ചാവറയച്ചനെ അറിയാൻ കഴിഞ്ഞത് ഒരേ ദേശക്കാരൻ എന്നനിലയിൽ വലിയ ഭാഗ്യമായി. "എന്നിലേയ്ക്ക് അദ്ദേഹം പാലം പണിയുമ്പോലെ."

പിന്നെ കുറച്ചു സമയം തനി കുട്ടനാടൻ വർത്തമാനം പറഞ്ഞിരുന്നു. ഞങ്ങൾ തമ്മിലുള്ള അകലം കുറയ്ക്കാൻ വേണ്ടി ഞാൻ പറഞ്ഞു. "ഈശ്വര സേവനത്തിന്റെ തുടക്കം സാറിന്റെ നാടി നടുത്തുള്ള പുളിങ്കുന്നിലായിരുന്നു." പുളിങ്കുന്ന് എന്ന് കേട്ടപ്പോൾ അദ്ദേഹത്തിന്റെ സ്വരഭാവങ്ങൾ ദൃഢീഭവിച്ചു. അച്ചാ.സി.എം.ഐ വൈദികരു നടത്തുന്ന സെന്റ് ജോസഫിലാണ് എന്റെ സ്ക്കൂൾ ജീവിതം.കാവാലത്ത് നിന്ന് വളവര വെച്ച വള്ളത്തേൽ ഊന്നൽക്കാരന്റെ സഹായത്തോടു കൂടി സ്ക്കൂളിൽ എത്തും. ഉച്ചയൂണ് മാളിയംപുരയ്ക്കൽ നസ്രാണി തറവാട്ടിൽ നിന്ന്, അതൊക്കെ ഓർമ്മകൾ മാത്രം. ഇതിനിടയ്ക്ക് സാറിന്റെ ഭാര്യ ശാരാദാമണിയമ്മ കൊണ്ടു വന്ന ഒരു ചൂടൻ ചായ കുടിച്ച്, നെഞ്ചിൽ തൊട്ട് നമസ്കാരവും പറഞ്ഞ് പടിയിറങ്ങി. രണ്ടു പടി ഇറങ്ങി കഴിഞ്ഞപ്പോൾ ശ്രീ. കാവാലം എന്നെ വിളിച്ച്, അച്ചാ അച്ചനൊരുനാടകക്കമ്പക്കാരനല്ലേ സമയം അനുവദിക്കുമെങ്കിൽ എന്റെ നാട്യഗൃഹമായ സോപാനം ഒന്നു സന്ദർശിക്കാം. എന്റെ മുഖത്തെ ചോദ്യലക്ഷണം കണ്ട് ശ്രീ കാവാലം തുടർന്നു. ശ്രീ ടി.എം.എന്നോട് പറഞ്ഞു, അച്ചൻ ഉണ്ടാക്കിയ ചാവറ കലാനിലയത്തിന് വേണ്ടി മദർ തെരേസയുടെ ജീവിതം 'മദർ' എന്ന പേരിൽ ടി.എം. നാടകമാക്കിയതും എടത്വായിൽ ഉദ്ഘാടനത്തിനായി അഭിവന്ദ്യ ബിഷപ്പ് പവ്വത്തിലും അന്ന് മന്ത്രി ആയിരുന്ന ശ്രീ.പി.ജെ. ജോസഫുമൊക്കെ എത്തിയതും വേദിയിൽ ടി.എം. ഗദ്ഗദകണ്ഠനായി സംസാരിച്ചതും മറ്റും. അതും ഒരു പെരുമഴയത്ത്. ഒരു നിമിഷം നാടകാചാര്യൻ കാവാലം നാരായണപ്പണിക്കരുടെ മുമ്പിൽ നമ്ര ശിരസ്കനായി നിന്നു. അദ്ദേഹം തന്ന ഈ അംഗീകാരത്തിനും, ബഹുമാനത്തിനും നന്ദി പറയാൻ. ഇത്രയും പറഞ്ഞു കഴിഞ്ഞപ്പോൾ സോപാനം പ്രവർത്തകർ രണ്ടു പേരെത്തി അവരോടൊപ്പം സോപാനം തിടുക്കത്തിൽ കണ്ടു. ഒരു ആചാര്യനെ കണ്ടു എന്ന ഭാവം എനിക്കിപ്പോഴും ആ കൂടിക്കാഴ്ച സമ്മാനിക്കുന്നു. കാവാലം കാലയവനികയ്ക്കുള്ളിൽ മറഞ്ഞു എന്നു കേട്ടപ്പോൾ 'ചാവറയച്ചൻ എന്നിലേയ്ക്ക് പാലം പണിയുമ്പോലെ.' എന്നതിന്റെ പൊരുളിനെക്കുറിച്ച് അന്വേഷണം നടത്താൻ മനസ് എന്നെ വല്ലാതെ ആവേശം കൊള്ളിച്ചു. ചാവറയച്ചന്റെ ഇടയനാടകങ്ങളെക്കുറിച്ചുള്ള പുസ്തകം സാഹിത്യ അക്കാഡമി പ്രകാശനം ചെയ്തു കാവാലത്തിന്റെ പ്രൗഢഗംഭീരമായ പഠന ലേഖനം എഴുത്തിനും പ്രസംഗത്തിനുംവേണ്ടി പല വുരു വായിക്കുകയും ചെയ്തു. കൈനകരിക്കാരനായചാവറയച്ചൻ കാവാലത്തേയ്ക്ക് ഒരു പാലം പണിയുമോ? അതാണല്ലോ എന്റെ മനസ്സിനെ മഥിക്കുന്ന ചോദ്യം. കൈനകരിയും കാവാലവും രണ്ടു കായൽ ഗ്രാമങ്ങളാണ്. വെള്ളിക്കൊലുസിട്ട പുഴകളാലും, കായലുകളാലും ചുറ്റപ്പെട്ട ഈ പ്രദേശങ്ങൾ ഒരു ഭൗമിക പാലം കൊണ്ടു ബന്ധിപ്പിക്കുക അത്ര എളുപ്പമല്ല. കാവാലം ഉദ്ദേശിച്ചത്, കലാ സാഹിത്യരംഗത്തെ മനപ്പൊരുത്തത്തിന്റേതായ ഒരു പാലമായിരുന്നു. രണ്ടുപേരുടേയും സാഹിത്യസംരംഭങ്ങളെക്കുറിച്ച് വിശകലനം ചെയ്യുകയും വിലയിരുത്തുകയും ചെയ്യുമ്പോളറിയാം കുട്ടനാട്ടിലെ കൈനകരിക്കാരനായ ചാവറയച്ചനും കാവാലത്തിനും തമ്മിൽ ഒത്തിരി പൊരുത്തങ്ങളുണ്ടായിരുന്നു. അതുകൊണ്ടാണല്ലോ പ്രൗഢഗംഭീരമായ ഒരു പഠന ലേഖനം ചാവറയച്ചന്റെ ഇടയനാടകങ്ങളെക്കുറിച്ച് അദ്ദേഹം തയ്യാറാക്കുകയും കേരള സാഹിത്യഅക്കാഡമി അത് പ്രസിദ്ധീകരിക്കുകയും ചെയ്തത്. ഇനിയും ഇതുപോലെ ഉയർന്ന നിലവാരം പുലർത്തുന്ന എഴുത്ത്, ചാവറയച്ചന്റെ സാഹിത്യസംഭാവനകളെക്കുറിച്ച് പ്രത്യേകിച്ച് ഇടയനാടകങ്ങളെ (എക്ലോഗ്)ക്കുറിച്ച് നടക്കുമോ? കണ്ടറിയേണ്ടിയിരിക്കുന്നു. വിശുദ്ധ ചാവറയച്ചന്റെയും കാവാലത്തിന്റെയും എഴുത്തുകളും സാഹിത്യസംഭാവനകളും താളബദ്ധമായിരുന്നു. അവർ ജനിച്ച നാടിന്റെ ജീവിതതാളമായിരുന്നു അത്. പ്രകൃതിയുടെ സാന്നിദ്ധ്യം രണ്ടുപേരുടെയും എഴുത്തുകളിൽ കാണാം. ഇടയസംസ്കാരത്തിന്റെ ലളിതമാർന്ന നൈർമല്യമാണ് എക്ലോഗ്കളിലെ ദൃശ്യവിരുന്ന്. പ്രകൃതിയുടെ പ്രശാന്ത സുന്ദരമായ ഭൂമികയാണ് ഇവയുടെ പശ്ചാത്തലം. കാവാലം, ഫ്ളോക്ക്ലോറുകളുടെ ഇഷ്ടക്കാരനായിരുന്നു. അദ്ദേഹം പല നാടകങ്ങളിലും തനതു കാലരൂപമായ മുടിയേറ്റത്തിൽ നിന്നും, കൂടിയാട്ടത്തിൽ നിന്നും, കൂത്തിൽ നിന്നും ഉൾക്കൊണ്ട ഊർജ്ജം ആധുനിക കാലത്തെ നാടകങ്ങളിലേയ്ക്ക് തനിമയോടെ സന്നിവേശിപ്പിച്ചിരുന്നു. ഇടയനാടകങ്ങളിലെ പത്തുകൃതികളും ചാവറയാൽ വിരചിതമാണെന്നാണ് കരുതപ്പെടുന്നത്. ഇവയിൽ പൊതുവെ കാണുന്ന പ്രമേയം യേശുദേവന്റെ തിരു അവതാരത്തെക്കുറിച്ചാണെങ്കിലും രചനാശൈലിയിൽ ഒന്നിൽ നിന്നും മറ്റൊന്നിനു വ്യക്തമായ വ്യതിയാനങ്ങൾ കാണാവുന്നതാണ്.

എല്ലാം പാശ്ചാത്യ ദേശത്ത് വളർന്നുവന്ന, പ്രത്യേകിച്ച് ഇറ്റലിയിലെ ഗ്രാമങ്ങളുടെ പശ്ചാത്തലത്തിൽ. ഇടയഭൂമികയിലെ സംഭവങ്ങൾ ഇടയക്കൂട്ടങ്ങൾ തങ്ങളുടെ നേരം പോക്കുകൾ സജീവമാക്കാൻ ഉപയോഗിച്ചിരുന്ന ഇടയനാടകങ്ങളാ (Shepherd Play) യിട്ടാണ് എഴുത്തുകാർ ഈ സാഹിത്യ ശാഖയെ കണ്ടിരുന്നത്. ഇടയഫ്ളോക്ക്ലോറുകളായ ചാവറയച്ചന്റെ എക്ലോഗുകളിൽ ശാസ്ത്രികളുടെ എക്ലോഗ്, അവിശ്വാസികളുടെ എക്ലോഗ്, ഇടയൻമാരുടെ സല്ലാപം, വിശ്വാസവും, ശരണവും, ഉപവിയും തമ്മിലുള്ള സുഭാഷിതം എന്നീ ഇടയ നാടകങ്ങളിലെ സംഭാഷണങ്ങളിൽ തനി ഭാഷാവൃത്തങ്ങൾ, പ്രത്യേകിച്ച് കേകയും, കാകളിയും ഉപയോഗിച്ചിരിക്കുന്നു. പാശ്ചാത്യ ചുവടുവയ്പ്പുകൾ ആണെങ്കിൽ പോലും നാട്ടുസംസ്ക്കാരത്തിന്റെ പൊടിപ്പും, തൊങ്ങലും കൂട്ടിച്ചേർത്ത അവതരണരീതിയായിരുന്നു ഇടയനാടകത്തിന്റേത്.

ഒരു യഥാർത്ഥ കലാകാരന്റെ ആകാശം, അതിരുകളില്ലാത്തതാവണമെന്ന സന്ദേശമാണ്, രണ്ടുപേരും മലയാള സാഹിത്യസംസ്കാരിക ഊട്ടുവയ്പിനു നൽകുന്നത്. അവർക്ക് ഭാഷയും, കാലവും, ദേശവും സാഹിത്യസൃഷ്ടിക്ക് പ്രതിബന്ധമായിക്കൂടാ. ഉള്ളടക്കത്തിലും ശൈലിയിലും എക്ലോഗുകളുടെ പാശ്ചാത്യബന്ധം സമ്മതിക്കുമ്പോൾ തന്നെ, അവയുടെ രചന തനിമലയാള ഭാഷയിലായിരുന്നു. കാവാലത്തിന്റെ 'കർണ്ണഭാരം' എന്ന നാടകം കർണ്ണന്റെ ആന്തരിക സംഘട്ടനമാണ് അവതരിപ്പിക്കുന്നത്. അതും സംസ്കൃത ഭാഷയിൽ. സംസ്കൃത നാടകം മലയാളത്തിലേയ്ക്ക് മൊഴിമാറ്റം നടത്തിയും അദ്ദേഹം അവതരിപ്പിച്ചിട്ടുണ്ട്. ഭാസന്റെയും കാളിദാസന്റെയും സംസ്കൃതനാടകങ്ങൾ അതിൽപ്പെടും. അന്താരാഷ്ട്ര നാടകമേളകളിൽ കാവാലം ഒരു കാലത്ത് നിറസാന്നിദ്ധ്യമായിരുന്നു. ചാവറയച്ചന്റെ ഇടയനാടകങ്ങൾക്ക് ഒരു അനുഷ്ഠാനകലയ്ക്കപ്പുറം വളരാനുള്ള ഭാഗ്യം ഉണ്ടായില്ല. ക്രിസ്തുമസ് കാലത്ത് സെമിനാരികളിൽ വേഷഭൂഷാദികൾ അധികമൊന്നും ഇല്ലാതെ അവതരിപ്പിക്കപ്പെടുന്ന കലാരൂപം. ആശ്രമങ്ങളിലെ വെളിച്ചം കടക്കാത്ത പുസ്തകപ്പുരയിൽ നിന്ന് ഇടയനാടകങ്ങൾ ആസ്വാദകലോകത്തിന്റെ പ്രകാശവലയത്തിലേയ്ക്ക് എത്തിപ്പെട്ടിരുന്നുവെങ്കിൽ, അവയിൽ അച്ചടിമഷി പുരളാൻ ഇടവന്നിരുന്നുവെങ്കിൽ മലയാള ഭാഷയ്ക്ക് ക്ലാസിക്കൽ പദവി അവകാശപ്പെടത്തക്ക വിധത്തിൽ അത്രയ്ക്ക് ദീർഘമായ ചരിത്രം ഉണ്ടെന്ന മലയാളികളുടെ കൂട്ടായ അവകാശവാദത്തിന്റെ ഗിരിശൃംഗങ്ങളിൽ വെന്നിക്കൊടി പാറിക്കാൻ ഇടയനാടകങ്ങൾക്ക് ആകുമായിരുന്നു.

ജി. ശങ്കരപ്പിള്ള നൂറ്റാണ്ടിന്റെ വർഷക്കണക്കിൽ മലയാള നാടക പ്രസ്ഥാനത്തെ നിജപ്പെടുത്തിയതിലുള്ള


> **ചാവറയച്ചനെക്കുറിച്ച് നാടകാചാര്യനായ കാവാലം പറഞ്ഞ വാക്കുകൾ വെറും പാഴ്വാക്കുകളല്ല. "ചാവറയച്ചൻ എന്നിലേയ്ക്ക് പാലം പണിയുന്നതു പോലെ" എന്ന് അദ്ദേഹം തന്നെ എന്റെ പുറത്ത് തട്ടി പറയുമ്പോലെ. അത്രയധികം നാടകത്തിന്റെ ജൈവതാളം അവരെ തമ്മിൽ ഒരുമിപ്പിച്ചിരുന്നു.**

യുക്തി ഭദ്രതയെ കാവാലം ചോദ്യം ചെയ്യുന്നുണ്ട്. ചാവറയച്ചൻ രംഗപ്രമുക്തി കണ്ടുകൊണ്ടുതന്നെയാണ് ഇടയനാടകങ്ങൾ എഴുതിയത്. 1885 കാലഘട്ടം മുതൽ ഇടയനാടകങ്ങൾ അവതരിപ്പിച്ചു തുടങ്ങി എന്നുവേണം കരുതാൻ. ഇനിയും ചരിത്രപരമായി ഇടയനാടകങ്ങളെ കുറച്ച് കാണാൻ നാടകപഠിതാക്കൾക്കും, അക്കാദമിക്ക് ചരിത്രകാരൻമാർക്കും കഴിയില്ല. നാടകചരിതത്തിൽ ആദ്യത്തേത് എന്ന് രേഖപ്പെടുത്തപ്പെട്ട പല നാടകങ്ങളും വെറും തമാശയ്ക്ക് എഴുതി എന്നല്ലാതെ രംഗപ്രമുക്തി ഉണ്ടായിട്ടില്ല. അഭിജ്ഞാന ശാകുന്തളത്തിന്റെ ക്രിയാപരതയുടെ പ്രചീനത ഇടയനാടകങ്ങളെക്കാളും പിന്നിലാണെന്ന് നാടകാചാര്യൻ കാവാലം നാരായണപ്പണിക്കർ അടിവരയിട്ടു പറയുന്നു.

ചലിക്കുന്ന രംഗവേദി എക്ലോഗുകളുടെ പ്രത്യേകതയാണ്. മനുഷ്യ നിർമ്മിതമായ കർട്ടന്റെയും സ്റ്റേജിന്റെയും പിൻമുൻ മറകളില്ലാതെ, വേഷവിധാനങ്ങളുടെ അമ്പരപ്പുകളില്ലാതെ ഇടയനാടകങ്ങൾ അവതരിപ്പിക്കാനാവും. ഇടയനാടകങ്ങൾക്ക് ഇടയഭൂമികയായ പ്രകൃതിതന്നെയാണ് രംഗപ്രപഞ്ചം. ഏതു രംഗത്തും ഇടയനാടകങ്ങൾ അവതരിപ്പിക്കാം. ആ രീതിയിലാണ് ഇടയനാടക കർത്താവ് അതിനെ രൂപകൽപ്പന ചെയ്തിരിക്കുന്നത്. അരവിന്ദൻ സംവിധാനം ചെയ്ത കാവാലത്തിന്റെ മാസ്റ്റർപീസായ 'അവനവൻ കടമ്പ' അന്നുവരെയുള്ള നാടകക്കാഴ്ചകളെ ഉടച്ചുവാർക്കുന്നതായിരുന്നു. കാവാലത്തിന്റെ നാടകങ്ങളെല്ലാം പ്രകൃതിയുടെ പ്രചോദനമായ വലിയ സ്പേസിൽ ആയിരുന്നു.

'രോഗി ഇച്ഛിക്കുന്നത് നൽകുന്നതല്ല ഒരു വൈദ്യന്റെ കടമയെന്നാണ്' മലയാളിക്ക് വ്യത്യസ്തമായ നാടകാനുഭവം നൽകിയ കാവാലം രേഖപ്പെടുത്തിയിരിക്കുന്നത്. ആസ്വാദകർ രസിക്കുമെന്നു കരുതി അവരുടെ അധമവികാരങ്ങളെ തൃപ്തിപ്പെടുത്തുന്ന നാടകങ്ങൾ നൽകാൻ പാടില്ല എന്നുള്ള ചിന്ത നാടകാചാര്യന്റെ ഉറച്ച ശാഠ്യമായിരുന്നു. ഗൗരവമുള്ള നാടകങ്ങൾ, നല്ല നാടകങ്ങൾ എന്ന തന്റെ ലക്ഷ്യം എല്ലാ വിമർശനങ്ങളെയും പിഴുതെറിയുന്നതായിരുന്നു.


കൃത്രിമത്വത്തിന്റെ എല്ലാ സന്ധി ബന്ധങ്ങളിൽ നിന്നും നാടകത്തിന് മോചനം വേണമെന്ന് അദ്ദേഹം ആഗ്രഹിച്ചു. അങ്ങനെയാണ് കലയുടെ ജൈവതാളം അദ്ദേഹം സൃഷ്ടിച്ചെടുത്തത്. മനുഷ്യന്റെ നിത്യജീവിത വ്യാപാരങ്ങളിൽ, തൊഴിലുകളിൽ കാവാലം നാരായണപ്പണിക്കർ നാടകത്തിന്റെ പ്രാഗ്തരൂപം കണ്ടു. കുട്ടനാടിന്റെ ജൈവതാളം തന്റെ നാടകങ്ങളുടെ താളമായി മാറുന്നത്, ശ്രീ. കാവാലം നാരായണപ്പണിക്കർ പോലും അറിഞ്ഞിരുന്നില്ല. രക്ഷകന്റെ ജനനത്തിന്റെ താളം ഇടയ ഭൂമികയിലൂടെയേ സംവേദക്ഷമമാകൂ എന്ന തിരിച്ചറിവ് ചാവറയച്ചന്റെ കലാബോധത്തിന്റെ മർമ്മജ്ഞതയിൽ നിന്നും ഉടലെടുത്തു എന്നുവേണം കരുതാൻ. ഇരുവരുടെയും നാടകയെഴുത്തിന്റെ അടിത്തൂൺ കുട്ടനാടിന്റെ ജീവിതതാളമായിരുന്നു. ഈ അടുത്ത കാലത്ത്, സ്കൂൾ ഓഫ് ഡ്രാമ പരീക്ഷിച്ച 'കോൺസെപ്റ്റുകളെ' (Concept) കഥാപാത്രങ്ങളാക്കി അവതരിപ്പിക്കുന്ന സമ്പ്രദായം ചാവറയച്ചൻ 1855-56 കാലഘട്ടത്തിൽ പരീക്ഷിച്ചറിഞ്ഞു. ഇടയനാടകങ്ങളിൽ ഒന്നായ വിശ്വാസവും ശരണവും ഉപവിയും തമ്മിലുള്ള സുഭാഷിതത്തിൽ നിന്ന് ഇത് വ്യക്തമാകുന്നു. ലഭ്യമായ ചാവറ നാടകങ്ങളെ വിലയിരുത്തുമ്പോൾ, മറ്റേതെങ്കിലും മാതൃകയുടെ സ്വാധീനത്തിൽ രചിക്കപ്പെട്ടവയല്ല എന്നും മറ്റ് നാടകങ്ങളെ ഒന്നിനും ഇവയ്ക്ക് സ്വാധീനിക്കാൻ കഴിഞ്ഞിട്ടില്ലായെന്നും കാവാലം സമർത്ഥിക്കുന്നു. നാടകത്തിന്റെ ഭൂമികയിൽ വേറിട്ട ഒരു സംഭാവനയായേ ഇടയ നാടകങ്ങളെ കാണാൻ കഴിയൂ എന്ന് കാവാലം പറയുന്നു. പലരും ഭാഷയിലൂടെ പദ്യത്തെ സൃഷ്ടിക്കുമ്പോൾ ചാവറയച്ചൻ പദ്യത്തിലൂടെ ഭാഷാസൃഷ്ടി നടത്തിയിരിക്കുന്നു.



ചാവറയച്ചൻ തന്റെ ജീവിതത്തെ താളപ്പെടുത്തി, ചിട്ടപ്പെടുത്തി ഹൃദയത്തിൽ സൃഷ്ടികർത്താവിന്റെ താളത്തിന്റെ കയ്യൊപ്പു വാങ്ങിയ വ്യക്തിയാണ്. കലയും, താളവും, സാഹിത്യവും കടന്നുവരുമ്പോഴേ ഏതൊന്നിനും മിഴിവും തെളിവും ലഭിക്കൂ എന്ന് ചാവറയച്ചന് അറിയാമായിരുന്നു. അത് കൊണ്ടായിരിക്കണം കലയ്ക്ക് വേണ്ടിയും സാഹിത്യത്തിനു വേണ്ടിയും ജീവിതത്തിരക്കിനിടയിലും കുറച്ച് സമയം അദ്ദേഹം കണ്ടു പിടിച്ചത്. ചാവറയച്ചനെ മനസ്സിലാക്കാൻ പരിശ്രമിക്കുന്നവർക്കും താളത്തിന്റെ, കലയുടെ മിഴിവും തെളിവും ആവശ്യമാണെന്ന് തോന്നിപ്പോകുന്നു. ഏതെങ്കിലും പ്രസ്ഥാനങ്ങൾക്കോ സംരംഭങ്ങൾക്കോ അത് അദ്ധ്യാത്മികമോ, ഭൗതികമോ ആയിക്കൊള്ളട്ടെ ആളുകളുടെ ഇടയിൽ വേണ്ടത്ര വേരോട്ടം ഇല്ലാതെ പോയത്, നാടിന്റെയും ദേശത്തിന്റെയും ജൈവതാളങ്ങൾക്ക് ചെവികൊടുക്കാത്തതു കൊണ്ടുതന്നെ. ചാവറയച്ചൻ ഒരു തിരുനാളിനുമപ്പുറം അനുസ്മരിക്കേണ്ട ഒരു വ്യക്തിയാണന്ന് ആളുകൾ മനസ്സിലാക്കി തുടങ്ങിയിരിക്കുന്നു.

ചാവറയച്ചനെക്കുറിച്ച് നാടകാചാര്യനായ കാവാലം പറഞ്ഞ വാക്കുകൾ വെറും പാഴ്വാക്കുകളല്ല. "ചാവറയച്ചൻ എന്നിലേയ്ക്ക് പാലം പണിയുന്നതു പോലെ" എന്ന് അദ്ദേഹം തന്നെ എന്റെ പുറത്ത് തട്ടി പറയുമ്പോലെ. അത്രയധികം നാടകത്തിന്റെ ജൈവതാളം അവരെ തമ്മിൽ ഒരുമിപ്പിച്ചിരുന്നു.

**ഇടയനാടകക്കളരിയിൽ വേഷമിട്ടവർ**



റെജി



രാജൻ



ജോർജ്



ജോൺ



സിബു വാസ് ബംഗ്ലൂരു

# എക്‌ലോഗ് സ്കൂൾ ഓഫ് ഡ്രാമായെ അത്ഭുതപ്പെടുത്തും

> **അമൂർത്തങ്ങളായ കഥാപാത്രങ്ങൾ ഇന്ത്യൻ സ്കൂൾ ഓഫ് ഡ്രാമയുടെ വളരെ പുതിയ സാങ്കേതികതയാണ്. അതിലേക്കു പോലും ചാവറയച്ചൻ ചുവടു വയ്പുകൾ നടത്തി എന്നത് മലയാള നാടക ചരിത്രത്തെ അതിശയിപ്പിക്കും.**

റോഹിതും, സൂസനും, സൗമ്യയും കൂട്ടുകാരാണ്. പത്താം ക്ലാസിൽ പഠിക്കുന്നു. ഫെബ്രുവരി പത്ത് എല്ലാവർഷവും കെ.ഇ.സ് കൂളിന് ആഘോഷമാണ്. ഞങ്ങളുടെ സ്കൂളിന്റെ പേരുകാരനായ വിശുദ്ധ കുര്യാക്കോസ് ഏലിയാസിന്റെ ജന്മദിനം. രണ്ടു ദിവസം ഞങ്ങൾക്ക് അവധി കിട്ടും. ജന്മദിന ദിവസവും പിറ്റേന്നും ആഘോഷത്തിനും ആഘോഷത്തിന്റെ ക്ഷീണം തീർക്കാൻ അതിനടുത്ത ദിവസവും. ഞങ്ങളുടെ ക്ലാസ് ടീച്ചർ ബിന്ദു ടീച്ചർ പറഞ്ഞു ഇത്തവണ കെ. ഇ. സ്കൂൾ ദിനം അത്യാഘോഷമായി നടത്തുവാൻ പ്രിൻസിപ്പലച്ചനും അധ്യാപകരും കൂടി ആലോചിച്ചു തീരുമാനിച്ചിരിക്കുന്നു. ചാവറയച്ചൻ ദിവംഗതനായിട്ട് നൂറ്റമ്പതു വർഷം കഴിഞ്ഞിരിക്കുന്നു. നമ്മുടെ ക്ലാസിനെ ഒരു പ്രത്യേക ദൗത്യം ഏൽപിച്ചിരിക്കുന്നു. ഞങ്ങൾക്ക് ആകാംഷയായി. എന്താണ് ആ പരിപാടി. ചാവറയച്ചൻ എഴുതിയ എക്‌ലോഗുകളിൽ (ഇടയനാടകങ്ങൾ) ഒന്നായ വിശ്വാസവും, ശരണവും, ഉപവിയും തമ്മിലുള്ള സുഭാഷിതം എന്ന ഹ്രസ്വനാടകം പൊതു സമ്മേളനത്തിൽ അവതരിപ്പിക്കേണ്ടത് നമ്മുടെ ക്ലാസിലെ മിടുക്കന്മാരും മിടുക്കികളുമാണ്. റോഹിതിനെയും സൂസനേയും സൗമ്യയേയും ബിന്ദു ടീച്ചർ നോട്ടമിടുന്നു എന്ന് മനസ്സിലായി. പത്ത് എ ഡിവിഷന്റെ എന്തു സ്റ്റേജു പരിപാടികൾക്കും റോഹിതും സൂസനും സൗമ്യയും ഉണ്ടാവും, 'ചുക്കില്ലാത്ത കഷായം പോലെ'. 'മണ്ണാം കട്ടയും കരിയിലയും' പോലെയാണ് അവരുടെ കൂട്ടുകൂടിയുള്ള നടപ്പ്. ക്ലാസിലും സ്കൂളിലുമുള്ള എല്ലാവർക്കുമറിയാം ഈ ത്രിമൂർത്തികൾ ഏതുകാര്യം ഏറ്റെടുത്താലും ഗംഭീരമാക്കിയിരിക്കും പ്രത്യേകിച്ചു സ്റ്റേജുപരിപാടികൾ. ക്ലാസുമുറിയിൽ കുട്ടികൾ പറഞ്ഞു തുടങ്ങി റോഹിത്.. റോഹിത്... സൂസൻ... സൂസൻ... സൗമ്യ... സൗമ്യ... ബിന്ദു ടീച്ചറിന് ആശ്വാസമായി രോഗി ഇഛിച്ചതും വൈദ്യൻ കല്പിച്ചതും ഒരുപോലെ ആയിരിക്കുന്നു. നേതൃത്വം കൊടുക്കാൻറോഹിതും സൂസനും സൗമ്യയും നമ്മുടെയെല്ലാം സഹകരണവും. ചർച്ചകൾ ഇത്രയും ആയിക്കഴിഞ്ഞപ്പോൾ പ്രിൻസിപ്പലച്ചൻ ക്ലാസിലേക്ക് കയറിവന്നു. ബഹുമാനപുരസ്സരം ടീച്ചറും കുട്ടികളും എഴുന്നേറ്റു. പ്രിൻസിപ്പലച്ചൻ എല്ലാവരോടും ഇരിക്കാൻ ആംഗ്യം കാണിച്ചു. എല്ലാവരും ഇരുന്നു. റോബർട്ട് മാത്രം ഇരുന്നില്ല. റോബർട്ട് ക്ലാസിലെ സംശയക്കാരനാണ്. സംശയ നിവാരണമാണ് അവന് ക്ലാസും പഠനവും. എക്‌ലോഗ് ആരെഴുതി? വൈദേശികമായ പേര് എങ്ങനെ വന്നു? നാടക ചരിത്രത്തിൽ ഇടം പിടിച്ചിട്ടുണ്ടോ? അഭിനയിച്ചിരുന്നോ? വിശ്വാസം ശരണം ഉപവി അമൂർ

ത്തങ്ങളായ ആശയം (concepts) എങ്ങനെ കഥാപാത്രങ്ങളായി? ഒറ്റ ശ്വാസത്തിൽ എക്ലോഗിനെക്കുറിച്ചുള്ള സംശയപ്പുഴ ജലപ്രളയ സമാനമായി ക്ലാസ്മുറിയിലുയർന്നു. പ്രിൻസിപ്പലച്ചൻ റോബർട്ടിനെ അടുത്തേക്ക് വിളിച്ച് തോളിൽ തട്ടി അഭിനന്ദിച്ചു. ഏറ്റവും മുമ്പിൽ ഇരുത്തി. ബിന്ദു ടീച്ചർ കുട്ടികളോടൊപ്പം കാലിയായി കിടന്ന ഒരു സീറ്റിലിരുന്നു. ഞങ്ങളെല്ലാം പ്രിൻസിപ്പലച്ചനെ കേൾക്കാൻ തയാറായി കഴിഞ്ഞു. അദ്ദേഹം റോബർട്ടിന്റെ സംശയങ്ങൾക്ക് മറുപടി എന്ന വണ്ണം കാര്യങ്ങൾ ഓരോന്നായി അവതരിപ്പിക്കാൻ തുടങ്ങി.

1857-മുതൽ കൂനമ്മാവിലുള്ള സെമിനാരിയിൽ എക്ലോഗുകൾ - (ഇടയനാടകങ്ങൾ) അഭിനയിച്ചു തുടങ്ങി. ചാവറയച്ചനോടൊപ്പമുണ്ടായിരുന്ന ഇറ്റലിക്കാരനായ ലെയോ പോൾദ് അച്ചനിൽ നിന്നാണ് ഈ ആശയം ലഭിച്ചത് എന്ന് കരുതേണ്ടിയിരിക്കുന്നു. ഇറ്റലിയിലെ കുട്ടികൾ എക്ലോഗിന്റെ ചരിത്രം ഭാഷാസാഹിത്യ പഠനത്തോടൊപ്പം പഠിക്കുന്നു. ലെയോ പോൾദ് അച്ചനും ഭാഷാപഠനത്തോടൊപ്പം എക്ലോഗും പഠിച്ചിരിക്കണം. ഇത് പാശ്ചാത്യ ലോകത്ത് പടർന്ന് പന്തലിച്ച സാഹിത്യശാഖയാണ്. ഇതിന്റെ ഉപജ്ഞാതാവ് ഹെലനിസ്റ്റ് കവിയായ (260 BC) തിയോക്രിറ്റസ് ആണ്. ആട്ടിടയരും ഗ്രാമീണരും പ്രകൃതിയും പ്രേമവുമായിരുന്നു എക്ലോഗുകളുടെ പശ്ചാത്തലം. അന്ന് ഇത്തരം കവിതകൾ പാസ്റ്ററൽ കവിതകൾ - ബുക്കോലിക്ക എന്നൊക്കെ അറിയപ്പെട്ടിരുന്നു. എക്ലോഗസ് (eclogus) എന്നത് ഗ്രീക്കും എക്ലോഗ് (eclogue) എന്നത് ഇറ്റാലിയൻ ഭാഷയുമാണ്. 'കുന്നുകളുടെ കരുതലിനായി' എന്നതാണ് ഗ്രീക്കു പദത്തിന്റെ അർത്ഥ സൂചന.

ഭാരതത്തിൽ സംസ്കൃതത്തിന് മറ്റു ഭാഷകളിലുള്ള സ്വാധീനം പോലെയാണ് ഗ്രീക്കിന് പാശ്ചാത്യ ലോകത്ത് മറ്റു ഭാഷകളിലെല്ലാം ഉള്ള സ്വാധീനം. ലാറ്റിനിൽ വെർജിൽ (vergil BC70) എന്ന റോമൻ കവി ഇതിന്റെ ഉപാസകനാകുന്നതോടു കൂടിയാണ് ഈ കാവ്യശാഖ കൂടുതൽ പ്രബലമാകുന്നത്. വിർജിലിന്റെ നാലാമത്തെ എക്ലോഗ് ഇറ്റലിയിൽ പ്രസിദ്ധമാണ്. യേശുവിന്റെ ജനനവുമായി ബന്ധപ്പെട്ട എക്ലോഗുകളായിരുന്നു അവ. അതിലെ കഥാപാത്രങ്ങളുടെ പേരുകൾ തന്നെയാണ് ചാവറയച്ചനും തന്റെ എക്ലോഗിലും ഉപയോഗിച്ചിരിക്കുന്നത്. ഇത് ഇറ്റലിക്കാരനായ ലെയോ പോൾദു മിഷനറിയിൽ നിന്നു കിട്ടിയതായിരിക്കണം, എന്ന നിഗമനത്തിൽ എത്തിച്ചേർന്നത് അങ്ങനെയായിരിക്കണം. സെമിനാരീ വൈദിക വിദ്യാർത്ഥികൾക്കുവേണ്ടിയാണ് ഈ കലാരൂപം ചാവറയച്ചൻ ചിട്ടപ്പെടുത്തിയത്. ക്രിസ്തുമസിന്റെ പത്തു ദിവസത്തെ അവധിക്കാലം ആനന്ദകരമാക്കാൻ ചിന്തയും ചിരിയും ഉൾപ്പെടുത്തിയ സംരംഭമായിരുന്നു അത്. സെമിനാരിക്കകത്തു നിവർത്തിക്കപ്പെട്ടതു കൊണ്ട്, ചരിത്രത്തിൽ വെളിവാക്കപ്പെടാതെ പോയ വലിയ സത്യം ഇടയനാടകങ്ങളുടെ കണ്ടെത്തൽ അനാവൃതമാക്കി. നാടകം എഴുതപ്പെടുകയും രംഗപ്രമുക്തി സംലബ്ധമാക്കപ്പെടുകയും ചെയ്താലേ ഒരു നാടകത്തെ ചരിത്രത്തിൽ പരിഗണിക്കൂ. സെമിനാരിക്കകത്ത് നിർവ്വഹിക്കപ്പെട്ടു എന്നുള്ളതു കൊണ്ട് അവതരിപ്പിച്ചില്ല എന്നു പറയാൻ കഴിയില്ലല്ലോ. കേരള വർമ്മ വലിയകോയിത്തമ്പുരാന്റെ അഭിജ്ഞാന ശാകുന്തളം നാടകത്തെ ആദ്യനാടകമായി പരിഗണിക്കാമെങ്കിലും, രംഗാവതരണം സാധ്യമാക്കുന്നത് പ്രസിദ്ധീകരണം കഴിഞ്ഞ് ഒൻപതു വർഷത്തിനു ശേഷം 1890 ൽ തിരുവിതാംകൂർ നാരായണപിള്ളയുടെ മനോമോഹനം നാടകകമ്പനിയാണ് നിർവഹിച്ചത്. അതിനൊക്കെ എത്രയോ വർഷം മുമ്പ് ഇടയനാടകങ്ങൾ അവതരിപ്പിക്കപ്പെട്ടുകഴിഞ്ഞിരുന്നു. അമൂർത്തങ്ങളായ (concepts) വിശ്വാസം, ശരണം ഉപവി എന്നീ ക്രിസ്തീയ പുണ്യങ്ങളെ ഉപോൽബലകമാക്കിയാണ് സുഭാഷിതം എന്ന നാടകം രൂപകല്പന ചെയ്തിരിക്കുക. ഇതിന് ഇടയനാടകത്തോട് എന്നതിനേക്കാൾ മോറാലിറ്റി നാടകങ്ങളോടാണ് രൂപസാദൃശ്യം. മോറാലിറ്റി നാടകങ്ങളിൽ എവരിമാൻ (everyman) എന്ന മദ്ധ്യകാലഘട്ടത്തിലെ നാടകം ഏറെ പ്രശസ്തമാണ്. അമൂർത്തങ്ങളായ കഥാപാത്രങ്ങൾ ഇന്ത്യൻ സ്കൂൾ ഓഫ് ഡ്രാമയുടെ വളരെ പുതിയ സാങ്കേതികതയാണ്. അതിലേക്കു പോലും ചാവറയച്ചൻ ചുവടു വയ്പുകൾ നടത്തി എന്നത് മലയാള നാടക ചരിത്രത്തെ അതിശയിപ്പിക്കും. ചാവറയച്ചന്റെ സുഭാഷിതം എന്ന ഹ്രസ്വ നാടകം ചെയ്യുന്നതിലേക്ക് ഏവരെയും ക്ഷണിച്ചു കൊണ്ടും റോബർട്ടിന്റെ സംശയങ്ങൾക്ക് മറുപടി പറഞ്ഞു കൊണ്ടുമുള്ള പ്രിൻസിപ്പലച്ചന്റെ വാക്കുകൾക്ക് ഉപസംഹാരമായതും ക്ലാസു തീരാനുള്ള മണിയടിക്കലും ഒരു പോലെയായിരുന്നു. എക്ലോഗിന്റെ റിഹേഴ്സലിന്റെ ഉത്തരവാദിത്വം ബിന്ദു ടീച്ചറിനെ ഏൽപിച്ച് പ്രിൻസിപ്പലച്ചൻ കുട്ടികൾക്ക് നന്ദി പറഞ്ഞ് ക്ലാസിൽ നിന്നും ഇറങ്ങി.

അടുത്ത ശനി അവധി ദിവസം ബിന്ദു ടീച്ചർ തിരഞ്ഞെടുത്ത കുട്ടികൾ റോഹിത്, സൂസൻ, സൗമ്യ എന്നിവരുടെ നേതൃത്വത്തിൽ ഒത്തു കൂടി. സഹായത്തിന് സ്കൂളിലെ തിയേറ്ററി (theater-In Education) ന്റെ കാര്യദർശി മംഗൾ ദാസ് സാറും ഉണ്ടായിരുന്നു. സുഭാഷിതം പദ്യരൂപത്തിലായതുകൊണ്ട് ഗാനശില്പമായി അവതരിപ്പിക്കാനായിരുന്നു മംഗൾദാസ്

സാറിന്റെയും ബിന്ദു ടീച്ചറിന്റെയും തീരുമാനം. മനപ്പാഠമാക്കേണ്ട ഭാഗങ്ങൾ വീതിച്ചു തന്നു. റോഹിത്, സൂസൻ, സൗമ്യ എന്നിവർ വിശ്വാസം-ശരണം - ഉപവി എന്നീ ഗുണങ്ങളുടെ റോളുകളെടുത്തു. കോറസ് ഗ്രൂപ്പിനും ഹൃദിസ്തമാക്കേണ്ട പദ്യ ഭാഗങ്ങൾ നിശ്ചയിച്ചു. ഒരാഴ്ച കൊണ്ട് പോർഷൻസ് ഹൃദിസ്തമാക്കിയതിനുശേഷം വീണ്ടും ഒത്തു കൂടി. പാട്ടിന് അനുസരിച്ചുള്ള ആംഗ്യവിക്ഷേപങ്ങളും, ശരീരഭാഷയും, മുഖത്തുണ്ടാകേണ്ട വികാര വിക്ഷേപങ്ങളും, താളത്തിനും സംഗീതത്തിനും ലൈറ്റിനും അനുസരിച്ചുള്ള ചുവടു വയ്പ്പുകളും, ദിവസങ്ങളെടുത്ത് തിയേറ്റർ ഇൻഎഡ്യുകേഷൻ അദ്ധ്യാപകർ വ്യക്തിപരമായി ഓരോരുത്തർക്കും പറഞ്ഞു തന്നു. സ്റ്റേജിൽ പരിപാടി അവതരിപ്പിക്കേണ്ട ദിവസം അടുത്തപ്പോൾ റിഹേഴ്സൽ സ്റ്റേജിലേക്കാക്കി. സ്റ്റേജിൽ കുറച്ചു തീവ്രതയേറിയ പരിശീലനം. ദിവസം അടുക്കും തോറും കുട്ടികൾക്കും അദ്ധ്യാപകർക്കും ടെൻഷൻ ഏറി. പ്രിൻസിപ്പലച്ചൻ റിഹേഴ്സൽ കാണാനെത്തുന്നു എന്നു കേട്ടപ്പോൾ പിരിമുറുക്കം അതിന്റെ ഉച്ചസ്ഥായിയിൽ എത്തി. അവസാന റിഹേഴ്സൽ വേഷം ഇട്ടു കൊണ്ടും സ്റ്റേജ് പ്രോപ്പർട്ടീസ് (stage properties) ഉപയോഗിച്ചു കൊണ്ടും ഉള്ളതായിരുന്നു. അവസാന റിഹേഴ്സൽ, കഴിഞ്ഞു പ്രിൻസിപ്പൽ അച്ചനും സംഘവും ഞങ്ങളെ വിളിച്ചു. അന്ധാളിപ്പോടു കൂടിയാണ് ഞങ്ങൾ ചുറ്റും കൂടിയത്. അഭിനന്ദന വാക്കുകൾ കേട്ടപ്പോൾ ആകാശത്തു നിന്ന് കാർമേഘം പെയ്തൊഴിഞ്ഞതു പോലെ മുഖം പ്രകാശമാനമായി. പിന്നെ ഓരോരുത്തരുടെയും അനുകൂലവും പ്രതികൂലവുമായ കാര്യങ്ങൾ തെറ്റുകൾ തിരുത്തി ഒന്നു രണ്ടു റിഹേഴ്സൽ പിന്നെയും. ആത്മധൈര്യം ഏറെ ലഭിച്ചുവെങ്കിലും ഫെബ്രുവരി പത്ത് എത്രയും പെട്ടന്ന് എത്താൻ പ്രാർത്ഥിച്ചു. ചാവറയച്ചനോട് എക്‌ലോഗ് അരങ്ങു തകർക്കുന്നതാക്കണമേ എന്ന് റിഹേഴ്സൽ തുടങ്ങിയ അന്ന് മുതൽ പ്രാർത്ഥിക്കുമായിരുന്നു. ചാവറയച്ചന്റെ എക് ലോഗ് സൃഷ്ടിച്ച പൊല്ലാപ്പ് കുറച്ചൊന്നുമല്ല. ചാവറ ജയന്തി ദിനം എത്തി ക്യാമ്പസു മുഴുവൻ ഒരു വീടു പോലെ സ്നേഹത്തിന്റെ ആനന്ദത്തിൽ ആറാടി. രാവിലെ സ്കൂളിലേക്ക് പുറപ്പെട്ടപ്പോൾ അച്ഛന്റെയും അമ്മയുടെയും അനുഗ്രഹാശിസുകൾ വാങ്ങാൻ മറന്നില്ല. വൈകുന്നേരത്തെ പൊതു സമ്മേളനത്തിൽ 'എക്‌ലോഗ്' അവതരിപ്പിക്കുന്ന കുട്ടികൾക്ക് ഏറെ ആശംസകൾ അദ്ധ്യാപകരിൽ നിന്നും സുഹൃത്തുക്കളിൽ നിന്നും ലഭിച്ചു. ബിന്ദു ടീച്ചറിന്റെ



അറിയിപ്പ് എക്ലോഗ് അഭിനയിക്കുന്ന കുട്ടികളെല്ലാം നാലു മണിക്കു തന്നെ സ്റ്റേജിനു പുറകിലുള്ള ഗ്രീൻ റൂമിലെത്തണം. എല്ലാവരും വൃത്തിയായി അവരവരുടെ ബാഗുമായി ഗ്രീൻ റൂമിൽ കൃത്യസമയത്ത് എത്തി. പ്രാർത്ഥിച്ചു, പരസ്പരം പ്രോത്സാഹനം. അവരവർക്ക് നിയോഗിക്കപ്പെട്ട വേഷങ്ങൾ ഇട്ടു, ആവശ്യത്തിന് മേക്കപ്പ്, ഇടയ്ക്ക് മാറേണ്ട വേഷങ്ങൾ അതും റെഡി. പൊതു സമ്മേളനത്തിനു മുമ്പു തന്നെ ഞങ്ങളുടെഒരുക്കം പൂർത്തിയായി. ബിന്ദു ടീച്ചറിന്റെയും, മംഗൾദാസ് സാറിന്റെയും മുഖത്ത് ഞങ്ങളെ കണ്ടിട്ട് കൗതുകം. അദ്ധ്യക്ഷ പ്രസംഗത്തിനു ശേഷമാണ് ഞങ്ങളുടെ എക്ലോഗ് അവതരണം. എക്ലോഗ് അവതരണത്തിന് മുമ്പ് സ്റ്റേജിൽ നിന്ന് അതിഥികൾ താഴെ മുൻനിരയിലേക്കു മാറി. അദ്ധ്യക്ഷ വേദിയുടെ പുറകിലത്തെ കർട്ടൻ മാറ്റിയാൽ എക്ലോഗ് അവതരിപ്പിക്കാനുള്ള പശ്ചാത്തലം ഒരുങ്ങുകയായി. എക്ലോഗ് തുടങ്ങുന്നതിനുള്ള ആദ്യ ബെൽ മുഴങ്ങി, ദീപാ ടീച്ചറിന്റെയും മംഗൾദാസ് സാറിന്റെയും അനുഗ്രഹത്തിനായി അവർക്കു ചുറ്റും ഞങ്ങൾ നിന്നു. അവർ രണ്ടു പേരും കൂടി ഞങ്ങളെ അനുഗ്രഹിച്ചു. അടുത്ത ബെൽ മുഴങ്ങിയപ്പോൾ മുന്നുര എന്ന വണ്ണം സാറും ടീച്ചറും കൂടി എക്ലോഗിനെക്കുറിച്ച് രണ്ടു വാക്ക്. അതിനു ശേഷമുള്ള ബെല്ലിന് കർട്ടൻ ഉയർന്നു. ചടുലതയോടു കൂടിയ മ്യൂസിക്, ലൈറ്റ്. സ്റ്റേജ് വെട്ടിത്തിളങ്ങി. അരമണിക്കൂർ പൊയ്പ്പോയത് അറിഞ്ഞില്ല. കണ്ണു തുറക്കുന്ന വേഗത്തിൽ എക്ലോഗിന്റെ അവതരണം കഴിഞ്ഞു. മുൻ കർട്ടൻ വീണു. കയ്യടിയുടെ ആരവം. ചിലർ എഴുന്നേറ്റു നിന്ന് കയ്യടിക്കുന്നു. സ്റ്റേജിലേക്ക് അഭിനന്ദന പ്രവാഹം എക്ലോഗ് അഭിനയിച്ചവരെല്ലാം സ്റ്റേജിൽ അണി നിരന്നു. സാറും ടീച്ചറും പിൻനിരയിൽ പ്രിൻസിപ്പൽ അച്ചനും ഓടിയെത്തി. ഫോട്ടോ സെഷൻ. കുട്ടികളുടെ പേരും അവർ അഭിനയിച്ച വേഷങ്ങളും ഓഡിറ്റോറിയത്തിൽ മുഴങ്ങുകയായി.

എക്ലോഗ് അഭിനയിച്ച കുട്ടികളുടെ മാതാപിതാക്കളെ സ്റ്റേജിലേക്ക് ക്ഷണിച്ചു. മാതാപിതാക്കളോടൊത്തുള്ള ഫോട്ടോ. അഭിനന്ദനത്തിന്റെ പെരുമഴ. എക്ലോഗ് എവർഗ്രീൻ മെഡൽ സമ്മാനിക്കുന്നതിനായി പ്രിൻസിപ്പലച്ചനെ ക്ഷണിച്ചു. ക്ഷണം സ്വീകരിച്ചു കൊണ്ട് പ്രിൻസിപ്പലച്ചൻ മൈക്കിന്റെ മുമ്പിലെത്തി ആഡിയൻസിനെ അത്ഭുതപ്പെടുത്തിക്കൊണ്ട് മെഡൽ കൊടുക്കുന്നതിനായി കുട്ടികളുടെ മാതാപിതാക്കളെ ചുമതലപ്പെടുത്തി. സ്റ്റേജിന്റെ അരികു പറ്റി പിൻസിപ്പലച്ചൻ നിന്നു. എക്ലോഗ് അവതരണം സ്കൂൾ തലത്തിലുള്ള എക്ലോഗ് മൽസര പരിപാടിയായി വഴിമാറിയതിന്റെ നാൾ വഴിയായി മുകളിൽപ്പറഞ്ഞ സംഭവം.





# വിശ്വാസവും ശരണവും ഉപവിയും തമ്മിലുള്ള സുഭാഷിതം

**വിശുദ്ധ കുര്യാക്കോസ് ഏലിയാസ് ചാവറ**

പദ്യരൂപത്തിൽ

സ്നേഹം: ആ പൂർവാഗ്രഹക്കടശിദിനം ഇന്നിതാ പുലർന്നെൻ
മേൽ പ്രിയ സ്നേഹ സഹോദരരെ! മേൽ തെളിവിൻ
ദിനമിതുതന്നെ
ദിവ്യ കവീന്ദ്രൻ ദാവീദിൻ ദീർഘ ദർശന വാക്യം ആ സീൽ1
നീ വിശ്വസിച്ചതും നീ ശരണമായതും സർവ്വതും
തികപ്പാൻ
നാം തന്നെ കാരണൻ
ചന്ദ്ര സൂര്യാദികൾ സംഭവ സർവ്വതും സംരക്ഷണ ചെയ്തു
സഹകരിക്കുന്നോരു പിതാസുതൻ ഇന്നിതാ
തൊട്ടിയിൽ നമ്മെക്കുറിച്ച് കുളിർന്ന് വിറയ്ക്കുന്നു

വിശ്വാസം: ആ എന്നെ പോലെ സമ്പന്നനാർ
ഞാനിതാ പൂർവ്വമായി കണ്ണിനെ മൂടിച്ചിമ്മഹാസാര രഹസ്യ
മതിലടങ്ങാത്തതെങ്കിലും മതിച്ചനുസരാൽ വണങ്ങീ
വന്നഹൊ
കാണാത്തതെങ്കിലും വിശ്വസിച്ചേനഹം
ഇന്നിതായിപ്പോൾ യിരുളൊക്കെ നീങ്ങി
വിശ്വാസകണ്ണിനാൽ കണ്ടിക്ഷണമേ
കേവലം കണ്ണിനാൽ കാണുന്നിതൊക്കെയും
ഇത്യാദിയൊക്കെയും വിശ്വാസ നൽഫലം
ഇന്നിതിന്നായിതാ പ്രതി സമ്മാനമെ

ശരണം: മൽസഖെ സ്നേഹിതാ നീയെന്നപോലെ
ഞാനും തഥാ ദൃഢം
എന്നതിലൽപം പെരുപ്പം നമുക്കഹൊ
തൊഴിച്ചു ചൊല്ലുവാൻ നേരിതു നിർണ്ണയം
ഈ മഹാസൂര്യൻ സ്വ മണ്ഡലേ മേഘത്തിൽ
ആനന്ദമായ് മറഞ്ഞീടുന്ന കാലമേ
ദൂരദൃഷ്ടമാത്മ വീര്യസുക്ഷാൽ മമാ
കണ്ടേൻ രസിച്ചേൻ ഇതായിതു നേരത്തിൽ
ഞാൻ ശരണം വെച്ചന്നതൊക്കെയും ലഭ്യമായ്
എന്നതാൽ സന്തോഷതൃപ്തികൻ ഞാനഹൊ.

വിശ്വാസം : കണ്ണിനു കാണാത്തതാകിലും സംഭവം
സർവ്വതുമെന്നിലടങ്ങുന്നു നിർണ്ണയം
കാണാത്ത വസ്തുവെ കണ്ടെന്നതുവിധം
ന(ൻ) മരണാദിയാലുള്ള ഒരു കാഴ്ചയെ നാമഹോ
മണ്ണിൽ വീഴുന്നു വിത്തിലങ്ങൊന്നുമെ



കണ്ണിനു കാണാത്തതല്ലെന്നാകിലും
തന്നുടെ നൻമുള കൊച്ചു പത്രം ശാഖ
പുഷ്പഫലങ്ങളുമൊക്കെയുമുണ്ടതിൽ
കാട്ടിൽ കിടക്കും കരിങ്കൽ തണുത്തിട്ടു
മൊട്ടുകനമുള്ള  മുട്ടികകൊണ്ടതിൽ
തട്ടിപ്പൊടിക്കുന്ന നെരത്തു കാണുന്ന വെട്ടം
വെളിവ് കൊടുക്കുന്ന തീപ്പൊരി
എത്ര എന്നുള്ളതും ചെല്ലുവാൻ വശമിതൊ.

സ്നേഹം: സർവേശ ദൈവാർത്ഥം ഊഴിയിൽ രക്ഷാർത്ഥമായി
സർവ്വ നാശത്തെ തീർപ്പാൻ വരവായിതു ദൃഢാ
തസ്മാൽ സഹോദരാ നിങ്ങളിലുള്ള തർക്കം
എത്രയും ചിത്രം കേൾപ്പാൻ ഭാഗ്യ[3] മൽസരം ശുഭം.

ശരണം : പൊതു സന്തോഷമെന്നിൽ അധിക മുഖ്യപങ്കിൽ
അവകാശി ഞാന്തന്നെ, തർക്കം വേണ്ടിതു ദൃഢം
യെന്നിതു നിമിത്തം കേൾ, വലഞ്ഞു മർത്യജനം
കരഞ്ഞു ദുഃഖിച്ചപ്പോൾ തികഞ്ഞ കുട്ടൻ[4] ഞാനെ
വളഞ്ഞാ മഹാപ്രളയം നിറഞ്ഞൊഴുകുമ്പോൾ
കുറഞ്ഞ ജനം കപ്പൽ നോഹിനോടകം പൂക്കി
കൊടിയ മഹാകാറ്റാൽ കടലിൽ മദ്ധ്യെയിതു
അലയാലടിക്കുന്ന ഭയങ്കര കേൾവിയാൽ
ഭയന്നു വിറക്കുന്ന സമയം കുട്ടൻ ഞാനെ
എന്നാലെ മഹാപിതാവവുറാഹം തൻ കയ്യിൽ
മിന്നുന്ന വാളൊടും തൻ പുത്രനെ വിറകോടും
എങ്കിലും ഞാനൊരു കുട്ടനായിയെന്നിതു തെളിവായി
ഈ വണ്ണം മഹാദർശി മൂശ തൻ ജനത്തോടും
എണ്ണമില്ലാതുള്ളൊരു കുഞ്ഞുങ്ങൾ നാരിവൃന്ദം

തസ്മാൽ[2] - തൻനിമിത്തം
ഭാഗ്യം[3] - സൗഹൃദം
കുട്ടൻ[4] - ശിശു

ചെങ്കഴലുള്ളിൽ പൂവാൻ ഞാൻ തന്നെ പഠിപ്പിച്ചു
ഞാനൊരു കുട്ടനായി കൂടെ നടക്കയാൽ മാനുഷ
വൃന്ദമൊക്കെയും സുമനാൽ
മോഹിച്ചു ദേഹദണ്ഡങ്ങൾ ക്ഷമിക്കുന്നു
തീ പോലെയുള്ളൊരു വെയിലുമ്മോദമായ്
തീക്കനൽക്കൊപ്പമാം ചെന്നെല്ലരുളുന്നു
ഞാൻ കുട്ടനാകുന്ന കാരണം നിശ്ചയം
കാണുന്ന ഈ മഹാ സജ്ജനമുഖ്യരും
കണ്ണില്ലാതുള്ളൊരുചൊൽ
വിളിക്കാരായി ദണ്ഡമേറ്റം സഹിച്ചിക്കടൽ കടന്നും
പാറാവിലങ്ങതിൽ പാർക്കുന്ന
ജനങ്ങളും കുറ്റതേ ദുഃഖം ക്ഷമിക്കുന്നിതെന്നാൽ

സ്നേഹം: ഒ സഖേ നിന്റെ മോദഹേതു എത്രയും ശുഭം
ഇപ്പോൾ നീ കേൾപ്പിച്ചെന്ന, വൃത്താന്തങ്ങളൊക്കെയും
അൽപഭേദമെന്ന്യെ ഒക്കെയും തികഞ്ഞഹൊ കാട്ടിയ
നോഹിൻ കപ്പൽ മോക്ഷരാജിതം പോലെ
കൂടുവാൻ ഉണ്ണിദേവൻ ആസ്ഥമാക്കിടുന്നേരം
വിശ്വാസിക്കൂട്ടമായ വിശുദ്ധ തന്റെ പള്ളി
ഈ മഹാപിതാവബ്രാഹം പുത്രനാൽ ചെയ്ത പൂജ
ആ മഹാസ്നെഹപ്പിതാ സർവേശൻ തന്റെ സുതൻ
നമ്മുടെ ഉണ്ണി ദേവൻ ചെയ്യുമെന്നുള്ള പൂജാ
അക്കടൽ കടപ്പതും പൂജ നിമിത്തമായി
മക്കളെ മഹാ സ്നെഹാൽ രക്ഷിക്കുമെന്നു കാട്ടി
ആ മഹാ ദർശി മൂശതാൻ തന്നെയതും ദൃഢം.

വിശ്വാസം.: നീയിത്ര മഹിമയാൽ കാണിക്കും ദൃഷ്ടാന്തങ്ങൾ
ആ എത്ര ന്യായം വചാൽ, യിതൊക്കെ നമുക്കൊരു
അധികതെളിവിന്ന, യുക്തമായി കാട്ടുന്നഹോ
നിന്നുടെ പങ്കും കൂറും ഒക്കെയും നമ്മാൽ തന്നെ
ഞാൻ കൂടാതൊരുത്തർക്കുംവെട്ടമില്ലിതു ദൃഢം
ഇസ്രായേൽ മഹാപിതാ പൊരുൾ ചൊല്ലി
പിതൃവാശ്ലേഷം ചെയ്വാൻ ഞാൻ തന്നെ പഠിപ്പിച്ചു
ഞാൻ കാണിച്ചിടാതെയാരും ദൈവത്തെ കാണുന്നില്ല
എന്നെക്കൂടാതെ മഹാ രഹസ്യം ഗ്രഹിപ്പാനായി
നന്നായി ക്ലേശിക്കുന്നവർ എത്രയും മഹാമൂഢൻ
ഗ്രഹിച്ചെന്നൊരു നരൻ സ്മരിച്ചാലുടൻതന്നെ
ഗ്രഹിച്ചതൊക്കെ ഭ്രാന്തായ് ജ്ഞാനക്കണ്ണാൽ മൂടു
വാൻ ചിറകാർക്കും കൊടുക്കയില്ലെങ്കിലോ
തൻവശം കൊണ്ടു പറക്കയില്ലാരുമേ!
മാനുഷബോധമുയരത്തിലേറുവാൻ
ഞാൻ കൂടെയില്ലെങ്കിലൊട്ടും വശമില്ല
ഞാൻ കൈകൊടുത്തു കൊണ്ടല്ലാതൊരുത്തരും
മോക്ഷവാതുക്കലടുക്കയില്ല ദൃഢം.

സ്നേഹം: ആ മമ സഖികളെ സന്തൊഷത്തിന്നു തഥാ
സന്തുഷ്ടി തെളിവിന്നും സംഗതിയായിരുവർക്കും
ഒന്നുപോൽതന്നെ ദൃഢം
നിൻഊഴത്തിന്നു സാധനം തന്നയാൾ
നീ ശക്തി വീര്യം ഇയാക്കു കൊടുക്കുന്നു.

നൽ ജലതീരത്തു നിൽക്കുന്ന വൃക്ഷം
വെള്ളത്തിന്നേറ്റം തണുപ്പു കൊടുക്കുന്നു,
വൃക്ഷത്തിന്നുണ്ടാകും പച്ച ഫലം സർവം
വൃക്ഷം കൊടുക്കുന്നു വെള്ളമെന്ന സമം
ആയതിനാലെ നിങ്ങൾ എവനെ ജയിച്ചാലും
ആയതിന്നുള്ള ജയം സന്തൊഷമിരുവർക്കും .

വിശ്വാസം.: നേരിതു സഖെ നമ്മൾ ഒരുപോൽ തോഴിക്കയാൽ
പെരുകി മഹാ തെളിവിതത്രെ മഹാഭാഗ്യം...

ശരണം: മെ സഹോദരൻ കൂടേ, തോഴിക്കയില്ലെങ്കിലൊ
മെ സുഖം സുഖമല്ലയെന്നതും സുനിശ്ചയം.

വിശ്വാസം: അപ്പഴെ ഈ എന്റെ സന്തൊഷമൊക്കയും.

വിശ്വാസം: അക്കളിപ്പു മിനിയെറെയുണ്ടായതും
വിശ്വാസവും ശരണവും കൂടേ ഒക്കെയും
സ്നെഹമേ നിന്റെ ദാനം തന്നെ.

സ്നെഹം: ഉദയഗിരിമുതൽ പശ്ചിമ ദിക്കുവരെ
ഒക്കെയും പ്രകാശിക്കും ദെയ്വമെ നമൊ നമ:

വിശ്വാസം.: ഉഷസുകാലം മുതൽ അസ്തമ കാലം വരെ
ഒക്കെയും തെളിയിക്കും പുത്തനാദിത്യ സ്തുതി.

സ്നെഹം: പിശാചിന്നു ദു:ഖം ഭൂമിക്കു സ്വത്വം നാശങ്ങൾ നീങ്ങി
ഇരുട്ടുകൾ അകന്നു രണ്ടാം നിറുത്ത.

സ്നെഹം: ഇന്നിതിൻ ഭാഗ്യത്തിന്റെ പങ്കാളർ നാം തന്നെയല്ലേ
മന്നിലുള്ളവർക്കൊക്കെ എന്നതും സുനിശ്ചയം.

വിശ്വാസം: നമ്മുടെ മുന്നോരായി കടന്ന ബഹുജനം
ഇപ്പൊലേ ഒരു ഭാഗ്യം അവർക്കുണ്ടായിട്ടുണ്ടോ?

ശരണം: മൽസഖെ നിന്നെതന്നെ സൂക്ഷിക്ക സുബുദ്ധിയാൽ
ഏതൊരു ജനമതിൽ സുഖെ അന്നു വാണു.

വിശ്വാസം: ആയതു ദൃഢം തന്നെ മെ സഹോദരന്മാരെ
എന്നല്ലാ നമ്മെപ്പോലെ അക്കാലം മഹാദൃഢം
നിങ്ങൾക്കില്ലാഞ്ഞിതൊ ശങ്കിക്കുന്നിതോ നേരൊ?

സ്നെഹം: നമുക്കെക്കാലത്തിലും സന്തൊഷം തന്നെ പക്ഷെ
ഇപ്പാരിതിലിപ്പൊൾ മാത്രമായ് രസിക്കുന്നു
നമ്മുടെ സ്വദേശ മിതെത്രെയും പൊക്കത്തിലാം
അപ്പുരിയിൽ നമുക്കെപ്പൊഴും സമാധാനമാം.

ശരണം: നമ്മുടെ സഹൊദര പ്രിയനെ മമസഖെ
എന്തെല്ലാം നിനക്കക്കാലം സംഭവിച്ചു ചൊൽ.

വിശ്വാസം: കേൾവതിനാശയെങ്കിൽ കേൾപ്പിപ്പേൻ അല്പം കേൾക്ക
ആദി നരന്നിരു പുത്രരുണ്ടായതിൽ.
എകൻ നമുക്കല്പ സ്നേഹിതനാകയാൽ
തൽക്ഷണം ജേഷ്ടനാൽ ചത്തതും കേട്ടില്ലേ



എന്നതിൽ പിന്നെയൊരേറിയ കാലമേ
ആരും നമുക്കൊരു ബന്ധുവായിട്ടില്ല
ലോകം പണ്ടൊക്കെ നിറഞ്ഞു മഹാജനം
സ്നേഹത്തിന്നൊട്ടുമെ യോഗ്യമില്ലാത്തൊരു
നഗ്നപ്രഭുക്കളേ സ്നേഹിച്ചു സേവിച്ചു
ലോകം നിറഞ്ഞുള്ള മാനുഷരൊക്കയിൽ
നോഹെന്നൊരു സഖി അക്കാലമുണ്ടായി.

ശരണം : നീ ചൊന്നതൊക്കയും നേരു തന്നെ സഖേ
ആരുമില്ലാഞ്ഞന്നു സ്നേഹിതൻ
ആമ്മോറെആദിയായി ആമോദിക്കും ദേവൻ
ആകെ നശിപ്പിച്ചതിലൊരു നീതിമാൻ
അന്യദേശത്തിന്റെ വാസിയായി ഈ നരൻ
അല്പം നമുക്കൊരു സ്നേഹിതനായവൻ
എങ്കിലും തന്നുടെ പത്നിയായുള്ളവൾ നമ്മെ
ത്യജിക്കയിൽ നിന്നു മരിച്ചുടൻ
ലോകഭാഗ്യത്തിലായിയെന്നെ പകർത്തി
ഒക്കയും സമ്പത്തു പുത്രമിത്രങ്ങളായ്
പൊക്കത്തിൽ നോക്കാതെ ക്നാൻ നാട്ടിൽ വെച്ചവർ.

സ്നെഹം : നിങ്ങൾക്കതു കാലമൊട്ടൊരു നൽസുഖവും
നമ്മൾക്കതു നെരമൊട്ടുമില്ലഹോ
തല്പം ജനമൊട്ടു സ്നേഹിച്ചുവെങ്കിലും
മൽസ്വഭാവത്തെ ഗ്രഹിക്കാതെ പേടിയാൽ
കിട്ടും സുഖം ഭൂമിയെന്ന ഒരു മോഹവും
ആട്ടിക്കളഞ്ഞിടും നാട്ടീന്നതെന്നതും
ഇങ്ങനെ ഓർത്ത് സ്നേഹിച്ചതല്ലാതെ
മഞ്ജുളകായുള്ള നമ്മെ അറിഞ്ഞില്ല.

വിശ്വാസം : വീണ്ടും നമുക്കൊരു കാലമുണ്ടായഹൊ
രണ്ടാമതുണ്ടായ പരിവേദമെന്നതിൽ
ഇസ്രായെലിന്നുടെ ഗോത്രമതിൽ കുറെ
സുഖമായ് വാണു നാം ചില നാളിലങ്ങനെ

എങ്കിലും ഭൂലോക നാലു കാണ്ഡമതിൽ
വൻകാടു കൂടിയ ആസിയയെന്നൊരു
എത്രയും കൊച്ചായ പലസ്തീനായതിൽ
മാത്രമായുള്ളവരത്രെയിതു ജനം
പിന്നെയിവരുടെഅന്തുകാലമതിൽ
ഉണ്ടായിനിക്കു മഹാസുഖം അപ്പരിൽ.

ശരണം: ഉള്ളതു മൽസഖെ അക്കാലം ഞാനുമെ
ഉള്ളു കൊണ്ടവരോടു ചേർന്നു മഹാ സുഖാൽ

സ്നെഹം : അന്ത്യാക്കോസിന്റെ കാലത്തിലല്ലയോ
അന്തരം കൂടാതെ ഞാനും രസിച്ച ഹൊ.

വിശ്വാസം : അക്കാലമെന്നുടെ സൽബുദ്ധികേട്ടവൻ
മക്കുവായെന്നൊരു ഗോത്രപിതാക്കളായ്
മന്ദമില്ലാതുള്ളിൽ ഞാൻ പ്രകാശിക്കയാൽ

ശരണം: എന്നവർക്കുള്ളിൽ ഞാൻ ശക്തികൊടുക്കയാൽ,

ശരണം: നന്നായി യുദ്ധം ജയിച്ചവർ നമ്മളാൽ!
സ്നെഹം :

സ്നെഹം : ഏലിയാസെർ എന്ന മഹാഗുരുശിഷ്യയരും
ശ്മോനിയും മക്കളും ഒക്കെയും മഹാസുഖം.

വിശ്വാസം : അക്കാലമിങ്ങനെ ആയെങ്കിൽ നമ്മുടെ
സൽക്കാരം സ്നേഹമായ് കാണുന്ന ഉണ്ണിയാൽ
മെൽക്കാലമായതിൽ സംഭവിക്കുന്നൊരു
അക്കളിപ്പിന്നുടെ കാലമതെങ്ങനെ!

സ്നെഹം : അക്കാലം നമ്മുടെ സല്ക്കാരമൊക്കെയും
തൊൽപ്പമാം വെട്ടമായ് കണ്ടിടും നിർണ്ണയം.

വിശ്വാസം : നോഹിന്റെ കപ്പലിൽ എട്ടു നരജനം
കേറിൽ കടലതിൽ രക്ഷപെടും ദൃഢം
സ്നേഹമേറിടുമിക്കുഞ്ഞിന്റെ കാലത്തിൽ
മോഹിതമായമമ കപ്പലെന്നതിൽ
എട്ടുദിക്കുലുമുള്ള മർത്യജനങ്ങളിൽ
എപ്പേരും കേറികടക്കുമീ വൻകടൽ.

ശരണം: അക്കാലക്കടലുള്ളിലോളത്താൽ
അങ്ങൊട്ടുംയിങ്ങൊട്ടുംപോയി വലയും വിധൌ
വെള്ളത്തിന്നുള്ളിൽ കിടക്കുന്ന നമ്മുടേ
വിള്ളലില്ലാതുള്ളയിരുമ്പായ ചീനിയാൽ
ഒട്ടുമിളകാതെ കാത്തിടും നാമതു
നഷ്ടമില്ലാതുള്ള നമ്മുടെ തുടലിനാൽ.

സ്നെഹം: അക്കപ്പലിനുടേ പാകളിൻ ശക്തിയായ്
നീക്കമില്ലാതെ ഞാൻ ഓടിപ്പറപ്പിക്കും.

വിശ്വാസം: മുമ്പിലെ നാളു പോലല്ലഹൊ നമ്മുടെ
ഉണ്ണിയിൻ കാലത്തിലെന്നുടേ സ്നേഹിതൻ
അക്കാലം ഞാനൊരു മൂലയിൽ ഭൂമിയിൽ
മെല്ക്കാലം നാലുദിക്കും നടക്കുമിഹ.



ശരണം: എന്നെയും മാനുഷർ മുൻകാലമൊക്കെയും
എത്രയും ഹീനതയായതിൽ വച്ചവർ.

സ്നേഹം: നിങ്ങളെ അങ്ങനെ എങ്കിലും സ്നേഹിച്ചു
എന്നുടെ മഞ്ജുളം അന്നറിഞ്ഞില്ലവർ
എന്നതറിയണമെങ്കിൽ കേട്ടുകൊൾ
എങ്ങനെയെന്നവർ എന്നോടെതൃത്തത്
ശ്രതുവേ ദ്വേഷിക്ക ബന്ധുവെ സനേഹിക്കയും
കണ്ണിനുകണ്ണും പല്ലിനുപല്ലും
അന്യവരെ തള്ളിയടക്കി കടത്തുക
എന്നവരോടിണങ്ങാതെ വെറുക്കുക
തന്നുടെ ബന്ധുക്കളൊക്കയും സ്വജനം
അന്യവരോട് ഇണചേരരുതാരുമേ
ഇങ്ങനെയുള്ള നടപ്പു നിമിത്തമായ്
എന്നുടെ സ്വഭാവമവർക്കു വെറുപ്പായ്.

വിശ്വാസം: ആ പ്രിയമുള്ള സഖികളെ ഞാനതു
കാലത്തിലെത്രസഹിച്ചു ദുഃഖങ്ങളും
എന്നെ പ്രിയപ്പെട്ട ഗോത്രരിലേറ്റമായ്
സ്നേഹമെന്നുള്ളൊരു നാട്ടിൻ മഹാരാജൻ
എന്നെ സ്നേഹിച്ചയാൾ പിന്നെയുംഎൻ മകൻ
ബുദ്ധിമാനായി പ്രിയപ്പെട്ടൊട്ടുനാൾ
വൃദ്ധനായപ്പോളെന്നെയുപേക്ഷിച്ചു
പിന്നെയുള്ളൊരോരൊ ജനങ്ങളീവഴി
എന്നെവിട്ടു കാളക്കുട്ടിയെ പ്രിയമായവർ
എന്നെ വിട്ടൊരൊരൊ കാട്ടിലും മേട്ടിലും
നന്നായ് പടന്നുള്ള വൃക്ഷച്ചുവട്ടിലും
എത്രയോ സ്നേഹിതർ അന്നവർക്കുണ്ടായി
ഞാൻ സുഖെ പാർത്തൊരു പള്ളിയതുള്ളലും
എന്നെയകത്തിവച്ചേച്ചന്യനെ കുമ്പിട്ടു
കാളക്കിടാവിന്ന് ചേർന്നു  വരുമ്പൊൾ
നീളമായിനിന്ന യൂദായിലുമിങ്ങനെ
ആ ഫറവ കാലത്തിൽ നാനുറ് പൂജാരി
ആയവരൊക്കക്കും ബാലാമേ സ്നേഹിതർ

അന്നിനിക്കേകനേ ഉണ്ടായിരുന്നുള്ളു.

ശരണം: എന്ന പോലെന്നെയുമക്കാലമുള്ളവർ
ഒട്ടും പ്രിയപ്പെട്ടില്ലന്നു നിർണ്ണയം
എന്നെ പ്രിയപ്പെട്ടെജീപ്തിൽ നിന്നവർ
വൻ കാട്ടുവഴിയിൽ നടന്നെന്നാകിലും
കല്ലിനാൽ വെള്ളം കുടിച്ചു മന്നായവർ
തിന്നു മോഹത്തിന്നിറച്ചിയും പൂർണ്ണമായി
എങ്കിലും മല്ലരെ കണ്ടെന്ന കാരണം
പേടിച്ചുകൈവിട്ടുപേക്ഷിച്ചവരെന്നെ

സ്നെഹം: എന്റെ സഖികളെ മുമ്പിൽ പറഞ്ഞപോൽ
എന്നെയിതെത്രെകുറച്ചു മതിച്ചവർ
അന്യവരെ പ്രിയമൊട്ടുമില്ലാകിലും
തന്നുടെ പുത്രനെസ്നേഹിക്ക നീതിയേ
അക്കാലമെങ്ങനെ എന്ന് കേട്ടിടണം
അത്താലിയാ ആ രാജസ്ത്രീ എന്നവൾ
തന്നുടെപേരലാം' മക്കളിൽ മക്കളെ
തന്നുടെയുച്ചീലടിച്ചു കൊല്ലിച്ചു
പന്ത്രണ്ടുകൂടപ്പിറപ്പുകൾ എകനെ
പത്തുപേരും കൂടെ വിറ്റു വിലവാങ്ങി
രാജമക്കളിൽ കരുത്തനെ മറ്റവൻ
സ്നേഹമായി മേശയിൽ വച്ചു തലവെട്ടി
ഇഷ്ടമേറീടും പിതാവിനെ ഒരു മകൻ
കഷ്ടമായി ഓടിച്ചു ദുഷ്ടത ചെയ്തതും
ഇങ്ങനെ എന്നെയുപേക്ഷിച്ചുസംഗതി
ചെല്ലിയാൽ ദീർഘമെ നിങ്ങൾക്കുമിങ്ങനെ.

ശരണം : എങ്കിലുംനമുക്കൊരു വരുവാനിരിക്കുന്ന
നൽസുഖം കാണുന്നു സൂര്യദർശനം വശാൽ.

സ്നെഹം : അക്കാലം നാം സഖേ! എത്രയും തോൽപ്പിച്ച
വർക്കും മഹാസഖെ ഏറിയ ദിക്കതിൽ
എന്നതു മുമ്പിനാൽ നാം കൊടുക്കുന്നൊരു
സന്തോഷമായിടും മാനുഷർക്കൊക്കെയും.

ശരണം : എന്നതു ചൊൽവാൻ സഖെ വേഗമായി
മുമ്പിനാൽ മതുരാൻ പണിചെയ്ത കോട്ടയിൽ
ഒന്നായ പേച്ചിനെ ഭിന്നിച്ചു ചിതറി
നാം തുടങ്ങുന്നൊരു കോട്ട ഉയർത്തുവാൻ
ഒരു പേച്ചു പറകയിൽ സകലരും തിരിയും
വാർത്തുവാ, ലാഭായ്, അറബി, അവീലാനെ
ചെർത്തു പറയാതെ ഏവർക്കും കേൾക്കുമേ
സിംഹം പുലികളും ആടും പശുക്കളും
പകയൊക്കെ നീങ്ങി അങ്ങൊരുതൊഴുത്തിലായിടും
ശാസ്ത്രവിജ്ഞാനങ്ങളറിയാത്ത മാനുഷർ
ശാസ്ത്രികളായ് പഠിപ്പിക്കും സർവ്വതും
രാജഭേദങ്ങളും ജാതിഭേദങ്ങളും




എംപ്രദോരൻമാർ മന്ത്രീ ജനങ്ങളും
വൻപിൽ പെരുകിയ സേനാപതികളും
ഇത്തരമുള്ളവരൊക്കെയവരുടേ
പൊക്കമൊക്കെവിട്ടു സമെ? ഭജിച്ചിടും
നമ്മുടെ ദേവൻ മഹാഉണ്ണിയിന്നിതാ
ഇദ്ധരെതന്നിലായതിനാലേ
സ്നേഹിതരായ നാം മുവരുമൊരുമിച്ച്
വേല ചെയ്തീടുകിൽ പിന്നെയൊരുമിച്ച്
തന്റെ ദേശത്തിൽ നാം പോകുന്ന നേരത്തിൽ
നിങ്ങളടങ്ങിടാംപിന്നെ ഞാൻ സർവ്വതും.

വിശ്വാസം : ഉള്ളതു മൽസഖെ യിനിമേലെന്നുടെ
കടുകുമണി സമമായ എന്നുടേ ശക്തിയാൽ
യാചനയിതെങ്ങനെ വസ്ത്രമിതെങ്ങനെ
ഒക്കെയവർക്കു ഞാൻ നന്നായി കൊടുക്കുമെ
അപ്പന്റെ വസ്തുസമസ്തമുപേക്ഷിച്ച
മന്ത്രജപങ്ങൾക്കു കുമ്പിട്ടു കൂപ്പിട്ടും
എണ്ണമില്ലാതുള്ള സജ്ജനകൂട്ടമായി
വസ്ത്രവും പാനവും വീടും ധനങ്ങളും
രാജർക്ക് കൂടുന്ന സേനകളെക്കായിൽ
പിന്നെ ചിലരുടെ ശക്തി നിമിത്തമായി
പക്ഷി പറക്കുന്ന പോലെ പറന്നിടും
പോയ നീ മാറെണമെന്നു ചൊന്നാലുടൻ
വെള്ളമതുപോല ഉഴുകുന്ന തീ കനൽ
തെല്ലുപോലും ഭയം കാട്ടരുതെന്നുടൻ
ഇങ്ങനെയുള്ള ശക്തികളൊക്കയും
വൻശക്തി കാട്ടിടുവാൻ ആയതു കേട്ടുകൊൾ
മാനുഷ്യഹൃദയം നിറയ്ക്കുമതിൽ ചിലർ
ഒന്നും തിരക്കാതെ എന്നെസ്നേഹിച്ചിടും
വസ്ത്രം ധരിച്ചതും നീക്കി കൊടുത്തുടൻ
ഇങ്ങനെയുള്ളൊരു ധൈര്യം നിമിത്തമായ
മോദിച്ചുവരോടു ചേരും പല ദിനെ
ഒന്നുമില്ലെങ്കിലുംഎല്ലാമവർക്കുണ്ടാം

ഏറുമവരുടെ എണ്ണവും നിർണയം
വൻപിച്ച മലയോടുകൽപിച്ചുടനതു
ഏറി അടിക്കുന്ന വൻകടൽ തന്നുടെ
ഓടിമാറി കര കാട്ടു മേയക്കടൽ
പള്ളിയിൽ പോകുന്നതല്ലാതെ മർത്യരെ
കൽപിച്ചാലായപ്പൊളുടൻ കേക്കും തീയും
മംഗലമായി ഞാൻ നടത്തിടും സഖേ!

ശരണം: ഞാനുമതുപോലെ മാനുഷ്യരുള്ളത്തിൽ
എന്നതിനാൽചിലർ കാണുന്നതൊന്നുമേ
കേറിയിരുന്നു സുഖിക്കുമതു നേരം
നന്നെന്നു നോക്കാതെയൊക്കെയുപേക്ഷിച്ചു
വൻ മലകളിലും കാടുകൾക്കുള്ളിലും
വ്യാഘ്രവും മാനുഷ്യകാഴ്ചയും കേൾവിയും
ഒന്നുമില്ലാതെ തനിവാസമായി
ഒക്കെയും നൽസഖേ സന്തോഷചിത്തമായ്
ഒക്കെയും നോക്കാതെ നിർധനരായിടും
ഒക്കെയും ഓരോരൊ കൂച്ചുകളായിടും
വ്യാഘ്ര സിംഹം പുലി കൂട്ടരല്ലാതൊരു
വീടും കുടിയുംഭവനം കിടക്കയും
പെയ്യും മഴയും വെയിലും കുളിരും
നാടും നഗരവും രാജ്യം പ്രഭുത്വവും
ഇങ്ങനെ ഓരോരേ കുന്നും മലകളും.

സ്നെഹം : ഒ! സഖികളെ എന്നുടെ ചേലയും
രാജ്യകിരീടം ധരിച്ചു വാണിടുന്ന
ശിക്ഷയ്ക്ക് അവർക്കുള്ള ശക്തിക്കരുക്കളാം
കുന്തങ്ങൾ തോക്കുകൾ കണ്ടകോടാലികളും
ഞാൻ കൊടുക്കുന്ന ഘ്രലം നിമിത്തമായി
കാറ്റും കുളിരും പൈദാഹമെങ്ങനെ
ഒട്ടുംഭയപ്പെടാതെ എത്രയും ശക്തിയായ്
തോഴിച്ചു മോദിച്ചു ലാളിക്കും വ്യാപ്തിയായ്
ഒക്കെ പറഞ്ഞൊാത്ത കാട്ടിയാലും വൃഥ
മാന മര്യാദകളൊരു മണവാള സ്നേഹിതൻ
കിത്താൻ കരിമ്പടം മുൾചട്ടരിഞ്ഞാണം
ശേഷികൂടാതെ നടക്കാത്ത നാരികൾ
മോഹിച്ചുടുത്തിടും സന്തോഷതൃപ്തിയാൽ
കട്ടിലും പാകളും തുത്തുതുടച്ചിടും
മോഹിച്ചലക്കി വെളുപ്പിച്ചു നല്കീടും
ഒക്കെയുടുത്തു കളിച്ചുനടക്കുന്നുസമ്പത്തു
സന്തതിക്കായുള്ള പൈതങ്ങൾ
അല്പം രസിച്ചതും കേൾക്കണം നിങ്ങളും
ശക്തിയേറിടും മഹാരാജാക്കന്മാരുടെ
അസ്ത്രങ്ങൾ ശക്രങ്ങൾ വാളും വടികളും
ഒക്കെയും കാട്ടി ഭയപ്പെടുത്തും നേരം
നേരിയ നാരിമാർ സുന്ദരപൈതങ്ങൾ
എന്നറിയാത്തൊരു കുഞ്ഞുങ്ങളും ദൃഢം
നീട്ടിക്കൊടുത്തു കഴുത്തു കാട്ടിടുമെ



രാജാപദാനങ്ങൾ സമ്പത്തു ബഹുമതി
ഓമനയേറുന്ന പാമനീ കൂട്ടങ്ങൾ
ഇത്തരമുള്ളത് ഒക്കെയുപേക്ഷിച്ച്
കല്യാണവസ്ത്രമായ് മോഹിച്ചണഞ്ഞീടും
ചേടിയ്ക്കടുത്തൊരു ചേലയാഗ്രഹിച്ച
പൊട്ടിയും ചീഞ്ഞും പുഴുത്തും കിടക്കുന്ന
ചീകളെ തൂത്തു തുടയ്ക്കും പഴംതുണി
മെച്ചുമായുള്ള ഒരു വസ്ത്രകവിണിയും
വമ്പരും മുമ്പരുമാകുന്നവരുടെ
അപ്പനും അമ്മയും അറിയാതെയും ചിലർ
അപ്പനെപേടിച്ചൊളിച്ചു മാറി ചിലർ
ദുഃഖവും സങ്കടമൊക്കയായ് ചിലർ
ഇങ്ങനെയുള്ളൊരുകാലം നമുക്കിനി
എങ്കിലും ഭൂമീലൊന്നൊരുമിച്ച
ശരണമെ നീയൊരുയേണിയായ് നിന്നുകൊൾ
പിന്നെ ഞാൻ എപ്പോഴും സർവ്വതുമായിടാം
ആരാധന ചെയ്ത് കുമ്പിടാൻപോകണം
പുറപ്പെടും രഹസ്യമായ്, തൽക്ഷണം ചേരുമൊരോരു !
ഖേദങ്ങൾ, വന്നിടുമേ ശുഭം നിശ്ചയം നിർണയം,
വിശ്വാസമായി നീ വഴികാട്ടി മുമ്പിനാൽ,
എന്നുടെ രാജിത വാതിലിൽ ചേർക്കുവിൻ,
യിപ്പോൾ നമുക്കു പിറന്നൊരു കുഞ്ഞിനെ...

വിശ്വാസം : മൽസഖേ, നീ നടക്കുമുമ്പിനാൽ!

ശരണം : നൽസുഖത്തോടെ നീ കാട്ടണമാസ്ഥലം.

ഉപവി ) : ഒക്കെശ്രമിച്ചിടും കണ്ടീട്ടും തൽക്ഷണം!

സ്നെഹം

സമാപ്തി!



# കുഞ്ഞിപ്പൈതങ്ങളുടെ ഇടയന്മാരുടെ സല്ലാപം

**വിശുദ്ധ കുര്യാക്കോസ് ഏലിയാസ് ചാവറ**

ഗദ്യരൂപത്തിൽ

മെലിബൊ, മറുനെ, തീത്തിരൊ, തറാസി, കൊച്ചുഅലീപ്പിയോ

മെലിബാ : നമ്മുടെ ഭാഗ്യം വലിയ ഭാഗ്യം തന്നെ ഇതിൻവണ്ണം ഈ ഭാഗ്യപ്പെട്ട കാലം ഇത്രെം അടുത്തു എന്ന് ഞാൻ വിചാരിച്ചിട്ടില്ലായിരുന്നു.

മറുനെ : ദൈവാനുഗ്രഹം തന്നെ എന്നാൽ ഇനിക്കതിശയമുള്ളത് ഇതല്ല പിന്നെയൊ ഇതിൻവണ്ണം ഒരു തമ്പുരാൻ അവസ്തയക്കു തക്കതിൻവണ്ണം ഒന്നും കാട്ടാതെദാരിദ്രപ്പെട്ടവനായി ഒരു പുൽ കൂട്ടിൽ കിടക്കുന്നുവല്ലോ.

മെലിബാ : ഉള്ളത് തന്നെ. എന്നാൽ മിനിയാന്ന് ഞാൻ തിത്തിരോനെ കണ്ട് ഈ കാര്യം ചോദിച്ചപ്പോൾ ഇത് തന്നെ നിവ്യാ സുഖങ്ങളുടെ തികപ്പായിരിക്കുന്നു എന്ന് എന്നോടു പറഞ്ഞു.

മറുനെമറുനെ : ദെ തീത്തിരൊ വരുന്നുണ്ടല്ലോ

മെലിബൊ : തീത്തിരൊ എങ്ങോട്ട് പോയിരുന്നു?

തീത്തിരൊ : ഇപ്പോൾ പിറന്ന ഇസ്രായേൽ രക്ഷിതാവിന്റെ തൃപ്പാ ദത്തുങ്കൽ എന്റെ കാഴ്ചകളെ വപ്പാൻ പോയി.

മറുനെ : എന്താണ് എന്താണ് കാഴ്ച വെച്ചത് തീത്തിരൊ. ഇനിക്കു പാടുണ്ടായിരുന്നെങ്കിൽ ഞങ്ങളുടെ ചെമ്മരി ആടുകളെ എല്ലാം കാഴ്ചവച്ചേനെ. എന്നാൽ ഇപ്പളത്തെയ്ക്ക് രണ്ട് കൊച്ചാട്ടും കുട്ടികളെയും ഇന്നലെ പടിക്കു താഴെന്നു കണ്ടെത്തിയ ഒരുപക്ഷിക്കൂടും.

മെലിബൊ : ഇത്രെ കാഴ്ച വച്ചിട്ടുള്ളു?

മറുനെ : ഉള്ളതിനെ കാഴ്ച വെച്ചാൽ മതിയല്ലോ?

തീത്തിരോ : ആ മെലിബൊ കാഴ്ച വലിപ്പത്തിലല്ലാ മാംസപ്പെട്ട ദൈവവചനം പ്രസാദിക്കുന്നത് പിന്നെയോ ഏതു മനസ്സോടുകൂടെ കാഴ്ചവെച്ചു എന്നേ താൻ നോക്കുന്നുള്ളു; ഞാൻ എന്റെ ആട്ടുംകുട്ടികളൊടു കൂടെ എന്റെ ആത്മാവും എന്റെ ശരീരവും കൂടെ കാഴ്ചവെച്ചു.

മറുനെ : എന്താ ബെസ്ലഹമിൽ ഇടയന്മാരധികമായി വന്നിട്ടുണ്ടോ?

തീത്തിരൊ : ഹാ, എണ്ണമില്ല. കഴിഞ്ഞാണ്ട് നമ്മൾ കിഴക്കെ തുരുത്തിൽ പോയി നമ്മുടെആടുകളുടെ രോമം വെട്ടിയിരിക്കുമ്പോൾ തമ്പുരാന്റെ വാഴ് നിങ്ങളുടേമേലുണ്ടായിരിക്കട്ടെ എന്ന് ചൊല്ലിയ ആ മൂന്ന് കിളവന്മാരെ ഓർക്കുന്നില്ലെ? അവരും കൂടെ ഉണ്ടായിരുന്നു ഞാൻ അവരെ കണ്ടപ്പോൾ സ്തുതി ചൊല്ലി ഇങ്ങോട്ടു വന്നു.

മെലിബൊ : ജറുസലെമിൽനിന്നു നമ്മുടെ പ്രധാനികളും ഹെറൊദെസ് രാജാവും കൂടെയും പിറന്നകർത്താവിനെ ആരാധിക്കാനും കാഴ്ച വെപ്പാനും വരാമ്പോകുന്നു എന്നും ഒരു വർത്തമാനംകേട്ടു. നീ ഒന്നും കേട്ടില്ലെ?

തീത്തിരൊ : ഉള്ളതാണ് ഞാനും കേട്ടു. അതിനെ കുറിച്ച് ഞാൻ വളരെ സന്തോഷിച്ചു. എന്നാൽ ഞാൻ ഇങ്ങോട്ടു വരുമ്പോൾ നമ്മുടെ തദേവ് ജ്യേഷ്ഠന്റെ മുറ്റത്തിൽ ചെന്നപ്പോൾമുത്തപ്പൻ

മെല്ലിരോ വേറെ രണ്ടു പേരോടും കൂടെ ഒന്നിച്ച് ഈ കാര്യംകൊണ്ടുതന്നെ സംസാരിക്കുന്നു എന്ന് കണ്ടു. എന്നാൽ മുത്തപ്പൻ മെല്ലിരോവിഷാദത്തോടെ പറഞ്ഞതായി കണ്ടു. 'എന്റെ കുഞ്ഞുകുട്ടികളെ, ഈ കേട്ട വർത്തമാനംവിശ്വസിക്കണ്ട. ഹെറോദേസിന്റെ ശങ്ക് സമാധാനത്തിന്റെ ശങ്കല്ല, ഹേറോദേസിന്റെനികളവും പിറന്ന കർത്താവിന്റെ എളിമയും ഒന്നിച്ചു ചേരുകയില്ല. ഹേറോദേസ് വരുമെങ്കിൽ കർത്താവിനെ ആരാധിക്കാനും കാഴ്ചവെക്കാനുമല്ലായിരിക്കും.പിന്നെയോ ദിവ്യഉണ്ണിയെ ഇസ്രയേൽ രാജാവ് എന്നു പേരു വിളിക്കുന്നതിന്റെ സാരംഅറിവാൻ വേണ്ടി ആയിരിക്കും' എന്ന്.

മെലിബൊ : ഇതെന്തൊരു ഭോഷത്വമായിരിക്കുന്നു. നിങ്ങളെല്ലാത്തിനും ഭയങ്ങളുണ്ടാക്കുന്നു.

മറുനെ : എ, മെലിബാ ഇങ്ങനെ പറയണ്ട; രാജാക്കന്മാരുടെ മുറ ഇങ്ങനെ തന്നെയാണ്. എന്നാൽഇപ്പോൾ എനിക്ക് കൂറെ ഭയം തോന്നുന്നു. അതെ ഇന്ന് കാലത്ത് ഞാൻ ജെറുസലേമിൽചെന്നപ്പോൾ ഹോറോദേസിന്റെ സമൂഹത്തിൽ കാര്യമായിട്ടുള്ള ഒരാൾ, നിങ്ങൾ ഇടയന്മാർകലാപങ്ങളുണ്ടാക്കുവാൻ പൊകുന്നു അല്ലേ? സൂക്ഷിപ്പിൻ നിങ്ങൾ മഹാരാജാവിന്റെകോപത്തിനും പാത്രവാൻമാരാകും, ഒരു കുഞ്ഞു പിറന്നതിനെ കൊണ്ട് ഇത്ര പെരുത്ത ഇളക്കം കാണിപ്പാൻ എന്ത്? നമ്മുടെ മഹാരാജാവിന്റെ ഉയരപ്പെട്ടപുത്രനായ അർക്കലാവൊസ് പിറന്നപ്പോൾ നിങ്ങളിൽ ഒരുത്തരും ആരാധിക്കാനും കാഴ്ചവെക്കാനും വന്നിട്ടില്ലല്ലോ എന്നു പറഞ്ഞു.

മെലിബൊ : ആഹാ, ഹേറോദേസിന്റെ മകനും ബാവാതമ്പുരാന്റെ നിത്യപുത്രനും ഒരു പോലെ ആണോ. ഇതെന്തൊരു നികളം. ഇപ്പോൾ ഇനിക്കും കുറെ വിഷമം തുടങ്ങി. ഏതായാലും മറുനെ നീ ഒന്ന് ബേത്‌ലെഹമിൽ ചെന്നു കാര്യത്തിന്റെ അവസ്ത അറിഞ്ഞ് വാ.

മറുനെ : ഒ പോയി തിരക്കി വരാം.

തീത്തിരൊ : എങ്കിലും മറൂനെ ഈ കാര്യത്തിൽ വിവേകം വേണം. രാജാക്കന്മാരുടെ കാര്യംതിരിഞ്ഞോ? (മറുന തെക്ക് വശത്തോട്ട് യാത്ര പുറപ്പെടുന്നു)

മെലിബൊ : ദെ, നില്ല് ഒന്നു പറയട്ടെ; ഉണ്ണി കർത്താവിന്റെ അരികിലും പോകാനിരിക്കയല്ലേഅമ്മയോടും അവരുടെ മണവാളനോടും എന്റെ പേർക്ക് സ്തുതി ചൊല്ലുക; വെകം വരണമെ.

മെലിബൊ : ആ തീത്തിരോ രാജാക്കന്മാരാകുന്നതിനെകായിൽ ഇടയന്മാരാകുന്നത് എത്രയോ നല്ലകാര്യം? ഇതിൻവണ്ണം ഒരു മനുഷ്യന്റെ ബോധത്തിൽ വിചാരിക്കാമോ?

തീത്തിരൊ : സർവ്വേശ്വരൻ തമ്പുരാന്റെ മൊഴികൾ നമുക്ക് അറിവാൻ മേലാത്തതായിരിക്കുന്നുഎന്നു വരികിലും നമ്മുടെ തിരുപുസ്തകങ്ങളിലുള്ള പഠിത്വങ്ങളെ കൊണ്ട് നികളവുംഅഹംകാരവുമുള്ള ഹൃദയങ്ങൾ ദൈവാനുഗ്രഹങ്ങളെ കൈക്കൊള്ളുവാൻ വശമുള്ളതല്ലെന്നുഗ്രഹിക്കയും ചെയ്യാം.

മെലിബൊ : എന്നാൽ മെല്ലിരൊ പറഞ്ഞത് നേരായിരുന്നാൽ നമുക്ക് എന്ത് ചെയ്യണം?

തിത്തിരൊ : ഏതെങ്കിലും... എല്ലാത്തിലും കിളവന്മാരോട് ഗുണ ദോഷം ചോദിച്ചാലേ ഗുണംവരുത്തുള്ളു. നമുക്ക് തറാസിയുടെ പക്കൽ ചെന്ന് ചോദിക്കാം.

മെലിബൊ : കൊള്ളാം നല്ല കാര്യം. എന്നാൽ ഇതിനിടയ്ക്ക് മറുനെ വരുമെങ്കിലൊ.

തീത്തിരൊ : തറാസിയോ, ഇവിടെ സമീപത്തല്ലയൊ പാർക്കുന്നത്. നമുക്ക് വേഗം വരാം.

മെലിബാ : കൊള്ളാം പോകാം. (വടക്ക് വശത്തോട്ടു നടക്കുന്നു; അന്നേരം തറാസിയോ ഇങ്ങോട്ടുവരുന്നു)

തീത്തിരൊ : ആ തറാസിയോ തന്നെ കഴ്മാൻ വരികയാണ്.

തറാസി : ആ ചെറുപ്പക്കാരരെ, പിറന്ന ഇസ്രായെൽ രക്ഷിതാവിനെ കാണ്മാൻ പോകുന്നതിന് പകരമായിട്ട് തറാസിയെ കാണാൻ വരുന്നൊ.

തീത്തിരൊ : ആ തറാസിയൊ ഞങ്ങൾ പിറന്ന തമ്പുരാനെ കണ്ട് കാഴ്ച വച്ച് വന്നു. അവിടെ കേട്ട ഒരു വർത്തമാനത്തിന്റെ അവസ്ഥ തന്നോടു ചോദിക്കാൻ വരുന്നു.

തറാസി : എന്ത് വർത്തമാനം

മെലിബൊ : തീത്തിരൊ വേഗം പറാ.

തീത്തിരൊ : ഞാൻ ബേസെലെഹമ്മിൽ കാഴ്ച വെക്കാൻ പോയപ്പോൾ ഹേറോദേസ് രാജാവ് നമ്മുടെദിവ്യരക്ഷിതാവിന്റെ മേൽ വിഷാദവും രസക്കേടുമായി, ആരാധി പ്പാനും കാഴ്ചവെപ്പാനും എന്ന ഉപായം പറഞ്ഞു കൊണ്ട്, നമ്മുടെ ദിവ്യ ഉണ്ണിയെ കൈവശത്തിലാക്കുവാൻ പോകുന്നവെന്ന ഒരു വർത്തമാനം കെട്ടു. മറുനെ കൂടെയും ഈ സംഗതിയെ കുറിച്ച്ഏതാനുമൊക്കെ കേട്ടിട്ടുണ്ട്.

തറാസി : തമ്പുരാന്റെ വല്ലഭം മാനുഷരുടെ വശത്തെകായിൽവല്യതായിരിക്കുന്നു. ഇപ്പോൾ പിറന്ന നമ്മുടെ കർത്താവ് സർവ്വരാജാക്കന്മാരേകായിൽ വല്ലഭനായിരിക്കുന്നു. ഹേറോദേസിന്റെ വിഷാദം മറ്റൊന്നുമല്ല പിന്നെയോ ഇപ്പോൾ പിറന്നിരിക്കുന്ന ഈ ദിവ്യഉണ്ണി അയാളുടെ രാജ്യവും രാജകിരീടവും എടുത്തേക്കുമെന്ന്. ഭോഷാ, ഈ കർത്താവിന്റെ രാജ്യം ഇഹലോകത്തിലെ രാജ്യമല്ല എന്നവനറിഞ്ഞിട്ടില്ല. ഇതിൻവണ്ണം ഹേറോദേസ് ദൈവവിധികൾക്ക്മറുതലയായി തമ്പുരാന്റെ പൂശപ്പെട്ടവനെ അമർത്തുവാൻ വിചാരിച്ചാൽ അയാൾക്ക്കഴിയുന്ന കാര്യമല്ല. ഹേറോദേസ് രാജാവ് അറബിദേശത്തിൽ സെഹിയോൻ മലയുടെ നേരെ ചെങ്കടലിന്റെ അരികെതമ്പുരാനെ ജയിച്ച ഫറവോൻ രാജാവ് വീണുകിടക്കുന്ന സ്ഥലത്തിൽനിന്ന്ധ്യാനിക്കട്ടെ. അത് കാണുമ്പോൾ ദൈവവിധികളെ നിന്ദിക്കുന്ന ആളുകൾക്ക് എന്ത്സംഭവിക്കുമെന്ന് കാണുകയും ചെയ്യും.

തീത്തിരൊ : എന്നാൽ ഇതിൻവണ്ണം ദുഷ്ടതകൾക്ക്ശിക്ഷ കൂടാതെ പോകുമൊ?

തറാസി : ആ, തീത്തിരൊ, നീ ചെറുപ്പക്കാരനാകുന്നതിനെകൊണ്ട് ചെറുപ്പകാർക്കടുത്തമുറക്ക് സംസാരിക്കുന്നു. തമ്പുരാന്റെ ശിക്ഷകൾ താമസമുള്ളതാകുംതോറും അധികംകഠിനപ്പെട്ടതായിരിക്കയും ചെയ്യും. എന്നാൽ ഇതല്ല എന്റെ അതിശയം, പിന്നെയോഇതിൻവണ്ണം ഒരു നിത്യതമ്പുരാൻ തന്റെ സൃഷ്ടിപ്പുകളെ കുറിച്ച്ഹീനതപ്പെട്ടവനായി ഒരു പുൽകൂടീൽ കിടക്കുന്നു എന്ന് മാനുഷര് കാണുമ്പോൾനന്ദിയും സ്നേഹവും തൊന്നാത്തത് ഞാൻ കേട്ട പ്രത്യക്ഷങ്ങളിൽ ഏറ്റം വലിയപ്രത്യക്ഷം. ആ മാനുഷാ നിന്റെ സൃഷ്ടിതാവും, നിന്റെ രക്ഷിതാവുംആയിരിക്കുന്നു. പോയി എന്നു സൂക്ഷിച്ചുനോക്കുക.

മെലിബൊ : എന്നാൽ നമ്മൾ ഒന്നും ചെയ്യാതെ ചുമ്മാ ഇരുന്നാൽ മതിയൊ?

തറാസി : നിങ്ങളിപ്പോൾ പൈതങ്ങൾക്കടുത്ത വികൃതികളെ ചെയ്യാൻ പോകല്ലേ.

തീത്തീരൊ : ഞാനൊന്ന് ജരുസെലെമിൽ ചെന്ന് കാര്യം അറിഞ്ഞ് വരാം.

തറാസി : അതൊന്നും ആവശ്യമില്ല. ഈ കാര്യത്തിന്റെ അവസ്ത ഞാൻ താമസിയാതെ അറിഞ്ഞ് വരാം. നിങ്ങളെന്റെ ഗുണദോഷം കൂടാതെ ഒന്നും ചെയ്യണ്ട, ഞാൻ പോയി വരാം.

(തറാസി വടക്കോട്ടു പോകുന്നു)

മെലിബൊ : എന്നിട്ടും ഇനിക്ക് തൃപ്തി വരുന്നില്ല.

തീത്തിരൊ : ഇപ്പോൾ വിഷാദിക്കണ്ട. ഏതെങ്കിലും മറൂനെ പൊയിട്ടുണ്ട് വരുമ്പോൾ എല്ലാം അറിഞ്ഞ് നിശ്ചയിക്കാം.

മെലിബാ : എന്തുകൊണ്ട് മറൂനെ ഇത്ര താമസിക്കുന്നു. വല്ലതുംസംഭവിച്ചിട്ടുണ്ടോ?

തീത്തിരാ : ഉം നിനക്കെല്ലാപ്പോഴും ഭയം. കാര്യം അറിയാതെ വിഷാദിക്കുന്നത് എന്തിനാ?

മെലിബാ : ആ, തീത്തിരൊ നമ്മുടെ ഉണ്ണിയുടെ കാര്യം തിരിഞ്ഞൊ, വേറെ കാര്യമായിരുന്നെങ്കിൽ വേണ്ടതില്ലായിരുന്നു.

തീത്തിരൊ : തറാസിയോ പറഞ്ഞത് കേട്ടില്ലെ. ഹേറോദേസ് എന്തെല്ലാം ചെയ്താലും ദിവ്യഉണ്ണി അവന്റെ കൈവശത്തിൽ വീഴുകയില്ല.

മെലിബൊ : നമുക്ക് കൂടെ പോകാം.

തീത്തിരൊ : അത് കൊള്ളുകയില്ല. എന്റെ ഗുണദോഷംകൂടാതെ ഒന്നിനും പോകണ്ടാ എന്ന് തറാസിയോ മുത്തപ്പൻ പറഞ്ഞല്ലോ. മറുനെ വരട്ടെഅയാൾ ഇതിൻ വണ്ണമുള്ള കാര്യങ്ങൾക്ക് മിടുക്കനാണെ.

(തെക്ക് നിന്ന് മറുന വരുന്നു)

മറുനെ : ആ, മെലിബൊ, ആ തിത്തിരൊ ആ പ്രിയമുള്ള കൂട്ടരെ കാര്യം നേര് തന്നെ.

മെലിബൊ : അയ്യോ എന്താ സംഭവിച്ചു പറാ വേഗം പറാ.

മറുനെ : മിണ്ടാൻമേല മിണ്ടാൻമേല.

തീത്തിരൊ : പറ വേഗം പറ

മെലിബൊ : (തന്നത്താൻ) ആ എന്റെ ദൈവമെ ഞങ്ങളെ സഹായിക്കണമെ.

മറുനെ : ഞാൻ ഇവിടെനിന്ന് പോയപ്പോൾ ബേസലഹമിന്റെ കിഴക്ക് വശത്ത് പോകുന്ന വഴിയിൽആൾക്കൂട്ടവും പത്ത് നൂറ് പടയാളികളും ഇങ്ങോട്ട് വരുന്നതിനെ കണ്ടു. ഞാൻമാറിനോക്കി കൊണ്ടിരിക്കുമ്പോൾ ഇതാ തെക്കുവശത്ത് നിന്ന് ഒരു വലിയ കരച്ചിലുംനിലവിളിയും കേട്ടു.

മെലിബൊ : ദെ തീത്തിരൊ ഞാൻ പറഞ്ഞില്ലേ?

മറുനെ : അപ്പോൾ ഞാൻ വടക്കോട്ട് ഓടി ഇങ്ങനെ പോകുമ്പോൾ മെല്ലിരിനെ കണ്ടു. മെല്ലിരൊ വല്യ ഭയത്തോടു കൂടെയും കരഞ്ഞുകൊണ്ടുംഇങ്ങോട്ടുവരുന്നു. ഞാൻ വർത്തമാനം ചോതിച്ചാറെ ഹേറോദേസ് വലിയകോപമായിരിക്കുന്നു എന്നും ഇപ്പോൾ പിറന്ന നമ്മുടെ ദിവ്യകർത്താവിനെപിടിച്ചുകൊല്ലുന്നതിന് ആളയച്ചിരിക്കുന്നു എന്നും പറഞ്ഞു. അപ്പോൾ രണ്ട്പേരും ദിവ്യ ഉണ്ണിയും തന്റെ അമ്മയെയും അവരുടെ മണവാളനെയും മരണത്തിൽ നിന്നുരക്ഷിപ്പാനും വേണ്ടി പുൽക്കുട്ടിലേക്കുഓടി അവിടെ ചെന്നപ്പോൾ അയ്യോദുഃഖമെ! അയ്യൊ സങ്കടമെ :

മെലിബൊ : അയ്യോ അയ്യോ ഉണ്ണിയെ പിടിച്ചോ?

തീത്തിരൊ : വേഗം പറ, ഉണ്ണി രക്ഷപ്പെട്ടോ?

മറുനെ : അവിടെ ചെന്നപ്പോൾ ഉണ്ണി ഇല്ല അമ്മയുമില്ല ഉണ്ണി യുടെ വളർത്തപിതാവുമില്ല. ഉണ്ണി കിടന്ന വൈക്കോലും ചിതറിക്കിടക്കുന്നു. എല്ലാം എല്ലാംസങ്കടം. കാളയും കഴുതയും കൂടെ തല താഴ്ത്തി ദുഃഖമായിരിക്കുന്നു.

മെലിബൊ : ഇനിക്ക് പോകണം.


മറുനെ : വേണ്ട വേണ്ട പോകണ്ട. ബെസലെഹം മുഴുവനും കരച്ചിലും നിലവിളിയും. എല്ലായിടത്തും മരണം; മരണം തന്നെ.

മെലിബൊ : ആ പ്രിയമുള്ള കൂട്ടരെ, ദിവ്യരക്ഷിതാവു ആപത്തിലായിരിക്കുമ്പോൾ നമ്മൾ ഇവിടെ നിന്നാൽ മതിയോ?

മറുനെ : എല്ലാം പറയട്ടെ കേട്ടു കൊൾവിൻ. ഞാൻ പുൽകൂട്ടിൽനിന്ന് ഇങ്ങോട്ടുപുറപ്പെട്ടപ്പോൾ ഇതാ വഴിയുടെ മദ്ധ്യേ ഒരു കുഞ്ഞിന്റെ തലയും ഒരു കാലുംവെട്ടിക്കിടക്കുന്നു. ഞാൻ അതിനെ നോക്കി കൊണ്ടിരിക്കുമ്പോൾ ഇതാ ഒരു സ്ത്രീതലമുടി അഴിച്ച് കൈനീട്ടിക്കൊണ്ട് വലിയ നിലവിളിയൊടുകൂടെ ഇങ്ങോട്ടുവരുന്നു. വഴിയിലും ചുമലിലും അപ്പടി ചോര ആയിരിക്കുന്നു.

മെലിബൊ : എന്നാല് നമ്മുടെ ദിവ്യഉണ്ണി എവിടെ?

മറുനെ : എനിക്കു അറിഞ്ഞുകൂടാ, പുൽകൂട്ടിലില്ല. എന്നാൽ ഞാനിങ്ങോട്ടുവരുമ്പോൾ ഒരുമുത്തി എന്നോടു പറഞ്ഞതായത് കിടാങ്ങളെ നിങ്ങളുടെ കുഞ്ഞുങ്ങളെ രക്ഷിപ്പിൻ. അതെ രണ്ട് വയസ്സിനു താഴെയുള്ള എല്ലാ കുഞ്ഞുങ്ങളെയും കൊല്ലുന്നതിന് ഹേറോദേസ്കല്പന ആയി. ഇപ്പോൾ തന്നെ ഒരു ചെറുപ്പക്കാരത്തിയും ഒരു നല്ല പ്രായമുള്ളപുരുഷനോടു കൂടെ ഒരു




കുഞ്ഞിനെ എടുത്തുകൊണ്ട് വടക്കോട്ടു ഓടുന്നത് കണ്ടു.അപ്പോൾ ഞാൻ മുത്തിയോടു ചോദിച്ചു. ആരെന്ന് അറിയാമോ? ഞാനറികയില്ല എന്നുപറഞ്ഞു!

തീത്തിരൊ : നമ്മുടെ ദിവ്യഉണ്ണി തന്നെ ആയിരിക്കുമോ?

മറുനെ : ഇങ്ങനെതന്നെ ഇനിക്കും തോന്നുന്നു.അതെന്ത ആ മുത്തി പറഞ്ഞ വിവരങ്ങളും അടയാളങ്ങളും സൂക്ഷിച്ചാൽ അത് തന്നെആയിരിക്കണം.

മെലിബൊ : അപ്പഴോ നമ്മുടെ ദിവ്യരക്ഷിതാവ് രക്ഷപ്പെട്ടു പോയൊ?

(വടക്കുവശത്തുനിന്ന് അലിപ്പിയൊ വരുന്നു)

അലിപ്യൊ : അപ്പാ, അപ്പാ, അയ്യോ ചോര ദെ ചോര.

മെലിബൊ : ആ എന്റെ മകനെ പറ പറ കണ്ടതെല്ലാം പറ

അലിപ്യൊ : ആ എന്റെ അപ്പാ എല്ലാം ചോര എല്ലാകുഞ്ഞുങ്ങളെയും കൊല്ലുന്നു. പെരുത്ത ചീത്ത മുഖമുള്ള ഒത്തിരി പടയാളികൾഇത്രച്ചെ നീളമുള്ള ഒരു കത്തികൊണ്ട് എല്ലാ കുഞ്ഞുങ്ങളെയും പിടിച്ച് കൈയുംകാലും നുറുക്ക് നുറുക്കായി വെട്ടുന്നു.

അലിപ്യൊ : ജ്യേഷ്ഠന്റെ കൊച്ച് മകൻ അമ്മയുടെ മടിയിൽ കിടന്ന്ചിരിച്ചുകൊണ്ടിരിക്കുമ്പോൾ ഹേറോദേസിന്റെ ഒരു ചിപ്പായി വന്ന് ആ നല്ലകുഞ്ഞിനെ പിടിച്ചു. അപ്പോൾ തള്ളയും നിലവിളിച്ചുകൊണ്ട് അനുഗ്രഹത്തെകുറിച്ചും തമ്പുരാനെ കുറിച്ചും അവരെയും കൊല്ലുവാൻ അപേക്ഷിച്ചു. എന്നിട്ടുംആ കഠിനപ്പെട്ടവൻ ഒന്നും സമ്മതിക്കാതെ കുഞ്ഞിന്റെ കാലു പിടിച്ചു നടുവെ കീറിപോയി.

തീത്തിരൊ : ഇപ്പോൾ നമുക്ക് ഇവിടെ നിന്നാൽ കൊള്ളുകയില്ല. എങ്ങിനെ എങ്കിലും നമ്മുടെദിവ്യഉണ്ണിയെ അന്വഷിപ്പാൻ പോകണം. നീ മറുനെ അലിപൊ ജ്യേഷ്ഠന്റെ മിറ്റത്തോളം വാഎന്നിട്ട് ബെസെല്ലെ ഹമ്മിന്നു തെക്കോട്ടു പിടി. ഞങ്ങൾ കിഴക്കോട്ടു പൊകാംനമ്മിൽ ആരെങ്കിലും ഉണ്ണിയെ കണ്ടെത്തിയാൽ ശേഷം പേരോടറിവിക്കണം.

മെലിബാ : കൊള്ളാം ഇങ്ങനെ തന്നെ അലിപൊ നീ ഇവിടെ നില്ല്.

അലിപ്യൊ : ഇനിക്കു പേടി. ഇനിക്കും കൂടെ പോരണം.
(നാലു പേരും വടക്കോട്ടു പോകുന്നു)

തറാസി : ആ പ്രിയമുള്ള മക്കളെ ആശ്വാസപ്പെടുവിൻ നമ്മുടെ ദിവ്യ ഉണ്ണി രക്ഷപ്പെട്ടു. (മെലിബൊ, തിത്തീരാ, മറുനെ ഒന്നായിട്ട്)

മെ,
തീ, : എവിടെ മുത്തപ്പാ എവിടെ?
മറു

തറാസി : എവിടെ എന്ന് ഞാനറിഞ്ഞിട്ടുണ്ട്. തെക്കോട്ടുള്ള വെറെ കൊച്ചായിട്ടുള്ള ഒരുപാതാളത്തിൽ ഒളിച്ച് കിടക്കുന്നു. പക്ഷെ അയ്യോ ദുഃഖമേ മരണത്തിൽനിന്ന് തന്നെരക്ഷിക്കാൻ വേണ്ടി പരദേശത്തിലെയ്ക്ക് യാത്ര പുറപ്പെട്ടിരിക്കുന്നു.ഒടുക്കത്തെ ഊഴമായിട്ട് തന്നെ കാണ്മാനും ആരാധിക്കാനും ആ തിരുകാലുകളെമുത്തുവാനും മനസ്സുണ്ടെങ്കിൽ എന്നോടു കൂടെ വരുവിൻ.

മെലിബൊ : ആ ദൈവമെ, ഒടുക്കത്തെ ഊഴം. ഒടുക്കത്തെ ഊഴം.

തീത്തിരൊ : ആ ദുഷ്ട ഹേറോദേസ് ഇതാ നിന്നെ കുറിച്ച് ഞങ്ങളുടെ ദിവ്യരക്ഷിതാവ് ഞങ്ങളിൽനിന്ന് പോകുന്നു. (പസേപ്പി'യുടെ നടുവിലോട്ടു നടന്ന് അവിടെ ചെന്ന് മുട്ടുകുത്തുന്നു)

തറാസി : അറുതിയില്ലാത്ത ദൈവമെ ഇസ്രായിലിന്റെ രക്ഷിതാവേ, ഞങ്ങൾ നിന്നെ വേണ്ടുന്ന നന്ദിയോടു കൂടെയും സ്നേഹത്തോടു കൂടെയും കൈക്കൊള്ളാത്തതിനാൽ നിന്റെ നിത്യ പിതാവ് ഞങ്ങളെ ശിക്ഷിക്കുന്നു. ഞങ്ങളിൽ നിന്ന് നിന്നെ വേറു തിരിച്ച് വേറെ ദിക്കിലോട്ട് ദിന്നെ വിളിക്കുന്നു. നിന്റെ ഈ വിധികൾ സ്തുതിക്കപ്പെടട്ടെ. നീ ഇവിടെനിന്ന് പോകുന്നു എന്ന് വരികിലും ഞങ്ങൾ നിന്റെ അടിയാരായിരിക്കുന്നു. ഒടുക്കത്തെ ഊഴമായിട്ട് ഞങ്ങൾ നിന്നെ കുമ്പിടുവാനുംനിന്റെ തൃപ്പാദങ്ങളെ മുത്തുവാനും വന്നിരിക്കുന്നു. ഞങ്ങളുടെ കണ്ണുനീരുകളെനീ നിന്ദിക്കല്ലെ.

മെലിബൊ : ആ എന്റെ കണ്ണുകളുടെ ദൈവമെ നീ പോയാൽ ഞാൻഎന്തിന്ന് ജീവിക്കുന്നു. ആയുസ്സില്ലാത്ത ആയുസ്സ് എന്തിന്ന് കൊള്ളാം ആസർവ്വവല്ലഭമുള്ള ഉണ്ണിയേ, നീ ഇവിടെനിന്ന് പോകാതെ ഹേറോദേസിന്റെ നികളം അമർത്തുവാൻ വശമുണ്ടല്ലോ! ഇനി ഞങ്ങളുടെ ദിഷ്ടതകളിൽ ആരുടെ പക്കൽ ചെല്ലും.ഞങ്ങളുടെ സങ്കടങ്ങളെ ആരു തീർക്കും, ആര് ഞങ്ങളെ ആശ്വാസപ്പെടുത്തും. ആപ്രിയമുള്ള ഉണ്ണിയെ സങ്കടം കൊണ്ടു ഇനിക്ക് മിണ്ടുവാൻ പാടില്ല.

തീത്തിരൊ : നിത്യതമ്പുരാന്റെ ഏകകുമാരാ, നീ മാനുഷരെ കുറിച്ച് പിറന്ന ഉടനെ അവര്നിന്നെ സ്നേഹിക്കുന്നതിന്ന് പകരമായിട്ട് നിന്നെ ഉപദ്രവിക്കുന്നു, നിന്നെതള്ളിക്കളയുന്നു. നീ സൃഷ്ടിച്ച സൃഷ്ടിക്കുകൾ തന്നെ നിന്നെ കൊല്ലുവാൻഅന്വേഷിക്കുന്നു എന്ന് ആര് വിശ്വസിക്കും. നീ പിശാചിന്റെ അടിമയിൽനിന്ന് രക്ഷിക്കാൻ വന്നു. ആ അവര് തന്നെ അവരിൽനിന്ന് നിന്നെ ഓടിക്കുന്നു എന്ന് ആര് വിശ്വസിക്കും. ആ ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളുടെ പാപങ്ങളെ പൊറുക്കണമെ. ഞങ്ങളുടെ മെൽ അനുഗ്രഹിക്കണമെ.

മറുനെ : ലോകത്തിന്റെ രക്ഷിതാവേ, ഇതാ ഞങ്ങളുടെ സന്തോഷം എത്രയോ വേഗത്തിൽ സങ്കടമായിതിരിയപ്പെട്ടു. ഞങ്ങളുടെ സന്തോഷത്തിന്നടുത്ത പാട്ട് എത്ര പെട്ടെന്ന്കരച്ചിലായി തിരിയപ്പെട്ടു? ഇതാ ബെസ്ലേഹമിന്റെ ഭാവം മാറി, മാലാഖാമാരുടെരാഗത്തിനു പകരം ദുഷ്ട ആളുകളുടെ ദൂഷണങ്ങളായി. സമാധാനത്തിന്റെ സ്ഥലമായിരുന്നനിന്റെ പുൽകൂട് ദുഃഖവും സങ്കടവും ആയി പോകയും ചെയ്തു. ആ പ്രിയമുള്ള കർത്താവേമരണത്തിൽനിന്ന് രക്ഷപ്പെടുന്നതിന്നുവേണ്ടി നീ ഞങ്ങളിൽനിന്ന് അകന്ന്പോയാലും എപ്പോഴും നിന്നോടുകൂടി ഞങ്ങളുടെ ഹൃദയം ഇരിക്കും. ഇപ്പോൾ തന്നെഞങ്ങളെ മുഴുവനും നിനക്ക് കാഴ്ച വെക്കുന്നു.

അലിപ്യൊ : ആ എന്റെ പ്രിയമുള്ള ഉണ്ണിയേ, നീ ഇവിടെനിന്ന് പോകുന്നു എന്ന് ആളുകൾപറയുന്നു. ഇനിക്ക് വലിയ സങ്കടം എന്റെ കൊച്ചനുജൻ മരിച്ചുപോയി ഇനിക്ക് ആര് ഉണ്ടാകും...

ആമേൻ



ഫാ. ഡോ.തോമസ്
കാടൻകാവിൽ സി.എം.ഐ.

# 'വിശുദ്ധ ചാവറയും പിന്നോക്കക്കാരും'

**വിശുദ്ധ ചാവറയുടെ വ്യക്തി ത്വത്തിന്റെ തനിമ പഠിക്കാൻ ശ്രമിക്കുന്നവരാരും തന്നെ അദ്ദേഹത്തെ സമരമുഖം തുറക്കുന്ന ഒരു നേതാവായി കാണുകയില്ല.**

വിശുദ്ധചാവറപ്പിതാവിന്റെ കാലത്തെ അധഃകൃതരും ഇന്നത്തെ ദളിതരും സമാനതകളില്ലാത്ത വിധം വ്യത്യസ്ത രാണ്. മാന്നാനത്ത് 1846 ൽ സ്ഥാപിക്കപ്പെട്ട സംസ്കൃത സ്കൂൾ, സവർണ്ണ ഹിന്ദുസമൂഹത്തോടുള്ള ഒരു വെല്ലുവിളിയായി ചിത്രീ കരിക്കുന്നവരുണ്ട്. എന്നാൽ, വിശുദ്ധ ചാവറയുടെ വ്യക്തി ത്വത്തിന്റെ തനിമ പഠിക്കാൻ ശ്രമിക്കുന്നവരാരുംതന്നെ അദ്ദേ ഹത്തെ സമരമുഖം തുറക്കുന്ന ഒരു നേതാവായി കാണുകയില്ല. സവർണ്ണ ഹിന്ദുക്കളെ സംബന്ധിച്ചിടത്തോളം ദേവഭാഷയായി കരുതുന്ന സംസ്കൃതം, സ്വയം പഠിക്കാൻ, ആഗ്രഹിച്ചാൽ ത്തന്നെയും പ്രാപ്യമല്ലാത്ത ഈ ഭാഷ അവർണ്ണർക്കുകൂടെ സാധിക്കുന്ന വിധം ലളിതമായി പഠിപ്പിക്കുവാൻ വേണ്ടി അദ്ദേഹം നടത്തിയ ഒരു പ്രാരംഭ പരിശ്രമമായിരുന്നു സംസ്കൃത സ്കൂൾ.

ഇന്ന്, ദളിതർ എന്ന് ഒരു ജനസമൂഹത്തെ അഭിസംബോധന ചെയ്യുന്നുണ്ടെങ്കിലും, ഇത് ഇന്ത്യൻ നിയമ സംഹിതയിൽ ഉള്ള ഒരു പദമല്ല. എങ്കിലും സമൂഹത്തിന്റെ താഴത്തെ തട്ടിൽ പലവിധ അവശതകൾ അനുഭവിക്കുന്ന ഒരുവലിയ ജന വിഭാ ഗത്തെ സൂചിപ്പിക്കുവാൻ ഈ പദം ഇന്ന് സർവ സാധാരണ മായി ഉപയോഗിച്ചുവരുന്നു. ഹിന്ദുമതത്തിന്റെ ചാതുർവർണ്യ വും, അതിനു പുറത്തു നിർത്തപ്പെട്ട അനവധി ഉപജാതികളും ഇന്ന് നിലവിലുണ്ട്. ഈ ജാതികൾക്കിടയിൽ അസ്പൃശ്യത (അയിത്തം) ഉണ്ടായത് ഹിന്ദുയിസത്തിന് ഇടക്കാലത്തുവന്നു ഭവിച്ച അപചയമാണെന്നും, അതുകൊണ്ട് അയിത്തത്തിനെ തിരായി പടവെട്ടി, ഹിന്ദുയിസത്തെ ശുദ്ധീകരിച്ചു, അതിന്റെ ജാതിസമ്പ്രദായം അരക്കിട്ടുറപ്പിക്കണം എന്നുമായിരുന്നു മഹാ ത്മാഗാന്ധിയുടെ ആഗ്രഹം. ഈ ലക്ഷ്യം സാധിക്കുവാൻ വേണ്ടി, ഗാന്ധി വർണാശ്രമധർമം നിലനിർത്തുവാൻ തീവ്ര മായി ആഗ്രഹിച്ചു, ഇത് ഇവിടെ നടക്കേണ്ടിയിരുന്ന ഒരു സാമൂ ഹിക വിപ്ലവത്തെ അലസിപ്പിച്ചു, വിവേചനാതീതമായ ഇന്ത്യൻ ജനതയുടെ ഏകോപനസാധ്യതകളെ തകർത്തു കളഞ്ഞു. അങ്ങനെ ഇന്ത്യക്ക് സ്വാതന്ത്ര്യം കിട്ടിയതിനു ശേഷമുള്ള അരനൂറ്റാണ്ട്, സവർണ്ണർ, അവരുടെ താല്പര്യമനുസരിച്ചു ഭരണം നടത്തി. സംവരണവും മറ്റ് ആനുകൂല്യങ്ങളും വഴി സാവകാശമായി വളരാൻ കീഴ്ജാതികളെ മാറ്റി നിർത്തി



**പിന്നോക്കക്കാരായ സ്കൂൾ കുട്ടികൾക്കു വേണ്ടിയുള്ള സ്കോളർഷിപ്പ് പരിപാടി സോമതീരം ഡയറക്ടർ ബേബി മാത്യു ഉദ്ഘാടനം ചെയ്യുന്നു.**

സാധ്യമായ എല്ലാ ജനകീയ പ്രക്ഷോഭങ്ങളെയും തടയാൻ സാധിക്കുന്ന ഒരു രാഷ്ട്രീയ അന്തരീക്ഷണമാണ് ഇന്നുണ്ടായിരിക്കുന്നത്. എന്നാൽ, രണ്ട് നൂറ്റാണ്ടുകൾക്കു മുമ്പ്, അതായത് വിശുദ്ധ ചാവറയുടെകാലത്ത് അധഃകൃത വർഗ്ഗത്തിൽപ്പെട്ടവർക്ക് യാതൊരുവിധ സാമുദായിക, രാഷ്ട്രീയ പരിരക്ഷയും ലഭിച്ചിരുന്നില്ല. അവരെല്ലാം അവരുടെ യജമാനന്മാരുടെ അടിമകളായിരുന്നു. ഇങ്ങനെ, ഒരു ജനതയായിപോലും പരിഗണിക്കപ്പെടാതിരുന്നവരുടെ പക്കലേക്കാണ് വിശുദ്ധ ചാവറ ഇറങ്ങിച്ചെന്നത്. വിശുദ്ധ ചാവറയുടെ ഇടയനാടകങ്ങളിലെ (Eclogues) കഥാപാത്രങ്ങൾ മുഖ്യമായും യൂദയാ രാജ്യത്തിലെ ആട്ടിടയരും സമൂഹത്തിൽ താഴത്തെ ത്തട്ടിൽ നിന്നിരുന്നവരുമായിരുന്നു എന്നത് ഇവിടെ പ്രത്യേകം സ്മരണീയമാണ്.

മാന്നാനത്ത് 1853 ൽ കത്തോലിക്കാ വിശ്വാസം സ്വീകരിച്ചവരെ മതകാര്യങ്ങൾ പഠിപ്പിക്കുവാൻ ഒരു പാഠശാല (Catechumanate) സ്ഥാപിച്ചു. വിശുദ്ധ ചാവറയുടെ കാലത്തു സ്ഥാപിക്കപ്പെട്ടതും സ്ഥാപിക്കുവാനുള്ള പ്രാരംഭ പരിശ്രമങ്ങൾ നടന്നിരുന്നവയുമായ ആശ്രമങ്ങളോട് അനുബന്ധമായി – (എൽത്തുരുത്ത് (1858), വാഴക്കുളം, പുളിങ്കുന്ന് (1862), അമ്പഴക്കാട് (1860), മുത്തോലി (1870), ചെത്തിപ്പുഴ (1870) മതപഠന സ്കൂളുകൾ നടത്തി വന്നിരുന്നു. ഇങ്ങനെ കത്തോലിക്കാ വിശ്വാസം സ്വീകരിച്ച അവർണ്ണർ സിറോമലബാർ ഹയരാർക്കി സ്ഥാപിക്കപ്പെടുന്നതുവരെ സി.എം.ഐ. സഭാംഗങ്ങളുടെ മേൽനോട്ടത്തിലും സംരക്ഷണത്തിലും ആയിരുന്നു. രാമപുരത്തെ വിശുദ്ധ അഗസ്തീനോസിന്റെ നാമത്തിലുള്ള ഫൊറോനാ ദേവാലയത്തോട് ബന്ധപ്പെട്ട്, വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചന്റെയും അദ്ദേഹത്തിന്റെ സഹപാഠിയായിരുന്ന ബഹുമാനപ്പെട്ട ബ്രൂണോ സി.എം.ഐ. അച്ചന്റെയും പരിശ്രമഫലമായി ഒരു ദളിത് സമൂഹം അവിടെ രൂപപ്പെട്ടുവന്നു. മദ്ധ്യതിരുവിതാംകൂറിലുള്ള മറ്റു ചില ഇടവക പള്ളികളിലും ദളിത് ക്രിസ്ത്യൻ സമൂഹങ്ങൾ രൂപപ്പെട്ടു വന്നിരുന്നു. ഇതിനെല്ലാമുള്ള പ്രാരംഭ പ്രചോദനം വിശുദ്ധ ചാവറകുര്യാക്കോസ് ഏലിയാസച്ചനിൽ നിന്നു തന്നെയായിരുന്നു എന്നു വേണം പറയുവാൻ.

സിറോമലബാർ സഭ, സ്വയം ഭരണാധികാരത്തിലേക്ക് സാവധാനം വളർന്നുവന്നതോടെ ദളിതരുടെ ഇടയിലെ പ്രവർത്തനങ്ങൾ മന്ദീഭവിച്ചിട്ടുണ്ട്. കാലത്തിന്റെ ആവശ്യങ്ങൾ മനസിലാക്കി നമ്മുടെ പിതാക്കന്മാർ ഏർപ്പെട്ടിരുന്ന എല്ലാ ആത്മീയ ശുശ്രൂഷകളും ഏറ്റെടുത്തു പ്രസക്തമായ രീതിയിൽ മുന്നോട്ടുകൊണ്ടു പോകുവാൻ വിശുദ്ധ ചാവറ പിതാവും അദ്ദേഹത്തോട് ചേർന്നു നിന്നു പ്രവർത്തിച്ച മറ്റനേകം പ്രേഷിതരും നമുക്ക് പ്രചോദനമാകുമെന്നുതന്നെ നമുക്ക് പ്രതീക്ഷിക്കാം.



ഡോ. ബെന്നി തോട്ടനാനി സി.എം. ഐ.

# ചാവുരുൾ – തിരുക്കുറൽ അഷ്ടശീലങ്ങൾ

ചാവുരുൾ കുടുംബ ശിക്ഷണത്തിന്റെ പരിശീലനക്കളരിയാണ്. ഉദാത്തമായ ഒരു കുടുംബത്തെ മെരുക്കി എടുക്കുന്ന ശീലങ്ങളാൽ രൂപികൃതമാണത്. ഇന്നത്തെ അണുകുടുംബത്തിന്റെ പശ്ചാത്തലത്തിൽ ചിന്തിക്കുമ്പോൾ ചാവുരുളിന് പ്രസക്തി ഏറുകയാണ്.

മാന്നാനം കൊവേന്തയുടെ പ്രിയോരച്ചനായിരുന്ന ചാവറയച്ചനെ വലിയ പ്രിയോരച്ചൻ എന്നാണ് അക്കാലത്ത് ആളുകൾ വിളിച്ചിരുന്നത്. 'നാടകാന്തം കവിത്വം' എന്നു പറയുമ്പോലെ അന്തത്തിലെ വലിയ പ്രിയോരച്ചന്റെ കൃതി കൂടിയാണ് ചാവുരുൾ. 1868 –ാം മാണ്ട് കുംഭമാസം 18 ന് എഴുതപ്പെട്ട ചാവരുളിന്റെ മൂന്നാം സുവർണ്ണ ജൂബിലി ആഘോഷിക്കേണ്ട അവസരം കൂടിയാണിത്.

**മലൈനാടായ മലയാള നാട്ടിലെ ആദിമ നിവാസികൾ തമിഴരും അവരുടെ ഭാഷ തമിഴുമായിരുന്നല്ലോ. രണ്ടായിരം വർഷത്തെ പാരമ്പര്യമുള്ള കുടുംബസംസ്ക്കാരത്തിന്റെ പൊരുൾ തിരുവുള്ളവരുടെ തിരുക്കാലിൽ കാണാവുന്നതാണ്. 1868 –ാം മാണ്ട് കുംഭമാസം 18 ന് എഴുതപ്പെട്ട ചാവരുളിന്റെ മൂന്നാം സുവർണ്ണ ജൂബിലി ആഘോഷിക്കേണ്ട അവസരം കൂടിയാണിത്.**

മലൈനാടായ മലയാള നാട്ടിലെ ആദിമ നിവാസികൾ തമിഴരും അവരുടെ ഭാഷ തമിഴുമായിരുന്നല്ലോ. രണ്ടായിരം വർഷത്തെ പാരമ്പര്യമുള്ള കുടുംബസംസ്ക്കാരത്തിന്റെ പൊരുൾ തിരുവുള്ളവരുടെ തിരുക്കാലിൽ കാണാവുന്നതാണ്. തമിഴകത്തെ ഏതു മക്കളോടു ചോദിച്ചാലും 1330 കാലത്തുള്ള തിരുക്കൂറലിലെ പത്തു പാടൽകളെങ്കിലും അവർ പാടാതിരിക്കില്ല.

തിരുവുള്ളവരുടെ തിരുക്കൂറൽ ഓരോ തമിഴന്റെയും സംസ്ക്കാരത്തിന്റെ ഭാഗമാണ്. ചാവറയച്ചന് തമിഴ് സാഹിത്യത്തോട് ഏറെ പഥ്യമുണ്ടായിരുന്നു. മാന്നാനം അച്ചുകൂടത്തിൽ ഇദം പ്രഥമമായി അച്ചടിച്ച 'ജ്ഞാന പീയൂഷം' തമിഴ്കൃതിയുടെ വിവർത്തനമാണ്, ഇത് ഒരു തമിഴ് ജപഗ്രന്ഥമാണ്.

തിരുക്കുറലിലെ 133 അധികാരങ്ങളിൽ മുഖ്യമായവ എല്ലാം കുടുബവും മക്കളുടെ സൽസ്വഭാവവുമായി ബന്ധപ്പെട്ടവയാണ്.

ഇല്ലരവിയൽ (Domestic Virtuer)
വാഴ്കൈ തുണൈ (worthof a wife)
പുതൽവരൈ പെരുതൽ (Wealth of Children)
വിരുതോമ്പൽ (Hospitality)
കടവുൾ വാഴ്ത്ത് (Praise of the God)
സെയ്നന്റ് അരിതൽ (gratitude)
തുറവരമിയൽ (Asetic virte)
തുടങ്ങിയവയാണ് മുഖ്യമായ അധികാരങ്ങൾ

ഇവയുടെ ലക്ഷ്യം വാഴ്വിന്റെ പരിശീലനവും, കെട്ടുറപ്പോടെ കുടുംബത്തെയും കുഞ്ഞുങ്ങളെയും ദാമ്പത്യജീവിതത്തെയും




വിദ്യാഭ്യാസത്തെയും, വിശ്വാസത്തെയുമെല്ലാം ഉറപ്പിക്കലുമാണ്.

തമിഴിലെ കുറലുകളാണ് മലയാളത്തിലെ അരുൾകൾ. തമിഴ്മറൈ (തമിഴ്വേദം) എന്നാണ് തിരുക്കുറൽ അറിയപ്പെടുന്നത്. അർത്ഥഗർഭമായി ചുരുങ്ങിയ വാക്കുകളിൽ കാവ്യാത്മകമായി കുറലുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നു.

"നന്റി മറപ്പതുനന്റല്ല നല്ലന്റവ
അന്റേ മറപ്പതു നന്റേ"

മറ്റുള്ളവർ ചെയ്തുതരുന്ന നന്മകളെ മറക്കുന്നതു ധർമ്മമല്ല എന്നും, അവർ എന്തെങ്കിലും ദ്രോഹം ചെയ്തിട്ടുണ്ടെങ്കിൽ അത് അപ്പോൾതന്നെ മറന്നു കളഞ്ഞേക്കുക എന്നുമാണ് ഈ അരുളിന്റെ ഏകദേശ പൊരുൾ

കുറൽ എന്നാൽ ചെറുതായിരിക്കുന്ന വലിയ മഹത്‌വചനങ്ങളാണ്. കാച്ചിക്കുറുക്കി കഷായം പോലെയാക്കിയ മരുന്നാണത്. ചിപ്പിക്കുള്ളിലെ മുത്താണ്. കുറലുകളെപ്പറ്റി ഇങ്ങനെ ഏകദേശ തർജ്ജമ നടത്താം.

"അണുവെടുത്തു തളച്ചതിനുള്ളലാ-
യണി നിരത്തി മഹാസമുദ്രങ്ങളേഴുമേ,
അണുവടച്ചു വിളക്കിയെടുത്തതാ-
ണനുവിനും കുറളായ തിരുക്കുറൽ"

ചാവുരുൾ സൂക്ഷ്മമായി പഠിക്കുമ്പോൾ അവ അഷ്ടശീലങ്ങളാൽ രൂപപ്പെടുത്തിയവയാണെന്നു മനസ്സിലാകും.

1. പ്രാർത്ഥന 2. പഠനം, 3. പ്രബോധനം, 4. പ്രവർത്തനം, 5. പരിശുദ്ധി (ശുദ്ധത), 6. പരിപാലനം

7. പരിവർത്തനം 8. പ്രോത്സാഹനം

ഇവയാണ് എട്ടു ശീലങ്ങൾ
Saw an action reap a habit
Saw a habit reap a character
Sow a character reap a destiny
എന്നാണല്ലോ ചൊല്ല്

ആവർത്തിക്കും തോറും വീര്യം കൂടും എന്നത് ഹോമിയോപ്പതിയുടെ മാത്രം തത്ത്വമല്ല. ജീവിതത്തിലും അങ്ങനെയൊക്കത്തന്നെയാണ്. ആവർത്തിച്ചു ചെയ്യുന്ന പ്രവൃത്തികളാണല്ലോ ശീലങ്ങൾ. സത്ശീലങ്ങൾ സത്സ്വഭാവത്തിലേക്കും, സത്സ്വഭാവങ്ങൾ നമ്മെ നല്ല സംസ്കാരത്തിലേക്കും നയിക്കുന്നു. ഇന്നത്തെ അണുകുടുംബത്തിന്റെ പശ്ചാത്തലത്തിൽ നമുക്കു നഷ്ടമാകുന്നത് ഈ ചൊല്ലും ചേലുമാണ്.

സംവത്സരങ്ങൾക്കപ്പുറുത്ത് സ്മൃതിപഥത്തിൽ പരിശീലനത്തിന്റെ പ്രകാശം പകരാൻ ചാവുരുളിന്റെ സൂത്രധാരനു കഴിഞ്ഞു. അന്യാദൃശ്യമായ ഭാഷാപാടവവും സംക്ഷിപ്ത സൂക്ഷ്മതയും ചൊല്ലുകളുടെ ചേലും ചാവുരുളിലെ ഓരോ അരുൾമൊഴികളിലും പ്രദർശിപ്പിക്കുന്നു.

ചാവറയച്ചന്റെ കൃതികളുടെ കേന്ദ്രമായി തിളങ്ങുന്നത് കുടുംബമാണ്. ആ കുടുംബം ഇടിഞ്ഞു പൊളിഞ്ഞു പോകാതിരിക്കണമെങ്കിൽ ഈ അഷ്ടശീലങ്ങളിൽ അതു പണിയപ്പെടണം. ഒരു തച്ചൻ രണ്ടു തടിക്കഷണങ്ങൾ ഉളിയും കൊട്ടുവടിയുംകൊണ്ട് ചേർത്തുവയ്ക്കുമ്പോൾ രൂപപ്പെടുന്നത് ഒരു ഗൃഹോപകരണമാണ്. ദമ്പതികൾ വിവാഹമെന്ന കൂദാശയിലൂടെ ഒത്തുചേരുമ്പോൾ സമാരംഭിക്കുന്നത് കുടുംബമാണ്.

**1. പ്രാർത്ഥന**

ആകാശമോക്ഷത്തിനു സമാനമായി ഒരു കുടുംബം ഉജ്ജ്വല പ്രഭതൂകിത്തിളങ്ങണമെങ്കിൽ പ്രാർത്ഥനയുടെ പരിശീലനം അനിവാര്യമാണ്. ദൈവഭയം അറിവിന്റെ ആരംഭമാണല്ലൊ. "ഒരു കുടുംബത്തിന്റെ പ്രധാനസ

മ്പത്ത് ദൈവപേടിയും ഭക്തിയും തന്നെ. ദൈവപേടിയുള്ള തറവാട് ഇഹലോകത്തിലും പരലോകത്തിലും ദൈവവാഴുവിന്റെ ഫലം അനുഭവിക്കും."

ചാവുരുളിൽ പ്രാർത്ഥനയെപ്പറ്റിയുള്ള താത്ത്വികമായ അപഗ്രഥനമല്ല ഉള്ളത്. ഒരു സാധാരണ കുടുംബ ജീവിതക്കാർക്ക് അതായത് "ഇണങ്ങർക്ക്" (ഇണങ്ങർ ഇണങ്ങി ജീവിക്കുന്നവർ വിവരീതം പിണങ്ങർ) സാധാരണ കുടുംബജീവിതക്കാർക്കുവേണ്ടിയാണ് അതു വിരചിതമായത്. (പട്ടക്കാരും ഇണങ്ങരും) അല്മായർ എന്ന കാഴ്ചപ്പാട് അക്കാലത്ത് ഇവിടെ ഉണ്ടായിട്ടില്ല. പട്ടക്കാർക്കും സന്യാസികൾക്കും വേണ്ടി ധ്യാനസല്ലാപത്തിൽ പ്രാർത്ഥനയുടെ വികസ്വരമായ താപസരൂപവും പ്രണിധാനപരതയും ദർശിക്കാവുന്നതാണ്.

നല്ല കുടുംബജീവിതം കഴിക്കാൻ ആഗ്രഹിക്കുന്നവർ വെളിവിന്നായി "ദിവസം തോറും കുർബ്ബാന കാണുക, തിങ്കളാഴ്ച മരിച്ച ആത്മാക്കൾക്കുവേണ്ടിയും, വെള്ളിയാഴ്ച പങ്കപ്പാടിന്റെ ഭക്തിക്കായിട്ടും, ശനിയാഴ്ച ദൈവമാതാവിന്റെ വ്യാകുലത്തിന്റെ ഭക്തിക്കായിട്ടും, കുർബ്ബാന കാണുക.

എന്നാൽ ഒരു വീട്ടിൽനിന്ന് എല്ലാവരും പോയി കുർബ്ബാന കാണാൻ പാടില്ലാത്തപക്ഷം ഓരോ ദിവസം ഒന്നോ രണ്ടോ ആളുകളെങ്കിലും മാറിമാറിപ്പോയി കുർബ്ബാന കാണേണ്ടതാകുന്നു. മാസത്തിൽ ഒരു പ്രാവശ്യമെങ്കിലും പാപസങ്കീർത്തനം ചെയ്ത് വിശുദ്ധ കുർബ്ബാന ഉൾക്കൊള്ളുക. പ്രധാന തിരുനാളുകളുടെ നവനാൾ ജപങ്ങളും, പ്രത്യേകം ദൈവമാതാവിന്റെ തിരുനാളുകൾക്ക് മുമ്പായുള്ള അപേക്ഷകളും ദൈവമാതാവിന്റെയും മാർ യൗസേപ്പിന്റെയും വണക്കമാസങ്ങളും പള്ളിയിൽപോയി കഴിപ്പാൻ പാടില്ലെങ്കിൽ വീട്ടിൽവച്ചെങ്കിലും നടത്തുക.

കടമുള്ള ദിവസങ്ങളെ ശുദ്ധമായി ആചരിക്കണം. കടമുള്ള ദിനങ്ങളിൽ കുർബ്ബാന കണ്ടതുകൊണ്ട് മതിയാകാതെ പ്രസംഗം കേൾക്കുക, നല്ല പുസ്തകങ്ങൾ വായിക്കുക, സത്കർമ്മങ്ങൾ ചെയ്യുക, രോഗികളെയും സാധുക്കളായ ദീനക്കാരെയും ചെന്നുകണ്ട് അവർക്കു ശുശ്രൂഷചെയ്യുക. വേലക്കും ശുശ്രൂഷയ്ക്കും നിറുത്തുന്ന ആളുകൾ പ്രത്യേകമായി ദൈവപേടിയുള്ളവരായിരിക്കണം. യജമാനന്മാർക്ക് തങ്ങളുടെ ശുശ്രൂഷിയുടെ വ്യാപാരം സൂക്ഷിപ്പാനും അവരുടെ കാര്യങ്ങളെ നടത്തിപ്പാനും കടമയുണ്ടെന്നറിഞ്ഞുകൊള്ളുക

ക്രമവും ദൈവപേടിയുമില്ലാത്ത തറവാടുകളോടു ബന്ധുത്വം പിടിക്കേണ്ട. എന്തുകൊണ്ടെന്നാൽ ഉപകാരവും സന്തോഷവും വരുത്തുന്നത് ദ്രവ്യസ്ഥന്മാരുമായുള്ള ബന്ധുത്വമല്ല പിന്നെയോ ക്രമവും ദൈവപേടിയുമുള്ള ബന്ധുക്കളത്രേ ആകുന്നു. എത്രയോ കുടുംബങ്ങൾ ദ്രവ്യസ്ഥന്മാരായുള്ള ബന്ധുത്ത്വം കാരണമായിട്ടു നരകിക്കുകയും നശിക്കയും ചെയ്യുന്നു.

നിങ്ങളുടെ വാർദ്ധ്യക്യത്തിൽ നിങ്ങളെ രക്ഷിപ്പാനും സന്ധിപ്പാനും തക്ക നല്ലമക്കൾ നിങ്ങൾക്ക് ഉണ്ടാകണമെങ്കിൽ, അവരെ ചെറുപ്രായത്തിൽ നല്ല ക്രിസ്ത്യാനികളാക്കുവിൻ. ഈ പ്രായത്തിൽ അവർ തമ്പുരാനെ സ്നേഹിക്കുകയും, പേടിക്കുകയും ഇല്ലെങ്കിൽ പിന്നെ അവരുടെ കാരണവന്മാരെയും പേടിക്കയും ബഹുമാനിക്കയും ചെയ്കയില്ല. മാതാപിതാക്കൾ തങ്ങളുടെ കുഞ്ഞുങ്ങളെ കൂടെക്കൂടെ തമ്പുരാനു കാഴ്ചവയ്ക്കുകയും, അവരെ ഈശോ മറിയം യൌസേപ്പിന്റെ മാദ്ധ്യസ്ഥ്യത്തിൽ ഏല്പിക്കുകയും അവർക്കുവേണ്ടി കൂടെക്കൂടെ അപേക്ഷിക്കുകയും ചെയ്യണം.

അവർക്കു അല്പം ദൃഢത ഉണ്ടാകുമ്പോൾതന്നെ ഭക്തിയോടുകൂടെ ഈശോ മറിയം യൗസേപ്പെന്ന തിരുനാമങ്ങളെ ചൊല്ലാൻ അവരെ പഠിപ്പിക്ക, അവരുടെ സ്വരൂപങ്ങൾ കുഞ്ഞുങ്ങളെ കാണിക്കുകയും മുത്തിക്കുകയും ചെയ്തുകൊണ്ട് അവരെ വണങ്ങുവാനും സ്നേഹിപ്പാനും പഠിപ്പിക്ക. അവർ പറവാൻ തുടങ്ങുമ്പോൾ ആകാശങ്ങളിലിരിക്കുന്നതും, നന്മ നിറഞ്ഞ മറിയം ത്രികാല ജപം മുതലായ ചെറിയ ജപങ്ങളെയും പഠിപ്പിക്ക. ശരീരത്തിനടുത്ത യാവന (ഭക്ഷണം) അവർക്കു കൊടുക്കുന്നതിനോടുകൂടെ ആത്മത്തിനടുത്ത യാവനയായ ഇവകളെയും അവർക്കു കൊടുക്കുന്നത് എത്രയോ നല്ലതായിരിക്കും.

ഈ യാവനയെപ്പറ്റി തന്റെ ബാല്യകാല സ്മരണയിലെ ആദ്യസ്മരണയായി ചാവറയച്ചൻ ഓർമ്മിക്കുന്നു.

പ്രപഞ്ചത്തിന്റെ ആദികാരണമായ ഭഗവൽ സ്തുതിയോടെയാണ് തിരുവുള്ളവർ തിരുക്കുറൽ തുടങ്ങുന്നതുതന്നെ.

'അകര മുതല എഴുത്തെല്ലാം ആതി
പകവൻ മുതലേ ഉലകു" കടവുൾ വാഴ്ത്ത് -1
"അക്ഷരങ്ങൾക്കകാരം പോൽ
ഉലകിന്നാദി ദൈവമാം"

"ഭഗവാൻ മുതൽക്കേ ഉലകം" എന്നുസാരം. എല്ലാത്തിന്റെയും ആദി കരണം ദൈവമാകുന്നു. ഈശ്വരനിൽ നിന്നാണ് എല്ലാം ആരംഭിക്കുന്നത്. ഈ സംസാരസാഗരം നമുക്കുതാണ്ടിയെ തീരു അതിന് ഈശ്വരൻ മാത്രമാണു തുണ

"വിദ്യയാൽ ഫലമെന്ത് ? സർവ്വജ്ഞനായോന്റെ
തൃപ്പാദം കുമ്പിട്ടിടായ്കിൽ".

ഒരു കുടുംബത്തിന്റെ പ്രധാന സമ്പത്ത് ദൈവപേടിയും ഭക്തിയും തന്നെ. ദൈവഭയം തന്നെയാണല്ലോ അറിവിന്റെ ആരംഭം. ഈ ഭൂമിയിൽത്തന്നെ ദീർഘകാലം സന്തോഷത്തോടെ വാഴണമെങ്കിൽ

"മലരിൽ വാഴുന്നോന്റെ ചേവടി ചേർന്നവർ

നിലമതിൽ വാണിടും നീണാൽ" (തിരുക്കുറൾ, കടവുൾ വാഴ്ത്ത്).

ഉള്ളമാകുന്ന മലരിൽ (താമരപ്പൂവിൽ) സദാ വിഹരിക്കുന്ന സർവ്വേശ്വരന്റെ പാദങ്ങളെ ശരണം പ്രാപിക്കുക.

"ദുഃഖദുരിതങ്ങളുടെ സ്ഥലമായിരിക്കുന്ന ഇഹ ലോകത്തിൽ ഓരോരോ ഞെരുക്കങ്ങളിലും സങ്കടങ്ങളിലും ഏറ്റവും മധുരിക്കപ്പെട്ട ആശ്വാസം." എന്ന വാക്കുകളോടെയാണ് ചാവുരുൾ സമാരംഭിക്കുന്നത്.

"ഇരുൾ ചേർ ഇരുവിനൈയും ചേരാ ഇറൈവൻ
പൊരുൾ ചേർ പുകഴറിഞ്ഞോരെ.'
(കടവുൾ വാഴ്ത്ത്)

ഇരുവിനൈയും- അതായതു സുഖവും ദുഃഖവും, നല്ലതും ചീത്തയും എന്നിങ്ങനെയുള്ള എല്ലാ ഭൗതിക ജീവിതാനുഭവങ്ങളും ഒടുവിൽ കലാശിക്കുന്നത് ദുഃഖത്തിൽ തന്നെയാണ്. ആത്യന്തിക സത്യം ആരും മനസ്സിലാക്കുന്നില്ല. എന്നാൽ ഈശ്വരനെ അറിഞ്ഞു ജീവിക്കുന്നവർക്ക് അത്തരം ദുഃഖദുരിതങ്ങൾ തീരുന്നില്ല.

പിറവിപ്പെരുങ്കടൽ നീന്തുവർ നീന്താർ
ഇറൈവൻ അടിചേരാ താർ."
കടവൂർവാഴ്ത്ത് - 10

(പിറവിപ്പെരുങ്കടൽ) ജന്മമാകുന്ന മഹാസമുദ്രം നീന്തുന്നവർ ഈശ്വരനെ ആശ്രയിച്ചല്ലാതെ മറുകരയെത്തുവാൻ കഴിയുകയില്ല. അല്ലാത്തവർ ആ പ്രാരാബ്ധക്കടലിൽ വീണ്, കൈകാലിട്ടടിച്ച് മുങ്ങിത്താഴും, ഒരിക്കലും മറുകര കാണാൻ സാധിക്കുകയില്ല.

നല്ല കുടുംബം ആകാശമോക്ഷത്തിന് സദൃശം എന്നാണ് ചാവരുൾ. ഗൃഹസ്ഥാശ്രമി മറ്റു മൂവരേക്കാൾ (ചതുരാശ്രമത്തിൽ ബ്രഹ്മചാരിയെയും, വാനപ്രസ്ഥനെയും, സന്യാസിയെയും) ശ്രേഷ്ഠവും സ്വർഗ്ഗതുല്യവുമായ ജീവിതം നയിക്കുന്നു. കാരണം "ഇയൻ പുടടൈയ മൂവർക്കും നല്ലാറ്റിൻ നിന്റെ തുണ" കാരണം ധർമ്മാദി പുണ്യകർമ്മങ്ങൾ യഥാവിധി നിർവഹിച്ച്" ലോകോപകാര പ്രദമായി, മറ്റുള്ളവർക്കെല്ലാം ആശ്രയവും മാതൃകയുമായി ഗൃഹസ്ഥാശ്രമി മറ്റ് ആശ്രമികളെ സഹായിക്കുന്നു. ആയതിനാൽ "മുയൽ വാരുൾ എല്ലാം തലൈ" ഗാർഹസ്ഥ്യം ആചരിക്കുന്നവർ സന്യാസികളെക്കാൾ (എല്ലാംതലൈ) ഉയർന്നു നിൽക്കുന്നു. കാരണം അവൻ അവന്റെ ധർമ്മം മാത്രമല്ല അനുഷ്ഠിക്കുന്നത്. ഏകാന്ത വാസിയുമല്ല. കുടുംബവുമായി ചേർന്ന് പരോപകാര നിരതമായ ജീവിതമാണ് അവൻ നയിക്കുന്നത്. അങ്ങനെ നോക്കുമ്പോൾ സന്യാസിമാരെക്കാൾ എത്രയോ ഉയർന്ന പദവിയാണ് ഗൃഹസ്ഥന്റേത്.

**2. പഠനം**

യേശു എന്ന ബാലനെപ്പറ്റി സുവിശേഷം പറയുന്നത്. "അവൻ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും സംപ്രീതിയിലും വളർന്നു വന്നു എന്നാണ്.

എട്ടുകാലിയെ വലകെട്ടാൻ ആരും പഠിപ്പിക്കേണ്ട. അതിന്റെ സോഫ്റ്റ്‌വെയർ എട്ടുകാലിക്ക് ഇൻബിൽറ്റ് ആണ്. പക്ഷേ വലയുടെ ഒരു കണ്ണിപൊട്ടിപ്പോയാൽ ഏച്ചുകെട്ടാൻ അറിയില്ല. കഴിഞ്ഞ ഇരുപത്തഞ്ച് ദശലക്ഷം വർഷങ്ങളായി അതേ രൂപത്തിലും ഘടനയിലും വലകെട്ടിക്കൊണ്ടേയിരിക്കുന്നു. ഇനിയും അങ്ങനെതന്നെ ആയിരിക്കുകയും ചെയ്യും. മയിൽ പീലി വിടർത്തി നൃത്തം ചെയ്യുന്നു. മയിലാട്ടം മയിലിനെ ആരും പഠിപ്പിച്ചിട്ടല്ല ചെയ്യുന്നത്. കുയിലുപാടുന്നു. തൂക്കനാംകുരുവി മനോഹരമായ കൂടു നിർമ്മിക്കുന്നു. പ്രപഞ്ചത്തിലെ സകലമാന ജീവികളെയും സോഫ്റ്റ്‌വെയറുകളുമായാണ് ദൈവം ഈ പ്രപഞ്ചത്തിലേക്ക് അയച്ചിരിക്കുന്നത്. ഒരു സോഫ്റ്റ് വെയറും ഇല്ലാത്ത ഒരു ജീവിവർഗ്ഗം മനുഷ്യനായിരിക്കണം. പക്ഷേ അവന് ഹാർഡ്‌വെയറുണ്ട്. ആർജിതമാണത്. ആർജിതസംസ്കാരം എന്നു പറയുന്നു. എല്ലാം പഠിച്ചെടുക്കണം. ഡോക്ടറാകാം വക്കീലാകാം, എൻജിനീയറാകാം. അതിന് ഗുരുക്കന്മാർ വേണം. അച്ഛനും അമ്മയും ഗുരുക്കന്മാരും ചേർന്ന്, അരുൾപെറ്റ, വിരൽപെട്ട, കൺകണ്ട വഴികളിലൂടെ ഇടറി ഇടരറ്റു നാം പഠിച്ചുകൊണ്ടേയിരിക്കുന്നു. ചാവറയച്ചൻ ചാവുരുളിൽ പറയുന്നു.

"തിരിച്ചറിവുണ്ടായാൽ ഉടൻതന്നെ പൈതങ്ങളെ പള്ളിക്കൂടത്തിൽ അയയ്ക്കണം. ഇതും പോരാ, അവർ പഠിക്കുന്നുണ്ടോ എന്നും, അവർ എങ്ങനെ കൂട്ടുകൂടി നടക്കുന്നു എന്നും അന്വേഷിക്കണം. ഞായറാഴ്ച തോറും അവർ പഠിച്ചതിനെ പരിശോധിക്കണം.

ചാവറയച്ചനെ സംബന്ധിച്ച് വിദ്യാഭ്യാസവും അച്ചടക്കവും ഒന്നിച്ചുപോകേണ്ടകാര്യങ്ങളാണ്.

1859 മീനം 25 ന് ചാവറയച്ചൻ 'ജ്ഞാനകുരുടത്വത്തെപ്പറ്റി ഒരു കത്ത് എഴുതുന്നുണ്ട്. "പൂർവ്വനസ്രാണികൾ



ക്കൂടം ആരംഭിക്കണമെന്നും അല്ലാത്തപക്ഷം പള്ളി മുടക്കു കല്പിക്കുമെന്നും" ഉള്ള പ്രസിദ്ധമായ ആ സർക്കുലർ.

കൂടാതെ പാറപ്പുറത്തു വർക്കിയച്ചന്റെ പ്രസിദ്ധമായ നാളാഗമവും ഇതോടുചേർത്തു വായിക്കേണ്ടതാണ്. "മാന്നാനത്ത് ഈ കുന്നേൽ സ്കോൾ പണി തുടങ്ങുകയും ആർപ്പൂക്കര തുരുത്തി മാലിക്കുന്നേൽ പുലയർക്ക് കപ്പേളയും, അതോടുചേർന്ന് സ്കോളു പണിയിക്കുന്നതിന് സ്ഥലം കണ്ടു നിശ്ചയിച്ചു പള്ളികളിൽ നിന്നും പ്രധാനികളിൽ നിന്നും വീതം എടുത്ത് സമീപെ 17 പറയ്ക്ക് പുഞ്ച തീറു വാങ്ങി. കൊവേന്തയിൽ നിന്ന് നടത്തണമെന്ന് കല്പനയും കൊടുത്തു.

പഠിത്തം ഇല്ലാത്തതിനാൽ വിത്തും മുളയും നഷ്ടപ്പെട്ട്" ജ്ഞാനകുരുടന്മാരായി മാറുന്നതിനെപ്പറ്റിയാണത്.

(ചാവറയച്ചന്റെ ഭാഷയിൽ 'പടുത്വം' എന്നാൽ ability മികവ് ആണ്. 'പഠിത്വം' എന്നതാണ് വിദ്യാഭ്യാസം - learning ഇതു നഷ്ടപ്പെട്ടതാണ് ജ്ഞാനകുരുടത്വം.)

"രണ്ടാമത്തെ വെളിവ് പഠിത്വം ആകുന്നു. കണ്ണിനു വെളിവുകൂടാതെ ലോകത്തിലുള്ള വസ്തു കാൺമാൻ വശമില്ലാത്തതുപോലെ, പഠിത്വം എന്ന വെളിവു കൂടാതെ പരലോകത്തെയും അതിൽകൂടിയിരിക്കുന്ന തമ്പുരാനെയും അറിവാൻ വശമില്ലാത്തതിനാൽ, കണ്ണില്ലാത്തവര് കുരുടന്മാരാകുന്നു എന്നതുപോലെ, പഠിത്വമില്ലാത്തവര് ജ്ഞാനകുരുടന്മാരാകുന്നു. ഈ കുരുടത്വം കാരണത്താൽ നമ്മുടെ മലയാളത്തിലുള്ള ക്രിസ്ത്യാനികൾ പൂർവ്വനസ്രാണികൾ ആകുന്നു. എങ്കിലും ശുദ്ധമാക്കപ്പെട്ടവരുടെ വിത്തും മുളയും ഇല്ലാതെ ആയിരിക്കുന്നു."

ചാവറയച്ചന്റെ മഹത്തായ ഈ ആശയത്തിന്റെ പ്രായോഗിക തലമാണ്, 1865-ൽ ഇദ്ദേഹം സുറിയാനിക്കാരുടെ വികാരി ജനറാളായിരിക്കുമ്പോൾ അയച്ച ഒരു കല്പന. കേരള ചരിത്രത്തിലെ വിപ്ലവകരമായ ഒരു ദർശന കൃത്യമാണത്. പള്ളികൾതോറും പള്ളി

സഭയിലെ ആദിമപിതാക്കന്മാരുടെ കൂടാരമായ "ബേസ്റൗമ്മ" എന്ന താപസ ഭവനം ഒരു ദർശന വീടായിരുന്നു. അവിടെയുള്ളവർ ദർശനപ്പട്ടക്കാരായിരുന്നു. അവരുടെ ആയുധം സുദർശനം. (ദശാവതാരമായ) ശ്രീകൃഷ്ണന്റെ ആയുധവും സുദർശന ചക്രം ആയിരുന്നല്ലോ; നല്ല കാഴ്ചപ്പാട് തന്നെയായിരുന്നു.

തിരുക്കുറലിൽ വിദ്യാഭ്യാസത്തെപ്പറ്റി പത്തു കുറലുകൾ ഉണ്ട്.

"തന്തൈ മകർക്കാരു നന്റി അവൈയത്തു മുന്തിയിരുപ്പച്ചെയ്യൽ"

ഒരപ്പന് തന്റെ മകനു ചെയ്തുകൊടുക്കാവുന്ന ഏറ്റവും വലിയ സഹായം നല്ല വിദ്യാഭ്യാസം കൊടുക്കുക എന്നതാണ്. അതു മാത്രമല്ല, കറ്റവർക്കൂട്ടത്തിൽ - പഠിച്ചവരുടെ ഇടയിൽ, ആ മകൻ ഏറ്റവും മികച്ചവനായിരിക്കുക എന്നതാണ് അവൻ പിതാവിനു കൊടുക്കാവുന്ന പ്രത്യുപകാരം.

"ഈന്റ പൊഴുതിൽ പെരിതുവയ്ക്കും തന്മകനൈ
സാന്റോൻ എന കേട്ടതായ്"

ഒരു കുഞ്ഞിനു ജന്മം നൽകിയപ്പോൾ ഈറ്റുനോവുമറന്ന് അമ്മ എന്തെന്നില്ലാതെ സന്തോഷിക്കുന്നു. ഈ സന്തോഷത്തെക്കാൾ എത്രയൊ മഹത്തരമാണ്, ആ മകൻ- സാന്റോൻ, നല്ലവൻ, ധർമ്മിഷ്ഠൻ, ഗുണവാൻ, എന്നു കേൾക്കുമ്പോഴുള്ള ആത്മാനന്ദം. പഠനം കൊണ്ട്, വിദ്യകൊണ്ട് മാത്രം കാര്യമില്ല. നന്മയും സാത്വികശുദ്ധിയും കൂടെ പഠിച്ചെടുക്കണം.

അപ്പോഴേ വിദ്യപൂർണ്ണമാകൂ. സത്പേരിനാൽ സത്പുത്രർ പിതാവിനും മാതാവിനും ജന്മം കൊടുക്കുന്നു.

വിദ്യയെക്കുറിച്ച്

തിരുവള്ളുവരുടെ സമർത്ഥനം ഇതാണ്.

"കണ്ണുള്ളോർ വിദ്യയറിഞ്ഞോർ, മുഖത്തിരു-
പുണ്ണുള്ളോർ വിദ്യയില്ലാത്തോർ."

പഠിക്കാത്തവരുടെ മുഖത്തുള്ളത് കണ്ണല്ല പുണ്ണാണ്. വിദ്യാഭ്യാസത്തിന്റെ പ്രസക്തി നൂറ്റാണ്ടുകൾക്കു മുമ്പേ അദ്ദേഹം ശക്തമായി പറഞ്ഞുകഴിഞ്ഞു.

വ്യക്തം പഠിക്ക; കറതീർത്തറി, ഞത്തിൽ
യുക്തിക്കു തക്ക പടി നിൽക്ക."

പഠിക്കുന്നതെന്തോ അതു കുറച്ചായാലും കൂടുതലായാലും വ്യക്തമായും വിശദമായും പഠിക്കുക. സമ്പാദിക്കുന്ന അറിവ് കറതീർന്നതാവണം. പിന്നെ അറിവിന്റെ ബലത്തിൽ നന്നായി ജീവിക്കണം.

### 3. പ്രവർത്തനം

ആശ്രമം ശ്രമങ്ങളുടെ ഉദ്യാനമാണ്. 'ശ്രമു' എന്നാൽ വിയർപ്പ് എന്നും തപസ്സ് എന്നും അർത്ഥം. 'ആ' എന്നാൽ പൂർണ്ണമായും യാതൊരിടത്ത് തപസ്സും അധ്വാനവും അനുസ്യൂതമായി സൃഷ്ടിക്കപ്പെടുന്നുവോ അവിടമാണശ്രമം. വിശുദ്ധിയുടെ പ്രഭാവലയവുമായി ആശ്രമത്തിന്റെ ചുവരുകൾക്കുള്ളിൽ ഒതുങ്ങിപ്പാർക്കുകയായിരുന്നില്ല ചാവറയച്ചനും സഭാപിതക്കന്മാരും. ആ കർമ്മയോഗികൾ പല പുരുഷായുസ്സുകൊണ്ട് ചെയ്തുതീർക്കാൻ കഴിയാത്ത കാര്യങ്ങളാണ് ചെയ്തത്.

### ചാവുരുൾ പറയുന്നു.

"നിന്റെ അന്തസ്സിനു തക്കവണ്ണം വേലയെടുക്കുക." വേല എടുക്കാതിരിക്കുന്നത് ബഹുമാനമുള്ള ആളുകളുടെ മുറയല്ല. പിന്നെയോ വിടും കുടിയും സന്തതിയും ഇല്ലാത്തവരുടെ നടപ്പാകുന്നു. മടി സർവ്വ ദുർഗുണങ്ങളുടെയും മാതാവാകുന്നു. കത്തോൻ എന്ന റോമാനഗരിയുടെ അധികാരി റോമ്മായിൽ പാർപ്പാൻ മനസ്സുള്ളവർ ഒക്കെയും മുമ്പിനാൽ തന്നെ വേലയെടുക്കുന്നവരെന്നു കാണിപ്പാൻ വേണ്ടി കൈത്തഴമ്പുകാട്ടണമെന്ന് പ്രമാണം വച്ചു. ദ്രവ്യസ്ഥന്മാരും മാടമ്പിമാരും അവരവരുടെ അന്തസ്സിനു തക്കവണ്ണം വേലയെടുക്കുന്ന ആയുധങ്ങൾ പിടിച്ചല്ലാതെ പുറത്തു നടന്നു കൂടായെന്നു കല്പിക്കുകയും ചെയ്തു.

കർമ്മത്തെപ്പറ്റി തിരുക്കുറൽ ചൊല്ലുന്നത് ഇപ്രകാരമാണ്.

എണ്ണിതുണിഹെ കർമ്മം

തുണിന്തപിൻ എണ്ണവോം.
എൻപതു ഇളുക്കു"

ഒരു കർമ്മം, അഥവാ ഒരു പ്രവൃത്തി ചെയ്യുംമുമ്പ് പലവട്ടം ആലോചിക്കണം. ചെയ്തശേഷം അഭിമുഖീകരിക്കേണ്ടിവരുന്ന ഭവിഷ്യത്ത് ചിലപ്പോൾ വളരെ മോശമായിരിക്കാം.

ചാവറയച്ചന്റെ അന്യാദൃശ്യമായ ഒരു മൊഴിയാണ് "അന്യർക്ക് വല്ല ഉപകാരം ചെയ്യാത്ത ദിവസം നിന്റെ ആയുസ്സിന്റെ ദിവസങ്ങളുടെ കണക്കിൽ കൂട്ടുന്നതല്ല. ശേഷം പേർ നിന്നെ ഭയപ്പെടണം എന്നതിനേക്കാൾ നിന്നെ സ്നേഹിക്കണം എന്ന് ആഗ്രഹിക്കുക."

വേലയെടുക്കുന്നതിനെപ്പറ്റി ചാവറയച്ചന്റെ ഒരു പാരബിൾ ശ്രദ്ധേയമാണ്. "അദ്ധ്വാന ശീലനായ ഒരു മനുഷ്യൻ കുറെ വസ്തുക്കൾക്കൊണ്ടുമാത്രം സമ്പൂർണ്ണമായി കഴിഞ്ഞു വന്നു. അപ്പോൾ ചില അസൂയാലുക്കൾ അവൻ നിക്ഷേപം എടുത്തൊളിച്ചുവച്ചിരിക്കുന്നു എന്ന് അവന്റെ പേരിൽ സർക്കാരിൽ അന്യായം കൊടുത്തു. ഇതിനാൽ അവനുള്ള ദ്രവ്യം മുഴുവന്റെയും വിവരം ബോധിപ്പിക്കണമെന്ന് ഖജനാവിന്റെ കല്പനയുണ്ടായി. എന്നാൽ അയാൾ സർക്കാറിൽ ചെന്ന് എന്റെ നിക്ഷേപം എന്റെ ചെറിയ പറമ്പാകുന്നു എന്നും അതിന്റെ മണ്ണ് എന്റെ നെറ്റിയിലെ വിയർപ്പുകൊണ്ട് നനക്കുന്നതിനാൽ അതു പൊന്നായിപ്പോകുന്നു, എന്നും പറഞ്ഞ് ബഹുമാനത്തോടുകൂടി പിന്തിരിയുകയും ചെയ്തു.

വേലക്കാർക്കു ന്യായമായ കൂലി കൊടുക്കാതിരിക്കുകയോ, താമസിപ്പിക്കുകയോ ചെയ്യരുത്. എന്തെന്നാൽ ഇത് ദൈവത്തിന്റെ പക്കൽ നിലവിളിക്കുന്ന പാപം ആകുന്നു. അവരുടെ കണ്ണുനീർ കണ്ടാൽ, നിശ്ചയമായി നിന്നോടു പകരം ചോദിക്കും.

കാറൽമാർക്സും ഫ്രെഡറിക് എംഗൽസും ചേർന്ന് തൊഴിൽ നിയമവും സോഷ്യലിസ്റ്റ് നിയമാവലിയും പ്രാബല്യത്തിൽക്കൊണ്ടുവരുന്നതിനു മുമ്പേതന്നെ വേലക്കാർക്ക് ന്യായമായ കൂലിയും മാന്യമായ ഇടപെടലുകളുമൊക്കെ ചാവറയച്ചൻ വ്യക്തമാക്കിയിട്ടുണ്ട്.

"താളാറ്റിത്തന്ന പൊരുളെല്ലാം തക്കാർക്കു

വേളാണ് മൈ ചെയ്തറ് പൊരുട്ടു."
(തിരുക്കുറൽ; ഒപ്പുരവറിതൽ)

അതായത് : 'ഏറെ അദ്ധ്വാനിച്ചു നേടും ധനം, അർഹരായോർക്കുപകാരം ചെയ്യാൻ' വേണ്ടിയാണ്. കഷ്ടപ്പെടുന്നവർക്കേ സമ്പത്തുണ്ടാവുകയുള്ളൂ. അങ്ങനെയുള്ള ധനം അർഹരായ ആളുകൾക്കു തക്കസമയത്തു ഉപകാരം ചെയ്യാൻ വിനിയോഗിക്കുന്നു. വെറുതെ പൂഴ്ത്തിവയ്ക്കുന്ന സമ്പത്ത് സ്വർഗ്ഗലോകത്തു ഒരുവനു കൈവരാനിരിക്കുന്ന മഹത്തായ സുഖത്തെ നഷ്ടപ്പെടുത്തലാണ്. ആ ധനം താൻ മാത്രം അനുഭവിക്കുന്നത് അങ്ങേയറ്റത്തെ സ്വാർത്ഥതയും മഹാപാപവും ആണ്.

കർമ്മകൗശലത്തെപ്പറ്റിയും തിരുക്കുറൽ പ്രതിപാദിക്കുന്നുണ്ട്.
"ഇതനൈ ഇതനാൽ ഇവൻ മുടിക്കും എന്റായ്
ന്തതനൈ അവൻ കൺവിടൽ" (തിരുക്കുറൽ ആധി. 52:7)
" ഇക്കർമ്മം ഇവ്വിധം ഇവൻ ചെയ്യുമെന്നുക-
ണ്ടാൽ അക്കർമ്മം അവനുതാൻ നല്കീടുക."

ഇന്ന ജോലി ഇന്നവിധത്തിൽ ഇന്നയിന്ന ഉപായങ്ങൾക്കൊണ്ട് ഇവൻ ഭംഗിയായി ചെയ്യും എന്ന ബോധ്യപ്പെട്ടാൽ ആ ജോലി പൂർണ്ണ വിശ്വാസത്തോടെ അയാളെത്തന്നെ ഏല്പിക്കുന്നതാണ് നന്ന്.

നാടോറും നാടുക മൻതൻ വിനൈ ചെയ്‌വാൻ
കോടാമൈ കോടാ തുലകു" അധി: 52 :10

ജോലിചെയ്യുന്ന കാര്യസ്ഥൻ അഴിമതിക്കാരനാണെങ്കിൽ നാടു മുഴുവൻ പിഴയ്ക്കും. അതിനാൽ അവൻ യാതൊരുവിധ പ്രലോഭനത്തിനും വഴങ്ങാത്തവനായിരിക്കണം. അക്കാര്യം ഉറപ്പുവരുത്തേണ്ടത് അരചന്റെ കടമയാണ്. ലോകം മുഴുവൻ നന്നാവുന്നുണ്ടോ എന്നറിയാൻ കാര്യസ്ഥൻ നന്നാവുന്നുണ്ടോ എന്നു നോക്കിയാൽ മാത്രം മതി.

തെയ്‌വത്താൻ ആകാതെനിനും മുയർചിതൻ

മെയ് വരുന്ന കൂലി തരും. (തിരുക്കുറൾ അധി 62:9)

"ദൈവം പെരുത്തു തരായ്കിലും, അദ്ധ്വാനം കനക്കെ കൂലി തരും"

നാം അല്പസ്വല്പമൊക്കെ അദ്ധ്വാനിച്ചിട്ട് ദൈവം അതിന്റെ പേരിൽ എല്ലാം വരിക്കോരിത്തരും എന്നു പ്രതീക്ഷിക്കരുത്. നാം അദ്ധ്വാനിച്ചതിനുള്ള കൂലി തീർച്ചയായും കിട്ടും. വിധി അനുകൂലമല്ല എന്നിരിക്കട്ടെ. അക്ഷീണവും നിരന്തരവും ആത്മാർത്ഥവുമായ അദ്ധ്വാനം തുടർന്നുകൊണ്ടേയിരിക്കുന്നവർക്ക് വിധിയെപ്പോലും അനുകൂലമാക്കിത്തീർക്കാവുന്നതേയുള്ളൂ.

"ഉഴുതുണ്ടുവാഴ്മാരേ വാഴ്വോർ മറ്റെല്ലാം
തൊഴുതുണ്ടു പിൻചെൽപവർ.'
(തിരുക്കൂറൾ. ഉഴവു 3).

കാർഷിക വൃത്തിയുടെ മാന്യതയും കൃഷീവലന്മാരുടെ സ്വയം പര്യാപ്തതയും ഇവിടെ എടുത്തുപറയുന്നു. കൃഷിക്കാർക്ക് ഇത്രയേറെ മഹത്ത്വം കൊടുക്കുന്ന ഒരാചാര്യൻ വേറെയുണ്ട് എന്നു തോന്നുന്നില്ല; തിരുവള്ളുവർക്ക്. അന്തസ്സോടെ ഈ ലോകത്തിൽ ജീവിക്കുന്ന ഒരൊറ്റ വിഭാഗമേയുള്ളൂ അതു കർഷകരാണ്. തങ്ങൾക്കും അന്യർക്കും വേണ്ട ഭക്ഷണം കരുതലോടെ അവരുണ്ടാക്കുന്നു. മറ്റുള്ളവരുടെ കഥ അങ്ങനെയല്ല. അവർ നിലനില്പിനുവേണ്ടി പ്രീണനം ചെയ്തു ജീവിക്കുന്നു. അവരുടെ അന്നകാര്യം അങ്ങനെ നടക്കുന്നു. ഉഴുതുണ്ടു വാഴ്വോരാണു യഥാർത്ഥ വാഴ്വോർ; മറ്റുള്ളവരെല്ലാം തൊഴുതുണ്ണുന്നവരും പിന്നാലെ നടക്കുന്നവരുമാണ്. സമ്പന്നരായ കൃഷീവലന്മാരാണ് ഈ രാജ്യത്തെ സമ്പന്നതിയിലേക്ക് നയിക്കുന്നത്. സ്വന്തം കൈകൾകൊണ്ട് അദ്ധ്വാനിച്ച് ഉണ്ണുന്ന കൃഷിക്കാരന് ഒരിക്കലും ഒന്നും യാചിക്കേണ്ടി വരുന്നില്ല. തന്നോടു യാചിക്കുന്നവർക്ക് അയാൾ സമൃദ്ധമായി ദാനവും ചെയ്യുന്നു.

തുമ്പങ്ങൾ വരികിലും ചെയ്ക തുണിവോടെ,
നല്കിമ്പം ഫലിക്കുന്ന കർമ്മം.
(തിരുക്കുറൽ അധി. 67:9)

ദുഃഖത്തിൽ ദുഃഖിച്ചിരിക്കാതെ അലസതയും നൈരാശ്യവും വെടിഞ്ഞ് കർമ്മയാത്ര തുടരാൻ തിരുക്കുറൾ മാർഗ്ഗദർശനം നല്കുന്നു.

**4. പ്രബോധനം**

നമ്മുടെ ബോധത്തെ ഉണർത്തുന്നതാണ് ബോധനം. അതു പ്രകൃഷ്ടമായി, വിശേഷമായി ഉണർത്തുന്നതാണ് പ്രബോധനം, ജ്ഞാനത്തെ ഉണർത്താൻ ബോധകൻ അഥവാ ആചാര്യൻ വേണം ബോധിതൻ (instructed) പഠിപ്പിക്കപ്പെട്ടവനാണ്. ബോധ്യം വരുത്തുന്ന വിധത്തിൽ ബോധനം ചെയ്യുന്നവനാണ് പ്രബോധകൻ. അപ്പോൾ പ്രബുദ്ധൻ (awakend) ജനിക്കുന്നു. അപ്പോൾ വിശേഷവിധമായി ഉണർത്തുന്ന അരുളുകളാണ് പ്രബോധനം. ഈ കാലത്തിന്റ തീപിടിച്ച പല പ്രശ്നങ്ങൾക്കും ഉത്തരം ചാവുരുളിലുണ്ട്.

**1. അടക്കം**

ആത്മനിയന്ത്രണം. (self control, modesty) ആമയും മുയലും തമ്മിലുള്ള ഓട്ടപ്പന്തയത്തിൽ വിജയിക്കുന്നത് ആമയാണ്. അടക്കത്തിന്റെ പ്രതീകമാണ് ആമ. നാലു കാലും തലയും തോടിനുള്ളിലേക്ക് വലിക്കാൻ ആമക്കു കഴിയും. ഇതു പഞ്ചേന്ദ്രിയങ്ങളുടെ പ്രതീകമാണ്. ആത്മനിയന്ത്രണവും പ്രാപഞ്ചിക സന്തോഷങ്ങളും തമ്മിലുള്ള ഓട്ടപ്പന്തയത്തിൽ ആത്യന്തികമായി വിജയിക്കേണ്ടത് ആത്മനിയന്ത്രണമാണ്. ചന്ദ്രനിൽ ഒരു മുയലുണ്ട് എന്നും പറയുന്നുണ്ട്. വെൺനിലാവ് ആസക്തിയെ ഉത്തേജിപ്പിക്കുമല്ലോ.

“അടക്കമുടമൈ” തിരുക്കുറലിലെ ഒരധികാരമാണ്.
“ഐന്തുവിത്തനാറ്റൽ അകൽ വിശുമ്പുകളാർ
കോമാൻ ഇന്തിരനേശാലും ചരി.”

പഞ്ചേന്ദ്രിയങ്ങൾ വഴിവന്ന വികാരമൊക്കെയും അടക്കിയവൻ ഇന്ദ്രനേക്കാൾ ശ്രേഷ്ഠനാണ്. ചാവുരുളിൽ ചാവറയച്ചൻ ബോധിപ്പിക്കുന്നു. “ഇരിപ്പിലും നടപ്പിലും കിടപ്പിലും കളിയിലും അടക്കം അഥവാ വിരക്തി എന്ന പുണ്യം മഹാ സൂക്ഷ്മത്തോടുകൂടെ അനുസരിക്ക. അടക്കമില്ലായ്മ ദൈവതിരുമുമ്പിലും ഇഹലോകത്തിലും വലിയ അപമാനമുള്ളതാകുന്നു. ആൺ പൈതങ്ങൾ വസ്ത്രമില്ലാതെയും പെൺപൈതങ്ങൾ ചട്ടയിടാതെയും നടക്കുന്നതിനാൽ..... എത്രയോ ആത്മാക്കൾ നരകത്തിൽ വീഴുമെന്ന് വിധി ദിവസത്തിൽ അറിയാം.”

അടക്കമൊതുക്കമുള്ള ജീവിതത്തിന് ഒരു ദിനചര്യാക്രമം” ചാവറയച്ചൻ ചിട്ടപ്പെടുത്തുന്നുണ്ട്.

“ഉറങ്ങാൻ കൃത്യസമയത്ത് കിടക്കുന്നതിനും, രാവിലെ കൃത്യസമയത്ത് ഉണരുന്നതിനും ശ്രദ്ധിക്കുക. ആറുമണിക്കെങ്കിലും എല്ലാവരും എഴുന്നേറ്റ് ഉടനെ ഉഷഃകാലജപം ചൊല്ലുക. പിന്നെ പാടുള്ളവരെല്ലാം കുർബാന കാണുക. എട്ടുമണിക്കു കഞ്ഞി കുടിക്കുക, പന്ത്രണ്ടു മണിക്കു ഉച്ചഭക്ഷണം കഴിക്കുക; വൈകിട്ട് ത്രികാലജപം കഴിഞ്ഞാലുടൻ കൂട്ടമായിട്ട് പ്രാർത്ഥന തുടങ്ങി; അതുകഴിഞ്ഞ ശേഷം ഉടനെ അര മണിക്കൂർ ധ്യാനിക്കാം. ഇതു നല്ല പുസ്തകം വായിച്ചുകേട്ട് അതിന്മേൽ ചിന്തിച്ചുകൊണ്ട് “കഴിക്കാം”. (പേജ് 391 ചാവരുൾ) അവർക്കു മനസ്സിലാകുന്നില്ല എന്നുവച്ച് ക്രമമല്ലാത്ത വചനങ്ങളും ദൂഷണങ്ങളും അവരുടെ മുമ്പാകെ പറയരുത്. ആൺപൈതങ്ങളും പെൺപൈതങ്ങളും ഒരുമിച്ച് ഒരു മുറിയിൽ കിടക്കുന്നതിനും അനുവദിക്കരുത്. സ്വഭാവത്തിൽ അവർക്ക് അറിയാത്തത് പിശാച് അവരെ പഠിപ്പിക്കും.

തിരുക്കുറൽ അടക്കത്തെപ്പറ്റിപ്പറയുന്നത്
“ഉണ്ടാർക്കണല്ല: അടുനറാ കാമം പോൽ-
കണ്ടാർ മകഴു സെയ്തൽ ഇന്റു”

മദ്യം കഴിച്ചവനു മാത്രമേ ലഹരി ഉണ്ടാകൂ;
എങ്കിൽ കാമം കണ്ടവനെയും മനോന്മത്തനാക്കുന്നു.”

ഒരു പെൺ പൈതലിന്റെ ആഭരണം എത്രയും വലിയ അടക്കവും ഭക്തിയും മിണ്ടടക്കവും കണ്ണടക്കവും ആകുന്നു.”

**2. മിതവ്യയം**

എല്ലാത്തിലും ഒരു മിതത്ത്വം, മധ്യമ മാർഗ്ഗം, ചാവുരുളിന്റെ സാരാംശമാണ്. കാതലാണ്.

ലുബ്ധന്റെ വക പുഴു തിന്നും

ധൂർത്തന്റെ മുതൽ പുകയാകും”

“അതിധാരാളവും ലുബ്ധും രണ്ടും തിന്മയാകുന്നു.”

ഓരോരോ അടിയന്തരങ്ങൾ കഴിക്കുന്നതിൽ സ്വന്തസ്വത്തിനും പ്രാപ്തിക്കും തക്കവണ്ണം ചട്ടമുള്ളതിൽ അധികം ആഘോഷവും ചെലവും ചെയ്യണ്ട. അതെന്തെന്നാൽ എല്ലായ്പോഴും അതിൻവണ്ണം ചെയ്വാൻ പാടുണ്ടാകുമോ എന്നറിഞ്ഞു കൂടാ. എന്നാൽ തൽക്ഷണം കൊണ്ട് ആളിപ്പോകുന്നതും ഒരു വലിയ വെട്ടത്തെ കാണിച്ച് ഉടൻ കെട്ടുപോകുന്നതുമായ ഒരു വൈയ്ക്കോൽ തൊറുവിൻ തീയേക്കാൾ നിലനിൽക്കുന്നതായി, വെട്ടം കാട്ടുന്ന ഒരു ചെറിയ വിളക്ക് ഏറ്റം നല്ലതാകുന്നു. തീവ്രമായ ക്ഷണപ്രഭയേക്കാൾ ചാവറയച്ചൻ താല്പര്യം കാട്ടുന്നത് നിന്നു കത്തുന്ന വിളക്കിന്റെ ശോഭയാണ്.

ചാവുരുളിലെ പ്രബോധനപരമായ അന്യാപദേശങ്ങൾ ഇന്ന് ഏറെ പ്രസക്തമാണ്. “ഒരു ദ്രവ്യസ്ഥൻ വിരുന്നുകൾ, കല്യാണങ്ങൾ മുതലായ ആഘോഷങ്ങൾ നടത്തിയതിനാൽ ദാരിദ്ര്യസ്ഥിതിയിലായി ദുഃഖിച്ചിരിക്കയിൽ ഒരു ശാസ്ത്രി അവനെക്കണ്ടു പറഞ്ഞു. “സഹോദരാ ! നീ പകൽ വിളക്കു കത്തിക്കാതിരുന്നുവെങ്കിൽ രാവിൽ കത്തിക്കാമായിരുന്നു” എന്ന്.

വ്യയത്തിൽ മാത്രമല്ല സൗഹൃദത്തിലും മിതത്ത്വത്തിന്റെ മധ്യമാർഗ്ഗം ചാവരുളിൽ കാണുന്നുണ്ട്. “നിനക്കു സ്നേഹിതർ അധികം വേണ്ട. പിന്നെയോ ആയിരം പേരിൽ നിന്ന് സൂക്ഷിച്ച് ഒരുത്തനെ തെരഞ്ഞെടുക്കുക. തമ്പുരാനെ സ്നേഹിക്കാത്തവൻ സത്യമായി നിന്നെയും സ്നേഹിക്കുകയില്ല. ദാവീദും യോനാഥനും തമ്മിൽ സ്നേഹിച്ചിരുന്നു; അവർ ഒരു മനസ്സുള്ളവരായി തമ്മിൽ തമ്മിൽ പട്ടാങ്ങയായിട്ടു സ്നേഹിച്ചു.

അവരുടെ ഈ സ്നേഹം അല്പ കരണങ്ങളാൽ കുറഞ്ഞുപോകാതെ ആപത്തുകളിലും ദിഷ്ടതികളിലും വർദ്ധിച്ചുവരികയും ചെയ്തു.

ദ്രവ്യമുള്ള ഭാവവും അവസ്ഥയും കാട്ടേണ്ട. ഉള്ള ഭാവം മുഴുവൻ കാട്ടുന്നവൻ അവസ്ഥയിൽ കുറഞ്ഞവനാകുന്നു. ദ്രവ്യസ്ഥന്റെ ഭാവം കാണിക്കുന്നവൻ വേഗത്തിൽ ഭിക്ഷ തെണ്ടി നടക്കും.

**3. നീതിതല്പരത**

കട്ടവസ്തു ഒരു നാഴിക നേരത്തേയ്ക്കെങ്കിലും നിന്റെ വീട്ടിൽ സൂക്ഷിപ്പാൻ നീ സമ്മതിക്കേണ്ട. കട്ട വസ്തു ഇരിക്കുന്ന വീട് കത്തിപ്പോകുമെന്ന് റൂഹാദക്കുദിശാ തമ്പുരാൻ അരുളിച്ചെയ്തിരിക്കുന്നു. അന്യവസ്തു കട്ടവരോടുകൂടെ നീ ഇടയേണ്ട. എന്തെന്നാൽ നാളെ നിന്റെ വസ്തു കക്കുവാൻ അവൻ മടിക്കയില്ല, നിശ്ചയം. ഇതല്ലാതെ അവരുടെ പാപത്തിനു നീ പങ്കുകാരനാകും. ശേഷംപേർ നിന്നെ ഭയക്കണം എന്നതിനേക്കാൾ നിന്നെ സ്നേഹിക്കണം എന്ന് ആഗ്രഹിക്ക." സ്നേഹത്തെപ്പറ്റി (അൻപ്) തിരുക്കുറൽ മൊഴി ഇപ്രകാരമാണ്.

"അമ്പകത്തില്ലാ ഉയിർവാഴ്ക്കൈ വമ്പാർകൺ
വറ്റൽ മ൦ം തളിർത്തറ്റു."
തിരുക്കുറൽ
(അൻപുടമൈ-78)

ഉള്ളിൽ സ്നേഹമില്ലാത്ത മനുഷ്യൻ ജലം വറ്റിവരണ്ട സ്ഥലങ്ങളിൽ നിൽക്കുന്ന വടവൃക്ഷത്തിനു സദൃശ്യമാണ്. അത് ഏറെ താമസിയാതെ ഉണങ്ങിപ്പോകും.

"ചാവറയച്ചൻ സ്നേഹത്തെപ്പറ്റി പറയുന്നു."നിങ്ങൾ തമ്മിൽത്തമ്മിൽ ഉപവിയായിരിപ്പിൻ, സ്നേഹമായിരിപ്പിൻ ഓരോരുത്തന്റെ അറ്റകുറ്റങ്ങളും കുറച്ചിലുകളും തമ്മിൽത്തമ്മിൽ ക്ഷമിപ്പിൻ. ഇപ്രകാരം ചെയ്താൽ ഇഹലോകത്തിൽ സമാധാനവും പരലോകത്തിൽ നിത്യഭാഗ്യവും നിങ്ങൾ അനുഭവിക്കും.

ചാവറയച്ചന് പ്രഥമവും പ്രധാനവുമായ അരുൾ സ്നേഹമാണ്. സ്നേഹത്തിന്റെ പ്രബോധനമാണ്.

ക്ഷമയെപ്പറ്റിയുള്ള തിരുക്കൂറൽ പ്രബോധനമാണ് "പൊറൈയുടൈമൈ"

"പൊറുത്തലിറപ്പിനൈയെന്റു മതനൈ-
മറത്തലതിനും നന്റു"
പൊറുപ്പതുയോഗ്യമാണെങ്കിലും
മറക്കുന്നതാണ് പരമയോഗ്യം എന്നു സാരം
"പൊറുത്താരൈപ്പൊൻപോർ പൊതിന്തു"
ക്ഷമയുള്ളവനെ പൊന്നായ്പ്പൊതിയും ഭൂവിൽ സർവ്വരും
"നാളെ ശേഷം പേർ നിന്റെ കുററം ക്ഷമിക്കണമെങ്കിൽ ഇന്നു ശേഷം പേരുടെ അറ്റകുറ്റങ്ങൾ നീ ക്ഷമിക്കേണ്ടയോ"

(ചാവരുൾ പേജ് 386)

**5. പരിപാലനം**

'പാ' എന്നാൽ 'പാലിക്കുക' അഥവാ 'രക്ഷിക്കുക' എന്നർത്ഥം. പാഹിമാം എന്ന പദം നമുക്കു പരിചിതമാണല്ലൊ. 'എന്നെ രക്ഷിച്ചാലും'.

'പരി' വളരെ, ഏറെ, അധികമായി
പരിപാലനം എന്നാൽ, നന്നായി സംരക്ഷിക്കുക, സൂക്ഷിക്കുക എന്നർത്ഥം.

ചാവറയച്ചന്റെ "നല്ല അപ്പന്റെ ചാവുരുളിലെ" ഏറ്റവും വലിയ ദൗത്യം മക്കളുടെ പരിപാലനം ആണ്. അതു മാതാപിതാക്കളുടെ മുഖ്യമായ കടമയാണ്. അതാണ് ചാവുരുൾ. ഇത്രത്തോളം പ്രാമുഖ്യമുള്ള ഒരു ചുമതല വേറെയില്ല. അത്രമേൽ ഊന്നൽ ചാവുരുളിൽ ഈ ചുമതലയ്ക്കു കൊടുക്കുന്നുണ്ട്.

"മക്കളുടെ വളർത്തൽ"
(ചാവുരുൾ 12.)

"കാരണവന്മാരേ! നിങ്ങളുടെ മക്കളെ വളർത്തുന്ന കാര്യം നിങ്ങളുടെ എത്രയും പ്രധാനപ്പെട്ട കാര്യവും കടമയുമാകുന്നു എന്ന് നന്നായി അറിഞ്ഞു കൊള്ളുക. മക്കൾ, സർവ്വേശ്വരൻ തമ്പുരാൻ സൂക്ഷിപ്പാനായിട്ട് നിങ്ങളുടെ കയ്യിൽ ഏല്പിച്ചിരിക്കുന്ന ഒരു നിക്ഷേപമാകുന്നു. തന്റെ തിരുച്ചോരകൊണ്ട് ശുദ്ധീകരിക്കുന്നതിനും തന്റെ ശുശ്രൂഷികളാകുന്നതിനും, വിധി ദിവസത്തിൽ തിരിച്ചേല്പിക്കുന്നതിനും ആയിട്ട് ഈശോ മിശിഹാ നിങ്ങളുടെ കയ്യിൽ ഏല്പിച്ചിരിക്കുന്ന ആത്മാക്കൾ ഇവരാകുന്നു, എന്ന് നന്നായി അറിഞ്ഞു കൊള്ളുവിൻ. തങ്ങളുടെ കുറ്റം നിമിത്തം തങ്ങളുടെ മക്കളിൽ ഒന്ന് നരകത്തിൽ നശിച്ചുപോകുമെങ്കിൽ, ഇതു കാരണവന്മാർ രക്ഷപെടുന്നതിന് എത്രയോ തടസ്സമായിരിക്കുന്നു." (ചാവുരുൾ 12)

'ന്യാസം' എന്നാൽ മുദ്രവച്ചു സൂക്ഷിക്കുന്ന പണയവസ്തുവാണ്. അതിന്റെ ഉടമ ഞാനല്ല. ഞാൻ വെറും സൂക്ഷിപ്പുകാരൻ മാത്രം. ഉടമയ്ക്ക് വസ്തുവിന്റെ മഹത്ത്വം കളയാതെ തിരികെ നല്കണം. ഇവിടെ പണയവസ്തു വ്യക്തിയാണ്; മക്കളാണ്. ഞാൻ സൂക്ഷിപ്പുകാരൻ. കാളിദാസന്റെ അഭിജ്ഞാനശാകുന്തളത്തിൽ കണ്വാശ്രമത്തിൽ വനജ്യോത്സനയോടും മാൻപേടയോടുമൊക്കെ ഇണങ്ങി പർണ്ണശാലയിൽ വളർന്ന ശകുന്തള എന്ന തന്റെ വളർത്തുമകൾ പിന്നീട് ദുഷ്യന്തന്റെ വധുവായി അന്തഃപ്പുരത്തിലേക്കു പോകു



ബോൾ കണ്വമഹർഷി കൊടുക്കുന്ന ഉപദേശം ശാകുന്തളത്തിലെ ശ്രേഷ്ഠ ശ്ലോകങ്ങളാണ്. ശകുന്തള തനിക്ക് ഒരു ന്യാസമാണെന്നും (സൂക്ഷിപ്പാൻ ഏല്പിച്ച നിധി) അത് ഉടമയ്ക്ക് തിരികെ നല്കുന്നുവെന്നും അവിടമാണ് നിന്റെ ഭവനമെന്നും നീ ആദരവോടെ പതിയെ സേവിക്കണമെന്നും, കൊട്ടാരത്തിലുള്ള രാജാവിന്റെ മറ്റു പത്നിമാരെ സ്വന്തം സഖിമാരെപ്പോലെ കരുതണമെന്നും ഭൃത്യന്മാരോട് കരുണകാണിക്കണമെന്നും, അഹങ്കാരമില്ലാതെ സരളജീവിതം നയിച്ച് ആ വീടിന്റെ ഗൃഹിണിയായി വാഴണമെന്നും" മഹർഷി ഉപദേശിക്കുന്നു.

ചാവറയച്ചൻ മാതാപിതാക്കൾക്കുള്ള വലിയ ഒരു ദൗത്യം ആയിപ്പറയുന്നത് മക്കൾക്കുള്ള സ്വാതന്ത്ര്യമാണ്. ഈ കടമകൾ ഈ കാലഘട്ടത്തിൽപ്പോലും വളരയേറെ പുരോഗമനപരമായ ചിന്തയാണ്. മക്കൾക്ക് അന്തസ്സ് തിരഞ്ഞെടുക്കുന്ന പ്രായം വരുമ്പോൾ അവർക്ക് ഇതിൽ പൂർണ്ണ സ്വാതന്ത്ര്യം അനുവദിക്കണം. എന്തുകൊണ്ടെന്നാൽ അവരുടെ അന്തസ്സിനെ നിശ്ചയിക്കുന്നത് ദൈവത്തിന്റെയും അതിനെ തെരഞ്ഞെടുക്കുന്നത് അവരുടെയും കാര്യമാകുന്നു. ഇതു കാരണവന്മാർക്കുള്ളതല്ല. ഇതു നിമിത്തം എത്രയോ കാരണവന്മാരും മക്കളും ഈ നേ

രത്ത് നരകത്തിൽ കിടന്ന് നിലവിളിക്കുന്നു." (പേജ് 397) കാരണവന്മാർ ഇടപെടാൻ പാടില്ലാത്ത കാര്യവും; ഇടപെട്ട് പരതന്ത്രപരമയാൽ മാതാപിതാക്കൾ നരകത്തിലെ ഏറ്റവും ചൂടുള്ള സ്ഥലം തിരഞ്ഞെടുക്കുന്നതുമാകുന്നു ഫലം. ചാവറയച്ചൻ ഊന്നിപ്പറയുന്നു. "വിവാഹത്തിന് അവരുടെ സമ്മതം പ്രത്യേകമായിട്ട് അറിയണം. ബന്ധുക്കളുടെ ദ്രവ്യത്തെയും ബഹുമാനത്തെയുംകാൾ നല്ല മര്യാദയും ശീലഗുണവും സൂക്ഷിക്കുക. അല്ലെങ്കിൽ പിന്നെ മക്കൾക്കും കാരണവന്മാർക്കും സന്തോഷത്തിനു പകരം അതിദുഃഖം സംഭവിക്കും. കാരണവന്മാർമരിക്കുന്നതിനുമുമ്പിൽ തന്നെ മക്കളെമാറ്റി കുടിമതിയായി പാർപ്പിക്കുക. ബോധത്തിനു ബലക്ഷയം വരുന്നതിനുമുമ്പിൽ അവർക്കു വസ്തുക്കൾ ഭാഗം ചെയ്തു കൊടുക്കുക. ഇതല്ലാഞ്ഞാൽ മരണത്തിനുശേഷം അവർ തമ്മിൽ ഉണ്ടാകുന്ന വഴക്ക്, തർക്കം മുതലായ പാപങ്ങൾക്ക് മാതാപിതാക്കൾ ഉത്തരവാദികളാകും. (പേജ് 398)

'തിരുക്കുറൾ' ഏഴാം അധികാരത്തിൽ അരുളുന്നു.
"തം പൊരുളെൻ പതം മക്കൾ അവർ പൊരുൾ
തംതം വിനൈയാൻ വരും"
പുതൽവരൈപ്പെറുതൽ 2

കുടുംബസ്ഥന്റെ ഏറ്റവും വലിയ സമ്പത്ത് (തംപൊരുൾ) മക്കൾതന്നെയാണ്. സൽക്കർമ്മധനനായ പിതാവിന് ആ മക്കളാകുന്ന സ്വത്തിനൊപ്പം, ധനം പ്രശസ്തി, അംഗീകാരം, അഭിമാനം, വിദ്യാഗുണം തുടങ്ങിയവയെല്ലാംതന്നെ തംവിനൈയാൻ- അവർ ചെയ്യുന്ന സത് പ്രവൃത്തിയനുസരിച്ച് വന്നു ചേരും.

"അമിഴ്തിനും ആറ്റ ഇനിതേ തം മക്കൾ
ചിറ്റുകൈയളാവിയ ക്കുഴ്-
പുതൽ വരൈപ്പെറുതൽ"
അമൃതിനേക്കാൾ ഏറെ മധുരതരമാണ് "തം മക്കൾ"

അവനവന്റെ കുഞ്ഞുങ്ങൾ പിഞ്ചുകയ്യാൽ അളാവിക

കുഴച്ച ചോറ്...

ഒരച്ഛൻ തന്റെ മകനോടു നിർവ്വഹിക്കേണ്ട മുഖ്യമായ കടമ, അവനെ അങ്ങേയറ്റം വിദ്യാസമ്പന്നനാക്കുക എന്നതാണ്. ഏതു പണ്ഡിത സദസ്സിൽ ചെന്നാലും ഏറ്റവും ബഹുമാന്യനായി, വിദ്യാധനനായി ഇരിക്കാൻ കഴിയുന്ന അവസ്ഥ മകന് നേടിക്കൊടുക്കുക എന്ന താണ്.

“തന്തൈ മകറ്കു ആറ്റും നന്റി അവൈയത്തു
മുന്തിയിരുപ്പ ചെയ്യൽ”
പുതൻ വരൈപ്പെറുതൻ 7

ഒരച്ഛന്റെ  കടമ തൻമകനെ വിദ്വത്സഭയി-
ലെത്രയും മുന്തിയോനാക്കൽ”.

**ചാവറയച്ചൻ പറയുന്നു.**

“തിരിച്ചറിവുണ്ടായാൽ പൈതങ്ങളെ പള്ളിക്കൂടത്തിൽ അയയ്ക്കണം. അതും പോരാ, അവർ പഠിക്കുന്നുണ്ടോ എന്നും, അവർ എങ്ങനെ കൂട്ടുകൂടി നടക്കുന്നു എന്നും അന്വേഷിക്കണം (പേജ് 396).

അവരുടെ ആത്മീയ പരിപാലനത്തെപ്പറ്റി ചാവറയച്ചൻ പറയുന്നത്: “അവർക്ക് അല്പം ദൃഢത ഉണ്ടാകുമ്പോൾ തന്നെ ഭക്തിയോടുകൂടെ ഈശോ മറിയം യൗസേപ്പെന്ന തിരുനാമങ്ങളെ ചൊല്ലുവാൻ അവരെ പഠിപ്പിക്ക. അവരുടെ സ്വരൂപങ്ങൾ കുഞ്ഞുങ്ങളെ കാണിക്കുകയും മുത്തിക്കുകയും ചെയ്തുകൊണ്ട് അവരെ വണങ്ങുവാനും സ്നേഹിപ്പാനും പഠിപ്പിക്ക. അവർ പറവാൻ തുടങ്ങുമ്പോൾ ആകാശങ്ങളിലിരിക്കുന്നതും, നന്മനിറഞ്ഞ മറിയം, ത്രികാലജപം മുതലായ ചെറിയ ജപങ്ങളെ പഠിപ്പിക്ക. ശരീരത്തിനടുത്ത യാവന അവർക്കു കൊടുക്കുന്നതിനോടുകൂടെ ആത്മത്തിനടുത്ത യാവനയായ ഇവകളെയും അവർക്കു കൊടുക്കുന്നത് എത്രയോ നല്ലതായിരിക്കുന്നു.’ (പേജ് 395)

നിങ്ങളുടെ വാർദ്ധ്യകൃത്തിൽ നിങ്ങളെ രക്ഷിപ്പാനും സന്ധിപ്പാനും തക്ക നല്ലമക്കൾ നിങ്ങൾക്കുണ്ടാകണമെങ്കിൽ അവരെ ചെറുപ്രായത്തിൽ നല്ല ക്രിസ്ത്യാനികളാക്കുവിൻ. ഈ പ്രായത്തിൽ അവർ തമ്പുരാനെ സ്നേഹിക്കുകയും പേടിക്കുകയും ഇല്ലെങ്കിൽ, പിന്നെ അവരുടെ കാരണവന്മാരെയും പേടിക്കുകയും ബഹുമാനിക്കുകയും ചെയ്യുകയില്ല. (പേജ് 395)

മാതാപിതാക്കൾക്കു മാത്രമല്ല മക്കൾക്കും ചില കടമകളുണ്ട്. “മക്കളേ നിങ്ങൾ നിങ്ങളുടെ കാരണവന്മാരെ ബഹുമാനിപ്പാനും അവരുടെ മനസ്സിനെ നൊമ്പരപ്പെടുത്താതിരിപ്പാനും ദൈവപ്രമാണത്താൽ തന്നെ എത്രയോ കടപ്പെട്ടിരിക്കുന്നു. അതിനാൽ ദൈവ പ്രമാണത്തിൽ നാലാമത്തേതു ലംഘിക്കുന്നവർക്കു പരലോകത്തിൽ തന്നെയല്ല ഇഹ ലോകത്തിൽ കൂടെയും ദൈവശാപം കല്പിക്കപ്പെട്ടിരിക്കുന്നു എന്നു നല്ലവണ്ണം ഓർത്തുകൊൾവിൻ.”

ഇവിടെ ചാവറയച്ചൻ ഒരു അന്യാപദേശവും നല്കുന്നുണ്ട്. കാരണവന്മാരെ ആദരിക്കണം എന്ന പ്രമാണത്തെ സാധൂകരിക്കാനാണ് ഈ പാരബിൾ

ഒരു അമ്മയ്ക്ക് മൂന്നു മക്കൾ ഉണ്ടായിരുന്നു. ഇവർ വലിയ ദാരിദ്ര്യസ്ഥിതിയിൽ ഇരുന്നതിനാൽ തങ്ങളുടെ അമ്മയെ  യോഗ്യമായവിധം പരിരക്ഷിക്കുന്നതിന് യാതൊരു നിവൃത്തിയും ഇല്ലാത്തവരായിരുന്നു. എന്നാൽ ആ രാജ്യത്തിൽ കള്ളന്മാരെ തൂക്കിക്കൊല്ലണമെന്നും, കള്ളന്മാരെ പിടിച്ചുകൊടുക്കുന്നവർക്ക് വലിയ ഇനാം കൊടുക്കണമെന്നും ചട്ടം വയ്ക്കപ്പെട്ടിട്ടുണ്ടായിരുന്നു. ഇങ്ങനെയിരിക്കെ ഈ മക്കൾ അമ്മയ്ക്ക് തൃപ്തികരമായി ചെലവിനു കൊടുപ്പാൻ കഴിവുണ്ടാകുന്നതിനുവേണ്ടി തങ്ങളിൽ ഒരുത്തൻ കള്ളൻ എന്നു ഭാവിക്കുകയും മറ്റിരുവരുംകൂടി അവനെ  സർക്കാരിൽ ഏല്പിക്കുകയും ഇങ്ങനെ ഇനാം വാങ്ങിക്കുകയും ചെയ്തു. പിന്നെ മറ്റിരുവരും കള്ളന്റെ അടുക്കൽ ചെന്ന്  യാത്ര പറയുന്നതിനെയും, ധൈര്യമായി അമ്മയ്ക്കുവേണ്ടി മരണശിക്ഷ ഏൽക്കണമെന്ന് അവരോട് ഉപദേശിക്കുന്നതിനെയും  അധികാരി  കണ്ടപ്പോൾ ഈ കള്ളന്റെ നേരെ  ഇവർക്ക് ഇത്ര വലിയ ദയയുണ്ടാകുന്നതിനുള്ള  കാരണമെന്തെന്ന്  അന്വേഷിച്ചു. അമ്മയുടെ നേരെയുള്ള സ്നേഹത്താൽ സഹോദരന്മാരായ അവരിലൊരുവൻ മരിപ്പാൻ നിശ്ചയിപ്പതല്ലാതെ മറ്റുപ്രകാരമല്ലായെന്ന് സത്യമറിഞ്ഞു. ഈ സംഗതി രാജാവിനെ ബോധിപ്പിച്ചപ്പോൾ അവനെ വിട്ടയച്ചതു കൂടാതെ അവരുടെ അമ്മ മരിക്കുന്നതുവരെ അവർക്ക് രാജാവ് അടുത്തൂൺ കൊടുപ്പാൻ കല്പിക്കുകയും ചെയ്തു. മക്കളേ ! ഈ സംഭവം നിങ്ങൾ എപ്പോഴും ഓർത്തു കൊൾവിൻ.”

**6. പരിവർത്തനം**

‘വർത്തനം’ എന്നാൽ മാറ്റം അഥവാ ചലനം (moving) ആണ്. പരി. എന്നാൽ അധികം, ചുറ്റും എന്നർത്ഥം. പരിവർത്തനം എന്നാൽ  ചുറ്റുമുള്ള മാറ്റമാണ്. ചാവരുൾ വാഴ്‌വിലും സമൂഹത്തിലും ഉഗ്രമായ ചില മാറ്റത്തിന്റെ സംസ്കാരം കൊണ്ടുവരുന്നുണ്ട്.

കണ്ണില്ലാത്തവർ കുരുടന്മാരാകുന്നു എന്നതുപോലെ പഠിത്തമില്ലാത്തവർ  ജ്ഞാനകുരുടന്മാരാകുന്നു. ഈ കുരുടത്വം കാരണം നമ്മുടെ മലയാളത്തിലുള്ള ക്രിസ്ത്യാനികൾ  ശുദ്ധമാക്കപ്പെട്ടവരുടെ വിത്തും മുള

യും ഇല്ലാതെ ആക്കിയിരിക്കുന്നു.

തിരുക്കുറലിൽ 'എണ്ണും എഴുത്തും' അതായത് അക്കവും അക്ഷരവും (ഗണിതവും സാഹിത്യവും) ഉയിർ വാഴുന്നവരായ മനുഷ്യരെ സംബന്ധിച്ചിടത്തോളം രണ്ടു കണ്ണുകൾ തന്നെയാണ്.

"കണ്ണുടൈയരെൻ പവർ കറ്റോർ മുകത്തിരണ്ടു
പുണ്ണുടൈയർ കല്ലാതവർ."
(തിരുക്കുറൾ; കൽവി. 40)

അതായത് 'കറ്റോർ'- വിദ്യ അഭ്യസിച്ചവർ മാത്രമാണ്; കണ്ണുടൈയർ-കണ്ണുകൾ ഉള്ളവർ, കല്ലാതവർ - വിദ്യാഭ്യാസമില്ലാത്തവർ. മുഖത്തു രണ്ടു പുണ്ണുകൾ മാത്രം ഉള്ളവരാകുന്നു.

ചുരുക്കത്തിൽ കണ്ണുള്ളവർ വിദ്യയറിഞ്ഞോർ
വിദ്യയില്ലാത്തോർ മുഖത്തിരുപുണ്ണുള്ളോർ

ആയതിനാൽ പണ്ഡിതരും വിദ്വാന്മാരുമായവരോട് ഒത്തുചേരുക എന്നതാണ് ഏറ്റവും സുഖകരമായ കാര്യമെന്നും തിരുവുള്ളവർ പറയുന്നു.

"കറ്ക കചടറ ക്കറ്പറൈ കറ്റപിൻ
നിറ്ക അതറ്ക ത്തക"
തിരുക്കുറൾ. കൽവി. 1

കറ്പവൈ-ഒരുവൻ പഠിക്കേണ്ടതായ ഗ്രന്ഥങ്ങൾ ഏതൊക്കെയാണോ അതൊക്കെ കചടറ- ഒരു സംശയത്തിനും ഇടവരുത്താതെ കറ്ക-പഠിക്കേണ്ടതാണ്. കറ്റപിൻ-അവ്വിധം പഠിച്ചശേഷം ആ പാഠങ്ങൾക്കു തക്കവിധത്തിൽ യുക്തിമാർഗ്ഗത്തിൽ ജീവിക്കുക,

"വ്യക്തം പഠിച്ച്, കറതീർത്തേറിഞ്ഞ്
യുക്തിക്കുതകും പടി വാഴ്ക" എന്നു സാരം

കേരള നവോത്ഥാനത്തിന്റെ ബീജാവാപം (വിത്തുവിത) ചാവുരുളിൽ കാണാവുന്നതാണ്. നവോത്ഥാനത്തിന്റെ ശുക്രനക്ഷത്രമായി ചാവറയച്ചനെയും കാണാവുന്നതാണ്. 19-ാം നൂറ്റാണ്ടുവരെ നമുക്കു ജനകീയമായവ രാമായണവും മഹാഭാരതവുമാണ്. 1879 - ഓടുകൂടിയാണ് മലയാള സാഹിത്യം എന്നു പറയാവുന്ന ചന്തുമോനോന്റെ 'ഇന്ദുലേഖ' വരുന്നത്. അതിന് രണ്ടു ദശാബ്ദം മുമ്പാണ് "ആത്മാനുതാപ"വും 'അനസ്താസിയായുടെ രക്തസാക്ഷ്യവും' 'ചാവരുളും' വിരചിതമായത്.

ഒരു സാമൂഹിക പരിഷ്കർത്താവ് എന്ന നിലയിൽ ചാവറയച്ചന്റെ പരിവർത്തനോന്മുഖ കാഴ്ച്ചപ്പാടും ചാവരുളിൽ ദർശിക്കാവുന്നതാണ്. ചില എതിർപ്പുകളും പോരാട്ടങ്ങളും ആത്മരോഷങ്ങളും സൂചിപ്പിക്കട്ടെ!

വേലക്കാർക്ക് ന്യായമായ കൂലി കൊടുക്കാതിരിക്കുകയോ, താമസിപ്പിക്കയോ ചെയ്യരുത്. എന്തെന്നാൽ ഇത് ദൈവത്തിന്റെ പക്കൽ നിലവിളിക്കുന്ന പാപം ആകുന്നു. പാവപ്പെട്ടവരെ നിന്ദിക്കേണ്ട; എന്തെന്നാൽ ദൈവം അവരുടെ കണ്ണുനീർകണ്ടാൽ, നിശ്ചയമായി നിന്നോടു പകരം ചോദിക്കും." പേജ് 391

തിരുക്കുറലിൽ പറയുന്നു.
"ഉഴവിനാൽ കൈമ്മടങ്കിൽ
ഇല്ലൈ വിഴൈ വതൂം
വിട്ടേ മെൻ പാർക്കുനിലൈ"
(തിരുക്കുറൾ. ഉഴവ്. 6)

ഉഴുതു ലോകം പോറ്റുന്ന കൃഷിക്കാരുടെ കൈകളെ ബഹുമാനിക്കാത്തപക്ഷം, കർഷകർ അവരുടെ പ്രവൃത്തി മുടക്കിയാൽ ലോകചക്രത്തിന്റെ ഗതി നിലക്കും. ഉഴുന്നവരുടെ കൈകൾ മുടങ്ങിയാൽ പരിത്യാഗികളായ സന്യാസിമാർപോലും നിലനിൽക്കില്ല എന്നു സാരം.

"ഉഴുതുണ്ടു വാഴ്വാരേ വാഴ്വർ മറ്റെല്ലാം
തൊഴുതുണ്ടു പിൻചെല്ലുവോർ"
(ഉഴവ്: 3)

"മക്കൾക്ക് അന്തസ്സ് തിരഞ്ഞെടുക്കേണ്ട പ്രായം വരുമ്പോൾ അവർക്ക് ഇതിൽ പൂർണ്ണസ്വാതന്ത്ര്യം അനുവദിക്കണം. എന്തുകൊണ്ടെന്നാൽ അവരുടെ അന്തസ്സിനെ നിശ്ചയിക്കുന്നത് ദൈവത്തിന്റെയും അതിനെ തെരഞ്ഞെടുക്കുന്നത് അവരുടെയും കാര്യമാകുന്നു. ഇതു കാരണവന്മാർക്കുള്ളതല്ല."

'യുവജനഹൃദയം സ്വതന്ത്രമാണവരുടെ പരിഗ്രഹേഛയിൽ' എന്ന് പിന്നീട് കുമാരനാശാൻ ഈ ആശയത്തെ പറഞ്ഞുറപ്പിച്ചിട്ടുണ്ട്.

കുടുംബത്തെയും മക്കളെയും പറ്റിയുള്ള ചാവറയച്ചന്റെ കാഴ്ചപ്പാട് ശ്രദ്ധേയമാണ്.

"ദുഃഖങ്ങളുടെ സ്ഥലമായിരിക്കുന്ന ഇഹലോകത്തിൽ ഓരോരോ ഞെരുക്കങ്ങളിലും സങ്കടങ്ങളിലും ഏറ്റം മധുരിക്കപ്പെട്ട ആശ്വാസം, സമാധാനവും ഉപവിയും ക്രമവും ഉള്ള ഒരു കുടുംബ ജീവിതമാകുന്നു." (പേജ് 84)

ജീവിതത്തിന്റെ മഹത്തായ പരിവർത്തനം ചാവറയച്ചൻ കാണുന്നത് നല്ല കുടുംബ ജീവിതത്തിലാണ്.

"നല്ല ക്രിസ്ത്യാനി കുടുംബം ആകാശമോക്ഷത്തിന്റ സാദൃശ്യമാകുന്നു, കുടുംബത്തിന്റെ ന്യായം എന്തെന്നാൽ ചോരയാലും, സ്നേഹത്താലും തമ്മിൽത്തമ്മിൽ കെട്ടപ്പെട്ട പല ആളുകൾ കാരണവന്മാരുടെ നേരെ ആചാരവും കീഴ്വഴക്കവും അനുസരിച്ച് തമ്പുരാനോടും മനുഷ്യരോടും സമാധാനമായി നടക്കയും അവരവരുടെ അന്തസ്സിനു തക്കവണ്ണം നിത്യഗതിയെ

പ്രാപിക്കുന്നതിന് പ്രയത്നം ചെയ്തു, കൂട്ടമായി ജീവിക്കുകയും ചെയ്യുന്നതാകുന്നു."

ഉത്തമ കുടുംബജീവിതത്തെപ്പറ്റിയും, കുലപത്നി ധർമ്മത്തെക്കുറിച്ചും, സത്പുത്രലാഭത്തെപ്പറ്റിയും തിരുക്കുറലിൽ പരാമർശിക്കുന്ന അധികാരങ്ങളാണ്- "പുതൽ വരൈപ്പെറുതൽ (സത്പുത്രലാഭം), "ഇൽവാഴ്ക്കൈ" (ഗൃഹസ്താശ്രമം); വാഴ്ക്കൈത്തു ണൈ നലം" (കുലപത്നിധർമ്മം) എന്നിവ.

ഉത്തമസന്താനങ്ങൾക്ക് എന്തൊക്കെ ഗുണവിശേഷങ്ങൾ ഉണ്ടായിരിക്കണം ? അച്ഛനമ്മമാർ അവരോടും അവർ മാതാപിതാക്കളോടും നിർവ്വഹിക്കേണ്ട കടമകൾ എന്തൊക്കെ ?

"പെറുമവറ്റുൾ യാമറിവതില്ലൈ അറിവറിന്ത
മക്കട് പേറല്ലപിറ."
പുതൽ വരൈപ്പെറുതൽ-1

'പേറല്ലപിറ'-മക്കൾക്ക് ജന്മം കൊടുക്കുക എന്നത് പെറുക-ഒരു ജൈവ പ്രക്രിയ മാത്രമാണ്. ഉത്തമ സന്താനങ്ങൾക്ക് ജന്മം നല്കണമെങ്കിൽ അച്ഛനമ്മമാർ ഉത്തമ ജീവിതം സാക്ഷാത്കരിക്കേണ്ടതുണ്ട്. അതു ഗാർഹസ്ത്യധർമ്മമാണ്. തമിഴർ കാരണവന്മാരെ ബഹുമാനപുരസരം സംബോധന ചെയ്യുന്നത് "പെറ്റോർകൾ" എന്നാണല്ലോ. നവദമ്പതികളെ ആശീർവദിക്കുന്നത്. "പതിനാറും പെറ്റ് പെരുവാഴ്‌വു വാഴ്ക" എന്നാണ്. പതിനാറ് പെറൽ എന്നതുകൊണ്ടുദ്ദേശിക്കുന്നത്" വിദ്യാവീര്യം, വിജയം, മക്കൾ, ധനം, ധൈര്യം, ധാന്യം, ഭാഗ്യം, ഭോഗം, ജ്ഞാനം, സൗന്ദര്യം, ശ്രേയസ്സ്, കുലമഹിമ, ധർമ്മം, പ്രസക്തി, ദീർഘായുസ്സ് എന്നിവയാണ്.

ഒരുവന്റെ ജീവിതത്തിൽ കൈവരുന്ന നേട്ടങ്ങളിൽ ഏററവും ശ്രേഷ്ഠമായത് - അറിവറിതന്ത മക്കട് പേറ്" സന്താനങ്ങൾ വിദ്യയെ അറിഞ്ഞ്, അറിയേണ്ടവയെ അറിഞ്ഞ് വളരുന്ന മക്കളാണ്. പ്രൗഢി, സമ്പത്ത്, അധികാരം ഇതൊന്നും- പേറല്ലപിറ-ഉത്തമസന്താനങ്ങളോളം വരില്ല.

"ഏഴു പിറപ്പും തീയവൈതീണ്ടാ പഴി പിറങ്കാ-
പ്പൺ പുമൈട മക്കട് പെറിൻ"
(പുതൽ വരൈപ്പെറുതൽ" 2)

"പഴിപിറങ്കാ- അന്യരാൽ പഴിക്കപ്പെടാത്തവരായി, സംസ്ക്കാര ശീലരായി മക്കളെ വളർത്തിയാൽ ഏഴു ജന്മത്തിലും ദുഃഖങ്ങൾ നിങ്ങളെ തീണ്ടുകയില്ല.

"തം പൊരുളെൻപതം മക്കൾ അവർ പൊരുൾ
തംതം വിനൈയാൽ വരും."
പുതൽവരൈപ്പെറുതൽ 3

തം പൊരുൾ - തങ്ങളുടെസമ്പത്ത് ; തം മക്കൾ തങ്ങളുടെ മക്കൾ തന്നെയാണ്. അവർപൊരുൾ അവരുടെ വിദ്യ ധനംപ്രശസ്തി, സമൂഹത്തിലുള്ള അംഗീകാരം എല്ലാംതന്നെ, തം തം വിനൈയാൽ അവർചെയ്യുന്ന സൽപ്രവൃത്തി അനുസരിച്ച് തങ്ങൾക്ക് തന്നെ വന്നുചേരും.

**7. പരിശുദ്ധിത**

ശുദ്ധം, ശുധ് ശുച് എന്ന ധാതു: കളങ്കമില്ലാത്തത് തെളിഞ്ഞത് (purified clean) എന്നർത്ഥം. 'ശുദ്ധമേ ശുദ്ധം' എന്ന പ്രയോഗം ശ്രദ്ധിച്ചിരിക്കും. ഇതിൽ 'ശുദ്ധമേ' എന്നുവച്ചാൽ മുഴുവനും, പൂർണ്ണമായി എന്ന് വാച്യാർത്ഥം: പരി എന്നാൽ പൂർണ്ണമായത (fully) പരിശുദ്ധം എന്നാൽ quite pure.

കുടുംബത്തിന്റെ സാദൃശ്യം ആകാശ മോക്ഷമാണ്. ക്രമവും സമാധാനവും ഇല്ലാതെ ദൈവശുശ്രൂഷയിന്മേലും നിത്യരക്ഷയിന്മേലും ഒരു വിചാരമില്ലാതെ നടക്കുന്ന കുടുംബത്തിൽ ജീവിക്കുന്നത് വലിയ സങ്കടംആകുന്നു.

ജീവിത പരിശുദ്ധിയെപ്പറ്റി ചാവറയച്ചൻ പറഞ്ഞ ഒരു ദൃഷ്ടാന്തമുണ്ട്.

ഒരുദിക്കിൽ അന്യവസ്തുക്കൾ അന്യായമായി അപഹരിച്ച് ദ്രവ്യസ്ഥനായി തീർന്ന ഒരുഗൃഹസ്ഥൻ ഉണ്ടായിരുന്നു. അദ്ദേഹം ദീനക്കാരനായി മരിക്കാറായ പ്പോൾ ഭാഗഉടമ്പടി എഴുതാൻ രായസക്കാരനെ വിളിച്ചുവരുത്തി, ഇപ്രകാരം എഴുതാൻ ആവശ്യപ്പെട്ടു. എന്റെആത്മാവിനെ പിശാചിനു ഞാൻ കൊടുക്കുന്നു. ഇത് കേട്ടപ്പോൾ മക്കൾ അപ്പാ അപ്പാഎന്തു പറയുന്നു അപ്പൻ മന്ദം പറയുന്നോ? എന്ന് ചോദിച്ചു. അപ്പോൾ അപ്പൻ പറഞ്ഞു. മക്കളെ എനിക്ക് നല്ല ബോധമുണ്ട്. ഞാൻ പറയുന്നത് എഴുതട്ടെ. എന്റെ ആത്മത്തെയും അന്യരുടെ വസ്തുക്കൾ അപഹരിക്കാൻ എന്നെ ഉത്സാഹിപ്പിച്ച എന്റെ ഭാര്യയുടെ ആത്മത്തെയും ഞാൻ കൊടുക്കുന്നു. നിങ്ങളുടെ ആത്മാക്കളെ ഞാൻ പിശാചിനു കൊടുക്കുന്നു. എന്തെന്നാൽ നിങ്ങൾക്ക് വേണ്ടിയാണ് ഞാൻ അന്യായവും അശുദ്ധിയും ചെയ്തത് എന്ന് വിലപിച്ചു നിർഭാഗ്യമായി അന്ത്യശ്വാസംവലിച്ചു. എല്ലാ തിന്മയുടെയും ഉറവിടം മനസ്സിന്റെ അശുദ്ധിയാണ്, അത് മറ്റുള്ളവരുടെ ആത്മാവിനെയും അപഹരിക്കുന്നു. ശുദ്ധതയെപ്പറ്റി ചാവറയച്ചൻ പറയുന്നു. ഇരിപ്പിലും നടപ്പിലും കിടപ്പിലും കളിയിലും ശുദ്ധി എന്ന പുണ്യം മഹാ സൂക്ഷ്മത്തോടു കൂടി അനുസരിക്ക. അടക്കം ഇല്ലായ്മ ദൈവതിരുമുമ്പിലും ഇഹത്തിലും വലിയ അപമാനമുള്ളതാകുന്നു. ആൺ പൈതങ്ങൾ വസ്ത്രമില്ലാതെയും പെൺ പൈതങ്ങൾ ചട്ട ഇടാതെയും നടക്കുന്നതിനാൽ, അവർ തമ്മിൽത്തമ്മിൽ ശരീരത്തെ തൊടുന്നതിനാലും ഇതിനെ കാരണവന്മാർ മുടക്കാത്തതിന്നാലും എത്ര ആത്മാക്കൾ നരകത്തിൽ വീഴുന്നു

എന്ന് വിധി ദിവസത്തിൽ അറിയാം.

ആൺപൈതങ്ങളും പെൺ പൈതങ്ങളും ഒരുമിച്ച് ഒരു മുറിയിൽ കിടക്കുന്നതിനും അനുവദിക്കരുത്. സ്വഭാവത്തിൽ അവർക്കറിയാത്തത് പിശാച് അവരെ പഠിപ്പിക്കും. (ചാവരുൾ പേജ് 396) തിരുവള്ളുവരുടെ തിരുക്കുറലിൽ

ചാരിത്ര ഗുണവതി ആയ ധർമ്മപത്നിയെ പറ്റി ഒരു കുരൽ ഉണ്ട്.

ദൈവം തുഴ തൊഴു താൾ
തെയ്‌വത്തൊഴാ അൾ കൊഴുന്ന റ്റൊഴുതെവാൾ
പെയ്യെനപ്പെയ്യും മഴൈ.

പതിവ്രതയായസ്ത്രീ – പെയ്യനൈപ്പെയ്യും മഴൈപെയ്യ് എന്ന് പറഞ്ഞാൽ ഉടനെ പെയ്യുന്ന മഴയെപ്പോലെ ആകുന്നു. ആഗ്രഹിക്കുമ്പോൾ പെയ്യുന്ന മഴയെ പോലെയാണ് പരിശുദ്ധയായ പത്നി.

ദൈവം മാതിരി തൻ കണവനെ തൊഴുതെഴുവോൾ

"പെയ്യനെപ്പെയ്യുന്ന മാരി" മാതിരി. സ്ത്രീയുടെ പരിശുദ്ധിക്ക് തിരുവള്ളൂർ പരമപ്രാധാന്യം നൽകുന്നു

പെണ്ണിൻ പെരിന്തക്കായാവുള കർപ്പെന്നും, തിണ്മയൈ ഉണ്ടാകപ്പെറിൽ

കറുപ്പ് എന്ന തിൻമൈ പരിശുദ്ധിയുടെ ദൃഢബലം ഉള്ളവളാണ് മഹത്തായ ധർമ്മപത്നി. അത് തന്നെയാണ് മഹത്തായ ഭാഗ്യവും സമ്പത്തും

"പരിശുദ്ധയാം പത്നിയേക്കാളും മൂല്യവത്താം സമ്പത്തേതുള്ളൂ"

ഉത്തമ സന്താനങ്ങൾ ഉണ്ടാവുക എന്നത് ആ സൗഭാഗ്യത്തിന് ഭൂഷണമായി ഭവിക്കുന്നു "നന്മക്കൾ അതിൽ ഭൂഷണങ്ങൾ എന്ന് സാരം."

ചാവറയച്ചൻ ഇതിനെ സാധൂകരിക്കുന്നു. ലോക ബഹുമാനം, സമ്പത്ത് തറവാട്ടുമഹിമ എന്നുള്ള കാരണത്താൽ പെൺമക്കളെ ചമയിച്ചുനടത്തുന്നതും തങ്ങളുടെ അന്തസ്സും പ്രാപ്തിയും കഴിഞ്ഞുള്ള നിഗളത്തിനടുത്ത ഉടുപ്പും ആഭരണങ്ങളും ഇടുവിച്ച് നടത്തുന്നതും എത്രയോ ആത്മാക്കളെ നരകത്തിലെത്തിക്കുന്നു. ഒരു പെൺപൈതലിന്റെ ആഭരണം എത്രയോ വലിയ അടക്കവും, ഭക്തിയും മിണ്ടടക്കവും, കണ്ണടക്കവും ആകുന്നു." (ചാവരുൾ പേജ് 397).

**8. പ്രോത്സാഹനം**

പ്രകൃഷ്ടമായ ഔത്സുക്യത്തെ നല്കുന്നതാണ് പ്രോത്സാഹനം 'പ്ര' എന്നാൽ മുമ്പോട്ട് എന്ന് വാച്യാർത്ഥം. മുമ്പോട്ട് പ്രയത്നിക്കാൻ നമ്മെ ഉത്സുകരാക്കുന്നതാണ് പ്രോത്സാഹനം. ഇത് വലിയ പ്രേരണയും സന്തോഷവുമാണ് നല്കുന്നത്. തമിഴിൽ "ഊക്ക്" എന്നാണ് പറയുന്നത്. പ്രയത്നിക്കാൻ ശക്തിനല്കുന്നത്. 'ഊക്കപ്പെടുതൽ' ഉയർച്ചക്കായി അദ്ധ്വാനിക്കാൻ ശക്തികൊടുക്കുന്ന അവസ്ഥയാണത്.

പ്രോത്സാഹനം മാതാപിതാക്കൾ മക്കൾക്കു മാത്രം കൊടുക്കേണ്ട അവസ്ഥയല്ല: ചാവറയച്ചൻ പറയുന്നു. മക്കൾക്കു മാതാപിതാക്കളോടും ചില ദൗത്യങ്ങൾ ഉണ്ട്. "കടശ്ശിയായി മക്കളേ! നിങ്ങൾ നിങ്ങളുടെ കാരണവന്മാരെ ബഹുമാനിപ്പാനും അവരുടെ മനസ്സിനെ നൊമ്പരപ്പെത്താതിരിപ്പാനും ദൈവപ്രമാണത്താൽത്തന്നെ എത്രയോ കടപ്പെട്ടിരിക്കുന്നു. (പേജ് 398).

'ഉപവി' എന്ന പഴയ മലയാളപദമാണ് ചാവരുളിൽ ഏറെ ഉപയോഗിച്ചിരിക്കുന്നത്. 'ഉവയ്ക്കുക' എന്നാൽ സ്നേഹിക്കുക എന്നർത്ഥം. ദൈവത്തെ പിതാവായി സ്വീകരിച്ച് സ്നേഹിക്കുന്നതിനാൽ ദൈവത്തിന്റെ മക്കളായ മറ്റെല്ലാ മനുഷ്യരെയും കൂടപ്പിറപ്പുകളായി സ്നേഹിക്കുന്നതാണ് ഉപവി. ഇവിടെ ജാതി, മത വർഗ്ഗഭേദ ചിന്തകളില്ല. അങ്ങനെയെങ്കിൽ അത് ഉപവിയാകില്ല. ഇതു പരിപൂർണ്ണമായ ക്രിസ്തീയ സ്നേഹമാണ്.

ചാവരുളിലെ പ്രഥമ അരുൾ 'ഉപവി'യെപ്പറ്റിയാണ്.

1. ഉപവി: സ്നേഹം:- നിങ്ങൾ തമ്മിൽ തമ്മിൽ ഉപവിയായിരിപ്പിൻ. ഓരോരുത്തന്റെ അറ്റകുറ്റങ്ങളും കുറച്ചിലുകളും നിങ്ങൾ തമ്മിൽ തമ്മിൽ ക്ഷമിപ്പിൻ. ഇപ്രകാരം ചെയ്താൽ ഇഹലോകത്തിൽ സമാധാനവും പരലോകത്തിൽ നിത്യഭാഗ്യവും നിങ്ങൾ അനുഭവിക്കും" ചാവരുൾ പേജ് 385.

പിതാവ് ചോദിക്കുന്നു. നാളെ ശേഷം പേർ നിന്റെ കുറ്റം ക്ഷമിക്കണമെങ്കിൽ ഇന്നു ശേഷം പേരുടെ അറ്റകുറ്റങ്ങള നീ ക്ഷമിക്കേണ്ടയോ? എന്ന്.

ഉത്തമമായ കുടുംബ ജീവിതത്തിന്റെ ഉദാത്തമായ മാതൃക ചാവറയച്ചൻ പ്രായോഗികമായി കാണിച്ചു തരുന്നുണ്ട്. അത് പാരസ്പര്യ ഉത്സാഹമാണ്.

"അമ്മ കാണിച്ചുകൊടുത്തുകൊണ്ട് അപ്പനെ ബഹുമാനിപ്പാനും ആചരിപ്പാനും പഠിപ്പിക്കണം. അപ്പനും അതിൻവണ്ണംതന്നെ അമ്മയെ ബഹുമാനിപ്പാനും സ്നേഹിപ്പാനും പഠിപ്പിക്കണം. കാരണവന്മാർ തമ്മിൽ തമ്മിൽ ആചാരവും സ്നേഹവും ബഹുമാനവും കാണിക്കയില്ലെങ്കിൽ മക്കളും അവരെ ബഹുമാനിക്കയില്ല.

മഹത്ത്വപൂർണ്ണമായ പ്രോത്സാഹനത്തിന്റെ മാതൃകയാണ് ചാവറപ്പിതാവ് പ്രായോഗികമായി കാണിച്ചു തരുന്നത്.

തിരുക്കുറലിൽ തിരുവള്ളവർ ഒരു കുറലിലൂടെ സാധൂകരിക്കുന്നത് ശ്രദ്ധിക്കുക.

“മകൻ തന്തൈക്കു ആറ്റും ഉതവി ഇവൻ തന്തൈ-
എൻ നോറ്റാൽ കൊൽ എനും ചൊൽ”
(പുതർവരൈപ്പെറുതൽ) (സൽപുത്രലാഭം 10)
മകൻ തന്തൈക്കു - ഒരു മകൻ തന്റെ പിതാവിന്
ആറ്റും ഉതവി - ചെയ്യേണ്ട പ്രതിനന്ദി.
ഇവൻ തന്തെ - ഇവനെ എന്റെ പ്രിയപുത്രനായി

കിട്ടുവാൻ - എൻ നോറ്റാൽ കൊൽ - എന്തു തപസ്സാണോ അനുഷ്ഠിച്ചത് എന്ന് ചൊല്ല് പ്രശംസയായി പറയുന്നതാണ്. ചുരുക്കത്തിൽ “ഇവനേതു പുണ്യഫലം എന്നു ലോകർ വാഴ്ത്തത്തക്കവണ്ണം ഒരവസ്ഥയുണ്ടാവുക എന്നതുമാത്രമാണ് അച്ഛന് മകൻ ചെയ്യേണ്ടുന്ന പ്രത്യുപകാരം.

തന്നെ പ്രസവിച്ച മാതാവിനോടും മക്കൾ ചെയ്യേണ്ടുന്ന ഉപാകരത്തെപ്പറ്റി തിരുവള്ളുവർ പറയുന്നുണ്ട്.

“ഈൻറ പൊഴുതിൽ പെരിതുവയ്ക്കും തൻ മകനൈ-ച്ചാന്റോൻ എന കേട്ടതായ്” (പുതൻവരൈപ്പെറ്റതൽ - 9).

തൻ മകനൈ- തന്റെ പുത്രനെ, ഈൻറ പൊഴുതിറ്- പ്രസവിച്ച സമയത്ത് (അനുഭവിച്ച ആനന്ദത്തേക്കാൾ വലുതാണ്) തായ് - അമ്മ, പെരിതുവയ്ക്കും - പതിൻമടങ്ങ് പെരിയതായിരിക്കും, ചാന്റോൻ - ജ്ഞാനികളും വിദ്വാന്മാരുമായ മഹാത്മാക്കൾ, എനു- എന്നു കേട്ട് - പ്രശംസിക്കപ്പെടുന്നത് കേൾക്കുന്ന അമ്മ.

തന്റെ മകൻ മഹാനും ജ്ഞാനിയുമായി, വിദ്വാന്മാരുടെ പ്രശംസക്കു പാത്രീഭൂതനായി, ലോകദൃഷ്ടിയിൽ ആദരം നേടുമ്പോൾ, അതറിയുന്ന അമ്മയ്ക്കുണ്ടാകുന്ന സന്തോഷം ആ മകനെ അല്ലെങ്കിൽ മകളെ, പ്രസവിച്ച സമയത്തുണ്ടായ സന്തോഷത്തെക്കാൾ എത്രയോ മടങ്ങ് വലുതായിരിക്കും.

യേശു ക്രിസ്തുവിനെപ്പറ്റി; അവന്റെ മഹത്ത്വം കണ്ട് ഒരു സ്ത്രീ ജനക്കൂട്ടത്തിന് വിളിച്ചു പറയുന്നുണ്ട്. ‘ഇവനെ വഹിച്ച ഉദരവും പാലൂട്ടിയ പയോധരങ്ങളും എത്രയോ ഭാഗ്യമുള്ളവ” എന്ന്. ഈ രണ്ടു മഹത്ത്വത്തെക്കാൾ പ്രാധാന്യമുള്ള മറ്റൊരു മഹത്ത്വത്തെപ്പറ്റി മറുപടിയായി യേശുക്രിസ്തു അരുളുന്നുണ്ട്. ചാവറയച്ചൻ ‘ചാവരുളിൽ കടശ്ശി അരുളായി പറയുന്നതും ശ്രദ്ധേയമാണ്. “കർത്താവേ! നീതിമാന്മാരുടെ ഭവനത്തിൽ ഈ നിന്റെ ശുശ്രൂഷയുടെ ആത്മാവിനെ നീ അനുകൂലപ്പെടുത്തണമേ”. ഈ സൗഭാഗ്യമാണ് ഏറ്റവും മഹത്തായ സൗഭാഗ്യം.

മക്കൾ എന്ന തിരുന്യാസത്തെപ്പറ്റി (വിശുദ്ധ നിക്ഷേപത്തെപ്പറ്റി) ചാവറയച്ചന്റെ കാഴ്ചപ്പാട് ഇപ്രകാരമാണ്. “സർവ്വേശ്വരൻ തമ്പുരാൻ സൂക്ഷിപ്പാനായിട്ട് നിങ്ങളുടെ കയ്യിൽ ഏല്പിച്ചിരിക്കുന്ന ഒരു നിക്ഷേപമാകുന്നു. തന്റെ തിരുച്ചോരകൊണ്ട് ശുദ്ധീകരിക്കുന്നതിനും, തന്റെ ശുശ്രൂഷികളാകുന്നതിനും, വിധിദിവസത്തിൽ തിരിച്ചേല്പിക്കുന്നതിനും ആയിട്ട് ഈശോമിശിഹാ നിങ്ങളുടെ കയ്യിൽ ഏല്പിച്ചിരിക്കുന്ന ആത്മാക്കൾ ഇവരാകുന്നു എന്ന് നന്നായി അറിഞ്ഞുകൊൾവിൻ (പേജ് 394. ചാവരുൾ).

വർത്തമാനത്തെപ്പറ്റി ചാവറയച്ചന്റെ ശ്രദ്ധേയമായ ഒരു അരുളുണ്ട്.

“നിന്റെ വീട്ടിൽ ക്രമമല്ലാത്ത വർത്തമാനങ്ങളും ക്രിസ്ത്യാനികൾക്കു ചേരാത്ത വചനങ്ങളും, ശേഷം പേരുടെ അറ്റകുറ്റങ്ങളെപറവാനും, പിറുപിറുക്കാനും ചട്ടമില്ലായെന്നും, അറിയുക. മറ്റൊരുത്തന്റെ ദോഷത്തിന്റെ വർത്തമാനം നിന്റെ വീട്ടിൽ പറയപ്പെടുമ്പോൾ ആ ദോഷത്തിനുള്ള ശിക്ഷ നിന്റെ വീട്ടിൽത്തന്നെ വരികയും ചെയ്യും. ഒരാൾ തഴക്കമായിട്ടെന്നപോലെ എല്ലായ്പ്പോഴും ശേഷം പെരെപ്പറ്റി കുറ്റം പറയുകയും, ഓരോരുത്തന്റെ കുറച്ചിലുകൾ പറകയും ചെയ്തുവന്നു. അവൻ ഒടുവിൽ ഭ്രാന്തുപിടിച്ച്ചുറ്റിത്തിരിഞ്ഞ് നടന്ന് തന്നത്താൻ പല്ലുകൊണ്ട് നാവുകടിച്ചുതിന്നുകയും, ചീഞ്ഞ് പുഴുക്കൾ നിറഞ്ഞ് നിർഭാഗ്യനായി മരിക്കയും ചെയ്തു” (ചാവരുൾ. പേജ് 388).

ഇതിനു സമാനമായ തിരുക്കുറൾ ഇപ്രകാരമാണ്.

“തീയിനാൽ ചുട്ടപൂൺ ഉള്ളാറും, ആറാതേ
നാവിനാൽ ചുട്ടവടു.”
(അടക്കമുടൈമൈ 9)

തീകൊണ്ടു പൊള്ളിച്ച പുണ്ണാറും, ആറില്ലൊരിക്കലും നാവിനാൽ പൊള്ളിച്ചനോവ് - എന്നു സാരം. നാവുകൊണ്ടുള്ള കൊള്ളിവാക്കും, മുള്ളു വാക്കും ഉണ്ടാക്കിയ വ്രണം ഒരുകാലത്തും ഉണങ്ങുകയില്ല, ആക്ഷതം എക്കാലവും നീറിക്കൊണ്ടിരിക്കും.

സദ്ഗുണങ്ങൾ പലതുമുണ്ടായാലും, ദുരർത്ഥ സൂചകവും ദുഃഖിപ്പിക്കുന്നതുമായ ഒരൊറ്റ ദുർവാക്കുമതി, ഒരുവന്റെ എല്ലാനന്മകളെയും അത് ഇല്ലാതാക്കുന്നു.

“കണ്ണിന്റെ കണ്ണറ ച്ചൊല്ലിനുഞ്ചൊല്ലറ്ക
മുന്നിന്റെ പിൻ നോക്കാചൊൽ”

(പുറകുറാമൈ-4)

കൺനിന്റു - കൺമുമ്പിൽ നേർക്കുനേരെ നിന്ന്, കണ്ണറ ചൊൽ - കഠിനമായി വിമർശിച്ചാലും. മുൻനിന്റ - അവൻ കൺമുമ്പിലില്ലാത്തപ്പോൾ പിൻ നോക്കാച്ചൊൽ ചൊല്ലറ്ക - ദുഷിച്ചും ഇകഴ്ത്തിയും സംസാരിക്കാതിരിക്കുക.

അന്യരുടെ അസാന്നിദ്ധ്യത്തിൽ അവരെപ്പറ്റി മോശം സംസാരിക്കുന്നത് അധർമ്മമാണ്.

വാക്കുകൾക്ക് ഒരുവനെ നിരാശനാക്കാനും ഉത്സാഹിയാക്കാനും കഴിയും.



സി.എസ്.സേവ്യർ

# താത മാനസം


ഒന്ന് .
സത്ഗുരോ വന്ദനം
രണ്ട് .
സനാതന സത്യത്തിൻ
സമുജ്ജ്വല സാക്ഷി നീ
മൂന്ന് .
താരുണ്യ മോഹങ്ങൾ
തച്ചനായ് നൽകി
താപസൻ മാന്നാനം കുന്നിൽ
നാല് .
തനിയ്ക്കല്ലാതപരനായ്
തപം ചെയ്ത പുണ്യമേ
തപിക്കുന്നു
നിൻ മുൻപിൽ
തളരുന്നൊരീ ഹൃദയവും
അഞ്ച് .
മായാത്ത തേജസ്സായ്
മംഗല്യ ഹൃദയത്തിൽ
മിടിച്ചതവൻ മാത്രം
മടിയാതെ നടകൊള്ളാൻ
മാർഗ്ഗമായതു സത്യം
ആറ് .
നടന വഴികളാവാതെ
നടകൊണ്ട പൊരുളിനെ
നന്നായി നനച്ചവൻ
നൽകിയ നല്ലരുൾ
നന്മയ്ക്കായ് നട്ടിടാം
നന്നായ് വളർന്നിടാം

ഏഴ് .

സംപൂർണ്ണ സത്യത്തിൻ
സാധക ദീപമായ്
സന്ന്യാസം സാമൂഹ്യ
സംസ്കാര മുദ്രയായ്
സന്തർപ്പണം ചെയ്ത
സംപൂജ്യ സുകൃതമേ
സാദരം കൂപ്പുകൈ !



# ചാവറകലാനിലയത്തിന്റെ സംവിധായക പ്രതിഭയെക്കുറിച്ച് ഒരോർമ്മക്കുറിപ്പ്



ഗിരീഷ് ചമ്പക്കുളം

അഞ്ചാംതരത്തിൽ പഠിയ്ക്കുന്ന കാലത്ത് എന്റെ കായിക അദ്ധ്യാപകനായിരുന്നു ശ്രീ ടി.വി. സാംബശിവൻ സാർ. ആരാധനയോടെ, ബഹുമാനത്തോടെ, അതിലേറെ കൗതുകത്തോടെ അകലെ നിന്നു നോക്കിക്കണ്ടിരുന്ന മഹനീയ വ്യക്തിത്വം. അതിനപ്പുറം അദ്ദേഹം എനിക്ക് ആരായിരുന്നു..?
ഗുരുനാഥൻ...
ജ്യേഷ്ഠ സഹോദരൻ... സുഹൃത്ത്...
സത്യത്തിൽ എത്ര ആലോചിച്ചിട്ടും ഉത്തരം കണ്ടെത്താൻ കഴിയാത്ത ചോദ്യം.
അതെ! ആ ചോദ്യത്തിന് ഉത്തരം ഒരിക്കലും ഉണ്ടാവാതിരിക്കട്ടെ എന്ന് മനസാ പ്രാർത്ഥിക്കുന്നു.
കാരണം അത്രയ്ക്കും അഗാധമായ ഒരാത്മ ബന്ധം ഞങ്ങൾ തമ്മിൽ ഉണ്ടായിരുന്നു.
ഓർമ്മകൾ ചിറകടിച്ച് പിന്നോട്ടു പറക്കുന്നു. നെടുമുടി എൻ.എസ്. എച്ച്.എസ്.എസ്.ഹൈസ്കൂളിൽ അഞ്ചാം ക്ലാസിൽ പഠിക്കുന്ന കാലം.
സ്കൂളിന്റെ സപ്തതിയോട് അനുബന്ധിച്ച് ജി. ശങ്കരപിള്ള സാറിന്റെ' ഒരുകൂട്ടം ഉറുമ്പുകൾ' എന്ന നാടക റിഹേഴ്സൽ പുരോഗമിക്കുകയാണ്. ജനൽ അഴികളിൽ കയ്യൂന്നി നാടകം വീക്ഷിച്ചിരുന്ന എന്നെ സാർ അടുത്തുവിളിച്ചു. നിനക്ക് നാടകം കളിക്കണോടാ എന്ന് ഗൗരവത്തിൽ ചോദ്യം. ഭീതിയോടെ ഞാൻ

സമ്മതം മൂളി.
അങ്ങനെ ഒരുകൂട്ടം ഉറുമ്പുകൾക്കിടയിൽ ഒരു കുഞ്ഞുറുമ്പായി അരങ്ങിൽ എന്റെ അരങ്ങേറ്റം.
അതെ എന്നിലെ നാടകക്കാരനെ ആദ്യം തിരിച്ചറിഞ്ഞത് സാംബൻ സാറായിരുന്നു. പിന്നീട് അനശ്വരനായ പി. ബാലചന്ദ്രൻ സാറിന്റെ രചനയിൽ 'തെന്നാലിരാമനും' 'തന്നാലായത്' എന്ന നാടകം എനിക്ക് സബ്ജില്ല, ജില്ല, സംസ്ഥാന തലങ്ങളിൽ, മികച്ച നടൻ എന്ന പുരസ്കാരം നേടിത്തന്നു.

**അകാലത്തിൽ പൊലിഞ്ഞു പോയ പ്രിയ ഗുരുനാഥാ. അവിവേകമാണ് എഴുതിയതെങ്കിൽ സദയം ക്ഷമിക്കുക...**

തുടർന്ന് സാറാ ജോസഫിന്റെ 'ചാത്തുമാന്റെ ചെരുപ്പ്' അടക്കം ഒട്ടേറെ നാടകങ്ങൾ. ആ പ്രതിഭയുടെ നിഴലോരം ചേർന്ന് സഞ്ചരിക്കാൻ കിട്ടിയ അവസരങ്ങൾ കലാജീവിതത്തിലെ നാഴികക്കല്ലുകളായി ഞാൻ കരുതുന്നു.
പൊതുമണ്ഡലത്തിൽ ഏറെ ശ്രദ്ധേയമായ വ്യക്തിത്വത്തിന് ഉടമയായിരുന്നു അദ്ദേഹം. അദ്ധ്യാപനത്തോടൊപ്പം നാടകരചയിതാവ്, സംവിധായകൻ, അഭിനേതാവ്, സംഘാടകൻ, നിർമ്മാതാവ് എന്നീ നിലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച അതുല്യ പ്രതിഭ. സാമൂഹികരാഷ്ട്രീയ, സാംസ്കാരികരംഗത്തെ നിറസാന്നിധ്യം. ഒപ്പം പാർശ്വവത്കരിക്കപ്പെട്ടവന്റെ പ്രശ്നങ്ങളിൽ നിതാന്ത ജാഗ്രതയോടെ ഇടപെടുന്ന ഉത്തമനായ പൊതുപ്രവർത്തകൻ ഇതൊക്കെയായിരുന്നു ഞാനറിയുന്ന ടി.വി. സാംബശിവൻ സാർ.
ഫാദർ ഫ്രാൻസീസ് വള്ളപ്പുര അച്ചന്റെ മേൽനോട്ടത്തിൽ ആലപ്പുഴ കേന്ദ്രമായി രൂപീകരിച്ച കോട്ടയം ചാവറ കലാനിലയത്തിലെ മദർ, പ്രകാശത്തിന്റെ പടനായകൻ, കുചേലൻ കുഞ്ഞൻ നായർ, സ്നേഹദൂത്, വിശുദ്ധ അൽഫോൻസാമ്മ തുടങ്ങിയ നാടകങ്ങൾ സംവിധാനം ചെയ്ത് അരങ്ങിലെത്തിച്ചു. കൂടാതെ ചാവറ അച്ചൻ എഴുതിയ ഇടയനാടകങ്ങൾക്ക് (എക്‌ലോഗ്) രംഗഭാഷ്യം ഒരുക്കി. ഇതെല്ലാം അദ്ദേഹത്തെ ചാവറസാംസ്ക്കാരിക കേന്ദ്രത്തിന്റെ പുരസ്കാരത്തിന് അർഹനാക്കി.
കേരളസംഗീത അക്കാദമി അമച്ചർ നാടക മത്സരത്തിൽ കൃഷ്ണഹൃദയം എന്ന നാടകത്തിലൂടെ മികച്ച സംവിധായകനായി. ജയരാജിന്റെ 'ഓഫ് ദ പീപ്പിൾ' സിനിമയിലെവേറിട്ട വേഷം അദ്ദേഹത്തിലെ നടനെ ശ്രദ്ധേയനാക്കി.
അചുംബിത, തിരുവരങ്ങ് തുടങ്ങിയ നാടക സംഘങ്ങളിലൂടെ അവതരിപ്പിച്ച അത്ഭുതാങ്കണം, കൊഴുത്ത കാളക്കുട്ടി, ചന്ത്രീരാനും കൂട്ടരും, ദൈവദൂതൻമാർ, രാവുണ്ണി, കറുപ്പിന്റെ ഗർജ്ജനം, മൺപാത്രങ്ങൾ കൂടാതെ തെരുവു നാടകങ്ങളുടെ തമ്പുരാൻ സഫ്ദർഹഷ്മിയുടെ' ഹല്ലാബോൽ'ന്റെ മലയാളരൂപാന്തരം. അങ്ങനെ വേദികളിൽ നിന്ന് വേദികളിലേയ്ക്ക് നിറഞ്ഞാടിയ എത്രയെത്ര നാടകങ്ങൾ. മാളികമുക്കിലേയും സമീപ പ്രദേശങ്ങളിലേയും കയർകർഷക മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽ നിന്ന് കലാകാരൻമാരെ കണ്ടെത്തി അരങ്ങിൽ എത്തിക്കാൻ അതീവതല്പരനായിരുന്നു. ആലപ്പിതീയേറ്റ്ഴ്സിനോടൊപ്പം ദൈവദൂതിക, വചനം, പെസഹ. ആലപ്പി കമ്മ്യൂണിക്കേഷന്റെ തിരുവരങ്ങിലെ തമ്പുരാൻ. അരങ്ങിൽ പുത്തൻ പരീക്ഷണങ്ങളും അവതരണങ്ങളുമായി അക്ഷരാർത്ഥത്തിൽ നിറഞ്ഞാടുകയായിരുന്നു അദ്ദേഹം.



സംസ്ഥാന സ്കൂൾ-കോളേജ് കലോത്സവങ്ങളിലും സംഗീതനാടക അക്കാദമി അമച്ചർ നാടകമത്സരങ്ങളിലും വിധികർത്താവായി നിരവധി തവണ പ്രവർത്തിച്ചു.
സമുദ്രം അതിന്റെ ആഴങ്ങളിൽ ഒളിപ്പിച്ച അത്ഭുതക്കാഴ്ചകൾ എന്തെന്ന് നഗ്ന നേത്രങ്ങൾക്ക് കാണാൻ കഴിയില്ല. എനിക്ക് മുമ്പിലെ മഹാസമുദ്രമായിരുന്നു ടി.വി. സാംബശിവൻസാർ. അറിഞ്ഞതിനേക്കാൾ എത്രയോ അധികം അറിയാൻ കിടക്കുന്നു. അകാലത്തിൽ പൊലിഞ്ഞു പോയ പ്രിയ ഗുരുനാഥാ. അവിവേകമാണ്എഴുതിയതെങ്കിൽ സദയം ക്ഷമിക്കുക...




**ഫാ. ജോസ് ഈരൂരിക്കൽ സി.എം.ഐ.**
**ജഗദൽപൂർ**

# "കൂടപ്പിറപ്പുകൾ"

**ലോ**കശ്രദ്ധയാകർഷിച്ച 'ഫ്രത്തേലിതൂത്തി' അഥവ 'എല്ലാവരും സഹോദരർ' എന്ന ഫ്രാൻസീസ് പാപ്പയുടെ ചാക്രിയലേഖനം സഭയുടെ ശക്തമായ സാമൂഹിക പ്രബോധനങ്ങളിൽ ഒന്നാണ്. അസമത്വങ്ങളും കടന്നു കയറ്റങ്ങളും, ഭീകരവാദങ്ങളും കൊണ്ട് കലുഷിതമായ ഇന്നത്തെ ആഗോള പ്രശ്നങ്ങൾക്കെല്ലാം നടുവിൽ "എല്ലാവരും സഹോദരർ" എന്ന മാർപാപ്പയുടെ ചിന്ത ഏറെ ശ്രദ്ധിക്കപ്പെടും. ചാക്രികലേഖനത്തിന്റെ തലക്കെട്ടായി സ്വീകരിച്ചിരിക്കുന്നത് വിശുദ്ധ ഫ്രാൻസീസ് അസ്സീസിയുടെ വാക്കുകളാണ്. വിശുദ്ധൻ തന്റെ സഹോദര സന്യാസികൾക്ക് ആദ്യകാലത്ത് എഴുതിയ ഉപദേശങ്ങളിൽ അവരെ സംബോധന ചെയ്തത് "സഹോദരർ എല്ലാവരുമേ" എന്ന അർത്ഥംവരുന്ന 'ഫ്രത്തേല്ലിതൂത്തി' എന്ന വാക്കുകൊണ്ടായിരുന്നു. വിശുദ്ധ ചാവറയച്ചന്റെ 'കൂടപ്പിറപ്പുകൾ' എന്ന ഭാഷാപ്രയോഗം വിശുദ്ധ ഫ്രാൻസീസ് അസ്സീസിയുടെയും ഫ്രാൻസീസ് മാർപാപ്പയുടെയും വാക്കുകളോട് ചേർത്ത് വായിക്കണം. ഇവരുടെ മൂവരുടെയും ഏകയോഗമായ ചിന്തയാണ് ഈ വാക്കുകളുടെ ഉറവിടങ്ങളിലേയ്ക്ക് എത്തിയത് എന്നു പറയേണ്ടിയിരിക്കുന്നു. എല്ലാവരെയും ഉൾക്കൊള്ളൽ, ആരെയും മാറ്റി നിർത്താതിരിക്കൽ സുവിശേഷത്തിന്റെ സന്ദേശമാണ്. സമറായക്കാരി സ്ത്രീയും (യോഹ 4:1-30), ശിശുക്കളും (മാർക്കോ 10:13-16), രക്തസ്രാവക്കാരിയും (മത്താ 9:18-22), മത്തായിയും (മത്താ9:9-13), സക്കേവൂസും (ലൂക്കാ19:1-9) ഉദാഹരണങ്ങൾ. യേശുവിന്റെ ഈ സന്ദേശവാഹകരായിട്ടാണ് വിശുദ്ധ ചാവറയച്ചനും ഫ്രാൻസീസ് അസ്സീസിയും ഫ്രാൻസീസ് മാർ പാപ്പയും അറിയപ്പെടുക. "എല്ലാവരും സഹോദരർ" എന്ന ചാക്രിയലേഖനത്തിന്റെ 69-ാം പേജിൽ നല്ല സമറിയാക്കാരനെ ഫ്രാൻസീസ് മാർപാപ്പ അവതരിപ്പിക്കുന്നു. (F.T,69). മുറിവേറ്റ് റോഡരുകിൽ കിടക്കുന്ന മനുഷ്യന്റെ അടുത്തുകൂടി പോയവർ, ഇടുങ്ങിയ വേർതിരിവുകളിൽ കഴിയുന്നവർ, ഈ മുറിവേൽക്കപ്പെട്ടവൻ ആരും അല്ലാത്തവനായി, തിരിച്ചറിയാത്തവനായി, പ്രാധാന്യമില്ലാത്തവനായി കരുതി കടന്നു പോയി. നല്ല സമറിയാക്കാരനെയാകട്ടെ ഇടുങ്ങിയ വേർതിരിവുകൾക്ക് അതീതനായി മുൻപറഞ്ഞ ഗണങ്ങളിൽ ഒന്നും തന്നെപെടുത്തുന്നില്ല. കേവലം അന്യനായിരുന്ന വ്യക്തിക്ക് സഹായം ആവശ്യമായിരുന്ന ഘട്ടത്തിൽ അപ്രതീക്ഷിതമായി സഹായിക്കുന്നു.

**സാകലേന്യത ഏറെ പ്രകടമാക്കിയ ഒരു ജീവിതമായിരുന്നു ചാവറയച്ചന്റേത്. ചാവറയച്ചന്റെ കാലത്ത് "പൊതുസമൂഹം" എന്നൊന്നില്ലായിരുന്നു. ആസകലം (Inclusiveness) എന്ന വാക്കുപോലും നിഘണ്ടുവിൽ അന്യമായിരുന്നു.**




ഇക്കാലഘട്ടത്തിൽ 'നല്ല സമറിയാക്കാരൻ' എന്ന കഥയോടുള്ള പ്രതികരണം എന്തായിരിക്കണം. അയൽക്കാരനെന്നപോലെ പ്രവർത്തിക്കാനുള്ള സാധ്യതപോലും മനഃപ്പൂർവ്വം നഷ്ടമാക്കുന്നു. മറ്റുള്ളവരിൽ നിന്ന് വേർതിരിക്കപ്പെടുന്ന സാമൂഹികഗ്രൂപ്പുകളും, വാട്സ്അപ്പ് ഗ്രൂപ്പുകളും ശക്തിപ്പെട്ടുവരുന്നു. അയൽക്കാരൻ എന്ന വാക്കിന്റെ അർത്ഥം പോലും മായിച്ചുകളയുന്നു. തന്നിലേക്ക് ഉൾവലിഞ്ഞ്, സാമൂഹ്യബോധവും മാനവികതയും നഷ്ടപ്പെടുത്തിക്കൊണ്ടിരിക്കുന്ന ചില സമൂഹങ്ങൾ ലോകത്തെ മുഴുവൻ കാൽച്ചുവട്ടിലാക്കാൻ വെമ്പൽ കൊള്ളുന്നു. ഇങ്ങനെയുള്ള ന്യൂനപക്ഷത്തിന്റെ ലക്ഷ്യ സാധ്യതയ്ക്കുവേണ്ടി ഭൂരിപക്ഷത്തെ മുഴുവൻ സമ്മർദ്ദത്തിലാക്കുന്നു. അയൽക്കാരനു പകരം അസോസിയേറ്റേഴ്സി (സഹപ്രവർത്തകർ)ലേക്ക് കാര്യങ്ങൾ നീക്കുന്നു. ഈയൊരു പ്രവണതയെ സ്വന്ത ജീവിതത്തിലൂടെ വെല്ലുവിളിച്ചവരാണ് വിശുദ്ധ ചാവറ പിതാവും ഫ്രാൻസീസ് അസ്സീസിയും-ഫ്രാൻസീസ് മാർപാപ്പയും .

സാകലേന്യത ഏറെ പ്രകടമാക്കിയ ഒരു ജീവിതമായിരുന്നു ചാവറയച്ചന്റേത്. ചാവറയച്ചന്റെ കാലത്ത് "പൊതുസമൂഹം" എന്നൊന്നില്ലായിരുന്നു. ആസകലം (Inclusiveness) എന്ന വാക്കുപോലും നിഘണ്ടുവിൽ അന്യമായിരുന്നു. പൊതുവിദ്യാഭ്യാസംഇല്ലായിരുന്നു. പൊതുവഴി ഇല്ല. അംഗീകരിക്കപ്പെട്ട കേരള നവോത്ഥന നായകർക്കു മുമ്പേ നവോത്ഥാന വഴിവെട്ടിയ ചാവറയച്ചനെ; നവോത്ഥാനത്തിന് കാലനിർണ്ണയം നടത്തിയ കേരള സാംസ്കാരിക പടുക്കൾക്ക് മനസ്സിലാക്കാൻ കഴിഞ്ഞില്ല. ഡൽഹിയിൽ നിന്ന് ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്രമോദി കേരളത്തിൽ വന്നപ്പോൾ (കൊല്ലത്ത് ബൈപാസ് ഉദ്ഘാടനത്തിനു നടത്തിയ പ്രസംഗം) ചാവറയച്ചനെ നവോത്ഥാന നായകരിൽ മുമ്പേ പറന്ന പക്ഷിയായി ചിത്രീകരിച്ചത് ശ്രദ്ധേയമായി. 'ലോകാ സമസ്താ സുഖിനോ ഭവന്തു' എന്ന ഭാരത സംസ്കാരത്തിന്റെ അടിസ്ഥാന ശിലയ്ക്ക് ചാവറയച്ചൻ മൂലക്കല്ലായിമാറിയെന്നത് താൻ ജീവിച്ച കാലഘട്ടത്തോടു ചേർത്തു വായിക്കുമ്പോൾ അത്ഭുതമായിരിക്കുന്നു. ദൈവം സ്വർഗ്ഗസ്ഥനായ പിതാവാണങ്കിൽ ജാതിമതഭേദമെന്യേ മനുഷ്യരെല്ലാം മക്കളും സഹോദരങ്ങളുമാണ് എന്ന, വേലി കെട്ടുകളില്ലാത്ത പിതൃത്വ പുത്രത്വ, സഹോദര്യത്വ ആദ്ധ്യാത്മികത ജീവിതത്തിൽ ഏറെ ആഘോഷിച്ച വ്യക്തിയാണ് ചാവറയച്ചൻ. ഈ ആദ്ധ്യാത്മിക വീക്ഷണം സാമൂഹികമായ കർമ്മ പദ്ധതികൾക്കെല്ലാം വെള്ളവുംവളവുമായി. അന്ത്യോദയം, സർവോദയം, എന്ന ഗാന്ധിയൻ ചിന്ത ചാവറയച്ചൻ തുടങ്ങിയ പൊതുവിദ്യാഭ്യാസ സംരംഭത്തിൽ ദർശിക്കാൻ കഴിയും. എല്ലാവർക്കും വേണ്ടിതുടങ്ങിയ സ്കൂളിലെ ഉച്ചക്കഞ്ഞി സമ്പ്രദായം പൊതുവിദ്യാഭ്യാസ പരിപാടിയെ പ്രോത്സാഹിപ്പിച്ചു. വിദ്യാഭ്യാസരംഗത്ത് "അക്ഷരവും ഭക്ഷണവും" എന്ന ആശയം പോലും നിലവിൽവന്നത്, പൊതുവിദ്യാഭ്യാസ പരിപാടിയിൽ എല്ലാവരെയും പങ്കു ചേർക്കുന്നതിനുള്ള ചാവറയച്ചന്റെ ആശയത്തിൽ നിന്ന് ഉയിർ കൊണ്ടതാണ്. ക്ലാസ്സുമുറികളിലെ ബഞ്ചുസംസ്ക്കാരവും, പഠനത്തിനായിട്ടുള്ള നാനാജാതിയിൽപ്പെട്ടവരുടെ ഒന്നിച്ചുകൂടലും ചാവറയുടെ പരിശ്രമ ഫലമായിരുന്നു. ചാവറയച്ചന്റെ ആത്മീയത കർമ്മ പദ്ധതിയിലേക്കും കർമ്മ പദ്ധതികൾ ആത്മീയതയിലേക്കും എത്തി നിൽക്കുന്നു. വേർതിരിവുകളില്ലാതെ'നാമൊരുകുടുംബം' എന്നു പറയാൻ ചാവറയച്ചനു കഴിഞ്ഞിരുന്നു. മനുഷ്യ കുടുംബത്തോട് ജന്തു കുടുംബത്തേയും, സസ്യകുടുംബത്തേയും, ധാതുകുടുംബത്തേയും, അണുകുടുംബത്തേയും ചേർത്തു നിർത്തുന്ന ഒരു മാനവ ഭൗതിക സങ്കൽപമായിരുന്നു ചാവറ പിതാവിന്റേത്. ഫ്രാൻസീസ് അസ്സീസിയുടെയും ഫ്രാൻസീസ് മാർപാപ്പയുടെയും ചിന്തയും അതുതന്നെ. കാലഘട്ടങ്ങളുടെ അകലം ഉണ്ടായിരുന്നു എന്നു മാത്രം.



ഫാ. ജോബി മുകളേൽ സിഎംഐ

# ഇടയനാടകങ്ങളിലെ ചാവറസ്പർശം

"ബഹുമുഖപ്രതിഭയായിരുന്നു ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ. ഇടയനാടക വഴികളിലെ ആദ്യചുവടുകൾക്ക് കേരളത്തിൽ നേതൃത്വംവഹിച്ചു. കവിതയിലൂടെ എന്നതിനേക്കാൾ ഗദ്യത്തിലൂടെയായിരുന്നു ചാവറയച്ചൻ തന്റെ ജനകീയ ഭാഷാബോധം പ്രകടിപ്പിച്ചത്".

ആത്മീയ ജീവിതത്തിൽ ദൈവിക കൃപാവരം നിറഞ്ഞതായിരുന്നു ചാവറയച്ചനെ സംബന്ധിച്ചിടത്തോളം എഴുത്ത്. അത് ആത്മീയ ജീവിതത്തിന്റെ ഭൗതിക പ്രയോഗമായിരുന്നു. ആത്മീയ പിതാവ്, സാമൂഹിക പരിഷ്കർത്താവ്, വിദ്യാഭ്യാസ പ്രവർത്തകൻ, ഗ്രന്ഥകാരൻ, ആതുര ശുശ്രൂഷകൻ, ബഹുഭാഷാപണ്ഡിതൻ എന്നീ നിലകളിൽ പ്രശസ്തനായ ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ 19-ാം നൂറ്റാണ്ടിൽ കേരള കത്തോലിക്കാ സഭയുടെ പ്രകാശഗോപുരമായി നിലകൊണ്ടു. ബഹുമുഖപ്രതിഭയായിരുന്നു ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ. ഇടയനാടകവഴികളിലെ ആദ്യചുവടുകൾക്ക് കേരളത്തിൽ നേതൃത്വംവഹിച്ചു. കവിതയിലൂടെ എന്നതിനേക്കാൾ ഗദ്യത്തിലൂടെയായിരുന്നു ചാവറയച്ചൻ തന്റെ ജനകീയ ഭാഷാബോധം പ്രകടിപ്പിച്ചത്. "ഒരു പള്ളിക്ക് ഒരു പള്ളിക്കൂടം" എന്ന ചാവറയച്ചന്റെ സന്ദേശമാണ് സാർവ്വത്രിക വിദ്യാഭ്യാസത്തിന് അടിസ്ഥാനം. വിദ്യാഭ്യാസരംഗത്തും സാംസ്ക്കാരിക രംഗത്തും ചാവറയച്ചന്റെ സംഭാവനകൾ ഒരിക്കലും വിസ്മരിക്കാനാവില്ല. 1846-ൽ കത്തോലിക്കരുടെ ആദ്യത്തെ അച്ചുകൂടം മാന്നാനത്ത് തുറന്നതും 1887 മുതൽ നസ്രാണിദീപിക എന്ന ആദ്യ മലയാള പത്രം പ്രസിദ്ധീകരിച്ച് തുടങ്ങിയതും ചാവറയച്ചൻ മുൻകയ്യെടുത്താണ്. മലായളം, തമിഴ്, സംസ്കൃതം, ഇംഗ്ലീഷ്, ലത്തീൻ, സുറിയാനി, പോർച്ചുഗീസ്, ഇറ്റാലിയൻ തുടങ്ങി പല ഭാഷകൾ പഠിച്ച ചാവറയച്ചൻ വിവിധങ്ങളായ കാവ്യങ്ങളും, പ്രാർത്ഥനാ പുസ്കതങ്ങളും, സഭാചരിത്രവും, ഇടയനാടകങ്ങളും, അതിലുപരി വേദശാസ്ത്ര ഗ്രന്ഥങ്ങളും രചിച്ചു. കേരളത്തിൽ നവോത്ഥാനത്തിന്റെ വഴികൾക്ക് തുടക്കമിട്ട അദ്ദേഹം ആദർശശുദ്ധിയും, സാമൂഹിക പ്രതിബദ്ധതയും, കളങ്കം കൂടാതെകാത്തുസൂക്ഷിച്ചു. 'എക്‌ലോഗ്' എന്ന പാശ്ചാത്യ കാവ്യ രൂപത്തെ ആധാരമാക്കി 1855-56 കാലയളവിൽ ചാവറയച്ചൻ രചിച്ച ഇടയനാടകങ്ങൾ അമൂല്യമായ സാഹിത്യ സമ്പത്ത് തന്നെയാണ്. തന്റെ സെമിനാരിയിലെ വിദ്യാർത്ഥികൾക്ക് വേണ്ടിയാണ് ചാവറയച്ചൻ മലയാളത്തിൽ ഇടയനാടകങ്ങളുടെ രൂപത്തിലുള്ള നാടകങ്ങൾ എഴുതി അവതരിപ്പിക്കുകയുണ്ടായത്. മനോഹരമായ കാവ്യശൈലിയും ലളിതമായ ഭാഷയും ഈ ഇടയനാടകങ്ങളെ മറ്റുകൃതികളിൽ നിന്നും വേറിട്ടു നിർത്തുന്നു. എന്തിന്, ഈ ഇടയനാടകങ്ങളുടെ രചനയും, രംഗാവിഷ്കാരവും സംഭാഷണവും മലയാളത്തിൽനിവർത്തിച്ചുകൊണ്ട് ഇന്ത്യൻ ഭാഷകളിലെ നാടകസഞ്ചാരത്തിന്റെ ആദ്യ നാൾവഴികളിൽ ചാവറയച്ചൻ അവകാശം കരസ്ഥമാക്കി. സ്വന്തം കൈപ്പടയിലാണ് ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ ഈ നാടകങ്ങളുടെ രൂപകൽപ്പന തയ്യാറാക്കിയത്. പിന്നീട് അവ യാതൊരു പരിഷ്ക്കാരമോ,

രൂപവ്യത്യാസമോ, മിനുക്കലുകളോ നടത്താതെ ആവിഷ്ക്കരിക്കുകയുണ്ടായി. 1857ൽ കൂനമ്മാവ് സെമിനാരിയിൽവൈദിക വിദ്യാർത്ഥികൾ ഈ നാടകങ്ങൾ ആദ്യമായിരംഗത്ത് അവതരിപ്പിച്ചു. കാലക്രമേണ 20-ാം നൂറ്റാണ്ടിന്റെ മദ്ധ്യംവരെ CMI സെമിനാരികളിൽ അവ അവതരിപ്പിച്ചു പോന്നിരുന്നു. അവിശ്വാസികളുടെ എക്ലോഗിൽ പലെമ്മൊനെ, ലിസ്ത്രാ, അമീന്താ, ദമൂന, കൊറിദൂനെ എന്നിവർ തമ്മിലുള്ള സംഭാഷണത്തിലൂടെ സുന്ദരമായ ദൃശ്യാവിഷ്കാരം ചാവറയച്ചൻ നടത്തുന്നുണ്ട്.

'പലെമ്മൊ: ഇദാനീം കാന്താര മാളവ്യ നിശ സമയ കാലെ ആഗമനമാരോ സഖൊ ലിസ്ത്രാദ മുനെ

അമീന്താ : പാദദർശനാൽ അസ്മാദിജനം സ്ഥിരം ഭാവാൽ ന നിശ്ചയഃ

ലിസ്ത്രാ: ആരായലും കുശലപ്രശ്നാൽ സമാധാനഭാഷിതം യോഗ്യം.

പലെമ്മൊ: ശുഭം നേർബുദ്ധി നന്ന്

അമീന്താ: എന്തെടോ മമ സഖേ നമ്മുടെ അസ്മാദികൾ

ഇന്നൊരു മഹാ കാഴ്ച കണ്ടതു കേട്ടില്ലെയോ...

നമ്മുടെ നാഥൻ ദേവൻ മർത്യരക്ഷയെ ചെയ്‌വാൻ മംഗലപുരി ബേസ്സമെന്നതിൽ പിറന്നെന്നും ശോഭിതമേറും മാതാ തന്നുടെ മടിയതിൽശോഭിച്ചു വിളങ്ങുന്നൊരുണ്ണിയെ വന്ദിച്ചെന്നും കണ്ടവൻ ചൊല്ലികേട്ട വാർത്തപോൽ മറ്റുചിലർ മങ്ങിയതങ്ങവിടത്തിൽചെന്നു കുമ്പിട്ടുവന്നു. ഇന്നു ഞങ്ങളും ചെന്ന് നാഥനാം നരദേവനുണ്ണിയെ വന്ദിപ്പാനായ്, തോഷിച്ചു പുറപ്പെട്ടു.

സൃഷ്ടികളിൽ നിന്ന്സ്രഷ്ടാവിലേക്ക് ഉയരുന്നതിനുള്ള സുകൃതാഭ്യാസം ചാവറയച്ചൻ നല്ലതുപോലെ ഹൃദിസ്ഥമാക്കിയിരുന്നു. കൂനമ്മാവിലെ വിസ്തൃതമായതോട്ടത്തിൽവൃക്ഷലതാദികളുടെ മധ്യേ ധ്യാനനിരതനായി അദ്ദേഹം നടക്കുന്ന കാഴ്ച അക്കാലങ്ങളിൽ പലർക്കും സുപരിചിതമായിരുന്നു. ഇപ്രകാരമുള്ള സ്വൈര്യ സല്ലാപങ്ങളുടെ മധ്യേ പ്രകൃതിയുടെ മടിത്തട്ടിൽ വെച്ചാണ് അദ്ദേഹത്തിന്റെ പല ആദ്ധ്യാത്മിക കൃതികളും വഴിഞ്ഞൊഴുകിയത്. ഫ്രാൻസിസ് അസ്സീസിയുടെ സൂര്യകീർത്തനത്തെ അനുസ്മരിപ്പിക്കുന്ന പല കാവ്യഭാഗങ്ങളും ഇതിൽകാണാം. ആത്മാനുതാപത്തിലെ ഒരു ഭാഗം മാത്രം ഉദാഹരണമായി ഉദ്ധരിക്കാം.

'ആകാശഗമനവും ആദിത്യചന്ദ്രൻമാരും
പ്രകാശഗ്രഹങ്ങളും നക്ഷത്രകൂട്ടങ്ങളും
ഭൂമിയിൽമുളച്ചുള്ള പുല്ലുപുഷ്പാദികളും
ഭൂതലം സമസ്തവുംസൂക്ഷിച്ച് നോക്കികൊണ്ട്
ഇതൊക്കെ സൃഷ്ടിച്ചതിനെന്തു കാരണമെന്നും
ഇതിനെ കണ്ടു നിന്റെ മഹിമ ഗ്രഹിപ്പാനും
ഇപ്പോലെയുള്ള ഭാഗ്യമീലോകെ വച്ചുവെങ്കിൽ
അപ്പരലോകെയുള്ള ഭാഗ്യങ്ങളെത്ര ചിത്രം
എന്നിതൊക്കെയും കണ്ടു ഗ്രഹിപ്പാൻ കണ്ണു തന്നു'
(ആത്മാ 2/21-299)

ചാവറയച്ചൻ തന്റെ ഇടയനാടകങ്ങളിലെ സംഭാഷണങ്ങളിൽഏറിയ പങ്കും കാവ്യരൂപത്തിലാണ് എഴുതിയിട്ടുള്ളത്. അതുകൊണ്ടായിരിക്കും' എക്ലോഗ് എന്ന പേര് അദ്ദേഹം സ്വീകരിച്ചത്. പിന്നീട് കണ്ടെടുക്കപ്പെട്ട കയ്യെഴുത്തു കൃതികളിൽ ഒന്നിലെ കഥാപാത്രങ്ങൾ വിശ്വാസം, ശരണം, ഉപവി എന്നിവയാണ്. കുഞ്ഞിപ്പൈതങ്ങളുടെ ഇടയൻമാരുടെ സല്ലാപത്തിലെ മെലിബൊയും മറുനെയും തമ്മിലുള്ള സംഭാഷണം ആരുടേയും മനസ്സലിയിക്കുന്നതാണ്.

'മെലിബൊ: നമ്മുടെ ഭാഗ്യം വലിയ ഭാഗ്യം തന്നെ ഇതിൻവണ്ണം ഈ ഭാഗ്യപ്പെട്ട കാലം ഇത്രെം അടുത്തു എന്ന് ഞാൻ വിചാരിച്ചിട്ടില്ലായിരുന്നു.

മറുനെ: ദൈവാനുഗ്രഹം തന്നെ. എന്നാൽ ഇനിക്കതിശയമുള്ളത് ഇതല്ല പിന്നെയോ ഇതിൻവണ്ണം ഒരു തമ്പുരാൻ അവസ്ഥയ്ക്കു തക്കതിൻവണ്ണം ഒന്നും കാട്ടാതെ ദരിദ്രപ്പെട്ടവനായി ഒരു പുൽക്കൂട്ടിൽ കിടക്കുന്നുവല്ലോ.

മെലിബൊ: ഉള്ളത് തന്നെ എന്നാൽ മിനിയാന്ന് ഞാൻ തിത്തിരൊനെ കണ്ട് ഈ കാര്യം ചോദിച്ചപ്പോൾ, ഇത് തന്നെ നിവ്യാസുഖങ്ങളുടെ തികപ്പായിരിക്കുന്നു എന്ന് എന്നോടു പറഞ്ഞു.'

'മെലീബൊ: തീത്തിരൊ എങ്ങോട്ട് പോയിരുന്നു?

തീത്തിരൊ: ഇപ്പോൾ പിറന്ന ഇസ്രായേൽ രക്ഷിതാവിന്റെ തൃപ്പാദത്തുങ്കൽ എന്റെ കാഴ്ചകളെ വെപ്പാൻ പോയി. ...

മറുനെ: എന്താണ് എന്താണ് കാഴ്ച വെച്ചത് തീത്തിരൊ? ഇനിക്ക് പാടുണ്ടായിരുന്നെങ്കിൽ ഞങ്ങളുടെ ചെമ്മരി ആടുകളെയെല്ലാം കാഴ്ച വെച്ചേനേ. എന്നാൽ ഇപ്പളത്തെയ്ക്ക് രണ്ട് കൊച്ചാട്ടുംകുട്ടികളേയും, ഇന്നലെ പടിക്കു താഴേന്നു കണ്ടെത്തിയ ഒരു പക്ഷിക്കൂടും.

മെലിബൊ: ഇത്രെ കാഴ്ച വച്ചിട്ടുള്ളൂ?

മറുനെ: ഉള്ളതിനെ കാഴ്ച വെച്ചാൽ മതിയല്ലോ?


മലയാള മനോരമയുടെ പ്രാരംഭകാലത്തെ പ്രവർത്തകനും ശ്രീമൂലം പ്രജാസഭാംഗവുമായിരുന്ന

കൊച്ചീപ്പൻ തരകൻ എഴുതിയ 'മറിയാമ്മ നാടകമാണ്' മലയാളത്തിലെ ആദ്യത്തെ സാമൂഹിക നാടകമായി അംഗീകരിക്കപ്പെടുന്നത്. ചരിത്രം ഇതായിരിക്കെ മലയാളിയായ ഒരു സന്യാസ വൈദികൻ കുറിച്ച പത്തു നാടകങ്ങൾ മലയാള സാഹിത്യരംഗത്ത് ഉത്തമകൃതികളായി നിലനിന്നു പോന്നിരുന്നു. ഇങ്ങനെ എഴുതപ്പെട്ട നാടകങ്ങൾ കൂനമ്മാവ്, വാരാപ്പുഴ ഭാഗത്ത് ആദ്യവും തുടർന്ന് മറ്റു സെമിനാരികളിലുമായി തുടർച്ചയായി അവതരിപ്പിച്ചു പോന്നിരുന്നു എന്നത് വിസ്മയകരമായ ഒരുവസ്തുതയായി നിലകൊള്ളുന്നു. ഈ നാമങ്ങളിലൊക്കെ അപാരമായ സർഗ്ഗശേഷിയും ഭാഷാലാളിത്യവും പ്രകടമായിരുന്നു. മാന്നാനം ആശ്രമത്തിലെ തന്റെമുറിയിൽ ചിമ്മിനി വിളക്കിന്റെവെളിച്ചത്തിൽ ചാവറയച്ചൻ എഴുതിത്തീർത്ത ഈ നാടകങ്ങൾ ഭാഷാചരിത്രത്തിലും ഭാഷാനാടകവേദിയുടെ ആദ്യനാൾവഴികളിലുംഎന്നും ഓർമ്മിക്കപ്പെടുന്ന ഒരു നാഴികക്കല്ലായി നിലകൊള്ളുന്നു. ഇങ്ങനെ എഴുതപ്പെട്ട ഇടയനാടകങ്ങളിൽ 5 നാടകങ്ങൾ ചാവറയച്ചന്റെ കൈപ്പടയിലും മറ്റ് 5 നാടകങ്ങൾ പിന്നീട് പകർത്തി എഴുതിയ വിധത്തിലുമാണ് കാണുന്നത്. ഈ നാടകങ്ങളിലെ ഭാഷാപ്രയോഗങ്ങളും ശൈലികളും ഒരിക്കലും വിസ്മരിക്കാനാവില്ല. സെമിനാരികളിൽ അവതരിപ്പിക്കപ്പെട്ട ഈ നാടകങ്ങൾ ശ്രീയേശുവിന്റെ പിറവിയും, ഉണ്ണിയേശുവിനെ ആരാധിക്കാൻ ആട്ടിടയൻമാരും രാജാക്കൻമാരും വരുന്നതുമായുള്ള പ്രമേയമാണ്, സുന്ദരമായ കാവ്യശൈലിയിൽ അവതരിപ്പിച്ചിരിക്കുന്നത്.

ചാവറയച്ചന്റെ ഇടയനാടകങ്ങളിലെ കാവ്യശൈലി എക്കാലത്തും ഹൃദയസ്പർശിയായി നിലകൊള്ളുന്നതാണ്. അതിലൊരുദൈവിക സ്പർശമുള്ളതായി വായനക്കാർക്ക് ഗ്രഹിക്കാൻ കഴിയും. വിശ്വാസം, ശരണം, ഉപവി എന്നീ ക്രൈസ്തവ പുണ്യങ്ങളെ ആധാരമാക്കിയാണ് അദ്ദേഹം നാടകരചന നിർവ്വഹിച്ചിരിക്കുന്നത്. കണ്ടെടുത്ത കയ്യെഴുത്തു പ്രതികൾ എല്ലാം തന്നെ ആ കാലഘട്ടത്തിന്റെ മലയാള ഭാഷാശൈലിയിൽ എഴുതപ്പെട്ടവയാണ്. ചാവറയച്ചന്റെ ഇടയ നാടകങ്ങളിലെ കഥാപാത്രങ്ങൾ സാധുക്കളായ ആട്ടിടയരാണ്. അവരെല്ലാം സൻമനസ്സിന്റെ ഉടമകളായ ശുദ്ധാത്മാക്കളാണ്. ഇടയൻമാരുടെ ജീവിതങ്ങളെക്കുറിച്ചും രക്ഷകന്റെ പിറവിയെക്കുറിച്ചും വ്യക്തമായ അവതരണം ഈ ഇടയനാടകങ്ങളിൽ കാണാം. എല്ലാറ്റിലും ഉപരിയായി ഈ നാടകങ്ങളിലെ പുരാവൃത്തം രക്ഷകന്റെ പിറവി അറിയിക്കലാണ്. രക്ഷകന്റെ വരവിനെക്കുറിച്ചും അതിലുപരിയായി രക്ഷകന്റെ വിശുദ്ധ ജനനത്തെ വിളംബരം ചെയ്യുന്നതിനെക്കുറിച്ചും ചാവറയച്ചൻ തന്റെ സാഹിത്യസൃഷ്ടികളിൽ ക്രിയാത്മകമായി അവതരിപ്പിച്ചിട്ടുണ്ട്. ഇവയിലെല്ലാം നാടക ഭാഷയുടെ ക്രിയാത്മകമായിട്ടുള്ള അവതരണം കാണാം. നാടകഭാഷ ഒരുകേവല ഭാഷ അല്ലായെന്നത് ബിംബ കൽപ്പനകളിലൂടെയും അർത്ഥകൽപ്പനകളിലൂടെയും ചാവറയച്ചൻ പ്രഘോഷിക്കുന്നു. അതുകൊണ്ട് മലയാള നാടകവഴികളിൽ മാത്രമല്ല ഭാരതത്തിന്റെ ഭാഷാനാടകപാതയിൽ തന്നെ സുന്ദരമായ രചനയുടേയും ഹൃദയസ്പർശിയായ രംഗാവിഷ്ക്കാരത്തിന്റെയും ആദ്യ ചുവടുവെച്ച ഈ വന്ദ്യവയോധികന്റെ സമർപ്പിത ശ്രമങ്ങൾക്ക് മുന്നിൽ ആദരവോടെ തല കുനിക്കട്ടെ.



The Sanskrit School



ആർ. എസ്. മധു

# അവതരണം അനസ്താസ്യയുടെ രക്തസാക്ഷ്യം

കേരള ആധുനികതയുടെ ശില്പിയായ ചാവറ കുര്യാക്കോസ് അച്ചൻ മലയാള സാഹിത്യത്തിന് നൽകിയ സംഭാവനകൾ ആണ് അദ്ദേഹത്തിന്റെ ആത്മീയ കൃതികളായ ആത്മാനുതാപം അനസ്താസ്യയുടെ രക്തസാക്ഷ്യം, മരണ വീടുകളിൽ പാടുവാനുള്ള പാന തുടങ്ങിയവ. അച്ചന്റെ രചനകൾ സാധാരണക്കാർക്ക് മനസ്സിലാവും വിധം ലളിതവും അതുപോലെ തന്നെ ആർക്കും സുഖകരമായി ആലപിക്കാനാവുന്നതും ആണ്. അനസ്താസ്യയുടെ രക്തസാക്ഷ്യം മലയാളത്തിലെ ആദ്യത്തെ ഖണ്ഡകാവ്യമായി വിമർശിക്കപ്പെടുന്നു. ഈ കാവ്യത്തിലെ പ്രമേയം ഇങ്ങനെ ചുരുക്കി പറയാം

എ.ഡി. മൂന്നാം നൂറ്റാണ്ടിൽ റോമിലെ വലേറിയൻ ചക്രവർത്തി ക്രൈസ്തവസമൂഹത്തെ നിർമാർജനം ചെയ്യാനും, ജോവ ദേവനെ ആരാധിക്കാനും ജനങ്ങളെ നിർബന്ധിച്ചു കൊണ്ടിരിക്കുന്ന കാലം. സോഫിയ എന്ന കന്യാസ്ത്രീയുടെ മഠത്തിൽ അനസ്താസ്യാ എന്ന യുവതി ആത്മീയ പഠനാർത്ഥം എത്തുന്നു. അതിസുന്ദരിയായ അവളെ യാദൃശ്ചികമായി കാണാനിടയായ മന്ത്രി പ്രോബോ അവളെ കൊട്ടാരത്തിലേക്ക് കൊണ്ടു പോകുന്നു. ക്രിസ്തുമത വിശ്വാസം ഉപേക്ഷിച്ചാൽ അവളെ രാജ്ഞിയായി വാഴിക്കാമെന്നുള്ള പ്രോബോയുടെ പ്രലോഭനത്തിനു മുന്നിൽ വഴങ്ങാൻ കൂട്ടാക്കാത്ത അനസ്താസ്യയെ അയാൾ തടവറയിൽ ആക്കുന്നു. വിശ്വാസം മുറുകെ പിടിച്ച അവളെ അയാൾ കിങ്കരന്മാരെ കൊണ്ട് അംഗവിച്ഛേദം ചെയ്യിക്കുന്നു. ക്രിസ്തുവിലുള്ള വിശ്വാസം തരുമ്പും കൈവിടാത്ത അവൾ വധിക്കപ്പെടുന്നു. അനസ്താസ്യയുടെ ആത്മാവിനെ സ്നേഹവാത്സല്യങ്ങളോടെ യേശുദേവൻ പറുദീസായിൽ എത്തിക്കുന്നു. ഇതാണ് ഈ ഖണ്ഡ കാവ്യത്തിലെ ഇതിവൃത്തം.

ഏതാനും വർഷങ്ങൾക്കു മുമ്പ് അനസ്താസ്യായുടെ രക്തസാക്ഷ്യം എന്ന കാവ്യത്തെ നാടകവൽക്കരിക്കാൻ തിരുവനന്തപുരം ക്രൈസ്റ്റ് നഗർ സ്കൂൾ അധികൃതർ ഒരു പരിശ്രമം നടത്തുകയുണ്ടായി. അഞ്ചുപതിറ്റാണ്ടുകളിൽ ഏറെയായി മലയാളം അമച്ചർ നാടകരംഗത്ത് നാടകകൃത്തും, സംവിധായകനും പ്രവർത്തിച്ചു പോരുന്ന ആർ.എസ് മധുവിനെ ആയിരുന്നു ഇതിനായി നിയമിച്ചത്. വളരെ ചുരുങ്ങിയ ദിവസങ്ങൾക്കുള്ളിൽ ഈ കാവ്യത്തിലെ കഥാപാത്രങ്ങൾക്കൊപ്പം ഏതാനും ചില കല്പിത കഥാപാത്രങ്ങളെയും ചേർത്ത് നാടകരചന പൂർണ്ണമാക്കി.

അമചർ നാടക വേദിയിലെ പ്രശസ്തനായ നടീനടന്മാർ കഥാപാത്രങ്ങളായി അഭിനയിച്ച ഈ നാടകം തിരുവനന്തപുരം സെനറ്റ് ഹാളിൽ പ്രബുദ്ധരായ പ്രേക്ഷക സമക്ഷം അവതരിപ്പിക്കപ്പെട്ടു എല്ലാ സാങ്കേതിക മേഖലകളിലും വിജയം വരിക്കാൻ ഈ നാടകത്തിന് കഴിഞ്ഞു. അനസ്താസ്യയുടെ രക്തസാക്ഷ്യം എന്ന ഈ ഖണ്ഡ കൃതിക്ക് ആധുനിക സമൂഹത്തിന്റെ മനസ്സിൽ ഇടം നേടാൻ കൂടി ഈ നാടകം പര്യാപ്തമായി.

ഒരിടവേളയ്ക്കുശേഷം ഈ നാടകം വീണ്ടും മാന്നാനം കെ.ഇ. സ്കൂൾ ഓഡിറ്റോറിയത്തിലും തിരുവനന്തപുരം സൂര്യയുടെ ഗണേശ നാടകകളരിയിലും അരങ്ങേറി.

ഈ നാടകത്തിന്റെ വിജയം മദർതെരേസ എന്ന നാടകം ചെയ്യാനും അത് വിവിധ കേന്ദ്രങ്ങളിൽ വിജയകരമായി അവതരിപ്പിക്കാനും ആർ എസ് മാധുവിനു പ്രചോദനമേകി എന്ന വസ്തുതയും വിസ്മരിക്കാവുന്നതല്ല.




**കേരള ആധുനികതയുടെ ശില്പിയായ ചാവറ കുര്യാക്കോസ് അച്ചൻ മലയാള സാഹിത്യത്തിന് നൽകിയ സംഭാവനകൾ ആണ് അദ്ദേഹത്തിന്റെ ആത്മീയ കൃതികളായ ആത്മാനുതാപം അനസ്താസ്യയുടെ രക്തസാക്ഷ്യം, മരണവീടുകളിൽ പാടുവാനുള്ള പാന തുടങ്ങിയവ.**

# ചാവറപിതാവിന്റെ 125-ാം ചരമ വാർഷികം പ്രമാണിച്ച് സാൽട്ട്










# സംഘടിപ്പിച്ച സ്നേഹദൂത് പരിപാടികളുടെ ഫയൽ ചിത്രങ്ങൾ




















# ജ്ഞാനവൃക്ഷം

കാലം നമിക്കുന്ന ചരിതം
ചാവറ പുണ്യവാൻ
കേരളനാടിന്റെ അക്ഷര
വിപ്ലവ താരം
ചാവറ പുണ്യവാൻ മാനവസ്നേഹത്തിൻ
ലോകം സ്മരിക്കുന്ന താതൻ

വേദം പഠിച്ചെന്നാൽ ശൂദ്രന്റെ
കാതിലായ് ഈയമുരുക്കുന്ന കാലം
സംസ്കാരശാലയിൽ ഒപ്പമിരുത്തി
ഒന്നാണുനമ്മളെന്നോതി

അഗതികളായോർക്കന്നഭയമായ് മാറി
അലിവിന്റെ ദൂതനാനാളിൽ
മേലാളനും പിന്നെ കീഴാളനുമാണ്
ചാവറക്കാഴ്ചയിൽ തുല്യരായ്

കദനമുറങ്ങിയ മനസ്സിന്റെ താളവും
രാഗവും സർവ്വേശസ്പന്ദനങ്ങൾ
അറിയാതെ പോയി നാം ചാവറയച്ചന്റെ
അമലമനോഹരജന്മം

പുണ്യമനസ്സിനെ നെടുവീർപ്പിൻ
ആർദ്രമായ് ആകാശ വീഥികളിൽ
വെളിച്ചം തപിക്കുന്ന ദുരിതരുചികളിൽ
ആശ്രമം തീർത്തന്ന് മാന്നാനാത്ത്

അപരന്റെ വ്യഥകണ്ടു വ്യസനിച്ച
ആത്മുവിന്നുടയാത്ത കനവുകൾ ദീപ്തമായി
ദരിദ്രമീനാടിന്റെ മുഖം വീണ്ടെടുത്തവൻ
കേരളമനസ്സിന്റെ ഇതിഹാസജന്മം



സിസ്റ്റർ തെരേസ ആലഞ്ചേരി



പ്രൊഫ. ഡോമിനിക് പഴമ്പാശ്ശേരി

# ഓർമ്മയിലെ 'സ്നേഹദൂത്'

ചിതലെടുത്ത ഓർമ്മകളുടെ രൂപത്തിനും ഭാവത്തിനും പഴയ തെളിച്ചമുണ്ടാകില്ല. എന്നാലും ചിലതുണ്ട് ചിതയിൽ വയ്ക്കാത്തതായിട്ട്, പൊടിതട്ടി ഒന്നുതുടച്ചെടുത്താൽ ശോഭപകരുന്നത്. എന്റെ നാടക ജീവിതത്തിലും അത്തരം ചില ഓർമ്മകളുണ്ട്. ഏതാണ്ട് കാൽ നൂറ്റാണ്ടു കഴിഞ്ഞിട്ടും എന്നെ വല്ലാതെ അലട്ടുന്ന ചില നാടക ജീവിത മുഹൂർത്തങ്ങളെക്കുറിച്ച് അടുക്കും ചിട്ടയുമില്ലാത്ത ചിലതു പറയാമെന്നു കരുതുന്നു.

അന്നൊരു വെള്ളിയാഴ്ചയായിരുന്നു. ആ ദിനം നന്നായി ഓർക്കാൻ കഴിയുന്നുണ്ട്. അന്നു ഞാൻ തമാസിച്ചിരുന്ന വീട്ടിൽ ഏകദേശം ഒരുകിലോമീറ്റർ കിഴക്ക് ഒരു ദേവീക്ഷേത്രമുണ്ട്. അതിവിശാലമായ മൈതാനമുള്ള ഒരു ഈഴവക്ഷേത്രം. എന്റെ പിതാവിന്റെ കുടുംബ വീട് ഈ ക്ഷേത്രമൈതാനത്തിനടുത്താണ്. ചെറുപ്പകാലം കൂട്ടുകാരുമൊത്ത് കളിച്ചു വളർന്ന പ്രദേശം. എന്തോ എനിക്കറിയില്ല ഈ പ്രദേശം എനിക്ക് അതി വൈകാരികാനുഭവം പകരുന്ന പ്രദേശമാണ്. എല്ലാ ദിവസവും ഒരു മണിക്കൂറെങ്കിലും അവിടെ വസിക്കുക ആനന്ദാനുഭവമായിരുന്നു. ക്ഷേത്ര ഭൂമിയുടെ ഒരു കോണിൽ ഒരു ചെറിയ വായനശാല. ഓലമേഞ്ഞകെട്ടിടത്തിൽ വന്നിരുന്നു പത്രം വായിക്കുവാൻ എന്റെ ഗ്രാമവാസികൾ തല്പരരായിരുന്നു. ശ്രീനാരായണ ഗുരുവിന്റെ സന്ദേശങ്ങളുടെ പൊരുളറിഞ്ഞ ചെറുപ്പക്കാരായിരുന്നു ആ ജ്ഞാന കേന്ദ്രത്തിന്റെ മുതൽക്കൂട്ട്. ഒറ്റ വാചകത്തിൽപ്പറഞ്ഞാൽ ആ വായനശാല എന്റെ ഗ്രാമത്തിന്റെ ലൈറ്റ് ഹൗസായിരുന്നു. എനിക്ക് അതൊരു നല്ലകാലമായിരുന്നു. എന്തൊക്കെയോ ചെയ്തു തീർക്കണം എന്ന് ആഗ്രഹിച്ചിരുന്നകാലം. അക്കാലത്തെക്കുറിച്ചോർക്കുമ്പോൾ അറിയാതെ പറഞ്ഞു പോകാറുണ്ട് "എനിക്കുമുണ്ടായിരുന്നു സുഖം മുറ്റിയനാളുകളെന്ന്" വായനശാലയുടെ തെക്കു ഭാഗത്തായി എന്റെ നാട്ടിലെ വിദ്യാസമ്പന്നരായ ചെറുപ്പക്കാർ പുഴിമണൽ നിരത്തി ഒരു ബാറ്റ്മിന്റൻ കോർട്ട് ഉണ്ടാക്കി ബോൾ ബാറ്റ്മിന്റൻ കളിച്ചിരുന്നു. ഞാൻ അന്ന് ചേർത്തല സെന്റ് മൈക്കിൾസ് കോളേജ് അധ്യാപകനായി പ്രവർത്തിക്കുകയായിരുന്നു. കോളേജിൽ നിന്ന് വന്ന് വായനശാലയിൽ ഇരുന്ന് വീക്കിലികൾ മറിച്ചുനോക്കും. വെള്ളിയാഴ്ച ദിവസാമണെങ്കിൽ അഞ്ചുമണി മുതൽ സന്ധ്യയാകുന്നതുവരെ ബാറ്റ്മിന്റൻ കളിക്കും. അതാണ് അന്നൊരു വെള്ളിയാ

> **രണ്ടുമൂന്നു ദിവസം കഴിഞ്ഞപ്പോൾ ചവറയച്ചനെക്കുറിച്ച് കൂടുതൽ അറിയണമെന്നും കേരളത്തിന്റെ സാംസ്കാരിക വിപ്ലവം സൗമ്യവും ശാന്തവുമായി നടത്തിയ ആ പുണ്യാത്മാവിനെ തിരിച്ചറിയണമെന്നും വല്ലാത്തൊരുതോന്നൽ.**



പരിശ്രമിച്ച വ്യക്തിയാണ് ടി.വി സാംബശിവൻ. ആലപ്പുഴയിലെ മാളികമുക്കിൽ മാറ്റത്തിനുവേണ്ടി ദാഹിച്ച ഒരു പറ്റം ചെറുപ്പക്കാർ ചേർന്നുണ്ടാക്കിയ നാടക സമിതിയാണ് അചുംബിത. സാംബശിവനായിരുന്നു അതിൽ പ്രധാനി. ടി.വി സാംബശിവൻ ഇന്ന് നമ്മോടപ്പമില്ല. ഓർമ്മകളിൽ ഒരു മരവിപ്പു നല്കി എന്റെ സ്നേഹിതൻ യാത്ര പറയാതെ പിരിഞ്ഞുപോയിട്ട് അഞ്ചു വർഷം കഴിഞ്ഞു.

ഴ്ചയായിരുന്നു എന്ന് ഞാൻ പറഞ്ഞത്.

ഞങ്ങളുടെ നാട്ടിൽ – ആലപ്പുഴയിൽ യാത്രയ്ക്കായി ജീപ്പ് അധികമാരും ഉപയോഗിച്ചിരുന്നില്ല. ഇന്നും ജീപ്പുകൾ എന്റെ നാട്ടിൽ കുറവാണ്. ജീപ്പ് വരുന്നതുകണ്ടാൽ കൂട്ടം കൂടിയിരിക്കുന്നവർ എഴുന്നേറ്റു നില്ക്കുകയോ ഓടിമാറുകയോ ചെയ്തിരുന്ന കാലമായിരുന്നത്. കാരണം ജീപ്പുവരുന്നതുകണ്ടാൽ പോലീസുവരുന്നു എന്ന ധാരണയായിരുന്നു എന്റെ ഗ്രാമവാസികൾക്ക്. അന്ന്, വെള്ളിയാഴ്ച ഞാൻ കോർട്ടിൽ നിന്ന് ബാറ്റ്മിന്റൻ കളിച്ചുകൊണ്ടിരിക്കെ ഒരു ജീപ്പ് വന്നു നിന്നു. അതിൽ നിന്ന് ആദ്യം ഇറങ്ങിയത് എന്റെ ആത്മമിത്രമായ ടി. വി. സാംബശിവനായിരുന്നു. പിന്നാലെ സുമുഖനായ ഒരു യുവാവ് മഹാകവി കുമാരനാശാന്റെ ഭാഷയിൽ പറഞ്ഞാൽ ഉൽഫുല്ല ബാലരവിപോലെ കാന്തിമാൻ" സാംബശിവനെ എന്റെ നാട്ടുകാർക്കറിയാം എന്റെ സുഹൃത്തുക്കൾക്ക് അദ്ദേഹം സുപരിചിതാനണ്. ഞാൻ താമസിക്കുന്ന വീടിനടുത്ത് ഒരു ചെറു കെട്ടിടത്തിൽ ഒരു അർട്സ് ആന്റ് സ്പോർട്സ് ക്ലബ് പ്രവർത്തിച്ചിരുന്നു. ഇന്നത് ഒരു വലിയ വായനശാലയായി മാറിയിട്ടുണ്ട്. 'ശോണിമ' വായനശാല. ശോണിമയുടെ പേരിൽ അന്ന് ഒരു അമെച്വർ നാടകസംഘം ഉണ്ടായിരുന്നു. കേരളത്തിലെ അമെച്വർ നാടകവേദികൾ തളരാൻ തുടങ്ങിയ കാലത്ത് കണ്ടുമുട്ടിയവരാണ് ഞാനും സാംബശിവനും. ഞാന നാടക പ്രസ്ഥാനത്തിലേക്ക് കാൽകുത്തുന്നതിനു മുന്നേ നാടകകലയെ, ആകും വിധം തന്നിലേക്ക് ആവാഹിക്കാൻ രാപകലെന്യേ

സാംബനെ ഞാൻ പരിചയപ്പെടുന്നത് നാടക വേദിയിൽ വച്ചാണ്. ആലപ്പുഴ – പാതിരപ്പള്ളിയിൽ ഓണാഘോഷത്തോടെനുബന്ധിച്ച് നാടക മത്സരം നടക്കുന്നു. അന്ന് എവിടെത്തിരിഞ്ഞുനോക്കിയാലും നാടകമത്സരങ്ങൾ മാത്രം. ഇന്ന് ആ കാഴ്ചകൾ കൊഴിഞ്ഞു പോയി. പി.എം. രാജിന്റെ രാവുണ്ണി അരമണിക്കൂറായി ചുരുക്കി അചുംബിത മത്സരവേദികളിൽ ജൈത്രയാത്ര നടത്തുന്ന വർഷം. രാവുണ്ണിയായി വേഷമിട്ടത് ടി.വി സാംബശിവനായിരുന്നു. നാടകാന്തം സദസ്സിലേക്ക് വിരൽ ചൂണ്ടി 'ദേ രാവുണ്ണി" എന്നു പറയുന്ന ആ ചെറുപ്പക്കാരന്റെ തീക്ഷ്ണമായ കണ്ണിൽ നാടിനോട് നിറഞ്ഞ പ്രതിബദ്ധതവച്ചു പുലർത്തുന്ന ഒരു ചെറുപ്പക്കാരന്റെ ആവേശം നിറഞ്ഞുനിന്നിരുന്നു. ഞാൻ മത്സരത്തിനായി ആദ്യമായി രചിച്ച 'നചികേതസ്' അതേ മത്സരവേദിയിൽ കളിച്ചിരുന്നു. രാവുണ്ണിക്ക് ഒന്നാം സ്ഥാനവും 'നചികേതസ്സിന്' രണ്ടാം സ്ഥാനവും ലഭിച്ചു. മത്സരഫലം വന്നതിനുശേഷം നല്ല നടനായി തിരഞ്ഞെടുക്കപ്പെട്ട സാംബനെ ഞാൻ കണ്ടു പരിചയപ്പെട്ടു. ആ ബന്ധം എതാണ്ട് മൂന്നു പതിറ്റാണ്ടു ഭംഗം വരാതെ നിലനിന്നു. നചികേതസ്സിനു ശേഷം ഞാൻ എഴുതിയ 'ലിയോണിദാസ്' സാംബശിവൻ സംവിധാനം ചെയ്തു. ആ വർഷം ആലപ്പുഴ ജില്ലയിൽ നടന്ന അമെച്വർ നാടക മത്സരങ്ങളിൽ ഭൂരിഭാഗം വേദികളിലും 'ലിയോണിദാസ്' പ്രഥമ സമ്മാനം നേടി സ്കൂൾ കോളേജ് മത്സരങ്ങളിലും ആ നാടകം മികച്ച അവതരണം കാഴ്ചവച്ചു. പിന്നീട് നാടകവേദിയിൽ നിന്ന് പിൻവാങ്ങാൻ എനിക്കു കഴിഞ്ഞിട്ടില്ല. അപ്ര

കാരം നാടകം ജീവിതത്തിന്റെ ഭാഗമായിത്തീർന്നിരുന്ന കാലത്ത് ഒരു വെള്ളിയാഴ്ചയാണ് ഞാൻ നേരത്തെ സൂചിപ്പിച്ചപോലെ ഫാദർ ഫ്രാൻസീസ് വള്ളപുരയുടെ ജീപ്പ് എന്നെ തേടിയെത്തിയത്.

ജീവിതത്തിൽ വന്നുഭവിക്കുന്ന ചില സംഭവങ്ങൾ സന്ദർഭങ്ങൾ നമ്മളെ ചില പ്രത്യേക വഴികളിലൂടെ വഴിനടത്തും. എനിക്കത് അനുഭവപ്പെട്ടതാണ്. നമ്മുടെ തോന്നലുകൾ അതിന്റെ തീവ്രാനുഭവത്തിൽ മറ്റുള്ള വരെ പറഞ്ഞു മനസ്സിലാക്കാൻ കഴിയില്ല. കുമാരനാശാന്റെ ദിവാകരയോഗിയെ പോലെ തോന്നിക്കുന്ന ആ യുവാവായ വൈദികനെ ഞാൻ പരിചയപ്പെട്ടു. ഫാദർ ഫ്രാൻസിസ് വള്ളപ്പുര. സാംബൻ ഉടനെ പറഞ്ഞു വക്കീലച്ചൻ എന്നാണ് എല്ലാവരും വിളിക്കുന്നത്. പാന്റും നീളമുള്ള ജുബ്ബയും സ്വർണ്ണവർണ്ണമുള്ള കണ്ണടയും തല അല്പം പോലും താഴ്ത്താതെ എന്റെ മുന്നിൽ നിന്ന ആ യുവയോഗി സംസാരിച്ചു തുടങ്ങിയത് ആ രൂപത്തിനൊത്ത ആ ഭാഷയിലായിരുന്നു. അഞ്ചുമിനറ്റിനുള്ളിൽ വള്ളപ്പുരയച്ചൻ കാര്യങ്ങൾ പറഞ്ഞവസാനിപ്പിച്ചു. വിശുദ്ധ ചാവറയ കുര്യാക്കോസ് അച്ചന്റെ ജീവചരിത്രം പ്രമേയമാക്കി ഒരു നാടകം വേണം ഒരു മണിക്കൂർ ദൈർഘ്യം മതി. സ്കൂളുകളിലും കോളേജുകളിലുമൊക്കെ അവതരിപ്പിക്കുവാൻ പാകത്തിലാകണം. പകൽ നേരങ്ങളിലായിരിക്കും പരിപാടി. ഞാൻ സാംബശിവനെ ഒന്നു നോക്കി അതിന്റെ അർത്ഥം മനസ്സിലാക്കിയിട്ടാകാം എന്റെ സുഹൃത്ത് പറഞ്ഞു അവതരണ രീതിയെക്കുറിച്ച് നമ്മൾക്ക് പിന്നീട് ആലോചിക്കാം പോരെ.

നാടകം ഞരമ്പുകളിൽ വല്ലാത്ത ആവേശമായി പടരുന്നുണ്ടെങ്കിലും എനിക്കെന്തോ ഒരുത്സാഹം തോന്നിയില്ല. അതിനു പ്രധാന കാരണം വിശുദ്ധ ചവറകുര്യാക്കോസ് അച്ചനെക്കുറിച്ച് എനിക്കൊന്നും അറിഞ്ഞുകൂടാ എന്നതായിരുന്നു. മറ്റൊന്ന് പകൽനേരങ്ങളിൽ വിശുദ്ധന്റെ ജീവ ചരിത്രം നാടകരൂപത്തിൽ അവതരിപ്പിക്കുന്നതിന്റെ സാങ്കേതിക പ്രതിസന്ധികളായിരിന്നു. പെട്ടെന്നൊരു മറുപടി പറയാൻ കഴിയാതെ കുഴങ്ങിയ എന്നോട് വക്കീലച്ചൻ പറഞ്ഞു. ഞാൻ കുറച്ചു പുസ്തകങ്ങൾ കൊണ്ടു വന്നിട്ടുണ്ട് സാർ വായിക്കുക എഴുതാൻ കഴിയും.

ഏതോ ഒരു രാത്രിയിൽ ചാവറയച്ചന്റെ ജീവചരിത്ര സംബന്ധിയായ ഒരു ഗ്രന്ഥം എടുത്ത് ഞാൻ വായിച്ചു തുടങ്ങി. നാടകം ചെയ്യണം എന്ന നിർബന്ധ ബുദ്ധിയോടെ ആയിരുന്നില്ല ഗ്രന്ഥവായന ആരംഭിച്ചത്. രണ്ടു മൂന്നു ദിവസം കഴിഞ്ഞപ്പോൾ ചവറയച്ചനെക്കുറിച്ച് കൂടുതൽ അറിയണമെന്നും കേരളത്തിന്റെ സാംസ്കാരിക വിപ്ലവം സൗമ്യവും ശാന്തവുമായി നടത്തിയ ആ പുണ്യാത്മാവിനെ തിരിച്ചറിയണമെന്നും വല്ലാത്തൊരു തോന്നൽ. മൊബൈൽ ഫോൺ ഇല്ലാതിരുന്നതിനാലും എന്റെ കൊച്ചു ഗ്രാമത്തിൽ ലാന്റ് ഫോൺ, സാന്നിധ്യം അറിയിച്ചിരുന്നില്ല എന്നതിനാലും നാടകം ചെയ്യാൻ ഞാൻ എടുത്ത ഉറച്ച തീരുമാനം വക്കീലച്ചനെ പെട്ടെന്നറിയിക്കാൻ കഴിഞ്ഞില്ല. ഒരു ദിവസം ഉച്ചകഴിഞ്ഞ് ഞാനും സാംബശിവനും രഘുവും കൂടി വക്കീലച്ചനെ കണ്ടു. നാടകത്തിന്റെ അവതരണ സ്വഭാവത്തെ കുറിച്ച് ചർച്ച ചെയ്തു. മന്നാനത്തു നിന്ന് തിരിച്ചു പോരുമ്പോൾ എന്നെ ആകർഷിച്ച ആ ആത്മവിശുദ്ധിയുടെ ആൾ രൂപം കൂടെയുണ്ടെന്നൊരു തോന്നൽ.

നമ്മൾ ചില നേരങ്ങളിലെങ്കിലും പറയാറില്ലേ? ആരോ എന്നെക്കൊണ്ടത് ചെയ്യിക്കുകയായിരുന്നെന്ന് ചാവറയച്ചനെ വേദിയിൽ അവതരിപ്പിക്കുവാൻ നിയോഗിക്കപ്പെട്ടവൻ - ആ ചരിത പാഠം ചമയ്ക്കാൻ നിയോഗിക്കപ്പെട്ടവൻ ഞാനായിരുന്നെന്ന് ഇന്നും ഞാൻ ഉറച്ചു വിശ്വസിക്കുന്നു. മറ്റുള്ളതെല്ലാം നിമിത്തങ്ങൾ മാത്രം. പൂർവ്വജന്മങ്ങളുടെ കാണാത്ത നൂൽ ബന്ധമെന്നോ ജന്മജന്മാന്തരങ്ങളുടെ സുകൃതമെന്നോ ഞാൻ അതിനെ വിളിച്ചുകൊള്ളട്ടെ. പിന്നെ എല്ലാം അതിവേഗം നടന്നു. ഞാൻ എഴുതി ഒരാഴ്ചകൊണ്ട് നാടകം പൂർത്തിയായി. ഒരു മണിക്കൂർ ദൈർഘ്യമുള്ള സ്നേഹദൂത്' റിഹേഴ്സലിനായി തയ്യാറായി.

ആലപ്പുഴ ജില്ലയിലെ മാളികമുക്ക് എന്ന പ്രദേശം നാടക കലാകാരന്മാരുടെ സംഗമഭൂമിയാണ്. ആലപ്പുഴ തീയറ്റേഴ്സ്, സൂര്യകാന്തി തീയറ്റേഴ്സ്, അചുംബിത ഗീതാഞ്ജലി, ആത്മരൂപ തുടങ്ങിയ നാടകസമിതകളിലും സെബാസ്റ്റ്യൻ കുഞ്ഞു കുഞ്ഞു ഭാഗവതരും സെയ്ത്താൻ ജോസഫും പി.എം; ആന്റണിയും മറ്റും നാടക പ്രവർത്തനം നടത്തിയ പ്രദേശമാണിത്. ആ പ്രദേശത്തെ ഏതു ചെറുപ്പക്കാരനും എന്നും നാടകത്തെക്കുറിച്ച് അഭിപ്രായം പറയുന്നവരാണ്. ചാവറ കലാനിലയത്തിന്റെ സ്നേഹദൂതിന്റെ റിഹേഴ്സൽ നടന്നതും മാളികമുക്കിലുള്ള ക്യാമ്പിലാണ്. നമ്മുടെ പ്രൊഫഷണൽ നാടകങ്ങളുടെ തനതായ ശൈലിവിട്ട് ഒരുക്കിയ ഈ നാടകത്തിന്റെ റിഹേഴ്സൽ രാത്രി കാലങ്ങളിൽ മാത്രമായിരുന്നു എന്നാണ് എന്റെ ഓർമ്മ. എനിക്കും ടി.വി. സാംബശിവനും മാത്രമല്ല നാടകത്തിലെ അഭിനേതാക്കളിൽ ചിലർക്കും സർക്കാർ, അർദ്ധസർക്കാർ

സ്ഥാപനങ്ങളിൽ ജോലിയുണ്ടായിരുന്നു എന്നതു കൊണ്ട് പകൽ റിഹേഴ്സൽ ബുദ്ധിമുട്ടായിരുന്നു. ഒരു പ്രൊഫഷണൽ നാടകം ഏറിയാൽ ഒരു മാസം കൊണ്ടു ചിട്ടപ്പെടുത്താം. കാരണം, അതിലെ അഭിനേതാക്കളിൽ എല്ലാവരും തന്നെ വർഷങ്ങളായി പല നാടക സമിതികളിലും വേഷം കെട്ടിയിട്ടുള്ളവരാണ്. ചാവറ കലാനിലയം പോലെയുള്ള അമെചർ സമിതികളിലേക്ക് പ്രൊഫഷണൽ ആർട്ടിസ്റ്റുകൾ വരില്ല. അതുകൊണ്ടുതന്നെ നാടകമേഖലയിലെ അമെചർ നാടക കലാകാരന്മാരെ വച്ചു കൊണ്ടാണ് സ്നേഹദൂത് എന്ന ഒരു മണിക്കൂർ നാടകം ചിട്ടപ്പെടുത്തിയത്.

സ്കൂളുകൾ കോളേജുകൾ മറ്റ് സാംസ്കാരിക സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ രാത്രിയെന്നോ പകലെന്നോ നോക്കാതെ അവതരിപ്പിക്കാവുന്ന രീതിയിലാണ് നാടകം ചിട്ടപ്പെടുത്തിയത്. ഒരു മണിക്കൂർ ദൈർഘ്യമുള്ള 'സ്നേഹദൂത്' കേരളത്തിനകത്തും പുറത്തുമായി നൂറോളം വേദികളിൽ കളിച്ചു. സംഘാടകരും ആർട്ടിസ്റ്റുകളും പ്രതീക്ഷിച്ചതിനേക്കാൾ അംഗീകാരവും പ്രോത്സാഹനവും ആസ്വാദകരിൽ നിന്നു ലഭിച്ചു. ഈ അവസരത്തിൽ ഈ നാടകത്തിൽ വേഷമിട്ടവർ അനുഭവിച്ച ക്ലേശങ്ങൾ പറയാതെ പോകുന്നത് ഉചിതമായിരിക്കില്ല. നൂറോളം വേദികളിൽ ഈ നാടകം അവതരിപ്പിക്കേണ്ടതായി വരുമെന്ന് ഇതിലെ കലാകാരന്മാർ പ്രതീക്ഷിച്ചിരുന്നില്ല. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ ജോലി ചെയ്തിരുന്ന രണ്ടുമൂന്നുപേർ ശമ്പളമില്ലാതെ ലീവു വരെയെടുത്തു നാടകം അവതരിപ്പിച്ചു.

നാടകത്തിന് ലഭിച്ച അംഗീകാരവും സി.എം.ഐ. സഭാംഗങ്ങൾ നല്കിയ പിന്തുണയുമായിരിക്കാം വള്ളപ്പുരയച്ചൻ എന്നേയും നാടകസംവിധായകനായ സാംബനേയും വിളിച്ചു ചോദിച്ചു. ഈ നാടകം നമ്മുടെ പ്രൊഫാഷണൽ നാടകത്തിന്റെ വലുപ്പത്തിൽ ഒന്നു പൊളിച്ചെഴുതി അവതരിപ്പിച്ചുകൂടെ. അന്നും ഇന്നും വള്ളപ്പുരയച്ചനിൽ ഞാൻ കാണുന്ന ഒരു പ്രത്യേകതയുണ്ട്. വളരെ ആലോചിച്ചേ അച്ചൻ ഒരു തീരുമാനമെടുക്കൂ. തീരുമാനം എടുത്താൽ അതു നടപ്പാക്കുവാൻ ഏതറ്റം വരെയും സഞ്ചരിക്കും. ചാവറ കലാനിലയം സ്നേഹദൂതിനു ശേഷം മൂന്നു നാലു നാടകങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. നാടകസമിതി ആരംഭിച്ചതും അത് അവസാനിപ്പിച്ചതും വള്ളപ്പുരയച്ചൻ തന്നെയാണ്. സ്വരം നന്നായിരുന്നപ്പോൾ പാട്ടുനിർത്തിയ കലാകാരനാണ് ഫാദർ ഫ്രാൻസീസ് വള്ളപ്പുര. വിശുദ്ധ ചാവറകുര്യാക്കോസ് ഏലിയാസ് അച്ചന്റെ ആത്മ വിശുദ്ധിയും സാമൂഹ്യ പ്രതിബദ്ധതയും ദീർഘവീക്ഷണവും വിശ്വാസികളിലും അവിശ്വാസികളിലും എത്തിക്കുവാൻ ഏറെ ത്യാഗങ്ങൾ അനുഷ്ഠിച്ച ആത്മീയ ഔന്നത്യമാണ് ഫാദർ ഫ്രാൻസിസ് വള്ളപ്പുര.

നാടകം വലുതാക്കുവാനും ഒരു പ്രൊഫഷണൽ നാടകത്തിന് ആവശ്യമായ എല്ലാ സജ്ജീകരണങ്ങളും ഒരുക്കുവാനും വള്ളപ്പുരയച്ചൻ അനുഭവിച്ച ത്യാഗങ്ങൾ വാക്കുകൾക്ക് അതീതമാണ്. ഒരു പ്രൊഫഷണൽ നാടകത്തിന്റെ നിലയിൽ ചെറിയ നാടകം പൊളിച്ചെഴുതുക എളുപ്പമായിരുന്നില്ല. അതുകൊണ്ടു തന്നെ 'സ്നേഹദൂത്' എന്ന നാടകം രണ്ടാമതെഴുതി എന്നതാണ് വസ്തുത. രണ്ടാഴ്ചകൊണ്ട് നാടകമെഴുതി നല്കി. ഓർമ്മയിൽ നിന്നെഴുതുന്നതുകാണ്ട് നടീനടന്മാരുടെ പേരുകൾ കുറിക്കുമ്പോൾ ചില അപാകതകൾ വന്നെന്നിരിക്കാം. വായനക്കാർ എന്റെ നോട്ടപ്പിശക് ക്ഷമിക്കും എന്ന് വിശ്വസിക്കട്ടെ. നാകടസംവിധായകനായ ടി.വി. സാംബശിവൻ തന്നെയാണ് നാടകത്തിന്റെ വ്യാഖ്യാതാവിന്റെ വേഷമിട്ടത്. വെണ്മണി രാജഗോപാൽ, ഉണ്ണിഅറയ്ക്കൽ ഫ്രാൻസിസ് ജോൺ, കളർകോട് ഉണ്ണികൃഷ്ണൻ, അലക്സാണ്ടർ, അജയകുമാർ, സോജൻ, സജീവ്, സുജ, ശ്രീജ, കവിത എന്നിവരായിരുന്നു രണ്ടു മണിക്കൂറാക്കി ചിട്ടപ്പെടുത്തിയ സ്നേഹദൂതിൽ വേഷമിട്ടവർ. ഒരു പുണ്യാത്മാവിന്റെ ജീവചരിത്രം വേദിയിൽ അവതരിപ്പിക്കുമ്പോൾ സ്വാഭാവികമായി ആസ്വാദകരിൽ ചെറിയമടുപ്പുണ്ടാകാം. വേദിയിൽ പടക്കംപൊട്ടിക്കുന്ന നമ്മുടെ പ്രൊഫഷണൽ നാടകം കണ്ടു പരിചയിച്ച നാടകാസ്വാദകരുടെ മുന്നിലാണ് ശാന്തമായി ഒഴുകുന്ന ഈ സ്നേഹപ്രവാഹം അവതരിപ്പിക്കുന്നതെന്നോർക്കണം. അമചർ നാടകമത്സരവേദികളിലെത്തുവാൻ സുഹൃത്തുക്കളുമായി പോകുകയും നാടകം അവതരിപ്പിക്കുകയും ചെയ്യുമ്പോൾ അനുഭവിക്കുന്ന യാതനകളുടെ പതിന്മടങ്ങ് കഷ്ടപ്പാടുകളാണ് സ്നേഹദൂത് വേദിയിലെത്തിക്കാൻ അനുഭവിച്ചത്. വള്ളപ്പുരയച്ചൻ മാളികമുക്കിലെ സാധാരണ ജനത്തിനുപോലും പരിചിതനായി. റിഹേഴ്സൽ നടന്ന ഒരു മാസക്കാലം വിരലിലെണ്ണാവുന്ന മണിക്കൂറുകൾ മാത്രമാണ് വള്ളപുരയച്ചന്റെ സാന്നിധ്യമില്ലാതെ പോയത്. ഏറ്റെടുത്ത ജോലി ഏത് യാതനകൾ സഹിച്ചും ചെയ്തു തീർക്കുന്ന ഒരു മനോനിലയുടെ ഉടമയാണ് ഫാദർ ഫ്രാൻസിസ് വള്ളപ്പുര എന്ന് നേരത്തെ സൂചിപ്പിച്ചത് അതുകൊണ്ടാണ്.

കേരളത്തിനകത്തും പുറത്തും സ്നേഹദൂത് വിജയ കരമായി അവതരിപ്പിച്ചു. ആസ്വാദകരിൽ നിന്ന് ലഭിച്ച നല്ല വാക്കുൾ ഞങ്ങളുടെ കഷ്ടതകളെ അവഗണിക്കു വാൻ പഠിപ്പിച്ചു. വിശുദ്ധ ചാവറയച്ചന്റെ ജീവിതത്തെ ഞങ്ങളേക്കാൾ ആഴത്തിൽ പഠിച്ചവരുടെ ഉപദേശങ്ങൾ അനുസരിച്ച് ചില മാറ്റങ്ങളും കൂട്ടിച്ചേർക്കലുകളും നടത്തി. ഒരു പുതിയ നാടകസമിതി എന്ന നിലയിൽ ചാവറകലാനിലയം ചർച്ച ചെയ്യപ്പെട്ടു. വിമർശകരും വ്യാഖ്യാതാക്കളും വർദ്ധിച്ചു. അതിനെയൊക്കെ തരണം ചെയ്തു പോകാൻ ഞങ്ങളോടൊപ്പം ചായറയച്ചൻ ഉണ്ടെന്ന് ഞങ്ങൾ വിശ്വസിച്ചു. "എത്ര ചവർപ്പുകൾ കുടിച്ചു വറ്റിക്കുവാനും ഇത്തരി ശാന്തിതൻ ശർക്കര നുണയുവാനും ഞങ്ങൾക്ക് കഴിഞ്ഞത് ചാവറപ്പിതാ വിന്റെ അദൃശ്യസാന്നിധ്യം കൊണ്ടാണെന്ന് ഞാൻ ഇന്നും വിശ്വസിക്കുന്നു.

എന്റെ ജീവിതം ധന്യമാക്കിയ കാലത്തെ സംഭവവികാ സങ്ങളെ മറക്കുവതെങ്ങനെ ഞാൻ. ഇനി പറയുന്നത് പലതും അത്രപെട്ടെന്ന് പലരും വിശ്വസിക്കുമെന്ന് തോന്നുന്നില്ല. എനിക്കു തന്നെ അങ്ങ് പൂർണ്ണമായും വിശ്വസിക്കുവാൻ കഴിയുന്നില്ല. ചിലപ്പോൾ തോന്നാ റുണ്ട് ജീവിതത്തിലെ നിമിത്തങ്ങൾ തന്നെയാണോ അലൗകിക ശക്തികളുടെ ഇടപെടലുകളെന്ന്. ഒരു നാട കത്തിന്, അതു സൃഷ്ടിച്ച നിമിത്തങ്ങൾ സ്വന്തം ജീവി തത്തെ വഴിതിരിച്ചുവിടാൻ കഴിയുന്നതു കൊണ്ടാണ് ഏതാണ്ട് കാൽ നൂറ്റാണ്ടിനു മുകളിൽ പഴക്കമുള്ള ഒരു കാലത്തെ വലിയ കുറവുകളില്ലാതെ എനിക്ക് ഓർത്തെടുക്കാൻ കഴിയുന്നത്. കോളേജ് അധ്യാപ കനാകുന്നതിന് മുൻപ് ഒന്നര വർഷക്കാലം ഞാൻ സ്കൂളിൽ പഠിപ്പിച്ചിട്ടുണ്ട്. സ്കൂളിൽ നില്ക്കുമ്പോൾ തന്നെ വീട്ടുകാർ പറഞ്ഞു. ഏതായാലും ഒരു ജോലി കിട്ടിയല്ലൊ ഇനി വിവാഹം കഴിച്ചുകൂടെയെന്ന് ഞാൻ പറഞ്ഞു എനിക്കു തോന്നുന്നില്ല ഒരു വിവാഹത്തിന് പ്രായമായിയെന്ന്. പിന്നെ ചോദ്യമുണ്ടായില്ല. കോളേജ് അധ്യാപകനായ ശേഷം വർദ്ധിതവീര്യത്തോടെ വീട്ടു കാർ കല്ല്യാണ ആലോചനയിൽ മുഴുകി. ശമ്പളം കിട്ടി ത്തുടങ്ങട്ടെ എന്ന എന്റെ മറുപടി അവരെ ശാന്തരാ ക്കിയില്ല. സാധാരണ എല്ലാ മാതാപിതാക്കളും കരുതും പോലെ എന്റെ അപ്പനും അമ്മയും കരുതി. അതുകൊ ണ്ടാകാം എന്റെ ചിറ്റപ്പൻ എന്നോട് പറഞ്ഞു നിനക്ക് വല്ല ബന്ധവുമുണ്ടെങ്കിൽ പറയുക പരിഹാരം ഉണ്ടാ ക്കാം. ഞാൻ അതിന് മറുപടി പറഞ്ഞില്ല. കോളേ ജിൽ എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസറായതു കൊണ്ട് കുട്ടികളുമായി നിരന്തരം ബന്ധമുണ്ടായിരുന്നു. പിന്നെ നാടകങ്ങൾ വിവാഹകാര്യം പറയുന്നതു തന്നെ അരോചകമായി തോന്നിയകാലം. എന്നേക്കാൾ നന്നേ ചെറുപ്പമായവർ പെണ്ണുകെട്ടിയെന്നും ഇപ്പോൾ അവന് എന്തിന്റെ കുറവാണുള്ളതെന്നും സ്നേഹി ക്കാൻ മാത്രം അറിഞ്ഞിരുന്ന എന്റെ അമ്മ പലരോടും അടക്കം പറയുന്നതും ഞാൻ കേട്ടിട്ടുണ്ട്. എന്നിട്ടും എന്തോ ഒരു മരവിപ്പ്. സാംബശിവൻ എന്റെ സ്നേഹി തനോട് എന്റെ പിതാവ് വളരെ പരുക്കനായി സംസാരി ച്ചത് പ്രതികരിക്കാനാവാതെ ഞാൻ കേട്ടു നിന്നിട്ടുണ്ട്.

ഇക്കാലത്താണ് സ്നേഹദൂതിന്റെ സന്ദേശവുമായി വള്ള പ്പുരയച്ചൻ എന്നെ സമീപിക്കുന്നത്. ഏതാണ്ട് മുപ്പത്തി രണ്ടു വയസ്സായിട്ടും ഞാൻ വിവാഹം ചെയ്യാതെ നില്ക്കു കയും ആലോചനകളെല്ലാം ബോധപൂർവ്വം അലസി പ്പിക്കുകയും ചെയ്യുന്നതിനെക്കുറിച്ച് എന്റെ സാന്നിധ്യ ത്തിൽ അപ്പച്ചനും അമ്മച്ചിയും വള്ളപ്പുരയച്ചനോട് പറഞ്ഞു. അന്ന് വള്ളപ്പുരയച്ചൻ എന്റെ പിതാവി നോട് പറഞ്ഞ ഒരു വാചകം ഞാൻ ഇന്നും ഓർക്കുന്നു. എല്ലാം ശരിയാകും. വിശുദ്ധന്റെ കരങ്ങളിൽ സമർപ്പി ക്കുക എന്തു തന്നെ ആയാലും വള്ളപ്പുരയച്ചന്റെ ഉപ ദേശത്താലും എന്റെ സ്നേഹിതൻ സാംബശിവന്റെ നിർബന്ധത്താലും ഞാൻ തൈക്കാട്ടുശ്ശേരിയിലെ ഒരു ടീച്ചറിനെ കാണാൻപോയി. തൈക്കാട്ടുശ്ശേരി എന്ന പ്രദേശം എനിക്കറിയാം. ആ പള്ളിയിൽ ഒരു തെരു വുനാടകവുമായി ഞങ്ങൾ പോയിട്ടുണ്ട്. സ്നേഹദൂ തിന്റെ ആർട്ടിസ്റ്റായ മേനോൻസാറുമായി ഞാൻ പെണ്ണു കാണാൻ പോകുന്നതിന് ഒരു മാസം മുൻപ് അവിടെപ്പോ യിരുന്നു. തൈക്കാട്ടുശ്ശേരികായൽത്തീരത്ത് വന്നറിങ്ങിയ ഒരു മെത്രാനെ അദ്ദേഹം യഥാർത്ഥ മെത്രാനല്ലെന്ന് മന സ്സിലാക്കി അദ്ദേഹത്തെ ചാവറയച്ചൻ തിരിച്ചയക്കുന്ന ഒരു രംഗം നാടകത്തിലുണ്ട്. അന്ന് ചാവറപ്പിതാവ് പള്ളിപ്പുറത്തായിരുന്നു താമസിച്ചിരുന്നത്. 1995 ഒക്ടോ ബർ ഒന്നാം തീയതിയായിരുന്നു, സ്നേഹദൂതിന്റെ ക്യാ മ്പിംഗ് റിഹേഴ്സൽ. രണ്ടാം തീയതി എന്റെ വിവാഹനി ശ്ചയവും. ഒരു കാര്യത്തിലും ബലം പിടിക്കേണ്ടെന്നും കാലംകാത്തുവച്ചിരിക്കുന്നത് ഒരു നിയോഗം പോലെ സംഭവിക്കുമെന്നും ഞാൻ തിരിച്ചറിഞ്ഞ കാലമായിരു ന്നത്. എന്റെ കോളേജിലെ സുഹൃത്തുക്കളും നാടക മിത്രങ്ങളും തമാശയായി പറയാറുണ്ടായിരുന്നു. ഒരു വൈദികൻ സുഹൃത്തായിവരേണ്ടിവന്നു, നീ വിവാഹം ചെയ്യാനെന്ന്. ഞാൻ വെറുതെ പുഞ്ചിരിക്കും. ആ ചിരിയിൽ ഞാൻ പലതും ഒളിപ്പിച്ചുവച്ചിട്ടുണ്ടെന്ന് ഞാൻ തിരിച്ചറിഞ്ഞിരുന്നു. ഇരുപത്തിയേഴു വർഷ ത്തിനു ശേഷം തിരിഞ്ഞു നോക്കുമ്പോൾ എന്റെ

ഉള്ളിലും വീട്ടിലെ രൂപക്കൂട്ടിലുമിരുന്ന് പൊരുളറിഞ്ഞ് എന്റെ നിസ്സംഗതയെ ചാവറപിതാവു കാണുന്നുണ്ടാകും.

എന്തിനാണ് നാടകവും വിവാഹവും ഇഴചേർക്കുന്നത് എന്ന ചോദ്യമുണ്ടാകാം. ഞാൻ അത് പ്രതീക്ഷിക്കുന്നു മുണ്ട്. മനുഷ്യമനസ്സിന്റെ ഉള്ളറകളിലേക്ക് മറ്റൊരാൾക്ക് പൂർണ്ണമായും കടന്നുചെല്ലാനാവില്ലെന്ന് ഞാൻ കരുതുന്നു. എന്നാൽ തന്നിൽ നടക്കുന്ന പരിവർത്തനത്തെ തിരിച്ചറിയാൻ അയാൾക്കാകും. സ്നേഹദൂതിനുശേഷം ചാവറകലാ നിലയത്തിനു വേണ്ടി പ്രകാശത്തിന്റെ പാടനായകൻ എന്ന നാടകം ഞാൻ എഴുതി. നല്ല നാടകമായിരുന്നെന്ന് വിമർശകന്മാർപോലും അഭിപ്രായപ്പെട്ട ആ നാടകം പോലും എനിക്ക് സ്നേഹദൂതിന്റെ സുഖം നല്കിയില്ല. ആലപ്പീ തീയറ്റേഴ്സിനും തുടർച്ചയായി ആറു നാടകം ഞാൻ ചെയ്തു. ആ നാടകങ്ങളെല്ലാം എന്നെ സന്തോഷിപ്പിച്ചിട്ടുണ്ട്. എന്നാൽ സ്നേഹദൂത് വച്ചു നീട്ടിയ അദൃശ്യതലോടൽ അവയൊന്നും എനിക്ക് നല്കിയില്ല. ദിവ്യപരിവേഷമുള്ള വിശുദ്ധ ചാവയചയച്ചനെ അവതരിപ്പിക്കാൻ ഭാഗ്യം ലഭിച്ചത് ഞങ്ങളൊക്കെ സാനിച്ചൻ എന്നു വിളിക്കുന്ന ഫ്രാൻസിസിനാണ്. ഒന്നരമണിക്കൂറിലേറെ നേരം ചാവറപ്പിതാവിന്റെ കൗമാരവും യൗവനവും വാർദ്ധക്യത്തിലേക്കുള്ള പദമൂന്നലും വേദിയിൽ നിറഞ്ഞ് ആടിയ സാനിച്ചൻ ഒരിക്കൽ എന്നോടു പറഞ്ഞു സാറെ, എന്റെ ജീവിതം ഭംഗിയായിപ്പോകുന്നു. ആ നാടകവും എന്റെ വേഷവും എനിക്കു വേണ്ടി ദൈവം ഒരുക്കിയതാണെന്ന്. ഇതു പറയുമ്പോൾ സാനിച്ചന്റെ കണ്ണുനിറഞ്ഞത് ഞാൻ കണ്ടു. സ്നേഹദൂത് ഒരു വെറും നാടകം മാത്രമായിരുന്നില്ല ആ കലാസൃഷ്ടി കൊളുത്തി വച്ച വെളിച്ചവും വ്യത്യസ്തമായിരുന്നു. കല ഒരനുഭവമാണ് ആ അനുഭവമെന്തെന്ന് ഒരാൾക്കും വാക്കുകൾ കൊണ്ടു കോറിയിടാനാവില്ല. വിശുദ്ധ ചാവറയച്ചന്റെ ജീവിതം ഒരു കലാസൃഷ്ടിയിലൂടെ അനുഭവിച്ചവർ ഭാഗ്യവാന്മാർ അതിൽ ഞാനുമുണ്ടല്ലോ എന്നോർക്കുമ്പോൾ ഒരു നനുത്തകാറ്റ് എന്നെത്തഴുകുന്നോ എന്നൊരു തോന്നൽ.


Monastery Church





# ചാവറചരിതം ഓട്ടൻതുള്ളൽ

## രചന: നെട്ടറവർഗ്ഗീസ്

പരമപിതാവിന്റെതിരുസുതനമലൻ
പുരഗുണനമലൻകരുണാനിലയൻ
സുരലോകാധിപനാദിപിതാവേ
നരരക്ഷകനേദൈവകുമാരാ-
പരമപിതാവിന്റെ വത്സലസുതയെ
സുരപുരറാണീ അമലോത്ഭവയെ
നരനായവനിയിൽ വന്നു പിറന്നൊരു
തിരുസുതാനനീ നരകുലതായേ
നരനായ് ധരണിയിൽ വന്നുപിറന്നൊരു
പരിപാവനമാം ചരിതം കേൾക്കാൻ
പെരുകി പരിചൊടുമുഖവെണ്മതിയിൽ
ചിരിയുംതൂകിയിരിക്കും ജനമേ
തിരുവവതാരപെരുമകൾ മുഴുവൻ
പറവാൻ വിരുതിയൊരുവനുമില്ല
ശരിയായ് ചാവറ ചരിതം പാടാൻ
വിരവിൽ താണുവണങ്ങീടുന്നേൻ
മറിയാംബികതൻ തിരുസുതനായ
കരകമലത്തിലമർന്നിടുമുണ്ണി
ജീവിതശുദ്ധി വളർത്തിയെടുപ്പാൻ
ഭാവിയിൽസുരസുഖശാന്തിലഭിപ്പാൻ
ആയിട്ടിതിലെ ചരിതം ലളിതമ
തായിട്ടിന്നിഹചൊല്ലീടുന്നേൻ
ഇക്കഥഭക്ത്യാചൊല്ലുന്നോർക്കും
സൽക്കഥകേട്ടുപഠിക്കുന്നോർക്കും
നീക്കികൂടാതരുളും ദൈവം
സൽഗതി ശാന്തത മുക്തിയുമെന്നും

കായലിൻകളകളംഗീതമായ് കേൾക്കയും
ശീതളഛായയിൽ ജലസഞ്ചയങ്ങളും
കൈവഴികളാൽ കിഴക്കൻ വെനീസുമായ്
എങ്ങും സൗന്ദര്യമിഴചേർന്നു നിൽക്കുന്ന
ആലപ്പുഴജില്ലയിലെ കൈനകരിയിൽ
ചാവറകുടുംബത്തിൽ ജനിച്ചിതൊരുബാലൻ.
അന്നൊരുനാളിലാഭക്തനായ് ശുദ്ധനായ്
പുരുഷവർഗ്ഗത്തിൽ നന്മസംപൂർണ്ണനായ്

ഏറ്റം വിനീതനായ് നാട്ടാർക്കുനേർവഴി
കാട്ടീവസിക്കുന്ന കുലീന ജീവിതം
കുര്യാക്കോസ്സെന്നുള്ള ധന്യനുമേറ്റവും
പാവനശീലയാം മറിയയ്ക്കുമായിതാ
ആറാമൻ പുത്രനായ് സുന്ദരഗാത്രനായ്
സീമയറ്റേറ്റവുംശാന്ത ശാലീനനായ്
കുര്യാക്കോസ്സെന്നുള്ള പാവനപേരിനാ
ലെങ്ങും പ്രശസ്തിവന്നിരുബാലനും
സ്നേഹസമ്പന്നരാമച്ഛനുമമ്മയും
നല്ല സ്വഭാവത്തിൽചിട്ടപ്പെടുത്തിയും
അമ്മയിൽക്കൂടെ തൻദൈവത്തകാൺകയും
അമ്മ പഠിപ്പിച്ചപ്രാർത്ഥനചൊല്ലിയും
പൈതലാം കാലത്തിൽ പോറ്റിവളർത്തുവാൻ
അയ്യംകൂടതെ നീ തന്നുമാതാവിനെ
അന്നവൾക്കു നീ നൽകിയ സ്നേഹത്താൽ
അമൃതപാനം നീ തന്നുവളർത്തുമ്പോൾ
അതിനോട് കലർത്തിതൻ നാമജപങ്ങളും
അപ്പോൾ തന്നെ ഗ്രഹിപ്പിച്ചു തന്നവൾ
ജ്ഞാനസ്നാനം ഒട്ടുകേമത്തിൽക്കൂടുവാൻ
മേളത്തിലെല്ലാം നടക്കുന്ന കാലത്ത്
തോപ്പിൽ കുടുംബവും പകലോമറ്റവും
ഏറെ അടുപ്പത്തിൽ കഴിയുന്ന കാലത്ത്
രണ്ടുകുടുംബക്കാർ ഉറ്റവർ സ്നേഹിതർ
സ്നാനം വിപുലമായ് ഏൽക്കണമെന്നങ്ങ
കൈക്കൊണ്ടു ചേണാർന്ന ആലോചനകളും
തക്കത്തിൽ പാർത്തങ്ങൊരുക്കം തുടങ്ങവെ
നാളെക്കഴിയെ വരാനായ് കല്പിച്ച്
ആളെവിളിച്ചു കുര്യാക്കോസ് മറിയവും
പിറ്റേന്ന് രാവിലെ ചേന്നങ്കരി പള്ളിയി
ക്കൊച്ചിനെ കാണാൻ ഉറ്റവരെത്തിയും
നാട്ടുവഴികളിൽനിച്ചിരിയിച്ചിരി
നേറ്റിയുണ്ണാച്ചിയും മാലിനിപ്പെണ്ണുമായ്
താളിയുന്നേച്ചിയും മിട്ടിച്ചിയച്ചിയും
കുഞ്ഞിയുകുഞ്ഞാണുംങ്കഞ്ഞുമാണിക്യവും
കുഞ്ഞുമാതേവിയും കിഴവികല്യാണിയും
നാണിയുന്നീലിയുന്താലുവുമ്മാലുവും
കഷ്ടമയ്യോ ചോറു കിട്ടുമെന്നോർത്തിട്ട്
ആട്ടങ്ങളാടി നടക്കുന്നിതു ചിലർ
കുറിച്ച് പ്രണിയെത്താഞ്ഞുവെറുത്തു
കൊണ്ടൊരുനാരി
പുറത്തോട്ടങ്ങിടയിടെ മറഞ്ഞുനിന്നു നോക്കുന്നു
പന്തണികൊങ്കമാരൊക്കെ ഈ കുഞ്ഞിനെ
കാണുവാൻ വെമ്പൽ കൊണ്ടു, നിന്നങ്ങു
പള്ളിയിൽ
ഒട്ടുവെളുക്കുമ്പോളമ്മയും ബാലനെ
തെറ്റെന്നുകാലും മുഖവും കഴുകിച്ച്
കായാംമ്പുതന്നുടെ കാന്തികലരുന്ന
കായവുമ്മായ മില്ലാത്ത വിലാസവും
ചെന്തളിരൊത്തൊരുപാണിപാദങ്ങളും
ചന്തത്തിൽവന്നു പരന്നൊരു നെഞ്ചകം
ആമോദമോടങ്ങു കണ്ടൊരുനാരിമാർ
ഹന്തഹന്താനന്ദ വാരിയിൽ മുങ്ങിനാർ
ബാലനെ ക്കണ്ടറിഞ്ഞീലെടീ നിന്റെ
മുക്കവനുണ്ടതും കണ്ടുഗ്രഹിച്ചു ഞാൻ
മറ്റൊരു സ്ത്രീ മെല്ലെ നോക്കിക്കാൺകവെ
തേജപ്രഭാവിലാസം മുഖത്തെങ്ങു-
കാൺകെ പതുക്കെ പറഞ്ഞുതുടങ്ങുന്നു
ഇന്നിവൻ ബാലനെന്നാകിലും കാൺകയാൽ
നാളത്തെ നാടിന്റെ വെന്നിക്കൊടിപാറും
ഇങ്ങനെകാര്യം പലരും പലവിധ

മംഗനമാരുപറഞ്ഞുതുടങ്ങി
അഞ്ചാം വയസ്സിലെഴുത്തിനിരുത്തിയും
ഏഴാം വയസ്സിൽ കുമ്പസാരവുമായി
കുർബാന കൈക്കൊണ്ട് സംയമനത്തോടെ
കൂട്ടുകാരോടൊത്തുകളി ചിരികാട്ടിയും
ചാലെവരുന്നൊരു ചങ്ങാതിമാരോട്
പള്ളിമുറ്റത്തിരുന്ന് കളിക്കയും
കഞ്ഞഞ്ചിരട്ടയിൽ പൂഴിനിറച്ചിട്ട്
കണ്ണും തുളച്ചങ്ങുയർത്തിപ്പിടിക്കയും
മണ്ണുപൊഴിയുന്നത് കണ്ടുരസിക്കുകയും
മറ്റൊരുബാലന്റെ കണ്ണില്പതിക്കയും
കുഞ്ഞിന്റെ രോദനം കണ്ടിട്ട് അമ്മയും
മറിയവുമായങ്ങുവഴക്കിട്ടു നിൽക്കുമ്പോൾ
കുട്ടികൾ രണ്ടും മാറിക്കളിക്കുന്നു.
അവർക്കൊട്ടു വൈരാഗ്യബുദ്ധിയുമില്ലാതെ
നിർമ്മലമാനസം തൊട്ടുനോവിക്കാതെ
അമ്മമാർ വിവേകം കാട്ടി നിന്നീടണം
മണ്ണിരംകൊണ്ട് നീളെ വരക്കയും
മണ്ണപ്പം ചുട്ടങ്ങ് എടുത്തുകൊടുക്കയും
മെച്ചത്തിൽ നല്ലൊരു പൂഴിച്ചോറുണ്ടാക്കി
കൊച്ചുങ്ങൾക്കെല്ലാം വിളമ്പിക്കൊടുക്കയും
ആ ച്ചെളിമേളിച്ച് മേനി വിയർക്കയും
കച്ചഎടുത്തങ്ങുമേനിതുടയ്ക്കയും
താച്ചനുകൊച്ചനു കൊട്ടിച്ചികേളനും
കോന്നനുന്നനുകുഞ്ഞുനാറാണനും
രാമനുന്താമനും കേളനുങ്കലനും
കോരനുങ്കോന്തനുമുണ്ടനുങ്കണ്ടനും

ഈച്ചരമ്പുച്ചരൻ കാക്കരൻശേഖരൻ
പങ്ങനുങ്കൊങ്ങനും ഇട്ടിയുണ്ണാമനും
ഇട്ടുണ്ണിജാമനു ന്താമരാക്ഷനും
ഇരുപത്തിരണ്ടു കിടിങ്ങളോടൊന്നിച്ച്
കെല്പോടുമെല്ലെ ക്കളിപ്പതിന്നന്തികേ
മറിയം തിരക്കി തൻബാലനെ കാണുകയും
ചിക്കെവിടുന്ന് കൊണ്ടുപോയീടിനാർ..
ഒന്നല്ലരണ്ടല്ല യേഴോളം ഭാഷകൾ
സ്വായത്തമാക്കി കുര്യാക്കോസ് ബാലനും
മല്പാന്റെകീഴിൽ സെമിനാരിയിൽ ചേർന്നു
വേദങ്ങളെല്ലാം ഹൃദിസ്ഥമാക്കീടുവാൻ
മെത്രാനിൽനിന്നങ്ങു പൗരോഹിത്യവും
ചേന്നങ്കരി പള്ളിയിലാദ്യ ബലിയുമായ്
സന്യാസസഭക്കങ്ങ് തുടക്കം കുറിച്ചതും
സന്യാസവേലയ്ക്കായ് സമയമൊഴിഞ്ഞതും
വയസ്സങ്ങിരുപത്തിനാലുകഴിഞ്ഞുടൻ
സ്വീകാര്യമായിതു പൗരോഹിത്യവും
പട്ടക്കാർക്കങ്ങു ഗേഹമില്ലാത്തതും
ദർശനവീടിനായ് ചിത്തം തുടിച്ചതും
അനുവാദവും കിട്ടിധർമ്മക്കടലാസും
ഒപ്പിട്ടു കൈമാറിയിരുന്നൂറ് രൂപയും
പുളിങ്കുന്ന് കുരിശുപള്ളിയിൽ വലിയൊരു
ധ്യാനപ്രസംഗമച്ചൻ നടത്തീട്ട്
നല്ലൊരുവരുമാനമതിൽ നിന്നു വരവായി
മോഹത്താൽ കൊച്ചൊരു പള്ളിപണിയണം
മാന്നാനംകുന്നിൻമുകളിലായ് നല്ലൊരു
കുരിശുപള്ളിയൊന്നു പണിയാനായിട്ട്
പകലന്തിയോളം മലതെളിച്ചുകൊണ്ട്
രാത്രിയിലതിരമ്പുഴയ്ക്കങ്ങെത്തിയും
രാവിലെ കുർബാന അർപ്പിച്ചതിൽ പിന്നെ
മാന്നാനത്തേക്ക് യാത്രതിരിക്കലും
കോട്ടയത്തുള്ളൊരു അച്ചുക്കൂടം കാണാൻ
ചാവറയച്ചനും കുസാതെപോയപ്പോൾ
ഒട്ടുമനുവാദം നൽകിയതുമില്ല.
ആശക്ക് നല്ലൊരു കോട്ടവുമുണ്ടായി
വേറിട്ടൊരു പ്രസ്സും കാണാനിടയായി
മരംകൊണ്ട് നല്ലൊരു പ്രസ്സും നിർമ്മിച്ചു
പാണ്ടിക്കാരനാം നല്ലൊരു തട്ടാനും
അക്ഷരങ്ങളങ്ങ് വാർത്തുകൊടുക്കയും
കടലാസ്സുമ്മഷിയും ഏറെകരുതിയും
പ്രാർത്ഥനാപുസ്തകമച്ചടിയിലാക്കി

വിശുദ്ധനായൊരു സന്യാസിഷ്ഠനും
ആദർശധീരനാം ചാവറ കുര്യാക്കോസ്
വിശ്വാസം, ശരണം, സ്നേഹമെന്നമൂന്ന്
കാര്യങ്ങൾ മെല്ലെയുട്ടിയുറക്കിയും
ഏറെ പ്രഥമനാം നവോത്ഥാന നായകൻ
നായകർക്കും മുമ്പേ ജീവിച്ചിരുന്നൊരാൾ
എല്ലാവിഭാഗം ജനങ്ങൾക്കുമായിതാ
വിദ്യാലയങ്ങളേറെതുറക്കയും
വിദ്യാഭ്യാസമൊട്ടുസാരത്രികമാക്കി
പള്ളിയോടുകൂടി പള്ളിക്കൂടങ്ങളും
പിടിയരി പ്രസ്ഥാനമേറെപ്രചാരമായ്
സാധുവിദ്യാർത്ഥികൾക്കു ഭക്ഷണം നൽകിയും

സ്ത്രീശാക്തീകരണം ചിന്തയിൽ
വന്നതുംസാർവ്വത്രികമാക്കി സ്ത്രീ വിദ്യാഭ്യാസവും
ബോർഡിങ്ങ് സൗകര്യമന്വർത്ഥമാക്കിയും
ആതുരാലയങ്ങൾ രോഗികൾക്കായിട്ട്
വൃദ്ധസംരക്ഷണംപ്രത്യേകം നൽകിയും
വൃദ്ധരിൽ വേറിട്ട് ശ്രദ്ധ കൊടുക്കയും
ഇന്നുനാം കാണുന്നസഹകരണപ്രസ്ഥാനം
ചാവറയച്ചന്റെ പ്രത്യേകസൃഷ്ടിയാം
കത്തോലിക്ക സഭയിൽ പുനരൈക്യത്തിനായ്
യത്നത്തിൽ പൂണ്ടതാം ചാവറയച്ചനും
വരുമാനത്തിന്റെ യഞ്ചുശതമാനം
നൂറ്റിക്കഞ്ച് പേരിനാൽ അറിയുന്നു.
ദേവാലയത്തിന്റെ ചെലവുകൾക്കായിട്ട്
ഒരുതേങ്ങ എന്ന കെട്ടുതെങ്ങ് പദ്ധതി
അച്ചനുമാസൂത്രണം ചെയ്തുകണ്ടതാം
ധ്യാനസല്ലാപങ്ങളിലിന്നു നാം കാണുന്ന
ദൈവത്തെ അപ്പാ സംബോധനംചെയ്തും
ഇടയനാടകങ്ങളും ഖണ്ഡകാവ്യങ്ങളും
അനസ്താസ്യയയുടെ രക്തസാക്ഷ്യവും
ആ മഹാനുഭാവനെ കണ്ടറിഞ്ഞീടാനായ്
ജാലകമൊന്നൊന്നായ് തുറന്നുവച്ചീടണം
നാല്പതുമണിയാരാധനയ്ക്കായി
ഈമട്ടപ്പോൾ പാവിട്ടവിടെ
പരിശുദ്ധമാതാവിന്റെ മാസവണക്കവും
പതിമൂന്നുമണിയാരാധനയുമായ്
യൗസേപ്പിതാവിന്റെ നന്മരണസഖ്യത്തിൽ
തുടക്കക്കാരനാം ചാവറ കുര്യാക്കോസ്

മാരിയ ഭക്തനും തിരുകുടുംബഭക്തനും
ദിവ്യകാരുണ്യത്തിൽ കറയറ്റഭക്തനും
പാപം ചെയ്യാത്തൊരുനാളുകളിലങ്ങ്

പാപബോധത്തോടെ ജീവിച്ചവ്യക്തിയും
ചാവറയച്ചന്റെ ആത്മാനുതാപവും
ദൈവത്തെദർശിച്ചിരുന്നതാം ദിവ്യനും
ഞാൻ മരിച്ചാലുമീ കടലാസ് മരിക്കില്ല
ചാവരുളിനെപ്പറ്റിയൂന്നിപ്പറകയും
കാലം വിളിച്ചോതും മാധുര്യമൂറുന്നൊരു
പ്രിയോർമാമ്പഴം ഏറെ പ്രചാരമായ്
പാറായിതരകന്മാരച്ചനന്നേകിയ
മാമ്പഴത്തിന്റെവിത്തുവീണുകിളിർത്തപ്പോൾ
കൂനമ്മാവിലെ സ്നേഹലാളനം കൊണ്ട്
വീണ്ടും വളർന്ന്സിദ്ധിച്ചുമാമ്പഴം
മാമ്പഴം തിന്നിട്ട് നട്ടുവളർത്താനും
മറ്റുള്ളവർക്ക്പകർന്ന് കൊടുക്കാനും
നല്ലുപദേശം നൽകിയയച്ചനെ
പ്രിയോർ മാമ്പഴം എന്നുംസ്മരിക്കയാം
പെണ്ണാപറമ്പിൽ ജോസഫ് തോമസിന്റെ
മുടന്തങ്ങ് മാറ്റിനേരേനടത്തിയും
വിശുദ്ധ അൽഫോൺസാമ്മതൻ രോഗത്തെ
ചാവറയച്ചൻ സൗഖ്യമാക്കിക്കൊണ്ടും
കൊട്ടാരത്തിലങ്ങ്, ജോസും മേരിയും
ഏറെനാൾ കാത്തങ്ങ് കിട്ടിയ കുഞ്ഞിന്
ലോകത്തെ നേരെ കാണാൻകഴിയാതായ്
കൃഷ്ണമണി പകുതിയിൽ ചലനമില്ലാതെയും
പകുതിയാണെങ്കിലോമൂക്കിന്റെയൊക്കത്തും

ശസ്ത്രക്രിയയിലോ ഫലമില്ലകാൺകയാൽ
നൊവേനയുടെ മൂന്നാന്നാളിലായ്മരിയയെ
കബറിടത്തിൽ പോയിപ്രാർത്ഥന ചൊല്ലിയും
എട്ടാം ദിവസത്തെ നൊവേന ചൊല്ലി
സ്തുതികൊടുക്കാനായി മരിയയെത്തുമ്പോൾ
വിടർന്ന കണ്ണുകളാൽ വ്യക്തമായി കാണുന്നു
ചാവറയച്ചന്റെ വിശുദ്ധമാം തിളക്കവും
അന്നവൾ പാലാസെന്റ് തോമസ് സ്കൂളിൽ
ആറാംതരത്തിൽമിടുക്കിയാം വിദ്യാർത്ഥി
കണ്ടവരത്ഭുതസംഭവമാർന്നവർ
വിണ്ടലചാവറനാഥനെ വാഴ്ത്തി
നിർഗതയാതൊരുമരിയമോൾ ജോസും
സ്വർഗ്ഗകവാടം കണ്ടതുപോലെ
പള്ളിപ്പുറത്തെത്തിദുഃഖകരവാർത്തകൾ
പകർച്ചവ്യാധിയാൽ മാതാപിതാക്കളും
ഏകനാം സോദരൻ മരണപ്പെട്ടിട്ട്
ആൺതരിയായി ആരുമേയില്ലാതെ
അന്യംനിന്നുപോം തന്റെ കുടുംബവും

അന്യംനിന്നു കുടുംബം തകരാതെ
പട്ടമുപേക്ഷിച്ചുവീട്ടിൽ വന്നീടണം
സംയമനത്തോടെല്ലാം ശ്രവിച്ചിട്ട്
ശാന്തതായലങ്ങുത്തരം നൽകിയും
കർത്താവാണിന്നെന്നുടെയോഹരി
പിന്തിരിയാനില്ലദൈവികപാതയിൽ
മാറ്റവും വാങ്ങിയടുത്തുള്ള പള്ളിയിൽ
ഓതിപോൽ കാര്യങ്ങൾ പെങ്ങൾക്കുമളിയനും
ജ്യേഷ്ഠന്റെ മക്കളെയൂട്ടി വളർത്തണം
ഉത്തരവാദിത്തമാർക്കങ്ങ് നൽകണം

അന്നൊരുനാളിൽ പേറിപുറപ്പെട്ടു
പട്ടത്തിനൊരുങ്ങിയമ്മമ്മാരെയും
അഞ്ഞൂറ്റിക്കാരു മെഴുന്നൂറ്റിക്കാരുമായ്
തർക്കത്തിൽ മനംനൊന്ത് മനസ്സ് മടുത്തിട്ട്
തിരികെപൊകാൻ നിൽക്കുന്ന നേരത്ത്
ആഞ്ഞൂറ്റിക്കാർ കൂടുതലുള്ളാരു
ആർത്തുങ്കൽ പള്ളിയിൽ മെത്രാൻ വസിക്കണം.
അറുപത്തിയാറു, വയസ്സായിയച്ചന്
കിടപ്പിലായിട്ട് മാസങ്ങൾ മൂന്നായി
ആനന്ദത്തോടെതന്നന്ത്യദിനങ്ങളെ
കുമ്പസാരിച്ചും കുർബാന കൈക്കൊണ്ടും
മുൻപെങ്ങും കാണാത്ത ഭൂഷണം കൈവന്നു
ഓക്കാനവുമ്പിന്നെ ഛർദ്ദിയും കണ്ടുടൻ
അന്ത്യകൂദാശക്ക് തൊട്ടങ്ങ് മുമ്പായി
ചാവരുൾകേൾക്കാനുമാശീർവാദത്തിനും
വെമ്പിവിതുമ്പി നിൽക്കുന്നു സങ്കടം
കരഞ്ഞുകൊണ്ടങ്ങിരുന്നു ചിലരൊക്കെ
ആഗ്രഹം പോലെ തലയൊന്നുയർത്തിയും
കിടക്കയിൽ കിടന്ന സംസാരവുങ്കൊണ്ടു
ഒരുനാൾ ജനിച്ചാലൊരുനാൾ മരിക്കണം
സമാഗതമായിതു എന്റെ സമയവും
സംസാരം നിർത്തിയും വാഴ്വിനപേക്ഷിച്ചും
ബുക്ബേ ചൊല്ലിയുമാശീർവദിക്കയും
യാത്രക്ക് സമയമടുത്തെന്നറിഞ്ഞുടൻ

ഒപ്രീസുമായിയാഗ്രഹം കൊണ്ടങ്ങ്
അന്ത്യകൂദാശകൊടുക്കുന്നതിൻമുൻപ്
ഛർദ്ദിയും ഓക്കാനമാവർത്തനം കണ്ടു
മയക്കവും ബോധവും മാറിമറിഞ്ഞു മായ്
ഈശോമറിയമൗസേപ്പേ എന്നുള്ള
സുകൃതജപങ്ങൾ മെല്ലെയുരുവിട്ടും
സമാധാനത്തിലായ് നിത്യവിശ്രമം കൊണ്ടു

ദൈവതൃക്കരങ്ങളിലാത്മാവു സമർപ്പിച്ചു.
മരണമണിയൊന്നുകേട്ടതാം നിമിഷത്തിൽ
നാനാദിശയിലായ് വിശ്വാസികളെത്തി
ഉച്ചയ്ക്കുമുന്നാലെ നാലാം തീയതിയിൽ
ആളുകളെക്കൊണ്ട് നിറഞ്ഞിതുപള്ളിയിൽ
വീണിതു ഇന്നുമലയാളത്തിന്റെ കൊടി
യെന്നങ്ങ്കത്തനാർ പ്രസംഗം ചൊല്ലിയും
മൃതദേഹംവേഗത്തിലായതൊരുക്കിയും
കുർബാനകൂപ്പായമണിയിച്ച് മഞ്ചത്തിൽ
കിടത്തികുര്യാക്കോസ്സേലിയാസച്ചനെ
കാർമ്മലിത്തസഭയുടെയടിസ്ഥാനക്കാരനെ
പട്ടക്കാർക്കും പിന്നെ സന്യാസിമാർക്കുമായ്
മാതൃകകാട്ടിയ ചാവറയച്ചനെ
കൂനമ്മാവിലെ വിശുദ്ധ ഫിലോമിന
ദേവാലയത്തിൽ വലിയ മദ്ബഹാക്ക്
താഴേഅഴിയോടു ചേർത്തങ്ങ് പള്ളിയുടെ
മദ്ധ്യത്തിലായങ്ങ് കബറടക്കം ചെയ്തു.
കൂനമ്മാവിൽനിന്നു ഭൗതികശരീരം
മാന്നാനത്തേക്ക് കൊണ്ട് പോയെന്നതും
ആളുകൾ നിത്യേനദർശനം കൊള്ളാനായ്

മാന്നാനത്തേക്കങ്ങ്പോയിവരുന്നതും
ചാവറയിൽ നാം ദർശിക്കും പുണ്യങ്ങൾ
ഏവർക്കുമിന്ന് അനുഗ്രഹംകൊള്ളട്ടെ കേരളം
കണ്ടതിലേറ്റവും വലിയൊരു
ആത്മീയഗുരുവാം, ചാവറ കുര്യാക്കോസ്
ഫ്രാൻസിസ് പാപ്പപേരു വിളിച്ചതും
എന്നെന്നും നാമോർക്കുമാറായതും
ഓഗസ്റ്റ്പതിനഞ്ചാം, ദിനം ചാവറ

വർഷമായ പ്രഖ്യാപിതമായതും
ജാനുവരി മൂന്നാം ദിനത്തിലായ് നാമിന്ന്
ചാവറതിരുനാളായാഘോഷംകൂടുന്നു.
വിശ്വാസം, ശരണം, സ്നേഹമെന്ന
മൂന്ന് ഗുണങ്ങളും കാലോചിതമായി
ചാവറകുര്യക്കോസ്സലിയാസച്ചൻ
ഓതിയതെന്തും മാതൃകയാകട്ടെ
ഇക്കഥ ഭക്ത്യാചൊല്ലുന്നോർക്കും
സൽക്കഥകേട്ടു പഠിക്കുന്നോർക്കും
നീക്കിക്കൂടാതരുളും ദൈവം
സൽഗതിശാന്തതമുക്തിയുമെന്നും
മംഗളമിക്കഥകഥനം ചെയ്താൽ
മംഗളമായ് വരുമഖിലജനാനാം
യേശുദേവ...... യേശുദേവ.....
യേശുദേവ..... നമോ നമോ





**ബേബിച്ചൻ എർത്തയിൽ**

# ചാവറ പിതാവിന്റെ പിന്നാലെ... പതിറ്റാണ്ടുകൾ

**കവിയും സാഹിത്യകാരനുമൊക്കെയായ ചാവറയച്ചന്റെ ചിത്രം എന്തുകൊണ്ട് സാഹിത്യ അക്കാദമി ഗാലറിയിലില്ല? മനസിൽ ഒരാശയം മുളയെടുത്താൽ അത് പ്രവൃത്തിപഥത്തിലെത്തിക്കുവാൻ ചെറിയ ഒരു ശ്രമമെങ്കിലും നടത്തണമല്ലോ?.**

കേരളത്തിന്റെ ഭൂമികയിലേക്ക് പിറന്നുവീണ ആനശ്വര പ്രതിഭ... ആറു പതിറ്റാണ്ടിന്റെ കർമ്മപഥങ്ങളിലൂടെ നന്മയുടെ വിത്തുകൾ വാരിവിതച്ച, സമസൃഷ്ടി സ്നേഹത്തിന്റെ ആൾരൂപം... പെയ്തൊഴിയാത്ത മഴ മേഘം പോലെ മനസ്സിൽ സ്നേഹം നിറച്ച വൈദിക ശ്രേഷ്ഠൻ. പത്തൊൻപതാം നൂറ്റാണ്ടിൽ കേരളത്തിലെ സാമൂഹ്യപരിഷ്കർത്താവ്, സഭാധികാരി, സാഹിത്യകാരൻ, കവി. സാംസ്കാരിക നവോത്ഥാരകൻ, ദളിത് സ്നേഹി – തുടങ്ങി വിവിധ തലങ്ങളിൽ സജീവത പുലർത്തിയ ചാവറയച്ചൻ... ആകാശ മേലാപ്പിൽ നിന്നും അടർന്നു വീണ ഒരപൂർവ്വ നക്ഷത്രം... നൂറ്റാണ്ടുകൾക്കിടയിൽ ഒരു ചരിത്ര സത്യംപോലെ അത്യപൂർവ്വ ജന്മം... ഇനിയൊരു ജന്മംകൊണ്ട് ആർക്കും ചെയ്തു തീർക്കാനാവാവത്ത സത്കർമ്മങ്ങളുടെ മഹാ സംഭവങ്ങളിലൂടെ ചരിത്രം സൃഷ്ടിച്ച ഈ യുഗപുരുഷനെ ദൈവം തന്റെ മാറോടു ചേർത്തു പുൽകി. ധന്യനായി... വാഴ്ത്തപ്പെട്ടവനായി.. വിശുദ്ധനായി..'

അക്ഷരങ്ങളെ സ്നേഹിച്ചിരുന്ന സ്മര്യപുരുഷൻ, അക്ഷരം കൊണ്ട് വിപ്ലവം സൃഷ്ടിച്ച് മലയാളത്തിലെ ആദ്യത്തെ അച്ചടിയന്ത്രം സ്വന്തം കൈകളാൽ നിർമ്മിച്ചു; വൃത്താന്തങ്ങളറിയുവാൻ മാന്നാനം കുന്നിൽ നിന്നും ''നസ്രാണി ദീപിക' പത്രവും ആരംഭിച്ചു. മലയാള ഭാഷയിൽ ആദ്യമായി ഖണ്ഡകാവ്യമെഴുതിയ ഈ സാഹിത്യ പ്രതിഭ 22 ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്.. പത്തോളം ഇടയ നാടകങ്ങൾ– എക്ലോഗുകൾ... എഴുതി. മലയാളത്തിലെ ആദ്യത്തെ നാടകകൃത്ത് എന്ന അതുല്യ ബഹുമതിയും സ്വന്തമാക്കി.. മരിക്കാത്ത കടലാസ് എന്ന ചാവുരുൾ, കേരള സഭക്കു ലഭിച്ച അനർഘരത്നമാണ്. ഇറ്റാലിയൻ, പോർട്ടുഗീസ്, ഇംഗ്ലീഷ്. തമിഴ്, സംസ്കൃതം, സുറിയാനി ഭാഷകളിൽ നിപുണനായിരുന്ന ഈ സന്യാസി... വിദേശഭാഷകളിൽ നിന്നും മലയാളത്തിലേക്കു ഗ്രന്ഥങ്ങൾ ഭാഷാന്തരം ചെയ്തു. 19–ാം നൂറ്റാണ്ടിൽ ചാവറയച്ചന്റെ ഭാവനയിൽ നിന്നും വിടർന്ന നിരവധി സാഹിത്യ കുസുമങ്ങൾ സുഗന്ധവാഹികളായി... കത്തോലിക്കാ പ്രസിദ്ധീകരണങ്ങൾക്ക് അടിസ്ഥാനമായി.....

കേരള സുറിയാനി സഭയുടെ പരമാദ്ധ്യക്ഷൻ എന്ന നിലയിൽ പള്ളിയൊടൊപ്പം പള്ളിക്കൂടങ്ങളും തുടങ്ങണമെന്ന കല്പന വൈജ്ഞാനിക മണ്ഡലത്തിൽ ഒരു പുതു വിപ്ലവം സൃഷ്ടിക്കുന്നതിനുള്ള വിത്തുപാ

കലായിരുന്നു. സമൂഹത്തിലെ ദുർബലരും പീഡിതരുമായ ആളുകളുടെ മോചനത്തിന് അവിരാമം ശ്രമിച്ച ഈ ദളിത് ബന്ധു അവർക്കുവേണ്ടി സ്കൂളുകൾക്കു തുടക്കം കുറിച്ചു... പാവപ്പെട്ട കുട്ടികൾക്ക് ഉച്ചക്കഞ്ഞി നൽകി വളർത്തി... ആദ്യത്തെ സംസ്കൃത പാഠശാലയും സ്ഥാപിച്ചു. സി.എം. ഐ, സിം.എം.സി, സഭകൾ സ്ഥാപിച്ചുകൊണ്ട് കേരളത്തിലെ ആദ്യത്തെ രണ്ടു തദ്ദേശീയ സന്യാസസമൂഹങ്ങൾക്കു നേതൃത്വം കൊടുത്തു. കേരളസർക്കാരും കേന്ദ്രസർക്കാരും അദ്ദേഹത്തെ ആദരിച്ചു. എഴുതിയാൽ ഒതുങ്ങാത്ത പ്രവർത്തനമേഖലകൾക്കു വിസ്താരഭയത്താൽ വിരാമം കുറിക്കുന്നു....

എന്റെ അമ്മ എപ്പോഴും പറഞ്ഞിരുന്ന ഒരു കാര്യമുണ്ട്. "ളോഹയിട്ടവരെ കണ്ടാൽ പിന്നെ ബേബിച്ചനു കപ്പയും ചോറുമൊന്നും വേണ്ട. കാരണം വീട്ടിലെ മിക്കവാറുമുള്ള വൈദീകരുടെ സാന്നിദ്ധ്യവും തൊട്ടടുത്തുള്ള അന്നത്തെ കൊവേന്തപള്ളിയും" അച്ചന്മാരും. ചെറിയ മനുഷ്യരായിരുന്നില്ല അവരാരും. ഫാ. അംബ്രോസിസ്, ഫാ. വില്യം, ഫാ. തിയോഡോഷ്യസ്, ഫാ. എമ്മാനുവേൽ തെള്ളിയിൽ, ഫാ. മാത്തൂസ് തുടങ്ങിയ സി.എം. ഐ. വൈദീകർ അമ്മാച്ചൻ ഫാ. ഏ.സി. ഈപ്പൻ അയലൂപ്പറമ്പിൽ പേരപ്പൻ ഫാ. ജേക്കബ് ഏർത്തയിൽ ജ്യേഷ്ഠസഹോദരൻ, ഫാ. തോമസ്, തുടങ്ങിയ വൈദീക ശ്രേഷ്ഠന്മാർ... ചാവറയച്ചൻ എന്ന സമാനതയില്ലാത്ത ഭാരതീയ സന്യാസ വൈദികനെക്കുറിച്ച് അറിയാനും കേൾക്കാനും കാരണക്കാരാണിവർ....

അഡ്വ. ഫാ. ഫ്രാൻസിസ് വള്ളപ്പുര സി.എം.ഐ അച്ചനെ മാന്നാനത്തു വച്ചു കണ്ടപ്പോൾ അദ്ദേഹം തയ്യാറാക്കുന്ന ഗ്രന്ഥത്തെപറ്റി പറഞ്ഞു. "ചാവറയച്ചന്റെ എക്ലോഗുകളാണ് പ്രധാന വിഷയം എങ്കിലും ബേബിച്ചന്റെ ഒരു ലേഖനം വേണം. ബേബിച്ചനും ഒരു നാടകക്കാരനാണല്ലോ, വിശുദ്ധ ചാവറ പിതാവിന്റെ എണ്ണച്ഛായാ ചിത്രം കേരള സാഹിത്യ അക്കാദമിയിൽ സർക്കാരിനെക്കൊണ്ട് സ്ഥാപിപ്പിക്കാൻ ബേബിച്ചൻ നടത്തിയ പരിശ്രമങ്ങളും സാഹചര്യങ്ങളും ചാവറയച്ചനുമായി ബന്ധപ്പെട്ട മറ്റു കാര്യങ്ങളും ഉൾക്കൊള്ളിക്കാം. ബഹു. വള്ളപ്പുരയച്ചന്റെ പ്രോത്സാഹനം ഇരട്ടി മധുരമായി.....

ബ. അച്ചൻ യൂറോപ്യൻ രാജ്യങ്ങളിൽ യാത്രചെയ്ത് എക്ലോഗുകളെപ്പറ്റി ഗവേഷണം നടത്തി പ്രസിദ്ധീകരിച്ച മനോഹരമായ ഇംഗ്ലീഷ് ഗ്രന്ഥം ഒരു പക്ഷേ മലയാള ഭൂമികയിൽ ആദ്യത്തേതായിരിക്കണം. അഭിനന്ദനങ്ങൾ അർഹിക്കുന്ന ഗ്രന്ഥമാണത്. അച്ചന്റെ ഗവേഷണങ്ങൾ ഇനിയും തുടരട്ടെ.

കലയും കവിതയും സാഹിത്യവുമൊക്കെ പണ്ടുമുതലേ നവോത്ഥാന നായകരുടെ മുഖമുദ്രയായിരുന്നു. Arts എന്ന ലത്തീൻ പദത്തിൽ നിന്നാണ് Art എന്ന ഇംഗ്ലീഷ് പദമുണ്ടാകുന്നത്. നൈപുണ്യം, കഴിവ്, എന്നൊക്കെയാണ് 'കല' എന്ന മലയാള പദത്തിന്റെ അർത്ഥം. മനുഷ്യനും മനുഷ്യനും തമ്മിൽ സമ്പർക്കം നടത്താനുള്ള ഒരു മാർഗ്ഗമാണ് കല എന്നാണ് ടോൾസ്റ്റോയി പറയുന്നത്. ഭാഷയാണല്ലോ സമ്പർക്കത്തിന്റെ മുഖ്യ ഉപാധി. ഒരുവന്റെ ഉള്ളിലുള്ള ആശയങ്ങളെയും ചിന്തകളെയും മറ്റുള്ളവരിലേക്കു പകരാൻ ഭാഷ പ്രയോജനപ്പെടുന്നു. കലയിലൂടെ വികാര വിചാരങ്ങളെ രസപ്രദമായി പകർത്തുന്നതിന് കലാകാരൻ പ്രകൃതിയെയും ജീവിതത്തേയും അനുകരിക്കുന്നു. ചാവറയച്ചന്റെ ജീവാംശം മുഴുവൻ ഇതിലെല്ലാമുണ്ട്. അതു ഫലപ്രദമായി വിനിയോഗിച്ച ചാവറയച്ചൻ നലം തികഞ്ഞ നവോത്ഥാന നായകനിലെ മുമ്പൻ തന്നെയാണ്. ഭാരത സഭാനഭോമണ്ഡലത്തിലെ സുവർണ്ണ നക്ഷത്രമാണ്.

ചാവറയച്ചന്റെ നാമകരണ നടപടികൾക്കുവേണ്ടി 1962 ആഗസ്റ്റ് 15 ന് മാർ മാത്യു കാവുക്കാട്ട് മെത്രാപ്പോലീത്ത നിയമിച്ച രണ്ടാമത്തെ കോടതിയിലെ പ്രധാന ന്യായാധിപൻ എന്റെ അമ്മാച്ചനായ ഫാ. ഏ.സി. ഈപ്പൻ അയലൂപ്പറമ്പിലായിരുന്നു. ചങ്ങനാശ്ശേരി എസ്.ബി. കോളേജ് വൈസ് പ്രിൻസിപ്പൽ, പ്രൊഫസർ, ആദ്ധ്യാത്മിക ഉപദേഷ്ടാവ് എന്നീ നിലകളിൽ 27 വർഷം സേവനമനുഷ്ഠിച്ചിരുന്നു. ബഹു. റോമിയോ തോമസച്ചനും, ബ. ഹൊർമീസ് പെരുമാലിലച്ചനും സഹന്യായിധിപന്മാരായിരുന്നെങ്കിലും, രണ്ടുപേരും താമസംവിനാ രോഗബാധിതരായതിനാൽ, ഫാ. ഏ.സി. ഈപ്പൻ ഏഴുവർഷത്തെ തന്റെ കഠിനാദ്ധ്വാനത്തിൽ ദൈവദാസൻ ചാവറയച്ചന്റെ ജീവിതം, സുകൃതങ്ങൾ, പ്രശസ്തി, മാധ്യസ്ഥംവഴിനടന്ന രോഗശാന്തികൾ തുടങ്ങിയ എല്ലാ കാര്യങ്ങൾക്കും കേരളത്തിലുട നീളം സഞ്ചരിച്ച് വിവരങ്ങൾ ശേഖരിച്ച് നിരന്തരമായ അന്വേഷണത്തിന്റെയും പ്രാർത്ഥനാപൂർവ്വമായ പഠനത്തിന്റെയും ഫലമായി 1970 സെപ്റ്റംബർ 19-ാം തീയതി കോടതി നടപടികൾ പൂർത്തിയാക്കി. അമ്മാച്ചൻ വഴി ചാവറയച്ചനെക്കുറിച്ചു ധാരാളം കാര്യങ്ങൾ മനസ്സിലാക്കാൻ കഴിഞ്ഞതും മറ്റൊരു നിമിത്തമായി.

1995-ൽ വത്തിക്കാനിൽ സമർപ്പിക്കാനുള്ള ദൈവദാസൻ ചാവറയച്ചന്റെ "പൊസിസ്സിയോ"യിൽ ചേർക്കാനുള്ള ചാവറയച്ചന്റെ ഒരു Black and White Photo, റോമിലെ പോസ്റ്റുലേറ്റർ ബ. ലൂക്കോസ് വിത്തുവെട്ടിക്കലച്ചൻ,

ജെയിംസച്ചൻ വഴി അക്കാലത്ത് ജർമ്മനിയിലായിരുന്ന എന്റെ കൈവശമെത്തിച്ചത് കൊളോണിലെ പ്രശസ്തമായ "കേൾണിഷെറുണ്ട്ഷൗ" എന്ന ദിനപ്പത്ര സ്റ്റുഡിയോയിലെ ആർട്ടിസ്റ്റിനെക്കൊണ്ട് കമ്പ്യൂട്ടറിൽ ദിവസങ്ങളോളം കൂടെയിരുന്ന് വർക്കു ചെയ്തു തയ്യാറാക്കിയതാണ്. അതാണ് ഇന്ന് എല്ലായിടത്തും കാണപ്പെടുന്ന ചാവറയച്ചന്റെ ഫോട്ടോ. ജർമ്മനിയിൽവെച്ച് തയ്യാറാക്കിയ ഫോട്ടോയുടെ കോപ്പികൾ ഒരു നിധിപോലെ ഞാനിന്നും സൂക്ഷിക്കുന്നുണ്ട്.

കേരള സംഗീതനാടക അക്കാദമി എക്സിക്യൂട്ടീവ് മെമ്പറായിരുന്നയവസരത്തിൽ തൃശ്ശൂരിലെ സാഹിത്യ അക്കാദമി സന്ദർശിച്ചപ്പോൾ കേരളത്തിലെ പ്രമുഖരായ സാഹിത്യകാരന്മാരുടെ എണ്ണഛായചിത്രങ്ങൾ അവിടെ പ്രദർശിപ്പിച്ചിരുന്നത് കാണാനിടയായി പെട്ടെന്ന് ചാവറയച്ചന്റെ മുഖം എന്റെ മനസിൽ തെളിഞ്ഞു വന്നു. കവിയും സാഹിത്യകാരനുമൊക്കെയായ ചാവറയച്ചന്റെ ചിത്രം എന്തുകൊണ്ട് സാഹിത്യ അക്കാദമി ഗാലറിയിലില്ല? മനസിൽ ഒരാശയം മുളയെടുത്താൽ അത് പ്രവൃത്തിപഥത്തിലെത്തിക്കുവാൻ ചെറിയ ഒരു ശ്രമമെങ്കിലും നടത്തണമല്ലോ?. ചാവറയച്ചനെക്കുറിച്ച് വിശദമായ വിവരങ്ങൾ ചേർത്ത് അന്നത്തെ സാംസ്കാരിക വകുപ്പ് മന്ത്രി എ.പി. അനിൽകുമാറിനെ നേരിട്ടു കണ്ട് നിവേദനം നൽകി. അദ്ദേഹം നല്ല പിന്തുണ നല്കി. സാഹിത്യ അക്കാദമി കമ്മറ്റിക്കുള്ള മറ്റൊരു നിവേദനവും സെക്രട്ടറി ഡോ. പി.സി. കൃഷ്ണൻ നായർ വശം ഏല്പിച്ചു. നേരത്തെ വന്ന നിർദ്ദേശം കമ്മറ്റി നിരസിച്ച കാര്യം സൂചിപ്പിച്ചു. എന്റെ പ്രൊപ്പോസൽ കമ്മിറ്റിയിൽ അവതരിപ്പിച്ചാൽ മതി, നിവേദനം അംഗീകരിക്കുമെന്നു ഞാനും. തൊട്ടടുത്തു നടന്ന കമ്മറ്റിയിലെ അജണ്ടയിൽ ഉൾപ്പെടുത്തി, നിവേദനം സെക്രട്ടറി അവതരിപ്പിച്ചു. ആരും എതിർപ്പ് പറഞ്ഞില്ല എന്നു മാത്രമല്ല, കമ്മറ്റി ഏകകണ്ഠമായ തീരുമാനം ചാവറയച്ചന്റെ ചിത്രത്തിന്റെ കാര്യത്തിലെടുത്തത് അത്ഭുതകരമായിരുന്നു. സെക്രട്ടറി ഉടൻതന്നെ എണ്ണഛായാചിത്രം തയ്യാറാക്കുന്നതിന് വ്യത്യസ്തമായ മൂന്നുഫോട്ടോകളും ഫോട്ടോയുടെ അടിക്കുറിപ്പിൽ ചേർക്കാനുള്ള യഥാർത്ഥപേരും മറ്റും ആവശ്യപ്പെട്ട് എനിക്കെഴുതി. ചാവറയച്ചന്റെ മൂന്നുഫോട്ടോകളും ഫോട്ടോയിൽ എഴുതിച്ചേർക്കാൻ മൂന്നുതരത്തിലുള്ള അടിക്കുറിപ്പും എഴുതി നല്കി. ഏതാനും മാസങ്ങൾക്കുള്ളിൽതന്നെ ചാവറയച്ചന്റെ ഛായാചിത്രം സർക്കാർ ചിലവിൽ വരപ്പിച്ച് അക്കാദമി ഹാളിൽ അനാഛാദനം ചെയ്തു. ഐ. ജി. അലക്സാണ്ടർ ജേക്കബും, പ്രൊഫ. എം. ലീലാവതിയും ചടങ്ങിൽ അനുസ്മരണ പഭാഷണം നടത്തി. സാഹിത്യ അക്കാദമിയുടെ പത്യേക ക്ഷണപ്രകാരം ഞാനും ഫാ. തോമസ് പന്തപ്ലാക്കലച്ചനും ജോബ് കാച്ചപ്പള്ളിയച്ചനും ചടങ്ങിൽ സംബന്ധിച്ചു. എം.എൽ.എയും എം.പിയും മന്ത്രിയും മറ്റു പലരും ശ്രമിച്ചിട്ടു നടക്കാതെ പോയ കാര്യമാണ് ഇതെന്നു പിന്നീടു മനസിലായപ്പോൾ, എനിക്കു ലഭിച്ച ഭാഗ്യവും ചാവറയച്ചന്റെ അനുഗ്രഹവുമായി ഞാനതിനെ സ്വീകരിച്ചു.

ഏ.കെ.സി.സി. സാംസ്കാരികവേദി, കേരള സാഹിത്യകലാസമിതിയുടെ ജനറൽ സെക്രട്ടറി എന്ന നിലയിൽ ചാവറപ്പിതാവിന്റെ 200 -ാം ജന്മവർഷത്തിൽ 2006 ജൂലായ് 8ന് കോട്ടയം ദർശന ആഡിറ്റോറിയത്തിൽ, മലയാള ഭാഷക്കും സാഹിത്യത്തിനും ചാവറയച്ചന്റെ സമഗ്രസംഭാവനകളെക്കുറിച്ച് ഏകദിന സെമിനാർ" "ചാവറ സാഹിത്യ സംഗമം" സംഘടിപ്പിക്കുകയുണ്ടായി. പ്രശസ്തരായ പി. ഗോവിന്ദപിള്ള, എം.ജി.എസ്. നാരായണൻ, പെരുമ്പടവം ശ്രീധരൻ, പി. ഗോപകുമാർ, പ്രൊഫ. എം. തോമസ് മാത്യു, മഹാകവി പ്രൊഫ മാത്യു ഉലകം തറ, പ്രൊഫ. അമ്പലപ്പുഴ രാമവർമ്മ, പ്രിയോർ ജനറാൾ റവ. ഡോ. ആന്റണി കരിയിൽ സി.എം. ഐ, പ്രൊവിൻഷ്യൽ റവ. ഡോ. ജെയിംസ് ഏർത്തയിൽ സി.എം.ഐ, ഫാ തോമസ് പന്തപ്ലാക്കൽ സി.എം. ഐ, ഫാ. ഇസ്സെഡ്. എം. മൂഴൂർ സി.എം. ഐ തുടങ്ങി കോട്ടയത്തെ സാംസ്കാരിക നായകന്മാർ എല്ലാവരും പങ്കെടുത്ത സെമിനാർ രാവിലെ 9.30 ന് തുടങ്ങി. വൈകുന്നേരം 6 നാണ് പര്യവസാനിച്ചത്. "കേരള നവോത്ഥാന ജ്യോതിസ്." എന്ന ബഹുമതി പ്രഖ്യാപിച്ച് സാഹിത്യസംഗമം ചാവറയച്ചനെ ആദരിച്ചു.

ബ. ജെയിംസ് ഏർത്തയിലച്ചൻ രചിച്ച "പദ്യചാവരുളിൽ" നിന്നും തെരഞ്ഞെടുത്ത ഗാനങ്ങൾ 'ചാവറ ഗാഥ' - എന്ന മ്യൂസിക് ആൽബവും തയ്യാറാക്കിയിരുന്നു. ജെറി അമൽദേവും പാട്ടുപാതിരി ഫാ. പോൾ പൂവത്തിങ്കൽ സി.എം.ഐ യുമായിരുന്നു സംഗീത സംവിധായകർ. "പത്മശ്രീക്കു" നോമിനേറ്റു ചെയ്യപ്പെട്ട ബ. പൂവത്തിങ്കലച്ചൻ ഇതിനെക്കുറിച്ചുള്ള ലേഖനത്തിൽ ഇങ്ങനെയെഴുതി. "ശ്രീ ബേബിച്ചൻ കലയെ ആത്മാർത്ഥമായി സ്നേഹിക്കുന്ന വ്യക്തിത്വത്തിന്റെ ഉടമയാണ്. വിശുദ്ധനായ ചാവറയച്ചന്റെ ചാവരുൾ, തന്റെ വൈദിക സഹോദരൻ ബ. ജെയിംസ് ഏർത്തയിലച്ചൻ കവിതാരൂപത്തിലാക്കി മാറ്റിയപ്പോൾ, ആ വരികൾ ചിട്ടപ്പെടുത്തി ഒരു സിഡിയിലാക്കി, സംഗീതാത്മകമായി ജനമദ്ധ്യത്തിലേക്ക് ഒഴുക്കിയതിന്റെ ചുക്കാൻ പിടിച്ചതും ബേബിച്ചൻ ചേട്ടൻ തന്നെ. ആ സി.ഡിയിൽ ഏതാനും ഗാനങ്ങൾ ചിട്ടപ്പെടുത്താനും, അത് എന്നെക്കൊണ്ട്

പാടിക്കാനും ബേബിച്ചൻ ചേട്ടൻ കാണിച്ച വിശാല ഹൃദയവും വാത്സല്യവും തികച്ചും മാതൃകാപരം...."

ഒരിക്കൽ എറണാകുളം ലിസി ഹോസ്പിറ്റലിൽ രോഗീ സന്ദർശനത്തിനു ചെന്നപ്പോൾ വന്ദ്യനായ ഒരു സി. എം.ഐ. വൈദീകൻ, രോഗികൾക്കും ആസ്പത്രി യിൽ ഗുരുതരാവസ്ഥയിലും, ഓപ്പറേഷൻ തീയേറ്ററിലും ഐ.സി.യുവിലും കിടക്കുന്നവർക്കുവേണ്ടി ചാവറയച്ചനോട് ഒരു മധ്യസ്ഥ പ്രാർത്ഥന എഴുതി തയ്യാറാക്കണമെന്നാവശ്യപ്പെട്ടു. ഉടൻ തന്നെ രോഗി കൾക്കുവേണ്ടി ചാവറ പിതാവിനോടുള്ള ഒരു മധ്യസ്ഥ പ്രാർത്ഥന തയ്യാറാക്കി 2000 കോപ്പി അച്ചടിച്ച് അച്ചനു നല്കുകയും ചെയ്തു....

കാഞ്ഞിരപ്പള്ളി കർമ്മലീത്താ മഠത്തിനു മുന്നിൽ മനോഹരമായ ഉദ്യാനം.. നടുക്കു വി. ചാവറയച്ചന്റെ പ്രതിമ. എം.സി. ജോസഫ് മണ്ണിപ്പറമ്പിൽ നിർമ്മിച്ചു നൽകിയതാണത്. ഉദ്യാനത്തെക്കുറിച്ചുള്ള നിർദ്ദേശങ്ങളും മറ്റും വിശദമായി പറഞ്ഞുകൊടുത്തു. അവസാനം നാമകരണവും നടത്തി. "ചാവറ ഗാർഡൻസ്" ന്യൂസ് ഇൻഡ്യ അതു വാർത്തയുമാക്കി....

ബ. തോമസ് പന്തപ്ലാക്കലച്ചൻ എറണാകുളം കാരിക്കാമുറിയിലെ സി.എം.ഐ, പ്രിയോർ ജനറാർ ഹൗസിൽ ചാവറയച്ചനെ സംബന്ധിച്ചുള്ള ഡോക്കുമെന്റേഷനും മറ്റും നേതൃത്വം നൽകുന്നയാളാണ്. ഞങ്ങൾ മിക്കപ്പോഴും ടെലഫോണിൽ ബന്ധപ്പെടാറുണ്ട്. അച്ചൻ പറയും "ഞാൻ കാക്കനാട് വരെ പോകുകയാണ്". ഞാൻ അത് തിരുത്തി അച്ചൻ ഇനിമുതൽ കാക്കനാടിനു പോകുന്നുവെന്നു പറയരുത് "ചാവറ ഹിൽസിൽ" പോകുന്നുവെന്ന് പറയണം അങ്ങനെ കാക്കനാടിന് ചാവറ ഹിൽസ് എന്ന പേരു വന്നു എന്നു വിശ്വസിക്കുന്നു.

കോട്ടയത്തുള്ള അജി കെ. ജോസ്. സ്നേഹിതനാണ്. അദ്ദേഹം ചാവറയച്ചനെക്കുറിച്ച് ഒരു ചലച്ചിത്രം തയ്യാറാക്കാനാഗ്രഹിക്കുന്നു. ചാവറയച്ചനെക്കുറിച്ചും സി.എം.ഐ സഭയെക്കുറിച്ചും അജിക്ക് ഒരുപാട് കാര്യങ്ങളറിയണം. അജിയുടെ ടെലഫോൺ തുടർച്ചയായി വന്നുകൊണ്ടിരുന്നു. അറിയാവുന്ന കാര്യങ്ങളെല്ലാം വിശദീകരിച്ചു. തിരക്കഥ റെഡിയായി. സംവിധാനം അജി.കെ. ജോസ് ഷൂട്ടിംഗ് ലൊക്കേഷനിൽ പല ദിവസങ്ങളിലും ഞാൻ ചെല്ലണമെന്നു അജിക്കു നിർബന്ധം. "ബേബിച്ചായൻ വന്നതല്ലേ സിനിമയിൽ ഒരു റോൾ എടുക്കണം. എനിക്ക് കൂടുതൽ സമയം ലൊക്കേഷനിൽ നിൽക്കാൻ ബുദ്ധിമുട്ടുണ്ട്. എങ്കിൽ ഒരു ചെറിയ റോളെങ്കിലും എടുക്കണം." അജിയുടെ സ്നേഹം നിറഞ്ഞ നിർബന്ധം, ഞാൻ സമ്മതം മൂളി. എനിക്കു ലഭിച്ചറോൾ "ചാവറയച്ചന്റെ അമ്മാവൻ" കുറിയാക്കോസിനെ വൈദിക പഠനത്തിനു വിടുന്ന ഭാഗ്യം ഈ അമ്മാവനു തന്നെ ലഭിച്ചു...

അങ്ങനെ അറിവിലും പഠനത്തിലും വായനയിലും ചാവറയച്ചന്റെ പിന്നാലെ പതിറ്റാണ്ടുകൾ നടന്നു നീങ്ങിയപ്പോൾ എന്നെ ഞാനാക്കിയ ചാവറയച്ചന്റെ പിൻഗാമികൾ ഇരുപതാമത്തെ വയസ്സിൽ എന്നെ ജർമ്മനിയിലെത്തിച്ചു... രണ്ടു ജ്യേഷ്ഠ, സഹോദരന്മാർ സി.എം. ഐ വൈദീകരായി... എന്റെ മിടുക്കനായ മകനെയും ചാവറ പിതാവിന് സമർപ്പിച്ച് സി.എം. ഐ. സഭയ്ക്ക് നൽകി. അഞ്ച് ആൺമക്കളും "പഴയ കൊവേന്തപള്ളിയിലെ" അൾത്താര ബാലന്മാർ.... ചാവറയച്ചൻ അവരെയും നന്നായി വളർത്തി.

"വീടും കുടുംബവും മക്കളും ദൈവത്തിൻ
ദാനമെന്നോതുന്നു പുണ്യതാതൻ
മാതാപിതാക്കളെയേല്പിച്ചു തമ്പുരാൻ
മക്കളെ വിണ്ണിൻ നിധിപോലെ......."



# മാർഖുറിയഖോസ് ഏലിയാ വേദപാരംഗതൻ

**ഏലിയാച്ചൻ വടക്കേത്ത് സി.എം.ഐ.**

**ഒരു വേദ പാരംഗതൻ തീർത്തും ദൈവാനുഭവമുള്ള ഒരാളായിരിക്കണം. ദൈവികതയെ ജീവിതാനുഭവങ്ങളിലൂടെ പ്രഘോഷിക്കുന്ന ഒരു പ്രവാചകനുമായിരിക്കും അദ്ദേഹം.**

'ഈ ചെറു പ്രമാണങ്ങളിൽ ഒന്നെങ്കിലും ലംഘിക്കുകയും അപ്രകാരം ലംഘിക്കുവാൻ പഠിപ്പിക്കുകയും ചെയ്യുന്നവൻ സ്വർഗ്ഗ രാജ്യത്തിൽ നിസ്സാരനായി പരിഗണിക്കപ്പെടും. എന്നാൽ അവയെ അനുസരിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവൻ ദൈവരാജ്യത്തിൽ വലിയവനെന്ന് വിളിക്കപ്പെടും'. (മത്താ.5:19)

1844 ഫെബ്രുവരി 16-ാം തീയതി ഫ്രാൻസീസ് സേവ്യർ മെത്രാപ്പോലീത്താ, മാർഖുറിയാക്കോസ് ഏലിയാ ചാവറയെ നസ്രാണികളുടെ മൽപാനായി നിയമിച്ചു. മൽപാൻ എന്ന അറമായ, സുറിയാനി പദത്തിനു വേദപാരംഗതൻ എന്ന സവിശേഷ ഗുണമാണുള്ളത്.

വേദപാരംഗതൻ എന്ന സവിശേഷ പദവിയെ വെറും വൈജ്ഞാനിക തലത്തിലല്ല ഇവിടെ കാണുന്നത്, മറിച്ചു ദൈവിജ്ഞാനത്തിന്റെയും ദൈവത്തെക്കുറിച്ചുള്ള പ്രബോധനത്തിന്റെയും ഉടമ എന്ന നിലയിലാണ്. മാർഖുറിയാഖോസ് ഏലിയാ തികഞ്ഞ ഒരു സാഹിത്യകാരനും കവിയുമായിരുന്നു. അവയിലൂടെയാണ് അദ്ദേഹം ദൈവ ജനത്തെ പ്രബോധിപ്പിച്ചിരുന്നത്.

തികഞ്ഞ ഒരു മൗതികനെന്ന നിലയിൽ അനുധ്യാനത്തെക്കുറിച്ച് ഇപ്രകാരം പറയുന്നു. "ധ്യാനം എന്നുള്ളത് സ്നേഹിതനോടെന്നവണ്ണം നടത്തുന്ന സ്നേഹ സംഭാഷണമാണ്. (ധ്യാന സല്ലാപങ്ങൾ). ഈ ഉൾക്കാഴ്ച നൽകുന്ന വലിയ ഒരു രഹസ്യം, ഹൃദയത്തിന് ഊന്നൽ നൽകിയ ഒരു വ്യക്തിയുടെ ദൈവാനുഭവമാണ്. ബുദ്ധികൊണ്ടു ദൈവത്തെ അറിയുന്നതും, ഹൃദയം കൊണ്ട് അവിടുത്തെ അനുഭവിക്കുന്നതും തമ്മിൽ വലിയ വ്യത്യാസമുണ്ട്. ധ്യാന സല്ലാപങ്ങൾ എന്ന മാർഖുറിയാഖോസിന്റെ സാഹിത്യ കൃതിയിലൂടെ അദ്ദേഹം നടത്തിയ പ്രബോധനത്തിന്റെ ഒരുവിവരണമാണ് മുകളിൽ കൊടുത്തിരിക്കുന്നത്. ഒരു വേദ പാരംഗതൻ തീർത്തും ദൈവാനുഭവമുള്ള ഒരാളായിരിക്കണം. ദൈവികതയെ ജീവിതാനുഭവങ്ങളിലൂടെ പ്രഘോഷിക്കുന്ന ഒരു പ്രവാചകനുമായിരിക്കും അദ്ദേഹം. മാമ്മോദീസായിൽ തനിക്കു ലഭിച്ച ഇഷ്ടപ്രസാദം അറുപത്തിയാറു വർഷത്തോളം കാത്തു


സൂക്ഷിച്ച ഒരു കർമ്മയോഗിയായിരുന്നു മാർകുറിയാക്കോസ്.

ചാവറ പിതാവ് തന്റെഹൃദയത്തിൽ നിന്നും ആവിഷ്ക്കരിച്ച ഒരു കവിതയാണ് അദ്ദേഹത്തിന്റെ ആത്മാനുതാപം എന്ന കൃതി. അതിൽ ഒരിടത്ത് അദ്ദേഹം നൽകുന്ന വലിയ ഒരു പ്രബോധനം ഇപ്രകാരമാണ്. 'ജ്ഞാനത്താൽ നിന്നുടെ പുത്രനായി, വാനത്തിൽ മോക്ഷാനന്ദവും തന്നല്ലൊ. വിശ്വാസികളാം കാരണവൻമാരാൽ വിശ്വാസിയായി എന്നെയും തീർത്തു നീ' (ചാവറ ആത്മാനുതാപം 1:41-44). കവിതയിലൂടെ മാർ ചാവറ നടത്തിയ പ്രബോധനത്തിന് ഏകാന്ത വിശിഷ്ടമായ ഒരു സ്ഥാനമാണ് തിരുസഭയിലുള്ളത്. അതായത് മാമ്മോദീസാ സ്വീകരിക്കുന്നവർക്ക് ദൈവം സഭയിലൂടെ നൽകുന്ന വലിയ ഒരു ദാനമാണ് വിശ്വാസം. ഈ അനുഭവമാണ് മാർകുറിയാക്കോസിനുണ്ടായത്. ഈ അനുഭവം അദ്ദേഹത്തിന്റെ കവിത വഴി ദൈവജനത്തെ പഠിപ്പിച്ചിരുന്നു.

വിശ്വാസത്തിന്റെ വിഷയം ദൈവവും ദൈവിക രഹസ്യങ്ങളുമാണ്. അതിൽ മുന്നിട്ടിരിക്കുന്ന ഒന്നാണ് 'അമ്മനുവേലനുഭവം' മാർകുറിയാക്കോസ് പാടുന്നു.

'അമ്മനുവേലെന്ന നാമാർത്ഥം പോൽദൈവം നമ്മോട് ചേർന്നതും കാണാകേണം'. (ചാവറ ആത്മാനുതാപം 111:1) മർത്തമറിയത്തിനു ഈശോ അമ്മനുവേലായിരുന്നു. (മത്താ 1.23) മാർകുറിയാക്കോസിനു തന്റെ അമ്മയിൽ നിന്നു ലഭിച്ച വിശ്വാസം വഴി ഈശോയെ അമ്മനുവേലനെന്നു വിളിച്ചുകൊണ്ട് വലിയ ഒരുസത്യം പഠിപ്പിക്കുന്നു. അതായത് ദൈവം നമ്മോടു ചേർന്നു എന്ന സത്യം. ഈ യാഥാർത്ഥ്യം നസ്രാണി ആരാധന ക്രമത്തിൽ സ്ഥാപന വാക്യം കഴിഞ്ഞു വരുന്ന ഗേഹന്തായിൽ ഇപ്രകാരമാണ്. നിന്റെ ദൈവിക ജീവനിൽ ഞങ്ങളെ പങ്കുകാരാക്കുവാൻ നീ ഞങ്ങളുടെ മനുഷ്യസ്വഭാവംസ്വീകരിച്ചു. സുറിയാനിയിൽ ദൈവികത്വത്തിൽ പങ്കുകാരാക്കുവാൻ എന്നാണ് കാണുന്നത്.

മാർകുറിയാക്കോസിന്റെവ്യക്തിത്വം പൂർണ്ണമായുംദൈവികതകൊണ്ട് നിറഞ്ഞിരുന്നു. ഇപ്രകാരമുള്ള ഹൃദയത്തിന്റെ ഭാഷയായിരുന്നു അദ്ദേഹത്തിന്റെ കവിതകൾ. അദ്ദേഹം പാടുന്നു, 'എന്നുടെസ്നേഹം നീയേ ഭാഗ്യവുമെനിക്കു നീ








ഫാ. സിബിച്ചൻ കളരിക്കൽ

# നദികളെ വീണ്ടെടുക്കാം

അതിരമ്പുഴ എന്നാൽ പുഴയുടെ അതിര് എന്നാണ് വാച്യാർത്ഥം. അവരുടെ സൗന്ദര്യമായ് പെണ്ണാർതോട്, കേരളത്തിന്റെ തന്നെ ചരിത്രവും നീറ്റലുകളും ഏറ്റുവാങ്ങി സർവംസഹയായ്‌ന മുക്ക് ആനന്ദവും കുളിർമയും തൂകി പരിലസിക്കുന്നു. മാന്നാനം കുന്നിന്റെ ജീവനും ജീവനാഡിയുമായ മാന്നാനം കടവിലാണ് 1829 കളിൽ സിഎംഐ താപസ ഭവനം സ്വപ്നം പേറി എന്ന സഭാപിതാക്കന്മാർ വന്നിറങ്ങിയത്. ജലമാർഗ്ഗവും കരമാർഗ്ഗവും സമ്മേളിച്ച ബേസ് റൗമയുടെ ചരിത്രം മാന്നാനം കടവിലൂടെയാണ് സംഭവിച്ചത്. വിശുദ്ധ ചാവറ പിതാവിന്റെ കർമ്മ ഭൂമിയിലേക്ക് നദി മാർഗ്ഗേ എത്തിച്ചേരുവാൻ സാധിക്കും. കുന്നുകളും, മലകളും, തടങ്ങളും, പാടങ്ങളും ഏറെയുള്ളതും വാണിജ്യപ്പെരുമയെ ഏറെ ഉപയോഗപ്പെടുത്തിയ പെണ്ണാർ തോടും, ചെറുതോടുകളും കൊണ്ട് വളരെയേറെ മനോഹരിയും ആണ്. ഈ പ്രദേശം മാനുകൾവസിക്കുന്ന വനം എന്ന മാന്നാനം. വിശുദ്ധ അൽഫോൻസാമ്മയുടെ ജന്മഗൃഹം.

കുടമാളൂരിന്റെ മീനച്ചിലാറിന്റെ തീരത്ത് സ്ഥിതി ചെയ്യുന്നു വിശുദ്ധ അൽ ഫോൻസായുടെ ജന്മഗ്രഹം തീരദേശവാസികൾക്കും ലോകമാനമുള്ള അൽഫോൻസാ ഭക്തർക്കു വളരെയേറെ പ്രിയപ്പെട്ട ഒരു പുണ്യ കേന്ദ്രമാണ്. മാന്നാനത്തു നിന്നും ഏകദേശം രണ്ടു കിലോമീറ്റർ മാത്രമാണ് ഇവിടേയ്ക്കുള്ള ദൂരം. പെണ്ണാർ കോനാകരി തോട്ടിലൂടെ രസകരമായ ഉൾനാടൻ സൗന്ദര്യം ആസ്വദിച്ചുകൊണ്ട് തീർഥാടകർക്ക് ഇവിടെ എത്തിച്ചേരുവാൻ ഉള്ള അവസരം സജ്ജീകരിച്ചാൽ മാന്നാനത്തിന്റെ വികസനത്തിന് അത് ഒരു തൂവൽ സ്പർശമായിമാറുമെന്നതിന് രണ്ടുപക്ഷമില്ല. മീനച്ചിലാറ്റിലെ നീരൊഴുക്കും ശുദ്ധജലവും പെണ്ണാർ തോട്ടിലേക്കൊഴുകുന്നതുപോലെ വിശുദ്ധ അൽഫോൻസാ ഭക്തർക്ക് അനുഗ്രഹ പ്രവാഹമായി ചാവറയച്ചന്റെ മണ്ണും രൂപപ്പെടും എന്നാണ് നമുക്ക് ആശിക്കാൻ സാധിക്കുക.

വിശുദ്ധ ചാവറയച്ചന്റെ സന്നിധിയിൽ എത്തുന്നവർക്കായി ഒരു അത്ഭുത ലോകം വിരിയിച്ചെടുക്കാൻ നമുക്ക് സാധിക്കട്ടെ. എല്ലാവർക്കും പുണ്യം വിളമ്പുന്ന വേദിയായി മാന്നാനം പരിലസിക്കട്ടെ.

**അതിരമ്പുഴ കടവ്**

ചരിത്രപ്രസിദ്ധമായ അതിരമ്പുഴ ദേവാലയത്തിലെ കടവാണ് അതിരമ്പുഴ കടവ്. പെണ്ണാർ തോട്ടിലൂടെ മാന്നാനം കടവിൽ നിന്നും ഏകദേശം രണ്ടു കിലോമീറ്റർ ദൂരം ആണ് ഇവിടെക്കുള്ളത്. അതിസുന്ദരമായ ഈ പ്രദേശത്ത് കൂടി ജലമാർഗ്ഗം സഞ്ചരിക്കുന്നത് തീർച്ചയായും ഒരു അസുലഭ ഭാഗ്യം ആയിരിക്കും. AD 835 മുതലുള്ള ചരിത്രത്തിലെ ഏടുകൾ

ഉറങ്ങുന്ന അതിരമ്പുഴ ദേവാലയത്തെ കുറിക്കുന്ന ചലച്ചിത്രവും മറ്റു മാധ്യമ സംവേദനങ്ങളും യാത്രയിൽ ഉപയോഗിക്കാൻ ആയാൽ പ്രാർത്ഥനയോടൊപ്പം അന്വേഷണവും, ആവേശവും തീർഥാടകരിൽ നിറക്കാം.

**കുടമാളൂർ ദേവാലയം**

എഡി 1126 ഓടുകൂടി ചെമ്പകശ്ശേരി രാജാവിന്റെ താൽപര്യത്തിൽ ആണ് ഏഴ് കുടുംബങ്ങൾ കുടമാളൂരിൽ എത്തുന്നത്. ഈ വിശ്വാസ പൈതൃകമാണ് ഇന്നത്തെകുടമാളൂർ ദേവാലയത്തിന്റെ പിന്നാമ്പുറം. മീനച്ചിലാറിന്റെ തീരത്ത് സ്ഥിതിചെയ്യുന്ന ഈ ദേവാലയം, അൽഫോൻസായുടെ ഇടവക എന്ന നിലയിലും മാമ്മോദീസ സ്വീകരിച്ച സ്ഥലം എന്ന നിലയിലും പുകൾപെറ്റതാണ്. ഇവിടുത്തെ വിശുദ്ധകർമ്മങ്ങളിൽ അനേകായിരങ്ങൾ പങ്കെടുക്കുന്നു മാന്നാനം കടവിൽനിന്ന് കോനാകരി തോട് വഴി ഇവിടേക്ക് ജലമാർഗ്ഗേ വെറും 2.5 കിലോമീറ്റർ ദൂരം മാത്രമാണുള്ളത്.

**കുമാരനല്ലൂർ ദേവീക്ഷേത്രം**

ഏറ്റുമാനൂർ ശിവശിവക്ഷേത്രവും കുമാരനല്ലൂർ ദേവീക്ഷേത്രവും ഈ പ്രദേശത്തെ ഹൈന്ദവ പെരുമയുടെ സ്മാരകങ്ങളായി നിലകൊള്ളുന്നു. ഏകദേശം 2400 വർഷങ്ങളുടെ പാരമ്പര്യം ആണ് കുമാരനല്ലൂർ ദേവീക്ഷേത്രത്തിന്റെതായി പറയപ്പെടുന്നത്. തൃകാർത്തികതിരുനാളിൽ പ്രദേശവാസികൾ ഒന്നാകെ ദീപം തെളിക്കുന്നത് നാടിന്റെ വിസ്മയമായി നിലകൊള്ളുന്നു. മീനച്ചിലാറിന് സൗന്ദര്യമായി കുമാരനല്ലൂർ സ്ഥിതിചെയ്യുന്നു. മാന്നാനം കടവിൽ നിന്നും കോനാകരി തോടുവഴി നാലു കിലോമീറ്റർ യാത്ര ചെയ്താൽ ഇവിടെ എത്തിച്ചേരാം. തീർത്ഥാടകരായ നാനാജാതി വിഭാഗത്തിൽ ഉള്ളവരുടെ ഒരുമയും ആഘോഷമാക്കാം. വിശുദ്ധ ചാവറയച്ചന് വിവിധ മതങ്ങളോടും ആളുകളോടുള്ള മമത ചർച്ചയ്ക്ക് വിഷയീഭവിപ്പിക്കാനും ഇതു കാരണമാകും

ജുമാ മസ്ജിദ് എന്ന് അറിയപ്പെടുന്ന താഴത്തങ്ങാടി ജുമാ മസ്ജിദ് കോട്ടയം പട്ടണത്തോട് ചേർന്ന് കിടക്കുന്ന ഇല്ലിക്കൽ കടവിലാണ് സ്ഥിതിചെയ്യുന്നത്. ആയിരം വർഷത്തോളം പഴക്കമുള്ള അതിപുരാതനമായ ഇസ്ലാമിക ആരാധാനാലയമാണ് താഴത്തങ്ങാടി ജുമാ മസ്ജിദ്. ഇതിന്റെ ആകാര വൈപുല്യവും വാസ്തുപരമായ സവിശേഷതകളും സമാനതകളില്ലാത്തതാണ്. പേർഷ്യൻ ശൈലിയിലുള്ള മിനാരങ്ങളും മകുടങ്ങളും. ഉത്തരേന്ത്യൻ മാതൃകയിൽ നിന്നു വ്യത്യസ്തമായ മുസ്ലിം ദേവാലയങ്ങളുടെ മാതൃക ഇവിടെ ദർശിക്കാം.

വിശുദ്ധ ചാവറയച്ചന്റെ സന്നിധിയിൽ എത്തുന്നവർക്കായി ഒരു അത്ഭുത ലോകം വിരിയിച്ചെടുക്കാൻ നമുക്ക് സാധിക്കട്ടെ. ഒരു പുണ്യവാൻ എല്ലാവർക്കും പുണ്യം വിളമ്പുന്ന വേദിയായി മാന്നാനം പരിലസിക്കട്ടെ.





# സെമിനാരി പരിശീലനവും ഇടയനാടകങ്ങളും



അഡ്വ. ഫാ.ഫ്രാൻസിസ് വള്ളപ്പുര സി.എം.ഐ.

**തന്നോടൊപ്പം പ്രവർത്തിച്ചിരുന്ന ഇറ്റാലിയൻ മിഷണറിമാരോട് ഈ കൗതുകം പങ്കുവയ്ക്കുകയും നാനാതരത്തിലുള്ള സാധ്യതകൾ ആരായുകയും കിട്ടിയ അറിവുകൾ യഥോചിതം ഉപയോഗിക്കുകയും ചെയ്തു. അങ്ങനെയാണ് കാലിത്തൊഴുത്ത് (ഇടയ) നാടകങ്ങൾ ജന്മം കൊണ്ടത്.**

1855–1856 ലെ ദിനങ്ങൾ. ചാവറയച്ചന്റെ മനസ്സ് ഒരു കലാകാരന്റെ ഉൾത്തനിമയോടെ ഭാവനാനിരതമായി. സെമിനാരിക്കാർക്കു വേണ്ടി അരമണിക്കൂറിനുള്ളിൽ അവതരിപ്പിക്കാവുന്ന തരത്തിലുള്ള പത്തുലഘുനാടകങ്ങൾ ക്രിസ്തുമസ് കാലത്തേക്കുവേണ്ടി അദ്ദേഹം ചിട്ടപ്പെടുത്തി. അതിനുവേണ്ടി ബൈബിളിലെ ക്രിസ്തുവിന്റെ പിറവി ഇതിവൃത്തമാക്കി, അതിലെ പ്രധാന കഥാപാത്രങ്ങൾ ആട്ടിടയൻമാരായിരുന്നു. ദൈവജനത്തിന്റെ ഭാവിയിലെ ഇടയൻമാരാകുവാനുള്ളവർക്കുവേണ്ടിയുള്ള ദൈവികതയുടേയും വിശ്വാസത്തിന്റേയും സ്നേഹത്തിന്റേയും ലളിതവും ധന്യവുമായ അവതരണമാതൃകകൾ.

1857 മുതൽ കൂനമ്മാവിലുള്ള സെന്റ് ഫിലോമിനാസ് പള്ളി അന്നത്തെ സി.എം.ഐ സന്യാസസഭയുടെ രണ്ടാമത്തെ സ്ഥാപനമായി വാരാപ്പുഴ ബർണർ ദീനോസ് മെത്രാപ്പോലീത്താ ഏൽപ്പിച്ചു. താമസിയാതെ സന്യാസപരിശീലനത്തിന്റെ കേന്ദ്രം മാന്നാനത്തുനിന്ന് കൂനമ്മാവിലേക്ക് മാറ്റി. തന്റെ ആദ്യകാലസൃഷ്ടിയായ ഇടയനാടകങ്ങൾ അഭിനയിച്ച് അവതരിപ്പിക്കുവാ

നായി കൂനമ്മാവിലെ ശെമ്മാശൻമാരെ ചാവറയച്ചൻ ഏൽപ്പിച്ചു. ക്രിസ്തുമസിന്റെ സ്നേഹസന്ദേശം കലാരൂപത്തിലൂടെ അവരുടെ ഹൃദയങ്ങളിൽ പതിയണം എന്നദ്ദേഹം ആഗ്രഹിച്ചിരിക്കണം. 1857 മുതൽ 1960 അവസാനംവരെയെങ്കിലും സി.എം.ഐ.സഭയുടെ സെമിനാരികളിൽ കാലിത്തൊഴുത്തു (എക്ലോഗുകൾ) നാടകങ്ങൾ അവതരിപ്പിക്കാറുണ്ടായിരുന്നു എന്ന് പഴമക്കാരായ വൈദികസഹോദരങ്ങൾ സാക്ഷ്യപ്പെടുത്തുന്നു.

ഇറ്റാലിയൻ കർമ്മലീത്ത മിഷനറിമാരിൽ നിന്നും കിട്ടിയ അറിവിൽ നിന്നായിരിക്കണം ചാവറയച്ചന് കാലിത്തൊഴുത്ത് നാടകങ്ങൾ എഴുതാൻ പ്രചോദനം കിട്ടിയത് എന്നാണ് നിഗമനം. ഇറ്റാലിയൻ ഭാഷയിൽ ചാവറയച്ചന് നല്ല അവഗാഹമുണ്ടായിരുന്നു. എക്ലോഗിന്റെ ഭൂമികയായി അതിന് മുമ്പ് ഇന്ത്യൻ നാടകവേദി മാറ്റപ്പെട്ടിരുന്നില്ല. ഇറ്റാലിയൻ ഒ.സി.ഡി മിഷനറിമാരുടെ സഹായത്തോടെ ഈയൊരു വഴക്കം മറ്റ് സെമിനാരികളിൽ പരീക്ഷിക്കപ്പെട്ടതായും അറിവില്ല. ഇതിൽ നിന്നും ചാവറയച്ചൻ സാരഥ്യം വഹിക്കുന്ന സെമിനാരികളിൽ മാത്രം അവതരിപ്പിക്കുന്നതിനായി, അദ്ദേഹം വ്യക്തിപരമായി താൽപര്യമെടുത്ത് എക്ലോഗുകളുടെ ചുവടുപിടിച്ച് ക്രമപ്പെടുത്തിയെടുത്ത ഒരു കലാരൂപമായി നാം ഇടയനാടകങ്ങളെ മനസ്സിലാക്കേണ്ടിയിരിക്കുന്നു. 1857 മുതൽ 1889 വരെ സി.എം.ഐ സഭയുടെ ഔദ്യോഗിക പരിശീലന കേന്ദ്രം കൂനമ്മാവ് ആശ്രമം ആയിരുന്നു. 1889 ൽ ഈ ആശ്രമം വരാപ്പുഴ മെത്രാന് തിരികെ ഏൽപ്പിക്കേണ്ടി വന്നപ്പോൾ അവിടെ ഉണ്ടായിരുന്ന രേഖകളും ഗ്രന്ഥങ്ങളും അമ്പഴക്കാട്ട് ആശ്രമത്തിലേക്ക് മാറ്റി. ആ കൂട്ടത്തിൽ എക്ലോഗുകളുടെ ഒറിജിനൽ കോപ്പികളും അവിടേക്ക് മാറ്റപ്പെട്ടു. അമ്പഴക്കാട്ട് നോവിഷ്യേറ്റിലെ പുസ്തകശേഖരത്തിൽ നിന്ന് എക്ലോഗുകളുടെ കയ്യെഴുത്ത് പ്രതികൾ കണ്ടെടുത്തു. ആദ്യത്തെ കയ്യെഴുത്ത് പ്രതിയിൽ അഞ്ച് ഇടയനാടകങ്ങളും, രണ്ടാമത്തെ കയ്യെഴുത്ത് പ്രതിയിൽ അത്രയും തന്നെ ഇടയനാടകങ്ങളും ഉണ്ടായിരുന്നു. ഒന്നാംഭാഗം എക്ലോഗുകൾ ഉൾക്കൊള്ളുന്ന ബുക്ക് വളരെ പഴക്കമുള്ളതും അതിലെ കൈയ്യക്ഷരം ചാവറപ്പിതാവിന്റെ കയ്യക്ഷരവുമായി സാമ്യമുള്ളതും ആണ്.

**ദൈവത്തിന്റെ മനുഷ്യാവതാരത്തെക്കുറിച്ചും കാലിത്തൊഴുത്തിൽ പിറന്നവന്റെ ശൂന്യവൽക്കരണത്തെക്കുറിച്ചും സ്രഷ്ടാവ് സൃഷ്ടിബന്ധത്തിലുള്ള പുൽക്കൂട് അനുഭവത്തെക്കുറിച്ചും തിരുപ്പിറവിയിലൂടെ ചുരുളഴിയപ്പെടുന്ന വിശ്വാസം, ശരണം സ്നേഹം എന്നീ പുണ്യത്രയങ്ങളുടെ കലാപരമായ അവതരണത്തെക്കുറിച്ചും ചാവറയച്ചൻ ചിന്തിച്ചത് ഒരു സെമിനാരിപരിശീലകന്റെ മികവോടെ ആയിരുന്നു.**

രണ്ടാംഭാഗത്തിലെ എക്ലോഗുകളുടെ കയ്യക്ഷരവും ഭാഷയും കടലാസിന്റെ പഴക്കവും വിലയിരുത്തുമ്പോൾ അതൊരു പകർപ്പുകോപ്പിയാണെന്നു വേണം അനുമാനിക്കാൻ. പകർത്തിയെഴുതിയവരുടെ കൈപ്പടയാണ് അതിലുള്ളത്. എഴുതുവാൻ ഉപയോഗിച്ചിട്ടുള്ള കടലാസിന്റെ പഴക്കം ചാവറയച്ചന്റെ കാലത്തോളം ഇല്ല. അതുകൊണ്ട് ഇതൊരു പകർപ്പാകാം എന്ന നിഗമനത്തിലാണ് എത്തിച്ചേർന്നിരിക്കുന്നത്. രണ്ടാം ഭാഗം ചാവറയച്ചന്റെ പേരിൽ പ്രസിദ്ധീകരണയോഗ്യമല്ലാത്തതുകൊണ്ടാവും കേരളസാഹിത്യ അക്കാദമി പ്രസിദ്ധീകരിക്കാതിരുന്നത്.

1831 ലാണ് കേരളത്തിലെ കോട്ടയം ജില്ലയിൽ മാന്നാനം കേന്ദ്രമാക്കി തദ്ദേശീയമായ ആദ്യത്തെ കത്തോലീക്കാ സന്യാസസമൂഹം രൂപം കൊള്ളുക. 24 വർഷങ്ങൾക്കു ശേഷം 1855 ൽ ചാവറകുര്യാക്കോസ് ഏലിയാസച്ചന്റെ നേതൃത്വത്തിലുള്ള സന്യാസസഭയ്ക്ക് നൈയാമികമായ അംഗീകാരം കിട്ടി. ചാവറയച്ചനും അനുയായികളും കടൽ കടന്ന് ഈ മണ്ണിലെത്തിയ സന്യാസസൗഭാഗ്യത്തെ പുൽകുവാൻ ആവേശഭരിതരായി ഒരുങ്ങി. ദൈവം തന്നെ ഏൽപിച്ച സമൂഹത്തിന് ക്രിസ്തുസഭയിൽ കാലഘട്ടത്തിന്റെ ആവശ്യങ്ങൾക്കനുസരിച്ച് പ്രവർത്തിക്കാനുള്ള പരിശീലനവും അതുവഴി അടിത്തറ ഭദ്രമാക്കലും എന്ന ധർമ്മം തന്നിൽ നിക്ഷിപ്തമായ വലിയ ഉത്തരവാദിത്തമായി അദ്ദേഹം കണ്ടു. ഈ ലോകത്തിലായിരുന്നുകൊണ്ട് ഈ ലോകത്തിന്റേതല്ലാത്തതുപോലെ ജീവിക്കാൻ കുറേ പേരെ പരിശീലിപ്പിക്കണം. വ്യക്തത ഇല്ലാത്ത ജോലി. ഇതിലെ ഗുരുതരാവസ്ഥ വലുതാണ്. ഗുരുമുഖത്ത് നിന്നേ ഇത് പഠിക്കാൻ കഴിയൂ. ആത്മീയവും മാനുഷികവുമായ അംശങ്ങൾ സ്വാഭാവികവും സാധാരണവുമായ രീതിയിൽ ഇതിൽ ഇഴചേർക്കണം. ഇതിൽ പരിശീലകനും പരിശീലിക്കപ്പെടുന്നവരും അഗ്നിശുദ്ധിയുടെ നൂൽപാലത്തിൽ കൂടി നടക്കാതെ തരമില്ല. ഇതിന്റെയൊരു പരിഭ്രാന്തിയും ആകാംക്ഷയും അന്വേഷിക്കലും ചാവറയച്ചനിൽ ഉണ്ടായിരുന്നു. തന്നോടൊപ്പം പ്രവർത്തിച്ചിരുന്ന ഇറ്റാലിയൻ മിഷണറിമാരോട് ഈ കൗതുകം പങ്കുവയ്ക്കുകയും നാനാതരത്തിലുള്ള സാധ്യതകൾ ആരായുകയും കിട്ടിയ അറിവുകൾ യഥാവിധം യഥോചിതം ഉപയോഗിക്കു

കയും ചെയ്തു. അങ്ങനെയാണ് കാലിത്തൊഴുത്ത് (ഇടയ) നാടകങ്ങൾ ജന്മം കൊണ്ടത്.

ചാവറക്കാലം തിരക്കേറിയതായിരുന്നു. എങ്കിൽപോലും എഴുത്തും വായനയും അനുധ്യാനവും ഒരു ശീലമാക്കി ചാവറയച്ചൻ കൊണ്ടു നടന്നു. ആ കാലഘട്ടത്തിൽ ഇത്രയധികം എഴുതിയ എഴുത്തുകാരെ കണ്ടുപിടിക്കാൻ നാം ഏറെ പരിശ്രമിക്കേണ്ടി വരും. ചാവറയച്ചൻ ധാരാളം എഴുതിയെങ്കിലും സെമിനാരിയിൽ വൈദികപരിശീലനത്തിനുവേണ്ടി എന്ന നിഷ്ക്കർഷയോടുകൂടി എഴുതിയത് 'എക്ലോഗുകൾ' മാത്രമാണ്. സെമിനാരിയിലെ വൈദികവിദ്യാർത്ഥികളേയും അധ്യാപകരേയും ലക്ഷ്യം വച്ചുകൊണ്ട് ചാവറയച്ചൻ ചെയ്ത സത്രചനയുടെ കലാവിഷ്ക്കാരമാണ് കാലിത്തൊഴുത്ത് (ഇടയ) നാടകങ്ങൾ. ഇത് ദൈവത്തിന്റെ കയ്യൊപ്പ് കിട്ടിയ രചനതന്നെയാണെന്ന് പറയേണ്ടി വരും. ദൈവശാസ്ത്ര, സാഹിത്യ, കലാസാംസ്ക്കാരിക വിശാരദൻമാരുടെ ഇടയിൽ നടന്നുകൊണ്ടിരിക്കുന്ന പഠനങ്ങളും ചിന്തകളും അതിലേക്കാണ് വിരൽ ചൂണ്ടുന്നത്.

ദൈവത്തിന്റെ മനുഷ്യാവതാരത്തെക്കുറിച്ചും കാലിത്തൊഴുത്തിൽ പിറന്നവന്റെ ശൂന്യവൽക്കരണത്തെക്കുറിച്ചും സ്രഷ്ടാവ് സൃഷ്ടിബന്ധത്തിലുള്ള പുൽക്കൂട് അനുഭവത്തെക്കുറിച്ചും തിരുപ്പിറവിയിലൂടെ ചുരുളഴിയപ്പെടുന്ന വിശ്വാസം, ശരണം സ്നേഹം എന്നീ പുണ്യത്രയങ്ങളുടെ കലാപരമായ അവതരണത്തെക്കുറിച്ചും ചാവറയച്ചൻ ചിന്തിച്ചത് ഒരു സെമിനാരിപരിശീലകന്റെ മികവോടെ ആയിരുന്നു. ചാവറയച്ചൻ ഇടയനാടകങ്ങൾ രചിച്ചതും അത് സെമിനാരികളിൽ അവതരിപ്പിച്ചതും വെറും നാടകകലയെ ഉപാസിക്കുന്ന ഒരു കലാകാരൻ എന്ന നിലയിലല്ല. തന്നിൽ നിക്ഷിപ്തമായിരിക്കുന്ന ഉത്തരവാദിത്വത്തിന്റെ കാലികമായ പ്രശ്നങ്ങളുടെ മേൽ അടയിരുന്ന് ആത്മത്തെയും ബുദ്ധിയേയും മനസ്സിനേയും തപിപ്പിച്ച്, ചിന്തിക്കുകയും പ്രാർത്ഥിക്കുകയും കാര്യങ്ങളെ അപഗ്രഥിക്കുകയും, ഏകോപിപ്പിക്കുകയും ചെയ്തതിന്റെ ഫലമായി കിട്ടിയ തൂലികാനുഗ്രഹമാണ് കാലിത്തൊഴുത്ത് നാടകങ്ങൾ. ഇതിനെ സി.എം.ഐ സഭാസമൂഹം കുറച്ചുകണ്ടുവോ? ഇന്ന് കലാസാഹിത്യരംഗങ്ങളിൽ സജീവമായിട്ട് നിൽക്കുന്ന പണ്ഡിതശ്രേണിയിൽപ്പെട്ട ആളുകൾ ഇടയനാടകത്തോട് കാണിക്കുന്ന ഗൗരവപൂർവ്വകമായ സമീപനം സഭാതലത്തിൽ ഇന്നും കാതങ്ങൾ അകലെയാണ്. സഭയിലെ പഴമക്കാർ എക്ലോഗിനെ ഓമനപ്പേരിട്ട് വിളിച്ചത് "പുതപ്പു നാടകമെന്നോ" പ്രഹസനങ്ങൾ എന്നോ, (ഫാ. വലേരിയൻ എഴുതിയ ചാവറകുര്യാക്കോസ് ഏലിയാസച്ചന്റെ ജീവചരിത്രത്തിൽ) ആയിരുന്നു. ചാവറയച്ചൻ കത്തോലീക്കാ സന്യാസത്തെ കടൽ കടത്തി പ്രാദേശികമാക്കിയതുപോലെ ഇടയപരിശീലനത്തെ പോഷിപ്പിക്കുവാൻ തികച്ചും വൈദേശികമായിരുന്ന ഒരു കലാരൂപത്തെ ദേശീയമായി പരിവർത്തനപ്പെടുത്തി. ഈ സംഭവത്തിന്റെ സാഹിത്യ സാഹസികതയെ കാലം നമിക്കാതിരിക്കില്ല.

ചാവറയച്ചന്റെ കാലിത്തൊഴുത്ത് നാടകങ്ങൾ പലതരത്തിലും തലത്തിലുമുള്ള വീക്ഷണ വിശേഷങ്ങളോടുകൂടി അവതരിപ്പിക്കാൻ കഴിയും. സാഹസികമായ ആ വലിയ പദ്ധതിക്ക് മുതിരുന്നില്ല. ചാവറയച്ചന്റെ കാലിത്തൊഴുത്ത് (എക്ലോഗ്) നാടകങ്ങളെ കുറച്ചു കാണാനും കാണാതിരിക്കാനുമായി അല്പമൊരു ഗൗരവതരമായ പര്യന്വേഷണം ഇതിലേക്ക് ആവശ്യമെന്ന് തോന്നുന്നു.

കാലിത്തൊഴുത്ത് (എക്ലോഗ്) നാടകങ്ങളുടെ വൈദേശികബന്ധം എന്താണന്നല്ലേ? ഹെലനിസ്റ്റ് കവിയായ തിയോക്രിറ്റസ്. (Theocritns) ആണ് എക്ലോഗ് എന്ന ആവിഷ്ക്കാരരീതി ആദ്യം അവതരിപ്പിച്ചത്. ആട്ടിടയൻമാരുടേയും ഗ്രാമീണരുടേയും ജീവിതമായിരുന്നു ഇടയഗീതം (Pastoral songs) എന്ന കാവ്യരൂപങ്ങളിലെ പ്രതിപാദ്യം. ബുക്കോലിക്ക എന്നതായിരുന്നു ഈ കാവ്യശാഖയുടെ ആദ്യസംജ്ഞ ഇഡിൽസ്. (Idylls) എന്നും ഉപയോഗിച്ച് കാണുന്നു. വീർജിൽ (Vergil) എന്ന റോമൻ കവി ഈ കാവ്യശാഖയുടെ ഉപാസകൻ ആകുന്നതോടുകൂടിയാണ് എക്ലോഗ് കൂടുതൽ പ്രചാരത്തിലെത്തുന്നത്.ബി.സി.7019 ആയിരുന്നു വിർജിലിന്റെ കാലഘട്ടം. തിയോക്രിറ്റസിന്റെ കാവ്യങ്ങളെ കൂടുതൽ കലാത്മകമായി വിർജിൽ ആവിഷ്ക്കരിച്ചു. ഇടയപശ്ചാത്തല സംബന്ധിയായ ക്ലാസിക്കൽകാവ്യങ്ങൾ ആയി അവ മാറി. എക്ലോഗുകൾ എന്നാണ് അവ അറിയപ്പെടിരുന്നത്. ഇടയഗീതം, ഗ്രാമീണഗീതം എന്നൊക്കെയാണ് ഈ വാക്കിനർത്ഥം. വീർജിലിന് പത്ത് എക്ലോഗുകളാണ് ഉണ്ടായിരുന്നത്. നാലാമത്തെ എക്ലോഗിൽ ഒരു രക്ഷകന്റെ ജനനത്തെക്കുറിച്ച് വിർജിൽ സൂചന നൽകുന്നു. പിൽക്കാലത്ത് രചിക്കപ്പെട്ടിട്ടുള്ള പലരുടേയും എക്ലോഗുകൾ ഏറിയ പങ്കും ഉണ്ണിയേശുവിന്റെ ജനനവുമായി ബന്ധപ്പെട്ടിട്ടുള്ളവയായിരുന്നു. ഇവിടെ പരാമർശവിഷയമാകുന്ന ചാവറ എക്ലോഗുകളുടെ പ്രമേയ പരിവൃത്തവും അതാണ്. വിർജിലിന്റെ ഈ എക്ലോഗിലെ പ്രമേയ കല്പനയിൽ നിന്നു കൂടിയാവണം അതിനുള്ള പ്രേരണ. യേശുക്രിസ്തുവിന്റെ ജനനം ആട്ടിടയൻമാരുമായും കാലിത്തൊഴുത്തുമായും ഇടയജീവിതവുമായും ബന്ധപ്പെട്ടതായിരുന്നല്ലോ.

തിയോക്രിറ്റസിൽ നിന്ന് പ്രചോദനമുൾക്കൊണ്ടാണ് വിർജിൽ ഈ ശാഖയുടെ ഉപാസകനായി മാറിയതെങ്കിൽ വിർജിലിന്റെ എക്‌ലോഗുകളായിരുന്നു നാളേയ്ക്കുള്ള ഉത്തേജനം. കാലഹരണപ്പെടുത്തിയാലും പുനർജനനത്തിനുള്ള അന്തർധാര വറ്റാതെ അതിനുള്ളിൽ ലയിച്ചുകിടക്കുന്നു എന്നും അത് സ്വയം അർഹമായ വഴികൾ കണ്ടെത്തുമെന്നും കാലം നമ്മെ പഠിപ്പിക്കുന്നു. പുതപ്പുനാടകങ്ങൾ അല്ലെങ്കിൽ പ്രഹസനങ്ങൾ എന്ന ഓമനപ്പേരിട്ടു വിളിച്ചിരുന്ന എക്‌ലോഗുകളുടെ സ്ഥിതിയും മറ്റൊന്നല്ല. ശബ്ദത്തിന്റെയും വെളിച്ചത്തിന്റെയും സഹായത്തോടുകൂടി ഇന്നും ഇതൊരു കലാരൂപമായി വേദികളിൽ ഇടയനാടകളരി അവതരിപ്പിക്കുന്നു എന്നുള്ളത് കലയുടെ പുനർജനിക്കൽ തന്നെ. എ.ഡി. 1552-59 കാലഘട്ടത്തിൽ പത്ത് എക്‌ലോഗുകളുടെ ഒരു പരമ്പര ഇംഗ്ലീഷിൽ എഴുതിയ എഡ്മണ്ട് സ്പെൻസറിന്റേതാണ് ഈ സരണിയിൽ പിന്നീട് കാണാവുന്ന പ്രമുഖമായ സാന്നിദ്ധ്യം.

**ശബ്ദത്തിന്റെയും വെളിച്ചത്തിന്റെയും സഹായത്തോടുകൂടി ഇന്നും ഇതൊരു കലാരൂപമായി വേദികളിൽ "ഇടയനാടകളരി" അവതരിപ്പിക്കുന്നു എന്നുള്ളത് കലയുടെ പുനർജനിക്കൽ തന്നെ. എ.ഡി. 1552-59 കാലഘട്ടത്തിൽ പത്ത് എക്‌ലോഗുകളുടെ ഒരു പരമ്പര ഇംഗ്ലീഷിൽ എഴുതിയ എഡ്മണ്ട് സ്പെൻസറിന്റേതാണ് ഈ സരണിയിൽ പിന്നീട് കാണാവുന്ന പ്രമുഖമായ സാന്നിദ്ധ്യം.**

നാടകത്തോടുള്ള സഭയുടെസമീപനം എപ്രകാരമായിരുന്നു, അത് ചാവറയച്ചനിലും എക്‌ലോഗുകളിൽ പൊതുവേയും, ആദ്ധ്യാത്മികപരിശീലനപരിപാടിയിൽ പ്രത്യേകിച്ചും എന്ത് എന്ത് മാറ്റങ്ങൾ വരുത്തി എന്ന് ചിന്തിക്കേണ്ടത് ആവശ്യമെന്ന് തോന്നുന്നു.

റോമാസാമ്രാജ്യത്തിന്റെ തകർച്ചയോടെ AD കത്തോലിക്കാസഭ ഇറ്റലിയിൽ ശക്തി ആർജിച്ചു. AD1095 വരെ കുരിശുയുദ്ധക്കാരുടെ തേരോട്ടമായിരുന്നു. നാടകം ദൈവനിന്ദ പ്രകടിപ്പിക്കുന്ന കലയാണെന്നും അത് വിശ്വാസികളെ വഴിതെറ്റിക്കും എന്നും സഭാധികാരികൾ കരുതി. യൂറോപ്പിലെങ്ങും നാടകം നിരോധിക്കപ്പെട്ടു. പിന്നീട് ഒമ്പതാം നൂറ്റാണ്ടായപ്പോഴേക്കും പ്രാർത്ഥനാക്രമത്തിൽ വി. കുർബ്ബാനയ്ക്കിടയിൽ ഗാനരൂപത്തിലുള്ളചെറിയ ചെറിയ നാടകരൂപങ്ങൾ കടന്നുവരാൻ തുടങ്ങി. പന്ത്രണ്ടാം നൂറ്റാണ്ടിൽ കത്തോലീക്കാ സഭ ലിറ്റർജിക്കൽ നാടകങ്ങളുടെ അവതരണം ദേവാലയത്തിനകത്ത് നിരോധിച്ചു. എന്നാൽ ദേവാലയത്തിന് പുറത്ത് നാടകങ്ങൾ അവതരിപ്പിക്കുന്നതിന് സഭ എല്ലാ പിന്തുണയും നൽകിയിരുന്നു. ദേവാലയത്തിന് പുറത്ത് ആവിഷ്ക്കരിക്കപ്പെട്ട നാടകങ്ങൾ വളരെ പെട്ടെന്ന് വളരുകയും കൂടുതൽ സ്വതന്ത്രമാവുകയും ചെയ്തു. അപ്പോഴും നാടകത്തിന്റെ പ്രമേയങ്ങൾ ബൈബിളിലെ സംഭവങ്ങൾ തന്നെ ആയിരുന്നു.

ഉർബൻ നാലാമൻമാർപ്പാപ്പയുടെ കാലത്ത് ഒരു പുതിയ തിരുന്നാൾ കൂടി സഭാകലണ്ടറിൽ ചേർക്കപ്പെട്ടു. കുർബ്ബാനയുടെ തിരുന്നാളായിരുന്നു അത്. തിരുന്നാൾ പ്രദക്ഷിണത്തോടനുബന്ധിച്ച് നാടകാവതരണങ്ങൾ സാധാരണമായി. ബൈബിളിലെ ഇതിവൃത്തങ്ങളിൽ നിന്നും എടുത്തവയായിരുന്നു നാടകങ്ങളിലെ പ്രമേയം. സഭയുടെ ദർശനങ്ങളും മൂല്യങ്ങളും അനുയായികളെ പഠിപ്പിക്കുന്നതിൽ നാടകങ്ങൾ ഏറെ ഫലപ്രദമാണെന്ന് സഭാനേതൃത്വം മനസ്സിലാക്കികഴിഞ്ഞിരുന്നു. ഫലപ്രദമായ പഠനോപാധിയായും പരിശീലന കളരിയായും സഭ, നാടകങ്ങളേയും മറ്റ് കലാരൂപങ്ങളെയും കണ്ടിരുന്നു എന്ന് വേണം കരുതാൻ.

കേരളത്തിലും നാടകം എന്ന കലാരൂപം പള്ളിപ്പെരുന്നാളുകളിലും, മറ്റ് ആഘോഷങ്ങളിലും അവതരിപ്പിക്കപ്പെട്ടിരുന്നു. ഇവിടെ ബൈബിൾ നാടകങ്ങൾക്കായിരുന്നു പരിഗണന. വിശുദ്ധരുടെ ജീവചരിത്ര നാടകങ്ങളും പരിഗണിക്കപ്പെട്ടിരുന്നു.

പത്തുവർഷത്തോളം ചാവറ കലാനിലയം വിശുദ്ധരുടെ നാടകങ്ങൾ കേരളത്തിലും കേരള ത്തിനുപുറത്തും അവതരിപ്പിച്ചു. ചാവറയച്ചനും അൽഫോൻസാമ്മയും മദർതെരേസയും സെന്റ് പോളുമൊക്കെ വിജയകരമായി അവതരിപ്പിക്കപ്പെട്ടവയിൽ ചിലതു മാത്രം. ചാവറയച്ചനെ സഭയുടെ ഈ സമീപനം സ്വാധീനിച്ചിരുന്നുവോ? അദ്ദേഹത്തിന്റെ കാലത്തെ സെമിനാരിക്കാർ രക്ഷാകരചരിത്രത്തിലെ പ്രധാന സംഭവമായ തിരുഅവതാരത്തിലെ വിശ്വാസത്തിന്റേയും ശരണത്തിന്റെയും സ്നേഹത്തിന്റേയും നേർകാഴ്ചകൾ സ്വായത്തമാക്കുവാൻ കലയെ അവലംബിച്ചത് പാഠ്യരംഗത്തെ ഒരു പുത്തൻ പരീക്ഷണമായി വേണം കരുതാൻ. ഇതൊരു ബദൽ പരീക്ഷണമായിരുന്നെങ്കിൽ ന്യൂജെൻ കാലഘട്ടത്തിൽപരിശീലകരുടേയും പരിശീലിപ്പിക്കപ്പെടുന്നവരുടേയും ഇടയിൽ വിശ്വാസത്തിന്റെയും, ശരണത്തിന്റെയും ഉപവിയുടെയും രക്ഷാകരമായ അനുഭവങ്ങൾക്കുവേണ്ടി എന്ത് പരീക്ഷണങ്ങളും നടത്തുന്നതിനുവേണ്ടിയുള്ള ഒരു തുറവി ചാവറയച്ചൻ തുറന്നു. ചാവറയച്ചന്റെ പിൻതലമുറ

**പത്തുവർഷത്തോളം ചാവറ കലാനിലയം വിശുദ്ധരുടെ നാടകങ്ങൾ കേരളത്തിലും കേരളത്തിനുപുറത്തും അവതരിപ്പിച്ചു. ചാവറയച്ചനും അൽഫോൻസാമ്മയും മദർതെരേസയും സെന്റ് പോളുമൊക്കെ വിജയകരമായി അവതരിപ്പിക്കപ്പെട്ടവയിൽ ചിലതുമാത്രം.**

ക്കാരായ സി.എം.ഐ ക്കാരുടെ പരിശീലനത്തിലും പരിശീലകർക്കിടയിലും അറിഞ്ഞോ അറിയാതെയോ ഈയൊരു ചാവറസ്പർശം ഇഴുകിച്ചേർന്നിട്ടുണ്ട്.നമ്മുടെ സെമിനാരികളിൽ ലോകമാണ് അതിർത്തി എന്നും, ആകാശമാണ് നമ്മുടെ ചിന്തയുടെ വിഹായസെന്നും, ആഴിയുടെ ആഴങ്ങളിലെ മുത്തുച്ചിപ്പികളാണ് നമ്മുടെ സ്വപ്നങ്ങളുടെ ഖനന സാധ്യതകൾ എന്നും പരിശീലകരും പരിശീലനം ലഭിക്കുന്നവരും സ്വാഭിമാനികൾ ആകുമ്പോൾ, പരിശീലനങ്ങളിലും പരിശീലകരിലും സെമിനാരികളാകുന്ന പരിശീലന കേന്ദ്രങ്ങളിലും അറിഞ്ഞോ അറിയാതെയോ സംസ്ക്കാര സമന്വയങ്ങളുടെ വലിയ രാസപരിണാമമാണ് സംഭവിക്കുക.

ലാറ്റിൻ കൽദായ ചട്ടക്കൂട്ടിൽ ഒരുക്കപ്പെട്ടിരുന്ന ഒരു പരിശീലനമായിരുന്നല്ലോ ചാവറയച്ചന് ലഭിച്ചിരുന്നത്. അതിനെ അങ്ങേയറ്റം ആദരിക്കുകയും സ്നേഹിക്കുകയും ചെയ്തതുകൊണ്ട് തന്നെ ഒരു ആധുനിക മാനവസംസ്കൃതിക്കു വേണ്ടിയുള്ള അഭിവാഞ്ഛയായിരുന്നു ചാവറയച്ചന്റേത്. യേശുസംഘത്തിന്റെ മാതൃസംസ്കൃതി യഹൂദിയവും പിതൃസംസ്കൃതി ക്രിസ്തീയവുമായിരുന്നു, എന്ന് ഫാ. കണിച്ചായ് 'യേശുദർശനയോഗം' എന്ന പുസ്തകത്തിന്റെ ആമുഖത്തിൽ സമർപ്പിക്കുന്നു. ആദ്യത്തേതിനെ ഇല്ലാതാക്കാനല്ല മറിച്ച് പൂർത്തിയാക്കാനത്രേ യേശു വന്നത്. അതിനാൽ പൂർവ്വേതര സംസ്കൃതികളുടെ ഒരു സമന്വയം ആദിമക്രിസ്തീയ ആദ്ധ്യാത്മികതയിൽ' നമുക്ക് കാണാൻ കഴിയും. വിശുദ്ധ തോമ്മാശ്ലീഹായിൽ നിന്നും ക്രിസ്തീയവിശ്വാസം ഏറ്റുവാങ്ങിയ ഭാരതീയരുടെ കാര്യത്തിലും ഈ കാഴ്ചപ്പാടും സമീപനവും സ്വീകാര്യമായി തീരുന്നു. ചാവറയച്ചന് ദേശായത്തമായി ലഭിച്ച മൂലസംസ്കൃതി ആർഷവും, ആർജിതസംസ്കൃതി ക്രൈസ്തവുമായിരുന്നു. അതുകൊണ്ട് ഇവരണ്ടിന്റെയും പ്രതിഫലനവും, സങ്കലനവും ചാവറയച്ചന്റെ ആദ്ധ്യാത്മികഭാവങ്ങളിലും, ദാർശനികചിന്തകളിലും കർമ്മസരണികളിലും കാണാൻ കഴിയും.



ഇടയനാടകാവതരണത്തിലൂടെ ഇടയസംസ്ക്കാരത്തെ ഭാരത സംസ്ക്കാരത്തിൽ സംഭവ്യമാക്കിത്തീർക്കാൻ ചാവറയച്ചൻ ആഗ്രഹിച്ചുവോ? ക്രിസ്തു അവതാരകഥയുടെ രംഗാവിഷ്ക്കരണത്തിന് അദ്ദേഹം ഭാരതീയ പാരമ്പര്യത്തിൽ നിന്ന് വിട്ട് ഒരു സാർവ്വലൗകിക പാരമ്പര്യത്തെ ആശ്രയിക്കാൻ തീരുമാനിച്ചു. അത് മലയാളരംഗകലയ്ക്ക് ഒരു നൂതനമുഖം സൃഷ്ടിച്ച് നൽകി. ക്രിസ്തുമസിനുശേഷം പത്തുദിനങ്ങളിലേക്ക് സെമിനാരിക്കാർ ഉണ്ടാക്കിയ പുൽക്കൂടിനു മുമ്പിൽ വലിയ വേഷഭൂഷാദികൾ ഇല്ലാതെ അവതരിപ്പിക്കപ്പെട്ട എക്ലോഗുകൾ വൈദികവിദ്യാർത്ഥി മന്ദിരത്തിനു പുറത്ത് അവതരിപ്പിച്ചിരുന്നെങ്കിൽ ഇടയനാടകത്തിനും ഇടയസംസ്ക്കാരത്തിനും ഇതിലധികം വേരോട്ടം കലാസാംസ്ക്കാരിക ചരിത്ര ആത്മീയ മണ്ഡലങ്ങളിൽ ലഭ്യമാകുമായിരുന്നു. മലയാളഭാഷ ക്ലാസിക്കൽ പദവിയിലേക്ക് ഉയർന്ന് പ്രാചീന സമ്പാദ്യങ്ങൾ തേടിപ്പിടിച്ച് ശക്തിയാർജിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുമ്പോൾ അതിന്റെ ഈടുവയ്പ്പിൽ ഇങ്ങനെയും ചില അനർഘനിധികൾ ഒളിഞ്ഞുകിടപ്പുണ്ടെന്ന വിവരം ഭാഷാസ്നേഹികളായ ഗവേഷണ പ്രതിഭകൾക്ക് കൗതുകം ജനിപ്പിക്കുകതന്നെ ചെയ്യും. ചാവറയച്ചനെക്കുറിച്ച് എന്തെങ്കിലും എഴുതാനോ പ്രസംഗിക്കാനോ ആഗ്രഹിക്കുന്നവർക്ക് ചാവറയച്ചൻ നൽകുന്ന പഠനഭാരം ചില്ലറയൊന്നുമല്ല. ചാവറക്കാലത്തിന് പിന്നോട്ടും മുന്നോട്ടും ഏറെ പരിജ്ഞാനമുള്ളവർക്കേ ചാവറയച്ചനെ ശരിക്കും മനസ്സിലാക്കാൻ കഴിയൂ. അവർക്കേ ചാവറയച്ചനെക്കുറിച്ച് അവഗാഹമായി എഴുതാനും പറയാനും കഴിയൂ. സി.എം.ഐ ക്കാരുടെ എഴുത്തും പറച്ചിലും ചർവിതചർവണമായി പോകുന്നു എന്നു കേൾവിക്കാർക്ക് തോന്നുന്നത് അതുകൊണ്ടാണ്. ചാവറയച്ചനെക്കുറിച്ച് ധാരാളം എഴുതപ്പെട്ടിട്ടുണ്ടെങ്കിലും ഇനിയും ചിലത് ബാക്കി കിടക്കുന്നു എന്ന സൂചനയാണ് എക്ലോഗുകളുടെ കണ്ടെത്തൽ നൽകുന്നത്. സെമിനാരിക്കാർക്കുവേണ്ടിയുള്ള പരിശീലനം പ്രത്യേകിച്ചും ആദ്ധ്യാത്മിക പരിശീലനം, എക്ലോഗുകളിൽ ചാവറയച്ചൻ എങ്ങനെ വിഭാവനം ചെയ്യുന്നു എന്ന്പരിചിന്തനം നടത്തേണ്ടിയിരിക്കുന്നു.

**ഇടയനാടകങ്ങളും ഇടയൻമാരും.**

ഇടയനാടകങ്ങളുടെ ശ്രീകോവിലിലേക്കും ആദ്ധ്യാത്മിക രമ്യഹർമ്മങ്ങളിലേക്കും പ്രവേശിക്കണമെങ്കിൽ മുകളിൽ പ്രതിപാദിച്ച ഒരു പാരസ്പര്യ പഠനം ആവശ്യമായിരിക്കും എന്ന് തോന്നുന്നു. ക്രിസ്തുസഭയിൽ കാലഘട്ടത്തിന്റെ ആവശ്യങ്ങൾക്കനുസരിച്ച് പ്രവർത്തിക്കാനുള്ള ഇടയസമൂഹത്തെ വാർത്തെടുക്കുക എന്ന ഉത്തരവാദിത്വമേറിയ ജോലി എങ്ങനെ നിർവഹിക്കപ്പെടും എന്ന ചിന്തയുടെ പിരിമുറുക്കം ചാവറപ്പിതാവിനെ അലട്ടിയിരുന്നു. ഈ ലോകത്തിൽ ആയിരുന്നുകൊണ്ട് ഈ ലോകത്തിന്റേതല്ലാത്തതുപോലെ അജപാലകരെ സംസ്ക്കരിച്ചെടുക്കുക എന്ന യജ്ഞം. സർവ്വതും ഉപേക്ഷിച്ച് ദൈവത്തേയും ദൈവജനത്തേയും ശുശ്രൂഷിക്കാനായി എത്തിയവരുടെ താളപ്പിഴകളും പോരായ്മകളും. ഇതിലെല്ലാം ആദ്ധ്യാത്മികപരിശീലനവുമായി ബന്ധപ്പെടുന്ന ത്രിമാനഘടകങ്ങൾ കാണാം. പരിശീലകൻ പരിശീലിക്കപ്പെടുന്നവർ, പരിശീലന ഇടം ഇതിലെല്ലാം ആത്മീയതയുടെ എരിവും, മാനുഷികതയുടെ പുളിയും പാകത്തിനുചേർക്കുക എന്ന കർത്തവ്യത്തിന്റെ മർമ്മജ്ഞത, കൂടി ആയപ്പോൾ എന്തിലും ഏതിലും ദൈവാവലംബിയായി തീരുന്ന ചാവറയച്ചന്റെ ഈശ്വരാവലംബം, ഇടയനാടകത്തിലെ ബത്‌ലഹേമിലെ കാലിത്തൊഴുത്ത് സഞ്ചാരികളുടെ ഹൃദയമിടിപ്പിന് സമാനമായി. ഫ്രാൻസീസ് മാർപാപ്പയുടെ ഈ അടുത്തകാലത്തെ അനൗപചാരിക ഉപദേശങ്ങളിലും പ്രസംഗങ്ങളിലും, വൈദിക വിദ്യാർത്ഥികളുടെ പരിശീലനത്തെക്കുറിച്ചും സെമിനാരികളിലെ ആത്മീയ ഇടയൻമാരുടെ പരിപക്വമായ വാർത്തെടുക്കലിനെക്കുറിച്ചു പര്യാകുലനാകുന്നതും ചുമതലപ്പെട്ടവരെ അത് ഓർമ്മിപ്പിക്കുന്നതും കാണാം.ഇടയനാകാനുള്ളവരുടെ ആത്മീയപരിശീലനത്തിന്റെ അമരത്തിരിക്കുന്ന ഏവർക്കും ഈയൊരു നിലയില്ലാക്കയത്തിന്റെ അനുഭവം അടുത്തറിയാൻ കഴിയും. ദൈവത്തിന്റെ സ്നേഹം മാംസം ധരിക്കപ്പെട്ടതിന്റെ പൂജ്യത കണ്ണിമയ്ക്കാതെ നോക്കിക്കണ്ട പ്രകൃതിയേയും, പ്രകൃതിയിലെ ചരാചരങ്ങൾക്കൊപ്പം നോക്കികണ്ട ഇടയൻമാരെയും ചാവറയച്ചനും അദ്ഭുതമൂറുന്ന കണ്ണുകളോടെ നോക്കികണ്ടു. ഇവിടെ പരിശീലകന്റെയും പരിശീലിക്കപ്പെടേണ്ടവരുടേയും പരിശീലന വിഷയങ്ങളുടേയും ഭൂസ്വർഗ്ഗചക്രവാളങ്ങൾ ഒന്നായിത്തീരുന്നതുപോലെയുള്ള അനുഭവം ചാവറയച്ചനുണ്ടായി. അതുകൊണ്ടാണ് എക്ലോഗുകളുടെയെല്ലാം പ്രമേയം ഉണ്ണിമിശിഹായുടെ തിരുഅവതാരമായി തീരുന്നത്.പരിശീലകന്റെയും പരിശീലിക്കപ്പെടേണ്ടവരുടേയും പരിശീലന വിഷയങ്ങളുടേയും പരീക്ഷണശാലയായി യേശുദേവൻ ജനിച്ച കാലിത്തൊഴുത്ത് മാറ്റപ്പെടുന്നു, രക്ഷകന്റെ കാലിത്തൊഴുത്ത് മുതൽ കാൽവരി വരെയുള്ള ഗുരുദർശനം പരിശീലകന്റെയും പരിശീലിക്കപ്പെടുന്നവരുടേയും ആത്മീയഭക്ഷണവും പാനീയവുമായി തീർന്നു. കാലിത്തൊഴുത്തിലെ ഉണ്ണിയിലേക്ക്, ഉണ്ണിമിശിഹായുടെ സമാധാന സന്ദേശത്തിലേക്ക്, യൗസേപ്പിതാവിന്റെയും, മാതാവിന്റെയും ത്രിഭംഗനിശ്ചലതയിലേക്ക്, രക്ഷയുടെ സാധാരണത്വത്തിലെ അസാധാരണത്വത്തിലേക്ക് ഈ ലോകം മുഴുവൻ കുമ്പിട്ട് ത്രിഭംഗനിശ്ചലതയിൽ എത്തുന്ന ശുഭാവസരം. ഇടയൻമാരുടെ ഇടയനായ യേശു പുൽക്കൂട്ടിൽ വിശ്വാസത്തിന്റെയും ശരണത്തിന്റേയും സ്നേഹത്തിന്റേയും "കുളിർകാറ്റേറ്റ് ശയിക്കുന്നു".

> **മലയാളഭാഷ ക്ലാസിക്കൽ പദവിയിലേക്ക് ഉയർന്ന് പ്രാചീന സമ്പാദ്യങ്ങൾ തേടിപ്പിടിച്ച് ശക്തിയാർജിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുമ്പോൾ അതിന്റെ ഈടുവയ്പ്പിൽ ഇങ്ങനെയും ചില അനർഘനിധികൾ ഒളിഞ്ഞുകിടപ്പുണ്ടെന്ന വിവരം ഭാഷാസ്നേഹികളായ ഗവേഷണ പ്രതിഭകൾക്ക് കൗതുകം ജനിപ്പിക്കുകതന്നെ ചെയ്യും.**

എക്ലോഗുകളുടെ രചനയിലൂടെയും അവതരണത്തിലൂടെയും ചാവറയച്ചൻ വിശുദ്ധ ഗ്രന്ഥത്തിൽ ആകമാനം ചൂഴ്ന്നുനിൽക്കുന്ന ഇടയസംസ്ക്കാരത്തിന്റെ പ്രയോക്താവായി. വിശുദ്ധഗ്രന്ഥ വിജ്ഞാനീയത്തിലെ ദൈവശാസ്ത്രവും ആത്മീയതയും ഇടയ ധർമ്മം സംഗ്രഹിക്കപ്പെടുന്നു. സെമിനാരികളിലെ വൈദികവിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം ഇടയധർമ്മവിചാരത്തിന് ചാവറയച്ചൻ നൽകിയ ഏറ്റവും സമ്പന്നമായ ഉപാധി ആയിരുന്നു കാലിത്തൊഴുത്തുനാടകങ്ങൾ അഥവാ എക്ലോഗുകൾ. ഇടയസംസ്ക്കാരം വളർന്നതും പോഷിപ്പിക്കപ്പെട്ടതും സങ്കീർത്തനകർത്താവായ ദാവീദിന്റെ കാലം മുതലായിരുന്നു. ദാവീദിനു മുമ്പ് വരെ ഇസ്രായേൽ ചരിത്രം രാജസംസ്ക്കാരത്തെ പ്രീണിപ്പിക്കുന്നതായിരുന്നു. വിശുദ്ധഗ്രന്ഥത്തിൽ രാജാക്കൻമാരുടെ പുസ്തകം ഇതാണ് നമ്മെ പഠിപ്പിക്കുന്നത്. ആട്ടിടയനായ ദാവീദ്, രാജാവ് ആകുന്നതോടുകൂടി ഇടയസസംസ്ക്കാരം ഇസ്രായേൽ ചരിത്രത്തിന്റെ ഭാഗമായി തീരുന്നു.

'കർത്താവ് എന്റെ ഇടയനാകുന്നു.
എനിക്ക് ഒന്നിനും മുട്ടുണ്ടാവുകയില്ല.'

എന്നു തുടങ്ങുന്ന 23 ാം സങ്കീർത്തനം രാജസംസ്ക്കാരം ഇടയസംസ്ക്കാരത്തിലേക്ക് വഴിപിരിയുന്നതിന്റെ ആത്മഗതങ്ങളായി കാണേണ്ടിയിരിക്കുന്നു. 23 ാം സങ്കീർത്തനം സ്വപ്നം കാണുന്ന നല്ല തികവാർന്ന ഇടയൻ ക്രിസ്തുവാകുന്നു. യോഹന്നാന്റെ സുവിശേഷം 10 ാം അദ്ധ്യായം യേശുവിലൂടെയുള്ള ഇടയസംസ്ക്കാരത്തിന്റെ തുടർച്ചയാണ്. വിശുദ്ധ യോഹന്നാന്റെ സുവിശേഷം 21 ാം അദ്ധ്യായത്തിൽ പത്രോസിനെ വലിയ ഇടയനാക്കി അവരോധിക്കുന്നു. യേശുവിന്റെ ആടുകളേയും കുഞ്ഞാടുകളേയും മേയിക്കുവാൻ ചുമതലപ്പെടുത്തുന്നു. വിശുദ്ധഗ്രന്ഥത്തിലെ തിരുവചനങ്ങളിലൂടെ ദൈവജനത്തെ തഴുകി തലോടുന്ന ഇടയസംസ്ക്കാരം ജീർണ്ണിക്കാതെ ജീവസുറ്റതായി നിൽക്കുന്നു. സെമിനാരിയിലെ ഭാവി ഇടയൻമാരാകുവാനുള്ളവർക്ക് ഇത് ഏറെ ആത്മീയഊർജ്ജം പകരുന്നതാവും. എക്ലോഗുകളിലൂടെ ഉരുത്തിരിഞ്ഞ ഈ ഇടയസംസ്ക്കാരത്തെ ഭാരതത്തിലെ പ്രാദേശിക നാടകചരിത്രവുമായി ഭാഷാപഠിതാക്കൾ ബന്ധപ്പെടുത്തി ചിന്തിക്കാൻ തുടങ്ങിയിരിക്കുന്നു.

**21 ാം അദ്ധ്യായത്തിൽ പത്രോസിനെ വലിയ ഇടയനാക്കി അവരോധിക്കുന്നു. യേശുവിന്റെ ആടുകളേയും കുഞ്ഞാടുകളേയും മേയിക്കുവാൻ ചുമതലപ്പെടുത്തുന്നു. വിശുദ്ധഗ്രന്ഥത്തിലെ തിരുവചനങ്ങളിലൂടെ ദൈവജനത്തെ തഴുകി തലോടുന്ന ഇടയസംസ്ക്കാരം ജീർണ്ണിക്കാതെ ജീവസുറ്റതായി നിൽക്കുന്നു.**

ചാവറയച്ചന്റെ എക്ലോഗുകളുടെയെല്ലാം പ്രമേയ പരിവൃത്തം രക്ഷകന്റെ പിറവി അറിയിക്കലാണെങ്കിലും അതിന് സ്വീകൃതമാകുന്ന ക്രീയാപാഠങ്ങൾ വ്യത്യസ്തമായിരുന്നു. ആദിമ മനുഷ്യൻ പിഴച്ചതിന്റെയും രക്ഷകന്റെ വരവ് അനിവാര്യമാകുന്നതിന്റെയും സാഹചര്യങ്ങൾ ഉക്തി വൈചിത്യത്തോടെ വിവരിക്കുന്നു. ഈ നാടകങ്ങളിലെ കഥാപാത്രങ്ങൾ സാധുക്കളായ ആട്ടിടയൻമാരാണ്. പ്രായാധിക്യത്താലും തുടർച്ചയായുള്ള സൽകർമ്മങ്ങളാലും, പ്രാർത്ഥനയും പ്രായശ്ചിത്തത്താലും പരിണിത പ്രജ്ഞനാകുവാൻ കഴിഞ്ഞ തറാസിയെപ്പോലെയുള്ള കഥാപാത്രങ്ങൾ അവർക്ക് വഴികാട്ടികളാകുന്നു. ഇസ്രായേലിന്റെ രക്ഷയാണ് തറാസിയുടെ മനസിനെ മഥിക്കുന്ന ഉത്ക്കണ്ഠ. തറാസി എന്ന കഥാപാത്രത്തെ സൃഷ്ടിക്കാൻ ചാവറപ്പിതാവിന് ആയത് ഒരു ചെറിയകാര്യമല്ല. തറാസി എന്ന കഥാപാത്രത്തെ പിൻചെല്ലുമ്പോഴും പഠനവിധേയമാക്കുമ്പോഴും ആ കഥാപാത്രത്തിന് ഒരുസെമിനാരിയിലെ റെക്ടറച്ചന്റെ യോഗ്യതയും, പരിവേഷവും ആകുലതയും, ഉത്കണ്ഠയും കാണാൻ കഴിയും. ഇടയകുഞ്ഞുങ്ങൾ പരിഭ്രമിക്കുകയും പരിതപിക്കുകയും ബദ്‌ലഹേമിലേക്കുള്ള വഴി പെട്ടെന്നാകാൻ തിടുക്കം കൂട്ടുകയും ചെയ്യുമ്പോൾ തറാസിയാണ് ദൈവശാസ്ത്രത്തിലും രക്ഷാകരചരിത്രപഠനത്തിലും, വിശുദ്ധഗ്രനന്ഥവുൽപത്തിയിലും ആത്മീയതയിലും മുതിർന്നവനായി മാർഗ്ഗനിർദേശങ്ങൾ നൽകുന്നത്. ഇങ്ങനെ വേദശാസ്ത്രികളുടേയും, കുഞ്ഞിപ്പൈതങ്ങളുടേയും ഇടയകുഞ്ഞുങ്ങളുടേയും കൂട്ടായ്മ ഒരു സെമിനാരിക്കൂട്ടത്തെപ്പോലെ തോന്നുന്നു. കാലിത്തൊഴുത്ത് നാടകങ്ങളിലുള്ള എക്ലോഗ് കഥാപാത്രങ്ങൾ സൻമനസ്സിന്റെ ഉടമകളായ ശുദ്ധാത്മാക്കളാണ്. രക്ഷകന്റെ തിരു അവതാരത്തെ വിളംബരം ചെയ്യുന്നതിന്റെ നാടകീയ ആവിഷ്ക്കാരങ്ങൾ ഓരോ തരത്തിലാണ്. കുഞ്ഞാടുകളായ അജഗണങ്ങളും അവരെ നോക്കി നടത്തുന്ന അജപാലകരും നാടകത്തിൽ ഉടനീളം കാണാനാകും. ഈ രണ്ട് വ്യക്തിത്വങ്ങൾ ഒന്നായിത്തീർന്നുകൊണ്ട് ഭക്തിയുടെ അലിവിനെ ആഘോഷമാക്കുന്നു. വിശുദ്ധഗ്രന്ഥത്തിലെ ആടും ഇടയനും ബലിയർപ്പകനും ബലിവസ്തുവും ഒന്നാകുന്ന താദാത്മ്യപ്പെടുത്തുന്ന ആത്മീയതയുടെ ഗിരിശൃംഗങ്ങൾ എക്ലോഗ് (കാലിത്തൊഴുത്ത്) നാടകങ്ങളിൽ കാണാം.

കാലിത്തൊഴുത്തിലെ പ്രപഞ്ചഗുരുവിന്റെ മുമ്പിൽ ഞാനല്ല ഞാൻ ആരാലോ മെനയപ്പെടുകയാണ് എന്ന രക്ഷാകരഭാഷ്യം പരിശീലകനും പരിശീലിക്കപ്പെടുന്നവരും അടിവരയിട്ടുസമ്മതിക്കുമ്പോൾ പുൽക്കൂടുകളാകുന്ന സെമിനാരികളിലെ പരിശീലനം പരിപാവനമാക്കപ്പെടും. പരിശീലകർക്കും പരിശീലിപ്പിക്കപ്പെടുന്നവർക്കും പുൽകൂട്ടിലെ ആത്മീയപ്രഭയുടെ പ്രചുരിമയിൽ ജീവിതകാലം മുഴുവൻ ആയിരിക്കാൻ സ്രഷ്ടാവിനു മുമ്പിൽ വാഴ്‌വിനുവേണ്ടി ത്രിഭംഗ സമർപ്പണംനടത്തേണ്ടി വരും. വിശ്വാസത്തിലും ശരണത്തിലും സ്നേഹത്തിലും വളരപ്പെടുകയും പരുവപ്പെടുകയും ചെയ്യുമ്പോഴാണ് പരിശീലനത്തിന്റെ പാഴ്നിലങ്ങളെക്കുറിച്ച് ബോധ്യമാവുക. ക്രൈസ്തവപുണ്യ ത്രയങ്ങളുടെ ശാരീരീക ആത്മീയഭാവങ്ങളുടെ ഭാഷ്യം എക്ലോഗുകളിലൂടെ ചാവറയച്ചൻ പരിശീലനരംഗത്തിന് നൽകുന്നു. സുഭാഷിതം എന്ന എക്ലോഗിലെ കഥാപാത്രങ്ങൾ വിശ്വാസം, ശരണം, ഉപവി എന്നിവയാണ്. അമൂർത്തങ്ങളായ ഭാവങ്ങൾക്ക് രംഗവേദിയിൽ കഥാപാത്രങ്ങളായി ജീവൻ നൽകിയിരിക്കുന്നു. ആരാണ് വലുത് എന്ന കാര്യത്തിൽ ഇവർ മൂവരും തമ്മിൽ സ്നേഹസംവാദം നടത്തുന്നു. ഈ സ്നേഹസംവാ

ദത്തിൽ ഇവർ മൂവരും ഉപയോഗിക്കുന്നത് വിശുദ്ധഗ്രന്ഥത്തിലെ സംഭവങ്ങളും നഗ്നനേത്രങ്ങൾ കൊണ്ട് കാണാവുന്ന പ്രപഞ്ച സത്യങ്ങളും അവയുടെയെല്ലാം അകക്കാമ്പിൽ സൂക്ഷിച്ചിരിക്കുന്ന വിശ്വാസത്തിന്റേയും ശരണത്തിന്റേയും ഉപവിയുടേയും മർമ്മരങ്ങളു മാണ്. ക്രൈസ്തവ പുണ്യത്രയങ്ങളുടെ ദീപ്തവും സൂഷ്മവുമായ അവതരണമാണ് സുഭാഷിതം എന്ന എക്ലോഗ്. ഈ ഇടയനാടകത്തിൽ നിന്നും ഇവിടെ ഉദ്ധരിക്കപ്പെടുന്ന ഈരടികളെല്ലാം വിശ്വാസം, ശരണം, ഉപവി എന്ന ത്രിമാന സദ്പുണ്യങ്ങളെക്കൊണ്ട് പ്രഭ വിതറുന്ന ഭാഗങ്ങൾ തന്നെ. അവസാനം വിശ്വാസവും ശരണവും സ്നേഹവും ആരും ആരെക്കാളും വലുതല്ല എന്ന തിരിച്ചറിവിൽ എത്തിച്ചേരുകയും പരസ്പരം ഏണിയായി തീരേണ്ടതിന്റെ ആവശ്യകത മനസിലാക്കുകയും ചെയ്യുന്നു.

**സുഭാഷിതം എന്ന നാടകത്തെ ഇടയനാടകങ്ങളുടെ ശ്രേണിയിലാണ് ഉൾപ്പെടുത്തിയിരിക്കുന്നതെങ്കിലും ഇടയനാടകങ്ങളുടെ ആഖ്യാനരീതിയിൽനിന്നും വ്യത്യസ്തമായിട്ടാണ് രചന. മദ്ധ്യകാലഘട്ടത്തിൽ പ്രചാരത്തിലിരുന്ന Morality നാടകങ്ങളോടാണ് സുഭാഷിതത്തിന് ഏറെ സാദൃശ്യം. മനുഷ്യനെ നൻമയിലേക്ക് നയിക്കുക എന്നതാണ് ഈ നാടകങ്ങളുടെ ലക്ഷ്യം.**

വിശ്വാസവും ശരണവും സ്നേഹവും ഈ ലോകത്തിന് ഏറ്റവും അധികം നൽകിയ ദൈവപുത്രനായ ഈശോമിശിഹായുടെ ജന്മ-ഗൃഹമായ ബത്ലഹേമിലെ കാലിത്തൊഴുത്തിലേക്ക് പെട്ടെന്ന് പ്രത്യക്ഷമാകുന്ന നക്ഷത്രത്തിന്റെ പുറകേ അനുയാത്ര നടത്തുകയും ഗുഹാമാതൃകയിലുള്ള കാലിത്തൊഴുത്തിലെത്തി ഉണ്ണിദേവനിൽ നിന്ന് ദർശനസുഖം അനുഭവിക്കുകയും ചെയ്യുന്നതോടുകൂടി സുഭാഷിതം എന്ന ഇടയനാടകം അവസാനിക്കുന്നു. രക്ഷാകരചരിത്രത്തിലൂടെയുള്ള ഈ ദീർഘയാത്ര ഒരു തീർത്ഥയാത്രയാവുന്നു., വിശ്വാസത്തിന്റെയും ശരണത്തിന്റെയും, സ്നേഹത്തിന്റെയും പൊതിച്ചോറുമായി.

ചാവറയച്ചൻ എക്ലോഗുകളെ സെമിനാരികൾക്കു വേണ്ടിയാണ് ചിട്ടപ്പെടുത്തിയത്. എങ്കിലും ഇടയനാടകങ്ങളുടെ ആത്മഹർഷത്തിലേക്ക് ഈ ലോകമെന്ന ഗ്രാമത്തിലെ മനുഷ്യരോടൊപ്പം സർവ്വസൃഷ്ടിജാലങ്ങളേയും ക്ഷണിക്കുന്നു. മനുഷ്യനിലെ അടിസ്ഥാന അംശങ്ങളായ വിശ്വാസത്തെയും ശരണത്തെയും സ്നേഹത്തെയും ചാവറയച്ചൻ ദർശിക്കുന്നു. ദൈവത്തിലും സഹസഹോദരങ്ങളിലും വിശ്വാസവും ശരണവും സ്നേഹവും അർപ്പിച്ചുകൊണ്ട് ജീവിക്കുമ്പോൾ പച്ചയായ മനുഷ്യനിലെ മനുഷ്യത്വം മാനം മുട്ടി വളരുന്നു. എക്ലോഗുകളിലെ ഇടയകഥാപാത്രങ്ങളിലൂടെ അതാണ് സംഭവിക്കുക. മനുഷ്യൻ ദൈവത്തിലേക്ക് എത്തപ്പെടുന്നതിനുള്ള ചവിട്ടുപടിയാണല്ലോ മനുഷ്യത്വം. സൃഷ്ടമനുഷ്യന്റെ പ്രാഗ് രൂപത്തിൽ നിന്ന് നിർഗമിക്കുകയും അവനിൽ കുടികൊള്ളുകയും ചെയ്യുന്ന സദ്ഗുണ ത്രിമാനങ്ങളാണ് വിശ്വാസവും ശരണവും സ്നേഹവും (ഉപവിയും). ഈ സദ്ഗുണ ത്രിമാനങ്ങളുടെ ഘനീഭവിച്ച ആത്മീയ രൂപമായ കാലിത്തൊഴുത്തിൽ പിള്ളക്കച്ചകൾ കൊണ്ട് പൊതിഞ്ഞ ശിശുവിലേക്കും അമ്മയിലേക്കും യൗസേപ്പിതാവിലേക്കും കാലികളുടെ സാന്നിധ്യത്തിലേക്കും മനുഷ്യകുലത്തിന്റെ രണ്ടറ്റത്തുമുള്ള ഇടയനേയും രാജാവിനേയും എത്തിക്കുന്നു. ഈ സദ്ഗുണവിചാരിപ്പുകളിലൂടെ മനുഷ്യൻ ഇടപെടുന്നതും ഇടപഴകുന്നതുമായ എല്ലാത്തിനെയും ഈ കാന്തിക ആത്മീയ ആകർഷണവലയത്തിലേക്ക് കൊണ്ടുവരുന്നു. ഇവിടെ ദൈവവും മനുഷ്യനും ഉളളവനും ഇല്ലാത്തവനും അജ്ഞാനിയും വിജ്ഞാനിയും പൈതങ്ങളും മുതിർന്നവരും പ്രകൃതിയും പ്രകൃതിയിലെ സർവ്വാചരങ്ങളും ഒന്നാകുന്നു. അതിനെ സ്വർഗ്ഗമെന്ന് വിളിച്ചാൽ അതിൽ വിശുദ്ധ ചാവറപ്പിതാവിന്റെ കാലിത്തൊഴുത്തു നാടകങ്ങളുടെ ശീലുകളും ലയങ്ങളും താളങ്ങളും സന്നിവേശിക്കപ്പെട്ടിരിക്കുന്നു. 1985-86 കാലഘട്ടത്തിൽ ചാവറയച്ചൻ എഴുതി രംഗാവിഷ്ക്കാരം നടത്തിയ എക്ലോഗ് സ്റ്റേജുകളിൽ ഇടയനാടകക്കളരി അവതരിപ്പിക്കുന്നു എന്നത് ഒരു ഭാഗ്യവും നിമിത്തവുമായി കരുതുകയാണ്. 1957-1960 കാലഘട്ടത്തിൽ സെമിനാരികളിൽ സുഭാഷിതം എന്ന എക്ലോഗ് അവതരിപ്പിച്ചിട്ടുണ്ടോ എന്നത് സംശയമാണ്. കാരണം അത് അത്രകണ്ട് രംഗനാട്യാവതരണങ്ങൾക്ക് എളുപ്പത്തിൽ വഴങ്ങിത്തരുന്ന ഒന്നല്ല. പദ്യഭാഷയിലും പഴയമലയാളഭാഷയിലും എഴുതപ്പെട്ടതുകൊണ്ട് രംഗഭാഷയിലാക്കാൻ നന്നേ പണിപ്പെടേണ്ടിവരും എന്നു സൂചിതം. സുഭാഷിതം എന്ന എക്ലോഗിനെ കുറച്ചു കാണുകയല്ല, മോശയുടെ മുന്നിൽ പച്ചമരം അഗ്നിഗോളമായി തീർന്ന അതേ പ്രതീതി, അകന്നുനിന്നാൽ അതുല്യശോഭ.

സുഭാഷിതം എന്ന നാടകത്തെ ഇടയനാടകങ്ങളുടെ ശ്രേണിയിലാണ് ഉൾപ്പെടുത്തിയിരിക്കുന്നതെങ്കിലും ഇടയനാടകങ്ങളുടെ ആഖ്യാനരീതിയിൽനിന്നും വ്യത്യസ്ത

മായിട്ടാണ് രചന. മദ്ധ്യകാലഘട്ടത്തിൽ പ്രചാരത്തിലിരുന്ന Morality നാടകങ്ങളോടാണ് സുഭാഷിതത്തിന് ഏറെ സാദൃശ്യം. മനുഷ്യനെ നൻമയിലേക്ക് നയിക്കുക എന്നതാണ് ഈ നാടകങ്ങളുടെ ലക്ഷ്യം. മദ്ധ്യകാലഘട്ടത്തിൽ എഴുതപ്പെട്ട എവരിമാൻ (Everyman) എന്ന നാടകം ഇതിനുദാഹരണമാണ്. അറിവ്, നല്ല പ്രവൃത്തികൾ, കൂട്ടായ്മ, പശ്ചാത്താപം, സൗന്ദര്യം, മരണം എന്നീ കോൺസപ്റ്റുകളെല്ലാം ഇവിടെ കഥാപാത്രങ്ങളാകുന്നു. ചാവറയച്ചന്റെ സുഭാഷിതം എന്ന നാടകത്തിലും സംഭവം മറിച്ചല്ല. യൂറോപ്യൻ നാടകവേദിയിൽ പത്തൊൻപതാം നൂറ്റാണ്ടിൽ പ്രത്യക്ഷപ്പെട്ട റിയലിസം പോലെയുള്ള ശൈലികൾ യൂറോപ്യൻ നാടകരംഗത്ത് കടന്നുവരുന്നതിന് മുമ്പ് തന്നെ റിയലിസവും സ്കൂൾ ഓഫ് ഡ്രാമ (School of drama) യുടെ തീയേറ്റർശൈലിയുമൊക്കെ ചാവറയച്ചൻ തന്റെ നാടകരംഗത്ത് പരീക്ഷിച്ചു. പുൽക്കൂടിന്റെ പശ്ചാത്തലത്തിൽ അവതരിപ്പിക്കാൻ സെമിനാരിക്കാരെ ഭരമേൽപ്പിച്ച എക്ലോഗുകളുടെ കലവറയിൽ ഇനിയും നിലവറകൾ ഏറെയുണ്ടെന്ന് കരുതേണ്ടിയിരിക്കുന്നു. ഇടയനാടകങ്ങളുടെ അവതരണത്തിലെ പൊരുളുകൾ എവരിമാനെ പോലെ പരീക്ഷിക്കാവുന്നതാണ്.

കാലഘട്ടങ്ങൾക്കുമുമ്പേ ഒരുമുഴം നീട്ടി കല്ലെറിഞ്ഞ ചാവറയച്ചൻ കലാലോകത്തു ശേഖരിച്ചുവെച്ച വിഭവങ്ങളുടെ കലവറകളുടേയും നിലവറകളുടേയും മുമ്പിൽ അത്ഭുതസ്തബ്ധരായി നിൽക്കാനേ നമുക്കു കഴിയൂ. ഈ കലവറകളും നിലവറകളും ഈ കാലഘട്ടത്തിലെങ്കിലും പൊതുജനത്തിനുവേണ്ടി തുറന്നുകൊടുക്കാൻ കഴിയണം വചനം മാംസമായി അവതരിക്കാൻ.

എവിടെയും അവതരിപ്പിക്കാവുന്ന പ്രകൃതിയുടെ മടിത്തട്ട് സ്റ്റേജാക്കിയുള്ള ഇടയനാടകങ്ങളുടെ അവതരണശൈലിയിലെ പ്രത്യേകതകൾ ഏറെ പരീക്ഷിക്കപ്പെടേണ്ടതുതന്നെ. നാടകരചനയിലാണ് കവിത്വം പുഷ്പഫലരമ്യമായിത്തീരുന്നതെന്ന് കാളിദാസരവീന്ദ്രൻമാർ തെളിയിച്ചു തന്നിട്ടുണ്ട്. ആത്മാനുതാപം തൊട്ടുള്ള ഹൃദയസ്പൃക്കായ കാവ്യങ്ങൾ ഭാഷയ്ക്കു സമ്മാനിച്ച ചാവറയച്ചന്റെ "കവിത്വം സഫലമായി"ത്തീരുന്നത്, ഇടയനാടകങ്ങൾ എന്ന് വിളിക്കപ്പെടുന്ന എക്ലോഗുകൾ അവതരിപ്പിക്കുന്നതിനായി വൈദിക വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം നൽകുന്നതിലേക്ക് ചാവറയച്ചൻ ചുമതലപ്പെടുത്തുന്നു. എക്ലോഗ് അവതരിപ്പിക്കുന്ന സെമിനാരികാർക്കെല്ലാം പ്രിയോരച്ചന്റെ വകയായി പുഴുങ്ങിയമുട്ട പാരിതോഷികമായി ലഭിച്ചിരുന്നത് അങ്ങനെ ആയിരുന്നിരിക്കാം. 1857 മുതൽ 1960 വരെയുള്ള നീണ്ടകാലഘട്ടം സെമിനാരികളിൽ എക്ലോഗുകൾ, (പുതപ്പുനാടകങ്ങൾ) നടത്തിയതിന്റെ ചരിത്രം ഉണ്ട്.

**ശ്രീ കാവാലം നാരായണപണിക്കർ പറയുംപോലെ "ഇടയനാടകകർത്താവ്" ഭാഷയിൽനിന്ന് പദ്യത്തെ ആവിഷ്ക്കരിക്കുന്നതിന് പകരം പദ്യത്തിലൂടെ ഭാഷയെ സൃഷ്ടിച്ചു എന്ന് പറയുന്നതാവും നല്ലത്. "ഇടയനാടകങ്ങളിലെ ഭാഷാ പ്രത്യേകത ഭാഷാപണ്ഡിതർക്ക് വിശദമായ ചർച്ചകൾക്കും പഠനത്തിനും വിട്ടുകൊടുക്കാം.**

ചാവറയച്ചൻ എക്ലോഗിൽ ഉപയോഗിച്ച ഭാഷയെക്കുറിച്ചും വൃത്തങ്ങളെക്കുറിച്ചും, ദർശനങ്ങളെക്കുറിച്ചും അക്ഷരങ്ങളെക്കുറിച്ചു" പോലുമുള്ള വേറിട്ട പഠനം ആവശ്യമായിരിക്കുന്നു. ശ്രീ കാവാലം നാരായണപണിക്കർ പറയുംപോലെ "ഇടയനാടകകർത്താവ്" ഭാഷയിൽനിന്ന് പദ്യത്തെ ആവിഷ്ക്കരിക്കുന്നതിന് പകരം പദ്യത്തിലൂടെ ഭാഷയെ സൃഷ്ടിച്ചു എന്ന് പറയുന്നതാവും നല്ലത്. "ഇടയനാടകങ്ങളിലെ ഭാഷാപ്രത്യേകത ഭാഷാപണ്ഡിതർക്ക് വിശദമായ ചർച്ചകൾക്കും പഠനത്തിനും വിട്ടുകൊടുക്കാം. എഴുതിയാലും എഴുതിയാലും തീരാത്ത, പറഞ്ഞാലും പറഞ്ഞാലും മതിവരാത്ത ആദ്ധ്യാത്മിക, സാമൂഹിക, കലാസാംസ്ക്കാരിക, സാഹിത്യ. വിദ്യാഭ്യാസ നഭസായി ചാവറയച്ചൻ മാറിയിരിക്കുന്നു. ഒരു കാലത്ത് ചിന്തകരുടേയും എഴുത്തുകാരുടേയും സാമൂഹ്യപ്രവർത്തകരുടേയും ഇടയിൽ മനുഷ്യചേതനയുടെ എല്ലാ അംശങ്ങളിലും ഒരു കാലത്ത് സ്വാധീനം ചെലുത്തിയ, ഇന്നും ചെലുത്തികൊണ്ടിരിക്കുന്ന ആ മഹാതേജസിന്റെ മുമ്പിൽ ഇഹലോകവാസം വെടിഞ്ഞിട്ട് നൂറ്റമ്പതുവർഷം തികയുന്ന അവസരത്തിൽ പ്രണാമം അർപ്പിച്ചുകൊണ്ട് ഈ ലേഖനത്തിന് സമാപ്തി കുറിക്കുന്നു.







# മരിക്കാത്ത കടലാസ്

ജോൺ കച്ചിറമറ്റം

**കേ**രളത്തിൽ എല്ലാ ഇടവകകളിലും വാർഷികധ്യാനങ്ങൾ നടത്താറുണ്ടായിരുന്നു. സി.എം.ഐ. വൈദികരും ഇടവക വൈദികരുമാണ് ധ്യാനങ്ങൾ നടത്തിയിരുന്നത്. കയ്യടിച്ച് ഗാനങ്ങൾ ആലപിച്ച് നടത്തുന്ന കരിസ്മാറ്റിക് ധ്യാനങ്ങൾ അന്ന് പ്രചാരത്തിലായിരുന്നു. ഇന്ന് ധ്യാനങ്ങൾ അല്ല കൺവെൻഷനുകളാണ് നടക്കുക. ഇടവകകളിൽ നടക്കുന്ന വാർഷികധ്യാനങ്ങളിൽ അയൽ ഇടവകകളിൽ നിന്നുപോലും ആളുകൾ വരില്ലായിരുന്നു. ഭക്തിനിർഭരവും ചിന്താർഹവുമായ ധ്യാനങ്ങളിൽ പങ്കെടുത്തതിനുശേഷം ഭവനങ്ങളിലേക്കു പോകുന്ന ആളുകളിൽ തന്റെ ജീവിതത്തിലേക്ക് ഒരു തിരിഞ്ഞു നോട്ടം നടത്തി മനസ്തപിച്ചവരുണ്ടായിരുന്നു ധ്യാനത്തെ തുടർന്നു നടത്തുന്ന നാല്പതുമണി പതിമൂന്നു മണി ആരാധനകൾ നടക്കുമ്പോൾ പരിവർത്തന വിധേയമായ വ്യക്തികളെയാണ് നാം കാണുക. ദിവസങ്ങൾ നീണ്ടുനിൽക്കുന്ന അരൂപിയായിരുന്നു ധ്യാനങ്ങളുടെ നേട്ടം.

എന്റെ ചെറുപ്പത്തിൽ അത്തരത്തിലുള്ള ധ്യാനങ്ങളിൽ പങ്കെടുക്കുവാൻ കിട്ടുന്ന സന്ദർഭങ്ങളെല്ലാം ഉപയോഗിച്ചിരുന്നു. കുടുംബത്തെപ്പറ്റി നടക്കുന്ന ധ്യാനാവസരങ്ങളിൽ ഒരു കുടുംബത്തിലെ മാതാപിതാക്കളും മക്കളും തമ്മിലുള്ള പെരുമാറ്റത്തിൽ സ്വീകരിക്കേണ്ട നടപടികൾ, കുടുംബത്തിൽ വരുന്നവരെ എങ്ങിനെ സ്വീകരിക്കണം, കുട്ടികളെ ബന്ധുവീടുകളിൽ അയക്കുമ്പോൾ സ്വീകരിക്കേണ്ട മാർഗ്ഗങ്ങൾ, കുടുംബാംഗങ്ങൾ തമ്മിലുള്ള വഴക്കുകൾ, അയൽക്കാർ തമ്മിലുള്ള വഴക്കുകൾ എല്ലാം ധാനത്തിൽ, ധ്യാന ഗുരുക്കന്മാർ ഭംഗിയായി അവതരിപ്പിച്ചിരുന്നു.

ഒരു നല്ല കുടുംബ രൂപീകരണത്തിന് തയ്യാറായിക്കൊണ്ടാണ് അവർ വീടുകളിലേക്ക് പോയിരുന്നത്. നല്ല അനുഭവങ്ങളായിരുന്നു അത്. പിൽക്കാലത്ത് ചാവറപിതാവിന്റെ ചാവരുൾ വായിച്ചപ്പോഴാണ് ഈ ചിന്തയുടെയെല്ലാം ഉറവിടം ചാവരുൾ ആണെന്ന് മനസ്സിലായത്.

ചാവറപിതാവിന്റെ ചാവരുൾ 'മരിക്കാത്ത കടലാസ്' എന്ന പേരിൽ പുനഃപ്രസിദ്ധീകരിച്ച അഡ്വ. ഫ്രാൻസിസ് വള്ളപ്പുര സിഎം.ഐ യ്ക്ക് ഈ സന്ദർഭത്തിൽ അനുമോദനത്തിന്റെ പൂച്ചെണ്ടുകൾ. ചാവറ പിതാവിന്റെ ചാവരുൾ ഒരു വിശദീകരണത്തോടു കൂടിയാണ് ഫാ. വള്ളപ്പുര പ്രസിദ്ധീകരിച്ചിരിക്കുന്നത്. എന്നുതന്നെയുമല്ല ഫ്രാൻസിസ് മാർപാപ്പയുടെ സ്നേഹത്തിന്റെ ആനന്ദം എന്ന അപ്പസ്തോലികാഹ്വാനത്തിന് ചാവരുളുമായി ഏറെ അടുപ്പമുണ്ടെന്ന് സ്ഥാപിച്ചു കൊണ്ടാണ് ഫാ. വള്ളപ്പുര 'മരിക്കാത്ത കടലാസ്സ്' തയ്യാറാക്കിയിരിക്കുന്നത്. ഈ മരിക്കാത്ത കടലാസ് ആയിരക്കണക്കിന് ക്രൈസ്തവകുടുംബങ്ങൾക്ക് അല്ല എല്ലാ കുടുംബങ്ങൾക്കും വെളിച്ചം പകരും എന്ന് ഞാൻ ഉറച്ചു വിശ്വസിക്കുന്നു. സ്നേഹത്തിന്റെ ആനന്ദം എന്ന ഈ പ്രബോധന രേഖയെ 150 വർഷങ്ങൾക്ക് പിറകിലേക്ക് കൊണ്ടു പോയിട്ട് വരും നൂറ്റാണ്ടുകളിലേക്ക് പ്രവാചക ദൗത്യത്തോടെ വിശദീകരിക്കുകയാണ് ഫാ. വള്ളപ്പുര. ചാവറപിതാവിനെ ഈ നൂറ്റാണ്ടിലേക്ക് പുനഃപ്രതിഷ്ഠിച്ച അച്ചന് എല്ലാവിധ അഭിനന്ദനങ്ങളും ആശംസിക്കുന്നു.

# ചാവറയച്ചന്റെ കുടുംബദർശനം

## മാന്നാനം കെ.ഇ. സ്കൂളിൽ നടത്തിയ കുടുംബ ദർശന സെമിനാറിൽ ഗ്രേയിസ് ലാൽ നടത്തിയ പ്രസംഗത്തിൽ നിന്ന്.



ഗ്രേയിസ് ലാൽ

**ദിവസത്തിന്റെ പ്രൈടൈം (Prime Time) കുട്ടികളോടും കുടുംബത്തോടും ഒപ്പം ആയിരിക്കാൻ മാതാപിതാക്കളെ ഉദ്ബോധിപ്പിക്കുന്നു.**




കുടുംബ ദർശന സെമിനാർ അഭിവന്ദ്യ ബിഷപ്പ് ഗീവർഗ്ഗീസ് മാർ അപ്രേം ഉദ്ഘാടനം ചെയ്യുന്നു.

വിശുദ്ധ ചാവറപ്പിതാവിന്റെ സ്വർഗീയ യാത്രയുടെ നൂറ്റി അമ്പതാം വർഷത്തിലേക്കു കടക്കുന്നു. വിശുദ്ധ ചാവറയച്ചൻ മരിക്കുമ്പോൾ 65 വർഷവും പത്തുമാസവും ഇരുപത്തിയഞ്ചു ദിവസവും മാത്രമായിരുന്നു പ്രായം. ചാവറ പിതാവ് സ്മരിക്കപ്പെടുക അദ്ദേഹത്തിന്റെ ആയുസ്സിന്റെ നീളം കൊണ്ടല്ല, മറിച്ച് വർഷിച്ച ജീവിതത്തിന്റെ മരിക്കാത്ത ഓർമ്മകൾ കൊണ്ടാണ്. ചാവറയച്ചൻ ചാവരുൾ എന്ന എഴുത്തിനെ, 'ഈ കടലാസു മരിക്കില്ല' എന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത്. മരിക്കാത്ത ഈ കടലാസിൽ കുടുംബങ്ങൾക്കു വേണ്ടിയുള്ള (20) കുഞ്ഞുങ്ങൾക്കുവേണ്ടിയുള്ള (16) അരുളുകളാണ് കൊടുത്തിരിക്കുന്നത്. കുറെച്ചൊരു സമയം കുടുംബത്തിനും കുഞ്ഞുങ്ങൾക്കും വേണ്ടി ചാവറയച്ചന്റെ ചാവരുകൾ ആസ്പദമാക്കി സംസാരിക്കാം എന്നു കരുതുന്നു. തോട്ടയ്ക്കാടുള്ള ചാവറയച്ചന്റെ അമ്മ വീട്ടിൽ (ചോതിരക്കുന്നേൽ) ഗ്രഹസ്ഥയാകാൻ സാധിച്ചതിലുള്ള ഭാഗ്യത്തിന് ദൈവത്തിന് നന്ദി പറഞ്ഞുകൊണ്ട് വിഷയത്തിലേക്ക് കടക്കാം. ചാവറയച്ചന്റെ ചാവരുളിലെ ചിന്തേരിട്ട ചില ചിന്തകൾ മാത്രം നിങ്ങളുമായി പങ്കുവയ്ക്കാൻ ആഗ്രഹിക്കുന്നു. ചാവരുൾ എല്ലാം തന്നെ വിശുദ്ധ ഗ്രന്ഥത്തിന്റെ പശ്ചാത്തലത്തിൽ എഴുതിയിട്ടുള്ളതാണ്. ഈ കടലാസ് മരിക്കില്ല എന്നു പറഞ്ഞിരിക്കുന്നത് അതുകൊണ്ടാണ്. വചനത്തിന്റെ അതിജീവനമാണ് കുടുംബച്ചട്ടത്തിൽ നിഴലിക്കുന്നത് - ചാവരുളിന്റെ അവതരണ ശൈലിയിലെ കുടുംബ




**കുടുംബ സന്ദേശ യാതയുടെ ഉദ്ഘാടനം പൊവിൻഷ്യൽ സെബാസ്റ്റ്യൻ ചാമത്തറ സി.എം.ഐ. നിർവ്വഹിക്കുന്നു**

പശ്ചാത്തലവും മരണശാസനവും ഏറെ ആകർഷക മാണ്. ചാവരുളുകൾക്ക് വിശുദ്ധഗ്രന്ഥഎഴുത്തുമായി അതിരുകളില്ലാത്ത സമാപനതകളാണുള്ളത്. ഉപമകളുടെയും രൂപകങ്ങളുടെയും ഭാഷാപ്രയോഗം ബൈബിൾ ഗദ്യഭംഗിയെ അനുസമരിപ്പിക്കും. ഗൃഹാതുരത്വത്തിൽ ഉരുത്തിരിഞ്ഞതാണ് ചാവരുൾ എന്ന കൈപുസ്തകം. കുടുംബം എന്ന സ്ഥാപനം സത്യസന്ധമാണ്, രൂപത്തിലും ഭാവത്തിലുമൊക്കെ മാറ്റം വന്നാൽപോലും. ചാവറപ്പിതാവ് തന്റെ ഇടവക സഹോദരങ്ങളുമായി സംവാദത്തിൽ ഏർപ്പെടുന്നത് ഈ ഗാർഹിക സഭയെക്കുറിച്ചാണ് - ഫ്രാൻസിസ് മാർപ്പായുടെ "സ്നേഹത്തിന്റെ ആനന്ദം" ഒരു ബൾഗോളിയൻ സ്വപ്ന വീടാണ്. ബർഗോളിയൻ സ്നേഹ ഭവനത്തിൽ ചാവറ പിതാവിന്റെ ചാവരുൾ ഒരു താരാട്ടുപാട്ടാണ് - ചാവറയുടെ അജപാലന കാഴ്ചപ്പാട് അത്രയും തന്നെ ചാവരുളിൽ ഉണ്ട്. വൈദികർക്കും വൈദിക കുടുംബങ്ങൾക്കും ചാവറയച്ചൻ ചാവരുളിലൂടെ നൽകുന്ന തിരുത്തൽ അവഗണിക്കാവുന്നതല്ല.

കുടുംബങ്ങൾക്കും കുഞ്ഞുങ്ങൾക്കും വേണ്ടിയുള്ള ഭാഗങ്ങൾ ചേർത്തു വായിച്ചാലെ നന്മനിറഞ്ഞ ഈ നല്ല പാഠത്തെ അടുത്തറിയാൻ കഴിയൂ. മക്കളുടെ വളർത്തലിൽ കാരണവന്മാരുടെ പങ്ക് ഏറെ ചർച്ച ചെയ്യപ്പെടേണ്ടതാണ്. ചാവറയച്ചന്റെ കാരണവന്മാരെ (ചാവരുൾ 1:1) എന്ന അഭിസംബോധന ശ്രദ്ധേയമാണ്. ഒരു പൗരന്റെ രൂപത്തിനും ഭാവത്തിനും മിഴിവേകുന്നതിന് കാരണമായി ഭവിക്കുന്ന ഏതും എന്തും അവരെ കാരണവന്മാരാക്കുന്നു. മക്കളെ വളർത്തുന്നതിലുള്ള ഉത്തരവാദിത്വം കാരണവന്മാരുടെ കടമയായി ചിത്രീകരിക്കുന്നു. സർവ്വേശ്വരൻ തമ്പുരാൻ നിങ്ങളെ ഏൽപ്പിച്ചിരിക്കുന്ന നിക്ഷേപങ്ങളാകുന്നു. മക്കളോട് അധിക അടുപ്പവും അധിക അനുഗ്രഹവും വേണ്ട എന്ന് ചാവരുളിൽ സൂചിപ്പിക്കുന്നു. ഞായറാഴ്ച (അവധി ദിവസങ്ങളിൽ) പഠിപ്പിച്ചതിനെ ഓർക്കാനുള്ള ദിവസമായി കരുതണം എന്നു പറയുന്നു. ദിവസത്തിന്റെ പ്രൈടൈം (Prime Time) കുട്ടികളോടും കുടുംബത്തോടും ഒപ്പം ആയിരിക്കാൻ മാതാപിതാക്കളെ ഉദ്ബോധിപ്പിക്കുന്നു. വൃദ്ധ മാതാപിതാക്കളെ പ്രത്യേകമായി കരുതാൻ ഇളം തലമുറയോട് ചാവറയച്ചൻ ഉപദേശിക്കുന്നു. വളരെ വിശാലമായ കാൻവാസിലാണ് ചാവറയച്ചൻ മക്കളെ വളർത്തൽ എന്ന സൃഷ്ടി കർമ്മം നടത്തിയിരിക്കുന്നത്. കുടിമതി മുതൽ കുടി മതിവരെ.



# രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയും വിശുദ്ധചാവറപിതാവും ഒരുവിളിപ്പാടകലെ

**ബിയാർ പ്രസാദ് ആലപ്പുഴ കാർമ്മൽ ഹോളിൽ ചെയ്ത പ്രസംഗത്തിന്റെ പ്രസക്ത ഭാഗം**



ആലപ്പുഴയിൽ ശ്രീ കെ.സി. വേണുഗോപാൽ എം.പി. ഇടയ നാടകാവതരണം ഉദ്ഘാടനം ചെയ്യുന്നു.

രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയുടെ 150-ാം ജന്മ വർഷത്തിന്റെയും വിശുദ്ധ ചാവറ പിതാവ് മരിച്ചതിന്റെ 150-ാം വാർഷികത്തിന്റെയും ആഘോഷങ്ങൾ നടക്കുന്നു. പരസ്പരം അറിയുകയോ കേൾക്കുകയോ ചെയ്തിട്ടില്ലാത്ത ജീവിതങ്ങൾ. എങ്കിലും അകൽച്ചയിലേറെ അടുപ്പത്തിലായിരുന്നു അവർ. ജീവിതം കാതങ്ങൾക്ക് അപ്പുറമായിരുന്നെങ്കിലും ജീവിത ദർശനങ്ങൾക്ക് വിളിപ്പാട് അകലമേ ഉണ്ടായിരുന്നുള്ളൂ. രണ്ടുപേരും മരിക്കാത്ത ഒത്തിരി ഓർമ്മകൾ ബാക്കിയാക്കിയാണ് കാലയവനികകൾക്കുള്ളിൽ പിൻപറ്റിയത്. സുതാര്യതയും സത്യസന്ധതയും ഏറെയുള്ള ജീവിതമായിരുന്നു രണ്ടുപേരുടെയും. ഈയൊരു അന്വേഷണത്തിനായി ഇരുവരുടെയും ജീവചരിത്രം ഒരു പുനർ വായന നടത്തിയപ്പോൾ മനസ്സിൽ ഊറിക്കൂടിയ ചില ചിന്തകളെ വായനക്കാർക്കു വേണ്ടി കുത്തിക്കുറിക്കുന്നു.

പങ്കജ്മിശ്ര തന്റെ എഴുത്തിൽ ചൂണ്ടിക്കാട്ടിയതു പോലെ 45-ാം വയസ്സിൽ ദക്ഷിണാഫ്രിക്കയിൽ നിന്ന് ഇന്ത്യയിലേക്ക് മടങ്ങി വരുന്നതുവരെ ഗാന്ധി ഇവിടുത്തെ ഒരു ഗ്രാമീണ കർഷകനോടോ, തൊഴിലാളിയോടോ

സംവദിച്ചിരുന്നില്ല. പക്ഷേ, 1915 മുതലുള്ള മൂന്നു പതിറ്റാണ്ടു കൊണ്ട് ഇന്ത്യയിലെ കർഷകരും തൊഴിലാളികളും പങ്കുചേരുന്ന മഹാപ്രസ്ഥാനമായി ദേശീയ പ്രസ്ഥാനത്തെ മാറ്റിയെടുക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. അത്രയധികം ദേശീയ പ്രസ്ഥാനത്തിനും, ഗാന്ധിജിക്കും ഭാരതത്തിന്റെ മണ്ണിൽ വേരോട്ടം ലഭിച്ചു എന്നല്ലേ മനസ്സിലാക്കേണ്ടത്. ഗാന്ധിജിയുടെ അപരോന്മുഖത്വം (Otherness) എല്ലാ കർമ്മപദ്ധതികളിലും കാണാനാവും. ഡൂയിങ് ഈസ് ബിയിങ് (Dooing is being)എന്നതാണ് ഗാന്ധിസത്തിന്റെ സത്ത. അതുകൊണ്ടു തന്നെയാണ് "എന്റെ ജീവിതമാണ് എന്റ സന്ദേശം" എന്നു പറയാൻ അദ്ദേഹത്തിന് സാധിച്ചത്. ആദർശങ്ങളെ കോർത്തിണക്കിക്കൊണ്ടുള്ള ചിലസങ്കേതങ്ങളെ, ബിംബങ്ങളെ ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിന്റെ അലകും പിടിയുമായി അദ്ദേഹം മാറ്റിയെടുത്തു. ഗാന്ധിജിയുടെ കാലത്ത് ഉടുക്കാൻ തുണിയില്ലാത്തവരായിരുന്നു ഭൂരിഭാഗം ഇന്ത്യാക്കാരും. അവർക്കിടയിൽ ഒരാളായിത്തീർന്ന് അവരെ നയിക്കാനാണ് അദ്ദേഹം ആദ്യം തന്നെ മേൽവസ്ത്രം ഉപേക്ഷിച്ചത്. ആറ്റൻ ബറോയുടെ ഗാന്ധി സിനിമയിൽ വെള്ളിത്തിരയിൽ തെളിഞ്ഞു മറയുന്ന ആകാഴ്ച ആരെയും ആകർഷിക്കും.ഉടുതുണിക്ക് മറുതുണിയില്ലാതെ നദിക്കരയിൽ ഉടുവസ്ത്രത്തിന്റെ അറ്റങ്ങൾ മാറിമാറി അലക്കുന്ന ഭാരതത്തിലെ ദരിദ്ര നാരായണന്മാരുടെ പ്രതീകമായ സ്ത്രീയുടെ അടുത്തേയ്ക്ക് ഗാന്ധിജി തന്റെ മേൽമുണ്ട് ട്രെയിൻ യാത്രക്കിടയിൽ പറത്തിവിടുന്നു. എന്നിട്ട് ഭീഷ്മ ശപഥം പോലെയോരു ശപഥം ചെയ്യുന്നു "ഇന്ത്യയിലെ ജനകോടികൾക്ക് ആവശ്യത്തിന് വസ്ത്രം ആവുന്നതുവരെ എന്റെ അധികവസ്ത്രം ഞാൻ ഉപേക്ഷിക്കുന്നു. ഗാന്ധിജി വട്ടമേശ സമ്മേളനത്തിന് ബ്രിട്ടണിൽ രാജസദസ്സിലേക്ക് പോകുമ്പോൾ പലർക്കും സന്ദേഹമുണ്ടായിരുന്നു. അവർ അത് പ്രകടിപ്പിക്കുകയും ചെയ്തു. അങ്ങ് ഈ വേഷത്തിലാണോ വട്ടമേശ സമ്മേളനത്തിന് പോകുക? അദ്ദേഹം അവരോടു പറഞ്ഞു എനിക്ക് വസ്ത്രം കുറവാണെങ്കിൽ എന്ത് അവർ ആവശ്യത്തിനും അധികവും ധരിച്ചിട്ടുണ്ടാകുമല്ലോ.? തനിക്ക് എന്തു സംഭവിക്കും എന്ന സമ്മർദ്ദങ്ങൾക്കു മുമ്പിൽ വിട്ടുവീഴ്ചയില്ലാത്ത തീരുമാനങ്ങളും ആദർശങ്ങളുമായിരുന്നു ഗാന്ധിജിയുടേത്. രണ്ടു പേരും അന്ത്യത്തിലുള്ളവരുടെ രക്ഷയേയും ഉദ്ധാരണത്തേയും കാംഷിക്കുന്നവരായിരുന്നു.



# തിരുപ്പിറവിയുടെ ദൃശ്യാവിഷ്കാരം ജർമ്മനിയിൽ – എക്ലോഗുകൾക്ക് സമാനം





ജോയി മാണിക്കത്ത്
ജർമ്മനി

നവംബർമാസത്തോടെ ജർമ്മനിയിൽ ദൈർഘ്യം കുറഞ്ഞ പകലും, തണുപ്പും, ഇരുട്ടും കടന്നുവരുകയായി. നയനസുന്ദരമായ വർണ്ണങ്ങൾ വാരിവിതറിയിരുന്ന ശരത്കാല വിസ്മയങ്ങൾക്ക് വിരാമമാകുന്നതോടെ അനുദിന ജീവിതത്തിലും അതിന്റേതായ പ്രതിഫലനം പ്രകടമാകുന്നു. മൗനവും വിരസതയും നിറയുന്ന ഈ നാളുകളിൽ മനുഷ്യ മനസ്സുകളിൽ പ്രത്യാശയുടേയും പ്രതീക്ഷയുടേയും തിരിനാളങ്ങളുമായി ക്രിസ്തുമസ്സ് ചിന്തകൾ കടന്നുവരികയായി. മഞ്ഞുകാലത്തിന്റെ മരവിപ്പിൽ നിന്നും ജനത്തെ ഉണർത്തുന്ന ഒരു മാസ്മരികത ഇതോടെ ആവിർഭവിക്കുകയും അതിന്റെ പ്രതിഫലനം രാജ്യമൊന്നാകെ ദൃശ്യമാകുകയും ചെയ്യുന്നു. ഭവനങ്ങളും കടകമ്പോളങ്ങളും തെരുവുകളും അലങ്കാര ദീപകങ്ങളാൽ മോടിപിപടിപ്പിക്കപ്പെടുന്നു. വൈവിധ്യമാർന്ന സമ്മാനങ്ങൾ പ്രദർശിപ്പിച്ചിരിക്കുന്ന കടകളുടെ ആകർഷകമായ ഉൾക്കാഴ്ചകൾ ആരെയും മോഹിപ്പിക്കുന്നതാണ്. ഇത്തരം സൂപ്പർമാർക്കറ്റുകളുടെ കവാടങ്ങളിൽ ഉപഭോക്താക്കളെ സ്വീകരിക്കാൻ വേഷവിധാനങ്ങളോടെ നിൽക്കുന്ന സാന്റാ ക്ലോസുകൾ, ദീപാലംകൃതമായ പടുകൂറ്റൻ ക്രിസ്തുമസ് ട്രീകൾ പൊതുസ്ഥലങ്ങളിൽ പ്രത്യക്ഷപ്പെടുകയും, ഇക്കാലങ്ങളിലെ ജർമ്മനിയുടെ പ്രത്യേകതയായ ക്രിസ്തുമസ് ചന്തകൾ പ്രവർത്തന സജ്ജമാകുകയും ചെയ്യുന്നു. ക്രിസ്തുമസ്സിന് ആവശ്യം വേണ്ടുന്ന വിഭവങ്ങളും സമ്മാനങ്ങളും കാലേകൂട്ടി വാങ്ങാൻ തിരക്കിടുന്നവർ നഗര വീഥികളിൽ നിറയുന്ന




ആരവത്തിൽ ശൈത്യത്തിന്റെ വിരസത അലിഞ്ഞു പോകുന്നു. ക്രിസ്തുമത വിശ്വാസികൾ ആഗമന കാലമായി ആചരിക്കുന്ന ഡിസംബർ മാസത്തിലെ ആദ്യ നാലാഴ്ചക്കാലങ്ങളിൽ ജോലിസ്ഥലങ്ങളിലും സമൂഹത്തിന്റെ വിവിധ മേഖലകളിലുമായി നടത്തപ്പെടുന്ന ക്രിസ്തുമസ് വിരുന്നുകൾ ജർമ്മനിയുടെ പ്രത്യേകതയാണ്. യേശുദേവന്റെ പിറവിത്തിരുന്നാൾ ഒരു മതപരമായ വിശേഷദിനം എന്നതിലുപരി ജർമ്മനിയിൽ ഇന്ന് ജനതകളുടെ ഉത്സവമായി പരിണമിച്ചിരിക്കുന്നു.

ലോകത്തിന്റെ നാനാഭാഗങ്ങളിലായി നടത്തപ്പെടുന്ന ക്രിസ്തുമസ് ആഘോഷങ്ങൾക്ക് ദേശാനുസൃതമായി ആചാരാനുഷ്ഠാനങ്ങളിൽ വ്യത്യസ്ഥത കാണാവുന്നതാണ്. ജർമ്മനിയിലെ കത്തോലിക്കാ ദേവാലയങ്ങളിൽ ക്രിസ്തുമസ്സ് കുർബ്ബാന മദ്ധ്യേ ബലിവേദിയിൽ അരങ്ങേറാറുള്ള തിരുപ്പിറവിയുടെ ദൃശ്യാവിഷ്ക്കാരം ശ്രദ്ധേയമാണ്. ഇടവകയിലെ ബാലികാ ബാലന്മാർ വേഷവിധാനങ്ങളോടെ സംഗീതത്തിന്റെ അകമ്പടിയിൽ 2000 വർഷങ്ങൾക്ക് മുമ്പ് ബദ്‌ലഹേമിൽ നടന്ന സംഭവങ്ങൾ ഭക്തജനങ്ങൾക്കു മുന്നിൽ അവതരിപ്പിക്കുന്നു. നന്നെ ചെറുകുട്ടികൾ മുതൽ കൗമാരക്കാർ വരെയുള്ള നടീനടന്മാരാണ് ഇവിടെ അണിനിരക്കുന്നത്. ഉണ്ണിയേശുവിനും മാതാവിനും യൗസേപിതാവിനുമൊപ്പം മാലാഖമാർ, ആട്ടിടയർ, രാജാക്കന്മാർ പടയാളികൾ എന്നിങ്ങനെ വേഷക്കാരുടെ പട്ടിക നീളുന്നു. ആദിമാതാപിതാക്കൾക്ക് പറുദീസാ നഷ്ടമാകുന്ന മുതൽ ഹെറോദോസിനെ ഭയന്ന് നവജാതശിശുവുമായി ഈജിപ്തിലേക്ക് പാലായനം ചെയ്യുന്ന മാതാവും യൗസേപ്പിതാവും വരെയുള്ള ബൈബിൾ ഭാഗങ്ങളിൽ നിന്നും തിരഞ്ഞെടുക്കുന്ന സംഭവങ്ങൾ കൂട്ടിച്ചേർത്ത് തയ്യാറാക്കുന്ന 'സ്ക്രിപ്റ്റാണ്' ഇതിനാധാരം നൂറ്റാണ്ടുകളായി ജർമ്മനിയിൽ ഉടനീളം അരങ്ങേറുന്ന ഈ ദൃശ്യാവിഷ്കാരത്തിന്റെ സ്ക്രിപ്റ്റിന് സമാനതകൾ ഉണ്ടാവാറില്ല. ബൈബിൾ ഭാഗങ്ങൾക്കൊപ്പം ആനുകാലിക പ്രസക്തിയുള്ള സംഭവങ്ങളും ചേർത്ത് തികച്ചും പുതുമയോടെയാണ് ഓരോ സ്ഥലങ്ങളിലും പിറവിയുടെ ദൃശ്യാവിഷ്ക്കാരം' അവതരിപ്പിക്കപ്പെടുന്നത്. ഇടവകയിലെ തല്പരരായ വ്യക്തികളുടെ ചെറുകൂട്ടായ്മ സംവിധായകന്റെ നേതൃത്വത്തിൽ ഒന്നുകൂടി മുൻകാല കൃതികളുടെ പിൻബലത്തിൽ പുതുതായി ഒരു സ്ക്രിപ്റ്റ് രൂപപ്പെടുത്തുകയാണ് സാധാരണ പതിവ്. ഇതിനായി തയാറാക്കപ്പെട്ട സ്ക്രിപ്റ്റുകളും ഗാനങ്ങളും വിപണിയിൽ വാങ്ങാൻ കിട്ടും എന്ന് അറിയുമ്പോൾ ജർമ്മൻ ജനത ഈ ചടങ്ങിന് നൽകുന്ന പ്രാധാന്യം വെളിവാകുന്നു. ക്രസ്തുമസ് കുർബ്ബാനയിലെ നേർച്ചപ്പണത്തിലൂടെ നിർല്ലോഭം ലഭിക്കുന്ന തുക തെക്കേ അമേരിക്കയിലെ സാധുജനങ്ങളുടെ ക്ഷേമപ്രവർത്തനങ്ങൾക്കു വേണ്ടി അഡ്വവേനിയാറ്റ് (Adveniat) എന്ന സംഘടനയിലൂടെയാണ് വർഷങ്ങളായി വിനിയോഗിച്ചു




വരുന്നത്. തങ്ങളുടെ പ്രവർത്തനങ്ങൾക്ക് പിൻതുണയാകുന്ന ദൃശ്യാവിഷ്ക്കാര പ്രവർത്തകർക്ക് ഉപയോഗിക്കാനായി അഡ്വനിയാറ്റ് സംഘടന എല്ലാവർഷവും ക്രിസ്തുമസ് കാലത്ത് ഒരോ പുതിയ സ്ക്രിപ്റ്റ് പ്രസിദ്ധീകരിക്കാറുണ്ട് എന്നത് ശ്രദ്ധേയമാണ്.

ഏതാണ്ടു രണ്ടുമാസക്കാലം നീണ്ടുനിൽക്കുന്ന പരിശീലനത്തിലൂടെയാണ് തിരുപ്പിറവിയുടെ കഥപറയുന്ന ഈ കലാരൂപം തയാറാവുക. ഒക്ടോബർ മാസത്തോടെ ഈ സംരംഭത്തിൽ പങ്കെടുക്കുവാൻ താല്പര്യമുള്ള കുട്ടികൾ പേര് റജിസ്റ്റർ ചെയ്യാൻ ഇടവകകളിൽ സംഘാടകരുടെ അറിയിപ്പ് ഉണ്ടാകും. കുടുംബങ്ങളുടെ നിർല്ലോഭമായ പ്രോത്സാഹനം ഉള്ളതിനാൽ നിരവധി കുരുന്നുകൾ ഇതിൽ പങ്കാളികളാകാൻ അണിനിരക്കും. ഒക്ടോബർ അവസാനത്തോടെ, സംഗീതത്തിലും അഭിനയത്തിലും താൽപര്യമുള്ള കുട്ടികളെ കണ്ടെത്തി പ്രധാന റോളുകൾ നൽകപ്പെടുന്നു. തുടർന്ന് ആഴ്ചയിൽ ഒന്ന് പരിശീലനത്തിനായി കുട്ടികൾ കൂടുന്നു. ഇവിടെ ഉത്തരവാദപ്പെട്ട മുതിർന്ന വ്യക്തികളുടെ മാർഗ്ഗനിർദ്ദേശത്തോടെയാണ് ഇവർ ഒരുക്കപ്പെടുന്നത്. ശനിയാഴ്ചകളിൽ രാവിലെ 10 മണിയോടെ ആരംഭിച്ച് 12ന് മുമ്പ് അവസാനിക്കുന്ന രീതിയാണ് പൊതുവായി ഈ കൂട്ടായ്മകൾ അവലംബിക്കുന്നത്. വീടുകളിൽ മാതാപിതാക്കൾ തയ്യാറാക്കി കൊടുത്തുവിടാറുള്ള കേക്ക് ഇടവളകളിൽ പങ്കുവയ്ക്കുന്നു എന്നത് ശ്രദ്ധേയമാണ്. ഇതിലൂടെ കൂട്ടായ്മയുടെ മഹത്വവും പങ്കുവയ്ക്കലിന്റെ ആനന്ദവും കുരുന്നു ഹൃദയങ്ങളിൽ സ്ഥാനം പിടിക്കുന്നു എന്നത് ഈ സംരംഭത്തിന്റെ വിലമതിക്കാനാവാത്ത നേട്ടമായി വിശേഷിപ്പിക്കപ്പെടുന്നു. ലോകചരിത്രത്തെ രണ്ടായി തിരിച്ച മഹാസംഭവത്തിന്റെ പുത്തൻ ആവിഷ്ക്കാരത്തിൽ തങ്ങളുടെ കുരുന്നുകൾ കഥാപാത്രങ്ങളായി ദിവ്യബലി മധ്യേ പ്രത്യക്ഷപ്പെടുമ്പോൾ സന്നിഹിതരായിരിക്കുന്ന ഇടവക അംഗങ്ങളുടെ ഹൃദയത്തിൽ സ്വർഗ്ഗീയാനുഭൂതി; ഒരുമഹാസംഭവത്തിൽ പങ്കാളികളായതിന്റെ ചാരിതാർത്ഥവും അഭിമാനവും കുഞ്ഞുങ്ങളിലും, പതിറ്റാണ്ടുകൾക്ക് മുൻപ് ഈ വേഷങ്ങളിൽ തങ്ങൾ പ്രത്യക്ഷപ്പെട്ടിരുന്ന ഓർമ്മകൾ വൃദ്ധജനങ്ങളുടെ നയനങ്ങളിൽ ആനന്ദക്കണ്ണീരായും നിറയുന്ന അവസരം കൂടിയാണ് ഇത്. ചടങ്ങുകൾക്ക് അവസാനം തങ്ങൾക്കു കിട്ടിയ ഇടവകയുടെ സമ്മാനപ്പൊതികളുമായി കുട്ടികൾ സ്വഭവനങ്ങളിലേക്ക് മടങ്ങുന്നു.

ചരിത്രപരമായി നോക്കുമ്പോൾ മധ്യകാലഘട്ടം മുതലേ ക്രിസ്തുമസ്സ് സമയത്ത് നടക്കാറുണ്ടായിരുന്ന തിരുപ്പിറവിയുടെ നാടകാവിഷ്ക്കാരം, (nativtiy play), ക്രിസ്തുമസ്സ് സമയത്ത് ദേവാലയങ്ങളിൽ അനുഷ്ഠിക്കപ്പെടുന്ന ആരാധനാക്രമങ്ങളിൽ നിന്നും പ്രചോദനം ഉൾക്കൊണ്ട സാധാരണക്കാരായ വിശ്വാസികളുടെ സൃഷ്ടിയായി കണക്കാക്കപ്പെടുന്നു. ഗ്രാമത്തിലെ പൊതുസ്ഥലമോ, വീടുകളുടെ സ്വീകരണമുറിയോ ആയിരുന്നു വേദി. പത്താം ശതകത്തിന്റെ ആരംഭത്തിൽ

തന്നെ ജർമ്മനിയിലെ ഒരു ദേവാലയത്തിന്റെ അൾത്താരയിൽ തിരുപ്പിറവിയുടെ രംഗം ജോസഫിനേയും മേരിയേയുംഉണ്ണിയേശുവിനെയുംഅവതരിപ്പിച്ചുകൊണ്ട്നടന്നതായി കരുതപ്പെടുന്നു. ആട്ടിടയർക്ക് മലാഖമാർ പിറവിയുടെ സന്ദേശം അറിയിക്കുന്ന രംഗം (shepherd's play), നവജാതനായ ദിവ്യശിശുവിനെ കാണാനായി കിഴക്കുനിന്നും കാഴ്ചദ്രവ്യങ്ങളുമായി എത്തിയ മൂന്ന് രാജാക്കന്മാരുടെ രംഗം (the king's play) തുടങ്ങിയവ ഇതിനോട് കൂട്ടിച്ചേർക്കപ്പെട്ടു. ജർമ്മനിയിൽ പരക്കെ അറിയപ്പെടുന്ന രീതിയിൽ 100 ലെത്തീൻ വാചകത്തിൽ എഴുതപ്പെട്ട സ്കിപ്റ്റോടെ നടന്ന ആദ്യ ആവിഷ്ക്കാരം ഫ്രൈസിങ് മജീഷ്യൻ പ്ലേ (Freising magician Play) എന്ന പേരിൽ അറിയപ്പെടുന്നു. ഏതാണ്ട് 1080 നോട് അടുത്ത് ഫ്രൈസിങ്, കത്തീഡ്രലിൽ രംഗപടങ്ങൾ ഒന്നും തന്നെ ഇല്ലാതെ അവതരിപ്പിക്കപ്പെട്ട സംരംഭത്തിൽ യേശുവിന്റെ ജനനം മുതൽ ഈജിപ്തിലേക്കുള്ള പ്രയാണം വരെയുള്ള സംഭവങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു.

ഈ പശ്ചാത്തലത്തിൽ വളർന്നു വന്ന നേറ്റിവിറ്റി പ്ലേ (Nativity Play) പന്ത്രണ്ടാം നൂറ്റാണ്ടോടെ ക്രിസ്തുമസ് പ്ലേയായി പരിണമിച്ചു. നേറ്റിവിറ്റി പ്ലേ യേശുജനനത്തെ കേന്ദ്രീകരിക്കുമ്പോൾ ക്രിസ്തുമസ് പ്ലേയിൽ ആദിമാതാപിതാക്കളുടെ പറുദീസാ നഷ്ടവും, പ്രവാചകന്മാരുടെ പ്രചവനങ്ങളും, മാലാഖമാരുടെ അറിയിപ്പ് മുതൽ ഈജിപ്റ്റിലേക്കുള്ള പാലായനം വരെയുള്ള ബൈബിൾ ഭാഗങ്ങളും വിഷയമാക്കുന്നു. 1223-ൽ ഇറ്റലിയിലെ ഗേസ്സിയോ വനമേഖലയിലെ സന്യസ്തർ വസിച്ചിരുന്ന ഗുഹയിൽ ഒരുക്കിയ പുൽക്കൂട് ചരിത്രത്തിൽ ശദ്ധേയമായ സ്ഥാനം പിടിച്ചു. വിശുദ്ധ ഫ്രാൻസീസ് അസ്സീസിയുടെ ഭാവനയിൽ രൂപംകൊണ്ട ഈ പുൽക്കൂട്ടിൽ കഥാപാത്രങ്ങളായി മനുഷ്യർക്കൊപ്പം ജീവനുള്ള ആടും പശുവും കഴുതയും രംഗത്തെത്തി വൈക്കോൽ നിറച്ച പുൽതൊട്ടിയിൽ മെഴുകിൽ തീർത്ത ഉണ്ണിയുടെ രൂപമാണ് അന്ന് ഉപയോഗിച്ചത് കത്തിച്ചു വച്ച പന്തങ്ങളുടെ പ്രഭയിൽ തിളങ്ങിനിന്നിരുന്ന തിരുപ്പിറവിയുടെ ദൃശ്യം കാണാൻ ചുറ്റുവട്ടങ്ങളിൽ കഴിഞ്ഞിരുന്ന ഗ്രാമീണർ തികഞ്ഞ ഭക്തിയിൽ എത്തിയിരുന്നു. സാധാരണക്കാർക്ക് വായനയിലൂടെ അപ്രാപ്യമായിരുന്ന ബൈബിൾ ഭാഗങ്ങൾ നേരിൽ കണ്ട് മനസ്സിലാക്കാൻ അവസരം ഒരുക്കിക്കൊടുക്കുക എന്നതായിരുന്നു ഇതിന്റെ ഉദ്ദേശ്യം. കാണാനെത്തിയിരുന്നവർ മടങ്ങുമ്പോൾ ഒരു പിടി വൈക്കോൽ പുൽതൊട്ടിലിൽ നിന്നും എടുക്കുമായിരുന്നു. രോഗബാധിതരാകുന്ന തങ്ങളുടെ വളർത്തു മൃഗങ്ങൾക്ക് രോഗമുക്തിക്ക് അത് ഉപകരിക്കുമെന്ന് അവർ വിശ്വസിച്ചിരുന്നു. ഫ്രാൻസിസ്കൻ സഭ നൽകിയ പ്രോത്സാഹനം 1500 കൾക്കുശേഷം നടന്ന സഭാനവോത്ഥാന പ്രക്രിയകളേയും അതിജീവിച്ച് പുൽക്കൂടും ക്രിസ്തുമസ്സ് പ്ലേയും കത്തോലിക്കാ സഭയിൽ തുടർന്നു. ജർമ്മനിയിലെ പ്രൊട്ടസ്റ്റന്റ് സഭ വിഗ്രഹാരാധനയായി കണ്ട് ക്രസ്തുമസ് പ്ലേയിൽ നിന്നും മാറിനിന്നിരുന്നു. എങ്കിലും അടുത്തകാലത്തായി ആ ദേവാലയങ്ങളിലും ആരാധനയോടു ചേർന്ന് പിറവിയുടെ രംഗാവിഷ്ക്കാരങ്ങൾ അരങ്ങേറുന്നു.

# ഇടയനാടകങ്ങൾ എന്റെ ഓർമ്മകളിൽ



**ഫാ. സെബാസ്റ്റ്യൻ പൂണോളി**
സി.എം.ഐ

'ഇടയനാടകം' എന്ന് നാം ഭാഷാന്തരംചെയ്യുന്ന 'എക്ലോഗി'-ന്റെ ബൈബിൾ ഉറവിടം വിശുദ്ധ ലൂക്കായുടെ സുവിശേഷം 2-ാം അദ്ധ്യായം 8 മുതൽ 20 വരെവചനങ്ങളിൽ വിവരിക്കുന്ന ബത് ലഹേമിലെ ആടുവളർത്തൽ ഗുഹയിൽ നടന്ന ആട്ടിടയന്മാരുടെ ഉണ്ണിയേശു സന്ദർശനമാണ്.

വിശുദ്ധ ചാവറയച്ചൻ ഇടയനാടകങ്ങൾ രചിച്ച കാലംകൃത്യമായി നിർണ്ണയിക്കാൻ സാധിക്കില്ലെങ്കിലും, അവ രചിച്ചത് അദ്ദേഹം 1957 ൽ കൂനമ്മാവിൽ താമസമാക്കിയശേഷമാണെന്ന് തോന്നുന്നു. അവിടെയാണ് സി.എം.ഐ സഭയുടെ ഒന്നാമത്തെ നൊവിഷ്യേറ്റ് - സന്യാസ പരിശീലന കേന്ദ്രം - പ്രവർത്തിക്കാൻ തുടങ്ങിയത്.

**അന്നത്തെ ദിനചര്യ**

അന്നത്തെ ദിനചര്യയനുസരിച്ച് എല്ലാ ദിവസവും വൈകിട്ട് 7.30 മുതൽ 8.00 മണിവരെഎല്ലാവരും പ്രാർത്ഥനമുറിയിൽ ഒന്നിച്ച് ചേർന്ന് മൗനമായി ധ്യാനിച്ചിരുന്നു. ക്രിസ്തുമസ് കഴിഞ്ഞ് ഡിസംബർ 26 മുതൽ ജനുവരി 6-ാം തീയതിവരെ ഈ ധ്യാനസമയത്ത് എല്ലാവരും ആശ്വാസമുറിയിൽ സമ്മേളിച്ച് എക്ലോഗ് -നാടകം കളിക്കുകയോ കാണുകയോ ചെയ്യുമായിരുന്നു. എന്നാൽ ഇത് എല്ലാ സി.എം.ഐ ആശ്രമങ്ങളിലും ഉണ്ടായിരുന്നു എന്നു തോന്നുന്നില്ല. ഇത് വിശുദ്ധ ചാവറപിതാവിന്റെ മേൽനോട്ടത്തിൽ, കൂനമ്മാവിൽ ആരംഭിച്ച് പിന്നീട് അമ്പഴക്കാട് നൊവിഷേറ്റിലും പിന്നീട് തുടങ്ങിയ മുത്തോലി തത്വശാസ്ത്ര കേന്ദ്രത്തിലും ചെത്തിപ്പുഴ ദൈവശാസ്ത്ര പഠന കേന്ദ്രത്തിലും നടത്തിയിരുന്നു. 1957 ൽ പഠനകേന്ദ്രം ബാംഗ്ലൂർക്ക് മാറ്റിയതോടെ എക്ലോഗ് അവതരിപ്പിക്കുന്ന സഭയുടെ ഒരു നൂറ്റാണ്ടു പഴക്കമുള്ള പാരമ്പര്യം നിന്നു പോയി. പകരം എല്ലാ വർഷവും ക്രിസ്തുമസ് കഴിഞ്ഞ് ഒരുബൈബിൾ അഥവാ വിശുദ്ധന്റെ ചരിത്രം നാടകമായി നടത്തുന്ന പതിവ് ആരംഭിച്ചു. അത് ഇന്നും തുടരുന്നു.

**എന്റെ അനുഭവം**

വിശുദ്ധ ചാവറപ്പിതാവിന്റെ കാലംമുതൽ ഒരു നൂറ്റാണ്ട് കാലം തുടർന്നു പോന്ന ക്രിസ്തുമസ്കാലത്തെ എക്ലോഗ് അവതരിപ്പിക്കുന്ന പാരമ്പര്യത്തിന്റെ അവസാന കണ്ണിയിൽ പെട്ട ആളാണ് ഞാൻ എന്നു പറയാം. 1954 മുതൽ 59 വരെ മാന്നാനത്തും മുത്തോലിയിലുമായി അഞ്ച് വർഷം ഞാൻ ഒരുയോഗാർത്ഥി (മൈനർ സെമിനേരിയൻ) ആയിരുന്നു. അന്നൊന്നും

എക്ലോഗ് കണ്ടിട്ടില്ല. 1959–61 കാലത്ത് ഒന്നാംവർഷം നോവിസ് ആയും രണ്ടാം വർഷം ജൂനിയർ ആയും ചെത്തിപ്പുഴയിൽ താമസിക്കുമ്പോൾ എക്ലോഗ് കാണുക മാത്രമല്ല അതിൽ അഭിനയിക്കുകയും ചെയ്തിട്ടുണ്ട്. രണ്ടാംവർഷം എനിക്ക് കിട്ടിയ റോൾ താരാസിമുത്തപ്പന്റേതായിരുന്നു. അന്ന് ഞാൻ ഇടയ ചെറുക്കന്മാരോട് പറഞ്ഞ ഉപദേശം ഇപ്രകാരമായിരുന്നു. 'പിള്ളേരേ നിങ്ങൾ ഹെറോദേസിന്റെ കൊട്ടാരത്തിലെ രാജകുമാരന്മാരെപ്പോലെ ഉടുത്തു നടക്കണ്ട'.

എക്ലോഗ് അവതരണത്തിന്റെ ചില പ്രത്യേകതകൾ ഓർമ്മയിലുള്ളത് കുറിക്കട്ടെ, അന്ന് അഭിനയ വേളയിൽ സന്യാസ വസ്ത്രം - തവിട്ടുനിറത്തിലുള്ളളോഹ മാറ്റിയിരുന്നില്ല. മേക്കപ്പ് ഒന്നും ഇല്ലായിരുന്നു. ഒരു പ്രധാന വേഷം, ഞങ്ങൾ ഉപയോഗിച്ചിരുന്ന പുതപ്പു തന്നെയായിരുന്നു. അത് തോളിൽ ഇട്ടാൽ ഇടയച്ചെറുക്കൻ, പുതച്ചാൽ വയസൻ, തലയിലിട്ടാൽഇടയത്തി. അടുത്ത ഇനം ഊന്നുവടിയായിരുന്നു. അത് ആശ്രമത്തിലെ പ്രായംചെന്ന വൈദികരിൽ നിന്ന് മുൻപേ വാങ്ങും. വടികുത്തി കുറച്ചു കുനിഞ്ഞു നടന്നാൽ മൂപ്പൻ. വടി വീശി ചൂളമടിച്ച് നടന്നാൽ ഇടയച്ചെറുക്കൻ. നീണ്ട മുടിയും വെപ്പു താടിയും നോവിഷ്യേറ്റിൽ ഉണ്ടായിരുന്നു.

കേരള സാഹിത്യ അക്കാദമി പ്രസിദ്ധീകരിച്ചിട്ടുള്ള പദ്യരൂപത്തിലുള്ള ഇടയനാടകങ്ങൾ അതേ രൂപത്തിൽ തന്നെയല്ലായിരുന്നു അവതരിപ്പിച്ചിരുന്നത്. പലപ്പോഴും പദ്യം ഗദ്യമായി മാറ്റിയിരുന്നു. 1959–61 കാലം കഴിഞ്ഞ് എക്ലോഗ് കാണുകയോ അഭിനയിക്കുകയോ ചെയ്തിട്ടില്ല.

നമ്മുടെ യോഗാർത്ഥികളും നവസന്യാസികളുംവീണ്ടും ചാവറയച്ചന്റെ ഇടയനാടകങ്ങൾ പഠിച്ച് അവതരിപ്പിക്കുന്നത് അവരുടെ പരിശീലന പരിപാടികളുടെ ഒരു ഘടകമാക്കുന്നത് ഉചിതമായിരിക്കുമെന്ന് തോന്നുന്നു. നമ്മുടെ സന്യാസ ജീവിതത്തിന്റെ തനിമ പുനഃസൃഷ്ടിക്കാൻ അത് സഹായിക്കും.



**The first novitiate house of the CMI congregation at Koonammavu where blessed Chavara lived his last 7 years and died.**




ഫാ.തോമസ് പന്തപ്ലാക്കൽ സി. എം. ഐ

# ചാവറയച്ചന്റെ ഇടയ നാടകങ്ങൾ

ആധുനിക മലയാള നാടകസാഹിത്യത്തിലെ അതികായനായ ശ്രീ കാവാലം നാരായണപണിക്കർ, കേരള സാഹിത്യ അക്കാഡമി ചെയർമാനായിരുന്ന ശ്രീ ടി. എം എബ്രഹാം, മലയാള ഭാഷാ സാഹിത്യത്തിന്റെ മർമ്മജ്ഞനായ ശ്രീ മാത്യു ഉലകംതറ തുടങ്ങിയവരുടെ ഗവേഷണ പഠനങ്ങൾക്കു ശേഷമാണ് 2014-ൽ കേരള സാഹിത്യ അക്കാദമി പ്രസിദ്ധീകരണവകുപ്പ് സെക്രട്ടറി ആർ. ഗോപാലകൃഷ്ണന്റെ പ്രസാധക്കുറിപ്പോടുകൂടി 19-ം നൂറ്റാണ്ടിലെ കേരള നവോത്ഥാന നായകനായിരുന്ന ചാവറയച്ചന്റെ അഞ്ചു ഇടയനാടകങ്ങൾ പ്രസിദ്ധീകരിച്ചത്. സി. എം. ഐ സഭയുടെ കേന്ദ്ര, രേഖാ ശേഖര കേന്ദ്രത്തിന്റെ ഡയറക്ടറായിരുന്ന എനിക്ക് ഇവരുടെ പഠനത്തിനും, വിലയിരുത്തലിനും, പ്രസിദ്ധീകരണത്തിനും ആവശ്യമായ ആധികാരിക രേഖകൾ മലയാള ചലച്ചിത്ര സാഹിത്യരംഗത്തെ പ്രതിഭയായ ശ്രീ ജോൺ പോൾ വഴി നൽകി സഹായിക്കാൻ സാധി ച്ചു എന്നത് ഭാഗ്യമായി കരുതുന്നു.

വിശുദ്ധ ചാവറയച്ചന്റെ ജീവിതത്തെ, പ്രത്യേകിച്ചും അദ്ദേഹത്തിന്റെ വിലപ്പെട്ട കയ്യെഴുത്തുകളെക്കുറിച്ച് ആഴമായി പഠിക്കാൻ ശ്രമിക്കുന്ന എനിക്ക് എക്ലോഗുകളെക്കുറിച്ച് ചിലതെല്ലാം പുതിയ തലമുറയോട് പറയുവാനുണ്ട്. 1970 കൾ വരെ സി. എം. ഐ സെമിനാരികളിൽ അവതരിപ്പിക്കാറുണ്ടായിരുന്ന ഇതിന് ആ നാളുകൾ വരെ തുടർച്ച ഉണ്ടായിരുന്നു എന്നതിന്റെ ഓർമ്മപ്പെടുത്തൽ ഞാൻ തന്നെ കേട്ട് ഉറപ്പു വരുത്തിയിട്ടുണ്ട്.



ശ്രീ ജോൺപോൾ

തൃശൂരുള്ള അമലാ മെഡിക്കൽ കോളേജിന്റെ തുടക്കക്കാരനായിരുന്ന ബഹു. ഗബ്രിയേൽ സി. എം. ഐ തന്റെ 100-ാം വയസ്സിൽ എന്നോടു പറഞ്ഞിരുന്നു; '1932-ൽ അദ്ദേഹത്തിന്റെ നോവിഷ്യേറ്റിൽ ക്രിസ്തുമസ്സ് കാലത്തു ചാവറപ്പിതാവ് എഴുതിയ എക്ലോഗുകൾ അവതരിപ്പിച്ചിരുന്നു എന്നും അതും അദ്ദേഹം എഴുതി തന്ന ഡയലോഗുകൾ മാത്രമായിരുന്നു ഞങ്ങൾ അവതരിപ്പിച്ചിരുന്നത് എന്നും. ഇതേ അനുഭവം തന്നെയാണ് 'ജീവധാര'



ശ്രീ. ടി.എം. എബ്രഹാം

യുടെ എഡിറ്ററായിരുന്ന കോൺസ്റ്റൻന്റെയിൻ മണലേൽ സി. എം. ഐ യുടെയും അഭിമതം.

1965–ൽ എന്റെ സെമിനാരിയുടെ രണ്ടാം വർഷത്തിൽ ഇടയനാടകങ്ങളെക്കുറിച്ചുള്ള ഞങ്ങളുടെ അനുഭവം ഇവിടെ പങ്കു വയ്ക്കാം. പത്തു ഇടയ നാടകങ്ങൾ. ഓരോന്നിനും ഏതാണ്ട് അര മണിക്കൂർ വീതം അവതരണ സമയം വരുന്നതാണ്. ക്രിസ്തുമസ്സിന്റെ പിറ്റേ ദിവസം മുതൽ ജനുവരി അഞ്ചുവരെയുള്ള ദിനങ്ങളിലാണ് ഇവ അവതരിപ്പിക്കുക.

ദേവാലയത്തിനു പുറത്ത് ഉണ്ടാക്കിയിരിക്കുന്ന ക്രിബിന്റെ മുമ്പിലാണ് ഇവ അവതരിപ്പിക്കുക. ആവശ്യമുള്ള കഥാപാത്രങ്ങൾക്ക് താടിമീശ മാത്രം വെച്ചുപിടിപ്പിക്കും. കഥാപാത്രങ്ങളെല്ലാം ആട്ടിടയന്മാർ ആയതുകൊണ്ട് കൈലി മുണ്ടും പുതപ്പും കൊണ്ട് പലസ്തീനായിലെ ഇടയന്മാർ ധരിക്കുന്ന വിധം വേഷം ക്രമീകരിക്കും. കുറേ പേരുടെ കയ്യിൽ ഇടയന്മാരുടെ വടി ഉണ്ടായിരിക്കും ഇതാണ് മേക്കപ്പ്. സമയമെടുത്തോ, വില കൂടിയ തരത്തിലുള്ള മേക്കപ്പോ ഒന്നും പാടില്ല എന്നതാണ് നിയമം. നാടകാവതരണത്തിന് എന്തെങ്കിലും കാര്യത്തിൽ എല്ലാ ബ്രദേഴ്സും പങ്കു ചേർന്നിരിക്കണം എന്നതും പൊതു നിയമമാണ്. വേദി, മുറ്റം തന്നെയാണ്. കാഴ്ചക്കാർക്ക് ഇരിക്കുവാൻ ബഞ്ചുകളും കസേരകളും ഉണ്ടായിരിക്കും. ആശ്രമാംഗങ്ങളായ എല്ലാവരുമാണ് കാണികൾ.

ഓരോന്നും വ്യക്തമായ വ്യത്യാസങ്ങൾ ഉള്ളതും, കാഴ്ചക്കാർക്ക് കൗതുകം നഷ്ടപ്പെടുത്താത്തവയും ആശയ അവതരണ വ്യത്യാസം ഉള്ളവയുമാണെങ്കിലും ഒൻപതു നാടകങ്ങളും രക്ഷകനായ ഈശോയുടെ തിരുപ്പിറവിയെ ചുറ്റിപ്പറ്റിയുള്ളതാണ്. പത്താമത്തെ നാടകം വിശ്വാസം, ശരണം, ഉപവി എന്നീ അതിവിശുദ്ധ ക്രിസ്തീയ പുണ്യങ്ങൾക്ക് മനുഷ്യരൂപം നൽകിയിരിക്കുന്നതാണ്. നിഗൂഢമായ ആശയങ്ങളെ ബൈബിളിലൂടെ സംശയ നിവാരണം വരുത്തി ഉറപ്പിക്കുന്നതെങ്ങനെ എന്നുള്ള പാഠപ്പുസ്തകവും കൂടിയാണ് പത്തു ഇടയനാടകങ്ങളും. ഇനിയും അവതരണാനുഭവത്തിലേക്കു കടക്കാം.

തരാസ്സിമൂപ്പൻ എന്ന വൃദ്ധനായ കഥാപാത്രം ഒരു പ്രതീകമാണ്. പ്രവാചകനിലൂടെ രക്ഷകനിലേക്ക്



ഫാ. കോൺസ്റ്റാന്റയിൻ മണലേൽ



ഫാ. ഗബ്രിയേൽ സി.എം.ഐ.



പ്രൊഫ. മാത്യു ഉലകന്തറ

വിരൽ ചൂണ്ടിയ സൂചനകൾ, ഈശോയിൽ വെളിപ്പെടുത്തപ്പെട്ടു എന്ന അവശ്യ സന്ദർഭങ്ങൾ വ്യക്തമാക്കി തരേണ്ടപ്പോൾ തരാസി മൂപ്പൻ പ്രത്യക്ഷപ്പെടും. ചരിത്രാവതരണത്തിനാവശ്യമായ പ്രതികൂലികളും അനുകൂലികളുമായ കഥാപാത്ര ങ്ങളാണ് മറ്റു അവതാരകർ. വാദപ്രതിവാദങ്ങളും കോലാഹലങ്ങളുമെല്ലാം സത്യാന്വേഷികളായ കഥാപാത്രങ്ങളെ ലക്ഷ്യത്തിലേക്കടുപ്പിക്കും. സംഭാഷണ ചടുലതയെ തീവ്രമാക്കുവാൻ സംസ്കൃതവും, തമിഴും മലയാളവും പൂവിതറും പടി സംഗീതാത്മകമാക്കിയുള്ള അവതരണത്തിൽ കാണികൾ കണ്ണും കാതും കൂർപ്പിക്കും. എല്ലാ നാടകങ്ങളും ശുഭ പര്യവസായി ആയിരിക്കും എന്നു മാത്രമല്ല കഥാപാത്രങ്ങളെപ്പോലെ കാണികളും മനസ്സിലുള്ള വെറുപ്പും, പകയും, അരിശവും, ആശയ വടംവലിയും വിട്ട് ലക്ഷ്യം പ്രാപിച്ചവരായി തോളോടുതോൾ കൈകോർത്ത് സ്വസ്ഥാനങ്ങളിലേക്കു മാറും

നാടകം ഇതുകൊണ്ടവസാനിച്ചില്ല. സമൂഹത്തിന്റെ സുപ്പീരിയറായ അച്ചൻ കലാകാരന്മാരെയും പിന്നണിയിൽ സഹായിച്ച എല്ലാവർക്കും പുഴുങ്ങിയ ഓരോ മുട്ട സമ്മാനിച്ച് അനുമോദിച്ചശേഷം കാണികൾ എല്ലാവർക്കും ഓരോ മുട്ട നൽകും. ഇതു കഴിച്ചു കൊണ്ടുള്ള ഏതാനും മിനിറ്റുകളിലെ കുശലസംഭാഷണങ്ങൾക്കു ശേഷമാണ് വേദി വിട്ടുപോകുന്നത്. അന്നു കഴിച്ച മുട്ടയുടെ സ്വാദ് ഇന്നും മനസ്സിൽ നിന്ന് വിട്ടുമാറാത്തതുപോലെ.

വിശുദ്ധ ചാവറയച്ചന്റെ ഇടയനാടകം സെമിനാരി മതിൽക്കെട്ടുകൾക്ക് പുറത്ത് ആദ്യമായി അവതരിപ്പിച്ചത് 2012-ൽ എറണാകുളം രാജേന്ദ്ര മൈതാനിയിലാണ്. ശ്രീ. ടി. എം. എബ്രഹാം നേതൃത്വം കൊടുത്ത ഒരു ടീമാണ്, ഇവിടെ ആയിരത്തോളം വരുന്ന കാണികളുടെ മുമ്പിൽ കർട്ടനും വിവിധ രംഗാവിഷ്ക്കാരവും കൂടാതെ ഇടയ നാടകം അവതരിപ്പിച്ചത്. അന്നുവരെപുറംലോകം അറിയാതിരുന്ന ഇടയനാടകം മാധ്യമ ശ്രദ്ധ നേടി. മലയാള ഭാഷയിൽ പുതുതായി കണ്ടെത്തിയ നിധി ചർച്ചാവിഷയമായി. തുടർന്നാണ് കേരള സാഹിത്യ അക്കാദമി 2014 ൽ അഞ്ചു ഇടയനാടകങ്ങൾ പ്രസിദ്ധീകരിച്ചത്.



ശ്രീ. ടി.എം. എബ്രഹമിന്റെ അവതരണ മികവിൽ എറണാകുളത്ത് രാജേന്ദ്ര മൈതാനിയിൽ അരങ്ങേറിയ എക്ലോഗ്



ഫാ. ജയിംസ് ഏർത്തയിൽ സി. എം. ഐ

# ചാവറയച്ചന്റെ എക്ലോഗുകൾ

**എന്റെ അനുഭവത്തിൽ ഏറ്റം പരിമിതകളോടെയാണ് (1859–1963) കാലഘട്ടത്തിൽ എക്ലോഗുകൾ അവതരിപ്പിച്ചിരുന്നത്.**

ചെത്തിപ്പുഴ നവസന്യസത്തിലായിരുന്ന രണ്ടു വർഷവും ബാംഗ്ലൂർ ധർമ്മാരാമിൽ തത്വശാസ്ത്രം പഠിച്ചിരുന്ന മൂന്നു വർഷവുമാണ് എക്ലോഗുകൾ അഥവാ ഇടയ നാടകങ്ങൾ കണ്ടിട്ടുള്ളതും അവതരിപ്പിച്ചിട്ടുള്ളതും. യേശുവിന്റെ പിറവിയോടു ബന്ധപ്പെട്ട സംഭവങ്ങളെല്ലാം വിശുദ്ധ ചാവറയച്ചൻ നാടകരൂപത്തിലാക്കി. ക്രിസതുമസ് കാലങ്ങളിൽ വൈകുന്നേരത്തെ പ്രാർത്ഥനയ്ക്കുശേഷം അവതരിപ്പിച്ചിരുന്ന കലാപരിപാടി എന്നു മാത്രമേ അന്ന് അതേക്കുറിച്ച് എല്ലാവർക്കും അറിയാമായിരുന്നുള്ളൂ. എന്നാൽ എക്ലോഗുകൾ അറിയപ്പെടുന്ന ഒരു സാഹിത്യരൂപമാണ്. ഇറ്റലി, ഫ്രാൻസ്, സ്വിറ്റ്സർലൻഡ്, ഐയർലൻഡ് തുടങ്ങിയ രാജ്യങ്ങളിൽഇത് ഈടുറ്റ സാഹിത്യകൃതിയായി എഴുതപ്പെടുകയും അവതരിപ്പിക്കപ്പെടുകയുംചെയ്തിരുന്നു എന്നതാണ്സത്യം. മലയാളത്തിൽ എന്നപോലെ ഇത് അവിടങ്ങളിലും ആദ്യ നാടക രൂപങ്ങളായിരുന്നു. ഈ ഉറവിടങ്ങൾ തീർച്ചയായും ചാവറയച്ചൻ പരിചയപ്പെട്ടിരുന്നു. ഇറ്റാലിയൻ മിഷനറിമാരിൽ നിന്നും ഇത് ലഭ്യമാക്കിയിരുന്നിരിക്കണം. ഇറ്റാലിയൻ ഭാഷ അറിയാമായിരുന്ന നമ്മുടെ പിതാവ് നമ്മുടെ നാടിനോട് അനുരൂപപ്പെടുത്തി മലയാളത്തിലേക്ക് മാറ്റി. അങ്ങനെ മലയാളത്തിലുള്ള നാടകങ്ങളാണ് പരിശീലന കേന്ദ്രങ്ങളിൽ ഞങ്ങൾ ഉപയോഗപ്പെടുത്തിയത്.

എന്റെ അനുഭവത്തിൽ, ഏറ്റം പരിമിതികളോടെയാണ് (1959–1963) എക്ലോഗുകൾ അവതരിപ്പിച്ചിരുന്നത്. ആശ്രമത്തിൽ അഥവാ സെമിനാരിയിൽ ഉള്ള സാധനസാമഗ്രികൾ കൊണ്ട് നാടകം നടത്തിക്കൊള്ളണം. ഓരോരുത്തരും കിട്ടിയിട്ടുള്ള റോൾ അനുസരിച്ച് വേഷവിധാനങ്ങൾ സംഘടിപ്പിക്കണം. മറിയവും യൗസേപ്പുമുണ്ട് ഇടയൻമാരുണ്ട്, നാട്ടുകാരുണ്ട്, പട്ടാളക്കാരുണ്ട്, കൂടാതെ മാലാഖമാർ വേണം പൂജരാജാക്കൻമാർ, പരിവാരങ്ങൾ അങ്ങനെ. നമ്മുടെ കയ്യിൽ ആകപ്പാടെ ഡ്രസ്സ് എടുക്കാനുള്ളത് രണ്ടു പുതപ്പ്, രണ്ടു ബെഡ്ഷീറ്റ്, രണ്ട് ഷർട്ട് ഇവ മാത്രം. വടിവേണം, തൊപ്പിപ്പാള വേണം അങ്ങനെ പലതും. ലീഡർ

ചെറിയ മേക്കപ്പിനുള്ള സാമഗ്രികൾ സംഘടിപ്പിക്കും. അങ്ങനെ ഒരു എക്ലോഗ് അവതരിപ്പിക്കാൻ സംവിധാനങ്ങൾ അന്ന് നന്നേ കുറവായിരുന്നു. എങ്കിലും സാമാന്യം രസകരമായി അവതരിപ്പിക്കപ്പെട്ടു എന്നു തന്നെ പറയാം. സ്റ്റേജിൽ കയറിയിട്ടുള്ളവരും ഇല്ലാത്തവരും, മനസ്സുള്ളവരും ഇല്ലാത്തവരുമൊക്കെയുണ്ടാകാം ഗ്രൂപ്പിൽ. ഇവരെയെല്ലാം കൂടിയോജിപ്പിച്ചു വേണം പരിപാടി നടത്താൻ. അതുകൊണ്ട് അവതരണത്തിന് അത്രയ്ക്കുള്ള സ്റ്റാൻഡേർഡ് പ്രതീക്ഷിച്ചാൽമതി. ഏതായാലും എല്ലാ വർഷവും മാറിമാറിയുള്ള എക്ലോഗുകൾ അവതരിപ്പിച്ചിരുന്നു. പൊതുവേ അവതാരകർക്കും പ്രേക്ഷകർക്കും പരിപാടി താൽപര്യമായിരുന്നു. അര മുക്കാൽ മണിക്കൂർ നീളും. ക്രിസ്തുമസ്കാലത്തിൽ ഒന്നിച്ചു വരാനും സന്തോഷിക്കാനും ചില സന്ദേശങ്ങൾ സ്വീകരിക്കാനുമുള്ള ഒരു സായംകാല പരിപാടിയായിട്ടാണ് ഇതിനെ കണ്ടു വരുന്നത്. അവതാരകർക്കുള്ള സന്തോഷം പിറ്റേദിവസം രാവിലെ പ്രഭാത ഭക്ഷണത്തിനു ഒരു പുഴുങ്ങിയമുട്ട കിട്ടും എന്നതാണ്. കൂടാതെ പിന്നീട് ഒരു സമ്മാനവും. എല്ലാവർക്കും മുട്ട കിട്ടത്തക്കവിധം സംഘാടകർ ആളുകളെ ഏതെങ്കിലും റോളിൽ സ്റ്റേജിൽ കൊണ്ടുവരും. ചിലപ്പോൾ മുട്ട പൊട്ടിയതായിരിക്കും, കൂടുതലും. ക്രിസ്തുമസ് ഡിന്നർ അവസാനിക്കുന്ന ദിവസം എല്ലാവർക്കും ഒരു'മെരേന്ത'യും-High Tea നല്ലൊരു സമ്മാനവും പ്രിയോർ നൽകും.

എക്ലോഗ് എന്നത് ഇറ്റാലിയൻ ഭാഷയിൽ നിന്നോ ഫ്രഞ്ചിൽ നിന്നോ വന്നതാകാം. ഇറ്റാലിയൻ ഭാഷയിൽ Eco-Logor എന്നു പറഞ്ഞാൽ 'ഇതാവചനം' അവതരിച്ചു എന്നാകും. Eco_Logiaവയലുകളിലെ സംഭാഷണങ്ങൾ എന്നുമാകാം. രണ്ടിനും അർത്ഥവും പ്രസക്തിയുമുണ്ട് ചരിത്രപശ്ചാത്തലത്തിൽ. നാം അതിനെ 'ഇടയനാടക'-മാക്കിയത് അന്നത്തെ കാലത്ത് വയലുകളിൽ, മേച്ചിൽ സ്ഥലങ്ങളിൽ ധാരാളം ഇടയൻമാരുണ്ടായിരുന്നതുകൊണ്ടും, ക്രിസ്തുവിന്റെ ജനനത്തെക്കുറിച്ചുള്ള അവരുടെനാട്ടിൻ പുറത്തെ ഭാഷയിലുള്ള സംസാരം മറ്റുള്ളവർക്ക് ഒരു ക്രിസ്തുമസ് സന്ദേശമായി തീർന്നതുകൊണ്ടുമാണ്. ഭാവനാസമ്പന്നർ അതിനെ പത്യേക സാഹിത്യ രൂപത്തിലാക്കി എന്നു മാത്രം.



സുഭാഷിതം എന്ന എക്ലോഗ് ബിജു ബാലകൃഷ്ണൻ ഈണം പകർന്ന സി.ഡി. ഒ.എൻ.വി. പ്രകാശനം ചെയ്യുന്നു



**ഫാ. നൈനാൻ സി.എം.ഐ.**

# എക്ലോഗുകൾ ഒരവതരണാനുഭവം

ഞങ്ങൾ നവസന്യാസ ഭവനത്തിലായിരിക്കുമ്പോഴാണ് എക്ലോഗുകളേക്കുറിച്ച് കേൾക്കുന്നതും, കണുന്നതും, നടത്തുന്നതും. അന്ന് ഞങ്ങളുടെ നവസന്യാസ ഗുരുവായിരുന്ന ബഹു. ലുഡവിക്ക് പാത്തിക്കലച്ചനാണ് എക്ലോഗുകളുടെ കോപ്പി അമ്പഴക്കാട്ടു നവസന്യാസ ആശ്രമത്തിൽ നിന്ന് ഞങ്ങൾക്ക് എത്തിച്ചു തന്നതും ഭവനത്തിൽ നിന്ന് അവതരിപ്പിക്കാൻ ഞങ്ങളെ പ്രേരിപ്പിച്ചതും. ക്രിസ്തുമസ്സിനോടനുബന്ധിച്ച് അത്താഴത്തിനു ശേഷമുള്ള ഉല്ലാസ വേളകളിലാണ് അവതരണം നടത്തിയിരുന്നത്. ആശ്രമത്തിനു പുറത്തായതിനാൽ വെളിച്ചവിന്യാസം ശ്രമകരമായ ദൗത്യമായിരുന്നു. അവതരണവേദി പൂന്തോട്ടവും.

> **വിശുദ്ധ ചാവറപ്പിതാവിന്റെ ക്രിസ്തു കേന്ദ്രീകൃതമായ ആദ്ധ്യാത്മികതയും സുവിശേഷതല വിധേയത്തവും, വിശ്വസ്തതയും എക്ലോഗുകളിൽ നിഴലിക്കുന്നുണ്ട്.**

ആട്ടിടയന്മാർക്ക് മാലാഖ പ്രത്യക്ഷപ്പെടുമ്പോൾ രാത്രിദൃശ്യത്തോടെയാണ് എക്ലോഗ് ആരംഭിക്കുന്നത്. അന്തരീക്ഷം ക്രമേണ പ്രകാശഭരിതമാക്കാൻ, കണ്ടുപിടിച്ച അപകടകരമായ പ്രകാശവിന്യാസരീതി ഇന്നും ഓർക്കുന്നു. മാലാഖയുടെ വേഷങ്ങളും ഇതുപോലെ തന്നെ ലളിതമായ സങ്കേതങ്ങളാണ് പുതപ്പും, ഉടുപ്പും, തോർത്തുമൊക്കെയാണ് അവ. ഉടുപ്പ് തിരിച്ച് പുറകോട്ട് ഇടും കോളർ മടക്കി ഉള്ളിലേക്ക്വയ്ക്കും തോർത്ത്കൊണ്ട് അരയ്ക്ക് ഒരുകെട്ടും. ഒരു കയ്യിലൂടെയും തോളത്തു കൂടിയും ഇട്ടാൽ ഒരാട്ടിടയനാകും. പുതപ്പ് സ്വാഭാവികത കൊണ്ടും എക്ലോഗുകളുടെ സഹചര്യത്തിലും അവതരിപ്പിക്കാൻ പറ്റിയ അടയാളമാണ്. അവതരണത്തിലെ ലാളിത്യം കൊണ്ടും കഥാപാത്രങ്ങളുടെ അവതരണം ക്രിസ്തുമസ്സ് ആഘോഷങ്ങളെ സജീവമാക്കും പിറവിയുടെ പ്രാക്തനഭാവങ്ങൾ അനുഭവവേദ്യമാക്കുവാനും എക്ലോഗുകൾ വഹിക്കുന്ന പങ്ക് ചെറുതല്ല. വിശുദ്ധ ചാവറപ്പിതാവിന്റെ ക്രിസ്തു കേന്ദ്രീകൃതമായ ആദ്ധ്യാത്മികതയും സുവിശേഷതല വിധേയത്തവും, വിശ്വസ്തതയും എക്ലോഗുകളിൽ നിഴലിക്കുന്നുണ്ട്.



ഫാ. ഫെലിക്സ് സി.എം.ഐ.

# ചാവറയച്ചന്റെ എക്‌ലോഗ് 'ഭാരതീയത്തിൽ'




> **എല്ലാവരെയും പോലെ ഭിന്നശേഷിക്കാരായ ഇവർക്കും ജീവിക്കാനാകും എന്ന് മാതാപിതാക്കളെയും ബന്ധുജനങ്ങളെയും പൊതുസമൂഹത്തെയും അറിയിക്കുക എന്ന വെല്ലുവിളിയായിരുന്നു ഭാരതീയത്തിലേക്ക് കടക്കാൻ പ്രേരിപ്പിച്ചത്.**

ചാവറയച്ചനെ വിശുദ്ധ പദവിയിലേക്ക് ഉയർത്തിയതിന്റെ ആഘോഷം സെന്റ് പീറ്റേഴ്സ് കാർമ്മൽ ആശ്രമത്തിന്റെ ജൂബിലി ആഘോഷങ്ങളോടൊപ്പം സമുചിതമായി നടത്തപ്പെട്ടു. ഏററവും ശ്രദ്ധേയമായത് വിശുദ്ധ ചാവറയച്ചന്റെ എക്‌ലോഗിൽ ഒരെണ്ണം (സുഭാഷിതം) പുനരാവിഷ്കരിച്ചു എന്നുള്ളതാണ്. ഇടവകയുടെ നേതൃത്വത്തിൽ തുടങ്ങിയ ഇടയനാടകക്കളരിയാണ് എക്‌ലോഗ് പുനരവതരിപ്പിക്കാൻ നേതൃത്വം നൽകിയത്. അത് പിന്നീട് തിരുവനന്തപുരത്തും ചങ്ങനാശ്ശേരിയിലും കോട്ടയത്തും ആലപ്പുഴയിലും എറണാകുളത്തും അരങ്ങേറി. വിഴിഞ്ഞം കല്ലുവെട്ടാൻകുഴിയിലെ ദേവാലയമുറ്റത്ത് നടത്തിയ ഉദ്ഘാടന സമ്മേളനത്തിൽ CIMR (Central Institute on mental Retardation) ഡയറക്ടർ ഫെലിക്സച്ചൻ നടത്തിയ എക്‌ലോഗ് അനുസ്മരണ പ്രസംഗം അച്ചൻതന്നെ ഓർത്തെടുക്കുന്നു.

ഞങ്ങൾ നോവ്യഷേറ്റിൽ പഠിക്കുമ്പോഴാണ് എക്‌ലോഗിന്റെ അവതരണം ആദ്യമായി നടത്തിയത്. ബഹുമാനപ്പെട്ട ബഞ്ചമിനച്ചനായിരുന്നു റെക്ടർ. അന്ന് എക്‌ലോഗ് രംഗത്ത് അവതരി



CIMR കുട്ടികൾ ഭാരതീയത്തിൽ

പ്പിക്കാനുളള നേതൃത്വമായിരുന്നു എന്നിൽ നിഷിപ്ത മായിരുന്നത്. തറാസി എന്ന ഇടയ അപ്പൂപ്പൻ ഏവരുടെയും ശ്രദ്ധപിടിച്ചുപറ്റി. അവതരണത്തിനുശേഷം കാഴ്ചക്കാരായ വൈദികർ തറാസിക്കുചുറ്റും അഭിനന്ദനങ്ങളുടെ പ്രവഹവുമായി ഒത്തുകൂടിയത് ഇന്നത്തെ പോലെ ഓർക്കുന്നു. തറാസിക്ക് യേശുവിന്റെ ജനനത്തെക്കുറിച്ച് പ്രവചനം നടത്താൻ കഴിയുമായിരുന്നു. ഇടയകുഞ്ഞുങ്ങളുടെ ചോദ്യങ്ങൾക്കും പരിദേവനങ്ങൾക്കുമെല്ലാം ഉത്തരം പറയുന്നത് തറാസി എന്ന മുത്തപ്പനായിരുന്നു. തറാസിക്ക് ഒരു സെമിനാരി റെക്ടറച്ചന്റെ രൂപഭാവാദികളുണ്ടായിരുന്നു. രക്ഷകന്റെ വരവ് പ്രതീക്ഷിക്കുന്നതിലും വൈകുന്നതിൽ വിഷണ്ണരാകുന്ന ഇടയകുഞ്ഞുങ്ങൾക്ക് ആശ്വാസം പകരുന്നത് തറാസി മുത്തപ്പനാണ്. എക്ലോഗ് അവതരണത്തിൽ പങ്കെടുക്കുന്നവർക്കുള്ള സമ്മാനം നൽകുന്നതിൽ പ്രിയോരച്ചനെ സഹായിച്ചത് ഇപ്പോഴും ഓർക്കുന്നു. ഒരു സംഘാടകനായി ബഞ്ചമിനച്ചനാൽ നിയോഗിക്കപ്പെട്ട ഞാൻ ഇപ്പോഴും അതിൽ അഭിമാനം കൊള്ളുന്നു. വർഷത്തിൽ ഒരിക്കൽ യേശുവിന്റെ ജനനത്തോടനുബന്ധിച്ച് നടത്തപ്പെടുന്ന ഈ നാടകങ്ങൾ 'പുതപ്പുനാടകങ്ങൾ' എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. ഇത് എങ്ങനെ ? എവിടെനിന്ന് ? എന്നൊന്നും അറിഞ്ഞിരുന്നില്ല. ചാവറയച്ചൻ എഴുതിയത് എന്ന അറിവു പോലും ഉണ്ടായിരുന്നില്ല. എക്ലോഗിന്റെ ചരിത്ര പശ്ചാത്തലവും മറ്റും പഠനവിഷയമാക്കേണ്ടതാണ്. കേരളത്തിന്റെ ഭാഷാചരിത്രത്തിൽ എക്ലോഗുകൾ (ഇടയനാടകങ്ങൾ) ആണ് ഒന്നാമത്തേത് എന്ന തിരിച്ചറിവ് ഉണ്ടായി തുടങ്ങിയിരിക്കുന്നു.

ഫ്രാൻസീസ് വള്ളപ്പുര അച്ചന്റെ ആഗ്രഹമനുസരിച്ച് ഭിന്നശേഷിക്കാരായവരെകൊണ്ട് 'ഭാരതീയം' എന്ന പരിപാടിയുടെ എക്ലോഗ് വേർഷൻ അവതരിപ്പിക്കുകയുണ്ടായി. 2014 -ൽ സെന്റ് പീറ്റേഴസ് ദേവാലയ അങ്കണത്തിൽ നടത്തിയ പരിപാടി അരുണും പ്രതീപും ഇപ്പോഴും ഓർമ്മയിൽ സൂക്ഷിക്കുന്നു. അവരെ ഫെലിക്സച്ചൻ വിളിച്ചുവരുത്തി ഫോട്ടോ ആൽബങ്ങൾ എടുപ്പിച്ചു, ഫോട്ടോ ആൽബങ്ങളിലൂടെ കുട്ടികൾ ഓരോരുത്തരുടെയും ജീവിത പശ്ചാത്തലത്തിന്റെ ഇതളുകൾ വിടർന്നു. എല്ലാവരെയും പോലെ ഭിന്നശേഷിക്കാരായ ഇവർക്കും ജീവിക്കാനാകും എന്ന് മാതാപിതാക്കളെയും ബന്ധുജനങ്ങളെയും പൊതുസമൂഹത്തെയും അറിയിക്കുക എന്ന വെല്ലുവിളിയായിരുന്നു ഭാരതീയത്തിലേക്ക് കടക്കാൻ പ്രേരിപ്പിച്ചത്. ഭാരതത്തിലെ ക്ലാസിക്കൽ ഡാൻസുകളായ കുച്ചിപ്പുടി, ഒഡിസി, ഭരതനാട്യം, കഥകളി എന്നിവയുടെ തനിവേഷഭൂഷാതികളോടു കൂടി ചാവറയച്ചന്റെ എക്ലോഗുകളിലെ സുഭാഷിതം എന്ന എക്ലോഗ് അവതരിപ്പിച്ചു. CIMR അംഗങ്ങളെ ഏറെ സന്തോഷിപ്പിച്ചു. വേൾഡ് കോൺഫ്രറൻസ് ഓഫ് മെന്റലീ ചലഞ്ച് (World Conference of Mentaly Challenged) എന്ന പരിപാടിയിലാണ് ആദ്യമായി 'രാമായണ' അവതരണം നടന്നത്. കാഞ്ഞിരപ്പള്ളക്കാരാനായ സോണിയാണ് രാമന്റെ വേഷമിട്ടത് 2007 ൽ ഇന്ത്യൻ പ്രസിഡന്റായിരുന്ന അബ്ദുൾ കലാം ഇൻഡൂസിങ്ങ് കോൺഫിഡൻസ് ആന്റ് കറേജ് (inducing confidence and courage) ഉണ്ടാക്കുന്നതിനുവേണ്ടി രണ്ടു കുതിരകളെ നല്കി. പിന്നീട് രണ്ട് കുതിരകളെകൂടി ഡൽഹിയിൽ നിന്ന് ലഭിച്ചതായി സിസ്റ്റർ എൽസിസ് ഓർത്തെടുത്തു. എല്ലാവരെയും പോലെ ആകാനുള്ള അവകാശത്തിനായി ഭിന്നശേഷിക്കാർക്കുവേണ്ടി എവിടെയും ആരോടും വാദിക്കുന്ന അച്ചന് ആയുരാരോഗ്യങ്ങൾ നേർന്നു. ഭിന്നശേഷിക്കാരെക്കൊണ്ട് ചാവറയച്ചന്റെ എക്ലോഗിൽ ഭാരതീയത്തിന്റെ മിക്സിങ്ങ് പരീക്ഷണം നടത്തിയ അച്ചനും അണിയറ പ്രവർത്തകർക്കും നന്ദി പറഞ്ഞ് വിട ചൊല്ലി.



**സി.ഗ്ലോറി സിഎംസി**
**കോതമംഗലം പ്രോവിൻസ്**

# ഇടയനാടകങ്ങളുടെ ചരിത്രച്ചുരുൾ വിടരുമ്പോൾ

എക്ലോഗ് എന്ന ആദ്യകാലനാടകരൂപത്തിന്റെ ഭാവാന്തരമായ കലാരൂപമാണ് ഉടയാടകങ്ങൾ, ഇംഗ്ലീഷിലും ഇറ്റാലിയൻ ഭാഷയിലുമെല്ലാം എഴുതപ്പെട്ടിരുന്ന എക്ലോഗുകളുടെ ചുവടുപിടിച്ച് 19-ാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ കൃത്യമായി പറഞ്ഞാൽ 1855-56ൽ അന്നത്തെ ബഹുമുഖപ്രതിഭയായിരുന്ന ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ രചിച്ച 10 ഇടയനാടകങ്ങൾ പുറംലോകമറിയുന്നത് വളരെ വൈകിയാണ്. സിഎംഐ, സിഎംസി സന്ന്യാസസമൂഹങ്ങളുടെ സ്ഥാപകപിതാവായ കുര്യാക്കോസ് ഏലിയാസ് ചാവറയച്ചൻ അന്ന് ഈ ഇടയനാടകങ്ങൾ അതേ രൂപത്തിൽ തന്നെ, അദ്ദേഹം സ്ഥാപിച്ച സെമിനാരികളിൽ രംഗാവിഷ്കാരം നടത്തിയിരുന്നു. 1955 മുതൽ കൂനമ്മാവിലും വരാപ്പുഴയിലും തുടർന്ന് 1950 വരെ മറ്റു സെമിനാരികളിലും അവതരിപ്പിച്ചുപോന്നു. 1866ൽ സ്ഥാപിതമായ സിഎംസി സന്ന്യാസിനീസമൂഹത്തിൽ ഇതിന് രൂപാന്തരം വരുത്തി 'സല്ലാപങ്ങൾ' എന്ന പേരിൽ ക്രിസ്തുമസ് ദിവസം മുതൽ ദനഹാവരെ പുൽക്കൂടിനു മുന്നിൽ നടത്തപ്പെടുന്നു.

ഉണ്ണിയേശുവിന്റെ പിറവിയും, ഉണ്ണിയെക്കാണാൻ ആട്ടിടയരും രാജാക്കന്മാരും വരുന്നതും, അവർ ഏറെപ്രതിബന്ധങ്ങൾ തരണം ചെയ്ത് യേശുസന്നിധിയിലെത്തി സായൂജ്യമടയുന്നതുമാണ്. ഇടയനാടകങ്ങളുടെ പ്രമേയം. ഇറ്റാലിയൻ എക്ലോഗുകളിൽ നിന്ന് രചയിതാവ് പ്രചോദനം ഉൾക്കൊണ്ടിട്ടുണ്ട്. എങ്കിലും ഭാഷാശൈലി, ഘടന, പ്രമേയവിന്യാസം ഇവയിൽ സ്വതന്ത്രപാതയാണ് സ്വീകരിച്ചിരിക്കുന്നത്.

മലയാളത്തിലെ ആദ്യനാടകരചനയും രംഗാവിഷ്ക്കാരവും ഈ ഇടയനാടകങ്ങളാണെന്ന് തെളിയിക്കപ്പെട്ടുകഴിഞ്ഞു. 1890 ൽ മാത്രമാണ് കേരളവർമ്മ വലിയകോയിത്തമ്പുരാൻ മലയാളത്തിൽ ശാകുന്തളമെന്ന ആദ്യനാടകരചന നടത്തിയിട്ടുള്ളത്. ഇന്ത്യൻ ഭാഷകളിൽ തന്നെ ചരിത്രകാരന്മാർ അംഗീകരിച്ചിട്ടുള്ള ആദ്യനാടകം 1857 ൽ ആണ് രചിക്കപ്പെട്ടത്. അതിനാൽ ചരിത്രത്തോട് ചരിത്രകാരന്മാർ നീതി പുലർത്തുന്നെങ്കിൽ 1855-56 ൽ ഇടയനാടകങ്ങൾ രചിച്ച ചാവറയച്ചനെ മലയാളത്തിലെ ആദ്യനാടകകൃത്തായി അംഗീകരിക്കേണ്ടിയിരിക്കുന്നു.

മലയാളക്കരയിലെ പ്രഥമ ഏതദ്ദേശീയ സന്ന്യാസിനീസമൂഹമായ സിഎംസി യിൽ തലമുറകളായി നിലനിൽക്കുന്നതും ക്രിസ്തുമസിനുശേഷം ദനഹാ വരെ നടത്തുന്നതുമായ സല്ലാപങ്ങൾ എന്ന ആചാരം സ്ഥാപകപിതാവായ വിശുദ്ധ കുര്യാക്കോസ് ഏലിയാസ് ചാവറയിൽ നിന്ന് പൈതൃകമായി ലഭിച്ചതാണെന്ന വിശ്വാസത്തിന് അഭിപ്രായാന്തരമില്ല. അവരിൽ നിന്ന് മറ്റാരെങ്കിലുമൊക്കെ കടംകൊണ്ടിട്ടുണ്ടെങ്കിലേ ഉള്ളൂ. മനുഷ്യാവതാരത്തിന്റെ മഹനീയതയും തിരുക്കുടുംബത്തിന്റെ സാന്നിധ്യവും ആട്ടിടയന്മാരുടെ സമ്മേളനവും ആടുമാടുകളുടെ കൗതുകത്തോടെയുള്ള എത്തിനോട്ടവും എല്ലാം ചേർന്ന് താരമാലകളുടെ അകമ്പടിയോടെ നടന്ന തിരുപ്പിറവിയുടെ മാഹാത്മ്യവും സന്തോഷവും പ്രകടമാക്കുന്ന ഗാനശകലങ്ങളും തിരുവചന കീർത്തനങ്ങളും, പ്രാർത്ഥനാമൂല്യങ്ങളും എല്ലാം ചേരുവചേർത്ത് കരിമരുന്നു കലാപ്രകടനങ്ങളുടെയും കരഘോഷത്തിന്റെയും ശോഭായമാനമായ അന്തരീക്ഷത്തിൽ നടത്തപ്പെടുന്ന ഈ ചടങ്ങ് ഇടയനാടകങ്ങളുടെ തനിപകർപ്പല്ലെങ്കിലും അതിന്റെ ചുവടുപിടിച്ച്, സന്യാസിനീഭവനങ്ങളുടെ അകത്തളങ്ങൾക്കായി രൂപാന്തരപ്പെടുത്തിയെടുത്ത ആചാരാനുഷ്ഠാനമാണെന്ന് ചരിത്രവസ്തുതകളും പൂർവ്വികഭാഷ്യവും സാക്ഷ്യമേകുന്നു.



ഫാ. സാനി കണ്ണംപുഴ സി.എം.ഐ
സെൻട്രൽ ആർക്കേവ്സ് ജനറൽ ഹൗസ്


# പുസ്തകപ്പുര

## ചാവറ ബുക്ക്ഷെൽഫ്





കാലാതീതം

സിസ്റ്റർ അനറ്റ് സി എം സി രചിച്ച ഈ പുസ്തകം ഉദയ പബ്ലിക്കേഷൻസ് ഇരിഞ്ഞാലക്കുട ആണ് 2018 പ്രകാശനം ചെയ്തിരിക്കുന്നത്. ധ്യാനയോഗവും കർമയോഗവും സമന്വയിപ്പിച്ചു സമൂഹനന്മക്കു വേണ്ടി പ്രവർത്തിച്ച ആധുനിക കേരളത്തിന്റെ നവോത്ഥാനനായകനും സമൂഹ്യപരിഷ്കർത്താവും കുടുംബപ്രേഷിതനും മാർഗ്ഗദീപവുമാണ് വി. ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ. ചവരുൾ, ചാവറയച്ചൻ സമൂഹത്തിനു നൽകിയിട്ടു 150 വർഷങ്ങൾ കഴിഞ്ഞപ്പോൾ സി എം സി സന്യാസിനി സമൂഹം സങ്കടിപ്പിച്ച സെമിനാർ സമാഹാരമാണ് ഈ ഗ്രന്ഥം. 105 പേജുകളുള്ള ഈ പുസ്തകത്തിന്റെ വില 80 രൂപയാണ്.





ചാവരുളിന്റെ ചാരുസംഗീതം


ഡോക്ടർ സെയ്ഡ് എം മുഴൂർ വിശുദ്ധ ചാവറയച്ചന്റെ ചവരുൾ അടിസ്ഥാനമാക്കി രചിച്ച നോവലാണ് ഈ സൃഷ്ടി. ഈ നോവലിന്റെ സെർച്ച് എൻജിൻ വിശുദ്ധ ലൂക്കയുടെ സുവിശേഷമാണ്. വായനക്കാരുടെയും സമൂഹത്തിന്റെയും മനസ്സിൽ ചരിത്രത്തെക്കാൾ ആഴത്തിൽ പതിഞ്ഞു കിടക്കുന്നത് ഇതിഹാസങ്ങളും അവയിലെ കഥാപാത്രങ്ങളുമാണ്. നൂറ്റാണ്ടുകളുടെ കുത്തൊഴുക്കിൽ കാലഗണനയുടെ കെട്ടുപാടുകളിൽ നിന്നും സ്വാതന്ത്ര്യം നേടുന്ന കഥാപാത്രങ്ങൾ അതീത യാഥാർഥ്യത്തിന്റെ ശക്തി ആർജ്ജിച്ചു നില്കുന്നത് തന്നെ കാണാം. മനോധർമ പ്രകാശനത്തിന്റെ വളരെ ശക്തമായ സമീപകാല ഉദാഹരണങ്ങളിലൊന്നാണ് ഈ ഗ്രന്ഥം. ആരാമം പബ്ലിക്കേഷൻസ് 2009 ൽ പ്രസിദ്ധീകരിച്ച 530 പേജുകളുള്ള ഈ പുതകത്തിനു 300 രൂപയാണ് വില.





**ഹൃദയ സല്ലാപം:** അജയ് പി മങ്ങാട്ട് രചിച്ച ഹൃദയ സല്ലാപം വിശുദ്ധനായ ചാവറയച്ചന്റെ ധ്യാനസല്ലാപത്തിന്റെ ഇന്നത്തെ ചിന്താഗതിയിലൂടെയുള്ള ആഴമേറിയ ആദ്ധ്യാത്മിക അന്വേഷണമാണ്. സരസമായ വായനക്കു എന്നതിലേറെ ആൽമാവിലെ ഇശ്വരസാന്നിധ്യത്തെ തൊട്ടറിയുന്നതിനുള്ള പരിശ്രമമാണത്. അതോടൊപ്പം മനുഷ്യമനസ്സിന്റെ ഉള്ളിലേക്കു പ്രാർത്ഥനയുടെ വാതായനങ്ങളിലൂടെ, പ്രവേശിച്ച് ഈശ്വര സങ്കപങ്ങളിലൂടെ, നാം ആദ്ധ്യാത്മിക നിർവൃതിയും നേടുന്നു. പുതുതലമുറക്ക് ഇതൊരു വഴികാട്ടിയാണ്. മാതൃഭൂമി ബുക്ക്സ് 2021ൽ പുസ്തകം സംലഭ്യമാക്കി. **വില 200 രൂപ**





**ചാവറ ശ്രുതികൾ പ്രബോധനങ്ങളും ദർശനങ്ങളും:** ചാവറ പിതാവിന്റെ സ്വർഗപ്രവേശനത്തിന്റെ ശതോത്തര സുവർണ ജൂബിലി വർഷത്തിലേക്കു പ്രവേശിക്കുന്ന വേളയിൽ പിതാവിന്റെ ജീവിതത്തിൽ നിന്നും രചനകളിൽ നിന്നും ചൈതന്യമുൾകൊണ്ട് സിസ്റ്റർ സോഫി റോസ് എഴുതിരിയിരിക്കുന്ന ലേഖനങ്ങളുടെ സമാഹാരമാണീ പുസ്തകം. ചാവറ രചനകളിലെ സ്ത്രീ ദർശനവും, സ്ത്രീ മഹത്വവും, സ്ത്രീ ശാക്തീകരണവും ഇതിൽ വ്യക്തമാക്കപ്പെടുന്നു. ധർമ്മാരാം പുബ്ലിക്കേഷൻസ് ബംഗളുരു 2020 ൽ പ്രകാശനം ചെയ്തു.





**കൂടും കൂട്ടും** ചാവറ അച്ചൻ എഴുതിയ ഒരു നല്ല അപ്പന്റെ ചാവരുൾ എന്ന കത്തിലൂടെയുള്ള ആസ്വാദനയാത്രയാണ്. ചാവറ അച്ചന്റെ ജീവിതവും ചാവരുൾ എന്ന കത്തും ഹൃദയത്തിൽ നിറച്ച കൃതജ്ഞതയുടെ ഒരാവിഷ്കാരമാണ്. കുടുംബങ്ങൾക്കുള്ള ചട്ടം, തലമുറകൾക്കുള്ള ചട്ടമായി കണ്ടു തന്നെ ആയിരുന്നു വിഭാവനം. സമൂഹം, കുടുംബം, മക്കൾ എന്നീ വിഷയങ്ങളിലേക്ക് വെളിച്ചം വീശുന്ന ഉൾക്കാഴ്ചകൾ ഷൗക്കത്ത് ഇവിടെ മനോഹരമായിട്ടാവിഷ്കരിച്ചിരിക്കുന്നു. അറിവിന്റെയും അനുഭവത്തിന്റെയും ധ്യാനനിറവിൽ നിന്നുമാണ് നിർദ്ദേശങ്ങൾ. നിത്യാഞ്ജലി, ചാവറ കൾച്ചറൽ സെന്റർ കോഴിക്കോട്, അമല മീഡിയ ഹവ്സ് സംയുക്തമായിട്ടാണ് (2019) പുസ്തകം പ്രകാശനം ചെയ്തിരിക്കുന്നത്.




**സി എം ഐ സഭയുടെ ചരിത്രസംക്ഷേപം** ബഹു. ഗ്രിഗറി നീരാക്കൽ അച്ചൻ രചിച്ച ആദ്യപതിപ്പിന്റെ പുനരാവിഷ്കാരമാണ്. ശ്രമകരമായ വസ്തുശേഖരത്തിന്റെയും വസ്തുനിഷ്ഠമായ പഠനത്തിന്റെയും ഫലമാണ് ഈ പുസ്തകം. സത്യത്തെ മുറുകെ പിടിച്ചുകൊണ്ടു കടന്നു പോയ കാലത്തെ, അടുക്കോടും ചിട്ടയോടും കൂടിയും രേഖാമൂലമായ തെളിവുകളോടുകൂടിയുമാണ് സി എം ഐ സഭയുടെ ചരിത്രസംക്ഷേപം 1829-1969 എന്ന പുസ്തകത്തിൽ വസ്തുതകൾ നിരത്തിയിരിക്കുന്നത്. ഇവിടെ വ്യക്തികളെയും സ്ഥാപനങ്ങളെയും സ്ഥലങ്ങളേയും, സ്വദേശത്തെയും വിദേശത്തെയും ബന്ധപ്പെടുത്തി, സഭയെയും പ്രവിശ്യകളെയും പറ്റി നല്ലതുപോലെപ്രതിപാദിച്ചിട്ടുണ്ട്. ചാവറ സെൻട്രൽ സെക്രട്ടേറിയറ്റ് കൊച്ചി 2022 ലാണ് പുസ്തക പ്രകാശനം നടത്തിയത്.





**വിശുദ്ധ ചാവറപിതാവിന്റെ സമ്പൂർണ കൃതികൾ** 2022 ൽ സി എം ഐ പ്രിയോർ ജനറൽ ഹൗസ് കൊച്ചിയിൽ നിന്ന് പ്രസിദ്ധീകരിച്ചു. വിശുദ്ധ ചാവറ അച്ചൻ രചിച്ച നാളാഗമങ്ങൾ, സാഹിത്യകൃതികൾ, ആദ്ധ്യാത്മിക കൃതികൾ കത്തുകൾ എന്നീ നാലു പുസ്തകങ്ങളുടെ ഒരു സെറ്റ് ആയി അവതരിപ്പിച്ചിരിക്കുന്നു. നാളാഗമങ്ങളിൽ മാന്നാനം ആശ്രമ സ്ഥാപന ചരിത്രവും റോക്കോസ് കലാപചരിത്രവും, അമ്പഴക്കാട് കൊവേന്ത, കൂനമ്മാവ് മഠം എന്നിവയുടെ ഉത്ഭവവും സാക്ഷ്യപ്പെടുത്തുന്നു. അഞ്ചു ഭാഗങ്ങളുള്ള നാളാഗമങ്ങൾ അക്കാലത്തെ കേരള സഭാ ചരിത്രം കൂടിയാണ്. സാഹിത്യകൃതികൾ അനുപമവും അദ്ധ്യാത്മിക ചൈതന്യം നിറഞ്ഞുതുളുമ്പുന്നവയുമായ കാവ്യ കൃതികളുടെ സമാഹാരമാണ്. അദ്ധ്യാത്മിക കൃതികൾ വിശുദ്ധ ചാവറ അച്ചന്റെ പുണ്യ പരിമളം ഏതൊരു വായനക്കാരനും അഭിഗമ്യമാക്കുന്നു. കത്തുകൾ : ഇടവക വൈദികൻ, സന്ന്യാസ ശ്രേഷ്ഠൻ, സഭാസ്ഥാപകൻ, സിറോ മലബാർ സഭയുടെ വികാരി ജനറൽ, സെമിനാരി മല്പാൻ, ആല്മീയ ഉപദേഷ്ടാവ്, സാമൂഹ്യ പരിഷ്കർത്താവ് എന്നീ നിലകളിൽ ചാവറ പിതാവ് നടത്തിയിട്ടുള്ള കാത്തിടപാടുകളാണ് ഈ ഗ്രന്ഥത്തിന്റെ പ്രതിപാദ്യ വിഷയം.




**മരിക്കാത്ത കടലാസ്**

അഡ്വ. ഫാ. ഫ്രാൻസിസ് വള്ളപ്പുര സി.എം.ഐ വിശുദ്ധ ചാവറ പിതാവിന്റെ ചാവരുളും. ഫ്രാൻസിസ് മാർപാപ്പയുടെ സ്നേഹത്തിന്റെ ആനന്ദവും ഇഴചേർക്കുന്നു. ചാവരുളിന്റെ വിശദീകരണമാണ് മരിക്കാത്ത കടലാസ് - ഈ കടലാസു മരിക്കില്ല എന്ന ചാവറയച്ചന്റെ തന്നെ വാക്കുകളുടെ വേറിട്ട ഒരു തലവാചകം




**മരിക്കാത്ത കടലാസ് രണ്ടാം ഭാഗം** (A Book on Parenting)

നൂറ്റിയമ്പതു വർഷം മുമ്പേ രചിക്കപ്പെട്ട വിശുദ്ധ ചാവറപിതാവിന്റെ ചാവരുളിലെ എഴുത്തിലൂടെ സമൂഹത്തിനു നല്കുന്ന നല്ല പാഠത്തിന്റെ നന്മകൾ പേർത്തും പേർത്തും ചിന്തിക്കേണ്ടിവരുന്നതിന്റെ അനിവാര്യത അതിശയിപ്പിക്കുന്നതു തന്നെ. ചവറയെന്ന മഹാ മാനുഷിയുടെ മുമ്പിൽ തൊഴുകൈകളുമായി ആധുനിക മാനവസമൂഹം നിൽക്കുന്നതിൽ. അതിശയോക്തി അശേഷം ഇല്ല. ചവരുളിനെ കുറിച്ച് ചാവറയച്ചൻ തന്നെ പറഞ്ഞത് ഈ കടലാസ് മരിക്കില്ല എന്നാണ്. ഇതിന്റെ മറ്റൊരു ശീലാണ് 'മരിക്കാത്ത കടലാസ്'.




**കേരള നവോത്ഥാനവും ചാവറയച്ചനും** സാഹിത്യ വിമർശകനും വിദ്യാഭ്യാസ ചിന്തകനും ചരിത്രകാരനുമാണ് ഡോ. കുര്യാസ് കുമ്പളക്കുഴി കണ്ടുമുട്ടിയ കാലം മുതൽ ഗ്രന്ഥകാരന്റെ പ്രചോദനമായിരുന്ന ചാവറയച്ചൻ എന്ന ചരിത്ര വ്യക്തിത്വത്തെ ചരിത്രത്തിന്റെ പുനർവായനയ്ക്കുവേണ്ടി വീണ്ടും സമർപ്പിക്കുന്നു. ചാവറയച്ചനെ വീണ്ടും കണ്ടെത്താൻ വായനക്കാർക്കു സഹായകമാകും. കോട്ടയം അസെൻസ് പബ്ലിക്കേഷൻസ് പ്രസിദ്ധീകരണം

**പേജ് 172 വില 150**




**ചാവറയച്ചൻ മുൻപേ പറന്ന നവോത്ഥാന നായകൻ**


സാഹിത്യപ്രവർത്തക സമാകരണ സംഘം പ്രസിദ്ധീകരിച്ച കേരളത്തിന്റെ നവോത്ഥാന ചരിത്രത്തിൽ മുമ്പേ പറന്ന പക്ഷിയായിരുന്നു ചാവറയച്ചൻ. ജീർണ്ണത ഏറെ ബാധിച്ചിരുന്ന കേരള സമൂഹത്തിൽ ദീർഘ വീക്ഷണവും ശക്തവുമായ പ്രവർത്തനങ്ങൾക്കൊണ്ട് ചരിത്രഗതിയിൽ വമ്പിച്ച മാറ്റങ്ങൾക്ക് വഴിതെളിച്ച പുണ്യമായി ചാവറയച്ചനെ ഗ്രന്ഥകാരൻ വരച്ചു കാണിക്കുന്നു.

**പേജ് 125 വില 130**




**വചനപാലകൻ ചാവറയച്ചൻ:** വചനപാലകൻ എന്ന ചെറുഗ്രന്ഥത്തിൽ വചനസബന്ധിയായ അറുപതു നുറുങ്ങു ചിന്തകളാണ് അവതരിപ്പിക്കുന്നത്. ഓരോ ചിന്തയുടെയും അനുബന്ധമായി വചനഭാഗവും സമാന്തരമായുള്ള ചാവറയച്ചന്റെ കൃതികളിലെ നുറുങ്ങുകളും കൊടുത്തിരിക്കുന്നു. വചന ജ്വാലക്കും വചന വാഹിനിക്കും ശേഷം വചനസംബന്ധമായിട്ടുള്ള ഫ്രാൻസിസ് വള്ളപ്പുരയുടെ മൂന്നാമത്തെ പുസ്തകമാണിത്.


**പേജ് 68 വില 60 രൂപ**




**ജീവിതം തന്നെ സന്ദേശം**

പത്തൊൻപതാം നൂറ്റാണ്ടിലെ കേരള സാമൂഹ്യ നവോത്ഥാന വിപ്ലവത്തിനു ആരംഭംകുറിച്ച യുഗപുരുഷനും ഭാരതത്തിലെ ആദ്യതദ്ദേശീയ സന്യാസി സന്യാസിനി സഭകളുടെ സ്ഥാപകനുമാണു ചാവറകുര്യാക്കോസ് ഏലിയാസ് എന്ന വിശുദ്ധൻ. കേരളത്തിൽ പൊതുവിദ്യാഭ്യാസത്തിനു തുടക്കമിട്ട് അതിലൂടെ പൊതു സമൂഹസൃഷ്ടിക്കു നിമിത്തവും പ്രചോദനവുമായ അദ്ദേഹത്തിന്റെ ജീവിതം തന്നെയായിരുന്നു എന്നും അദ്ദേഹത്തിന്റെ സന്ദേശം. പ്രശസ്ത സാഹിത്യവിമർശകനും ജീവചരിത്രകാരനുമായ ശ്രീ. എം.കെ സാനു സാക്ഷ്യപ്പെടുത്തുന്നു.


**വില 150 രൂപ**




**ചാവറ ആദ്ധ്യാത്മികത**

**ഡോ. കുര്യാക്കോസ് ഏലിയാവടക്കേടത്ത് സി.എം.ഐ**

വിശുദ്ധ ചാവറയച്ചന്റെ ആത്മാനുതാപം അദ്ദേഹത്തെ പ്രപഞ്ചസ്നേഹിയും, ദൈവീകമനുഷ്യനുമാക്കിത്തീർത്തു. തപസ്സ്, ധ്യാനം, അനുചിന്തനം, ധ്യാനയോഗം എന്നീ ആദ്ധ്യാത്മിക പരിപാടികളിലൂടെ മുന്നേറിയ ചാവറ, ധ്യാനമുറിയിലും വിശുദ്ധ കുർബാന സന്നിധിയിലും ദൈസാന്നിധ്യം പ്രാപിക്കുന്ന സഹജീവികളുടെ മുമ്പിലും കർമങ്ങളിലൂടെയുള്ള അനുഭവ ചിന്തകനായിരുന്നു. അക്ഷരാർത്ഥത്തിൽ കർമ്മയോഗി, ഇത് തന്നെ ചാവറയാദ്ധ്യാത്മികത.



**വാഴ്ത്തപ്പെട്ട ചാവറപ്പിതാവ് – അമ്മനുവേൽ പ്രാർത്ഥന-ആബാനുഭവം**

പ്രവൃത്തിയിലൂടെ അനുചിന്തകനായ മാർഖുറിയാക്കോസ് ഏലിയായെയാണ് ഈ ചെറിയ ഗ്രന്ഥംചിത്രീകരിക്കുത്. അമ്മാനുവേലനുഭവത്തിലൂടെ ധ്യാനയോഗത്തിന്റെ അത്യുന്നത പദവിയിൽ ജീവിച്ച ചാവറപ്പിതാവിനെയാണ് ഇവിടെ കണ്ടെത്തുന്നത്.

മനുഷ്യാവതാരത്തിന്റെ സ്നേഹപരിണാമം എന്തെന്ന് സുതരാം വ്യക്തമാക്കുന്ന കാവ്യശകലങ്ങളാണ് ഈ കൊച്ചുപുസ്തകം.





**വിശുദ്ധ ചാവറധ്യാനം**

മാർഖുറിയാക്കോസ് ഏലിയായെ അനുസ്മരിച്ചുകൊണ്ട് നൂറ്റി ഇരുപതുധ്യാനങ്ങളാണ് ഈ പുസ്തകത്തിൽ ഉള്ളത്. ദൃശ്യാദൃശ്യങ്ങളുടെ സമന്വയമാണ് ധ്യാനത്തിലൂടെ പ്രതിഫലിക്കുന്നത്. മാർഖുറിയാക്കോസ് ഏലിയാ പൂർണ്ണമായുംദൈവത്തിനുള്ളവനായതുകൊണ്ട് തൃപ്തിപ്പെടാതെ, ദൈവജനത്തിനുള്ളവനായി.



**"Aggiorrnamento" of the CMI congregation in the light of the spirit of st.chavara**


സി.എം.ഐ.സഭയുടെ കാനോനിക സ്ഥാപകനായ മാർ ഖുറിയാക്കോസ് ഏലിയായുടെ സിദ്ധിയാണ് ഈ പ്രബന്ധത്തിലുള്ളത്. സഭാത്മക ജീവിതത്തിന്റെ ഒരുകൂദാശയാണ് മാർഖുറിയാക്കോസ് ഏലിയാ എന്ന് തോന്നിപ്പിക്കുന്ന പൗരസ്ത്യവും, ഭാരതീയവും, കർമ്മ ചിന്താപരവുമായവയുടെ ഉദാത്ത മാതൃകയായി മാർ-ചാവറയെ ഈ പ്രബന്ധം അനുസ്മരിക്കുന്നു.





**Saint Chavara the vibrant educationalist and spiritual Guide** Saint Kuriakose Elias Chavara, a humble man from the rural Kerala, fought for the rights of the poor, the illiterate the downtroddon and the opressed. His mighty vision transformed the society at large, especially with educational and spiritual field.

by Adv. Fr. Francis Vallapura CMI


**Page 104, Price 75** **Carmel International Publishing House, 2015**





**DREAMS OF ST. CHAVARA** by Dr. Thomas Mampra CMI is the latest from Dharmaram Publications, Bengaluru in 2022. This volume provides a fresh, lively, and candid portrait of its past and present. This is a historical work that sheds ample light upon the eventful life, spiritual career, and well-versed personality of St. Kuriakose Elias Chavara. It contains the minutest aspects connected with the life of St. Chvara here on this earth.




**AGONIES AND ECSTASIES** by Fr. Thomas Panthaplackal CMI is brought out by Chavara Central Secretariat, Kakkanad, Kochi in 2022 exposing a less discussed theme on the life of St. Chavara: his sufferings and ecstasies which manifests the real depth of his spiritual life. St. Chavara's mental sufferings were more intense than his physical sufferings starting from his childhood when he had received his Divine call. The vivid narration based on true historical documents unveils the real personality of St. Chavara as gold purified in fire.




**PRAYER, MEDITATION & CONTEMPLATION** by Dr. Thomas Kochumuttom CMI is published by Dharmaram Publications in 2022. It is fascinating that Fr. Thomas, with his knowledge of Sanskrit, makes praiseworthy and successful efforts to assimilate into Christian spirituality the Indian insights enshrined in the Hindu and Buddhist sources. In general the work is a sharing of the author's personal experiences and reflections that add to its beauty and credibility.




**ST. KURIAKOSE ELIAS CHAVARA, THE WISE LITURGICAL REFORMER OF THOMAS CHRISTIANS OF MALABAR** by Fr. Francis Kanichikattil CMI is published in 2020 by Dharmaram Publications, Bengaluru. Liturgy is the glorification of God and sanctification of human beings. St. Kuriakose Chavara was an ecclesiastical luminary in the horizon of the Malabar Church of the Thomas Christians in the nineteenth century. He wrote Thukasa to keep an order in the celebration of the Eucharistic Liturgy. He brought order and decorum among the clergy and compiled the divine office with praises of God. This volume helps us in facilitating meaningful worship among the Christians.



# പുസ്തകപരിചയം

**ചാവറ ആധ്യാത്മികത**

ആധ്യാത്മികതയുടെ സമഗ്രമായ അടിസ്ഥാനം ദൈവാരാധനയാണ് മാമ്മോദീസാ ജീവിതത്തിലൂടെ വ്യക്തിത്വസമഗ്രത കൈവരിച്ച മാർകുറിയാക്കോസ് ഏലിയാ ചാവറയെ ഈ ഗ്രന്ഥം പരിചയപ്പെടുത്തുന്നു. ചുരുക്കത്തിൽ മാർകുറിയാക്കോസ് ഏലിയാ ആരാധനാധ്യാത്മികതയുടെ മദ്ധ്യസ്ഥനാണ്.

**ചാവറയച്ചൻ**

**കേരള ആധുനികത്വത്തിന്റെ ശില്പി എഡിറ്റർ :ജോൺ മണ്ണാറത്തറ**
**ഒക്റ്റോബർ 2014 മാതൃഭൂമി ബുക്ക്സ്**
**വില 500 രൂപ**

പൊതുസമൂഹനിർമ്മതിക്കു സമൃദ്ധമായ സംഭാവന നൽകിയ ചാവറയച്ചനെ പുനരാലോചനയ്ക്ക് വിധേയമാക്കുന്ന പുസ്തകമാണിത്. ഈ നാടിന്റെ ആവേശമായി മാറിയ ചാവറയച്ചനെസമൂഹത്തിന്റെ നാനാതുറകളിൽ നിന്നുള്ളവർ നോക്കിക്കാണുകയാണിവിടെ. ചാവറയച്ചന്റെസംഭാവനകളേയും, ദർശനങ്ങളെയും വിശാലമായ പശ്ചാത്തലത്തിൽ പ്രതിഷ്ഠിക്കാനുള്ളശ്രമമാണിത്.

**സമയമാംരഥത്തിൽ ഞാൻ**

**ചവറ കുര്യാക്കോസ് ഏലിയാസ്**
**മരണവീട്ടിൽ പാടുന്നതിനുള്ള പാന പഠന നിരീക്ഷണങ്ങളോടെ**
**എഡിറ്റർ ജോർജ് താഞ്ചൻ സി.എം.ഐ**
**ഒരുബേസ് റൗമ പ്രസിദ്ധികരണം 2014, വില 80 രൂപ**

മരണമെന്നനിത്യയാഥാർഥ്യത്തിന്റെ മുൻപിൽ പകച്ചു നിൽക്കുവാനിടവരാതെ, ആ പത്ത് സന്ധിയിലും, തുടർന്നുള്ള ആത്മാവിന്റെ പ്രയാണത്തിലും മോക്ഷപ്രത്യാശയുടെ സ്വാസ്ഥ്യംപകർന്നു തരുന്ന മൂല്യനിവർത്തനം ജീവിതത്തിന്റെ ഭാഗമായിഉൾച്ചേർക്കുന്നതിനുള്ള ഉത്ബോധനമായാണ് കാവ്യത്തിലെ പ്രമേയ കല്പന. വി. ചാവറയച്ചൻ 1870ൽ രചിച്ച ഭാഷാശൈലിയിലേക്കുള്ള പുനരാവിഷ്കാരമാണിത് അല്ലെങ്കിൽമോക്ഷപ്രാപ്തിയിലേക്കൊരു ഉണർത്തുപാട്ടായിട്ടാണു സമയമാംരഥത്തിനെ ഞാൻ സമർപ്പിക്കുന്നു.

**അനസ്താസ്യായുടെ രക്തസാക്ഷ്യം**

സി.എം.ഐ സിഎംസി സംയുക്തസമിതി പ്രസിദ്ധീകരണം

ചാവറയച്ചൻ രചിച്ച, സെഡ്.എം.മൂഴൂർ ആനുകാലികവിവർത്തനം നടത്തിയ കൃതിയാണ് ഇവിടെ സമർത്ഥിച്ചിരിക്കുന്നത്, വലേറിയൻ ചക്രവർത്തിയുടെ ക്രിസ്തുമത മർദ്ദന കാലത്ത അനസ്താസ്യായുടെ രക്തസാക്ഷിത്വ ചരിതം വിവരിക്കുന്നു.

ഡോ. സുകുമാർ അഴിക്കോട് പറഞ്ഞതിങ്ങനെ ആണ്, ഒന്നര നൂറ്റാണ്ട് മുമ്പ് മിസ്റ്റിസിസം സംബന്ധിച്ച് മലയാളത്തിൽ യാതൊരു ലക്ഷ്യമോ, ലക്ഷണമോ ഇല്ലാതിരിക്കെ അതിമനോഹരമായ കവനതല്ലജത്തിന് അലകും പിടിയും നൽകിയ ചാവറ കവിതയ്ക്ക് നമോവാകം നേരുകതന്നെ ചെയ്യണം.

**മാനവികതയുടെ മാനിഫെസ്റ്റോ**

**സുകൃതം സ്മരമൂന്നാം ഭാഗം**

**എഡിറ്റർ റവ, ഡോ. ജോർജ് താഞ്ചൻ സി.എം.ഐ**

സമൂഹത്തിന്റെ വിവിധ ധാരകളിൽപെട്ട പ്രാമാണികവ്യക്തിത്വങ്ങൾ പുണ്യശ്ലോകനായചാവറപിതാവിന്റെ വൈവിധ്യമാർന്ന വ്യാപനതലങ്ങളെക്കുറിച്ച് പലപ്പോഴായിനടത്തിയിട്ടുള്ള നിരീക്ഷണ പഠനങ്ങളുടെ സമാഹാരപരമ്പരയാണ് ബേസ്റൗമയുടെ സുകൃതംസ്മര ഈ മൂന്നാം ഭാഗത്തിന്റെ ഉപശീർഷകം സൂചിപ്പിക്കുന്നതുപോലെ ചാവറശ്രീഗുരുവിന്റെ അക്ഷരാർത്ഥത്തിലുള്ള അനുധ്യാനമാണ് ഈ ഗ്രന്ഥത്തിലെ ഓരോ ലേഖനവും.

**മതാത്മകസൗഹൃദസംവാദവും വാഴ്ത്തപ്പെട്ട ചാവറയും**

**രചന ഫാ.പീറ്റർ ക്ലാരൻസ് സി.എം.ഐ**

**ജൂലൈ 2006**

**വില: 75**

മറ്റുമതങ്ങളോടും മതാചാരങ്ങളോടും വിശ്വാസങ്ങളോടും തികഞ്ഞ സ്നേഹാദരവ് ജീവിതത്തിലങ്ങിങ്ങോളം കാത്തുസൂക്ഷിക്കുകയും, തദനുസാരം ജീവിക്കുകയും ചെയ്തിരുന്ന ഒരു മഹാത്മാവ് ആയിരുന്നു വാഴ്ത്തപ്പെട്ട ചാവറകുര്യാക്കോസ് അച്ചൻ. മതാത്മകസംവാദ ഗ്രന്ഥം, ക്രിസ്തീയ ആധ്യാത്മികതയും തത്വചിന്താടിസ്ഥിത ആധ്യാത്മികതയും തമ്മിലുള്ള ഒരുസൗഹൃദസംവാദമാണ്.

**ചാവറയച്ചന്റെ കത്തുകൾ**

**ചാവറസെൻട്രൽ സെക്രട്ടറിയേറ്റ്, ചാവറ ഹിൽസ്**

**എഡിറ്റേഴ്സ് : ഫ. തോമസ് പന്തപ്ലാക്കൽ സി.എം.ഐ., സി. ജോസി സി.എം.സി**

**വില : 350 രൂപ**

പത്തൊമ്പതാം നൂറ്റാണ്ടിലെ എഴുത്തു ഭാഷ ഇന്നത്തെ തലമുറക്കു ഒട്ടൊക്കെ ദുർഗ്രഹമായിരിക്കും. കത്തുകളുടെ മൂലരൂപവും ഭാഷയും കഴിയുന്നത്ര നിലനിർത്തുകയും ഒപ്പം ആ കത്തുകൾ ഇന്നത്തെ വായനക്കാർക്കു അഭികാമ്യമാക്കുകയും ചെയ്യുക എന്ന കാര്യത്തിനു ഈ പതിപ്പിന്റെ എഡിറ്റർമാർ പ്രത്യേക ഊന്നൽ കൊടുത്തിരിക്കുന്നു. ഓരോ കത്തിനെക്കുറിച്ചും സൂഷ്മതയോടെ തയാറാക്കിയിരിക്കുന്ന കുറിപ്പുകൾ കത്തിനെ കുറിച്ചു വസ്തുതാപരമായി ഇനിയൊരു വിശദീകരണം ആവശ്യമില്ലാതാക്കിതീർത്തു എന്നുള്ളതാണു സത്യം.

**ചാവറയച്ചൻ കടന്നുപോയവഴികൾ**

**ഡോ.ജെ.എസ്. തേക്കുങ്കൽ സി.എം.ഐ**

**പ്രകാശനം : വൈസ് പോസ്റ്റുലേറ്റർ**

ചവറപിതാവിന്റെ ജീവിതചരിത്രത്തിലെ സുപ്രധാന ഏടുകൾ തുന്നിച്ചേർത്തുതയ്യാറാക്കിയിരിക്കുന്ന കടന്നുപോയവഴികൾ എന്ന ഗ്രന്ഥം ആദ്ധ്യാത്മിക സാമൂഹ്യ സാംസ്കാരികവിദ്യാഭ്യാസ മേഖലകളിൽ പഠനവും ഗവേഷണവും നടത്തുന്നവർക്കുതകുന്ന ഒരു ഉത്തമ റഫറൻസ് ഗ്രന്ഥമാണ് എന്നതിൽ സംശയമില്ല.

**കർമ്മയോഗി വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചൻ**

**പ്രൊഫ. പിടി തോമസ് 2014**

**വില : 120**

കേരളാസുറിയാനി കർമ്മലീത്താസഭ അതിന്റെ ആരംഭകാലം മുതൽ ആദ്ധ്യാത്മിക കാര്യങ്ങളിലെന്ന പോലെ സമുദായോദ്ധാരണ പരിപാടികളിലും ശ്രദ്ധേ ചെലുത്തിയിരുന്നു. അധഃകൃതോദ്ധാരണം, വിദ്യാഭാസം,പത്രപ്രവർത്തനം, പ്രസിദ്ധീകരണം, മുതലായ തുറകളിൽ സഭക്കുണ്ടായിട്ടുള്ള നേട്ടങ്ങൾ ക്രൈസ്തവരുടെ മാത്രമല്ല കേരളത്തിലെ സർവജാതിമതസ്തരുടെയും കൃതജ്ഞത അർഹിക്കുന്നു.

ചാവറകുര്യാക്കോസച്ചൻ തുടങ്ങിയ മഹാരഥന്മാരുടെ നേതൃത്വത്തിൽ കേരളത്തിൽസമാരംഭിച്ച സന്യാസപ്രസ്ഥാനം, ധ്യാനവും സാമൂഹ്യപ്രവർത്തനവും ഒന്നിച്ചു പോന്ന ഒരു സമ്മിശ്ര ജീവിതമുറയാണ് സ്വീകരിച്ചത്.

**അതിസഹനങ്ങളും അത്യാനന്ദങ്ങളും**

**ഫാ തോമസ് പന്തപ്ലാക്കൽ സിഎംഐ**

**സി.എം.ഐ. ഡിപ്പാർട്മെന്റ് ഓഫ് റിസർച്ച് ആൻഡ് ഡോക്യുമെന്റഷന് പ്രസിദ്ധീകരണം, 2017**

**വില : 100**

സുഖദുഃഖസമ്മിശ്രിതമായ ഒരു ലോകത്ത് ഓരോവ്യക്തിക്കും ഉണ്ടാകുന്ന സഹനങ്ങളെ ആനന്ദമാക്കി മാറ്റിയാൽ ലോകത്തിൽ തന്നെ വിജയമായി, ധ്യാനമായി. വേദനകളിൽ നിന്നും സഹനങ്ങളിൽ നിന്നും ഓടി അകലാൻ പരിശ്രമിക്കുന്നവർക്ക് ഇത് ഒരു പുതിയ ഉൾക്കാഴ്ചയും ആത്മബലവും പ്രചോദനവും ആകും. വിശുദ്ധ ചാവറ പിതാവിന്റെ ജീവിതം വേദനകളും യാതനകളുംകൊണ്ട് നിർമിച്ച ഒരുമൊസൈക്ക് ചിത്രം പോലെയാണ്. കുട്ടിക്കാലം മുതൽ അദ്ദേഹത്തെ ശാരീരികവും മാനസികവുമായ സഹനങ്ങൾ വട്ടമിട്ടിരുന്നു. ദൈവപരിപാലനയുടെ കണ്ണാടിയിലൂടെനോക്കികണ്ടപ്പോൾ ആ സഹനങ്ങളെ ജീവിതാനുഭവങ്ങളാക്കി മാറ്റുവാൻ അദ്ദേഹത്തിന്കഴിഞ്ഞു .

**ചാവറ ജീവിതദർശനം, അധ്യാപകർക്കും മാതാപിതാക്കൾക്കും ഒരു പുസ്തകം**

**എഡിറ്റർ : ഫാ ജോസ് ചിറ്റിലപ്പിള്ളി സി.എം.ഐ**


**സീ.എം.ഐഡിപ്പാർട്ടമെന്റ് ഓഫ് എഡ്യൂക്കേഷൻ പ്രസിദ്ധീകരണം**


**വില : 15**


വിശുദ്ധ ചാവറയച്ചന്റെ ദർശനം വളരെസ്പഷ്ടമാണ്. അത് ശുഭാപ്തിവിശ്വാസത്താൽ നിർഭരമാണ് പ്രസന്നമാണ് പ്രസാദാത്മകമാണ്. ഒരേ സമയം ദൈവത്തിന്റെ ദാസനും മനുഷ്യസ്നേഹിയും ആയിരിക്കുക എന്നതാണ്. മഹത്തായ ആ പ്രഭാരൂപത്തിന്റെ, തേജസിന്റെ ശാന്തി ഇന്ന് ഒരു മാനദണ്ഡത്തിൽ മാത്രമല്ല, എല്ലാ മാനദണ്ഡങ്ങളിലും വ്യാപിച്ചുനിൽക്കുകയാണ്.

# പഴമയിൽ നിന്ന്

## (എഴുത്തുകൾ)







# BIBLIOGRAPHY


**Bion of Smyrana**

• 'BION' Encyclopaedia Britannica 3 (IIth ed) Cambridge University Press P. 956

**Theocritus**

• Encyclopaedia Britannica 26 (IIth ed) Cambridge University Press

**Moschus**

• Encyclopaedia Britannica (IIth ed) Cambridge University Press

**Vergilius**

• virgil Encylopaedia Britanica Eclogues –

**Einsiedeln Eclogues**

• Enisiedeln Eclogues, Hubbard TK (1998) The pipes of pan P 119

**Titus Calpurnius Siculus**

• Haupt, M. 1854 De Cariminibus Bucolicis Calpurni et Nemegiani (1854)

**Marcus Aurelius Olympius Nemesianus**

• Encyclopaedia Britannica 19 (IIth ed) Cambridge University Press p. 368

• Nemesianus, Latin text and English translations in the Loeb editions, at Lacus Curtius.

**Dante Alighieri**

• Allitt, John Stewart (2011) Dante, Peuegrinio (in Italian) (Edizioni VIII adiseriane ed) Villa di serio (BG)

• Gardner, Edmurd Garratt (1921) Dante London. Oxford University Press.

**Francesco Petrarca**

• Bartlet Kenneth R. (1992) The civilization of the Italian Renaissance; a source Book. Lexingtioni; DC Health and company

• Bishop, Morris (1961) "Petrareh' In J.H. Plumb(Ed) Renaissance profiles, pp 1-17. New York: Harper and Rout

**Giovanni Boccaccio**

• Bartlett, Kenneth R (1992) The Civilisation of the Italian Renanssance. Foronto: DC Health and Company. page 43 – 44

**Baptista Mantuanus**

• The Eclogues of Mantuan Trans and ed Lee Piepho. New York: Garland , 1989 Adoleseentia. Trans. and ed Andrea severi Bologna: Bononia University press 2010.

**Jacopo Sannazaro**

• "Jacopo sannazario Encyclopaedia Britannica 2010 online

• Chisholm; Hugh ed (1911) Sannazaro, Jacopo" Encyclopaedia Britannica(IIth ed) Cambridge University Press.

**Alexander Barclay**

"Barclay Alexander" Dictionary of National Biography. London: Smith, Elder & Co. 1885-1900.

**Clement Marot**

Tilley, Arthur (1904) "Chapter IV Marot" The Literature of the French Renaissance Vol. Cambridge University Press. pp 53-83

**Garcilaso de la Vega**

Garcilasa dela vega, The Florida of the incatrans. John and Jeannette varner 1951.

**Pierre de Ronsard**

"Ronsard Pierre de" Encyclopaedia Britannica(IIth ed) Cambridge University Press. pp 691 – 693. F.L. Lucas "The Prince of Courts Poets" as essay on Ronsard in studies French and English (London 1934 pp 76-144.

**Edmund Spenser**

• Hadfield, Andrew, Edmund Speneer: A life, Oxford University Press. 2012, P110

• Merritt Yerkes Hughes, Virgil and Spencer, in University of California Publication in English, Vol 2 no. 3.

**Szymon Szymonowic**

• Herbermann, Charles ed (1913) "szynon sxymono wic" Catholic, Encyclo pedia New Your: Robert Appletin Company.

**Jozef Bartlomiej Zimorowic**

• J.B. Zemorowic sielanki nowe ruskie ed. Ludawika szezerbicka – slek (Biblioteka Narodowa 1999)

**Ambrose Philips**

• Stephen, Leslie (1896) "Philips, Ambrose" In Lee, Sidney. Dictionary of National Biography. 45.

London: Smith, Elder & Co.

**Alexander Pope**

- Baines, Paul (2001 The Complete critical Guide to Alexander pope. Routledge Publishing pp 67-90
- "Martha Blount" Encyclopaedia Britannica 2009 Retrieved 17 April 2009

**Thomas Chatterton**

Cook, Daniel. Thomas Chatterton and Neglected Genius, 1760 – 1830 Basingstoke and New York: palgrave Macmillan, 2013.

Groom, Nicked. Chatterton, Thomas (1752-1770) Oxford Dictionary of National Biography, Oxford University Press.

**Percy Bysshe Shelley**

Medwin, Thomas (1847): The Life of Percy Bysshe Shelly. London.

Bieri, James (2004) Percy Bysshe Shelly: A Biography: Youths Un extinguished Fire 1792 – 1816. Net work: Univerisity of Delaware Press p. 86

Anselm CMI, Vazhthapetta Kuriakose Eliyasachan. Mannanam: St. Joseph's Press 2009

Avila CMC, Bhoomikanyakamarkkoru Orunarthupaattu. Kochi: Bes Rauma, 2012

Avurevus, Joseph CMI Dominician Manickathan CMI, Theres Maria CMC and Toms Maria CMC, (eds) Chavara: Vyakthiyum Sidhiyum. Kochi: M.C.M.Press, 1992.

Beccaro, Leopold OCD, A short Biography of Blesed Kuriakose Elias Chavara. Mannanam: St. Joseph's press 2003

Caius CMI, Anastayayude Rakthasakshyam, Mannanam: Chavara Namakaranam Samithy, 1939.

Canisius CMI, Bl. Kuriakose Elias Chavara. Kochi: CMI General Dept. Prior General's House 1994.

Carl, Olson, Religious Studies: The Key Concepts. New York: Rourledge, 2011.

Chackalackal MCI, Dr. Saju, lgnitting the Mins to Transform the Society: Legacy of K.K.Chavara for Innovative and Inclusive Education and Other Essays on Education. Bangalore: Dharamaram Publications 2013

Chacko, K C, Father Kuriakose Elias Chavara. Mannanam: St. Joseph's press 1959.

Chavara, Kuriakose Elias, Complete Works-Nalagamangal Vol I – IV, Ernakulam: CMI Publishing Committee, 1981.

Chavara, Kuriakose Elias, Complete Works of Bl, Chavara Vol. II – Compunction of the Soul, Dirge, Martyrdom of Anastasia. (Leo Mary CMC, Trans) Ernakulam: CMI Publishing Committee, 1989.

Chavara, Kuriakose Elias, Complete work of Bl. Chavara, Vol.IV, The Letters (Leo Mary CMC, Trans) Kochi: K.C.M. Press 1990.

Chavara Kuriakose Elias, Complete works of Bl. Chavara Vol. III. (Chittilappilly Jose, Trans.) Kochi: K.M.C. Press, 1990.

Chavara Kuriakose Elias, Idaya Nadakangal, Ecologues – Shepherd Plays. (John Paul, Compiled) Thrissur: Kerala Sahitya Akademi, 2014

Ipers, Paul, The singer of Eclogues: A study of Virgalian pastoral, California: University of Chicago Press 1982.

John of the Cross, Dark Night of the Soul: A Classic in the Literature of Mysticism. Trans. & Ed. Allison Peers. Critical edition of P. Silverio De Santa Teresa, C.D. New York: Doubleday & Co. 1959.

Kalapurackal, M.J. CMI, Chavarokthikal. Changanassery: S. H. Ashram. 1997

Kalapurackal, M.J. CMI Chavarayachante Hrudayathudippukal. Mannanam: St. Joseph's press 2004.

Kalluvettil Paul, Appan Makkalodu. Kochi: Gen., Dept. Of Evangelization & Pastoral Minstry, Chavara Hills, 2014.

Kochumuttom, Thomas CMI, Blessed Kuriakose Elias Chavara. Mumbai: St. Paul Press Training School, 2014.

Leonila, CMC. ed., Aatmanuthapathinte Anudhyanasruthikal. Kochi: Chavara Central Secretariat, 2012

Levy, Shimon, The Bible as Theatre. Brighton: Sussex Academic Press, 2002.

Luce, Clare Boothe, Saints for Now. New York: All Saints Press, Inc. 1963.

M.P. Beena, Chavarayachan – Jeevacharithram. Thiruvananthpuram: The State Institute of Language, 2013.

Mampra, Mathew, Njan Chavara. Calicut: Sophia Printers and Publishers (P) Ltd. 2014.

Manickathan, Dominitian, Kerala Snehadeepam. Kopchi: K.C. M. Press. 1985.

Mannarathara, John CMI, ed., The Life and Legacy of Saint Kuriakose Elias Chavara. New Delhi: Viva Books Private Limited. 2015.

Mannarathara, John CMI, ed., Chavaryachan, Kerala Adhunikathwathwinte, Shippi: Kozhikode: Mathrubhumi Books, 2014.

Mathothu Kurian, Blessed Father Kuriakose Elias Chavara. Palai: Pastoral Service Centre, 1988.

Menon, A Sreedhara, Kerala Charithra Shilpikal. Kottayam: D.C.,Books 2011.

Moozhoor, Z M, CMI, Chavrayachan Vividha Veekshanangalil. Thevara: Janantha Book Stall. 1989.

....................., Atmanutapam. Thevara: Janatha Service, 1990

................, Blesed Chavara: The Star of the East. Kottayam: Deepika Book House, 1993.

....................., Dhyana Sallapangal. Thodupuzha: Aramam Publication. 1996

..................., KalathinuMunpe Nadannu Neengia Karmayogi. Pala: Aramam Publication, 2003.

................., Aroopiyude Meloppulla Manushyan. Trivandrum: Carmel Publishing Centre, 2003

................,Chavarulinde Charusangeetham. Thrissur: Aramam Publication 2009.

.........................,AnastaiyayudeRakthasakshithwam. Thrissur: CMI – CMC Publications 2010.

...................., ed. Chavarayachante Sampoorna Kruthikal. Mannanam: St.Joseph's Pres 1981.

Mndadan, M A, Blessed Kuriakose Elias Chavara. Bangalore: Dharmaram Publication, 2008

Mundael T T, Kudumbapreshithan Chavarayachan. Bharananganam: Jevan Books, 2004.

Paikida, Alexaner CMI, ed. Kaalam Namiknna Karmayogi. Kochi: Bes Rauma, 2013.

Panthaplackal, Thoma CMI, Itha Njan Avidathe Daasan. Kochi: Chavara Central Secretariat 2012

................., Malayil Virinja Pookkal. Kochi: Gen. Dept. of Evangelization and Pastoral Ministry, Chavara Hills, 2005

................., Guidelines, for Priests. Kochi: Chavara Central Secretariat, 2010

................., Kuriakose Elias Chavara: Great Soul of India. Kochi: Chavara Central Secretariat. 2013

................., Kuriakose Elias Chavara: The Great Soul of India. Kochi: Bes Rauma 2013

Panthaplackal, Thomas CMI and Jossy, Chavarayachante Kathukal. Kochi: Bes Rauma, 2011.

Panthaplamthottiyil, Jose CMI, Chavarayachan., Kottayam: Deepika, 2004.

Paul, Jose, ed., Bl. Kurikose Elias Chavara: Savior of Harijans. Palai: St. Thomas Press, 1991.

................., Malankara Sabhamathavinde Oru Veerasanthanam, Mannanam: St. Joseph's Press 1939.

................., Sukrutham Smara. Kochi: Besrauma, 2012.

................., The Servant of God: Kuriakose Elias Chavara. Mannanam: St Joseph's Press, 1953.

Plathottam, Valerian CMI, Bharat Apostle: The Saviour of Harijans, The Protector of the Poor. Palai: St Thomas Press. 1991.

Rose, Sophy CMC, Itha Ee Vazhiye. Kochi: Chavara Central Secretariat 1996.

Tharaniyil, Biju CMI, Blessed Kuriakose Elas Chavara. Kochi: Chavara Cenral Secretariat 2004.

Thekkumkal, JS CMI, Itha Chavarayachan. Kochi: CMI General Secretariat 1989.

Thekkumkal, JS CMI,Chavarayachan Kadannupoyavazhikal.Mannanam St. Joseph's Press 2011

Thevalassery, Jerard CMI, Chavarayachan Enna Mystic. St. Joseph's Press 2009

Vadaketh, Quriaqos Elijah CMI, Chavara Adhyatmikatha. Kottayam: Deepika Book Houe, 2005

Vallapura, Francis CMI The Vibrant Educationalist and Spiritual Guide. Trivandrum Carmel International Publishing House 2015.

................., Marikkathakadilas. Eudcation and Media Communication CMI St. Joseph's Privince, Thiruvananthapuram 2018.

Vithuvattickal, Lucas CMI, Chavarayachante Sampoorna Kruthikal Vol IV. Mannanam St. Joseph's Press 1982

W.H. Auden:

* Auden, W.H. (2002) Mendelson, Edward, ed. Prore, volume II 1939-1948 Princeton: Princeton university Press p. 478

* Carpenter, W.H.Auden pp. 16-20, 23-28

**Louis Mac Neice**

• Mac Louis Neice: An Inventory of His collection at the Harry Ranson centre norman. hrc. utexas. edu. Retruved 2017-11-06.

• Mac Neice Louis (1996) Autum Journal Faber X Faber p 7

Joseph Brodsky:

• Bethea, David (1994) Joseph Brodsky and the creation of Exile, princeton University press (Princeton, N.J)

• Berlina, Alexandria (2014) Brodsky Translating Brodsky. Bloomsburg (New York, Anna Balakian Prize(2013-2016)

Seamus Heaney:

• Heaney, Seamus (1998). Opened Ground. New York: Farrar, Straus, and Giroux

• Parker, Michael (1993). Seamus Heaney: The making of the poet. Lowa city: University of lowa press. p 221.

Derek Walcott

• Edward Hersch, "Derek Walcot, The art of poetry No. 37, the parish Review, Issue 101, Winter 1986

• Grimes, William (17 march 2017) Derek Walcott, Poet and Nobel Laureate of the Caribbean, Dies at 87, The New York times. Retrieved 18 March 2017.

**Miklos Radnoti**

• Miklos Radnoti, The Complete poetry is Hungarian and English, Mc Forland company, Jafferson 2014.

• Works of Miklos Radnoti, Szepirirodalmi Konyvkiado, Budapest 1978.

**Giannina Braschi**

• 'Ginnia Braschi'. National Book Festival. Library of congress. 2012.

• Introduction to Giannina Braschi's Empire of Dreams, Alicia Ostriker, Yale University press, New Haven, 1994

**Lisa Robertson**

• Fortier, Laura. Lisa Robertson Fonds. Simon Faster University Collections and Rare Books. Retrieved.

**Melissa Green:**

• Green Melisa, Color is the Suffering of Light. New York: Simon & Shuster, 1996

• Green Melissa squani Eclogues. New York: Norton 1987

• Virgil. Eclogues. Trans. David Ferry New York: Farrar, Straus, and Giroux 2000.

## ഇടയനാടകകളരി സംഘടിപ്പിക്കുന്ന
## ഇടയനാടക (എക്ലോഗ്) ലഘുനാടക രചനാമത്സരത്തിലേക്കുള്ള
# രജിസ്ട്രേഷൻ ഫോം

Name & Address of The Participant

Age & Date of Birth

Contact No.

Mail Id

Occupation

Registration Fee by Cheque ₹ 500/-

Yes / No

**സമ്മതപത്രം : – ഉന്നത അധികാരിയുടെ**

Name Seal & Signature (Attestation).

**ഇതിൽ കൊടുത്തിരിക്കുന്ന വിവരങ്ങൾ സത്യസന്ധമാകുന്നു.**

Self Attestation

Name Seal & Signature

(മൂന്ന് പാസ്പോർട്ട് സൈസ് ഫോട്ടോകൾ ഉൾപ്പെടുത്തണം.)

# ഇടയനാടക കളരി സംഘടിപ്പിക്കുന്ന ഇടയനാടക (എക്ലോഗ്) ലഘുനാടക രചനാ മത്സരത്തിന്റെ പൊതുനിർദ്ദേശങ്ങൾ

- വേദിയിൽ അവതരിപ്പിക്കാൻ കഴിയുന്ന സ്ക്രിപ്റ്റായിരിക്കണം.
- കുറഞ്ഞാൽ 20 മിനിറ്റിലും കൂടിയാൽ 30 മിനിറ്റിലും അവതരിപ്പിക്കാവുന്ന ദൈർഘ്യമേ രചിതപാഠത്തിനുണ്ടാകാവൂ.
- പേപ്പറിന്റെ ഒരു പുറം മാത്രം എഴുതാവൂ 15-16 പേജിൽ ഉൾക്കൊള്ളിക്കാൻ ശ്രമിക്കണം.
- രചനയിലൂടെ മൂന്നുകോപ്പികൾ രജിസ്റ്റർ ചെയ്യുമ്പോൾ നൽകേണ്ടതാണ്.
- രചനാ മത്സരത്തിന് പ്രായപരിധിയില്ല. ആർക്കും മത്സരിക്കാവുന്നതാണ്.
- മത്സരത്തിനായി സമർപ്പിക്കപ്പെട്ട രചിതാ പാഠം ഫലപ്രഖ്യാപനംവരെ മറ്റെവിടെയെങ്കിലും അതവരിപ്പിക്കുകയോ പ്രസിദ്ധീകരിക്കുകയോ ചെയ്യാൻ പാടില്ല
- രചിതാ പാഠത്തിന് മാസിക രൂപത്തിലുള്ള ഈ പുസ്തകത്തിൽ കൊടുത്തിരിക്കുന്ന Yellow Page, ബൈബിളിലെ (മത്താ 1:18-2:18, ലൂക്കാ 2:1-20) ഭാഗവും കേരളം സാഹിത്യ അക്കാഡമിയുടെ ഇടയനാടകങ്ങൾ എന്ന പുസ്തകവും റഫറൽ ഗ്രന്ഥങ്ങളായി ഉപയോഗിക്കാവുന്നതാണ്.
- രചിതാപാഠത്തിന് ആനുകാലിക പ്രസക്തി ഉണ്ടായിരിക്കുന്നത് ഉത്തമം.
- രചനാ സഹായിയായി നല്കുന്ന റഫറൻസുകൾ തെറ്റിദ്ധാരണപരമായി വ്യാഖ്യാനിക്കരുത്.
- ₹ 500 അടച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതും ആയതിലേക്ക് ഇതിൽ കൊടുത്തിരിക്കുന്ന രജിസ്ട്രേഷൻ ഫോം ഉപയോഗിക്കാവുന്നതുമാണ്.
- നിശ്ചയിക്കപ്പെട്ട (നവംബർ 14-ാം തീയതി) ദിവസമോ ദിവസത്തിനു മുമ്പോ രജിസ്ട്രേഡ് പോസ്റ്റിൽ താഴെ കാണുന്ന വിലാസത്തിൽ രചന അയയ്ക്കാവുന്നതാണ്.
- ഇടയനാടക കളരി (Edayanadaka Kalari. K.E. School Office, Mannanam, Kottayam P.O. 686 561)
- തിരഞ്ഞെടുക്കപ്പെടുന്ന രചനകൾ എക്ലോഗ് (ഇടയനാടകങ്ങൾ) എന്ന വാർഷിക പതിപ്പിൽ പ്രസിദ്ധീകരിക്കുന്നതാണ്.
- തിരഞ്ഞെടുക്കപ്പെടുന്ന രചനകൾക്ക് (first, second, third) ക്യാഷ് അവാർഡും ട്രോഫിയും പോത്സാഹന സമ്മാനങ്ങളും ലഭിക്കുന്നതാണ്.
- നാടകാവതരണ സമ്മാന വിതരണത്തിനൊപ്പം സമ്മാനാർഹമായ രചനകൾക്കും സമ്മാനം ലഭിക്കുന്നതാണ്.
- രചനാ മത്സരത്തിൽ പങ്കെടുക്കുവാൻ ആഗഹിക്കുന്നവർക്ക് രചനയെ എളുപ്പമാക്കാൻ ഒരു ഓൺ ലൈൻ വർക്ക്ഷോപ്പ് രജിസ്ട്രേഷനു ശേഷം ഉണ്ടായിരിക്കും.

---

**കെ.ഇ. സ്കൂൾ, ഇടയനാടക കളരി**

മാന്നാനം, കോട്ടയം

**അന്വേഷണങ്ങൾക്ക്** 9446571377, 9526613399
chavaracompetitions2022@gmail.com

## ഇടയനാടകകളരി സംഘടിപ്പിക്കുന്ന
## ഇടയനാടക (എക്ലോഗ്) ലഘുനാടക അവതരണ മത്സരത്തിലേക്കുള്ള

# രജിസ്ട്രേഷൻ ഫോം

Name of School
& Address

Principal Mob. No.

Teacher in Charge

Name of the Leader

Std.

No. of participants

Registration Fee by Cheque ₹ 1000/-

Yes / No

**സമ്മതപത്രം : – ഉന്നത അധികാരിയുടെ**

Name Seal & Signature (Attestation).

**ഇതിൽ കൊടുത്തിരിക്കുന്ന വിവരങ്ങൾ സത്യസന്ധമാകുന്നു.**

Staff Attestation

Name Seal & Signature

(മൂന്ന് പാസ്പോർട്ട് സൈസ് ഫോട്ടോകൾ ഉൾപ്പെടുത്തണം.)

* പങ്കടുക്കുന്നവരുടെ പേര് പ്രത്യേക പേജിൽ എഴുതുക.

# ഇടയനാടക കളരി സംഘടിപ്പിക്കുന്ന 2022/23 ഇടയനാടക (എക്ലോഗ്) ലഘുനാടക മത്സരം സംബന്ധിച്ചുള്ള പൊതുനിർദ്ദേശങ്ങൾ

- 20 മിനിറ്റു മുതൽ 30 മിനിറ്റു വരെ ദൈർഘ്യം
- മാക്സിമം 15 പേരെ ഉണ്ടാകാവൂ
- തുറന്ന സ്ഥലം ആണെന്നു കരുതി എല്ലാവരെയും അഭിമുഖീകരിക്കണം.
- കോസ്റ്റ്യൂമ്സ് ഉപയോഗിക്കാം
- നാടകം തീരുന്നതുവരെ വേദി ഒഴിച്ചിടരുത്.
- സംഗീതം ഉപയോഗിക്കാം.
- എക്ലോഗി (ലഘുനാടകം) ന്റെ മൂന്നു സ്ക്രിപ്റ്റും രജിസ്റ്റർ ചെയ്യുന്ന സമയത്ത് തരേണ്ടതാണ്.
- സ്കിപ്റ്റ് ഓഫീസിൽ കിട്ടേണ്ട അവസാന തീയതി 2022 നവംബർ 14-ാം തീയതിയാണ്.
- റിക്കാർഡു ചെയ്ത സംഭാഷണങ്ങളോ അനൗൺസ്മെന്റുകളോ പാടില്ല.
- പശ്ചാത്തല സംഗീതം നൽകാവുന്നതാണ്.
- ആവശ്യമായ മ്യൂസിക് റിക്കോർഡ് ചെയ്തത് പ്ലേ ചെയ്യാവുന്നതാണ്.
- വേഷ വിതാനങ്ങൾ ഒരേ രീതിയിൽ ആയിരിക്കണം
- വിധി നിർണ്ണയ മാനദണ്ഡങ്ങൾ ഏകദേശ ഒരു രൂപം അറിയാൻ താഴെ പറയുന്ന പ്രകാരം ആയിരിക്കും.

  A കലാവസ്തു

  B അവതരണം

  C അഭിനയം

  D സംവിധാനം


- വിധി കർത്താക്കളുടെ തീരുമാനം അന്തിമം ആയിരിക്കും.

**കെ.ഇ. സ്കൂൾ, ഇടയനാടക കളരി**

മാന്നാനം, കോട്ടയം

അന്വേഷണങ്ങൾക്ക് 9446571377, 9526613399

chavaracompetitions2022@gmail.com





# ഇടയനാടകം (എക്ലോഗ്)

## ലഘുനാടക രചനാ മത്സരം

ആർക്കും പങ്കുചേരാവുന്നതാണ്.

**അന്വേഷണങ്ങൾക്ക് 9446571377, 9526613399**

chavaracompetitions2022@gmail.com



മാന്നാനം, കെ.ഇ. സ്കൂളിന്റെ
ആഭിമുഖ്യത്തിൽ
ഇടയനാടക കളരി സംഘടിപ്പിക്കുന്ന

# 1-ാമത്

## ഇടയനാടക (എക്‌ലോഗ്) ലഘുനാടക

## അവതരണ മത്സരം, സ്കൂൾ തലത്തിൽ

**14** ജനുവരി 2023
ശനി | 9 am

കെ.ഇ. സ്കൂൾ, ചാവറ ഓഡിറ്റോറിയം



അന്വേഷണങ്ങൾക്ക് 9446571377, 9526613399
chavaracompetitions2022@gmail.com